-54285-

ചരകസംഹിതാ

സിദ്ധിസ്ഥാനം.

വിദ്വാൻ

പുന്നശ്ശേരിനമ്പി നീലകണ്ഠശർമ്മാവവർകളുടെ

ഉപദേശസാഹായ്യത്തോടെ

1. വാചസ്പതി ടി. സി. പരമേശ്വരൻമൂസ്സത്
2. പണ്ഡിത സി. കെ. വാസുദേവശർമ്മാ

ഇവരെഴുതിയ

വാചസ്പത്യം

എന്ന ഭാഷാവ്യാഖ്യാനത്തോടുകൂടിയത്.

പ്രസിദ്ധകൻ

ഭാരതവിലാസം അച്ചുകൂടം

ഉടമസ്ഥൻ മാളിയക്കമ്മാവ് മാത്തു ലോന.

All Rights Reserved.

തൃശ്ശിവപേരൂർ

"ഭാരതവിലാസം" അച്ചുകൂടത്തിൽ

അച്ചടിച്ചത്.

വില ഒരു ഉറുപ്പിക നാലണ.

1098 ചിങ്ങമാസം.

പകർപ്പവകാശം പ്രസിദ്ധകനുമാത്രമാകുന്നു

അവതാരികാ.

അന്തേവാസിഗണാൻ വിനീതിഭരിതാ-
നുദ്ബോധയന്നായുഷോ
വേഗം സാരതരൈർവ്വചോഭിരമലൈ-
ർമ്മന്ദസ്മിതാർദ്രാനനഃ
ആർത്താൻ കല്പതരാൻ സുഖേന കലയൻ
മൃത്യുഞ്ജയോപാസനാ-
ചുഞ്ചുശ്ചേതസി നശ്ചകാസ്തു സതതം
ശ്രീശങ്കരോസ്മദ്ഗുരുഃ. ൧

ശ്രീമദ്ഭട്ടോജിഭട്ടപ്രമുഖബുധവരൈ-
രംഗരാല്ലോഡയിത്വാ
ശാബ്ദം തന്ത്രം യദുല്ലാദിതമമൃതമഹോ
കൌസ്തുഭാഖ്യഞ്ച രത്നം
തൽ സർവ്വം യൽകൃതേ കിന്നചിതി വിബുധവരൈഃ
ശംക്യതേസൌ മഹാത്മാ
ശൈവക്ഷോണീസുരേന്ദ്രഃ പരിലസതുതരാം
ശ്രീഹരുമ്മാനസേ മേ. ൨

കാമം സന്തു സഹസ്രശഃ ഫണിപതി-
വ്യാഹാരമുച്ഛിന്ധയാ
ആക്ഷേപാൻ സസമാഹിതിൻ പ്രതിപദം
സഞ്ചാരയന്തഃ പരം
സാധുഃ ശബ്ദ ഇയാനസാധുരസകൌ
വ്യുൽപത്തിരത്രേദൃശീ-
ത്യേവം യോ ലഘു നുണ്ണയേൽ സ്ഥടമിതൈ-
താദൃങ്മഹാൻ ദുർല്ലഭഃ. ൩

ആ നിയ്യാണദിനാദ്യഥാസമയമേ-
വാകാരി സന്ധ്യാവിധി-
ഷ്ടേന ശ്രീപരമശ്വരാംഘ്രിഭജന-
പ്രഭ്ധ-സ്ഥവിഘ്നക്രമം
ആത്മാനാത്മവിവേകവശ്യവചസാ
ഫന്തായമസ്മദ്ഗുരുഃ
സദ്ചേതേ മഹിതോ വിഭാതു ഹൃദയേ
തദ്ഭക്തിപൂതേനിശം.

ദൃശ്യം വസ്തു ഗുണത്രയാത്മകമിദം
സംകീർണ്ണമേവ സ്ഥിതം,
നോ ശുദ്ധം, സചതുസ്സനം തദഖിലം
ഷഡ്ദോഷദുഷ്ടം സ്ഫുടം
ആസ്ഥാം, സത്തമിഹാധികം ലസതി, തൽ
തജ്ജന്യഭാവോ ധ്രുവം
ജ്ഞായാ,ഽനേഷ പരാൻ ക്ഷിണോതി, തദയം
നോ ഭാസതാം ചേതസി.

ചരകസംഹിത എന്നു പേരായ ഈ വൈദ്യശാസ്ത്രഗ്രന്ഥം ആയുർവ്വേദവിഷയങ്ങളിൽവെച്ചു പ്രാധാന്യം ഏറിയവകളിൽ പെട്ടതാണെന്നു സർവ്വസമ്മതമാകുന്നു. ഇതിന്റെ പ്രാധാന്യത്തെ പ്രാചീനന്മാരും നവീനന്മാരുമായ പണ്ഡിതന്മാർ ഒരുപോലെ ഉൽഘോഷിക്കുന്നതുമുണ്ട്. ശ്രീഹർഷൻമുതലായ പലരും വൈദ്യഗ്രന്ഥങ്ങളിൽ ഈ ഗ്രന്ഥത്തിന്നു യോഗ്യതയുണ്ടെന്നു സമ്മതിച്ച് തന്റെ ഗ്രന്ഥത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. ഈ ഗ്രന്ഥത്തിന്റെ മൂലമായി അഗ്നിവേശസംഹിതയെ ആണ് കരുതീട്ടുള്ളത്. ആ സംഹിത ആത്രേയന്റെ ശിഷ്യനായ അഗ്നിവേശനാൽ ഉണ്ടാക്കപ്പെട്ടതാകുന്നു. ആയുർവ്വേദം ഒന്നാമതായി തന്ത്രഗ്രന്ഥരൂപേണ ഉണ്ടാക്കപ്പെട്ടത് ആത്രേയശിഷ്യന്മാരാലാണെന്നു വൈദ്യശാസ്ത്രജ്ഞന്മാരെല്ലാവരും സമ്മതിക്കുന്നു. ആ ആത്രേയശിഷ്യന്മാരിൽ വെച്ച് ഒന്നാമനായ അഗ്നിവേശനാണ് മേൽക്കാണിച്ച സംഹിതയെ ഉ

ണ്ടാക്കീട്ടുള്ളത്. ആ സംഹിതാഗ്രന്ഥം വളരെ വിസ്തരിച്ചതും പ്രായേണ ലക്ഷം ഗ്രന്ഥമുള്ളതുമാകുന്നു. അങ്ങിനെയുള്ള അഗ്നിവേശസംഹിതാഗ്രന്ഥത്തെ ചരകൻ സംസ്കരിച്ചുണ്ടാക്കിയതാണ് ഈ പ്രകൃതഗ്രന്ഥം. സംസ്കരിക്കുക എന്നതുകൊണ്ടു താഴെ പറയുന്ന അംശങ്ങളെല്ലാം ചെയ്യപ്പെട്ടതായി വിചാരിക്കണം. ക. മൂലഗ്രന്ഥത്തിൽ ചുരുക്കിപറഞ്ഞിട്ടുള്ള ഭാഗങ്ങളെ എളുപ്പത്തിൽ അറിയത്തക്കവിധം വിസ്തരിച്ചു വെളിവാക്കുക, ഖ. മൂലഗ്രന്ഥത്തിൽ വളരെ വിസ്തരിച്ചുപറഞ്ഞ ഭാഗങ്ങളെ സാരാർത്ഥങ്ങൾക്കു യാതൊരു കുറവുംവരുത്താതെ ചുരുക്കി കാണിക്കുക, ഗ. മേൽപറഞ്ഞ രണ്ടു കാര്യങ്ങൾകൊണ്ടു പഴയ മൂലഗ്രന്ഥത്തിന്ന് ഒരു പുതിയ രീതിയെ ഉണ്ടാക്കിത്തീർക്കുക (ആ രീതിനിമിത്തം ഇത് ഒരു പുതിയ ഗ്രന്ഥമാണെന്നു വായിക്കുന്നവർക്കു തോന്നുവാനിടവരികയാൽ ഈ സംസ്കരിക്കപ്പെട്ട ഗ്രന്ഥത്തിന്ന് ഒരു പുതിയപേർ കല്പിക്കപ്പെടുന്നതാകുന്നു.) ഈ പ്രകൃതഗ്രന്ഥത്തിന്റെ കർത്താവുതന്നെ 'വിസ്താരയതി ലേശോക്തം സംക്ഷിപത്യതി വിസ്തരം। സംസ്കൃത്യാ കുരുതേ തന്ത്രം പുരാണഞ്ച പുനർന്നവം' എന്ന വചനംകൊണ്ട് താൻചെയ്ത സംസ്കാരങ്ങൾ ഇന്നിന്നവ എന്നു വെളിവാക്കീട്ടുണ്ട്. എന്നാൽ ഈ ഗ്രന്ഥത്തിൽ ഇല്ലാത്തതായ ഒരു വിഷയം മററു വൈദ്യഗ്രന്ഥങ്ങളിൽ ഉണ്ടാകുന്നതല്ലെന്ന് 'യദിഹാസ്തി തദന്യത്ര യന്നേഹാസ്തി ന തൽ ക്വചിൽ' എന്ന വചനംകൊണ്ടു വെളിവാക്കിയിരിക്കുന്നു. ഈ ഗ്രന്ഥത്തിൽ എന്തു പറയപ്പെട്ടിരിക്കുന്നുവോ അതിൽപെടാത്ത ഒരു വസ്തു മററ് ഒരു വൈദ്യഗ്രന്ഥങ്ങളിലും കാണപ്പെടുന്നതല്ല എന്ന് ഇതുകൊണ്ടു സാധിക്കുന്നു. അവ്വാചീനന്മാരായ വൈദ്യപണ്ഡിതന്മാർ ചില വ്യാധികളേയും അവകളുടെ ഉൽപത്തിക്രമങ്ങളേയും ചില ചികിത്സാസമ്പ്രദായങ്ങളേയും അതുകൾക്കുള്ള യുക്തികളേയും പുതുതായി കണ്ടുപിടിച്ചു എന്ന് അഭിമാനിക്കുകയും പ്രസ്താവിക്കുകയും ചെയ്യുക്കാമെന്ന് ദീർഘദർശിയായ ആചാര്യൻ ഓർത്ത് ഈവിധം പറഞ്ഞതായിരിക്കണം. വാസ്തവത്തിൽ ഏതുവിഷയങ്ങളേയും ബീജരൂപേണ ഈ ഗ്രന്ഥത്തിൽ സംഗ്രഹിച്ചിട്ടുണ്ട്. അതുകളെതന്നെ പുതുതായി കണ്ടുപിടിച്ചതാണെന്നു ചിലർ ഭിമിച്ചേക്കാം എന്നാകുന്നു മേൽപറഞ്ഞ വചനത്തിന്റെ

യതാല്പര്യം. ഈ താല്പര്യത്തെതന്നെയാണ് 'ഇദമഖിലമധീത്യ സമ്യഗർത്ഥാൻ വിമൃശതി യോ വിമലഃ പ്രയോഗനിത്യഃ' ഈ വചനം കൊണ്ടും ഉപപാദിച്ചിട്ടുള്ളത്. അതിൽ അർത്ഥാൻ എന്ന ബഹുവചനവും അഖിലം എന്ന ഗ്രന്ഥവിശേഷണവും വിമലഃ പ്രയോഗനിത്യഃ എന്ന രണ്ടു കർത്തൃവിശേഷണങ്ങളും ഈ അർത്ഥബോധത്തിന്നു വളരെ സഹായിക്കുന്നുണ്ടെന്നു സൂക്ഷ്മബുദ്ധികളായ ഏവർക്കും അനായാസേന ഗ്രഹിപ്പാൻ കഴിയുന്നതാകുന്നു.

അഗ്നിവേശസംഹിതയെ സംസ്കരിച്ച് ഈ ചരകഗ്രന്ഥത്തെ ഉണ്ടാക്കിയതു ചരകാചാര്യരാകുന്നു. എന്നാൽ അതിൽ ചികിത്സിതസ്ഥാനത്തിൽ ആദ്യം ൧൨ അദ്ധ്യായം കഴിച്ചു ബാക്കി ൧൦ അദ്ധ്യായങ്ങളും കല്പസ്ഥാനം ൧൨ അദ്ധ്യായങ്ങളും സിദ്ധിസ്ഥാനം ൧൨ അദ്ധ്യായങ്ങളും കൂടി ൪൧ അദ്ധ്യായങ്ങൾ ചരകന്റെ കൃതിയല്ല. ദൃഢബലൻ എന്ന ആചാര്യന്റെ കൃതിയാകുന്നു. ആ ദൃഢബലാചാര്യൻ പഞ്ചനദത്തു ജനിച്ച ആളാകുന്നു എന്ന് 'ഇദമന്യൂനശബ്ദാർത്ഥം തന്ത്രം ദോഷവിവർജ്ജിതം । അഖണ്ഡാർത്ഥം കൃഢബലോ ജാതഃ പഞ്ചനദേ പുരേ । കൃത്വാ ബഹൂൻ സൂക്ഷ്മതന്ത്രേഭ്യോ വിശേഷാച്ച ബലോച്ചയം । സപ്തദശൌഷധാദ്ധ്യായസിദ്ധികല്പൈരപൂരയൽ' എന്ന ശ്ലോകങ്ങളെക്കൊണ്ടു വെളിവാകുന്നുണ്ട്. ഈ ഗ്രന്ഥത്തിന്ന് അധികഭാഗവും ചരകന്റെ കൃതിയാകയാൽ ചരകസംഹിത എന്നു പേരുകൊടുത്തതാകുന്നു. അത്രയുമല്ല, അഗ്നിവേശസംഹിതയെ സംസ്കരിച്ച് ഈ ഗ്രന്ഥത്തെ ഉണ്ടാക്കുവാൻ ആരംഭിച്ചതും ചരകാചാര്യർതന്നെയാകുന്നുവെല്ലോ. ചികിത്സിതസ്ഥാനത്തിലെ ബാക്കിയും കല്പസ്ഥാനവും സിദ്ധിസ്ഥാനവും ചരകാചാര്യൻതന്നെ മനസ്സുകൊണ്ട് ഉണ്ടാക്കിയതായി സൂത്രസ്ഥാനംകൊണ്ടു കാണുന്നതുമുണ്ട്. അതിനാൽ ഏതാനുംഭാഗം ദൃഢബലാചാര്യൻ ഉണ്ടാക്കിയതാണെങ്കിലും ഈ ഗ്രന്ഥത്തിന്ന് 'ചരകസംഹിതാ' എന്നുതന്നെ പേർകൊടുത്തതിൽ യാതൊരു അനുപപത്തിയും കാണുത്തില്ല. രാമായണചമ്പുവിലെ യുദ്ധകാണ്ഡം ലക്ഷ്മണകവിയുടെ കൃതിയാണെങ്കിലും അതിനെ ഇന്നും 'ഭോജചമ്പു' എന്നുതന്നെ പരക്കെ ജനങ്ങൾ പറയാതിരിക്കുന്നില്ല.

ചരകാചാര്യർതന്നെ ബാക്കി ഭാഗങ്ങളെക്കൂടി ഉണ്ടാക്കിയിരുന്നു എന്നും ആയത് ഏതോ സംഗതിവശാൽ കിട്ടാതെയായതു നിമിത്തം ദൃഢബലാചാര്യൻ വീണ്ടും സംസ്കരിച്ചു തെയ്യാറാക്കിയതാണെന്നും ചിലർ അഭിപ്രായപ്പെടുന്നുണ്ട്. ആയത് ഏതുവിധമെങ്കിലുമിരിക്കട്ടെ. അതിനെപ്പററി വലിയ വിമർശനംചെയ്യിട്ടാവശ്യംകാണുന്നില്ല. ബാക്കി ഭാഗങ്ങൾ സംസ്കരിച്ചു തയ്യാറാക്കുന്നതിന്നു മുമ്പായി ചരകാചാര്യക്കോ അല്ലെങ്കിൽ അദ്ദേഹം തയ്യാറാക്കിയ ബാക്കി ഭാഗങ്ങൾക്കോ അപായംവന്നുപോയി എന്നതു തീർച്ചതന്നെ. ഇപ്പോൾ നമുക്കു കിട്ടീട്ടുള്ള ഈ ചരകസംഹിതയിൽ ആദ്യത്തെ അദ്ധ്യായങ്ങൾ ചരകാചാര്യരുടേയും ബാക്കി രണ്ടു അദ്ധ്യായങ്ങൾ ദൃഢബലാചാര്യരുടേയും കൃതികളാണെന്നുള്ള അംശത്തിൽ ആർക്കും വിപ്രതിപത്തിയില്ലാ എന്നുള്ളതു തീർച്ചതന്നെ.

ഈ ചരകഗ്രന്ഥത്തിൽനിന്നു പലേ വിശിഷ്ടജ്ഞാനങ്ങളും നമുക്കു കിട്ടുന്നുണ്ട്. പുരാതനകാലങ്ങളിൽ വൈദ്യന്മാർ യോഗംചേർന്ന് ജനങ്ങൾക്ക് ആരോഗ്യമുണ്ടാകേണ്ടുന്ന മാർഗ്ഗങ്ങളെപററി ആലോചിക്കുകയും അതിന്നു വേണ്ടുന്നതിനെ പ്രവൃത്തിക്കേണ്ടതിന്ന് അവരിൽതന്നെ ചിലരെ പ്രത്യേകിച്ചു ചുമതലപ്പെടുത്തുകയും ചെയ്തിരുന്നതായും അങ്ങിനെ ചേരുന്ന വൈദ്യസഭയിൽ അതാതുകാലത്തുണ്ടായിരുന്ന രാജാക്കന്മാരുകൂടി പങ്കുചേരുകയും ഉണ്ടായിരുന്നു എന്നും അറിയാവുന്നതാണ്. അത്രയുമല്ല, ആരോഗ്യം ദൃഢമായി നില്ക്കേണ്ടതിന്ന് പത്ഥ്യങ്ങളായ ആഹാരവിഹാരങ്ങളെക്കൊണ്ടു ദേഹത്തെ രക്ഷിക്കുന്നതുപോലെതന്നെ മനസ്സിനെക്കൂടി സംസ്കരിക്കേണ്ടതാണെന്നു ദൃഢമായി ഇതുകൊണ്ടു ഗ്രഹിക്കാവുന്നതാകുന്നു. ആത്മാനാത്മവിവേകം ആരോഗ്യം പ്രതി പ്രധാനകാരണമാണെന്നും ഇതുകൊണ്ടു വെളിവാകുന്നുണ്ട്. ആവക ഉപദേശങ്ങളെ തരുന്ന ഈ ഗ്രന്ഥത്തിന്റെ ഭാഗങ്ങളെ നോക്കുമ്പോൾ ഇത് ഒരു ആദ്ധ്യാത്മികശാസ്ത്രഗ്രന്ഥമാണോ എന്നുകൂടി സംശയിപ്പാനിടവരുന്നു ആധാരാധേയങ്ങളായിരിക്കുന്ന ശരീരമനസ്സുകൾക്ക് അന്യോന്യസംബന്ധം നിർവ്വിവാദമാണല്ലോ. ആ അംശത്തെ വൈദ്യശാസ്ത്രത്തിൽ പ്രത്യേകം കരുതേണ്ടതാകുന്നു. ഇതിനെ ചരകാചാര്യരെപ്പോലെ മററു പ്രാചീനന്മാരായ വൈദ്യശാസ്ത്രകാരന്മാരുകൂടി ഇത്ര പ്ര

ബലമായി കരുതിട്ടില്ലെന്നാണ് കാണുന്നത്. നവീനന്മാരായ വൈദ്യശാസ്ത്രജ്ഞന്മാരോ ആരോഗ്യവിഷയത്തിൽ ഈ കാര്യത്തെ ചിന്തിക്കുന്നതുതന്നെ ദുർല്ലഭമായിട്ടാണ് കണ്ടുവരുന്നത്. പ്രാചീനന്മാരായ നമ്മുടെ ഋഷീശ്വരന്മാർ സിദ്ധഫലങ്ങളായ പലേ രസായനങ്ങളേയും കണ്ടുപിടിക്കുകയും അതുകളുടെ പ്രയോഗംകൊണ്ട് അരോഗികളും അമിതായുസ്സുകളുമായിത്തീരുകയും ചെയ്തിരുന്നു. അതുപോലെതന്നെ അവർ യോഗശാസ്ത്രവിധിപ്രകാരം പ്രാണായാമം മുതലായ പ്രവൃത്തികളെക്കൊണ്ടും ആരോഗ്യവും ദീർഘായുസ്സും സമ്പാദിച്ചിരുന്നു. വാതാദിദോഷങ്ങളുടെ സ്വരൂപത്തെയും കർമ്മങ്ങളേയുംപററി ആത്രേയൻ സാംകൃത്യായനൻ ഭാരദ്വാജൻ കാങ്കായനൻ ബഡിശൻ വാർഷ്ണേയിവൻ മുതലായ വൈദ്യശാസ്ത്രനിപുണന്മാരായ പ്രാചീനന്മാർ സഭകൾകൂടി പര്യാലോചിച്ച് ഒരു തീർപ്പു ചെയ്തതായി ഇതിൽനിന്നു വ്യക്തമായി അറിയുന്നുണ്ട്.

രോഗങ്ങൾക്കു ചികിത്സയെ കല്പിക്കുന്നതിനെക്കാൾ രോഗം വരാതിരിപ്പാൻ സൂക്ഷിച്ചിരിക്കേണ്ടുന്നപ്രകാരങ്ങളെ ഉപദേശിക്കുന്നത് ചരകാചാര്യക്ക് ഒരു പ്രത്യേകകൃത്യമായിട്ടാണ് കാണുന്നത്. ഇപ്പോൾ നമ്മുടെ ഭൂരിഭാഗികൾതന്നെ പഴയ വൈദ്യശാസ്ത്രത്തെ പുനരുദ്ധരിപ്പിച്ചു പരിഷ്കരിച്ചു പ്രയോഗത്തിൽ കൊണ്ടുവരുന്നത് ആവശ്യമോ എന്ന് ആലോചിച്ചു തുടങ്ങിയതായി അറിയുന്നുണ്ട്. ഈ അവസരത്തിൽ ഈ ചരകഗ്രന്ഥത്തിന്റെ സമഗ്രമായ പുറപ്പാട് അവസരോചിതമായിരിക്കുമെന്നതിന്ന് യാതൊരു സംശയവുമില്ല.

മലയാളത്തിൽ നാട്ടുവൈദ്യത്തിന്ന് പണ്ടുതന്നെ ഒരുമാതിരി നടപ്പുണ്ടായിരുന്നു. ഇപ്പോഴും മലയാളത്തിലെ നാട്ടുവൈദ്യസമ്പ്രദായം ചിലവിഷയങ്ങളിൽ ഒരു പ്രത്യേകരീതിയിലായിരിക്കുന്നു. അതുകൾ വിശിഷ്ടങ്ങളായ ഫലങ്ങളെ കാണിച്ചുവരുന്നതുമുണ്ട്. അത എവ ഇതരജില്ലകളിൽനിന്ന് പലേവിധത്തിലുള്ള രോഗികളും ചികിത്സക്കായി മലയാളത്തിലേക്കു വരുന്നതും മലയാളത്തിലെ ചികിത്സയെ ശീലിച്ചു സുഖപ്പെട്ടു സ്വരാജ്യത്തേയ്ക്കു മടങ്ങിപ്പോകുന്നതുമുണ്ട്. അത്രയുമല്ല. ബറോഡമുതലായ ഇതരരാജ്യങ്ങളിൽകൂടി മ

ലയാളികളായ നാട്ടുവൈദ്യന്മാർ പോയി മഹാരാജാക്കന്മാക്കുകൂടി ചികിത്സകൾ നടത്തി സുഖപ്പെടുത്തി വന്നതായും വർത്തമാനമുണ്ട്.

അതിനാൽ മലയാളഭാഷയിൽ ഈ വിശിഷ്ടഗ്രന്ഥത്തെ വ്യാഖ്യാനിച്ചു പ്രസിദ്ധപ്പെടുത്തുന്നത് സംസ്കൃതഭാഷാപരിജ്ഞാനം കുറഞ്ഞ മലയാളികളായ നാട്ടുവൈദ്യന്മാക്ക് ഉപകാരപ്രദമായി വരുമെന്നതിൽ സംശയാവകാശമില്ല. എന്നാൽ ഈ ഗ്രന്ഥം വായിച്ചു മനസ്സിലാക്കുന്നത് വൈദ്യന്മാക്കുമാത്രമല്ല, ആരോഗ്യത്തെ മോഹിക്കുന്ന ഏതൊരാൾക്കും ഉപകാരപ്രദമായി വരുന്നതാകുന്നു.

ഈ ചരകഗ്രന്ഥത്തിന്റെ പ്രണേതാവിനെപററി അധികമായി ഒന്നും ഈ ഗ്രന്ഥത്തിൽനിന്ന് അറിയുവാൻ കഴിയുന്നതല്ല. എങ്കിലും ഇതിന്റെ മൂലഭാഷയുടെ സംപ്രദായംകൊണ്ടു വളരെ പഴക്കമുണ്ടെന്നു വിചാരിക്കാവുന്നതാണ്. ഈ ആചാര്യക്ക് വൈദ്യശാസ്ത്രത്തിൽ മാത്രമല്ല സസ്യശാസ്ത്രം പാകശാസ്ത്രം യോഗശാസ്ത്രം വേദാന്തം തക്കം സാംഖ്യം സാഹിത്യംമുതലായ പലേ വിഷയങ്ങളിലും നല്ല പാണ്ഡിത്യമുണ്ടായിരുന്നുവെന്നുള്ളത് ഈ ഗ്രന്ഥത്തിന്റെ പല ഭാഗങ്ങളിൽനിന്നും വെളിപ്പെടുന്നുണ്ട്. അദ്ദേഹം അനുഭവസിദ്ധി വന്ന ഒരു മഹാ വൈദ്യനായിരുന്നു എന്നു തീർച്ചയായും പറയുവാൻ കഴിയും. ഇദ്ദേഹത്തിന്റെ കാലത്തെപ്പററി നിർണ്ണയിപ്പാൻ പ്രയാസമായിരിക്കുന്നു. എന്നാൽ ഇപ്പോഴുള്ള പലേ വിമർശകാരന്മാരും ഇദ്ദേഹം കാനിഷ്കമഹാരാജാവിന്റെ സമാനകാലീനനാണെന്നു വിചാരിച്ചുവരുന്നു. അദ്ദേഹം ബുദ്ധമതാവലംബിയായ ഒരു രാജാവായിരുന്നു. ആ ബുദ്ധമതത്തിലുള്ള പ്രതിപത്തിയെ മുൻനിർത്തിക്കൊണ്ടായിരിക്കണം ഈ ആചാര്യൻ ശസ്ത്രക്രിയയെപ്പററി സ്വഗ്രന്ഥത്തിൽ പ്രതിപാദിക്കാതിരുന്നത്. അവശ്യം ശസ്ത്രക്രിയ വേണ്ടിവരുന്ന ഘട്ടങ്ങളിൽ 'അത്ര ധന്വന്തരീയാണാമവകാശഃ' എന്നും മററും പറഞ്ഞ് ആവക ഭാഗങ്ങളെ അന്യന്മാക്കായി ആചാര്യർ തിരിച്ചുവെച്ചുകൊടുത്തിരിക്കുന്നു. ആ കാനിഷ്കരാജാവിന്റെ കാലം ക്രിസ്ത്വാബ്ദം ഒന്നാം നൂററാണ്ടിലാണെന്നും ഊഹിച്ചുവരുന്നു. വാഗ്ഭടാചാര്യർ ശ്രീഹർഷകവി മുതലായ പല പണ്ഡിതന്മാ

ര്ക്കാൾ ചരകാചാര്യന് പ്രാചീനനാണെന്നുള്ളതിലേക്ക് അവരുടെ ഗ്രന്ഥങ്ങൾ പ്രത്യക്ഷസാക്ഷികളായിരിക്കുന്നുണ്ട്.

ഇത്രയും വിശിഷ്ടമായ ഈ ഗ്രന്ഥത്തിന്ന് പ്രചാരം കുറഞ്ഞുവരുവാൻ സംഗതിയായത് ഗ്രന്ഥദൌർല്ലഭ്യംകൊണ്ടും സംസ്കൃതഭാഷയ്ക്കുതന്നെ സാമാന്യേന സിദ്ധിച്ച ദുർഭാഗ്യധയമഹിമാവുകൊണ്ടുമാണെന്നു മാത്രമാണ് പറയുവാൻ കഴിയുന്നത്. ഒന്നാമത് ഈ ഗ്രന്ഥം ചുരുക്കം ചിലരുടെ കയ്യിൽമാത്രമേ ഉണ്ടായിരുന്നുള്ളു. ഉള്ളവർതന്നെ 'ഗ്രന്ഥന്മാർക്കും കൊടുക്കൊല്ല ദേവന്ദ്രൻ വന്നിംക്കിലും' എന്നു മർക്കടമുഷ്ടിയായി പിടിച്ചുകൊണ്ടുവന്നു. ഇപ്പോൾ കാലഗത്യാവന്ന പരിഷ്കാരംനിമിത്തം അച്ചടിയന്ത്രത്തിന്റെ മിടുക്കുകൊണ്ട് ഈ ബുദ്ധിമുട്ട് ഒരുമാതിരി തീർന്നുവെന്നു പറയാം. ഇനി 'അജ്ഞാതശാസ്ത്രസദ്ഭാവാൻ ശാസ്ത്രമാത്രപരായണാൻ। ത്യജേദ്ദൂരാദ്ദുഷ്ടിക്ലാശാൻ പാശാൻ വൈവസ്വതാനിവ' എന്നു പറഞ്ഞപ്രകാരം മൂലഗ്രന്ഥം മാത്രം പഠിച്ച് അർത്ഥം ഗ്രഹിക്കാത്ത വൈദ്യന്മാരെക്കൊണ്ടുള്ള ബുദ്ധിമുട്ടും മലയാളികളുടെ ഇടയിൽ കൂടാതെ കഴിയേണ്ടതിന്ന്, വാചസ്പത്യവ്യാഖ്യാനത്തോടുകൂടിയ ചരകസംഹിതയുടെ ഈ ആവിർഭാവവും സംഗതിയാകുമെന്നു വിശ്വസിക്കുന്നു.

ഈ ചരകസംഹിതയുടെ ഓരോരോ സ്ഥാനങ്ങൾ ഇതിന്നു മുമ്പുതന്നെ ഭാരതവിലാസത്തിൽനിന്നു പ്രസിദ്ധപ്പെടുത്തുകയും അതുകളിൽ ചില സ്ഥാനങ്ങൾക്കു ഞാൻ അവതാരിക എഴുതുകയും ചെയ്തിട്ടുണ്ട്. എന്നാൽ ബാക്കി ചില സ്ഥാനങ്ങൾക്ക് അവതാരികയോ മുഖവുരയോ വല്ലതും എഴുതി ചേർക്കേണ്ടതിന്ന് മലബാറിൽ ഈയിടയിൽ നടന്ന കഷ്ടാവസ്ഥനിമിത്തം എന്റെ ഇപ്പോഴത്തെ പ്രധാനപ്രവൃത്തികളിൽ പെട്ടതായ സാരസ്വതോദ്യോഗിനീ സംസ്കൃതമഹാപാഠശാലയുടെ നിർവ്വഹണം മുമ്പെത്തെക്കാൾ അധികം ശ്രമാവഹമായിത്തീർന്നതിനാൽ സാധിക്കാതെ വന്നുപോയി എങ്കിലും ആകൃത്യത്തെ എനിക്കുവേണ്ടി എന്റെ ശിഷ്യന്മാരായ 1. വാചസ്പതി ടി. സി. പരമേശ്വരൻ മൂസ്സത്. 2. പണ്ഡിത സി. കെ. വാസുദേവശർമ്മാ ഇവർ നിർവ്വഹിച്ചു. ഒന്നാമതായി ഈ ഗ്രന്ഥത്തിന്റെ ഒരവതാരിക എഴുതുവാൻ എന്നെ പ്രോത്സാഹിപ്പിച്ചത് പണ്ഡിത സി. കെ. വാസുദേവശർമ്മാവാകുന്നു. അതിന്ന് ഉത്സാഹിക്കുവാൻ വേറെ ഒരു കാരണവുംകൂടെ എനിക്കുണ്ട്. അത് ഭാരതവിലാസം അച്ചുകൂടത്തിനോട് അതിന്റെ ആവിർഭാവംമുതൽ

ക്കുതന്നെ എനിക്കുള്ള പ്രത്യേക താല്പര്യമാണ്. അതിന്നു കാരണം അതിന്റെ സ്ഥാപകനായ കുഞ്ഞുവാരിയത്തും ഞാനും തമ്മിൽ ബാല്യംമുതൽക്കുതന്നെയുള്ള സ്നേഹബന്ധമാകുന്നു. പിന്നെ ആ സ്നേഹബന്ധം ഭാരതവിലാസത്തിന്റെ ഉടമസ്ഥനായ മാത്തുവിങ്കൽ സംക്രമിച്ചു. കാലഗതി ആരാലും തടുക്കപ്പെടാവുന്നതല്ലതല്ലോ. പാഞ്ചഭൌതികമായ ശരീരം പ്രാരബ്ധകർമ്മാവസാനംവരെമാത്രം നിലനില്ക്കുന്നതാണെല്ലോ. ആ മാന്യപുരുഷൻ അകാലത്തിൽ നൊമ്മളെ വിട്ടുപിരിഞ്ഞുപോയി എങ്കിലും ആ മഹാന്റെ ഏകപുത്രനായ ലോന എന്ന ബാലനിൽ ആ മഹാനിലുണ്ടായിന്ന സ്നേഹബന്ധം പിന്നെയും സംക്രമിച്ചുവന്നു. അതിന്റെ ഫലമായി ഈ അവതാരികയേ എഴുതുന്നു എന്നു മാത്രമല്ല മററപല വിധത്തിലും ഭാരതവിലാസത്തിന്നു മുമ്പു ചെയ്തിരുന്നതുപോലെതന്നെ സഹായസഹകരണങ്ങളെ ചെയ്യാൻ ഞാൻ ഒരുക്കമാണെന്നുകൂടി പ്രസംഗവശാൽ ഇവിടെ പ്രസ്താവിച്ചുകൊള്ളുന്നു. ഈ ചരകഗ്രന്ഥത്തെ ഇതേവിധം വ്യാഖ്യാനിച്ചവരായ ഇതിന്റെ പ്രസാധകന്മാർ ഇനിയും ഇതേവിധമുള്ള ഗ്രന്ഥങ്ങളെ വ്യാഖ്യാനിക്കുവാനാരംഭിക്കുന്നുണ്ട്. അതുകൾക്കും അതാതുസമയം വേണ്ടിവരുന്ന സഹായസഹകരണങ്ങൾ ചെയ്യുവാനായി എന്നോട് ആവശ്യപ്പെടുകയും ആ ഭാരം ഞാൻ ഏല്ക്കുകയും ചെയ്തിരിക്കുന്നു.

ചരക ഗ്രന്ഥത്തിലെ എട്ടാമത്തെ സ്ഥാനമായ സിദ്ധിസ്ഥാനമാണ് ഈ പുസ്തകം. ഇതിലെ ഏഴു അദ്ധ്യായങ്ങളിൽക്കൂടെ വമനവിരേകാദി പഞ്ചകർമ്മവിധികളും അതിലെ അജ്ഞാനംനിമിത്തം സംഭവിക്കുന്ന വ്യാപത്തുകളും അതുകൾക്കുള്ള പരിഹാരങ്ങളുമാണ് പ്രധാനമായി വിവരിക്കുന്നത്. ഇന്നിന്ന അദ്ധ്യായങ്ങളിൽ ഇന്നിന്ന വിഷയമാണെന്ന് ഇതിൽതന്നെ ചേർത്തിരിക്കുന്ന വിഷയാനുക്രമണികകൊണ്ട് അറിയാവുന്നതാകയാൽ അതിനെ ഇവിടെ പ്രത്യേകം വിവരിക്കുന്നില്ല. ഈ അവതാരികയെ ഇവിടെ സമാപിക്കുന്നു. ഇതിലെ സൂത്രസ്ഥാനാദി മററു സ്ഥാനങ്ങളെക്കുറിച്ചുള്ള പ്രത്യേകവിവരണം അതാതുസ്ഥാനങ്ങളിൽ ചേർത്തിട്ടുള്ള അവതാരികകൾകൊണ്ടും മുഖവുരകൾകൊണ്ടും അറിയാവുന്നതുമാണ്.

ഫാനുവെ ചിങ്ങം ഫാ
26-8-1922
പട്ടാമ്പി.

പുന്നശ്ശേരിനമ്പിനീലകണ്ഠശർമ്മാ
സഹൃദയസമുദായവിധേയഃ
ആയുർവൈദ്യപ്രചാരശംസീ ച.

വിഷയാനുക്രമണിക.

സിദ്ധിസ്ഥാനം.

വിഷയം.	ഭാഗം.
അദ്ധ്യായം 1.	
കല്പനാസിദ്ധി	1-27
പഞ്ചകർമ്മസ്വഭാവാദികളെക്കുറിച്ചുള്ള അഗ്നിവേശന്റെ ചോദ്യം	1
സ്നേഹപരിശീലനവിധി	3
സ്നേഹഗുണം	,,
വാമ്യവിരേച്യസ്വഭാവം	4
വമനാദിവിധി	5
പേയാദിക്രമം	,,
ക്രമപരിശീലനഫലം	7
വമനവിരേകങ്ങളിലെ വേഗാദിക്രമം	,,
വമനവിരേകങ്ങളിലെ പൂർത്തിലക്ഷണം	8
വമനത്തിലെ സമ്യഗ്യോഗലക്ഷണം	9
,, മിത്ഥ്യായോഗാതിയോഗലക്ഷണങ്ങൾ	,,
വിരേകത്തിലെ സമ്യഗ്യോഗലക്ഷണം	10
,, മിത്ഥ്യയോഗലക്ഷണം	,,
,, അതിയോഗലക്ഷണം	11
ശോധനാനന്തരവിധി	11
അനുവാസനവിധി	12
വിരേകാനന്തരവസ്തിവിധി	13
നിരൂഹപ്രഭാവം	14
സ്നേഹവസ്തിപ്രഭാവം	17
വസ്തിയുടെ ദ്വൈവിധ്യവിധി	15
വാതകോപത്തിന്നു വസ്തിയാണ് മററ് എല്ലാററിലും വിശിഷ്ടമെന്ന്	18
വസ്തിപ്രഭാവം	19
വസ്തിയിലെ സമ്യഗ്യോഗാദിലക്ഷണം	20
അനുവാസനത്തിലെ ,,	21
,, സ്നേഹസ്ഥിതിസ്വഭാവം	,,
വസ്തിയിലെ കാലയോഗാദി	,, 22
വസ്തികൊണ്ടു ശുദ്ധിവരുത്തുന്നതിലെ സമ്യഗ്യോഗാദിലക്ഷണം	23
വസ്തി ശീലിക്കുന്ന കാലത്തെ പഥ്യവിധി	26
അയോഗകാരിലക്ഷണം	25
അദ്ധ്യായവിവരണം	27
അദ്ധ്യായം 2.	
പഞ്ചകർമ്മീയസിദ്ധി	28-48

വിഷയം.	ഭാഗം.
വൈദ്യൻ ആക്കെല്ലാം ചികിത്സിച്ചുകൂടാ എന്നും ആക്കെല്ലാം ചികിത്സിക്കാമെന്നും	28
അവാമ്യവിഭാഗം	29
അതിൽ ഓരോരുത്തക്കും വന്നുപോകുന്ന വ്യാപത്തുകൾ	30
വമനം ശീലിപ്പിക്കേണ്ടുന്നവർ	32
അവിരേച്യവിഭാഗം	33
അതിലെ വ്യാപൽഭേദം	34
വിരേച്യവിഭാഗം	36
അനാസ്ഥാപ്യവിഭാഗം	37
അതിലെ വ്യാപൽഭേദം	38
ആസ്ഥാപ്യവിഭാഗം	40
അനനുവാസ്യവിഭാഗം	41
അതിലെ വ്യാപത്തിഭേദം	,,
അനുവാസ്യവിഭാഗം	42
ശിരോവിരേചനാനർഹന്മാർ	43
അതിലെ വ്യാപൽഭേദം	44
ശിരോവിരേചനാർഹന്മാർ	45
ശിരോവിരേകത്തിലെ കാലവിഭാഗം	46
അദ്ധ്യായവിവരണം	,,

അദ്ധ്യായം 3.

വസ്തിസൂത്രീയം	49_73
വസ്തിനേത്രാദിസ്വഭാവത്തെക്കുറിച്ചുള്ള അഗ്നിവേശന്റെ പ്രശ്നം	49
വസ്തിനേത്രസ്വഭാവം	50
വസ്തിസ്വഭാവം	51
ചികിത്സ തുടങ്ങുവാൻ നല്ല ദിവസം	53
ബലാദിവസ്തിയോഗം	54
വസ്തിചെയ്യേണ്ടും പ്രകാരം	55
പ്രണിധാനാദികളിലെ തകരാറു നിമിത്തം സംഭവിക്കുന്ന ദോഷങ്ങൾ	56
വസ്തിനേത്രം പുറത്തെടുത്താൽ പിന്നെ ചെയ്യേണ്ടും വിധി	58
അനുവാസനസ്വഭാവം	59
അനുവാസനനിഗ്രഹങ്ങളിലെ മാത്രാവിഭാഗം	60
വസ്തിചെയ്യുന്ന സമയത്തെ ശയനാദിവിധി	61
അനന്തരവസ്തിയോഗങ്ങൾ	62
ഏരണ്ഡവസ്തിയോഗം	63
ഛാഗരസാദിവസ്തിയോഗം	64
യഷ്ട്യാഹ്വാഷ്ടപലവസ്തിയോഗം	65
ചന്ദനാദി ,,	66
ദ്രാക്ഷാദി ,,	67
കോശാതക്യാദി ,,	68
പടോലാദി ,,	69
രാസ്നാദി ,,	,,
പുനർന്നവാദി ,,	71
വാതാദിദോഷശമനത്തിനുള്ള വസ്തികർമ്മസ്വഭാവം	72
അദ്ധ്യായവിവരണം	,,

അദ്ധ്യായം 4.

സ്നേഹവ്യാപാദികാസിദ്ധി	73_86

വിഷയം.	ഭാഗം.
സ്നേഹവസ്തിയോഗാഖ്യാനാദികൾ	73
ദശമൂലാദിഅനുവാസനസ്നേഹം	74
ശതാഹ്വാദി ,,	,,
ജീവന്ത്യാദി ,,	,,
സൈന്ധവാദി അനുവാസനസ്നേഹം	75
വിളംഗാദി	76
സ്നേഹവസ്തിഗുണങ്ങൾ	77
ആറുതരം സ്നേഹവസ്തിവ്യാപൽകാരണങ്ങൾ	78
വാതാവൃതസ്നേഹദ്രവ്യസ്വഭാവം	,,
പിത്താവൃത ,,	79
കഫാവൃതസ്നേഹ ,,	,,
അന്നാവൃത ,,	80
മലാവൃത ,,	80
അളക്കാദികൾക്കു വരുന്ന ദോഷം	81
അവിടെ ചെയ്യേണ്ടും സാമാന്യവിധി	,,
സമ്യഗ്യോഗാനന്തരവിധി	82
ഇന്നിന്നവക്ക് ഇത്രഇത്ര ദിവസംകൂടുമ്പോൾ സ്നേഹവസ്തി ചെയ്യേണമെന്ന്	83
കാച്ചാതെയുള്ള സ്നേഹദ്രവ്യകൊണ്ട് അനുവാസനം ചെയ്യരുതെന്നു മുതലായ വിധി	,,
മാത്രാവസ്തിസ്വഭാവം	85
അദ്ധ്യായവിവരണം	86

അദ്ധ്യായം 5.

നേത്രവസ്തിവ്യാപാദികാസിദ്ധി	86-91
വസ്തിനേത്രദോഷങ്ങളും അതുകൾനിമിത്തം സംഭവിക്കുന്ന ദോഷങ്ങളും	87
വസ്തിസഞ്ചിക്കുള്ള ദോഷങ്ങൾ	,,
പ്രണേതൃദോഷം	88
കർമ്മായോഗം നിമിത്തമുണ്ടാകുന്ന ദോഷങ്ങൾ	89
അതുകൾക്കുള്ള പ്രതിവിധികൾ	90
അദ്ധ്യായവിവരണം	91

അദ്ധ്യായം 6.

വമനവിരേചനവ്യാപൽ സിദ്ധി	91-115
ഋതുകാലസ്വഭാവം	92
സാധാരണകാലസ്വഭാവം	,,
സ്നേഹസ്വേദപരിശീലനക്രമം	,,
അല്പസ്നേഹ്യവർ	93
സ്നിഗ്ദ്ധരൂക്ഷൗഷധപ്രയോഗസ്വഭാവം	93
സ്നേഹസ്വേദപരിശീലനഫലം	,,
ശോധനൌഷധസ്വഭാവം	94
ശോധനവ്രതത്തേണ്ടുന്നവന്റെ ചെയ്ത	95
ഋതുദിഗ്വിഭാഗം	,,
ദോഷസ്വഭാവാദി	,,
[illegible]	[illegible]

വിഷയം.	ഭാഗം.
ഛർദ്ദിയിലെ അനന്തരകൃത്യം	96
പേയാദിക്രമത്തിൽ തർപ്പണാദി ക്രമം ശീലിക്കേണ്ടുംവിധി	97
സമ്യഗ്യോഗലക്ഷണം	,,
ശോധനൌഷധം പുറത്തുപോകാതിരുന്നാലുള്ള ലക്ഷണം	98
അപചാരവ്യാപത്തിലക്ഷണം	98
അയോഗലക്ഷണം	99
അയോഗശമനോപായം	100
അയോഗകാരണങ്ങൾ	101
ശോധനായോഗചികിത്സ	102
അഞ്ജനാദിമന്ഥം	104
വിരേകാതിയോഗചികിത്സ	,,
വമനാതിയോഗ ,,	105
വമിതാദിചയ്യ	106
ബഹുദോഷാദിചയ്യ	,,
ആമദോഷമുള്ളവൻെറ ചയ്യ	107
ബഹുദോഷൻ അല്പവീര്യമായ ഔഷധം ശീലിച്ചാൽ വരുന്ന ഉപദ്രവം	108
വേഗരോധംനിമിത്തം വരുന്ന ഉപദ്രവങ്ങളും അതുകളുടെ പരിഹാരങ്ങളും	109
അതിയോഗംനിമിത്തം ജീവരക്തം പുറപ്പെട്ടുപോയാലുള്ള ലക്ഷണവുംചികിത്സയും	110
വിരേകാതിയോഗംനിമിത്തം മൂലംപുറത്തുവന്നാൽ ചെയ്യേ വിധി	112
ഔഷധം മലാവൃതമായാൽ	,,
,, ദോഷാവൃതമായാൽ	113
വിരേകോപദ്രവങ്ങൾ	113
ഗുരുകോഷ്ഠൻ മൃദുവായ ഔഷധം ശീലിച്ചാൽ	114
അദ്ധ്യായവിവരണം	,,

അദ്ധ്യായം 7.

വസ്തിവ്യാപൽസിദ്ധി	115–132
വസ്തിവ്യാപത്തുകളെക്കുറിച്ചുള്ള ചോദ്യം	115
വസ്തിചെയ്യുന്നതിന്നു തകരാറു നിമിത്തം സംഭവിക്കുന്ന വ്യാപത്തുകളുടെ വിഭാഗം	116
അതുകളിലെ അയോഗവ്യാപത്തിൻെറ സ്വഭാവവും ചികിത്സയും	116
അതിയോഗവ്യാപച്ചികിത്സ	118
ക്ലമവ്യാപച്ചികിത്സ	,,
ആദ്ധ്മാനവ്യാപച്ചികിത്സ	120
ഹിക്കാവ്യാപച്ചികിത്സ	121
ഹൃദ്ഗ്രഹവ്യാപച്ചികിത്സ	122
ഊരുസ്തംഭവ്യാപച്ചികിത്സ	123
പ്രവാഹികാവ്യാപച്ചികിത്സ	125
ശിരശ്ശൂലവ്യാപച്ചികിത്സ	,,
അംഗശൂലവ്യാപച്ചികിത്സ	127
പരികർത്തവ്യാപച്ചികിത്സ	129
പരിസ്രവവ്യാപച്ചികിത്സ	130
അദ്ധ്യായവിവരണം	131

അദ്ധ്യായം 8.

പ്രസൃതയോഗികാസിദ്ധി	132–142

വിഷയം.	ഭാഗം.
സുകുമാരന്മാൎക്കും പഞ്ചകൎമ്മങ്ങളിലെ തകരാറുനിമിത്തം ക്ഷീണിച്ചവൎക്കും ഗുണപ്രദങ്ങളായ പ്രസൃതയോഗങ്ങൾ	132
വസ്തിവൈഗുണ്യചികിത്സാക്രമം	135
സാമാതിസാര ,,	136
അതിസാരത്തിലെ ൯ വകഭേദവും അതുകളിലെ സംസൎഗ്ഗസ്വഭാവവും അതുകളുടെ ഉപദ്രവരോഗങ്ങളും	,,
ആമാതിസാരാദിചികിത്സാക്രമം	137
ഉദുംബരാദിഘൃതം	140
കുച്ചൂരാദിയവാഗു	,,
അരിഷ്ടങ്ങൾ	,,
പേയകൾ	,,
വാതാദികോപത്തിലെ ഔഷധപ്രയോഗവിധി	141
അദ്ധ്യായവിവരണം	142

അദ്ധ്യായം 9.

ത്രിമൎമ്മീയാസിദ്ധി	143–177
ശരീരത്തിൽ ആകെ ഇത്ര മൎമ്മങ്ങളുണ്ടെന്നും അതുകളിൽ ഇന്നിന്ന മൎമ്മങ്ങൾ ശ്രേഷ്ഠങ്ങളെന്നും അതുകൾ ഇന്നിന്ന അവയവങ്ങളെ ആശ്രയിച്ചവയാണെന്നുമുള്ള വിഭാഗം	143
അതുകളിൽ ഹൃദയത്തെ ആശ്രയിച്ചവ	144
ശിരസ്സിനെ ആശ്രയിച്ചവ	,,
വസ്തിയെ ആശ്രയിച്ചവ	,,
ഹൃദയാദികളിൽ ക്ഷതാദികൾ പററിയാൽ	145
ഹൃദയാഭിഘാതലക്ഷണം	,,
ശിരോഭിഘാതലക്ഷണം	146
വസ്ത്യഭിതാപലക്ഷണം	,,
അതുകൾക്കുള്ള ചികിത്സാസമ്പ്രദായം	147
ഹൃദയാഭിതാപത്തിനുള്ള കായക്കഞ്ഞി	,,
ശിരോഭിതാപത്തിനുള്ള അഭ്യംഗവിധി	148
വസ്ത്യഭിതാപത്തിനുള്ള സേചനാദിവിധി	,,
ശതാവര്യാദി ഉത്തരവസ്തിസ്നേഹം	149
അപതന്ത്രകാപതാനകസ്വഭാവം	151
അതിനുള്ള ചികിത്സാസമ്പ്രദായം	152
മരിചാദിചൂൎണ്ണം	,,
ഹിംഗ്വാദികചാഥം	,,
ഹിംഗ്വാദിചൂൎണ്ണം	,,
തന്ത്രാരോഗലക്ഷണം	153
മൂത്രദോഷജരോഗങ്ങൾ	154
മൂത്രസാദലക്ഷണം	,,
മൂത്രജഠരസ്വഭാവം	155
മൂത്രകൃച്ഛ്രലക്ഷണം	156
മൂത്രസംക്ഷയലക്ഷണം	,,

വിഷയം.	ഭാഗം.
മൂത്രാതീതലക്ഷണം	157
മൂത്രഷ്ഠീലാലക്ഷണം	157
വാതവസ്തിലക്ഷണം	,,
ഉഷ്ണവാതലക്ഷണം	,,
വാതകുണ്ഡലികാലക്ഷണം	158
മൂത്രഗ്രന്ഥിലക്ഷണം	,,
വിഡ്ഡ്വിഷ്ടാതലക്ഷണം	,,
വസ്തികുണ്ഡലലക്ഷണം	159
ഇതിലെ ദോഷകോപവ്യത്യാസം	,,
ഇതുകളുടെ ചികിത്സാവിധി	160
ഉത്തരവസ്തിവിധി	161
അതിലെ സമ്യഗ്യോഗാദിസ്വഭാവം	162
സ്ത്രീകൾക്കുള്ള ഉത്തരവസ്തിവിധി	163
ശംഖകമെന്ന ശിരോരോഗലക്ഷണം	165
അർദ്ധാവഭേദകം	166
സൂര്യാവർത്തരോഗം	167
അനന്തവാതം	168
ശിരോരോഗങ്ങൾക്കു നസ്യം ശീലിപ്പിക്കണമെന്ന്	169
നസ്യത്തിലെ അണ്ഡ് അവാന്തരഭേദങ്ങൾ	170
ഇന്നിന്നതരം നസ്യം ഇന്നിന്ന രോഗങ്ങൾക്കു ചിതങ്ങളെന്ന്	,,
നസ്യവിധി	172
നസ്യനേത്രവിധി	173
നസ്യാനർഹവിഭാഗം	175
പ്രതിമർശനസ്യസ്വഭാവം	176
അദ്ധ്യായവിവരണം	176

അദ്ധ്യായം 10.

വസ്തിസിദ്ധി	177–188
വസ്തിമഹത്വം	177
വിരേകാദികളുള്ളപ്പോൾ വസ്തികളുടെ ഗുണം	178
വസ്തിയുടെ ത്രൈവിധ്യം	179
വസ്തിചെയ്യുന്നതിലെ നിയമം	180
ഇന്നിന്നവർക്കുള്ള വസ്തിദ്രവ്യം ഇന്നിന്ന പ്രകാരമായിരിക്കേണമെന്ന്	182
ഇന്നിന്നത് ഇന്നപ്രകാരം ചേർക്കേണമെന്ന്	,,
നിരുപായ വസ്തിയോഗങ്ങൾ	184
അദ്ധ്യായവിവരണം	187

അദ്ധ്യായം 11.

ഫലമാത്രാസിദ്ധി	188–201
ഫലമാത്രയെക്കുറിച്ചുള്ള ശൌനകാദികളുടെ സിദ്ധാന്താക്ഷേപങ്ങളും ആത്രേയഭഗവാന്റെ അഭിപ്രായവും	189
വമ്പിക്കുന്ന ദോഷാദികൾക്കു ചെയ്യുന്ന യുക്തി	194
ഗജാദിജീവികൾക്കുള്ള വസ്തിവിധി	195
അമ്പുകൾക്കുള്ള പ്രത്യേക യോഗങ്ങൾ	196
ഋതുകാലത്തും രോഗികളുടെ	

വിഷയം.	ഭാഗം.
രതിരുന്നവരുടെ വിഭാഗവും അതിനുള്ള കാരണവും	197
അവക്കുള്ള ചികിത്സാവിധി	199
അദ്ധ്യായവിവരണം	201

അദ്ധ്യായം 12.

ഉത്തരവസ്തിസിദ്ധി	202–241
പഞ്ചകർമ്മങ്ങളെ ശീലിപ്പിച്ചവനെ പിന്നെ വൈദ്യൻശുശ്രൂഷിക്കേണ്ടും വിധി	202
പ്രകൃതിസ്ഥലക്ഷണം	204
ചികിത്സാകാലത്തിൽ അവശ്യം വർജ്ജിക്കേണ്ടുന്നവയായ ഉച്ചൈർഭാഷ്യാദി ഷഡ്ഡമഹാദോഷവിഭാഗം	205
ഉച്ചൈർഭാഷ്യപരിശീലനദോഷം	206
രഥക്ഷോഭദോഷം	,,
അതിചംക്രമണദോഷം	207
അത്യാസനദോഷം	208
അജീർണ്ണാദ്ധ്യശനദോഷം	,,
വിഷമാഹിതാശനദോഷം	,,
ദിവാസ്വപ്നദോഷം	,,
വ്യായാമജന്യദോഷം	209
ഇതിൽ ഓരോന്നിന്നുമുള്ള ചികിത്സാസമ്പ്രദായം	210
യാപനവസ്തിയോഗങ്ങൾ	211
വൃഷ്യസ്നേഹവസ്തിയോഗങ്ങൾ	223
അദ്ധ്യായവിവരണവും സ്ഥാനവിവരണവും	228
യാപനവസ്തിയിലെ അതിയോഗാദിസ്വഭാവവും പരിഹാരവും	229
സിദ്ധിസ്ഥാനനിർവ്വചനം	230
സംഹിതാസ്വഭാവവും പാഠഫലവും	,,
തന്ത്രസംസ്കാരണസ്വഭാവം	,,
ഇതിൽ ഇത്ര അദ്ധ്യായംവരെ ചരകൻ സംസ്കരിച്ചുവെന്നും ബാക്കി ഇത്ര അദ്ധ്യായം ദൃഢബലാചാര്യൻ സംസ്കരിച്ചുചേർത്തുവെന്നുമുള്ളത്	231
തന്ത്രയുക്തികളുടെ വിവരണം	232
തന്ത്രാർത്ഥജ്ഞാനം അവശ്യം വേണ്ടതാണെന്ന്	239
ഈ സംഹിതമുഴുവൻ പഠിച്ചാലുള്ള ഫലം	239
തന്ത്രസാരാത്മ്യം	240
തന്ത്രവിചാരണ	,,

ചരകസംഹിതാ

സിദ്ധിസ്ഥാനം.

അദ്ധ്യായം 1. കല്പനാസിദ്ധി.

അഥാതഃ കല്പനാസിദ്ധിമദ്ധ്യായം വ്യാഖ്യാസ്യാമഃ.
ഇതി ഹ സ്മാഹ ഭഗവാനാത്രേയഃ.

കാ കല്പനാ പഞ്ചസു കർമ്മസൂക്താ
ക്രമശ്ച കഃ കിഞ്ച കൃതാകൃതേഷു

വിദ്വാൻ പുനാശ്ശേരിനമ്പി നീലകണ്ഠശർമ്മാവവർകളുടെ
ഉപദേശസാഹായ്യത്തോടെ എഴുതിയ

വാചസ്പത്യം എന്ന

ഭാഷാവ്യാഖ്യാനം.

അദ്ധ്യായം 1.

സിദ്ധാദിസംസേവിതപാദപദ്മം
കൂടസ്ഥമാദ്യം മമ വംശജാനാം
ശിഷ്യാപദേശേതിമുദം വഹന്ത-
മത്രേസുതുജം സതതം നമാമി.

ഇനി—സൂത്രാദികല്പാന്തങ്ങളായ ഏഴു സ്ഥാനങ്ങളേയും വിവരിച്ചതിന്നുശേഷം ഇന്നിന്ന ചികിത്സാകർമ്മങ്ങൾ ഇന്നിന്നവിധം ശീലിപ്പിക്കണമെന്നും ഇന്നിന്നതുകൾ ഇന്നിന്നവർക്കു ചെയ്യുകൂട എന്നും മററുമുള്ള സിദ്ധോപദേശങ്ങളെ വിവരിക്കുന്നതായ സിദ്ധിസ്ഥാനത്തെ വിവരിക്കുന്നു. അവിടെ ആദ്യമായി കല്പനാസിദ്ധി എന്ന അദ്ധ്യായത്തെ വിവരിക്കുന്നു:—

ലിംഗം തഥൈവാതികൃതേഷു സംഖ്യാ
കാ കിം ഗുണാഃ കേഷു ച കാ ച വസ്തിഃ. 1
കിം വർജ്ജനീയം പ്രതികർമ്മകാലേ
കൃതേ കിയാൻ വാ പരിഹാരകാലഃ
പ്രണീയമാനശ്ച ന യാതി വസ്തിഃ
കേനൈതി ശീഘ്രം സുചിരാച്ച കേന. 2
സാദ്ധ്യാ ഗദാഃ കൈശ്ചിദസാദ്ധ്യതാ ച
കസ്മാൽ പ്രയുക്തൈരുപശാന്തിമേതി

1—3½—ഇപ്രകാരം കല്പസ്ഥാനത്തെ കൂടെ ഉപദേശിച്ചതിന്നുശേഷം ശിഷ്യനായ അഗ്നിവേശൻ പ്രവചനസമയത്തിൽ ഗുരുവായ ആത്രേയഭഗവാനോട് ഇങ്ങിനെ ചോദിച്ചു. ആ ചോദ്യമെന്തെന്നാൽ, അല്ലയോ ഭഗവൻ മുൻപറഞ്ഞ പഞ്ചകർമ്മങ്ങളുടെ കല്പന (വിധി) എന്താകുന്നു. പഞ്ചകർമ്മങ്ങളെന്നാൽ, 'വമനം രേചനം നസ്യം നിരൂഹശ്ചാനുവാസനം। ഏതാനി പഞ്ചകർമ്മാണി കഥിതാനി മുനീശ്വരൈഃ' എന്നു ശാർങ്ഗധരാചാര്യൻ വിവരിച്ചിരിക്കുന്നു. ഈ പഞ്ചകർമ്മങ്ങളുടെ ക്രമമെന്താണ്? ഇതുകളുടെ കൃതാകൃതലക്ഷണമെന്തായിരിക്കും? ഇതുകളുടെ അതിയോഗത്തിൽ സംഭവിക്കുന്ന ലക്ഷണമെന്താണ്? ഇതിൽ ഓരോന്നും അതുകളുടെ സമ്യഗ്യോഗംവരുവാൻ എത്ര എത്ര പ്രാവശ്യം പ്രയോഗിക്കണം? ഇതുകൾ ആർക്ക് എന്തു ഗുണത്തെയാണ് ചെയ്യുക? ഈ പഞ്ചകർമ്മങ്ങളുടെ കൂട്ടത്തിൽ പറഞ്ഞതായ വസ്തി എന്നത് എന്ത്—എന്തു സ്വഭാവത്തിലുള്ളതാകുന്നു? അതാതു കർമ്മങ്ങളെ ശീലിക്കുന്ന കാലത്ത് എന്തെല്ലാം വർജ്ജിക്കണം? അതുകൾ ശീലിച്ചുകഴിഞ്ഞാൽ പിന്നെ എത്രകാലം പത്ഥ്യം—നല്ലിരിക്ക ആചരിക്കണം? വസ്തി ചെയ്യുന്ന സമയം അത് അകത്തേക്കു പോകാതിരിക്കുക അതിന്റെ ഗുണത്തെ ചെയ്യാതെ ക്ഷണത്തിൽ പുറത്തേക്കുതന്നെ പോവുക പുറത്തു വരേണ്ടതായ സമയം കഴിഞ്ഞാലും പിന്നെ വളരെ നേരം പുറത്തുവരാതിരിക്കുക എന്ന അവസ്ഥാഭേദങ്ങൾ സംഭവിക്കുവാനുള്ള കാരണമെന്താണ്? ഇന്നവിധത്തിലുള്ള ഇന്ന രോഗം ഇന്ന ചികിത്സചെയ്താൽ ശമിക്കുമെന്ന

പ്രചോദിതഃ ശിഷ്യവരേണ സമ്യ-
ഗിത്യഗ്നിവേശേന ഭിഷഗ്വരിഷ്ഠഃ. 3
പുനർവ്വസുസ്തന്ത്രവിദാഹ തസ്മൈ
സർവ്വപ്രജാനാം ഹിതകാമ്യയേദം
ത്ര്യഹാവരം സപ്തദിനം പരന്തു
സ്നിഗ്ദ്ധോ നരഃ സ്വേദയിതവ്യ ഇഷ്ടഃ
നാതഃ പരം സ്നേഹനമാദിശന്തി
സാത്മ്യീഭവേൽ സപ്തദിനാൽ പരന്തു. 4
സ്നേഹോഹ്യനിലം ഹന്തി മൃദും കരോതി
ദേഹം മലാനാം വിനിഹന്തി സംഗം

വചനപ്രകാരം ആ രോഗത്തിന്ന് ആ ചികിത്സതന്നെ ചെയ്യാലും ചിലപ്പോൾ ശമിക്കാതെ കംണ്ടുന്നു അതിനെന്താണ് കാരണം? ഇപ്രകാരമുള്ള അഗ്നിവേശന്റെ ചോദ്യത്തെ കേട്ട സമയം വൈദ്യശ്രേഷ്ഠനായ—വൈദ്യംചെയ്തു നല്ല പരിചയവും അനുഭവവും സിദ്ധിച്ചിട്ടുള്ളവനും ശാസ്ത്രാർത്ഥവേദിയുമായ ദ്രോത്രേയഭഗവാൻ അഗ്നിവേശന്റെ ഈ ചോദ്യങ്ങൾക്കുള്ള ഉത്തരത്തെ സകല ജനങ്ങൾക്കും ഹിതംവരേണമെന്ന ഉദ്ദേശത്തോടുകൂടെ (ലളിതമായി) ഇപ്രകാരം അവനുപദേശിച്ചുകൊടുത്തു *

4—ആ ഉപദേശത്തെത്തന്നെ വിവരിക്കുന്നു:—വമനാദിപഞ്ചകർമ്മത്തെ ശീലിപ്പിക്കേണ്ടുന്നവനെ ആദ്യമായി സ്നിഗ്ദ്ധതവരുത്തുകയും അതിന്നുശേഷം അവസ്ഥാനുസരണം സ്വേദിപ്പിക്കുകയും വേണം. സ്നേഹസ്വേദവിധികൾ സൂത്രസ്ഥാനത്തിൽ വിവരിച്ചിട്ടുമുണ്ട്. സ്നേഹപാനം ശീലിപ്പിക്കുന്നതു കുറഞ്ഞതപക്ഷം മൂന്നു ദിവസത്തിൽ കുറയരുത്. ഇതു വളരെ താണപക്ഷമാണ്. ഏഴുദിവസത്തിലധികവും സ്നേഹപാനം ചെയ്യിക്കരുത്. ഏഴുദിവസത്തിലധികം കാലം സ്നേഹപാനം ശീലിപ്പിച്ച് ഒരുവനേയും സ്നിഗ്ദ്ധതവരുത്തേണ്ടതായി വരികയില്ല. അതിലധികം കാലം സ്നേഹപാനം ശീലിച്ചാൽ അതുകൊണ്ടു പ്രത്യേകസ്നിഗ്ദ്ധതവരികയില്ല എന്നുമാത്രമല്ല ആ സ്നേഹമാത്ര അവന്നു സാത്മ്യമായിത്തീരുകയും ചെയ്യും*
5—വിധിപ്രകാരം സ്നേഹപാനം ശീലിച്ച് അതിന്റെ സമ്യഗ്യോ

സ്നിഗ്ധസ്യ സൂക്ഷ്മേഷ്വയനേഷു ലീനം
സ്വേദസ്തു ദോഷം നയതി ദ്രവത്വം. 5
ഗ്രാമ്യൌദകാന്തൂപരസൈസ്സമാംസൈ-
രുൽക്ലേശനീയഃ പയസാ ച രമ്യഃ
രസൈസ്തഥാ ജാംഗലജൈസ്സയൂഷൈഃ
സ്നിഗ്ധഃ കഫാവൃദ്ധികരൈർവ്വിരേച്യഃ. 6
ശ്ലേഷ്മോത്തരഃ ഛർദ്ദയതി ഹ്യദൂഷ്യം
വിരിച്യതേ മന്ദകഫസ്തു സമ്യക്

ഗം വന്നാൽ ആ സ്നേഹം കോപിച്ച വായുവിനെ ശമിപ്പിക്കുകയും ശരീരത്തിന്നു മാർദ്ദവംവരുത്തുകയും കട്ടപ്പിടിച്ച് ഉറച്ചുകിടക്കുന്ന മലങ്ങൾക്ക് അയവുവരുത്തുകയും ചെയ്യും. ഇതേവിധം സ്നിഗ്ധത വരുത്തിയവനെ വേണ്ടതുപോലെ സ്വേദിപ്പിച്ചാൽ അതിസൂക്ഷ്മങ്ങളായ സ്രോതോമാർഗ്ഗങ്ങളിൽ ചെന്നു ലയിച്ചുകിടക്കുന്ന ദോഷലേശങ്ങൾകൂടെ ആ സ്വേദംനിമിത്തം അയഞ്ഞു പുറത്തുപോകയും ചെയ്യും *

6—ഇതേവിധം സ്നേഹസ്വേദങ്ങളെ ശീലിപ്പിച്ചവനും സുകുമാരനുമായവനെ ഗ്രാമ്യങ്ങളും ജലചരങ്ങളും ആനൂപദേശസഞ്ചാരികളുമായ ജീവികളുടെ മാംസങ്ങൾകൊണ്ടുണ്ടാക്കിയ മാംസരസവും മാംസവും കൊടുത്തും പാൽ ശീലിപ്പിച്ചും അവന്റെ മലങ്ങൾക്ക് ഉൽക്ലേശംവരുത്തിയതിന്നുശേഷം ജാംഗലമാംസരസവും പരിപ്പുചാറും കൊടുത്തു വിരേകം ശീലിപ്പിക്കണം. എന്നാൽ ഈ രസാദികളെല്ലാം കഫത്തെ വർദ്ധിപ്പിക്കാത്തവയായിരിക്കുകയും വേണം *

7—കഫകോപത്തിന്ന് ആധിക്യമുള്ളവനെ വമനംശീലിപ്പിക്കുവാൻ വളരെ എളുപ്പമായിരിക്കും. കഫകോപത്തിന്ന് ബലംകുറഞ്ഞവനെ വിരേചിപ്പിക്കുവാനും വളരെ സൌകര്യമായിരിക്കും. കഫം അധോഭാഗത്തിങ്കൽ—പിത്താശയാദിസ്ഥാനങ്ങളിൽ വളരെ കുറച്ചുമാത്രമേ നില്ക്കുന്നുള്ളു—കോപിച്ച കഫം മുഴുവനും സ്വസ്ഥാനത്തിൽതന്നെ നില്ക്കുകയാണെങ്കിൽ അവിടെ ഛർദ്ദിപ്പിക്കുകയാണ് ചെയ്യേണ്ടത്. വർദ്ധിച്ച കഫം അതേവിധം ഊ

അധഃ കഫേല്പേ വമനം ഹി ശസ്തേ—
ദ്വിരേചനം വൃദ്ധകഫേ തഥോർദ്ധ്വം. 7
സ്നിഗ്ദ്ധായ ദേയം വമനം യഥോക്തം
വാന്തസ്യ പേയാദിരനുക്രമശ്ച
സ്നിഗ്ദ്ധസ്യ സുസ്വിന്നതനോർയ്യഥാവ—
ദ്വിരേചനം യോഗ്യതമം പ്രയോജ്യം. 8
പേയാം വിലേപീമകൃതം കൃതഞ്ച
യൂഷം രസം ത്രിദ്വിരഥൈകശശ്ച

ദ്ധ്വഭാഗത്തിൽ അല്പംമാത്രമാണെങ്കിൽ—കഫം പിത്താശയാദി സ്ഥാനത്തെ പ്രാപിച്ചിരിക്കുന്നു എങ്കിൽ അവിടെ വിരേചനവും ശീലിപ്പിക്കണം. കഫം കോപിച്ചു കഫാശയത്തിൽ നില്ക്കുമ്പോൾ വമനവും പിത്താശയത്തിലോ വാതാശയത്തിലോ ചെന്നുകൂടിയാൽ വിരേചനവും ശീലിപ്പിക്കേണമെന്നു വിവേകം *

8—ഈ പറഞ്ഞ വമനവിരേചനങ്ങളിൽ വമനം ശീലിപ്പിക്കേണ്ടുന്നവനെ സൂത്രസ്ഥാനം 13-ാം അദ്ധ്യായത്തിൽ പറഞ്ഞ വിധിപ്രകാരം സ്നിഗ്ദ്ധത വരുത്തിയതിന്നുശേഷം കല്പസ്ഥാനത്തിൽ വിധിച്ച വമനയോഗങ്ങളിൽ ദോഷകോപാദ്യവസ്ഥക്ക് അനുഗുണമായതിനെ ശീലിപ്പിച്ചു ഛർദ്ദിപ്പിക്കുകയും വമനത്തിലെ സമ്യഗ്യോഗംവന്നാൽ പേയാദിക്രമത്തെ ശീലിപ്പിക്കുകയും വേണം. വിരേചനം ശീലിപ്പിക്കേണ്ടുന്നവനെ വിധിപ്രകാരം സ്നേഹസ്വേദങ്ങളെ ശീലിപ്പിച്ചതിന്നുശേഷം ദോഷകോപത്തിന്ന് അനുസരിച്ച വിധമുള്ള വിരേചനയോഗം ശീലിപ്പിച്ചു വയറിളക്കുകയും അതിന്റെ സമ്യഗ്യോഗംവന്നാൽ മുൻപ്രകാരം പേയാദിക്രമത്തെ ശീലിപ്പിക്കുകയും വേണം. ആ ക്രമത്തെ അനുപദംതന്നെ വിവരിക്കുകയും ചെയ്യാം *

9—വമനവിരേചനങ്ങളിലെ ശുദ്ധി ദോഷസ്വഭാവത്തെ അപേക്ഷിച്ചു പ്രധാനം മദ്ധ്യം അവരം എന്നിങ്ങിനെ മൂന്നുതരത്തിലാകുന്നു. പ്രധാനശുദ്ധിശുദ്ധൻ മൂന്നു് അന്നകാലവും മദ്ധ്യമശുദ്ധിശുദ്ധൻ ഈരണ്ടു് അന്നകാലവും ഹീനമാത്രയിൽ ശുദ്ധി വരുത്തിയവൻ ഓരേ അന്നകാലവും ഭക്ഷണത്തിൽ പേയാദികളെ

ക്രമേണ സേവേത നരോന്നകാലാൻ
പ്രധാനമദ്ധ്യാവരശുദ്ധിശുദ്ധഃ. 9

ചേത്തു കഴിക്കുകയും പിന്നെ സാത്മ്യഭോജനം ശീലിക്കുകയും വേണം. പേയാദികളെന്തെല്ലാമെന്നാൽ, പേയ=തെളിക്കഞ്ഞി, വിലേപി=കൊഴുത്ത കഞ്ഞി, അകൃതയൂഷം=ഉപ്പ് ചുക്ക് മുതലായ യാതൊന്നും ചേർക്കാത്തതായ പരിപ്പുചാറ്, കൃതയൂഷം=യഥാവിധി സംസ്കൃതമായ പരിപ്പുചാറ്, രസം=മാംസരസം. ഇവിടെ 'അകൃതം കൃതഞ്ച യൂഷം രസം' എന്നു പറയുകയാൽ യൂഷത്തിന്നും രസത്തിന്നും കൃതാകൃതഭേദങ്ങൾ വിവക്ഷിതമാണെന്നും ഒരു പക്ഷമുണ്ട്. പക്ഷെ ഇന്നു ആ ഭേദത്തെ വിവക്ഷിച്ചു കാണുന്നതുമില്ല. അന്നകാലമെന്നാൽ 'സായം പ്രാതർമ്മനുഷ്യാണാം ഭോജനം വിധിനിർമ്മിതം' എന്ന വചനപ്രകാരം രാവിലേയും രാത്രിയും എന്ന് അർത്ഥമാകുന്നു. വമനവിരേകാദികൾ ശീലിച്ചവൻ ഈ പറഞ്ഞ ക്രമപ്രകാരം അന്നകാലങ്ങളിൽ അതാതു സമയത്തേക്കു വിധിച്ച പേയാദികളെമാത്രം കഴിക്കണമെന്നും ചിലർ അർത്ഥം പറയുന്നുണ്ട്. ആ വിഷയത്തിൽ വാഗ്ഭടാചാര്യൻ 'തതോഗ്നിബലമവേക്ഷ്യ ക്ഷുധഞ്ച സായാഹ്നേപരേ വാഹ്നി സുഖോദകപരിഷിക്തഃ പുരാണാനാം രക്തശാലിതണ്ഡുലാനാം സുസിദ്ധാമന്നമസ്നേഹലവണകടുകമല്പസ്നേഹലവണകടുകം വാ ദ്രവപ്രായമുഷ്ണോദകാനുപ്രായം സായം പ്രാതരുപയുഞ്ജാനോ വിധിമിമമവേക്ഷേത പേയാദീനാം' എന്നിങ്ങിനെ ആ പക്ഷത്തെ പരിഹരിച്ചു പറഞ്ഞിട്ടുമുണ്ട്. പേയാദികളെ ശീലിക്കേണ്ടും ക്രമം—അടുത്തു വിവരിക്കുന്നതായ പ്രധാനശുദ്ധിലക്ഷണത്തോടുകൂടിയവൻ വമനമോ വിരേചനമോ ശീലിച്ച ദിവസം രാത്രിയും പിറേറദിവസം രണ്ടുനേരവും പേയ ശീലിക്കണം. മൂന്നാം ദിവസവും നാലാം ദിവസം ഒരുനേരവും വിലേപി. അന്നരാത്രിയും അഞ്ചാം ദിവസവും അകൃതയൂഷം. ആറാം ദിവസവും ഏഴാം ദിവസം ഒരുനേരവും കൃതയൂഷം. ഏഴാം ദിവസം രാത്രിയും എട്ടാം ദിവസം രണ്ട് അന്നകാലങ്ങിലും രസം എന്നിങ്ങിനെയാകുന്നു. മദ്ധ്യശുദ്ധന്റെ പേയാദിക്രമാചരണം ആറാം ദിവസം രാവിലത്തെ ഭക്ഷണത്തോടുകൂടേയും, അവരശുദ്ധിശുദ്ധന്റെ പേയാദിക്രമാചരണം മൂന്നാം ദിവസത്തോടുകൂടേയും അവസാനിപ്പി

യഥാന്തരഗ്നിസ്തൃണഗോമയാദൈ-
സ്സന്ധുക്ഷ്യമാണോ ഭവതി ക്രമേണ
മഹാൻ സ്ഥിരഃ സർവ്വസഹസ്തഥൈവ
ശുദ്ധസ്യ പേയാദിഭിരന്തരാഗ്നിഃ. 10
ജഘന്യമദ്ധ്യപ്രവരേഷു വേഗാ-
ശ്ചതുർവിധ ഇഷ്ടാ വമനേ ഷഡഷ്ടൗ

ക്കാമെന്നും ഗ്രഹിക്കണം. രസത്തിന്നും കൃതാകൃതത്വം വിവക്ഷിക്കുന്ന പക്ഷം ഈ പറഞ്ഞ കണക്കിൽനിന്ന് ൩-൨-൧ അന്നകാലങ്ങൾകൂടെ വർദ്ധിപ്പിക്കുകയും വേണം. ഈ പേയാദിക്രമാചരണം ശോധനവരുത്തിയദിവസം രാവിലുത്തെ ഭക്ഷണം മുതൽക്കുതന്നെ തുടങ്ങണമെന്നാണ് അരുണദത്തോചാര്യന്റെ അഭിപ്രായം. ഇന്നുവിൽ 'പ്രഥമേ ദിവസേ സായമേകമന്നകാലം പേയാമുപയുഞ്ജീത' എന്നു സ്പഷ്ടമായി പറയുന്നതുമുണ്ട് * 10—പേയാദിക്രമപരിശീലനഫലത്തെത്തന്നെ വിവരിക്കുന്നു:—വളരെ ചെറുതായ തീക്കട്ടയുടെമീതെ ഉണങ്ങിയ പുല്ലുവെച്ച് ഊതിക്കത്തിച്ച് അല്പം വറളികൂട്ടി അതിന്മേൽ പിടിപ്പിച്ചു പിന്നെ ക്രമേണ ചെറിയ ചെറിയ വിറകുകൂട്ടി കത്തിക്കുന്നതായാൽ അതു വളരെ കേമമായി കത്തുന്നതും സ്ഥിരവും പ്രതിപന്ഥികളായ വൃഷ്ട്യാദികളെക്കൂടെ സഹിക്കത്തക്ക ശക്തിയുള്ളതുമായിത്തീരുന്നതു നമുക്കു വല്ലവണ്ണം കണ്ടറിയാവുന്നതാണെല്ലോ. അതേവിധം ദോഷകോപംനിമിത്തം മന്ദിച്ച് അല്പമായിത്തീന്ന ജഠരാഗ്നിയെ ആവരണം ചെയ്തുകിടക്കുന്ന ദോഷങ്ങളെ വിരേകം ശീലിപ്പിച്ചു പുറത്തു കളഞ്ഞതിന്നുശേഷം മുൻപറഞ്ഞ ക്രമത്തിൽ പേയാദികളെ ശീലിച്ചാൽ അതു മഹാനും സ്ഥിരനും സർവ്വസഹനുമായിത്തീരും. ഈ പേയാദിക്രമത്തെ ശീലിക്കാതെ ഗുരുത്വമുള്ള സാത്ത്യപദാർത്ഥങ്ങളെ ശീലിച്ചാൽ ചെറിയ തീക്കട്ടയിൽ വലിയ വിറകുകൂട്ടിയിട്ടാൽ അതെങ്ങിനെ നശിച്ചുപോകുമോ അതേവിധം ജാഠരനായ അഗ്നിയും നശിച്ചുപോകും. അതിനാൽ പേയാദിക്രമത്തെ മനസ്സിലുത്തി ശീലിക്കേണമെന്നു ഗ്രഹിക്കുകയും വേണം *

11—വമനവിരേകങ്ങളിലെ പ്രധാനമദ്ധ്യാവരലക്ഷണങ്ങളെ വിവരിക്കുന്നു:—ഛർദ്ദിപ്പിക്കുന്ന സമയം നാഭ്യുപ്രാവശ്യം ചാട്ടി

ക്കൈശ്ചവ തേ ദ്വിത്രിഗുണാ വിരേകേ
പ്രസ്ഥസ്തുഥാ ദ്വിത്രിചതുർഗ്ഗുണശ്ച. 11
ചിന്താന്തമിഷ്ടം വമനം തഥോർദ്ധ്വ-
മധഃ കഫാന്തഞ്ച വിരേകമാഹുഃ.

ക്കുകയും ഛർദ്ദിയുടെ സമ്യഗ്യോഗം വരികയും ചെയ്യുതായി കണ്ടാൽ അതു ജഘന്യശുദ്ധിയാകുന്നു. അതേവിധം ആറപ്രാവശ്യം ഛർദ്ദിക്കുന്നതായാൽ അതു മദ്ധ്യമശുദ്ധിയും, എട്ടു വേഗങ്ങൾകൊണ്ടു മാത്രം സമ്യഗ്യോഗം വരുന്നതായാൽ അതു പ്രവരശുദ്ധിയുമാകുന്നു. വിരേകം ശീലിപ്പിക്കുമ്പോൾ ജഘന്യത്തിൽ പത്തുവേഗവും മദ്ധ്യത്തിൽ ഇരിപത്തുവേഗവും— 20 പ്രാവശ്യം അതിസരിക്കുകയും പ്രവരത്തിൽ മുപ്പതു വേഗവുമാകുന്നു. വിരേകത്തിലെ ജഘന്യത്തിലെ പത്തുവേഗത്തിൽക്കൂടെ ഒരിടങ്ങഴി മലം ഇളകിപ്പോകും. മദ്ധ്യശുദ്ധിയിൽ രണ്ടിടങ്ങഴിയും ഉത്തമശുദ്ധിയിൽ നാലിടങ്ങഴിയുമുണ്ടായിരിക്കും. വേഗങ്ങളുടെ എണ്ണത്തെ അപേക്ഷിക്കാതെ മലപരിമാണംകൊണ്ടുതന്നെ വിരേകത്തിലെ ജഘന്യാദിസ്വഭാവത്തെ ഗ്രഹിക്കാമെന്നും ഒരു പക്ഷമുണ്ട്. ഈ പറഞ്ഞതു സമ്യഗ്യോഗമാകുന്നു. ഇതിൽനിന്നു കുറഞ്ഞതിനെ ഹീനയോഗമെന്നും അധികരിച്ചതിനെ അതിയോഗമെന്നും ഗ്രഹിക്കുകയും വേണം * 12— ഊർദ്ധ്വശോധനമായ വമനം കഫാവസാനംവരെ അതായതു പിത്തം കണ്ടുതുടങ്ങുന്നതുവരെ പ്രവർത്തിക്കുകയും പിന്നെ നിർത്തുകയും ചെയ്യുന്നതായാൽ അതു വമനത്തിലെ സമ്യഗ്യോഗമാകുന്നു. അധശ്ശോധനമായ വിരേകം അതേവിധം കഫാന്തം— കഫദർശനമാകുന്ന അവസ്ഥയോടുകൂടിയത് (കഫം അതിസരിച്ചുതുടങ്ങുമ്പോൾ വേഗം ശമിക്കുന്നത്) അതിന്റെ സമ്യഗ്യോഗവുമാണെന്നാണ് വൈദ്യശാസ്ത്രവേദികളായ ഭരദ്വാജാദികൾ പറയുന്നത്. വിരേകത്തിലെ മലത്തിന്റെ പരിമാണത്തെ അറിയുവാൻ ആദ്യത്തെ രണ്ടുമൂന്നു വേഗങ്ങളെ ഒഴിച്ചു ബാക്കിയുള്ള മലത്തെ ഗ്രഹിക്കേണ്ടതാകുന്നു. ഛർദ്ദിച്ചതിന്റെ അളവുനോക്കി സമ്യഗ്യോഗാദിഭേദത്തെ അറിയണമെങ്കിൽ ആകെ ഛർദ്ദിച്ചതിൽനിന്ന് ഛർദ്ദിപ്പിക്കുവാനായി സേവിച്ച ഔഷധത്തിന്റെ അളവ് എത്രയുണ്ടോ അത്രഭാഗം ത

ദ്വിത്രാൻ സവിഡംകാസപനീയ വേഗാൻ
മേയം വിരേകേ വമനേ തു പീതം. 12
ക്രമാൽ കഫഃ പിത്തമഥാനിലശ്ച
യസ്യേതി സമ്യഗ്വമിതഃ സ ഇഷ്ടഃ
ഹൃൽപാർശ്വമൂർദ്ധേന്ദ്രിയമാർഗ്ഗശുദ്ധൌ
തഥാ ലഘുത്വമപി ച ലക്ഷ്യമാണേ. 13
ദുഛർദ്ദിതേ സ്ഫോടകകോഠകണ്ഡൂ-
ഹൃൽഖാവിശുദ്ധിർഗ്ഗുരുഗാത്രതാ ച

ള്ളി ബാക്കി മുഴുവൻ പരിമേയവുമാകുന്നു. ഇവിടെ ആദ്യവേഗങ്ങളെ ഉപേക്ഷിക്കേണ്ടതില്ല എന്നു സാരം. ഈ വിഷയത്തിൽ 'പിത്താവസാനം വമനം വിരേകാദ്ധ്യം കഫാന്തഞ്ചെ വിരേകമാഹുഃ' എന്നാണ് വാഗ്ഭടാചാര്യന്റെ പാഠം. ആ പാഠപ്രകാരം മുൻപറഞ്ഞ വിരേകമലപരിമാണത്തിൽ പകുതിയാണ് ഛർദ്ദിയിലെ ദോഷപരിമാണമെന്നും ഗ്രഹിക്കണം *

വമനവിരേകങ്ങളിലെ സമ്യഗ്യോഗാദികളെ വിവരിക്കുന്നു:— 13—14—വമനൌഷധം സേവിച്ചാൽ അതുകൊണ്ടു ഛർദ്ദിക്കേണ്ടതായ സമയത്തു ഛർദ്ദി തുടങ്ങുകയും ഛർദ്ദിക്കുന്നതിൽ ആദ്യം കഫവും കഫാവസാനത്തിൽ പിത്തജലം ഛർദ്ദിക്കുകയും അനന്തരം ഉൽഗാരത്രുപേണ വായു പുറപ്പെടുകയും ഛർദ്ദിയുടെ വേഗം നില്ക്കുകയും, ഹൃദയം വാരിഭാഗം മൂർദ്ധാവ് തണ്ടെല്ല് ഇവിടങ്ങളിലും സ്രോതോമാർഗ്ഗങ്ങളിലും ശുദ്ധിവരികയും ശരീരത്തിന്നു ലാഘവം വരികയും ചെയ്യുതായി കണ്ടാൽ അതു വമനത്തിന്റെ സമ്യഗ്യോഗലക്ഷണമാണെന്നറിയണം. ഛർദ്ദിപ്പിക്കുവാനുള്ള ഔഷധം സേവിച്ചിട്ടു വേണ്ടതുപോലെ ഛർദ്ദിക്കാതിരുന്നാൽ—ഛർദ്ദിയുടെ മിത്ഥ്യായോഗത്തിൽ ശരീരത്തിൽ പുളകൻ പുറപ്പെടുക വട്ടപ്പുണ്ണ് (തിണപ്പെന്നും പക്ഷം) ചൊറിച്ചിൽ ഹൃദയത്തിന്നും സ്രോതസ്സുകൾക്കും ശുദ്ധിവരാതിരിക്കുക—അടവുതോന്നുക ശരീരത്തിന്നു കനംതോന്നുക എന്ന ലക്ഷണങ്ങളെല്ലാമുണ്ടാകും. 'തത്രാപ്രവൃത്തിഃ കേവലസ്യ വാ ദോഷജസ്യ പ്രവൃത്തിർവ്വിബന്ധോ വാ വേഗാനാമയോഗലക്ഷണം. തതശ്ചാരോചകഗൌരവാദ്ധ്മാനകണ്ഡൂസ്തോടാലസ്യശ്ലേഷ്മപ്രതിശ്യാ-

തൃഷ്ണോഹമൂർച്ഛാനിലകോപനിദ്രാ
ബലാതിഹാനിർവ്വമനേതി ച സ്യാൽ. 14
സ്രോതാംവിശുദ്ധിർന്ദ്രിയസംപ്രസാദോ
ലഘ്വുത്ഥമൂർജ്ജാഗിരനാമയത്വം
പ്രാപ്തിശ്ച വിഷ്ടപിത്തകഫാനിലാനാം
സമ്യഗ്വിരിക്തസ്യ ഭവേൽ ക്രമേണ. 15
സ്യാൽ ശ്ലേഷ്മപിത്താനിലസംപ്രകോപഃ
സാദസ്യഗാഗ്നേർഗ്ഗുരുതാ പ്രതിശ്യാ
തന്ദ്രാ തഥാ ഹൃദ്ദ്വിരരോചകശ്ച
വാതാനുലോമ്യം ന ച ദുർവ്വിരിക്തേ. 16
കഫാസ്രപിത്തക്ഷയജാനിലോത്ഥാഃ
സുപ്ത്യംഗമർദ്ദക്ലമവേപനാദ്യാഃ

യലോമഹർഷപ്രസേകശോഫശീതജ്വരാദയഃ' എന്നു സംഗ്രഹത്തിലും പറയുന്നു. വമനത്തിന്റെ അതിയോഗത്തിങ്കൽ ദാഹം മോഹാലസ്യം മൂർച്ഛ വാതകോപം (കോച്ചൽ വലി മുതലായവ) അതിനിദ്ര അതിയായ ബലക്ഷയമെന്ന ലക്ഷണങ്ങളെല്ലാമുണ്ടാകും. 'അതിയോഗേ തു ഫേനചന്ദ്രകരക്തവൽ । വമിതം ക്ഷാമതാ ദാഹഃ കണ്ഠശോഷസ്തമോഭ്രമഃ । ഘോരാ വായ്വാമയാ മൃത്യുർജ്ജീവശോണിതനിർഗ്ഗമാൽ' എന്നു വാഗ്ഭടാചാര്യനും പറയുന്നു *

15—സ്രോതസ്സുകൾക്കു ശുദ്ധിവരിക ചക്ഷുഃ ശ്രോത്രാദി ഇന്ദ്രിയങ്ങൾക്കു തെളിവുതോന്നുക ശരീരത്തിന്നു ലാഘവം വരിക ജഠരാഗ്നിക്കു ശക്തിയുണ്ടാവുക വിരേകനിമിത്തം ക്ഷീണം മുതലായ ഉപദ്രവങ്ങളില്ലാതിരിക്കുക വിരേകത്തിൽ ആദ്യം മലവും അതിന്നുശേഷം പിത്തജലവും പിന്നെ കഫവും അതിസരിക്കുകയും കഫം കണ്ടുതുടങ്ങുന്ന സമയം അധോവായു പുറപ്പെടുകയും അപ്പോൾ അതിസാരം നില്ക്കുകയും ചെയ്യുതായി കണ്ടാൽ അതു വിരേകത്തിലെ സമ്യഗ്യോഗമാണെന്നറിയണം* 16—വിരേകത്തിൽ മിത്ഥ്യായോഗം സംഭവിച്ചാൽ കഫകോപവും പിത്തകോപവും വാതകോപവും സംഭവിക്കുക അഗ്നിമാന്ദ്യം ശരീരത്തിന്നു ഗൌരവം—അംഗങ്ങൾക്കു കനംതോന്നുക മൂക്കിൽനിന്നു വെള്ളംവരിക എരിച്ചുകാൎയ്യ

നിദ്രാബലഃ ഭാവതമഃപ്രവേശഃ
സോന്മാദഹിക്കാശ്ച വിഃരചിതേതി. 17
സംസ്കൃഷ്ടഭക്തം നവമേഹി സർപ്പി-
സ്തം പായയേതാപ്യനുവാസയേച്ചാ
ദ്യോത്ത്ര്യഹാന്നാനി ബുഭുക്ഷിതായ
തൈലാക്തഗാത്രായ തതോ നിത്രുഷം. 18
പ്രത്യാഗതേ മാംസരസേന ഭോജ്യഃ
സമീക്ഷ്യ വാ ദോഷബലം യഥാഹം

ത്തിലും മടിതോന്നുക ഹൃദി രുചിക്ഷയം വായുവിന്ന് ആനുലോമ്യ മില്ലാതിരിക്കുക എന്ന ലക്ഷണങ്ങളെല്ലാമുണ്ടാകും. 'ഹൃൽകുക്ഷ്യ ശുദ്ധിരരുചിരുൽക്ലേശഃ ശ്ലേഷ്മപിത്തയോഃ । കണ്ഡൂർവ്വിദാഹഃ പിടികാ പീനസോ വാതവിഗ്രഹഃ । അയോഗലക്ഷണം' എന്നു വാഗ്ഭടാചാര്യൻ* 17 — കഫം രക്തം പിത്തം എന്നിതുകൾ ക്ഷയിക്കുകനിമിത്തവും വായു വർദ്ധിക്കുകനിമിത്തവും സംഭവിക്കുന്നവയായ തരിപ്പ് അംഗമർദ്ദം തളർച്ച വിറയൽ മുതലായ അസംഹൃതകളും അകാലനിദ്ര ബലക്ഷയം കണ്ണിരുട്ടടക്കുക ഭ്രാന്ത് (പെയപറയുക) ഇക്കിട്ടം എന്നതുകളുമാണ് വിരേചനത്തിന്റെ അതിയോഗത്തിൽ സംഭവിക്കുന്ന ഉപദ്രവങ്ങളെന്നും ഗ്രഹിക്കണം. ഈ വിഷയത്തിൽ അഷ്ടാംഗഹൃദയത്തിൽ ഇങ്ങിനെ പറയുന്നു: 'വിരിക്തകഫവാതേഷു നിഃസൃതേഷു ക്രമാൽ സ്രവേൽ । നിഃശ്ലേഷ്മപിത്ത മുദകം ശ്വേതം കൃഷ്ണം സലോഹിതം । മാംസധാവനതുല്യം വാ മേദഃ ഖണ്ഡാഭമേവ വാ । ഹൃന്നിസ്സരണം തൃഷ്ണാ ഭ്രമോ നേത്രപ്രവേശനം । ഭവന്ത്യതിവിരിക്തസ്യ തഥാതിവമനാമയഃ' *

18 — ഈ പറഞ്ഞ വിധിപ്രകാരം ഉത്തമമാത്രയിൽ ശോധന വരുത്തിയതിന്നുശേഷം മുൻപറഞ്ഞ പേയാദിക്രമത്തോടും ശീലിപ്പിച്ചാൽ ഒമ്പതാംദിവസം നൈസേവിപ്പിക്കുകയോ സ്നേഹവസ്തി ചെയ്യുകയോ ചെയ്യണം. പിന്നെ വിശപ്പുതുടങ്ങിയാൽ — സ്നേഹമാത്രാകാലം കഴിഞ്ഞു പിന്നെത്തെ അന്നകാലം മുതൽക്കു മൂന്നുദിവസം പ്രകൃതിഭോജനത്തോടും ശീലിപ്പിച്ചു ദേഹമാസകലം എണ്ണതേച്ചു കുളിപ്പിച്ചതിന്നുശേഷം വിധിപ്രകാരം കഷായവസ്തിയും ചെയ്യണം * 19 — ഈ പറഞ്ഞ വിധിപ്രകാരം കഷായവസ്തി ചെയ്താൽ അതു തക്കസമയത്തു സമ്യഗ്യോഗലക്ഷണത്തോടുകൂടെ ഗ്ര

നരസ്യതോ നിശ്യനുവാസനാഹോ
നിത്യാശിതഃ സ്യാദനുവാസനീഹഃ. 19
ശീതേ വസന്തേ ച ദിവാനുവാസ്യോ
രാത്രൌ ശരൽഗ്രീഷ്മഘനാഗമേഷു
താനേവ ദോഷാൻ പരിരക്ഷതാ യേ
സ്നേഹസ്യ പാനേ പരികീർത്തിതാഃ പ്രാൽ. 20
പ്രത്യാഗതേ ചാപ്യനുവാസനീയേ
ദിവാ പ്രദേയം വ്യുഷിതായ ഭോജ്യം

ത്യാവത്തിച്ചാൽ പിന്നെ മാംസരസം സാത്മ്യമായിട്ടുള്ളവനെ അതു ചേർത്തും ഇതരന്മാരെ ശരീരാദിസ്വഭാവത്തിന്നനുസരിച്ച യൂഷാദികൾ ചേർത്തും ഭക്ഷണം കഴിപ്പിക്കുകയും പിന്നെയും അനുവാസനം ശീലിപ്പിക്കേണമെങ്കിൽ രാത്രിയിൽ സ്നേഹവസ്തി ചെയ്യുകയും അപ്പോൾ പ്രകൃത്യാ സാത്മ്യമായ ഭോജനത്തെ ശീലിപ്പിക്കുകയും വേണം *

20—മുമ്പു സൂത്രസ്ഥാനം 13-ാം അദ്ധ്യായത്തിൽ അകാലത്തിൽ സ്നേഹപാനം ചെയ്യുക മുതലായ സ്നേഹവിഭ്രമം നിമിത്തം എന്തെല്ലാം ദോഷങ്ങൾ സംഭവിക്കുമെന്നാണോ പറഞ്ഞിരിക്കുന്നത് അതെല്ലാം അകാലത്തിൽ സ്നേഹവസ്തിചെയ്താലും സംഭവിക്കും. ആ ഉപദ്രവംബാധിക്കാതെ രക്ഷിക്കുവാൻ വിചാരിക്കുന്നവൻ ശീതകാലത്തിലും വസന്തകാലത്തിലും പകൽസമയം മാത്രമേ അനുവാസനം ചെയ്യിച്ചുകൂടൂ. ശരൽകാലം ഗ്രീഷ്മകാലം വർഷാകാലം എന്ന കാലങ്ങളിൽ രാത്രിയിൽ അനുവാസനം ചെയ്യാമെന്ന നിയമത്തെ അറിഞ്ഞു ചെയ്യുകയും വേണം *

21—അനുവാസനംചെയ്താൽ ആ സ്നേഹദ്രവ്യം അതിന്റെ സമ്യഗ്യോഗത്തോടുകൂടെ മടങ്ങിവന്നാൽ ആ രാത്രി യാതൊന്നും കഴിക്കാതെ പിറേറദിവസം പകൽ ഭക്ഷണം കഴിപ്പിക്കണം. രാത്രിയും ഭക്ഷണം കഴിപ്പിച്ചു പിറേറദിവസമോ മൂന്നാം ദിവസമോ പിന്നെയും അനുവാസനം ശീലിപ്പിക്കാം. മൂന്നാം ദിവസമാണ് രണ്ടാമത് അനുവാസനം ശീലിപ്പിക്കുന്നതെങ്കിൽ സ്നേഹവസ്തി ചെയ്യുന്നതിന്റെ തലേദിവസം രാത്രിവരെ സാത്മ്യഭക്ഷണം ശീലിപ്പിക്കു

സായഞ്ച ഭോജ്യം പരതസ്ത്ര്യഹേ വാ
ത്ര്യഹേനവാസ്യോഹനി പഞ്ചമേ വാ. 21
ത്ര്യഹേ ദ്ര്യഹേ വാപ്യഥ പഞ്ചമേ വാ
ദദ്യാന്നിരൂഹാദനു വാസനഞ്ച
ഏകം തഥാ ത്രീൻ കഫജേ വികാരേ
പിത്താത്മകേ പഞ്ച തു സപ്ത വാപി. 22
വാതേന ചൈകാദശ വാ പുനർവ്വാ
വസ്തീൻ ന യുഞ്ജീത കുശലോ വിദദ്ധ്യാൽ.
നരോ വിരിക്തസ്തു നിരൂഹദാനം
വിവർജ്ജയേത്സപ്തദിനാന്യവശ്യം. 23

കയും അനുവാസനം പകൽതന്നെ ചെയ്യുകയും വേണം. ദോഷകോപസ്വഭാവത്തെ അനുസരിച്ച രണ്ടാം അനുവാസനം അഞ്ചാം ദിവസം ചെയ്യുന്നതിന്നും വിരോധമില്ല. 'അനുവാസയേത്തൃതീയേ ഹ്നി പഞ്ചമേ വാ പുനശ്ച തം । യഥാ വാ സ്നേഹപക്തിഃ സ്യാദ്ദോഷോത്ഥൽബണമാരുതാൻ । വ്യായാമനിത്യാൻ ദീപ്താഗ്നീൻ ത്രക്ഷാം ശ്ച പ്രതിവാസരം' എന്നു വാഗ്ഭടാചാര്യനും പറയുന്നു * 22—ഈ പറഞ്ഞ ക്രമത്തിൽ കഷായവസ്തിചെയ്താൽ പിന്നെ മൂന്നാം ദിവസമോ രണ്ടാം ദിവസമോ അഞ്ചാം ദിവസമോ ദോഷകോപാദ്യവസ്ഥപോലെ സ്നേഹവസ്തി ശീലിപ്പിക്കുകയും വേണം. ഇതേവിധം കഫകോപാധിക്യത്തിൽ ഒരു പ്രാവശ്യമോ മൂന്നു പ്രാവശ്യമോ വസ്തി ചെയ്യണം. അതേവിധം പിത്താധികമായ രോഗത്തിൽ അഞ്ചോ ഏഴോ പ്രാവശ്യവും, 23—വാതകോപാധികത്തിൽ പതിനൊന്നു പ്രാവശ്യമോ അതിൽ അധികം—വാതകോപം ശമിക്കുന്നതുവരെ വസ്തി ശീലിപ്പിക്കുകയും വേണം. കുശലനായ വൈദ്യൻ വസ്തികർമ്മത്തെ ഒരിക്കലും ഉ-ര്-ന്ന ഇത്യാദി ഇരട്ടപ്പെട്ട കണക്കിൽ ശീലിപ്പിക്കരുതെന്നും ഗ്രഹിക്കണം. ഈ വിഷയത്തിൽ 'ഏകം ത്രീൻ വാ വലാസേ തു സ്നേഹവസ്തീൻ പ്രകല്പയേൽ । പഞ്ച വാ സപ്ത വാ പിത്തേ നചൈകാദശ വാനിലെ । പുനസ്തതോപ്യുഞ്ജീതാസ്തു പുനരാസ്ഥാപനം തതഃ' എന്ന് അഷ്ടാംഗഹൃദയത്തിലും പറയുന്നു * വിരേകം ശീലിച്ചവൻ പിന്നെ ഏഴുദിവസം കഴിയുന്നതി

ശുദ്ധോ വിരേകേണ നിരുഹദാനം
തദ്ധ്യസ്യ ശൂന്യം വികൃഷേച്ഛരീരം
വസ്തിർവ്വയസ്ഥാപയിതാ സുഖായു-
ർബ്ബലാഗ്നിമേധാസ്വരവർണ്ണകൃച്ച. 24
സർവ്വാർത്ഥകാരീ ശിശുവൃദ്ധയുവ്നാം
നിരത്ത്യയഃ സർവ്വഗദോപഹശ്ച
വിഗ്ദ്ധശ്ലേഷ്മമൂത്രാനിലപിത്തകർഷീ
സ്ഥിരത്വകൃച്ഛുക്രബലപ്രദശ്ച. 25
വിഷ്വക് സ്ഥിതം ദോഷചയം നിരസ്യ
സർവ്വാൻ വികാരാൻ ശമയേന്നിരുഹഃ

ന്റെ മുമ്പെ നിരൂഹം ശീലിച്ചുപോകരുത്. 24—വിരേകംകൊണ്ടു ശുദ്ധിവരുത്തിയവൻ അരിന്റെ പത്ഥ്യാചരണമായ പേയാദിക്രമപരിശീലനംകഴിയുന്നതിന്നുമുമ്പെ കഷായവസ്തി ശീലിച്ചാൽ മലവിരിക്തമായ അവന്റെ ശരീരത്തിന്റെ നാശത്തിന്നുകൂടെ അതു കാരണമായിത്തീരുകയുംചെയ്യും*വസ്തി വിധിപ്രകാരം ശീലിച്ചാൽ അതു വയസ്സിനെ നിലനിർത്തുന്നതും—പ്രായാധിക്യംനിമിത്തം സംഭവിക്കുന്ന ജരാനരകളെ നശിപ്പിക്കുന്നതും സുഖത്തെ വർദ്ധിപ്പിക്കുന്നതും ആയുസ്സിനെ നിലനിർത്തുന്നതും—ദീർഘായുസ്സിനെ ഉണ്ടാക്കുന്നതും ശരീരബലത്തെ വർദ്ധിപ്പിക്കുന്നതും ജഠരാഗ്നിക്കു പചനശക്തിയുണ്ടാക്കുന്നതും ബുദ്ധിശക്തിയെ വർദ്ധിപ്പിക്കുന്നതും സ്വരത്തെ നന്നാക്കുന്നതും വർണ്ണപ്രസാദത്തെ വരുത്തുന്നതുമാകുന്നു. 25—ഇതു ശിശുക്കൾക്കും വൃദ്ധന്മാർക്കും യുവാക്കൾക്കും ഒരുപോലെ പ്രയോഗിക്കാവുന്നതും ഗുണപ്രദവും യാതൊരപായമില്ലാത്തതും സകലരോഗങ്ങൾക്കും ഗുണപ്രദവും മലം, കഫം, മൂത്രം, അധോവാതം, പിത്തം എന്നിതുകളെ വേണ്ടേടത്തോളം പുറത്തു കളയുന്നതും—അതുകളുടെ തടവിനെ തീർക്കുന്നതും ശരീരത്തിന്നു സ്ഥിരത്വത്തെ ചെയ്യുന്നതും ശുക്ലബലത്തെ ഉണ്ടാക്കിത്തീർക്കുന്നതുമാകുന്നു *

26—കഷായവസ്തിചെയ്താൽ അതു വിലങ്ങടിച്ചുകിടക്കുന്ന ദോഷസംഘാതത്തെ തട്ടി ഉടച്ചു പുറത്തു കളയുകയും രോഗങ്ങളെ ആസകലം ശമിപ്പിക്കുകയും ചെയ്യും. നിരൂഹം ശീലിപ്പിച്ചു ശരീര

ദേഹേ നിരൂഹേണ വിശുദ്ധമാർഗ്ഗേ
സംസ്നേഹനം വർണ്ണബലപ്രദഞ്ചേ. 26
ന തൈലതോഽന്യൽ പരമസ്തി കിഞ്ചിൽ
ദ്രവ്യം വിശേഷേണ സമീരണാർത്തേ
സ്നേഹാദ്ധി രൗക്ഷ്യം ലഘുതാം ഗുരുത്വാ-
ദൌഷ്ണ്യാച്ച ശൈത്യം പവനസ്യ ഹന്ത്രി. 27
തൈലം ധൃതാഗ്രേ മനഃപ്രസാദം
വീര്യം ബലം വർണ്ണമഥാഗ്നിപുഷ്ടിം
മൂലേ നിഷിക്തേ ഹി യഥാ ദ്രുമഃ സ്യാ-
ന്നീലച്ഛദഃ കോമളപല്ലവാഗ്രഃ. 28
കാലേ മഹാൻ പുഷ്പഫലപ്രദശ്ച
തഥാ നരഃ സ്യാദ്ദേഹവസനേന

ത്തിലെ സ്രോതസ്സുകൾക്കു ശുദ്ധിവന്നതിന്റെശേഷം സ്നിഗ്ദ്ധത വരുത്തുന്നതു വർണ്ണബലങ്ങൾക്കു പുഷ്ടിയെ ചെയ്യുന്നതുമാകുന്നു എന്നും ഗ്രഹിക്കണം * 27 — ഇതേവിധം സ്രോതസ്സുകൾക്കു തിക്തത സംഭവിച്ചാൽ അവിടെ വായുവാണ് കോപിക്കുക. അങ്ങേവിധം കോപിച്ച വാതത്തെ ശമിപ്പിക്കുവാൻ ഘൃതം, തൈലം, വസ, മജ്ജ എന്ന നാലുതരം സ്നേഹദ്രവ്യങ്ങളിൽ അധികം നല്ലതു തൈലമാകുന്നു. വാതരോഗികൾക്ക് അതിനേക്കാൾ നന്നായിട്ടു വേറെയാതൊരു സ്നേഹദ്രവ്യവുമില്ല. അതിന്റെ സ്നിഗ്ദ്ധതകൊണ്ടു വായുവിന്റെ രൌക്ഷ്യത്തേയും, ഗുരുത്വനിമിത്തം ലഘുത്വത്തേയും ഉഷ്ണഗുണയുക്തമാകയാൽ വായുവിന്റെ ശൈത്യത്തേയും ഹനിക്കുമെന്നു മാത്രമല്ല, 28 — വേണ്ടതുപോലെ തൈലത്തെ ശീലിച്ചാൽ അതു ക്ഷണത്തിൽ മനസ്സിന്നു പ്രസാദത്തെ വരുത്തുകയും വീര്യം, ബലം, വർണ്ണം, ജഠരാഗ്നിക്കു പുഷ്ടി എന്നിതുകളെ വർദ്ധിപ്പിക്കുകയും ചെയ്യും. വൃക്ഷത്തിന്റെ മുരട്ടു വേണ്ടതുപോലെ നനച്ചാൽ അതു കറുത്ത (നിബിഡമായ) ഇലകളോടും അതിവിശേഷമായ തളിരുകളോടും കൂടിയതായും നല്ല പുഷ്ടിയുള്ളതായും 29 — നമുക്ക് അതാതു കാലങ്ങളിൽ പുഷ്പങ്ങളേയും ഫലങ്ങളേയും തരുന്നതായും കാണുന്നുണ്ടല്ലോ, അതുപോലെതന്നെ മനുഷ്യൻ വേണ്ടതുപോലെ ഉ

അപത്യസന്താനവിവൃദ്ധികരീ
കാലേ യശസ്വീ ബഹുകീർത്തിമാംശ്ച. 29
സുബ്ധാശ്ച യേ സംകുചിതാശ്ച യേചി
യേ പങ്ഗവോ യേചി ച രുഗ്ണഭഗാഃ
യേഷാഞ്ച ശാഖാസു ചരന്തി വാതാഃ
ശസ്തോ വിശേഷേണ തു തേഷു വസ്തിഃ. 30
ആദ്ധ്മാപനേ വിഗ്രഥിതേ പുരീഷേ
ശൂലേ ച ഭക്തേനഭിനന്ദനേ ച
ഏവംപ്രകാരാശ്ച ഭവന്തി കുക്ഷൌ
യേ ചാമയാസ്തേഷു ച വസ്തിരിഷ്ടഃ. 31
യാശ്ച സ്ത്രിയോ വാതകൃതോപസർഗ്ഗാ-
ദ്ഗർഭം ന ഗൃഹ്ണന്തി നൃഭിസ്സമേതാഃ

നുവാസനം ശീലിപ്പിച്ചാൽ അത് അവക്ക് ദീർഘായുസ്സോടും സൽഗുണങ്ങളോടുംകൂടിയ അനേകം സന്താനങ്ങളുണ്ടാകുവാൻ കാരണമായിത്തീരുമെന്നു മാത്രമല്ല, അനുവാസനം ശീലിക്കുന്നവർ യശസ്വികളായും അനേകതരം സൽപ്രവൃത്തികൾ ചെയ്യത്തക്ക ശരീരദാർഢ്യവും ഉത്സാഹവും വർദ്ധിക്കുകയാൽ അനേകതരകീർത്തികൾക്കു പാത്രീഭൂതന്മാരുമായിത്തീരും * 30—ശരീരം (ശരീരമാസകലമോ ഏതെങ്കിലും ഒരു ഭാഗമോ) സുംഭിച്ചവർ ശരീരത്തിന്നു സംകോചം വന്നവർ കാലുമുടന്തന്മാർ ശരീരത്തിന്നു ഭംഗം സംഭവിച്ചവർ ശാഖാവാതത്തോടുകൂടിയവർ ഇവക്കെല്ലാം വസ്തി അത്യന്തം വിശേഷമാകുന്നു * 31—മേൽവയറുവീർപ്പ് മലത്തിന്നു വിഗ്രഥിതത്വം (വല്ലാതെ കട്ടപ്പിടിക്കുക) സംഭവിക്കുക ശൂലവേദന അരോചകം എന്നു മുതലായ കുക്ഷിരോഗങ്ങൾക്കെല്ലാം മററു ചികിത്സകളെക്കാൾ അധികം നല്ലതു വസ്തിതന്നെയാണെന്നും പറയപ്പെട്ടിരിക്കുന്നു *

32—സ്ത്രീകൾക്കു വാതകോപം നിമിത്തം ഋതുകാലത്തിൽ വിധിപ്രകാരം പുരുഷസംസർഗ്ഗം ചെയ്താലും ഗർഭധാരണശക്തിയില്ലാതെ വന്നുപോകും. അങ്ങിനെയുള്ള സ്ത്രീകൾക്കും, ശുക്ലബീജം കുറഞ്ഞവരും ക്ലീബന്മാരുമായ പുരുഷന്മാർക്കും അതാതുദോഷം തീരുവാൻ വസ്തി വളരെ വിശേഷമാകുന്നു *

ക്ഷീണേന്ദ്രിയാ യേ ച നരാഃ കൃശാശ്ച
തേഷാഞ്ച വസ്തിഃ പരമഃ പ്രദിഷ്ടഃ. 32
ഉഷ്ണാഭിഭൂതേഷു വദന്തി ശീതാൻ
ശീതാഭിഭൂതേഷു തഥാ സുഖോഷ്ണാൻ
തൽപ്രത്യനീകൌഷധസംപ്രയുക്താൻ
സർവ്വത്ര വസ്തീൻ പ്രവിഭജ്യ യുഞ്ജ്യാൽ 33
ന ബൃംഹണീയാൻ വിദധീത വസ്തീൻ
വിശോധനീയേഷു ഗദേഷു വൈദ്യഃ
കുഷ്ഠപ്രമേഹാദിഷു മേദുരേഷു
നരേഷു യേ ചാപി വിശോധനീയാഃ. 34
ക്ഷീണക്ഷതാനാന്ന വിശോധനീയാൻ
ന ശോഷിണാം നോ ഭൃശദുർബ്ബലാനാം
ന മൂർച്ഛിതാനാഞ്ച ന ശോധിതാനാം
യേഷാഞ്ച ദോഷേഷു നിബദ്ധവായുഃ. 35

33—വസ്തി ഉഷ്ണമെന്നും ശീതമെന്നും രണ്ടുതരമുണ്ട്. അതിൽ ഉഷ്ണാഭിഭൂതന്മാരായ രോഗികൾക്കു ശീതങ്ങളും, ശീതാർദ്ദിതന്മാർക്കു സുഖോഷ്ണങ്ങളുമായ വസ്തികളെ അതാതുതരം ഔഷധങ്ങളെക്കൊണ്ട് — ഉഷ്ണാർദ്ദിതന്മാർക്കുള്ള വസ്തികൾ ശീതവീര്യങ്ങളും ശീതാർദ്ദിതന്മാർക്ക് ഉഷ്ണവീര്യങ്ങളുമായ ഔഷധങ്ങളെക്കൊണ്ടു വസ്തിദ്രവ്യത്തെ ഉണ്ടാക്കി ദോഷകോപാദിസ്വഭാവത്തെ നോക്കി ശീലിപ്പിക്കുകയും വേണം *

34—വസ്തി ബൃംഹണീയമെന്നും ശോധനീയമെന്നും രണ്ടുതരത്തിലാണെന്നും ഗ്രഹിക്കണം. അതിൽ ശോധനീയങ്ങളായ രോഗങ്ങളുള്ളവരിൽ വൈദ്യൻ ഒരിക്കലും ബൃംഹണീയമായ വസ്തിയെ പ്രയോഗിച്ചുപോകരുത്. ശോധനീയന്മാരെന്നാൽ, കുഷ്ഠം പ്രമേഹം മുതലായ കഠിനരോഗങ്ങളുള്ളവർ ശോധനാർഹന്മാരായവർ എന്നിവരാകുന്നു * 35—ശരീരം ശോഷിച്ചവർ ക്ഷതംപററിയവർ ശരീരത്തിന്ന് അത്യന്തം ബലക്ഷയം ബാധിച്ചവർ മോഹാലസ്യമുള്ളവർ വമനവിരേകാദി ക്രിയകൾ തുടർന്നുവരുത്തിയവർ വായുവിന്റെ ഗതിക്കു ഭംഗം സംഭവിച്ചവർ എന്നിവർക്കാർക്കും ശോധനീയ

ശാഖാഗതാഃ കോഷ്ഠഗതാശ്ച രോഗാ
മർമ്മോദ്ഭവസർവ്വാവയവാംഗജാശ്ച
യേ സന്തി തേഷാം ന തു കശ്ചിദന്യോ
വായോഃ പരം ജന്മനി ഹേതുരസ്തി. 36
വിണ്മൂത്രപിത്താദിമലാശയാനാം
വിക്ഷേപസംഹാരകരസ്സ യസ്മാൽ
തസ്യാതിവൃദ്ധസ്യ ശമായ നാന്യ-
ദ്വിനാ ഭേഷജമസ്തി കിഞ്ചിൽ. 37
തസ്മാച്ചികിത്സാർദ്ധമിതി ബ്രുവന്തി
സർവ്വം ചികിത്സാമപി വസ്തിമേകേ

മായ വസ്തി പ്രയോഗിച്ചുപോകയുമരുത്. ഇവയെല്ലാം ബൃംഹണീയം മാത്രമേ പ്രയോഗിച്ചുകൂട എന്നു സാരം *

36-37—ശാഖകളിലും കോഷ്ഠത്തിലും മർമ്മങ്ങളിലും ഊർദ്ധ്വാംഗങ്ങളിലും പാദാദികേശം ഒരുപോലെയും ഓരോ അംഗങ്ങളിൽ പ്രത്യേകമായും ഉണ്ടാവുന്ന രോഗങ്ങൾക്കെല്ലാം പ്രധാനകാരണം വായുവിനെ ഒഴിച്ചു വേറെ യാതൊന്നുമല്ല. ഈ പറഞ്ഞ സ്ഥാനങ്ങളിലുണ്ടാകുന്ന പാമാദി അല്ലാം ചില രോഗങ്ങൾക്കു പിത്താദികളും കാരണമായി വരുമെങ്കിലും അവിടെയും വായുകോപംകൂടെ ഉണ്ടായിരിക്കുമെന്നുള്ളതിനെ 'പരം' എന്നതുകൊണ്ടു വിശദീകരിക്കുകയും ചെയ്യുന്നു. മലം മൂത്രം പിത്തം മുതലായ മലങ്ങളുടെ ആശയങ്ങളേ അതാതു സ്ഥാനത്തുനിന്നു കീഴ്മേൽമറിക്കുന്നതും അതുകളെ നശിപ്പിക്കുന്നതും വായുവാകുന്നു. ഇവിടെ 'മലാചയാനാം' എന്നും ഒരു പാഠമുണ്ട്. ആ പാഠത്തിൽ മലമൂത്രാദി മലങ്ങളുടെ ആചയം=സംചയമെന്ന് അർത്ഥവുമാകുന്നു. ഇതുകൾക്കു വായ്പാശയത്തെയോ വായുസംചയത്തെയോ വിക്ഷേപസംഹാരങ്ങൾ ചെയ്യുവാനുള്ള ശക്തിയില്ല എന്നു മുൻപു സൂത്രസ്ഥാനത്തിലെ വാതകലാകലീയമെന്ന 12-ാം അദ്ധ്യായത്തിൽ വിവരിച്ചിട്ടുണ്ട്. അതേവിധം പ്രാഭവത്തോടുകൂടിയ വായു വേണ്ടതിലധികം വർദ്ധിച്ചാൽ ആ വായുവേഗത്തെ ശമിപ്പിക്കുവാൻ വിധിപ്രകാരം വസ്തിചെയ്യുകയല്ലാതെ വേറെ യാതൊരൌഷധവുമില്ലെന്നും ഗ്രഹിക്കണം. വായുവിന്നുള്ള പ്രധാനചികിത്സ വസ്തിയാണെന്നു സാരം * 38—

നാഭിപ്രദേശഞ്ച കടീഞ്ച ഗത്വാ
കുക്ഷിം സമാലോഡ്യ പുനശ്ച പാർശ്വം. 38
സംസ്നേഹ്യ കായം ശിഥിലാംശ്ച കൃത്വാ
ദോഷാൻ പുരീഷം ഗ്രഥിതം വിമഥ്യ
സംസക്തവേഗസ്സപുരീഷദോഷൈ
പ്രത്യാഗതോ വസ്തിരതി പ്രശസ്തഃ. 39
പ്രസൃഷ്ടവിണ്മൂത്രസമീരണത്വം
രുച്യഗ്നിവൃദ്ധ്യാശയലാഘവാനി

ഈ പറഞ്ഞ കാരണംനിമിത്തം—ദോഷങ്ങളിൽ പ്രധാനിയായ വായുവിനെ ശമിപ്പിക്കുന്നതാകയാൽ വസ്തി എന്നത് എല്ലാതരം ചികിത്സകളുടേയും ഫലത്തിൽ പകുതിഭാഗത്തെ ചെയ്യുന്നതാണ്—വസ്തികൊണ്ടുണ്ടാവുന്ന ഫലത്തിലധികം ഫലം മറ്റെല്ലാ ചികിത്സകൾ കൊണ്ടുംകൂടെ സിദ്ധിക്കുകയില്ല എന്നാണ് ചില ആചാര്യന്മാർ പറയുന്നത്. എന്നാൽ വേറെ ചില ആചാര്യന്മാർ ഏതുതരം ചികിത്സകൊണ്ടു സാധിക്കുന്ന ഫലവും വസ്തികൊണ്ടു സാധിക്കും. വസ്തിമാത്രം ചെയ്താൽ മതി. മറ്റു യാതൊരു ചികിത്സയും ചെയ്യേണ്ടതില്ല. അത്രയും ഫലപ്രദമാണ് വസ്തി എന്നു പറയുന്നു. വസ്തിഗുണങ്ങളെ വിവരിക്കുന്നു: യഥാവിധി പ്രണീതമായ വസ്തി നാഭിപ്രദേശത്തിലും കടിപ്രദേശത്തും പ്രാപിച്ചതിനു ശേഷം കുക്ഷി ആകമാനം ഇളക്കിത്തിക്കുകയും പിന്നെ വാതിഭാഗങ്ങളെക്കൂടെ വ്യാപിക്കുകയും, 39—ശരീരത്തിന്നാസകലം സ്നിഗ്ധത വരുത്തുകയും ദോഷസംഘാതങ്ങൾക്കു ഇളക്കിച്ചും വരുത്തുകയും കട്ടപ്പിടിച്ചിരിക്കുന്ന മലത്തെ ഇളക്കിക്കളയുകയുംചെയ്ത് ഓരോ വേഗങ്ങളായി പുരീഷത്തോടും പിന്നെയതിദോഷങ്ങളോടുംകൂടെ പ്രത്യാവർത്തിച്ചുണ്ടാകുന്ന ആ വസ്തി അത്യുത്തമം പ്രശസ്തമാണ്—നല്ലപോലെ ഫലപ്രദമായിത്തീർന്നതെന്നറിയുകയും വേണം *

40—നിത്യരതിയെ ഉദ്ദേശിച്ചുള്ള ഗുണത്തെ വിവരിക്കുന്നു:—മലമൂത്രങ്ങളും അധോവായുവും വേണ്ടുന്നപോലെ സുഖമായി പുറത്തുപോയ്ക്കഴിഞ്ഞാൽ രുചിയും അഗ്നിബലവും വർദ്ധിപ്പിക്കുക മൂത്രാശയം ആ

രോഗോപശാന്തിഃ പ്രകൃതീസ്ഥതാ ച
ബലഞ്ച തൽ സ്യാത്സുനിരൂഢലിംഗം. 40
സ്യാദ്ധൃൽശിരോഹൃദ്ദൃഗ്ഗുദേക്ഷിലിംഗേ
ശോഫഃ പ്രതിശ്യായവികർത്തികേ ച
ഹൃല്ലാസികാ മാരുതമൂത്രസംഗഃ
ശ്വാസോ ന സമ്യക് ച നിരൂഹിതേ സ്യാൽ. 41
ലിംഗം യദേവോതിവിരേചിതസ്യ
ഭവേത്തദേവോതിനിരൂഹിതസ്യ
പ്രത്യേത്യ സകൃതം സശകൃച്ച തൈലം
വക്ത്രാദിബുദ്ധീന്ദ്രിയസംപ്രസാദഃ. 42

മാശയം പക്വാശയം മുതലായ ആശയങ്ങൾക്കു ലാഘവം തോന്നുക സ്വതെ ഉണ്ടായിരുന്ന രോഗം ശമിക്കുക ശരീരസ്ഥിതി മുൻസ്ഥിതിയിലാവുക ചക്ഷുഃശ്രോത്രാദിഇന്ദ്രിയങ്ങൾക്കും ശരീരത്തിന്നും ബലമുണ്ടാവുക എന്നതെല്ലാമാണ് കഷായവസ്തിചെയ്താൽ അതിന്റെ സമ്യഗ്യോഗംനിമിത്തം സംഭവിക്കുന്ന ലക്ഷണങ്ങൾ *

41—നിരൂഹത്തിൽ തകരാറുവന്നുപോയാൽ തലയിലും ഹൃദയത്തിലും ഗുദത്തിലും കുക്ഷിയിലും ലിംഗത്തിന്മേലും വേദനയും സർവ്വാംഗം നീരും പീനസവും അരിഞ്ഞുനോവും നെഞ്ചുകലിപ്പും വാതകോപവും മൂത്രത്തിന്നു തടവും ശ്വാസംമുട്ടലും സംഭവിക്കും. 'അസ്ഥിശ്ലേഷേപിന്നഃദേഹസ്യ ഗുരുകോഷ്ഠസ്യ യോജിതഃ । ശീതോല്പ്പസ്നേഹലവണദ്രവ്യമാത്രോ ഘനോപി വാ । വസ്തിഃ സംക്ഷോഭ്യ രുജം ദോഷം ദുഷ്ടലക്ഷണനിർഹരൻ । കഷായ്യയോഗം തേന സ്യാദ്ദോഷമൂത്രശകൃദ്ഗ്രഹഃ । നാഭിവസ്തിരുജാദാഹോ ഹൃല്ലാസഃ ശ്വയഥുർഗ്ഗുദേ । കണ്ഡൂർഗ്ഗണ്ഡാനി വൈവർണ്ണ്യമരതിർഹിമശീതവം' എന്നു വാഗ്ഭടാചാര്യൻ പറയുന്നു *

42—കഷായവസ്തിയിൽ അതിയോഗം വന്നുപോയാൽ വിരേകാതിയോഗത്തിലെ ലക്ഷണമായ മുൻ 17-ാം ശ്ലോകത്തിൽ വിവരിച്ച ലക്ഷണങ്ങളെല്ലാം സംഭവിക്കുകയും ചെയ്യും. എന്നാൽ വാഗ്ഭടാചാര്യൻ ഇവിടെ കുശലയ്ക്കു വയിററിൽ വേദനകൂടെ ഉണ്ടാകുമെന്നും പറയുന്നു *

സ്വപ്നാനുവൃത്തിർല്ലഘുതാ ബലഞ്ച
സൃഷ്ടാശ്ച വേഗാഃ സ്വനുവാസിതേ സ്യുഃ
അധശ്ശരീരോദരബാഹുപൃഷ്ഠ-
പാർശ്വേഷു രുഗ്രൂക്ഷഖരഞ്ച ഗാത്രം. 43
ഗ്രഹഞ്ച വിണ്മൂത്രസമീരണാനാ-
മസമ്യഗേതാന്യനുവാസിതേ സ്യുഃ
ഹൃല്ലാസമോഹക്ലമസാദമൂർച്ഛാ
വികർത്തികാ ചാത്യനുവാസിതേ സ്യുഃ. 44
യസ്യേഹ യാമാനനുവർത്തതേ ത്രീൻ
സ്നേഹോ നരഃ സ്യാത്സ വിശുദ്ധദേഹഃ

അനുവാസനത്തിലെ സമ്യഗ്യോഗാദിലക്ഷണത്തെ വിവരിക്കുന്നു:—സ്നേഹവസ്തി ചെയ്യുതായ തൈലം വേണ്ടുവോളം സമയം അകത്തുനിന്നതിന്നുശേഷം മലത്തോടുകൂടെ പുറത്തുവന്നാൽ വൃക്കകൾ അംഗങ്ങൾക്കും ബുദ്ധിക്കും ഇന്ദ്രിയങ്ങൾക്കും പ്രസന്നത വരികയും, 43-44—വേണ്ടുന്നസമയത്തു നല്ലവണ്ണം ഉറക്കം വരികയും അംഗങ്ങൾക്കു ലഘുത്വവും ശരീരത്തിന്നു ബലവും വർദ്ധിക്കുകയും അധോവാതാദിവേഗങ്ങൾ തടവുകൂടാതെ പുറപ്പെടുകയും ചെയ്യുതായി കണ്ടാൽ അനുവാസനത്തിന്റെ സമ്യഗ്യോഗം വന്നു എന്നറിയുകയും വേണം. അരക്കെട്ടുമുതൽ കീഴോട്ടുള്ള ശരീരത്തിലും ഉദരത്തിലും കൈകളിലും പുറത്തും വാരിഭാഗങ്ങളിലും വേദനയും ശരീരത്തിന്നു രൂക്ഷതയും പരുപരുപ്പും മലമൂത്രങ്ങളും അപാനവായുവും വേണ്ടുന്നപോലെ പുറപ്പെടാതിരിക്കുകയും ചെയ്യുതായി കണ്ടാൽ അതു സ്നേഹവസ്തിയുടെ മിത്ഥ്യായോഗലക്ഷണമാണെന്നും ഗ്രഹിക്കണം. സ്നേഹവസ്തി ചെയ്യുവന്നു നെഞ്ചുകലിപ്പ് മോഹാലസ്യം തളർച്ച സാദം മൂർച്ഛ അരിഞ്ഞുനോവ് എന്ന ലക്ഷണങ്ങൾ കണ്ടാൽ അതു് അതിന്റെ അതിയോഗലക്ഷണമാണെന്നും ഗ്രഹിക്കണം * 45—അനുവാസനംചെയ്താൽ ആ സ്നേഹം മൂന്നുയാമംനേരം അകത്തു നില്ക്കുകയും പിന്നെ മുൻപറഞ്ഞ സമ്യഗ്യോഗലക്ഷണങ്ങളോടുകൂടെ പുറത്തു വരികയുംചെയ്താൽ അവന്റെ ശരീരത്തിന്നു ശുദ്ധിവന്നു എന്നറിയണം. സ്നേഹം വസ്തിചെയ്തുടനെ പുറത്തുവ

ആശ്രാഗതേന്യസ്തു പുനർവ്വിധേയഃ
സ്നേഹോ ന സംസ്നേഹയതി ഹ്യതിഷ്ഠൻ. 45
ത്രിംശൽ സ്മൃതാഃ കർമ്മസു വസ്തയോ ഹി
കാലസ്തുതോദ്ദേന തഥാ ച യോഗഃ
സ്നാനാസനാ ദ്യാദശ വൈ നിരൂഹാഃ
പ്രാക്സ്നേഹ ഏകഃ പരതസ്തു പഞ്ച. 46
കാലേ ത്രയോന്തഃ പുരതസ്ത്വഥൈകഃ
സ്നേഹാ നിരൂഹാന്തരിതാശ്ച ഷഡ്ഢ സ്യുഃ

ന്നാൽ പിന്നെയും വസ്തിചെയ്യണം. സ്നേഹദ്രവ്യം വേണ്ടേടത്തോളം കാലം അകത്തു നില്ക്കാതിരുന്നാൽ ശരീരത്തിന്നു സ്നിഗ്ദ്ധത വരികയുമില്ല *

46 — വസ്തിപ്രയോഗം കർമ്മം, കാലം, യോഗമെന്നു മൂന്നുതരമാകുന്നു. ആതുകളിൽ കർമ്മമെന്ന വസ്തിപരിശീലനത്തിൽ ആകെ നാറ വസ്തികളും, കാലമെന്നതിൽ ഏഴു വസ്തികർമ്മങ്ങളും, യോഗമെന്നതിൽ അതിൽ പകുതി അതായതു് ൬ വസ്തികർമ്മങ്ങളും ശീലിക്കുന്നതാകുന്നു. ഈ പറഞ്ഞ മൂന്നുതരത്തിൽ ഇന്നിന്നതുകളിൽ ഇന്നിന്ന വസ്തികൾ ഇത്രഇത്ര എന്നതിന്റെ വിവരണത്തേയും പറയുന്നു. യോഗമെന്നതിൽ ഒരു സ്നേഹവസ്തി പിന്നെ കഷായവസ്തി പിന്നെയും സ്നേഹവസ്തി. ഇങ്ങിനെ ഒന്നിടവിട്ട് ൬ തവണ അതായതു് ൬ വസ്തി. ഇതുകളുടെ ആദ്യത്തിൽ ഒരു സ്നേഹവസ്തിയും അവസാനത്തിൽ ൪ സ്നേഹവസ്തിയുംകൂടെ നാറ വസ്തികളെ ശീലിപ്പിക്കണം. അപ്പോൾ ആദ്യം ഒരു സ്നേഹവസ്തി പിന്നെ കഷായവസ്തി അതിനുശേഷം ഒരു അനുവാസനം പിന്നെ കഷായവസ്തി. ഇങ്ങിനെ ഏകാന്തരിതമായി ൬ കഷായവസ്തി കഴിഞ്ഞാൽ പിന്നെ ൪ സ്നേഹവസ്തി ഇങ്ങിനെ ക്രമമെന്നു സാരം * 47 — കാലമെന്നതിൽ ആദ്യം ഒരു സ്നേഹവസ്തിയും പിന്നെ നിരൂഹാന്തരിതങ്ങളായി ൩ സ്നേഹവസ്തികളും അവസാനം മൂന്നു സ്നേഹവസ്തികളും ശീലിക്കണം — ആദ്യം ഒരു സ്നേഹവസ്തി പിന്നെ ഒരു കഷായവസ്തി ഇതേവിധം ൩ കഷായവസ്തി കഴിഞ്ഞാൽ പിന്നെ ൩ സ്നേഹവസ്തി ഇങ്ങിനെ ആകെ ൬ വസ്തികളാകുന്നു. യോഗമെന്നതിൽ

യോഗേ നിരൂഹാസ്ത്രയ ഏവ ദേയാഃ
സ്നേഹാശ്ച പഞ്ചൈവ പരാദിമദ്ധ്യാഃ. 47
ത്രീൻ പഞ്ച വാഹ്യ ചതുരോഥ ഷഡ്വാ
വാതാധികേഭ്യസ്ത്വനുവാസനീയാൻ
സ്നേഹാൻ പ്രദായാഥ ഭിഷഗ്വിദദ്ധ്യാൽ
സ്രോതോവിശുദ്ധ്യർത്ഥമതോ നിരൂഹാൻ. 48
വിശുദ്ധകായസ്യ തതഃ ക്രമേണ
സ്നിഗ്ദ്ധം തു തൈഃ സ്വേദിതമുത്തമാങ്ഗം
വിരേകയേത്ത്രിർദ്ദ്വിരഥൈകശോ വാ
ബലം സമീക്ഷ്യ ത്രിവിധം മലാനാം. 49
ഉരശ്ശിരോലാഘവമിന്ദ്രിയാണാം
സ്രോതോവിശുദ്ധിശ്ച ഭവേദ്വിശുദ്ധേ

ആദിയിലും ഒടുക്കവും സ്നേഹവസ്തികളോടുകൂടിയ മൂന്നു കഷായവസ്തിയും മൂന്നാം കഷായവസ്തിക്കു ശേഷമുള്ള അനുവാസനം കഴിഞ്ഞാൽ പിന്നെയും ഒരു സ്നേഹവസ്തികൂടെ ചെയ്യണം. ഇതിൽ ആകെ 12 കഷായവസ്തികളും 8 സ്നേഹവസ്തികളും ചെയ്യണമെന്നു വിവേകം * 48— വാതകോപാധികന്മാരും അനുവാസനീയന്മാരുമായവർക്കു മൂന്നോ നാലോ അഞ്ചോ ആറോ പ്രാവിശ്യം സ്നേഹവസ്തി ചെയ്തു സ്നിഗ്ദ്ധത വരുത്തിയതിന്നുശേഷം സ്രോതസ്സുകൾക്കു ശുദ്ധി വരുവാനായി വിധിപ്രകാരം നിരൂഹവും ശീലിപ്പിക്കണം *

49— ഇതേവിധം ക്രമേണ ശരീരത്തിന്നു ശുദ്ധിവന്നതിന്നു ശേഷം സ്നിഗ്ദ്ധത വരുത്തി സ്വേദിപ്പിച്ചതിൽപിന്നെ ദോഷകോപത്തിന്റെ ഉത്തമമദ്ധ്യമാധമബലത്തെ അറിഞ്ഞ് ഉത്തമബലത്തിൽ മൂന്നു പ്രാവശ്യവും മദ്ധ്യമത്തിൽ രണ്ടു പ്രാവശ്യവും ഹ്രസ്വബലമായ ദോഷത്തിൽ ഒരു പ്രാവശ്യവും ശിരോവിരേകം അതായതു നസ്യം ശീലിപ്പിക്കുകയും വേണം *

50— നസ്യത്തിലെ സമ്യഗ്യോഗാദിലക്ഷണത്തെ വിവരിക്കുന്നു: — ഹൃദയത്തിന്നും ശിരസ്സിന്നും കനക്കുറവും ചക്ഷുഃശ്രോത്രാദി ഇന്ദ്രിയങ്ങൾക്കു സ്വവ്യാപാരശക്തിയും സ്രോതസ്സുകൾക്കു വിശുദ്ധിയും വന്നതായി കണ്ടാൽ ശിരോവിരേകത്തിലെ വിശുദ്ധിവന്നു

ഗളേപലേപഃ ശിരസോ ഗുരുത്വം
നിഷ്ഠീവനഞ്ചാപ്യഥ ദുർവ്വിരിക്തേ. 50
ശിരോർത്തിശംഖശ്രവണാർത്തിതോദാ-
ശ്ചാത്യർത്ഥതുദ്ദേസ്സുമിരഞ്ച പശ്യേൽ
സ്യാത്തർപ്പണം തത്ര മൃദു ദ്രവഞ്ച
സ്നിഗ്ദ്ധസ്യ തീക്ഷ്ണന്തു പുനർന്ന യോഗേ. 51
ഇത്യാതുരസ്വസ്ഥവിധിഃ പ്രയോഗേ
ബലായുഷോർവൃദ്ധികരോമയഷ്ടഃ
കാലസ്തു വസ്ത്യാദിഷു യാനി യാവാം-
സ്യാവാൻ ഭവേദ്ദ്വിഃ പരിഹാരകാലഃ. 52

എന്നറിയുകയും വേണം. ഗളത്തിൽ ഉപലേപപ്രതീതി തലക്കുകനം എപ്പോഴും വായിൽ കഫം നിറഞ്ഞു തുപ്പിക്കൊണ്ടിരിക്കുക എന്ന ലക്ഷണങ്ങൾ കണ്ടാൽ അതു നസ്യമിത്ഥ്യായോഗമാണെന്നും ഗ്രഹിക്കണം. 51—തലവേദന ശംഖപ്രദേശം ശ്രവണം ഇവിടങ്ങളിൽ വേദനയും കുത്തിനോവും കണ്ണിരുട്ടടക്കുകയും ചെയ്യുന്നതായി കണ്ടാൽ അത് അതിയോഗലക്ഷണമാണെന്നും ഗ്രഹിക്കണം. അവിടെ സ്നിഗ്ദ്ധനായവന്നു മൃദുവായും ദ്രവമായുമുള്ള തർപ്പണവും അയോഗത്തിൽ തീക്ഷ്ണമായ തർപ്പണവും ശീലിപ്പിക്കണം *

52—ഇപ്രകാരമാണ് ആതുരന്മാർക്കും സ്വസ്ഥന്മാർക്കും ഒരുപോലെ ശീലിപ്പിക്കാവുന്നതായ വമനാദിപഞ്ചകർമ്മത്തിന്റെ വിധി. ഇതു പ്രയോഗിച്ചാൽ— ദേശകാലാദിസ്വഭാവങ്ങൾക്ക് അനുസരിച്ചുവിധം ശീലിച്ചാൽ ശരീരബലത്തേയും ആയുസ്സിനേയും വർദ്ധിപ്പിക്കുന്നതും രോഗത്തെ—ഏതുതരം രോഗത്തേയും നിശ്ശേഷം ശമിപ്പിക്കുന്നതുമാകുന്നു. വസ്ത്യാദികളായ ഈ പഞ്ചകർമ്മങ്ങളിൽ ഏതേതുകൾ ഏതേതു കാലാവസ്ഥകളിൽ എത്രയത്ര ദിവസംകൊണ്ടു ശീലിപ്പിക്കേണമെന്നു പറയുന്നുവോ അതുകൾ ശീലിപ്പിച്ചുകഴിഞ്ഞാൽ പിന്നെ അതിൽ ഇരട്ടിദിവസം പരിഹാരകാലം അതായതു നല്ലിരിക്കാകാലമാണെന്നും ഗ്രഹിക്കണം. 53—അതിയായി (മാത്രകൊണ്ടോ ഗുരുത്വംകൊണ്ടോ അതിയായിട്ടുള്ള പദാർത്ഥത്തെ) ഭക്ഷണം കഴിക്കുക ഒരു ദിക്കിൽ തന്നെ

അത്യാശനസ്ഥാനവചാംസി യാനം
സ്വപ്നം ദിവാ മൈഥുനവേഗരോധാൻ
ശീതോപചാരാതപശോകരോഷാം-
സ്ത്യജേദകാലാഹിതഭോജനഞ്ച. 53

ബദ്ധേ പ്രണീതേ വിഷമേ ച നേത്രേ
മാർഗ്ഗേ തഥാശ്ശേഫവിഡാദിവിസ്രേ
ന യാതി വസ്തിന്ന സുഖം നിരേതി
ദോഷാവൃതോല്ലോ യദി വാല്പ വീര്യ്യം. 54

പ്രാപ്തേ തു വച്ഛോനിലമൂത്രവേഗ
വാതേ വിവൃദ്ധേല്പബലേ ഗുദേ വാ

ഏകാഗ്രനായിരിക്കുക വളരെ സംസാരിക്കുക വഴിനടക്കുക പകൽ കിടന്നുറങ്ങുക സ്ത്രീസേവചെയ്യുക അധോവാതാദിവേഗങ്ങളെ തടയുക അധികം തണുപ്പുള്ള ഉപചാരങ്ങൾ (പച്ചവെള്ളം കുടിക്കുക തണുപ്പുള്ള ദിക്കിൽ സഞ്ചരിക്കുക കാററുകൊള്ളുക മുതലായതിനെ) ശീലിക്കുക വെയിൽ കൊള്ളുക ദുഃഖിക്കുക ദ്വേഷ്യപ്പെടുക അകാലഭോജനം ശരീരപ്രകൃത്യാദി ഭാവങ്ങൾക്കും ആചാരത്തിന്നും ഹിതമല്ലാത്ത പദാർത്ഥത്തെ ഭുജിക്കുക ഇതെല്ലാം ആ നല്ലിരിക്കാകാലത്തിൽ തീരെ വർജ്ജിക്കേണ്ടവയാകുന്നു*

54—വസ്തി ചെയ്യുമ്പോൾ വസ്തിയന്ത്രം അടഞ്ഞുപോവുക വേണ്ടതുപോലെയല്ലാതെ പ്രണയനം ചെയ്യുക ഗുദമാർഗ്ഗത്തിൽ മൂലക്കുരുവോ കുഴമോ ഉറച്ചമലമോ വന്നടയുക എന്ന കാരണങ്ങൾ നിമിത്തം വസ്തിചെയ്താൽ ആ ദ്രവ്യം വേണ്ടതുപോലെ അകത്തേക്കു പോവുകയോ അകത്തു പ്രവേശിച്ചാൽ തന്നെ വേണ്ടസമയത്തു പുറത്തുവരികയോ ചെയ്യുകയില്ല. വസ്തിദ്രവ്യം കണക്കിൽ കൂടുകയോ ദോഷകോപത്തിന്റെ അവസ്ഥപോലെയുള്ള വീര്യമില്ലാത്തതായിരിക്കുകയോ ചെയ്താൽ അതു കോപിച്ചദോഷത്താൽ ആവൃതമായിത്തീരുകയും ചെയ്യും. അതും കാര്യകരമായിത്തീരുകയില്ല എന്നു സാരം *

55—വസ്തി ചെയ്യുവാൻ തുടങ്ങുന്നസമയം മലവിസർജ്ജനം ചെയ്യേണമെന്നോ അധോവായു വിടേണമെന്നോ മൂത്രം വിടേണ

അത്യുഷ്ണതീക്ഷ്ണശ്ച മൃദൌ പ്രകോഷ്ഠേ
പ്രണീതമാത്രഃ പുനരേതി വസ്തിഃ. 55
മേദഃകഫാഭ്യാമനിലോ നിരുദ്ധഃ
ശൂലാംഗസുപ്തിശ്വയഥൂൻ കരോതി
സ്നേഹന്തു യുഞ്ജന്നബുധസ്തു തസ്മൈ
സംവർദ്ധയത്യേവ ഹി താൻ വികാരാൻ. 56
രോഗാസ്തുഥാന്യ ഏവ വിതർക്ക്യമാണാഃ
പരസ്പരേണാവഗൃഹീതമാർഗ്ഗാഃ

മെന്നോ തോന്നുകയും അതുകളെ വിസർജ്ജനം ചെയ്യാതെ വസ്തി ചെയ്യുകയോ വായു അത്യധികം വർദ്ധിക്കുകയോ ഗുദത്തിന്നു ബലക്ഷയം വരികയോ വസ്തിദ്രവ്യം അത്യുഷ്ണമോ അതിതീക്ഷ്ണമോ ആയിരിക്കുകയോ കോഷ്ഠം മൃദുവായിരിക്കുകയോ ചെയ്താൽ വസ്തിചെയ്ത ഉടനെ ആ ദ്രവ്യം വസ്തികാര്യത്തെ ചെയ്യാതെ പുറത്തുപോകും *

56 — മേദസ്സോ കഫമോ രണ്ടും കൂടിയോ വായുവിനെ ആവരണം ചെയ്താൽ ആ വായു ശൂലവേദന സർവ്വാംഗം തരിപ്പ് നീര് എന്നു രോഗങ്ങളെ ഉണ്ടാക്കിത്തീർക്കും ഇങ്ങിനെ സംഭവിച്ചതായ ശൂലാദികളുടെ ഉൽപത്തികാരണത്തെ നോക്കി അറിയത്തക്ക അറിവില്ലാത്ത വൈദ്യൻ ആ രോഗിക്കു സ്നേഹപ്രയോഗത്തെ ചെയ്തുപോയാൽ അതുനിമിത്തം ആ രോഗങ്ങൾ വർദ്ധിക്കുകതന്നെയാണ് ചെയ്യുക എന്നും ഗ്രഹിക്കണം * 57 — ഈ മാതിരി സംഭവിച്ച ശൂലാദികൾ കൂടാതെ വേറെയുംപലേ രോഗങ്ങൾ അവിചാരിതങ്ങളായ കാരണങ്ങൾ നിമിത്തം സംഭവിക്കുകയും അന്യോന്യം പ്രതിബന്ധങ്ങളായിരിക്കുകയും അതാതുകൾ സംഭവിക്കുവാൻ കാരണഭൂതങ്ങളല്ലാത്ത മററു ധാതുക്കളാൽ ദൂഷിപ്പിക്കപ്പെട്ടവയായും സംഭവിക്കും. അങ്ങിനെയുള്ള രോഗങ്ങൾക്ക്, അതാതുകൾക്കു പറയുന്ന ചികിത്സകൊണ്ടു ശമനം കിട്ടുകയുമില്ല. ഇങ്ങിനെയുള്ളതുകളിൽ അതാതുകളുടെ സംഭവാദ്യവസ്ഥകളെ നല്ലവണ്ണം നോക്കി അറിഞ്ഞു ബാഹ്യദ്രവ്യാദി വിരുദ്ധങ്ങളാണെന്നു തോന്നത്തക്ക ചികിത്സയുംകൂടെ ചെയ്യേണ്ടിവരുമെന്നു സാരം *

സന്ദൂഷിതം ധാതുഭിരേവ ചാന്യൈ:
സൈപ്രഭേഷജൈർന്നോപശമം വ്രജന്തി. 57
സർവ്വഞ്ച രോഗപ്രശമായ കർമ്മ
ഹീനാതിമാത്രം വിപരീതകാലം
മിത്ഥ്യോപചാരാച്ച ന തം വികാരം
ശാന്തിം നയേൽ പത്ഥ്യമപി പ്രയുക്തം. 58

തത്ര ശ്ലോകാ:

പ്രശ്നാനിമാൻ ദ്വാദശ പഞ്ചകർമ്മാ-
ണ്യുദ്ദിശ്യ സിദ്ധാവിഹ കല്പനായാം
പ്രജാഹിതാർത്ഥം ഭഗവാൻ മഹാർത്ഥാൻ
സമ്യഗ്ജഗാദേഷ്ടിവരോത്രിപുത്ര:. 59

ഇതി ചരകസംഹിതായാം
സിദ്ധിസ്ഥാനേ
കല്പനാസിദ്ധിർന്നാമ പ്രഥമോദ്ധ്യായ:.

---

58 — ഒരു രോഗമുണ്ടായാൽ ആ രോഗത്തിന്റെ പ്രശമനത്തിന്നു നല്ലതാണെന്നു വിധിച്ചിട്ടുള്ള ചികിത്സതന്നെ രോഗശക്തിക്കു തക്ക മാത്രയിൽ കുറച്ചോ അധികരിച്ചോ ശീലിപ്പിക്കുകയോ വേണ്ടുകാലത്തല്ലാതെ പ്രയോഗിക്കുകയോ അതാതുകാലം ശീലിക്കുന്നസമയം ഇന്നിന്ന വിധം പത്ഥ്യം ശീലിക്കേണമെന്നു പറഞ്ഞിരിക്കുന്നുവോ ആ പത്ഥ്യത്തെ തെററിക്കുകയും അപത്ഥ്യത്തെ ശീലിക്കുകയും ചെയ്യുകയോ ചെയ്യാൽ ആ ഔഷധം ആ രോഗത്തെ ശമിപ്പിക്കുകയില്ല. രോഗം വർദ്ധിക്കുവാൻകൂടെ കാരണമായിത്തീരുകയും ചെയ്യുമെന്നു താല്പൎയ്യം. ഈ പറഞ്ഞ കാരണങ്ങൾ നിമിത്തം ചികിത്സിക്കുവാൻ വിചാരിക്കുന്നവൻ ദോഷാവരണാദി സകലഭാവങ്ങളേയും അറിഞ്ഞു പത്ഥ്യമായ ചികിത്സചെയ്യണമെന്നു സാരം *

അദ്ധ്യായവിവരണം.

59 — ആത്രേയഭഗവാൻ കല്പനാസിദ്ധി എന്ന ഈ അദ്ധ്യായത്തിൽ വമനവിരേകാദികളായ പഞ്ചകർമ്മങ്ങളെ ഉദ്ദേശിച്ചുള്ള അഗ്നിവേശന്റെ മഹാർത്ഥങ്ങളായ പന്ത്രണ്ടു ചോദ്യങ്ങളേയും സകലജനങ്ങൾക്കും ഹിതംവരേണമെന്ന ഉദ്ദേശത്തോടുകൂടെ ഇപ്രകാരം വിശദമായി ഉപദേശിച്ചിരിക്കുന്നു *

ഇതി ചരകസംഹിതാവ്യാഖ്യായാം
വാചസ്പത്യേ
സിദ്ധിസ്ഥാനേ പ്രഥമോദ്ധ്യായ: (1)

അദ്ധ്യായം 2. പഞ്ചകർമ്മീയസിദ്ധി.

അഥാതഃ പഞ്ചകർമ്മീയസിദ്ധിമദ്ധ്യായം വ്യാഖ്യാസ്യാമഃ.
ഇതി ഹ സ്മാഹ ഭഗവാനാത്രേയഃ.

യേഷാം യസ്മാച്ച കർമ്മാണി ഹ്യഗ്നിവേശ ന കാരയേൽ
യേഷാം ച കാരണേദ്യാനി തത്സർവ്വം സംപ്രവക്ഷ്യതേ. 1
ചണ്ഡഃ സാഹസികോ ഭീരുഃ കൃതഘ്നോ വ്യഗ്ര ഏവ ച
സതൈവ്യുപതിദ്വേഷ്ടാ തദ്വിഷ്ടഃ ശോകപീഡിതഃ. 2
നാസ്തിക്യികോ മൂർഖശ്ച വിഹീനഃ കരണൈശ്ച യഃ
ദ്വൈതീ വൈദ്യാഭിമാനീ ച ശ്രദ്ധാഹീനഃ സശങ്കിതഃ. 3

അദ്ധ്യായം 2.

1 — ഇങ്ങനെവിധം വമനാദിപഞ്ചകർമ്മങ്ങളായ ചികിത്സാവിധികളെ വിചാരിച്ചതിന്നുശേഷം പഞ്ചകർമ്മീയസിദ്ധി എന്ന ഈ അദ്ധ്യായത്തെ വിവരിക്കുന്നു:— അല്ലയോ അഗ്നിവേശ ! ഈ പറഞ്ഞതായതൊരു ചികിത്സയും ആർക്കെല്ലാം ചെയ്യുകൂട, അതിന്നുള്ള കാരണമെന്താണ്, ഏതേതു ചികിത്സകൾ ആർക്കെല്ലാം ചെയ്യുകൂട, ഏതേതുതരം രോഗികൾക്ക് ഏതെല്ലാം ചികിത്സാവിധികളെ ശീലിപ്പിക്കാതെന്നതിനെ മുഴുവൻ വഴിപോലെ വിസ്തരിച്ചുപദേശിച്ചുതരാം. അതിനേയും കേട്ടുധരിക്കുക *

2-5 — ചണ്ഡൻ — എപ്പോഴുസമയത്തും ദേഷ്യപ്പെട്ടുകൊണ്ടിരിക്കുന്നവൻ എന്നുവെച്ചാൽ ഒരുസമയവും പ്രസന്നതയില്ലാത്തവൻ (ചണ്ഡസ്വഭാവത്തുകോപനഃ എന്ന് അഭിധാനം), ത്രിവിധകരണങ്ങളെക്കൊണ്ടും സാഹസമായി പ്രവർത്തിക്കുന്നവൻ, ഭയഹേതുകൂടാതെയും ഭയപ്പെടുന്നവൻ, ഉപകാരസ്മരണയില്ലാത്തവൻ, വ്യഗ്രൻ — പല കാര്യങ്ങളിലുമായി മനസ്സിരുത്തി ഒന്നിലും ദൃഢതയില്ലാതെ കിടന്നു വട്ടംതിരിയുന്നവൻ, കേളികേട്ട വൈദ്യന്മാരെയും രാജാവിനേയും ദ്വേഷിക്കുന്നവൻ, പ്രധാനവൈദ്യന്മാർ ചികിത്സിക്കുന്നതിനെ ഒഴിച്ചുവിട്ടവൻ, രാജാവിനാൽ ദ്വേഷിക്കപ്പെട്ടവൻ, അതിനായ ദുഃഖത്താൽ പീഡിതൻ, നാസ്തിക്യികൻ — വൈദ്യനെ

ഭിഷജാമവിധേയശ്ച നോപക്രമ്യോ ഭിഷഗ്ജിതാ
ഏതാനുപചരൻ വൈദ്യോ ബഹ്വൻ ദോഷാനവാപ്നുയാൽ. 4
ഏഭ്യോന്യേ സമുപക്രമ്യാ നരാസ്സ്വൈരുപക്രമൈഃ
അവസ്ഥാം പ്രവിഭജ്യൈഷാം വജ്ജ്യം കാര്യ്യഞ്ച വക്ഷ്യതേ. 5

അച്ഛർദ്ദനീയാസ്സുവൽ, ക്ഷതക്ഷീണാതിസ്ഥൂലകൃശബാലവൃദ്ധ ദുർബ്ബലശ്രാന്തപിപാസിതക്ഷുധിതകർമ്മഭാരാദ്ധ്വപ്രഹതോപവാസ –

കാണേണമെന്നോ ചികിത്സിപ്പിക്കേണമെന്നോ ഉള്ള ഉദ്ദേശത്തോടുകൂടാതെ വനം എവിടെഎങ്കിലുംവെച്ച കണ്ടവനമായവൻ, മരിക്കാറായവൻ— ഇന്ദ്രിയസ്ഥാനത്തിൽ വിവരിച്ച മരണലക്ഷണങ്ങളോടുകൂടിയവൻ, ചികിത്സചെയ്യുവാൻ വിധിച്ചാൽ ഔഷധാദി യാതൊരുപകരണങ്ങളും സമ്പാദിക്കാത്തവൻ, തന്റെ വൈരി, വൈദ്യശാസ്ത്രത്തെ ഗ്രഹിക്കാതെതന്നെ താനൊരു വൈദ്യനാണെന്ന അഭിമാനത്തോടുകൂടിയവൻ, ചികിത്സചെയ്യുന്നതിൽ ലേശംപോലും ശ്രദ്ധയില്ലാത്തവൻ, ഈ ചികിത്സകൊണ്ടു തന്റെ ദീനം സുഖപ്പെടുമോ? ഇത് എന്റെ രോഗം വർദ്ധിപ്പിക്കുവാൻവേണ്ടി വിശ്വസിച്ച ഔഷധമാണോ എന്നുമുതലായ ശങ്കകളോടുകൂടിയവൻ, വൈദ്യൻ വിധിക്കുന്ന പത്ഥ്യാദിവിധികളെ തെററിച്ചു നടക്കുന്നവൻ ഇവരെ ആരെയും വൈദ്യൻ ഒരിക്കലും ചികിത്സിക്കരുത്. ഈ പറഞ്ഞവർക്കു ചികിത്സിക്കുവാൻ പുറപ്പെട്ടാൽ ആ വൈദ്യന് അനേകവിധദോഷങ്ങൾ സംഭവിക്കുകയും ചെയ്യും. തീരെ വർജ്ജിക്കേണമെന്നു വിധിക്കുകയാൽ ഓരോരുത്തർക്കും ചികിത്സിച്ചാലുണ്ടാകുന്ന അനർത്ഥങ്ങളെ പ്രത്യേകം വിവരിക്കാത്തതാണെന്നും ഗ്രഹിക്കണം *

ഇനി മുൻപറഞ്ഞ പഞ്ചകർമ്മങ്ങളുടെ കർത്തൃവ്യാകർത്തവ്യതാദികളെ വിവരിക്കുന്നു. അവിടെ ആദ്യമായി വമനാർഹന്മാരെ പറയുന്നു:— 6— ഛർദ്ദിപ്പിച്ചുകൂടാത്തവരാരെല്ലാമെന്നാൽ, ക്ഷതം പററിയവൻ ക്ഷീണരോഗി ശരീരം വേണ്ടതിലധികം തടിക്കുകയോ മെലിയുകയോ ചെയ്യുവൻ ബാലൻ വൃദ്ധൻ 'വസന്തപ്രാപ്തോഡശാബ്ദാലം, വാർദ്ധക്യം സപ്തതേഃ പരം' എന്നും വചനമുണ്ട്. ശരീരബലം കുറഞ്ഞവൻ തളർന്നവൻ ദാഹിക്കുന്നവൻ വിശന്നുള്ളവൻ എ

മൈഥുനവ്യായാമചിന്താപ്രസക്തക്ഷാമഗർഭിണീസുകുമാരസംവൃത-കോഷ്ഠദുഃഖർദ്ദനോദ്ധ്വരക്തപിത്തപ്രസക്തച്ഛർദ്ദ്യുദ്ധ്വവാതാസ്ഥാപിതാനുവാസിതഹൃദ്രോഗോദാവർത്തമൂത്രാഘാതപ്ലീഹഗുല്മോദരാഷ്ഠീലാസ്വരാപഘാതതിമിരശിരശ്ശംഖകർണ്ണാക്ഷിപാർശ്വശൂലാർത്താഃ. 6

തത്ര ക്ഷതസ്യ ചഭൂയഃ ക്ഷണനാദ്രക്തതിപ്രവൃത്തിഃ സ്യാൽ. ക്ഷീണാതിസ്ഥൂലകൃശബാലവൃദ്ധദുർബ്ബലാനാമൌഷധൈർബ്ബലാസഹത്വാൽ പ്രാണോപരോധഃ. ശ്രാന്തപിപാസിതക്ഷുധിതാനാഞ്ചതത്വാൽ, കർമ്മഭാരാദ്ധ്വഹതോപവാസമൈഥുനാദ്യശനവ്യായാമചി

ത്തു സമയവും പ്രവൃത്തിഎടുത്തുകൊണ്ടിരിക്കുന്നവൻ ചുമടെടുക്കുന്നവൻ വഴിനടന്നു ക്ഷീണിച്ചവൻ അടികൊണ്ടു തളർന്നവൻ പട്ടിണികിടന്നവൻ സ്ത്രീസേവചെയ്യുവൻ വ്യായാമംശീലിക്കുന്നവൻ എന്തെങ്കിലും കാര്യത്തെപ്പററി അതിയായ വിചാരത്തോടുകൂടിയവൻ ക്ഷാമൻ— ഓരോ അവയവങ്ങൾക്കോ ഓരോ ഇന്ദ്രിയങ്ങൾക്കോ ക്ഷീണംബാധിച്ചവൻ ഗർഭിണി സുകുമാരൻ സംവൃതകോഷ്ഠൻ— മലശോധനയില്ലാത്തവൻ ഛർദ്ദിക്കുവാൻ പ്രയാസമുള്ളവൻ ഊർദ്ധ്വഗരക്തപിത്തമുള്ളവൻ ഛർദ്ദിച്ചുകൊണ്ടിരിക്കുന്നവൻ ഊർദ്ധ്വവാതകോപമുള്ളവൻ കഷായവസ്തിചെയ്യുവൻ സ്നേഹവസ്തിചെയ്യുവൻ ഹൃദ്രോഗമുള്ളവൻ ഉദാവർത്തരോഗി മൂത്രാഘാതമുള്ളവൻ പ്ലീഹരോഗി ഗുല്മരോഗി മഹോദരമുള്ളവൻ അഷ്ഠീലാരോഗി ഒച്ചയടച്ചവൻ തിമിരരോഗി ശിരസ്സ് ശംഖപ്രദേശം ചെവി കണ്ണ് വാരിഭാഗം ഇവിടങ്ങളിൽ കുത്തിനോവുള്ളവൻ ഇവരെല്ലാം ഛർദ്ദിപ്പിക്കുവാൻ പാടില്ലാത്തവരാകുന്നു *

7— ഈ പറഞ്ഞവരെ ഛർദ്ദിപ്പിച്ചാൽ ആർക്ക് എന്തെല്ലാം വ്യാപത്തുകൾ സംഭവിക്കുമെന്നും പറയുന്നു:— ഈ പറഞ്ഞവരിൽ ക്ഷതരോഗിയെ ഛർദ്ദിപ്പിച്ചാൽ അവന്നു പിന്നെയും ഹൃദയാനുഭാഗത്തിൽ ക്ഷതമുണ്ടാകും; ആക്ഷതത്തിൽനിന്നെല്ലാം രക്തം കലശലായി പുറപ്പെടുകയും ചെയ്യും. ക്ഷീണൻ അതിസ്ഥൂലൻ അതികൃശൻ ബാലൻ വൃദ്ധൻ ദുർബ്ബലൻ ഇവർക്കെല്ലാം വമനൌഷധവീര്യത്തെ സഹിക്കുവാനുള്ള ശക്തിയില്ലായ്കനിമിത്തം പ്രാണവായുവി

ന്താപ്രസക്തക്ഷാമാണാം രൌക്ഷ്യാദ്വാതരക്തച്ഛേദക്ഷതഭയം സ്യാൽ. ഗർഭിണ്യാം ഗർഭവ്യായാമാദാമഗർഭഭ്രംശാച്ച ദാരുണാ രോഗപ്രാപ്തിഃ. സുകുമാരസ്യ ഹൃദയസ്യ വികർഷണാദൂർദ്ധ്വമധോ വാ രുധിരാതിപ്രവൃത്തിഃ. സംവൃതകോഷ്ഠദുശ്ഛർദ്ദിനയോരതിമാത്രപ്രവാഹണാദ്ദോഷാഃ സമുൽക്ലിഷ്ടാ ഹ്യന്തഃകോഷ്ഠേ ജനയന്ത്യന്ത്രവിസർപ്പം സ്തംഭം ജാഡ്യം വൈചിത്ര്യം മരണം വാ. ഊർദ്ധ്വരക്തപിത്തസ്യോദാനമുൽക്ഷിപ്യ പ്രാണാൻ ഹരേദ്രക്തം ചാതി പ്രവർത്തയേൽ. പ്രസക്തച്ഛർദ്ദേസ്തു ത ദുപദ്രവൂർദ്ധ്വവാതാസ്ഥാപിതാനുവാസിതാനാമൂർദ്ധ്വം വാതാതിപ്രവൃ

ൻെറ ഗതിക്കു തടവുവന്നുപോകും. ശ്രാന്തൻ പിപാസിതൻ — ദേഹമുള്ളവൻ വിശപ്പുള്ളവൻ എന്നിവക്കു സംഭവിക്കുന്ന വ്യാപത്തും അതേമാതിരിതന്നെയായിരിക്കു. കർമ്മഭാരാദ്ധ്വഹതോപവാസതൈമുനാദ്ധ്യശനവ്യായാമചിന്താപ്രസക്തക്ഷാമന്മാക്കെല്ലാം ശരീരത്തിന്നു രൌക്ഷ്യവും വാതരക്തങ്ങളുടെ ഗതിക്കു ഭംഗവും ഹൃദയാന്തർഭാഗത്തിൽ ക്ഷതവും സംഭവിക്കുമെന്നു മാത്രമല്ല, അതുനിമിത്തം പ്രാണരോപായഭയംകൂടെ സംഭവിക്കുകയും ചെയ്യും. ഗർഭിണിക്കു വമനംപ്രയോഗിച്ചാൽ ഗർഭത്തിന്നു വ്യായാമംവന്നുപോകയാൽ ഗർഭം അലസിപ്പോകയും ചെയ്യും. അതുനിമിത്തം അവൾക്കു ദാരുണങ്ങളായ — അതി കഠിനങ്ങളായ രോഗങ്ങളുണ്ടാവുകയും ചെയ്യും. സുകുമാരനായവന്നു വമനംനിമിത്തം നെഞ്ചു പിളർന്നുപോകുന്നതാകയാൽ ഛർദ്ദിരൂപമായോ അതിസാരരൂപമായോ രക്തം കലശലായി സ്രവിച്ചുപോകും. സംവൃതകോഷ്ഠദുശ്ഛർദ്ദന്മാക്കു ഛർദ്ദിക്കുവാൻ വളരെനേരം ഓക്കാനിക്കേണ്ടിവരുന്നതാകയാൽ ഉൽക്ലേശത്തെ പ്രാപിച്ച ദോഷങ്ങൾ കോഷ്ഠത്തെ പ്രാപിച്ച് അന്ത്രവിസർപ്പം സ്തംഭം ജാഡ്യം ചിത്തഭ്രമം എന്ന വികാരങ്ങളെ ഉണ്ടാക്കിത്തീർക്കുകയോ മരണത്തെത്തന്നെ സംഭവിപ്പിക്കുകയോ ചെയ്യും. ഊർദ്ധ്വഗമായ രക്തപിത്തമുള്ളവന്നു വമനൌഷധം പ്രയോഗിച്ചാൽ ഉദാനവായുവിനെ ഉൽക്ഷേപണംചെയ്യുകയും പ്രാണഹാനിവരുത്തുകയും ചെയ്യും; അതിയായ രക്തപ്രവൃത്തിയെ ഉണ്ടാക്കിത്തീർക്കുക മാത്രമേ ചെയ്യുള്ളു എന്നും വരാം. പ്രസക്തച്ഛർദ്ദി ഊർദ്ധ്വവാതരോഗി

ത്തിഃ. ഹൃദ്രോഗിണോ ഹൃദയോപരോധഃ. ഉദാവർത്തിനോ ഘോരതര ഉദാവർത്തഃ സ്യാച്ഛീഘ്രതരഹന്താ. മൂത്രഘാതാദിഭിരാവർത്താനാം തീവ്രതരഃ ശൂലപ്രാദുർഭാവഃ. തിമിരിണാം തിമിരാതിപ്രവൃദ്ധിഃ. ശിരഃശൂലാദിഷു ശൂലാതിവൃദ്ധിഃ. തസ്മാദേതേ ന വാമ്യാഃ. 7

സർവ്വേഷ്വപി ഖലൂപതേഷ്വപി വിഷഗരവിരുദ്ധാഭ്യവഹാരാമകൃതേഷ്വപ്രതിഷിദ്ധം ശീഘ്രകാരിതാദ്ദോഷാണാമിതി. 8

ശേഷാസ്തു വാമ്യാഃ. പീനസകുഷ്ഠനാവജ്വരരാജയക്ഷ്മകാസഗ

ആസ്ഥാപിതൻ അനുവാസിതൻ ഇവക്കെല്ലാം ഊർദ്ധ്വാംഗത്തിൽ അതിയായ വാതകോപമുണ്ടാകും. ഹൃദ്രോഗിക്ക് ഹൃദയോപരോധം സംഭവിച്ചുപോകും. ഉദാവർത്തരോഗിക്കു വമനം പ്രയോഗിച്ചാൽ ഉദാവർത്തത്തിന്നു ശക്തികൂടുകയും ക്ഷണത്തിൽ ശരീരനാശത്തെ വരുത്തുകയും ചെയ്യും. മൂത്രഘാതാദികാരണംനിമിത്തം സംഭവിച്ച ആവർത്തമുള്ളവക്ക് അതി കഠിനമായ ശൂലവേദനയുണ്ടാകും. തിമിരരോഗമുള്ളവക്ക് അതു വർദ്ധിക്കും. ശിരഃശൂലം ശംഖശൂലംമുതലായ ശൂലരോഗമുള്ളവക്കു വമനംശീലിച്ചാൽ ആ വേദന അത്യന്തം വർദ്ധിക്കും. ഈ പറഞ്ഞ കാരണങ്ങൾനിമിത്തം ഈ പറഞ്ഞ ക്ഷതാദികൾക്ക് ഒരിക്കലും വമനംശീലിപ്പിച്ചുപോകരുത് * 8— എന്നാൽ ഈ പറഞ്ഞ അവാമ്യന്മാക്കുതന്നെ വിഷം ബാധിക്കുകയോ കൈവിഷം അകത്തുചെട്ടുപോകയോ വിരുദ്ധാശനം ശീലിച്ചുപോകയോ ആമദോഷം സംഭവിക്കുകയോ ചെയ്തുപോയാൽ വിഷബാധാദികൾ ശീഘ്രകാരികളാകയാൽ അതിലെ ദോഷങ്ങളെ ഛർദ്ദിപ്പിച്ചുകളയുന്നതിന്നു വിരോധമില്ലെന്നും ഗ്രഹിക്കണം. വിഷാദികൾ പാകംവന്നു പക്വാശയസ്ഥാനത്തെ പ്രാപിച്ചാലുള്ള വൈഷമ്യം ക്ഷതാദിരോഗികളെ ഛർദ്ദിപ്പിച്ചാലുണ്ടാവുന്നതിനെക്കാൾ എത്രയോ അധികമാകയാൽ അവരെ ഛർദ്ദിപ്പിക്കുകന്നെയാണ് ചെയ്യേണ്ടതെന്നു സാരം *

9— വമനാർഹന്മാരെ വർണ്ണിക്കുന്നു:— ഈപറഞ്ഞവരൊഴിച്ചു ബാക്കിയുള്ളവരെ എല്ലാം ഛർദ്ദിപ്പിക്കാം. പീനസം കുഷ്ഠം നവജ്വ

ഉഗ്രഹഗളഗണ്ഡഗ്ലീപദമേഹമന്ദാഗ്നിവിരുദ്ധാജീർണ്ണാന്ന വിഷൂചി കാലസകവിഷഗര പീതദുഷ്ടദിഗ്ധവിദ്ധാധ്മശോണിതപിത്തകഫ-പ്രസേകദുർന്നാമഹൃല്ലാസാരോചകാവിപാകാപച്യപസ്മാരോന്മാദാ-തിസാരശോഷപാണ്ഡുരോഗമുഖപാകദുഷ്ടസൂന്യാദയഃ ശ്ലേഷ്മവ്യാധ യോ വിശേഷേണ രോഗാഭ്യുദയോക്താശ്ച തേഷു ഹി വമനം പ്ര ധാനതമമിത്യുക്തം കേചിദാരസേതുഭേദേ ശാല്യാദിശോഷദോഷവിനാ ശവൽ. 9

അവിരേച്യാസ്തു സുഭഗക്ഷതഹൃദുക്തനാളാംഗ്രഭാഗരക്ത

രം ക്ഷയം കുര ഗളഗ്രഹം ഗളഗണ്ഡം പെരിക്കാൽ പ്രമേഹം അ ഗ്നിമാന്ദ്യം വിരുദ്ധാശനവും അജീർണ്ണാന്നവും ശീലിക്കുകയാലുണ്ടാ യ അസഹ്യതകൾ വിഷൂചിക അലസകം വിഷബാധ കൈവിഷം സപ്പാദിദംശം വിഷദിഗ്ധശസ്ത്രവേധം അധോഗമായ രക്തപിത്തം കഫപ്രസേകം മൂലക്കുരു നെഞ്ചുകലിപ്പ് രുചിക്ഷയം ഭോജനക്ഷയം അപചി അപസ്മാരം ഉന്മാദം (ഭ്രാന്ത്) അതിസാരം ശോഷം പാ ണ്ഡുരോഗം മുഖപാകം സൂന്യദോഷംമുതലായ രോഗങ്ങൾക്കും സൂ ത്രസ്ഥാനം 20-ാമദ്ധ്യായമായ മഹാരോഗാദ്ധ്യായത്തിൽ (സൂത്രസ്ഥാ നം 361-ാം ഭാഗത്ത്) വിവരിച്ചതായ 40 തരം കഫരോഗങ്ങൾ ക്കും വമനം അത്യന്തം പ്രധാനമാണെന്നു പറയപ്പെട്ടിരിക്കുന്നു. അ വക്കു വേണ്ടതുപോലെ വമനം ശീലിപ്പിച്ചാൽ വെള്ളം നിറഞ്ഞുനി ല്ക്കുന്ന കണ്ടത്തിൽനിന്ന് ആ വെള്ളം വേണ്ടേടത്തോളം മുറിച്ചുകള ഞ്ഞാൽ അതിലുള്ള വ്രീഹ്യാദികൾ ചീഞ്ഞുപോകാതെയും ഉണങ്ങാ തെയും കേടുകൂടാതെ വർദ്ധിക്കുന്നതുപോലെ ശരീരത്തിന്നു ഓജ്യാദി കൾ സംഭവിക്കുകയും ചെയ്യും *

10—വിരേചനാർഹന്മാർ—വയറിളക്കുവാൻ പാടില്ലാത്ത വരാരെല്ലാമെന്നാൽ, സുഭഗൻ ഹൃദയത്തിൽ ക്ഷതംപററിയവൻ ഹൃദ്രോ ഗമുള്ളവൻ അധോഗമായ രക്തപിത്തമുള്ളവൻ പട്ടിണികിടന്നു ക്ഷീണിച്ചവൻ ഇന്ദ്രിയബലം ക്ഷയിച്ചവൻ അ ഗ്നിമാന്ദ്യമുള്ളവൻ കഷായവസ്തി ചെയ്തവൻ കാമക്രോധാദി മനോ ദോഷങ്ങൾനിമിത്തം വ്യഗ്രൻ അജീർണ്ണബാധിച്ചവൻ നവജ്വരമു

പിത്തവിലംഘിതദുർബ്ബലേന്ദ്രിയാല്പാഗ്നിനിരുദ്ധകാമാദിവ്യഗ്രാജീ-
ർണ്ണനവജപരമദാതൃയിതാദ്ധ്വാതശല്യാർദ്ദിതാഭിഹതാതിസ്നിഗ്ധരൂക്ഷ-
ദാരുണകോഷ്ഠാഃ ക്ഷതാദയശ്ച ഗർഭിണ്യന്താഃ. 10

തത്ര സുഭഗസ്യ സുകുമാരോക്തോ വമനദോഷഃ സ്യാൽ. ക്ഷതജാദ്യസ്യ ക്ഷതേ ഹൃദി വായുഃ പ്രാണോപരോധകരീം വരാം രുജാം ജനയേൽ. മുക്തനാളമതിപ്രവൃത്ത്യാ ഹന്യാൽ. അധോഭാഗരക്തപിത്തിനാഞ്ച തത്രൈവ വിലംഘിതദുർബ്ബലേന്ദ്രിയാല്പാഗ്നിനിരുദ്ധാ ഔഷധവേഗം ന തേ സഹേരൻ. കാമാദിവ്യഗ്രമനസോ ന പ്രവർത്തതേ ക്രൂരേണ വാ പ്രവർത്തമാനമധോഗദോഷാൻ കുര്യാൽ. അ

ള്ളവൻ മദാത്യയരോഗി മേൽ വയറുവീർപ്പുള്ളവൻ ശല്യംതറച്ചവൻ അടികൊണ്ടു ക്ഷീണിച്ചവൻ കണക്കിലധികം സ്നിഗ്ദ്ധതവന്നവൻ—സ്നേഹപാനത്തിലെ അതിയോഗം വന്നവൻ രൂക്ഷൻ ക്രൂരകോഷ്ഠൻ ഇവരും അവാമ്യവിഭാഗത്തിൽ പറഞ്ഞ ക്ഷതക്ഷീണാദി ഗർഭിണീപര്യന്തമുള്ളവരും വിരേകം ശീലിപ്പിച്ചുകൂടാത്തവരാകുന്നു*

11— ഈ പറഞ്ഞ അവിരേച്യന്മാരായ സുഭഗാദികൾക്കു വയറിളക്കിയാൽ സംഭവിക്കുന്ന വ്യാപത്തിനെ പ്രത്യേകം വിവരിക്കുന്നു:— സുഭഗന്നു വയറിളക്കിയാൽ സുകുമാരനെ ഛർദ്ദിപ്പിച്ചാൽ എന്തൊരു ദോഷം (സുകുമാരസ്യ ഹൃദയസ്യ വികർഷണാദൂർദ്ധ്വമധോ വാ രുധിരാതിപ്രവൃത്തിഃ) സംഭവിക്കുമെന്നു പറഞ്ഞിരിക്കുന്നുവോ അതെല്ലാമുണ്ടാകും. ഹൃക്ഷതം ബാധിച്ചവന്നു വിരേകം ശീലിച്ചാൽ ആ ഹൃദയത്തിലെ ക്ഷതസ്ഥാനത്തെ പ്രാപിച്ചു കോപിച്ച വായു പ്രാണവായുവിന്റെ സഞ്ചാരത്തെ തടയുകയും അതികഠിനമായ വേദനയുണ്ടാക്കിത്തീർക്കുകയും ചെയ്യും. ഹൃദയത്തിലെ വലീബന്ധങ്ങളഴിയുകയോ ഹൃദം പുറത്തുവരുന്നവന്ന് വിരേകത്തിൽ അതിയോഗം വന്നുപോകയാൽ അവൻ ക്ഷണത്തിൽ മരിച്ചുപോകും. അധോഗമായ രക്തപിത്തത്തോടുകൂടിവന്നുണ്ടാകുന്ന വ്യാപത്തും രൂക്ഷതന്നെയാണ്. വിലംഘിതന്മാർ ഇന്ദ്രിയബലം കുറഞ്ഞവർ അല്പാഗ്നികൾ കഷായവസ്തിചെയ്യുവർ ഇവർക്കെല്ലാം വിരേചനൌഷധത്തിന്റെ തീക്ഷ്ണതയെ സഹിക്കുവാനുള്ള ശക്തിയുണ്ടാവുകയില്ല. കാമക്രോധാദി മനോദോഷാനിമിത്തം മനസ്സിന്നു വ്യഗ്രതവ

ജീർണ്ണിന ആമദോഷഃ സ്യാൽ. നവജ്വരസ്യാവിപക്വാൻ ദോഷാ
ന്ന നിർഹരേദ്വാതമേവ ച കോപയേൽ. മദാത്യയിതസ്യ മദ്യക്ഷീ
ണേ ദേഹേ വായുഃ പ്രാണോപരോധം കുര്യാൽ. ആദ്ധ്മാതസ്യാദ്ധ്മായ
മാനസ്യ വാ പുരീഷകോഷ്ഠനിചിതോ വായുർവ്വിസർപ്പൻ സഹസാ
നാഹം തീവ്രതരം മരണം വാ ജനയേൽ. ശല്യാദ്ദിതാഭിഹതയോഃ
ക്ഷതേ വായുരാശ്രിതോ ജീവിതം ഹിംസ്യാൽ. അതിസ്നിഗ്ദ്ധസ്യാതി
യോഗഭയം ഭവേൽ. രൂക്ഷസ്യ വായുരംഗഗ്രഹം കുര്യാൽ. ദാരുണ
കോഷ്ഠസ്യ വിരേചനാദ്ധതാ ദോഷാ ഹൃല്ലൂലവൈവർണ്ണ്യദോഷാനഹരംഗ

ന്നിട്ടുള്ളവർ വയറിളക്കുവാനുള്ള ഔഷധം സേവിച്ചാലും വയറിള
കുകയില്ല; അഥവാ ഇളകുന്നതായാൽ അത് ഊരുസ്തംഭാദി അ
ധോഗദോഷങ്ങളെ ഉണ്ടാക്കിത്തീർക്കുകയും ചെയ്യും. അജീർണ്ണമുള്ള
വന്ന് ആമദോഷം സംഭവിച്ചുപോകും. നവജ്വരമുള്ളവന്നു വയറി
ളക്കിയാൽ ദോഷങ്ങൾക്കു പാകംവരായ്കനിമിത്തം അതു ദോഷനി
ർഹരണത്തെ ചെയ്യുകയില്ല എന്നു മാത്രമല്ല വാതത്തെ കലശലാ
യി കോപിപ്പിക്കുകയും ചെയ്യും. മദാത്യയരോഗി വിരേചനൌഷ
ധം സേവിച്ചാൽ സ്വതെ മദ്യം സേവിച്ചു ക്ഷീണിച്ച ശരീരത്തിൽ
വായു പൂർവ്വാധികം കോപിക്കുകയും പ്രാണോപരോധത്തെ വരുത്തുക
യും ചെയ്യും. മേൽവായുവീർപ്പുള്ളവനോ ആദ്ധ്മാനംതുടങ്ങിയവനോ
ആയ രോഗി വിരേചനംശീലിച്ചാൽ പുരീഷാശയത്തിലും ജഠ
രത്തിലെല്ലാടവും സഞ്ചരിച്ചുകൊണ്ടിരിക്കുന്ന വായു അവിടങ്ങളിൽ
വിന്നു കോപിച്ചു ക്ഷണത്തിൽ അതികഠിനമായ ആനാഹത്തെ ഉ
ണ്ടാക്കിത്തീർക്കും. ഒരു സമയം ശരീരനാശത്തെത്തന്നെ വരുത്തി എ
ന്നും വരാം. അസ്ത്രശസ്ത്രാദി ശല്യങ്ങൾ തറച്ചവനോ അഭിഘാതം
പററിയവനോ ആണെങ്കിൽ ആ ക്ഷതസ്ഥാനത്തെ ആശ്രയിച്ച
വായുവിരേകൌഷധവീര്യംനിമിത്തം കുപിതനായിട്ടുജീവനാശത്തെ
വരുത്തും. അതിസ്നിഗ്ദ്ധനായവന്നു ഭയങ്കരമായ വിരേകാതിയോഗം
സംഭവിച്ചുപോകും. രൂക്ഷനായവന്നു കുപിതനായ വായു അംഗങ്ങ
ളിൽ പിടിച്ചുവലിയുണ്ടാക്കിത്തീർക്കും. ക്രൂരകോഷ്ഠനായവൻ വിരേ

മദ്ദ് ഛർദ്ദിമൂർച്ഛാമ്ലമാൻ ജനയിതാ പ്രാണാൻ ഹന്യുഃ. ക്ഷതാദീനാം ഗർഭിണ്യന്താനാം ഛർദ്ദനോക്തോ ദോഷഃ സ്യാൽ. തസ്മാദേതേ ന വിരേച്യാഃ. 11

ശേഷാസ്തു വിരേച്യാഃ. കുഷ്ഠജ്വരമേഹോദ്ദ്വരക്തപിത്തഭഗന്ദരോദരാർശോബ്രഹ്മ്മീഹൃല്ലാർബ്ബുദഗുല്മഗണ്ഡഗ്രന്ഥിവിഷൂചികാലസകമൂത്രാഘാതക്രിമികോഷ്ഠവിസർപ്പപാണ്ഡുരോഗശിരഃപാർശ്വരുജോദരോവർത്തനേത്രാസ്യദാഹഹൃദ്രോഗവ്യംഗനീലികാനേത്രനാസികാസ്യശ്രവണരോഗഹലീമകശ്വാസകാമിലാപസ്മാരോന്മാദോന്മദാലസകയോനിരേതോദോഷാതൈമിത്യാരോചകാവിപാകഛർദ്ദിശ്വാ

ചാനൗഷധം സേവിച്ചാൽ അതുനിമിത്തം കോപിച്ച ദോഷങ്ങൾ ഹൃദയത്തിൽ ചേന്നു സന്ധിഭേദം മേൽവയറുചീപ്പ് അംഗമർദ്ദം ഛർദ്ദി മോഹാസ്യം തളർച്ച എന്ന ഉപദ്രവങ്ങളെ ഉണ്ടാക്കിത്തീർക്കുകയും പ്രാണഹാനിവരുത്തുകയും ചെയ്യും. ക്ഷതക്ഷീണാദി ഗർഭിണിപര്യന്തമുള്ള അവിരേച്യന്മാരെ വിരേകിപ്പിച്ചാൽ, ഇവരെ ഛർദ്ദിപ്പിച്ചാൽ എന്തെല്ലാം ദോഷങ്ങൾ സംഭവിക്കുമെന്നാണോ 7-ാംഗ്രന്ഥത്തിൽ പറഞ്ഞിരിക്കുന്നത് ആ ദോഷങ്ങളെല്ലാം സംഭവിക്കുകയും ചെയ്യും. ഈ പറഞ്ഞ കാരണങ്ങൾനിമിത്തം സുഭഗാദി യാതൊരുത്തനേയും വിരേകിപ്പിച്ചുപോകയുമരുത് *

12— ഇന്നിന്നവർ വിരേച്യന്മാരെന്നതിനെ വിവരിക്കുന്നു:— ഈ പറഞ്ഞവരൊഴിച്ചു ബാക്കിയുള്ളവരെല്ലാം വിരേച്യന്മാരാകുന്നു. എന്നാൽ, കുഷ്ഠം ജ്വരം—ജീർണ്ണജ്വരം പ്രമേഹം ഊർദ്ധ്വഗമായ രക്തപിത്തം ഭഗന്ദരം മഹോദരം മൂലക്കുരു ബ്രഹ്മ്മരോഗം പ്ലീഹദോഷം ഗുന്മൻ അർബ്ബുദം ഗുല്മഗണ്ഡം മുഴ വിഷൂചിക അലസകം മൂത്രാഘാതം—മൂത്രകൃച്ഛ്രം ക്രിമികോഷ്ഠം വിസർപ്പം പാണ്ഡുരോഗം തലവേദന വാരിഭാഗത്തു വേദന മഹോദരം നിമിത്തമുണ്ടാവുന്ന ഉദാവർത്തം കണ്ണു ചുട്ടുനീറുക വായ കയറിച്ചിൽ ഹൃദ്രോഗം വ്യംഗം നീലിക നേത്രരോഗം നാസാരോഗം മുഖരോഗം ശ്രവണരോഗം ഹലീമകം ശ്വാസകാസങ്ങൾ കാമില അപസ്മാരം ഉന്മദം രക്തവാതം നോന്മാദിദോഷത്തുള്ളദോഷം തിമിരം രതിക്ഷയം മോഹക്ഷയം ഛർദ്ദി

ഗുദരവിസ്സ്രാടകാദയഃ പിത്തവ്യാധയോ വിശേഷേണ രോഗാദ്ധ്യായോക്താശ്ച ഏതേഷു ഹി വിരേചനം പ്രധാനതമമിത്യുക്തമഗ്നിശമേഗ്നിഗൃഹവൽ. 12

അനാസ്ഥാപ്യാസ്തു, അജീർണ്ണതിസ്നിഗ്ദ്ധപീതസ്നേഹോൽക്ലിഷ്ടദോഷാല്പാഗ്നിയാനക്ലാന്താതിദുർബ്ബലക്ഷുത്തൃഷ്ണാശ്രമാർത്താതികൃശഭുക്തഭുക്തപീതോദകവമിതവിരിക്തക്ഷതകൃതനസ്യഃ—കർമ്മക്രുദ്ധഭീതമത്തമൂർച്ഛിതപ്രസക്തച്ഛർദ്ദിനിഷ്ഠീവികാരശ്വാസകാസഹിക്കാബാഹ്യ—

വിൽ ഗുദരോഗം വിസ്സ്രാടകമുതലായതുകളും മഹാരോഗാദ്ധ്യായത്തിൽ (സൂത്രസ്ഥാനം 358-ാം ഭാഗത്ത്) പറഞ്ഞ ആ തരം പിത്തരോഗങ്ങളാബാധിച്ചവർക്ക്, തീപ്പിടിച്ച വീട്ടിൽ വെള്ളമൊഴിച്ചു തീക്കെടുത്താൽ പിന്നെ ആ അഗ്നിയെക്കൊണ്ടുള്ള ഉപദ്രവം നശിക്കുന്നതെങ്ങിനെയോ അതേവിധം വയറിളക്കിയാൽ ആ രോഗങ്ങളെല്ലാം തീരെ ശമിക്കുകയും ചെയ്യും *

15— കഷായവസ്തി ചെയ്യുകൂടാത്തവരെ വിവരിക്കുന്നു:— അജീർണ്ണം ബാധിച്ചവൻ സ്നേഹപാനത്തിൽ അതിയോഗം വന്നവൻ സ്നേഹപാനംചെയ്യുവൻ ദോഷങ്ങൾകോപത്തിന്ന് ഉൽക്ലേശം സംഭവിച്ചവൻ അഗ്നിമാന്ദ്യമുള്ളവൻ വാഹനങ്ങളിൽ കയറി സഞ്ചരിച്ചു ക്ഷീണിച്ചവൻ അതിദുർബ്ബലൻ വിശപ്പ് ദാഹം തളർച്ച ഇതുകൾനിമിത്തം പീഡിതൻ അതികൃശൻ ഭക്ഷണം കഴിച്ചവൻ വെള്ളം കുടിച്ചവൻ ഛർദ്ദിച്ചവൻ വയറിളക്കിയവൻ ക്ഷതം പററിയവൻ കൃശൻ നസ്യംചെയ്യുവൻ ദ്വേഷ്യപ്പെട്ടവൻ ഭയപ്പെട്ടവൻ മദിച്ചവൻ മൂർച്ഛിതൻ ഛർദ്ദിരോഗമുള്ളവൻ കഫം തുപ്പിക്കൊണ്ടിരിക്കുന്നവൻ ശ്വാസരോഗി കുരയുള്ളവൻ ഇക്കിട്ടമുള്ളവൻ ബാഹ്യോദരം ഛിദ്രോദരം ഉദകോദരമെന്ന ഉദരരോഗവിശേഷങ്ങളുള്ളവൻ, വയറുവീർപ്പുള്ളവൻ അലസകമോ വിഷൂചികയോ പിടിപെട്ടവൻ ആമഗർഭത്തെ പ്രസവിച്ചവൾ—ഗർഭം അലസിപ്പോയവൾ ആമാതിസാരമുള്ളവൻ മധുമേഹമുള്ളവൻ കുഷ്ഠരോഗി എന്നിവർക്കാർക്കും കഷായവസ്തി ചെയ്യുകൂട. 'അനാസ്ഥാപ്യാസ്ത്വതിസ്നിഗ്ദ്ധഃ ക്ഷതോരസ്കോ ഭൃശം കൃശഃ । ആമാതിസാരീ വമിമാൻ സംശ്രുഭ്യോ ദത്തനാവനഃ । കാസശ്വാസപ്രമേഹാർശോഹിക്കാകുഷ്ഠാനാല്പവഹ്നയഃ । ശ്ലേ

ക്ഷീദ്രോദകോദരോദ്ധൂതാവസകവിഷൂചികാപ്രജാതാമാതിസാരമധുമേഹകുഷ്ഠാദ്യാഃ. 13

തത്രാജീർണ്ണേ സ്നിഗ്ധപീതസ്നേഹാനാം ഭൂയിഷ്ഠാദരം മൂർച്ഛാശ്രമഗുരുത്വാസ്യാൽ. ഉൽക്ലിഷ്ടദോഷമന്ദ്യോരരോചകസ്തീവ്രഃ. യാനക്ലാന്തസ്യ ക്ഷോഭവ്യാപന്നോ വസ്തിരാശു ദേഹം ശോഷയേൽ. അതിദുർബ്ബലക്ഷുത്തൃഷ്ണാശ്രമാർത്താനാം പൂർവ്വോക്താ ദോഷാഃ സ്യുഃ. അതികൃശസ്യ കാർശ്യം പുനർജ്ജനയേൽ. പീതോദകേഭുക്തദകേതയോരുൽക്ലിശ്യോർദ്ധമധോ വാ വായുർവ്വസ്തിമുൽക്ഷിപ്യ ക്ഷിപ്രം വസ്തൌ ഘോരാൻ വികാരാൻ ജനയേൽ. വമിതവിരിക്തയോസ്തു ശുദ്ധശരീരം നിരുഹഃ ക്ഷതം ക്ഷാര ഇവ ദഹേൽ. കൃതനസ്യകർമ്മണോ വി

നപായുഃ കൃതാഹാരോ ബഹ്വഹിതദ്രവോദരഃ । കുഷ്ഠീ ച മധുമേഹീ ച മാസാൻ സപ്ത ച ഗർഭിണീ? എന്നു വാഗ്ഭടാചാര്യനും പറയുന്നു *

14—ഈ പറഞ്ഞവരിൽ അജീർണ്ണം ബാധിച്ചവൻ കണക്കിലധികം സ്നിഗ്ദ്ധതവരുത്തിയവൻ സ്നേഹപാനംചെയ്തവൻ ഇവക്കെല്ലാം കഷായവസ്തിചെയ്താൽ മഹോദരത്തിന്റെ ഭൂയിഷ്ഠാദരമോ മോഹാലസ്യമോ നീരോ ഉണ്ടാകും. ദോഷങ്ങൾക്ക് ഉൽക്ലേശം വന്നിട്ടുള്ളവനും ജ്വരാദിക്കു പചനശക്തി കുറഞ്ഞവനും അതികഠിനമായ അരോചകം സംഭവിച്ചുപാകും. യാനക്ലാന്തനായവന്നു വസ്തിചെയ്യുമ്പോൾ ശരീരക്ഷോഭസിദ്ധിയോടെ അകത്തു പ്രവേശിക്കാത്തതായ—തകരാറായിത്തീർന്ന വസ്തിക്കുണ്ടായതിൽ അവന്റെ ശരീരത്തെ ശോഷിപ്പിച്ചുകളയും. അത്യന്തദുർബ്ബലൻ വിശപ്പുള്ളവൻ ദാഹമുള്ളവൻ തളർച്ചയുള്ളവൻ ഇവക്കെല്ലാം മുമ്പു വമനാദിരേകങ്ങളിൽ പറഞ്ഞ വ്യാപത്തുകൾ തന്നെ സംഭവിക്കും. അത്യന്തകൃശനായവന്നു വസ്തിചെയ്താൽ അവന്റെ ശരീരത്തെ അത്യന്തം പിന്നെയും ശോഷിപ്പിക്കും. വെള്ളം കുടിക്കുകയോ ഭക്ഷണം കഴിക്കുകയോ ചെയ്തു ഉടനെ വസ്തിചെയ്താൽ വായു ആ വസ്തിയെ നനപ്പിച്ചു ജാരത്തിൽനിന്നു മേൽപട്ടോ കീഴ്പട്ടോ തള്ളുകയും വസ്തി അകത്തു പ്രവേശിച്ചു ഉടനെ വസ്തിപ്രദേശത്ത് അതിഘോരങ്ങളായ രോഗങ്ങളെ ഉണ്ടാക്കിത്തീർക്കുകയും ചെയ്യും. വമനവിരേകങ്ങൾ ചെ

ഭ്രംശം ഭൃശസംരുദ്ധസ്രോതസി കുപ്യേൽ. ക്രുദ്ധഭീതയോർവ്വസ്തിരു
ദ്ധ്വമുപപ്ലവേൽ. മത്തമൂർച്ഛിതയോർഭൃശം വിചലിതായാം സംജ്ഞാ
യാം ചിത്തോപഘാതവ്യാപൽ സ്യാൽ. പ്രസക്തച്ഛർദ്ദിനിഷ്ഠീവികാ
ശ്വാസകാസഹിക്കാത്താനാമൂർദ്ധ്വീഭൂതോ വായുരൂർദ്ധ്വം വസ്തിം ന
യേൽ. ബദ്ധച്ഛിദ്രോദകോദരംഭ്മാതാനാം ഭൃശതരമംഭ്മാപ്യ വസ്തിം
പ്രാണാൻ ഹിംസ്യാൽ. അലസകവിഷൂചികാമപ്രജാതാമാതിസാ
രിണാമാമകൃതദോഷം സ്യാൽ. മധുമേഹകൃഷ്ണിനോർവ്യാധേ പുനർ
വൃദ്ധിസ്തസ്യാദതേ നാസ്ഥാപ്യഃ. 14

യുവന്ന് അതിന്റെ പ്രത്യാചാരമായി കഴിയുന്നതിന്നു മുമ്പെ വസ്തി ചെയ്യുൽ സ്വതെ ശ്രുക്ഷ്മമായ ശരീരമാംസകലം പുണ്ണിൽ ക്ഷാരംചുട്ടിയതുപോലെയുള്ള ചുട്ടുനീറലുണ്ടാക്കിത്തീർക്കും. നസ്യം ചെയ്തു ഉടനെ അവന്റെ സ്രോതസ്സുകൾക്കു കലശലായ സംരോധം ഭവിച്ചിരിക്കും; ആ സമയം വസ്തിചെയ്യുൽ സ്രോതസ്സുകൾക്കു ഭ്രംശത്തെ വരുത്തുകയും ചെയ്യും. ക്രുദ്ധനും ഭീതനും വസ്തി ചെയ്യുൽ അതു ജഠരത്തിൽ നില്ക്കാതെ ഊർദ്ധ്വഭാഗത്തേക്കു കയറിപ്പോകും. മത്തനോ മൂർച്ഛിതനോ ആയവന്നു സംജ്ഞ അത്യന്തം ചലിച്ചുകൊണ്ടിരിക്കുന്നതാകയാൽ അവന്നു വസ്തി ചെയ്യുൽ ചിത്തത്തിന്ന് ഉപഘാതം സംഭവിക്കുകയും അതുനിമിത്തം ഉന്മാദോദിമനോവ്യാപത്തു സംഭവിക്കുകയും ചെയ്യും. ഛർദ്ദിയുള്ളവൻ കഫം തുപ്പിക്കൊണ്ടിരിക്കുന്നവൻ ശ്വാസംമുട്ടലോ കുരയോ ഇക്കിട്ടാ ഉള്ളവൻ ഇവക്കെല്ലാം വായുവിന്റെ ഗതി സ്വതെ ഊർദ്ധ്വഭാഗത്തേക്ക് അധികം ശക്തിയോടുകൂടിയിരിക്കും. അവക്കു വസ്തിചെയ്യുൽ ഊർദ്ധ്വീഭൂതനായ വായു വസ്തിദ്രവ്യത്തെ അതു നില്ക്കേണ്ടതായ സ്ഥാനത്തുനിന്നു മേല്പട്ടു കൊണ്ടുപോകും. ബദ്ധോദരമോ ഛിദ്രോദരമോ ഉദകോദരമോ ബാധിക്കുകനിമിത്തം വയറുവീർത്തവക്കു വസ്തിചെയ്യുൽ അത് ഉദരത്തെ പൂർവ്വാധികം വീർപ്പിക്കുകയും പ്രാണഹാനി വരുത്തുകയും ചെയ്യും. അലസകം വിഷൂചിക ഇതുള്ളവരോ ഗർഭം അലസിപ്പോയ സ്ത്രീകളോ ആമാതിസാരമുള്ളവരോ വസ്തിശീലിച്ചാൽ ആമദോഷം സംഭവിക്കും. മധുമേഹമുള്ളവനും കൃഷ്ണരോഗമുള്ളവനും വസ്തി ശീലിച്ചാൽ മധുമേഹാദികൾക്കു പൂർവ്വാധികമായ വൃദ്ധി സം

ശേഷാസ്ഥാസ്ഥാപ്യാഃ. സർവ്വാംഗൈകാംഗകുക്ഷിരോഗവാത
വർച്ചോമൂത്രശുക്രസംഗബലവർണ്ണമാംസരേതഃക്ഷയദോഷാദ്ധ്മാനാംഗ
സുപ്തി-ക്രിമികോഷ്ഠോദാവർത്താതിസാരപർവ്വാഭിതാപപ്ലീഹഗുല്മ ഹൃ-
ദ്രോഗഭഗന്ദരോന്മാദജ്വരബ്രഹ്മ്നശിരഃകർണ്ണശൂലഹൃദയപാർശ്വപൃഷ്ഠ-
കടീഗ്രഹവേദനാക്ഷേപകഗൌരവാതിലാഘവരജഃക്ഷയാർത്താ വി
ഷമാഗ്നിസ്ത്രിഗ്ജാനുജംഘോരുഗുൽഫ-പാർഷ്ണി-പ്രപദയോനി-ബാ
ഹ്വംഗുലിസ്തനാണ്ഡന്തേനഖപർവ്വാസ്ഥിശൂലശോഷസ്തംഭാന്ത്രകൂജന-
പരികർത്തികാദയോ വാതവ്യാധയോ വിശേഷേണ രോഗാദ്ധ്യായേ
ക്താശ്ച ഏതേഷ്വാസ്ഥാപനം പ്രധാനതമമിത്യുക്തം വനസ്പതിമൂ
ലച്ഛേദവൽ. 15

ഭവിച്ചുപോകും. ഈവക സംഗതികൾ നിമിത്തം ഇവക്കൊക്കും ഒരു കാലവും കഷായവസ്തി ചെയ്തുപോകരുത് *

15— ആസ്ഥാപ്യന്മാരെ വിവരിക്കുന്നു:— ഈ പറഞ്ഞ അനാസ്ഥാപ്യന്മാരെഴിച്ചു ബാക്കിയുള്ള എല്ലാവരും ആസ്ഥാപ്യന്മാർ— കഷായവസ്തി ചെയ്യാവുന്നവരാകുന്നു. എന്നാൽ സർവ്വാംഗരോഗം ഏകാംഗരോഗം കുക്ഷിരോഗം അധോവാതം മലം മൂത്രം ഇത്തകൾക്കു തടവ് ബലക്ഷയം വർണ്ണക്ഷയം മാംസക്ഷയം ശുക്ലക്ഷയം ഏകൈകദോഷജമായ ആദ്ധ്മാനം ശരീരത്തിന്നു തരിപ്പ് കോഷ്ഠത്തിൽ ക്രിമി നിറയുക ഉദാവർത്തം അതിസാരം സന്ധികളിൽ ചുട്ടുനീറൽ പ്ലീഹരോഗം ഗുല്മൻ ഹൃദ്രോഗം ഭഗന്ദരം ഭ്രാന്ത് പനി ബ്രഹ്മ്നരോഗം തലവേദന ചെകിട്ടിൽകുത്ത് ഹൃദയം വാരിടാഗം തണ്ടെല്ല് കടീപ്രദേശം ഇവിടങ്ങളിൽ കുത്തിപ്പിടുത്തവും വേദനയും ആക്ഷേപകമെന്ന വാതരോഗം ശരീരത്തിന്നു കനംതോന്നുകയോ ലാഘവം തോന്നുകയോ ചെയ്യുക ആർത്തവനാശം വിഷമാഗ്നിത്വം, ആസനം മുട്ടുകൾ മുഴങ്കാലുകൾ തുടകൾ ഞരിയാണികൾ പാർഷ്ണിപ്രദേശം പ്രപദം യോനിപ്രദേശം പുറം വിരലുകൾ സ്തനങ്ങൾ ശരീരം പല്ല് നഖം സന്ധികൾ അസ്ഥികൾ ഇവിടങ്ങളിലെല്ലാം കുത്തിനോവ് ശരീരശോഷം സ്തംഭം കുടലിരമ്പുക അരിഞ്ഞുനോവ് മുതലായ വാതവ്യാധികളും വിശിഷ്യ മഹാരോഗാദ്ധ്യായത്തിൽ പറ

യ ഏവാനാസ്ഥാപ്യാസ്യ ഏവാനനുവാസ്യാഃ സ്യുഃ. വിശേഷതസ്തു-ഭുക്തഭുക്തനവജ്വരപാണ്ഡുരോഗകാമിലാപ്രമേഹാൎശഃ പ്രതിശ്യായാരോചകമന്ദാഗ്നിദുൎബ്ബലപ്ലീഹകഫോദരോരുസ്തംഭവച്ഛോഭേചിഷ്ഗരപീതകഫാഭിഷ്യന്ദ-ഗ്രന്ഥികോഷ്ഠശ്ലീപദഗളഗണ്ഡാപചീക്രിമികോഷ്ഠിനഃ. 16

തത്രാഭുക്തഭുക്തസ്യാനാവൃതമാൎഗ്ഗത്വാദ്ദുൎഭിക്ഷമതിവൎത്തതേ സ്നേഹഃ. നവജ്വരപാണ്ഡുരോഗകാമിലാപ്രമേഹിണാം ദോഷാനുൎല്ലേ

ഞ്ഞ വ്യ തരം വാതരോഗങ്ങളും ബാധിച്ചവൎക്കു കഷായവസ്തി ചെയ്യുന്നതായാൽ, ഉരടുമുറിച്ചാൽ മരം എന്നുവിധം നശിച്ചുപോകുമോ അതേവിധം രോഗങ്ങൾ ഉരടറവുപോകുമെന്നും പറഞ്ഞിരിക്കുന്നു *

16 — സ്നേഹവസ്തി ചെയ്യുകൂടാത്തവരെ വിവരിക്കുന്നു. ഈ പറഞ്ഞ വിധിപ്രകാരം കഷായവസ്തി ആൎക്കെല്ലാം ചെയ്യുകൂടെന്നാണോ പറഞ്ഞിരിക്കുന്നത്, അവൎക്കാൎക്കും സ്നേഹവസ്തിയും ചെയ്യുകൂട. അവരൊഴിച്ചു ബാക്കിയുള്ളവരിൽതന്നെ ചിലൎക്കുക്കും അവസ്ഥാനം നിഷിദ്ധമാകുന്നു. അതാൎക്കെല്ലാമെന്നാൽ, ഭക്ഷണം കഴിക്കാത്തവൻ നവജ്വരമുള്ളവൻ പാണ്ഡുരോഗി കാമിലാരോഗി പ്രമേഹം ബാധിച്ചവൻ മൂലക്കുരു ഉള്ളവൻ പീനസരോഗി രുചിയില്ലാത്തവൻ ജാഠരാഗ്നിക്കു ബലം കുറഞ്ഞവൻ ബലഹീനൻ പ്ലീഹോദരമുള്ളവൻ കഫോദരി ഊരുസ്തംഭമുള്ളവൻ. മലം ഇളകിപ്പോകുന്നവൻ വിഷഗരങ്ങളെ പാനംചെയ്തവൻ കഫാഭിഷ്യന്ദമുള്ളവൻ ഗ്രന്ഥികോഷ്ഠൻ പെരിക്കാലുള്ളവൻ ഗളഗണ്ഡാപചികളുള്ളവൻ ക്രിമികോഷ്ഠി എന്നിവൎക്കാൎക്കും സ്നേഹവസ്തി ചെയ്തുപോകരുത്. 'നാനാവാസ്യാസ്തു ഏവ ചാ യോനാസ്ഥാപ്യാസ്തുഥാ പാണ്ഡുകാമിലാമേഹപീനസാഃ । നിരന്നപ്ലീഹവിഡ്ഭേദഗ്രന്ഥികോഷ്ഠകഫോദരാഃ । അഭിഷ്യന്ദിഭുജസ്തംഭകൃമികോഷ്ഠാഢ്യമാരുതാഃ । പീതേ വിഷേ ഗരേ ചാന്യാം ശ്ലീപദീ ഗളഗണ്ഡവാൻ' എന്ന് അഷ്ടാംഗഹൃദയത്തിലും പറയുന്നു *

17 — ഈ പറഞ്ഞവരിൽ ഭക്ഷണം കഴിക്കാത്തവൻ — ഭക്ഷണം കഴിച്ചതിന്നുശേഷമല്ലാതെ സ്നേഹവസ്തിചെയ്താൽ അവന്റെ സ്രോതസ്സുകളെല്ലാം വികസിച്ചിരിക്കുന്നതുകയാൽ ആ സ്നേഹം ചേ

ത്യാദരം ജനയേൽ. അശ്മസ്യാശ്മസ്യഭിഷ്യന്ദ്യാദ്ധ്യാനം കുര്യാൽ. അരോചകാർത്തസ്യാന്നഗൃദ്ധിം പുനർഹന്യാൽ. മന്ദാഗ്നിദുർബ്ബലയോർമ്മന്ദതരമഗ്നിം കുര്യാൽ. പ്രതിശ്യായപ്ലീഹാദിഷ്ടതാം ഭൃശം ചോൽക്ലിഷ്ടദോഷാണാം ഭൂയ ഏവ ദോഷം വർദ്ധയേൽ. തസ്മാദേതേ നാനുവാസ്യാഃ. 17

യ ഏവാസ്ഥാപ്യാ സ്യ ഏവാനുവാസ്യാഃ വിശേഷതസ്തു രൂക്ഷതീക്ഷ്ണാഗ്നയഃ കേവലവാതരോഗാർത്താശ്ച. ഏതേഷു ഹ്യനുവാസ

ണ്ടതിലധികം മേല്പോട്ടു കയറിപ്പോകും. വാതജ്വരം പാണ്ഡുരോഗം കാമില പ്രമേഹം എന്ന രോഗങ്ങളുള്ളവർക്കു വസ്തിചെയ്താൽ ആ സ്നേഹം ദോഷങ്ങൾക്കു ഉൾക്ലേശം വരുത്തി മഹോദരരോഗത്തെ ഉണ്ടാക്കിത്തീർക്കും. അർശോരോഗിയുടെ അർശസ്സുകൾക്കു അഭിഷ്യന്ദത്തെ വരുത്തി ആദ്ധ്മാനത്തെ ഉണ്ടാക്കിത്തീർക്കും. അരോചകാർത്തന്നു സ്നേഹവസ്തി ചെയ്യുമ്പോയാൽ അവന്ന് അല്പമായ രുചിയുണ്ടെങ്കിൽ അതുകൂടെ ഇല്ലാതായിത്തീരും. അഗ്നിബലം കുറഞ്ഞവന്നും ദുർബ്ബലന്നും ജഠരാഗ്നിക്കുള്ള ബലം തീരെ നശിക്കും. പീനസം പ്ലീഹോദരം മുതലായി ക്രിമികോഷ്ഠപര്യന്തമുള്ള എല്ലാവർക്കും ദോഷങ്ങൾ സ്വതെ ഉൽക്ലിഷ്ടങ്ങളായിരിക്കും; അവർക്കു സ്നേഹവസ്തിചെയ്യുമ്പോയാൽ ആ ദോഷകോപം പിന്നെയും പൂർവ്വാധികം വർദ്ധിക്കും. അനാസ്ഥാപ്യന്മാർക്ക് അനുവാസനം ചെയ്യുമ്പോയാൽ അവർക്കു കഷായവസ്തിചെയ്താൽ എന്തെല്ലാം ദോഷം സംഭവിക്കുമെന്നു പറഞ്ഞിരിക്കുന്നുവോ അതുകളെല്ലാം സംഭവിക്കുമെന്നും ഗ്രഹിക്കണം. ഈ പറഞ്ഞ കാരണംനിമിത്തം മുൻപറഞ്ഞവർക്കാർക്കും സ്നേഹവസ്തി ചെയ്യുമ്പോകയുമരുത്. *

19—അനുവാസ്യന്മാരെ വിവരിക്കുന്നു:— ആർക്കെല്ലാം കഷായവസ്തി ചെയ്യാമെന്നു പറഞ്ഞിരിക്കുന്നുവോ അവർക്കെല്ലാം സ്നേഹവസ്തിയും ചെയ്യാം. വിശേഷിച്ച് —കഷായവസ്തി ചെയ്യാമെന്നു വിധിച്ചവരിൽനിന്നു ഭിന്നന്മാരായ —രൂക്ഷൻ അത്യഗ്നിയുള്ളവൻ കേവലവാതരോഗി ഇവർക്കുകൂടെ അനുവാസനം അത്യന്തം ഹിതമാണ് എന്നും പറയപ്പെട്ടിരിക്കുന്നു. ഈ സ്നേഹവസ്തി, വൃക്ഷങ്ങളെ നശിപ്പിക്കുവാൻ അതുകളുടെ മുരടറക്കുന്നതുപോലെ രോഗങ്ങളെ നിശ്ശേ

നം പ്രധാനതമമിത്യുക്തം വനസ്പതിമൂലച്ഛേദവൽ മൂലേ ഗ്രസേക
വച്ച. 18

അശിരോവിരേചനാഹാഃ അജീർണ്ണിഭുക്തഭുക്തവതസ്നേഹമ
ദ്യതോയപാതുകാമാസ്സാശിരഃസ്നാതുകാഃ ക്ഷുത്തൃഷ്ണാശ്രമാർത്ത
ത്വമൂർച്ഛിതശസ്ത്രഭിന്നാഹതവ്യവായവ്യായാമപാനക്ലാന്തനവജ്വര—
ശോകാഭിതപ്തവിരിക്തനവാസിതഗർഭിണീനവപ്രതിശ്യായത്ത്വാ—
അനുതുദ്ദിനേ ചേതി. 19

ഷം ഹനിക്കുന്നതും, വൃക്ഷം കിളുത്തുവരുവാൻ അതിന്റെ മുരട്ടു വ
നസ്സുന്നതുപോലെ ശരീരത്തിലെ സകലഭാഗങ്ങൾക്കും പുതിയ പു
ഷ്ടിയെ വരുത്തുന്നതാണെന്നും ഗ്രഹിക്കണം *

19 — ശിരോവിരേചനം അതായത് ഉദ്ധ്വംഗശോധനയായ
നസ്യം ഇന്നിന്നവർക്കു ചെയ്യുകൂടെന്നതിനെ വിവരിക്കുന്നു:— ശി
രോവിരേചനം ചെയ്യുകൂടാത്തവരാരെല്ലാമെന്നാൽ, അജീർണ്ണം ബാ
ധിച്ചവൻ ഭക്ഷണം കഴിച്ചവൻ സ്നേഹപാനം ചെയ്തവൻ മദ്യമോ
വെള്ളമോ കുടിച്ചവൻ സ്നേഹമദ്യതോയങ്ങളെ പാനം ചെയ്യാനി
ച്ഛിക്കുന്നവൻ മുങ്ങിക്കുളിച്ചവൻ കുളിക്കുവാൻ ഭാവിച്ചവൻ വിശ
പ്പ് ദാഹം തളർച്ച ഇതുകൾ കലശലായി ബാധിക്കുകയാൽ തളർന്ന
വൻ മദിച്ചവൻ മോഹാലസ്യപ്പെട്ടവൻ മദമൂർച്ഛാദിരോഗങ്ങ
ളുള്ളവൻ ശസ്ത്രങ്ങൾകൊണ്ടോ വടികൊണ്ടോ ഹനിക്കപ്പെട്ടവൻ—
പ്രഹരിക്കപ്പെട്ടവൻ വ്യവായം നിമിത്തമോ വ്യായാമം ചെയ്യുകയാ
ലോ അതിയായ മദ്യപാനം നിമിത്തമോ ക്ഷീണിച്ചവൻ നവജ്വര
മുള്ളവൻ ദുഃഖിച്ചവൻ വയറിളകിയവൻ സ്നേഹപാനം ചെയ്ത
വൻ ഗർഭിണി പുതിയ പീനസത്തോടുകൂടിയവൻ ഇവർക്കാർക്കു നാ
സ്യം ചെയ്യുകൂട. ഋതുകാലത്തിലല്ലാതേയും—ഋതുസന്ധികളിലും ദു
ർദ്ദിനത്തിലും ആർക്കും നസ്യം ചെയ്യുകൂട. 'മേഘച്ഛന്നേഹനി ദുർദ്ദിനം'
എന്ന് അമരകോശം 'യോജയേന്ന തു നാവനം । തോയമദ്യഗര
സ്നേഹപീതാനാം പാതുമിച്ഛതാം । ഭുക്തഭുക്തശിരഃസ്നാതസ്നാതുകാമ
സ്രുതാസൃജാം । നവപീനസവേഗാർത്തസൂതികാശ്വാസകാസിനാം ।
ക്ഷുദ്ധാനാം ഭുക്തവസ്തൂനാം തഥാ നാർത്തവദുർദ്ദിനേ । അന്യത്രാന്ത്ര
യികാദ്ദ്യാധേഃ' എന്നു വാഗ്ഭടാചാര്യനും പറയുന്നു *

തത്രാജീർണ്ണിഭുക്തഭുക്തേ ഊർദ്ധ്വപ്രവഹാണി സ്രോതാംസ്യാവൃത്യ കാസശ്വാസച്ഛർദ്ദിപ്രതിശ്യായാൻ ജനയേൽ. പീതസ്നേഹസ്യ തദ്വതോപചരേത്കാമാനാം കൃതേ ച പിബതാം മുഖനാസാസ്രാവാത്ത്യുപദ്രവേതിമിരശിരോരോഗാൻ ജനയേൽ. സ്നാതശിരസഃ കൃതേ ച സ്നാനേ ശിരസഃ പ്രതിശ്യായം, ക്ഷുധാർത്തസ്യ വാതപ്രകോപം, തൃഷ്ണാർത്തസ്യ പുനസ്തൃഷ്ണാഭിവൃദ്ധിം മുഖശോഷം ച. ശ്രമാർത്തമത്ത്യുച്ഛ്വസിതാനാമസ്ഥാപനാകേരാ രോഗാഃ സ്യുഃ. ശസ്ത്രസ്നേഹചരതാമേഹസ്ഥിപ്രതരാം രുജം ജനയേൽ. വ്യവായവ്യായാമമേഥുനാനാം ശിരഃസ്നായുനേത്രോരഃപീഡനം. നവജ്വരശോകാഭിതപ്തയോർത്രുഷ്ണാനേത്രനാഡീഭിരനുസൃത്യ തിമിരം ജ്വരവൃദ്ധിഞ്ച കുര്യാൽ. വിരിക്തസ്യ വായുരിന്ദ്രിയോപഘാതം കുര്യാൽ അനുപവസിതസ്യ കഫഃ ശിരോഗുരുതാം ച കണ്ഡൂക്രിമിരോഷാംശ്ച ജനയേൽ. അനവ്ത്യാഗതം സ്തംഭയേൽ. സ കാണഃ കുണിഃ പക്ഷാഹതഃ പീഡസുപ്തി വാ സ്യാൽ. നവപ്രതിശ്യായാർതസ്യ സ്രോതാംസി വ്യാപാദയേൽ. അ

20— ഈ പറഞ്ഞവക്കു ശിരോവിരേചനം ചെയ്യുമ്പോൾ ഉണ്ടാകുന്ന കർമ്മവ്യാപത്തിനെ വിവരിക്കുന്നു:— മുൻവിവരിച്ച അജീർണ്ണി മുതലായവരിൽ അജീർണ്ണം ബാധിച്ചവൻ ഭക്ഷണം കഴിച്ചവൻ ഇവക്കുള്ള ഊർദ്ധ്വാംഗസ്രോതസ്സുകളെ വാതാദിദോഷങ്ങൾ തടുവരണം ചെയ്തുകൊണ്ടിരിക്കും. ആ സമയം നസ്യം ശീലിച്ചാൽ ആ ദോഷങ്ങൾ, കുര ശ്വാസംമുട്ടൽ മർദ്ദി പീനസം എന്ന ഉപദ്രവങ്ങളെ ഉണ്ടാക്കിത്തീർക്കും. സ്നേഹദ്രവ്യമോ മദ്യമോ വെള്ളമോ കുടിച്ചവരോ ഇതുകൾ കഴിക്കുവാനാഗ്രഹിക്കുകയോ ചെയ്യുവർ നസ്യം ശീലിക്കുകയോ ശിരോവിരേചനം ശീലിച്ച ഉടനെ സ്നേഹാദിപാനം ചെയ്യുകയോ ചെയ്താൽ വായിൽനിന്നും മൂക്കിൽനിന്നും വെള്ളമൊലിക്കുക കണ്ണിന്നു മൂടൽ തിമിരം ശിരോരോഗം ഇതുകളെല്ലാം സംഭവിക്കും. ശിരോരോഗസ്വഭാവം ത്രിമർമ്മീയചികിത്സിതത്തിൽ വിരിച്ചിട്ടുമുണ്ട്. മുങ്ങിക്കുളിച്ച ഉടനെ നസ്യംചെയ്യുകയോ നസ്യം ചെയ്ത ഉടനെ കുളിക്കുകയോ ചെയ്താൽ പീനസമുണ്ടാകും. കലശം ചെയ്തു വിരേചിച്ചവന്നു നസ്യംചെയ്താൽ വാതകോപവും, ഓറനുള്ളവന്നു ചെയ്താൽ ദോഷം വർദ്ധിക്കുകയും വായുവരുകയും ചെയ്യും.

ന്യതുദ്ദിനേ ശീതം പൂതിനാസികാ ശിരോരോഗശ്ച സ്യാൽ. ത
സ്മാദേതേ ന ശിരോവിരേചനാഹാഃ. 20

ശേഷാ അഹാഃ. ശിരോദന്തമന്യാഹനുഗ്രഹപീനസഗളഗ
ണ്ഡതുണ്ഡികാശാലൂകതൂക്ഷതിമിരവർത്മരോഗവ്യംഗോപജിഹ്വികാ

തളച്ചയുള്ളവൻ മദമൂർച്ഛായങ്ങളുള്ളവൻ ഇവക്കെല്ലാം നസ്യംചെ
യ്യാൽ ഇവക്ക് അനുവാസനംചെയ്യാൽ എന്തു ദോഷം ഭവിക്കുമെ
ന്നാണോ പറഞ്ഞിരിക്കുന്നത് അതു സംഭവിക്കും. ശസ്ത്രബന്ധാഹ
തന്മാക്ക് അതികഠിനമായ വേദനയുണ്ടാകും. സ്ത്രീസേവനിമിത്ത
മോ വ്യായാമംനിമിത്തമോ ക്ഷീണിച്ചവക്ക് നസ്യംചെയ്യാൽ ശിരസ്സ്
ചുമല്പ് കണ്ണ് ഉരസ്സ് ഇവിടങ്ങളിൽ മർദ്ദിക്കുന്നതുപോലെയുള്ള വേ
ദനയുണ്ടാകും. നവജ്വരംനിമിത്തവും ശോകത്താലും അഭിഭൂതനായ
വന്നു നസ്യംചെയ്യുമ്പോൾ അവൻെറ വർദ്ധിച്ച ശരീരോഷ്മാവ് നേ
ത്രനാഡികളെ അനുസരിക്കുകനിമിത്തം തിമിരം ബാധിക്കുമെന്നു മാ
ത്രമല്ല പനിക്കു ശക്തിയെ വർദ്ധിപ്പിക്കുകയും ചെയ്യും. മലശോധന
വരുത്തിയവന്നു നസ്യംചെയ്യാൽ വായു കോപിക്കുകയും അതു ച
ക്ഷുശ്ശ്രോത്രാദി ഇന്ദ്രിയങ്ങൾക്ക് ഉപരോധത്തെ വരുത്തുകയും ചെ
യ്യും. ഇവിടത്തെ വിരേകശബ്ദംകൊണ്ടു വമനത്തെയും ഗ്രഹിക്കാം.
അനുവാസിതന്നു ചെയ്യാൽ കഫം കോപിക്കുകയും അതു തലയ്ക്കു ക
നം ചൊറിച്ചിൽ ക്രിമിദോഷം എന്നതുകളെയും ചെയ്യും. ഗർഭിണി
ക്കു നസ്യംചെയ്യാൽ ഗർഭത്തിന്നു സുഭംസംഭവിക്കും. ആ ഗർഭസ്ഥനാ
യ ശിശു ശോകുണ്ണനായോ ശരീരം ചുരുങ്ങിയവനായോ(കുണിഃ സം
കോചേ എന്ന ധാതു)ഏതെങ്കിലും ഒരുഭാഗം ശക്തിയില്ലാത്തവനാ
യോ പീഡസപ്പിയായോ ഭവിക്കും. പീനസം തുടങ്ങിയ ഉടനെ നസ്യം
ചെയ്യാൽ നാസാസ്രോതസ്സുകളെ നശിപ്പിക്കും. അന്യതുദർദ്ദിനങ്ങ
ളിൽ നസ്യംചെയ്യാൽ ശൈത്യവും മൂക്കുനാറലും ശിരോരോഗവും
സംഭവിക്കും. ഈ പറഞ്ഞ കാരണങ്ങൾനിമിത്തം ഇവക്കാർക്കും (അ
ന്യതുദർദ്ദിനത്തിലും) നസ്യംചെയ്യുപോകരുതെന്നു പ്രത്യേകം ധരി
ക്കുകയും വേണം *

21 — ശിരോവിരേചനാർഹന്മാരെ വിവരിക്കുന്നു:— ഈ പ
റഞ്ഞവരൊഴിച്ചു ബാക്കിയുള്ളവക്കെല്ലാം ശിരോവിരേചനംചെ
യ്യാം. എന്നാൽ, ശിരോഗ്രഹം ദന്തഗ്രഹം മന്യകൾക്കുള്ള പിടിച്ചു

ർദ്ധാവഭേദകഗ്രീവാസ്കന്ധനന്യനാസികാകർണ്ണാക്ഷിശംഖകപാലശിരോരോഗാർദ്ദിതാപതന്ത്രകാപതാനകഗളഗണ്ഡതേഷ്ടുലഹർഷചാലാക്ഷിചാലാർബ്ബുദസ്വരപരിപാകപ്രശ്യാമതയ്യ ശിരോവിരേചനം പ്രധാനതമമിത്യുക്തം. തദ്ധൃതമാർഗ്ഗമനുപ്രവിശ്യ മജ്ജാപശീകാസക്തം ദോഷം വികാരകരമപകർഷതി. 21

പ്രാവൃഡ്ശരദ്വസന്തേഷ്വിതരേഷ്വാത്യയികേഷു രോഗേഷു നാവനം കുര്യാൽ, ഗ്രീഷ്മേ ഋജ്വഹ്നി ശീതേ മദ്ധ്യാഹ്നേ വർഷാസ്വദുർദ്ദിനേ ചേതി. 22

തത്ര ശ്ലോകഃ.

ഇതി പഞ്ചവിധം കർമ്മ വിസ്തരേണ നിദർശിതം

വലി ഗണ്ഡഗ്രഹം പീനസം ഗളഗണ്ഡം ശുണ്ഡിക ശാമ്പുകം ശ്ലീപദം തിമിരം വർത്മരോഗം കരിമങ്ങ് ഉപജിഹ്വിക ഒരുച്ചെന്നിക്കുത്ത്, ഗ്രീവ സ്കന്ധം മുഖം മൂക്ക് ചെവി കണ്ണ് മൂർദ്ധാവ് കപാലം ശിരസ്സ് ഇവിടങ്ങളിലുണ്ടാകുന്ന രോഗങ്ങൾ അർദ്ദിതം അപതന്ത്രകം അപതാനകം ഗളഗണ്ഡം പല്ലിൽകുത്ത് ദന്തഹർഷം പല്ലിളക്കം അക്ഷിചലനം അർബ്ബുദം സ്വരപരിപാകം— ഒച്ചയ്ക്കു തകരാറ് എന്നിതുകൾക്കെല്ലാം ശിരോവിരേചനം അത്യന്തം പ്രധാനമാണെന്നും പറയപ്പെട്ടിരിക്കുന്നു. നസ്യംചെയ്താൽ അത് ഉത്തമാംഗത്തെ പ്രാപിച്ചുരിന്നശേഷം അവിടെയുള്ള മജ്ജാപശികളിൽതചന്നു പറിനിന്നുകൊണ്ടു രോഗകാരിയായ ദോഷത്തെ ഒഴുവൻ തുടച്ചുകളയുകയും ചെയ്യും *

22—നസ്യം പ്രാവൃഡ്കാലം ശരൽകാലം വസന്തം എന്ന കാലങ്ങളിൽ പതിവായി ശീലിക്കാം. മററു കാലങ്ങൾ നസ്യം ചെയ്യാതെ നിവൃത്തിയില്ല എന്ന വട്ടത്തിൽമാത്രം ശീലിക്കാം. അങ്ങിനെ ചെയ്യുന്ന നസ്യം ഗ്രീഷ്മകാലത്തിൽ രാവിലേയും ശീതകാലത്തിൽ മദ്ധ്യാഹ്നത്തിലും പ്രയോഗിക്കണം. വർഷക്കാലത്ത് ആദിത്യനെ കാണാത്തദിവസം നസ്യം ചെയ്യുകയുമരുത്. ഈ നിയമത്തെ നസ്യം ശീലിപ്പിക്കുന്നസമയം പ്രത്യേകം ഗ്രഹിക്കുകയും വേണം *

അദ്ധ്യായസൂചിവിവരണം.

23—പഞ്ചകർമ്മവിധി എന്ന ഈ അദ്ധ്യായത്തിൽ വമ

യേഭ്യോ യത്തപ്രഹിതം യസ്മാൽ കർമ്മ യേഭ്യശ്ച യദ്ധിതം. 23
ന ചൈകാന്തേന നിർദ്ദിഷ്ടം തത്രാഭിനിവിശേദ്ബുധഃ
സ്വയമപ്യത്ര വൈദ്യേന തർക്കം ബുദ്ധിമതാ ഭവേൽ. 24
ഉൽപദ്യേത ഹി സാവസ്ഥാ ദേശകാലബലം പ്രതി
യസ്യാം കാര്യമകാര്യം സ്യാൽ കർമ്മ കാര്യഞ്ച വർജ്ജയേൽ. 25
ഹൃർദ്ദിഹൃദ്രോഗഗുല്മാർത്തേ വമനം നൈവ ചികിത്സിതേ

നാദിപഞ്ചകർമ്മങ്ങൾ ആർക്കെല്ലാം അഹിതമാണ് — ചെയ്യുകൂടാത്തതാണെന്നും ഓരോകർമ്മവും ആർക്കെല്ലാം നിഷേധിച്ചിരിക്കുന്നുവോ അതുനിമിത്തം അവർക്ക് ഏതെല്ലാം പ്രത്യവായങ്ങൾ സംഭവിക്കുമെന്നും പഞ്ചകർമ്മങ്ങളിൽ ഏതേത് ആർക്കെല്ലാം അത്യന്തഹിതമാണെന്നും ആത്രേയഭഗവാൻ വിസ്തരിച്ചുപദേശിച്ചിരിക്കുന്നു * 24 — ഇങ്ങിനെ എല്ലാം വിധിച്ചിട്ടുണ്ടെങ്കിലും ശാസ്ത്രാർത്ഥത്തെ നല്ലവണ്ണം അറിയുന്നവനും ബുദ്ധിമാനും ഊഹാപോഹശക്തിയുള്ളവനുമായ വൈദ്യൻ ഈ പറഞ്ഞ നിർദ്ദേശത്തിൽമാത്രം മുറുകിപ്പിടിച്ചിരിക്കരുത്. ഇതു സാമാന്യവിധിയാകുന്നു. അതിനാൽ വൈദ്യൻ സ്വബുദ്ധികൊണ്ടുകൂടെ ആലോചിച്ചു കർത്തവ്യാകർത്തവ്യങ്ങളെ നിശ്ചയിക്കുകയും വേണം. ഇതിൽ ഏതെങ്കിലും ഒരു കർമ്മം ഒരുതരം രോഗമുള്ളവന്നു നിഷേധിച്ചിട്ടുണ്ടെങ്കിൽ ആ കർമ്മത്തെ ചെയ്യാതെ സുഖപ്പെടുകയില്ല എന്ന മറ്റുരോഗം അവന്നു പ്രബലമായിട്ടുണ്ടെങ്കിൽ നിഷേധത്തെ വകവെക്കാതെ കർമ്മം ചെയ്യുകയും ഈ പറഞ്ഞതിന്റെ വിപരീതാവസ്ഥയിൽ തീരെ പ്രവൃത്തിക്കാതിരിക്കുകയും വേണം. ഇതേവിധം മററ് അവസ്ഥാഭേദങ്ങളിലും ഊഹ്യമാണെന്നു സാരം * 25 — അതേവിധം ദേശകാലാദിബലസ്വഭാവംനിമിത്തം ആ അവസ്ഥ — സ്വസ്ഥാവസ്ഥസംഭവിക്കുവാൻ വമനാദികൾ ചെയ്യുകയോ ചെയ്യാതിരിക്കുകയോ വേണ്ടതെന്നറിഞ്ഞ്, ചെയ്യണമെന്നു വിധിക്കുന്ന ഭിക്കിൽതന്നെ ചിലപ്പോൾ ചെയ്യാതിരിക്കുകയും — വർജ്ജിക്കുകയും വേണ്ടിവരും * 25-26 — ഹൃർദ്ദി ഹൃദ്രോഗം ഗുല്മൻ ഇതുകളുള്ളവർക്കാർക്കും ഹൃർദ്ദിപ്പിക്കുവാൻ പാടില്ല എന്നും കൃഷ്ണരോഗികൾക്കു വസ്തിചെയ്യുകൂട എന്നുമാണെല്ലോ. ഇവിടെ വിധിച്ചിരിക്കുന്നത്. എന്നാൽ ഹൃർദ്ദി ഹൃദ്രോഗഗുല്മരോഗികൾക്കു ഹൃർദ്ദിപ്പിക്കുന്നതു നല്ലതാണെന്നും

അവസ്ഥാം പ്രാപ്യ നിർദ്ദിഷ്ടാം കുഷ്ഠിനാം വസ്തികർമ്മ ച. 26
തസ്മാൽ സത്യപി നിർദ്ദിഷ്ടേ കുഷ്ഠാദ്യാഢ്യം സ്വയം ധിയാ
വിനാ തുക്കേണ യാ സിദ്ധിസ്തദ്ദുച്ഛാ സിദ്ധിരേവ സാ. 27

ഇതി ചരകസംഹിതായാം
സിദ്ധിസ്ഥാനേ
പഞ്ചകർമ്മീയസിദ്ധിർന്നാമ ദ്വിതീയോദ്ധ്യായഃ.

കുഷ്ഠരോഗിക്കു വസ്തിചെയ്യണമെന്നും അതാതുരോഗങ്ങളുടെ ചികിത്സിതത്തിൽ പറഞ്ഞിട്ടുമുണ്ട്. ഈ രണ്ടു വചനങ്ങളും തമ്മിൽ വിരുദ്ധങ്ങളാണെന്നു തോന്നിയേക്കാം. വാസ്തവത്തിൽ അത് അങ്ങിനെയല്ല. ഇവിടെ പറഞ്ഞതു സാമാന്യവിധിയും ചികിത്സിതത്തിൽ പറഞ്ഞത് അതാതുരോഗങ്ങളുടെ ഇന്നിന്ന അവസ്ഥകളിൽ ഇന്നിന്നതു ചെയ്യേണമെന്ന വിശേഷവിധിയുമാകുന്നു. അതിൽ ഒരു വിഷയത്തിൽ അതായത് ഒരു രോഗത്തെക്കുറിച്ചു തന്നെ ഇങ്ങനെമാതിരി അനേകം നിർദ്ദേശങ്ങൾ കാണുവാനിടയുണ്ട്. അതേവിധം കാണുന്ന ദിക്കിൽ വൈദ്യൻ ദോഷദൂഷ്യാദി സ്വഭാവത്തെ സ്വയമായി ആലോചിച്ചറിഞ്ഞു പ്രവർത്തിക്കുകയും വേണം. യാതൊരാലോചനയും കൂടാതെ തന്ത്രഗ്രന്ഥത്തിൽ ഇന്നരോഗത്തിന്ന് ഇന്നചികിത്സയെ വിധിച്ചുകാണുന്നുണ്ട് അതിനാൽ 'തത്തമേ പൂച്ച പൂച്ച' എന്നു പറിപ്പിച്ച കിളി പറയുംപോലെ അതാതുചികിത്സയെത്തന്നെ ചെയ്യുന്നതായാൽ ചിലപ്പോൾ അതുകൊണ്ടു ഗുണംകിട്ടി എന്നുവരാം. അങ്ങിനെ സംഭവിക്കുന്ന കാര്യസിദ്ധി കേവലം യദൃച്ഛാസിദ്ധിമാത്രമാകുന്നു. അതു വൈദ്യഗുണംകൊണ്ടുമാത്രം സംഭവിക്കുന്നതല്ല. അതിനാൽ ഏതുതരം ചികിത്സാവിധികളെ പ്രയോഗിക്കുമ്പോഴും വൈദ്യൻ രോഗിയുടെ എല്ലാ അവസ്ഥകളേയും നോക്കി അറിഞ്ഞ് അതാതിന്നനുസരിച്ചുവിധം പ്രവർത്തിച്ചുകൊള്ളേണമെന്നും ഭഗവാൻ പ്രത്യേകം അനുശാസിക്കുന്നു എന്നു സാരം *

ഇതി ചരകസംഹിതാവ്യാഖ്യാനേ
വാചസ്സത്ത്യേ
സിദ്ധിസ്ഥാനേ ദ്വിതീയോദ്ധ്യായഃ. (2).

അദ്ധ്യായം 3. വസ്തിസൂത്രീയം.

അഥാതോ വസ്തിസൂത്രീയമദ്ധ്യായം വ്യാഖ്യാസ്യാമഃ.
ഇതി ഹ സ്മാഹ ഭഗവാനാത്രേയഃ.

കൃതക്ഷണം ശൈലവരസ്യ രമ്യേ
സ്ഥിതം ധനേശായതനസ്യ പാർശ്വേ
മഹർഷിസംഘൈർവൃതമഗ്നിവേശഃ
പുനർവ്വസും പ്രാഞ്ജലിരന്വപൃച്ഛൽ. 1

വസ്തിർന്നരേഭ്യഃ കിമവേക്ഷ്യ ഭൂതഃ
സ്യാൽ സിദ്ധിമാൻ കിന്മയമസ്യ നേത്രം
കീദൃക്പ്രമാണാകൃതി കിൽ്ഗുണശ്ച
കേഷാഞ്ച കിംയോനിഗുണശ്ച വസ്തിഃ. 2

അദ്ധ്യായം 3.

1 — ഇപ്രകാരം സമഗ്രമായ ചികിത്സയുടേയും പഞ്ചകർമ്മങ്ങളുടേയും കർത്തവ്യാകർത്തവ്യാദിവിധികളെ ഉപദേശിച്ചതിന്നുശേഷം വൈശ്രവണാലയത്തിന്റെ സമീപത്തിൽ — കൈലാസപാർശ്വത്തിൽ മനോഹരമായ സാനുപ്രദേശത്തിൽ സ്ഥിതനും ശിഷ്യോപദേശത്തിൽ കൃതക്ഷണനും മററ് അനേകം ഋഷീശ്വരന്മാരാൽ സേവിതനുമായ ആത്രേയഭഗവാനോട് അഗ്നിവേശൻ ഇപ്രകാരം ചോദിച്ചു *

2 — 3 — അല്ലയോ ഭഗവൻ! ഈ ഉപദേശിച്ച പഞ്ചകർമ്മങ്ങളിലെ വസ്തി എന്ന ചികിത്സ ഏതുതവസ്ഥകളിലാണ് പ്രയോഗിക്കേണ്ടത്? എങ്ങിനെ പ്രയോഗിച്ചാലാണ് അതു ഫലവത്തായിത്തീരുക? അതിന്നുള്ള നേത്രം — യന്ത്രം എന്തുമാതിരിയായിരിക്കണം? ആ നേത്രം എത്ര വലിപ്പമുള്ളതും എന്ത് ആകൃതിയിലുള്ളതും എന്തു ഗുണമുള്ളതുമായിരിക്കണം? ഏതേതവസ്ഥയിലിരിക്കുന്നവർക്കുള്ള വസ്തി എന്തു യോനിഗുണമായിരിക്കണം? കഷായവസ്തി ചെയ്യേണ്ടും വിധി എന്താണ്? അത് ഏതൊരുവിധ

നിത്രഹകല്പഃ പ്രണിധാനമാത്രേ
സ്നേഹസ്യ പാകഃ ശമനോ വിധിഃ കഃ
കേ വസ്തയഃ കേഷു മതാ ഇതീഹ
ശ്രുത്വോത്തരം പ്രാഹ വചോ മഹർഷിഃ. 3

സമീക്ഷ്യ ദോഷൌഷധദേശകാല-
സാത്മ്യാഗ്നിസത്ത്വാദിവയോബലാനി
വസ്തിഃ പ്രയുക്തോ നിയതം ഗുണായ
സ്യാഃ സർവ്വകർമ്മാണി ച സിദ്ധിമന്തി. 4

ത്തിൽ പ്രണിധാനംചെയ്യണം? അതിൽ ഓരോരുത്തക്കുമുള്ള മാത്രാപ്രമാണമെന്താണ്? സ്നേഹവസ്തിക്കുള്ള സ്നേഹം ഏതൊരുപ്രകാരം കാച്ചിയതായിരിക്കണം? വസ്തിദോഷശമനത്തിന്നുള്ള വിധി എന്താണ്? ആക്ക് ഏതു വസ്തിയാണ് ചെയ്യേണ്ടത് എന്നുള്ളതുകൂടി ഉപദേശിച്ചുതരണേ. (വമനവിരേകങ്ങളുടെ വിധി മുമ്പു സൂത്രസ്ഥാനത്തിൽ ഉപദേശിച്ചിരിക്കുകയാലാണ് ഇവിടെ പഞ്ചകർമ്മങ്ങളിലെ ൩-ം ൪-ം കർമ്മങ്ങളായ നിത്രഹാനുവാസനങ്ങളെപ്പററി പാദിച്ചതെന്നും ഗ്രഹിക്കണം.) ഇപ്രകാരമുള്ള ശിഷ്യന്റെ ചോദ്യത്തെ കേട്ടസമയം ആത്രേയഭഗവാൻ ഈ ചോദ്യങ്ങൾക്കുള്ള ഉത്തരത്തെ ഇതേവിധം ഉപദേശിക്കുകയും ചെയ്തു *

4—വസ്തിചെയ്യുവാൻ ഭാവിക്കുന്നസമയം ആക്ക ചെയ്യുന്നവോ അവന്റെ ദോഷകോപസ്വഭാവം അതിന്നുള്ള ഔഷധം ദേശകാലസ്വഭാവം അവന്റെ സ്വത്തെയുള്ള സാത്മ്യം അഗ്നിബലം സത്ത്വാദിസ്വഭാവം പ്രായം ശരീരബലം ഇതുകളെല്ലാം അറിഞ്ഞ് അതുകൾക്കെല്ലാം അനുഗുണമായ വിധം പ്രയോഗിച്ചാൽ ആ വസ്തി തീർച്ചയായും ഗുണപ്രദമായിത്തീരും. അല്ലയോ അഗ്നിവേശ! വസ്തി എന്നു മാത്രമല്ല ഏതുതരം ചികിത്സയും ഈ പറഞ്ഞതുകളെ അറിഞ്ഞ് അതുകൾക്കു യോജിച്ച വിധം ചെയ്താൽ അതുകളെല്ലാം പൂർണ്ണഫലപ്രദങ്ങളായിത്തീരുമെന്നും ഗ്രഹിക്കണം. വസ്തിയാതൊരു വ്യാപത്തുകൂടാതെ ഫലവത്തായിത്തീരേണമെങ്കിൽ ദോഷാദികൾക്ക് അനുഗുണമായിത്തന്നെ ചെയ്യണമെന്നു സാരം*

5—വസ്തിചെയ്യുവാനുള്ള യന്ത്രം, സ്വർണ്ണം വെള്ളി ഇയ്യം

സ്വവർണ്ണത്രപ്വുത്രപുതാമ്രരീതി-
കാംസ്യാസ്ഥിശസ്ത്രദ്രുമവേണുദന്തൈഃ
നഖൈർവ്വിഷാണൈർമ്മണിഭിശ്ച തൈസ്തൈഃ
കാര്യാണി നേത്രാണി ത്രികർണ്ണികാനി. 5
ഷഡംഗുലോഷ്ടാംഗുലസമ്മിതാനി
ഷഡ്വിംശതിർദ്ദ്വാദശവർഷജാനാം
സ്യുർമ്മുദ്ഗകർക്കന്ധുസതീനവാഹി-
ഛിദ്രാണി വർത്ത്യാ പിഹിതാനി ചാപി. 6
യഥാവയോംഗുഷ്ഠകനിഷ്ഠികാഭ്യാം
മൂലാഗ്രയോഃ സ്യുഃ പരിണാഹവന്തി
ജ്ഞേയാനി ഗോപുച്ഛസമാകൃതീനി
ശ്ലക്ഷ്ണാനി ച സ്യുർഗ്ഗുളികാമുഖാനി. 7

ചെമ്പ് പിച്ചള ഓട് അസ്ഥി ശസ്ത്രദ്രുമം (പിണ്ഡീതരു എന്നു് ഔഷധിനിഘണ്ടു) മുള ആനപ്പല്ല് മുതലായ പല്ലുകൾ വേഴംപുല്ല് കൊമ്പുകൾ രത്നങ്ങൾ ഇതുകൾകൊണ്ടെല്ലാം യുക്തിപോലെ വസ്തിക്കുള്ള യന്ത്രമുണ്ടാക്കാം. എന്നാൽ ആ യന്ത്രത്തിൽ മൂന്നു കുഴികളുണ്ടായിരിക്കുകയും വേണം 6— ആ യന്ത്രം ആറു വയസ്സായവന്നു വസ്തിചെയ്യുവാൻ ആറ് അംഗുലം നീളമുള്ളതും 10 വയസ്സായവന്നു പന്ത്രണ്ട് അംഗുലം നീളമുള്ളതും പന്ത്രണ്ടു വയസ്സായവന്ന് എട്ട് അംഗുലം നീളമുള്ളതുമായിരിക്കണം. ഇതിൽ ന്യ അംഗുലം നീളമുള്ളതു ചെറുപയറു കൊള്ളത്തക്ക ദ്വാരമുള്ളതും ഏഴ അംഗുലം നീളമുള്ളതു ലന്തക്കുരു (തുരടിപ്പഴമെന്നും പക്ഷം) കൊള്ളത്തക്ക ദ്വാരമുള്ളതും വ്യ അംഗുലമുള്ളതു മലങ്കടലയ്ക്കു കൊള്ളത്തക്ക ദ്വാരമുള്ളതും ആ ദ്വാരങ്ങൾ തിരികൊണ്ട് അടച്ചതുമായിരിക്കണം. 7— ആൎക്കു വസ്തിചെയ്യുവാനുള്ള യന്ത്രമാണോ അതിന്റെ മുരട് അവന്റെ പെരുവിരലോളം വണ്ണവും അഗ്രം ചെറുവിരലോളം വണ്ണവുമുണ്ടായിരിക്കണം. ആ യന്ത്രം ലേശംപോലും ചുരുവില്ലാതെ നേരേയായിരിക്കുകയും മുരട്ടനിന്ന് അഗ്രത്തിലേക്കുള്ള വണ്ണക്കുറവ് പശുവിന്റെ വാലിന്റെ മാതിരി ക്രമത്തിൽ വാച്ചയുള്ളതും മുരട്ടുമുതൽ അഗ്രംവരെ നല്ല തിരുമിനുപ്പുള്ളതും അഗ്രം ഗുളി

സ്യാൽ കർണ്ണികൈകാഗ്രചതുർത്ഥഭാഗേ
മൂലാശ്രിതേ വസ്തിനിബന്ധനേ ച
ജരൽഗവോ മാഹിഷഹാരിണോ വാ
സ്യാത്സൌകരോ വസ്തിരജസ്യ വാപി. 8
ദുഗ്ധസ്നുനസ്നിഗ്ദ്ധസിരോ വിഗന്ധഃ
കഷായരക്തഃ സുമൃദുഃ സുശുദ്ധഃ
ഗുണാം വയോ വീക്ഷ്യ യഥാനുരൂപം
നേത്രേഷു യോജ്യസ്തു സുബദ്ധസൂത്രഃ. 9
വസ്തേരഭാവേ പ്ലവജോ ഗളോ വാ
സ്യാദങ്കപാദഃ സുഘനഃ പടോ വാ

കാകൃതിയിൽ ഉരുണ്ടതുമായിരിക്കണം * 8— യന്ത്രത്തിന്മേൽ മൂന്നു കർണ്ണികകളുണ്ടായിരിക്കേണമെന്നു പറഞ്ഞതിൽ ഒന്ന്, അതിന്റെ ആകെയുള്ള നീളത്തിൽ നാലിലൊരുഭാഗം അഗ്രത്തിങ്കൽനിന്നു താഴെയും ബാക്കി രണ്ടെണ്ണം മുരട്ടുമായിരിക്കണം. മുരട്ടിലുള്ളതുകൊണ്ടു വസ്തി അതായതു വസ്തിചെയ്യുവാനുള്ള ദ്രവ്യംനിറയ്ക്കുവാനുള്ള തോൽസഞ്ചി കെട്ടുവാനുള്ളവയുമാകുന്നു. അഗ്രത്തിന്റെ താഴെയുള്ളത് യന്ത്രം അധികം അകത്തു പ്രവേശിച്ചുപോകാതിരിക്കുവാനുള്ളതാണെന്നും ഗ്രഹിക്കണം. ഈ യന്ത്രത്തിന്മേൽ കെട്ടിത്തൂക്കുവാനുള്ള വസ്തി പശുവിന്റെയോ പോത്തിന്റെയോ മാനിന്റെയോ പന്നിയുടേയോ ആടിന്റേയോ ആയിരിക്കണം. 9—അതു നല്ല ഉറപ്പുള്ളതും കനംകുറഞ്ഞതും ഞരമ്പുകളില്ലാത്തതും ദുർഗ്ഗന്ധമില്ലാത്തതും— ഊറക്കിട്ടു ശുദ്ധിവരുത്തിയതും കഷായവർണ്ണമോ രക്തവർണ്ണമോ ആയിട്ടുള്ളതും മാർദ്ദവമുള്ളതും നിർമ്മലവുമായിരിക്കണം. ആ വസ്തി ചെയ്യുന്നവോ അവന്റെ പ്രായത്തിന്ന് അനുരൂപമായ മാത്രയിലുള്ള വസ്തിദ്രവ്യം കൊള്ളത്തക്കവിധം പ്രായാനുസാരമുള്ള നേത്രങ്ങളിലെ കടയ്ക്കിലെ കുറ്റികളിൽ പിടിപ്പിച്ചു ചരടുകൊണ്ടു നല്ലവണ്ണം മുറുക്കി കെട്ടുകയും വേണം *

10— ഈ പറഞ്ഞ ഗുണങ്ങളോടുകൂടിയ ചർമ്മവസ്തി കിട്ടാതിരുന്നാൽ അതിന്റെ സ്ഥാനത്തു മരവിരിയോ അങ്കപാദമോ—ക

നേത്രസ്യ ചാലാഭത ഏവ നാഡീ
ഹിതാസ്ഥിജാ വംശഭവോ നളോ വാ 10
ആസ്ഥാപനാർഹം പുരുഷം വിധിജ്ഞഃ
സമീക്ഷ്യ പുണ്യേഹനി ശുക്ലപക്ഷേ

മ്പിളിയോ കട്ടിയുള്ള പുതപ്പോ ഉപയോഗിക്കാം. നേത്രമില്ലെങ്കിൽ അസ്ഥികൊണ്ടുണ്ടാക്കിയ കുഴലോ മുളക്കുഴലോ ഉപയോഗിക്കുകയും ചെയ്യാം *

11—ചികിത്സാകർമ്മത്തെ ചെയ്യേണ്ടും വിധികളെ അറിയുന്നവനായ വൈദ്യൻ ഇവൻ ആസ്ഥാപനം ചെയ്യത്തക്കവനാണെന്നറിഞ്ഞാൽ വെളുത്തപക്ഷത്തിൽ ചികിത്സ തുടങ്ങുവാൻ നല്ലതായ ദിവസം അഷ്ടമരാശിക്കൂറുമുതലായ കർത്തൃദോഷങ്ങളില്ലാത്ത ദിവസം ശുഭമുഹൂർത്തസമയം തലേദിവസം ഭക്ഷണംകഴിച്ച ആഹാരം നല്ല വണ്ണം ദഹിച്ചവനും വസ്തികർമ്മത്തിൽതന്നെ മനസ്സിരുത്തുന്നവനുമായ ആതുരനെ അടുത്തു വിവരിക്കുന്നമാതിരി ചികിത്സിക്കുകയും വേണം. ചികിത്സക്കു നല്ലദിവസങ്ങൾ: 'ചിത്രാദ്ര്യശ്വിവിധിത്രിവാരുണഗുരുശ്രീശാഃ കുജാർക്കാഗ്ന്യവിഷ്ടാരം ബ്ജക്ഷയദുഷ്ടയോഗചരവീണാന്ത്യാളിരിക്തതിഥിഃ ശുഭാഃ। നോ പൂർണ്ണാ വിധനാരിഗാഅപിഖരാജവമത്രയഞ്ചൌഷധേ നേത്രേക്ഷ്യോഗ്രഭേ നാസ്ഥഭാനിശുഭദേസ്സ്യുരുചരോധമുഖാഃ' ചികിത്സക്കു ചിത്ര ചോതി അശ്വതി രോഹിണി മകീരം തിരുവാതിര ചതയം പൂയം തിരുവോണം ഈ ഒമ്പതുനാളുകളും, ചൊവ്വ ഞായർ വ്യാഴം ബുധൻ ഈ നാല് ആഴ്ചകളും വേലിക്കൂറാറും ദ്വാദശം ഏകാദ്ദശിയും വൈധൃതം ദ്വിദ്ധയോഗം മൃത്യുയോഗം ഇതുകളും ചരരാശികളും മിഥുനം മീനം വൃശ്ചികമെന്ന രാശികളും രിക്തയും നന്ന്. പൂർണ്ണാതിഥികളും ആറിലും എട്ടിലും പാപികളും രോഗിയുടെ പിറന്നാളും പക്ഷപ്പിറന്നാളുകളും ഗുളികൻ വിഷ്ടിക്കരണം ശൂന്യഭാനം വിഷം ഉണ്ണാശിഖ ഇതുകളൊന്നും കൊള്ളരുത്. ഇത് ഏതുതരം ചികിത്സക്കും നോക്കേണ്ടതാകുന്നു. ഇതിലെ വിശേഷത്തെ പറയുന്നു: നേത്രരോഗചികിത്സക്കു പാപവാരങ്ങളും—ഞായറാഴ്ച ചൊവ്വാഴ്ച ശനി

പ്രശസ്തനക്ഷത്രമുഹൂർത്തയോഗേ
ജീർണ്ണാന്നമേകാഗ്രമുപക്രമേത 11
ബിൽവം ഗുളൂചീം ത്രിഫലാം സരാസ്നാം
ദ്വേ പഞ്ചമൂലേ ച പലോന്മിതാനി
അഷ്ടൌ പലാന്യർദ്ധതുലാം ച മാംസാൽ
ഭാഗാൽ പചേത്സ്നേ ചതുരസ്തു ശേഷം. 12
ഘൃതം യവാനീഫലവില്വകുഷ്ഠ-
വചാശതാഹ്വാഘനപിപ്പലീനാം
കല്കൈർഗ്ഗുഡക്ഷൌദ്രഗുളൂചിതൈസ്സതൈലൈ-
ർയ്യുക്തം സുഖോഷ്ണൈസ്തു പിചുപ്രമാണൈഃ 13
ഗുളാൽ പലം ദ്വിപ്രസൃതാസ്തു മാത്രാം
സ്നേഹസ്യ യുക്ത്യാ മധുനൈസ്തു ചാദി

യാൽ ഇതുകളും വെള്ളിയാഴ്ചയും കണ്ണില്ലാത്ത നാളുകളും കൊള്ളരുത്. ചേലിയേറാവും കണ്ണുള്ള നാളുകളും നന്ന്. പ്രസവൌഷധത്തിന്നു ചരരാശികളും അധോമുഖരാശികളുമായിരിക്കണം. കുഷ്ഠത്തിന്നു പാപദൃഷ്ടിയേങ്കിലും നിന്ദ്യങ്ങളല്ല. ഔഷധം വരിപ്പാനും കൊള്ളാനും ഗുളികൻ വിഷ്ടി ഗണ്ഡാന്തം വിഷം ഉഷ്ണം എന്നതുകളെ വർജ്ജിക്കുകയും വേണം *

12-14—വസ്തിദ്രവ്യമുണ്ടാക്കുവാനുള്ള വിധിയെ പറയുന്നു:— കുറുന്തോട്ടിവേര് ചിറ്റമൃത് ത്രിഫല അരത്ത രണ്ടു പഞ്ചമൂലങ്ങൾ—ഹ്രസ്വപഞ്ചമൂലവും മഹൽപഞ്ചമൂലവും (ദശമൂലം) ഇവ ഓരോ മരുന്നും ഓരേ പലം. ആട്ടിൻമാംസം പലം ദ്രവ്യ. എല്ലാംകൂടെ വിധിപ്രകാരം കഷായംവെച്ച് നാലൊന്നാക്കി അരിച്ച് അരിൽ, ജീരകം മലങ്കാരയ്ക്കു കുവളത്തിൻവേര് കൊട്ടം വയമ്പ് ശതകുപ്പ മുതങ്ങ തിപ്പലി ഇവ മുമ്മൂന്നുകഴഞ്ച് അരച്ചുകലക്കി ഒരു പലം ശർക്കരയും ഉരി നെയ്യും ഉരി എണ്ണയും യുക്തിപോലെ തേനും ഇന്തുപ്പു മുതലായതും ചേർക്കണം. കഷായത്തിൽ സ്നേഹാദി ദ്രവ്യത്തെ ചേർത്തു കടകോൽകൊണ്ടു കടഞ്ഞതിന്നുശേഷം മുൻപറഞ്ഞ വസ്തിയിലാക്കി നേത്രത്തിന്റെ കുറിയിൽവെച്ചു ദൃഢമായി

സ്നേഹം സുനിർമ്മത്ഥ്യ തതോനുകല്പാ
പ്രക്ഷിപ്യ വസ്നൌ മഥിതാ ഖജേന. 14
വസ്തിം തതഃ സവ്യകരേ നിധായ
സുബദ്ധമുച്ഛ്രിത്യ ച നിർവ്വ്യളീകം
അംഗുഷ്ഠമദ്ധ്യേന മുഖം പിധായ
നേത്രാഗ്രസംസ്ഥാമപനീയ വർത്തിം. 15
തൈലാക്തഗാത്രം കൃതമൂത്രവിഡ്കം
നാതിക്ഷുധാർത്തം ശയനേ മനുഷ്യം.
സമേഥവേഷ്ടന്തതലൈരസേ വാ
നാത്യുച്ഛ്രിതേ സചാസ്തരണോപപന്നേ. 16
സവ്യേന പാർശ്വേന സുഖം ശയാനം
കൃതപ്രജ്ഞുദേഹം സപ്രഭുജോപധാനം
നികുഞ്ച്യ സവ്യേതരദസ്യ സകഥി
വാമം പ്രസാര്യ്യ പ്രണയേത്തതസ്തം. 17
സ്നിഗ്ദ്ധ ഹൃദേ നേത്രചതുർത്ഥഭാഗം
സ്നിഗ്ദ്ധം ശനൈർന്നുദ്ദ്വിജുപൃഷ്ഠവംശം

കെട്ടി ഉറപ്പിക്കുകയും വേണം * 15—അതേവിധം ദ്രവ്യം നിറച്ചിരിക്കുന്ന വസ്തിയെ വൈദ്യൻ തന്റെ ഇടത്തെ കയ്യിൽവെച്ചു കെട്ടുകയും യന്ത്രത്തിന്റെ അഗ്രത്തിൽ അടപ്പായി വെച്ചിരിക്കുന്ന വർത്തിയെ എടുത്തുകളഞ്ഞു പെരുവിരലിന്റെ മദ്ധ്യംകൊണ്ട് ആ ദ്വാരം പൊത്തിപ്പിടിച്ചതിന്നുശേഷം ദ്രവ്യം നേരേ കയറുന്നുണ്ടോ എന്നറിയുവാനായി ആ വസ്തിയെ രണ്ടു മൂന്നു പ്രാവശ്യം പിടിച്ചു ഞക്കുകയും വേണം *

16–18—ഇപ്രകാരം വസ്തിനേത്രദ്രവ്യങ്ങളെ ഒരുക്കിവെച്ചതിന്നുശേഷം വസ്തി ചെയ്യേണ്ടവനെ ദേഹമാസകലം എണ്ണ തേപ്പിച്ചതിൽപിന്നെ മലമൂത്രവിസർജ്ജനം ചെയ്യിച്ചവനും കഠിനമായ വിശപ്പു ബാധിക്കാത്തവനുമായ രോഗിയെ, സമമായോ തലയ്ക്കിൽ ഭാഗം അല്പം താണതോ (തലയിണ വെക്കാത്തതായ) ആയതും വളരെ പൊക്കമില്ലാത്തതും നല്ല വൃത്തിയുള്ള വിരിപ്പു വിരിച്ച

അകമ്പനാവേപനലാഘവാദീൻ
പാണ്ന്യാഗ്ഗുണാംശ്ചാപി ഹി ദർശയംസ്തം. 18
പ്രപീഡ്യ ചൈകഗ്രഹണേന ദത്തം
നേത്രം ശനൈരേവ തതോപകർഷേൽ
തിര്യക്പ്രണീതേ തു ന യാതി ധാരാം
ഹൃദി വ്രണഃ സ്യാച്ചലിതേ ച നേത്രേ. 19
ദത്തഃ ശനൈർന്നാശയമേതി വസ്തിഃ
കണ്ഠം പ്രധാവത്യതിപീഡിതശ്ച
ശീതസ്യ തിസ്തംഭകരോ വിദാഹം
മൂർച്ഛാം ച കുര്യാദതിമാത്രമുഷ്ണഃ. 20
സ്നിഗ്ധോതി ജാഡ്യം പവനഞ്ച രൂക്ഷ-
സ്തനല്പമാത്രാ ലവണസ്യ യോഗം

ത്തുമായ കിടക്കമേൽ ഇടത്തുപുറം ചെരിച്ചുകിടത്തുകയും അവൻ നീൻകിടക്കുകയും ഇടത്തെ കൈമടക്കി തലയിണയാക്കിവെക്കുകയും വലത്തെ കാൽ മടക്കിവെക്കുകയും ഇടത്തെ കാൽ നീൎത്തിവെക്കുകയുംചെയ്തു കിടന്നാൽ അവൻെറ ഹൃദത്തിൻ സ്നേഹദ്രവ്യം പുരട്ടി സ്നിഗ്ദ്ധത വരുത്തിയതിന്നുശേഷം വസ്തിനേത്രത്തിന്മേലും സ്നേഹദ്രവ്യം പുരട്ടി ആ നേത്രത്തിൻെറ ആകേ നീളത്തിൻെറ നാലിൽ ഒരുഭാഗം—അഗ്രകീലകപൎയ്യന്തം പതുക്കെപ്പതുക്കെ നേരെ തണ്ടെല്ലിനോടടുപ്പിച്ച് അകത്തേക്കു കടത്തുകയും വേണം. ആ സമയം വൈദ്യൻെറ കയ്യ് ഇളകുകയോ വിറക്കുകയോ ലാഘവമില്ലാതിരിക്കുകയോ—പ്രണയനത്തിൽ ഇടതാമസം വന്നുപോകയോ ചെയ്തുപോകരുത് *

19—22—ഇപ്രകാരം ഹൃദത്തിൽ നേത്രത്തെ പ്രവേശിപ്പിച്ചതിന്നു ശേഷം ഒരൊററ പ്രാവശ്യം ഞക്കി വസ്തിയിലെ ഔഷധത്തെ അകത്തു കയററുകയും പിന്നെ യന്ത്രത്തെ സാവധാനത്തിൽ പുറത്തിടുക്കുകയും വേണം. ഇങ്ങിനെ വസ്തി ചെയ്യുന്നതു വിലങ്ങത്തിലായിപ്പോയാൽ ഒരേ ധാരയായി അകത്തു കയറുകയില്ല. യന്ത്രം ഇളകിപ്പോയാൽ ഹൃത്തിൽ വ്രണം സംഭവിക്കും. വസ്തി ഞക്കുന്നതു വളരെ സാവധാനത്തിലായാൽ അതു ചെല്ലേണ്ട സ്ഥാ

കരോതി മാത്രാഭ്യധികോതിയോഗം
ക്ഷാമം തു സാന്ദ്രഃ സുചിരേണ ചൈതി. 21
ദാഹാതിസാരൌ ലവണാതി കുഷ്ണാ-
ത്തസ്മാൽ പ്രയുക്തസ്സമമേവ ദദ്യാൽ
പൂർവ്വം ഹി യോജ്യം മധുസൈന്ധവാഭ്യാം
സ്നേഹം വിനിർമ്മഥ്യ തതോനു കല്കം. 22
വിമഥ്യ സംയോജ്യ പുനർദ്രവൈസ്തു-
ദ്വസ്തൌ വിദദ്ധ്യാന്മഥിതം ഖജേന
ആമാശ്രിതോഗ്നിർഗ്രഹണീ ഗ്രഹേ ച
തൽപാർശ്വസംസ്ഥസ്യ സുഖോപലബ്ധിഃ. 23
ലീയന്ത ഏവം വലയശ്ച തസ്മാൽ
സർവ്വം ശയാനേഹ്നി വസ്തിദാനം

നത്തിലേക്ക് ആ ദ്രവ്യം എത്തുകയില്ല. വേണ്ടതിലധികം ഊക്കോടുകൂടെ ഞെക്കിയാൽ ആ ദ്രവ്യം കഴുത്തുവരെ കയറിപ്പോകയും ചെയ്യും. വസ്തിചെയ്ത ദ്രവ്യം വളരെ തണുത്തുപോയാൽ ശരീരസ്തംഭത്തെ ഉണ്ടാക്കും. അധികം ചൂടുള്ളതായാൽ ഉൾപ്പുഴക്കവും മോഹാലസ്യവും ഉണ്ടാക്കിത്തീർക്കും. ആ ദ്രവ്യം അധികം സ്നിഗ്ദ്ധമായാൽ ശരീരത്തിന്നു ജാഡ്യവും രൂക്ഷമായാൽ വാതകോപവും ദ്രവ്യം വേണ്ടേടത്തോളമില്ലാതിരിക്കുകയോ ലവണം വേണ്ടേടത്തോളമില്ലാതിരിക്കുകയോ ചെയ്തുപോയാൽ അയോഗവും അധികമായാൽ അതിയോഗവും സംഭവിക്കുവേണ്ടതിലധികം കൊഴുത്തുപോയാൽ വളരെ സാവധാനത്തിൽ മാത്രമേ അകത്തു പ്രവേശിക്കുകയുള്ളു എന്നും ഗ്രഹിക്കണം. ഇന്തുപ്പു ചേർക്കുന്നത് അധികമായിപ്പോയാൽ ചുട്ടുനീറലും അതിസാരവുമുണ്ടാകും. അതു നിമിത്തം ലവണാദികളെല്ലാം സമമായിത്തന്നെ ചേർക്കുകയും വേണം. കഷായത്തിൽ തേനും ഇന്തുപ്പും ആദ്യം ചേർക്കുകയും പിന്നെ കടഞ്ഞു യോജിച്ചതിന്നുശേഷം സ്നേഹദ്രവ്യംകൂട്ടി യോജിപ്പിക്കുകയും, 23—പിന്നെയും ഒന്നുകൂടെ കടഞ്ഞുയോജിപ്പിച്ച വേണ്ടേടത്തോളം ദ്രവദ്രവ്യവും ചേർക്കുക. ഇതേവിധം കടകോൽകൊണ്ടു കടഞ്ഞു യോജിപ്പിച്ചതായ ആ വസ്തിദ്രവ്യം മുൻ പറഞ്ഞപ്രകാരം വസ്തി ചെയ്യുകയും വേണം.

വിഡ്വാതവേഗോ യദി ചാദ്ധ്വഗത്തേ
നിഷ്ക്ഷിപ്യ മുക്തേ പ്രണയേദശേഷം. 24
ഉത്താനഹേതുശ്ച കൃതോപധാനഃ
സ്യാദ്വീര്യമാപ്നോതി തഥാസ്യ ദേഹം
ഏകോപകഷ്ടസ്ത്വനിലം സ്വമാർഗ്ഗാൽ
പിത്തം ദ്വിതീയസ്തു കഫം തൃതീയഃ. 25

ഇടത്തുപുറം ചെരിഞ്ഞുകിടന്നു വസ്തിചെയ്താൽ ആ ദ്രവ്യം ആ മാർഗ്ഗത്തെ ആശ്രയിച്ചുനില്ക്കുന്ന അഗ്നി ഗ്രഹണി ഹൃദം എന്നതുകളെയെല്ലാം യാതൊരു പ്രയാസവും കൂടാതെ പ്രാപിക്കുകയും, 24—ജാരാന്തർഭാഗത്തുള്ള ഹൃദവലി മുതലായ വലികളിൽ ചെന്ന് ഉറച്ചുനില്ക്കുന്ന ദോഷങ്ങളെ അലിപ്പിച്ചുകളയുകയും ചെയ്യും. അതാണ് വസ്തിചെയ്യുന്നത് ആതുരനെ ഇടത്തുപുറം ചെരിച്ചുകിടത്തി ചെയ്യേണമെന്നു പറഞ്ഞതിന്റെ സാരമെന്നും ഗ്രഹിക്കണം. വസ്തിദ്രവ്യത്തെ അകത്തു കയറുന്നതിന്റെ മദ്ധ്യത്തിൽ മലവിസർജ്ജനം ചെയ്യേണമെന്നോ അധോവായു വിടേണമെന്നോ തോന്നിപ്പോയാൽ ഉടനെ വസ്തിനേത്രത്തെ പുറത്തെടുത്ത് അതുകളെ വിസർജ്ജിച്ചതിന്നുശേഷം മുൻപ്രകാരം നേത്രം വെച്ചു ബാക്കിയുള്ള ദ്രവ്യത്തേയും അകത്തു കയററണം. വസ്തിദ്രവ്യത്തെ ഒന്നായി അകത്തു പ്രവേശിപ്പിക്കേണമെന്നാണ വിധി എങ്കിലും വാതവർച്ചോവേഗങ്ങളെ ധരിക്കുന്നതു വസ്തി ഒന്നായി പ്രണയനം ചെയ്യാത്തതിനേക്കാൾ എത്രയോ അധികം അപായകരമാണ്. അങ്ങിനെ വന്നുപോയാൽ അവിടെ വേഗവിസർജ്ജനാനന്തരമേ വസ്തി ചെയ്യാകൂട്ടു എന്നു സാരം *

25—വസ്തിചെയ്തു നേത്രം പുറത്തെടുത്താൽ പിന്നെ അവൻ തലയിണവെച്ചു മലന്നുകിടക്കുകയും വേണം. അങ്ങിനെ ചെയ്താൽ വസ്തിദ്രവ്യത്തിന്റെ വീര്യം അവന്റെ ദേഹമാസകലം വ്യാപിക്കുകയും ചെയ്യും. ഇവ്വിധം പറഞ്ഞപ്രകാരം ഒരു വസ്തിചെയ്താൽ അത്, കോപിച്ചു—അന്യമാർഗ്ഗങ്ങളിൽകൂടെ സഞ്ചരിക്കുന്നതായ വായുവിനെ സ്വസ്ഥാനസ്ഥനാക്കിത്തീർക്കും. പിത്തശമത്തിന്നു രണ്ടുപ്രാവശ്യവും കഫപ്രശമനത്തിന്നു മൂന്നുപ്രാവശ്യവും വസ്തി

പ്രത്യാഗതേ കോഷ്ണജലാവസിക്തഃ
ശാല്യന്നമദ്യാത്തനുനാ രസേന
ജീർണ്ണേ തു സായം ലഘു ചാല്പമാത്രം
ഭുക്ത്വേതരേ ചാസ്യ പരിബൃംഹണാർത്ഥം. 26
നിരൂഹപാരോംശസമേന തൈലേന
ക്ഷാനിലഘ്നൌഷധസാധിതേന
ദ്വിതീയ്യ ചൌ പാണിതലേന ഹന്യാൽ
സ്നേഹസ്യ ശീഘ്രാഗമരക്ഷണാർത്ഥം. 27
ഈഷൽ പരോംഗുഷ്ഠയുഗഞ്ച കക്ഷേ-
ദ്ദത്ത്വാ ച ദേഹസ്യ തതൌ പ്രമൃജ്യാൽ

ചെയ്യേണ്ടതായിവരികയും ചെയ്യും * 25—ഈ പറഞ്ഞ വിധിപ്രകാരം ചെയ്യുന്നതായ വസ്തി സമ്യഗ്യോഗലക്ഷണങ്ങളോടുകൂടെ മടങ്ങിവന്നാൽ സുഖോഷ്ണമായ ജലം സർവ്വാംഗത്തൊഴിച്ചു കുളിക്കുകയും പിന്നെ ഗുരുത്വമില്ലാത്തതായ രസംചേർത്തു ശാല്യന്നത്തെ ഭക്ഷിക്കുകയും വേണം. ആ അന്നം രാത്രിയിലെ ഭക്ഷണകാലത്തെക്കു വേണ്ടതുപോലെ ദഹിച്ചാൽ അപ്പോൾ വളരെ ലഘുത്വമുള്ള അന്നത്തെ അല്പമായ മാത്രയിൽ ഭക്ഷിച്ചതിന്നുശേഷം ശരീരത്തിന്നു ബൃംഹണം വരുവാനായി സ്നേഹവസ്തിയും ചെയ്യണം. നിരൂഹം കൾനവും അനുവാസനം ബൃംഹണവുമാകുന്നു. 'നൈകമേവാതിശീലയേത്' എന്ന സൂത്രസ്ഥാനവചനപ്രകാരം കൾനമായ കഷായവസ്തിചെയ്താൽ ഉടനെ—അന്നുതന്നെ സ്നേഹവസ്തിയും ചെയ്യണമെന്നു സാരം. സ്നേഹവസ്തി ക്രമത്തെ അനുവാസനംതന്നെ വിവരിക്കുകയും ചെയ്യാം *

27—അനുവാസനത്തിന്നുള്ള വിധി കഷായവസ്തിക്കു പറഞ്ഞമാതിരിതന്നെയാണ്. എന്നാൽ അതിന്നുള്ള തൈലം—സ്നേഹദ്രവ്യം കഷായവസ്തിയുടെ ദ്രവ്യത്തിന്റെ മാത്രയിൽ നാലിലൊന്നായിരിക്കണം. അത്തുതന്നെ അല്പരസപ്രധാനങ്ങളും വാതഹരങ്ങളുമായ ഔഷധം ചേർത്തുകാച്ചിയതായിരിക്കുകയും വേണം. സ്നേഹവസ്തി ചെയ്തുകഴിഞ്ഞാൽ ആ സ്നേഹം വേഗത്തിൽ പുറത്തുവരാതിരിക്കുവാൻ വേണ്ടി അവന്റെ രണ്ടു ആസനങ്ങളിന്മേലും കൈകൊണ്ട് അടിക്കുകയും വേണം* 28—യന്ത്രം പുറത്തെടുത്തതിന്നുശേഷം അവൻ മലർന്നുകിടന്നാൽ അവന്റെ രണ്ടുകാലിന്റെ

സ്നേഹേന പാണ്ഡ്യംഗുലിപിണ്ഡികാശ്ച
യേ ചാസ്യ ഗാത്രാവയവാ രുഗാർത്താഃ. 28
താംശ്ചാവമൃജ്യാത്സസുഖം തതശ്ച
നിദ്രാമുപാസീത കൃതോപധാനഃ
ഭാഗാഃ കഷായസ്യ തു പഞ്ച പിത്തേ
സ്നേഹസ്യ ഷഷ്ഠഃ പ്രകൃതൌ സ്ഥിതേ ച. 29
വാതേ വിവൃദ്ധേ തു ചതുർത്ഥഭാഗോ
മാത്രാം നിരൂഹേഷു കഫേഷ്ടഭാഗഃ
നിരൂഹമാത്രാ പ്രസൃതാർദ്ധമാദ്യേ
വയസ്യ തതോർദ്ധപ്രസൃതാഭിവൃദ്ധിഃ. 30
ആ ദ്വാദശാൽ സ്യാൽ പ്രസൃതാഭിവൃദ്ധി-
രഷ്ടാദശാദ്ദ്വാദശതഃ പരം സ്യുഃ

പൊരുവിരലും പിടിച്ച് അല്പമൊന്നു കുടയുകയും സർവ്വാംഗം മിഴുക്കു വുട്ടി തലോടുകയും പർശ്ണിപ്രദേശം വിരലുകൾ കാൽവണ്ണകൾ ഇവിടങ്ങളും വേദനയുള്ള മററ് അവയങ്ങളും വിശേഷിച്ചു തലോടുകയുംവേണം. 29 — ഇതുവിധം തലോടിക്കൊണ്ടിരുന്നാൽ ശരീരത്തിന്നുനല്ലസുഖം തോന്നും അപ്പോൾ തലയിണവെച്ചു കിടന്നുറങ്ങുകയുംവേണം. പിത്തകോപമുള്ളവന്നും പ്രകൃതിസ്ഥനും—രോഗരഹിതന്നുംകഷായവസ്തി ചെയ്യുവാനുള്ള ദ്രവ്യത്തിൽ അഞ്ചുഭാഗം കഷായവും ഒരു ഭാഗം സ്നേഹദ്രവ്യവും ചേർത്തിരിക്കണം* 30 — കലശലായ വാതകോപമുള്ളവന്നു വസ്തിചെയ്യുവാനുള്ള ദ്രവ്യം കഷായത്തിൽ നാലിലൊന്നു സ്നേഹദ്രവ്യംചേർത്തതും, കഫാധികരോഗത്തിൽ കഷായത്തിന്റെ എട്ടിൽഒരുഭാഗം സ്നേഹദ്രവ്യംചേർത്തതുമായിരിക്കണമെന്നും ഗ്രഹിക്കണം. ഇതാണ് നിരൂഹത്തിലെ ദ്രവ്യസംയോജനവിധി. ഒരു വയസ്സുതികയാത്ത ബാലന്നു വസ്തിചെയ്യുമ്പോൾ ആ വസ്തിദ്രവ്യത്തിന്റെ മാത്ര പ്രസൃതത്തിൽ പകുതി അതായത് ഉഴക്കാകുന്നു. , 31 — പിന്നെ പന്ത്രണ്ടുവയസ്സുവരെ ഓരോവയസ്സുകൂടുന്നേരം ഉഴക്കുവീതം വർദ്ധിപ്പിക്കുക. അപ്പോൾ പന്ത്രണ്ടുവയസ്സുകഴിഞ്ഞ് ന്ന പ്രസൃതം അതായത് മൂന്നുനാഴി ദ്രവ്യംവേണമെ

ആ സപ്തതേരുക്തമിദം പ്രമാണ—
മതഃ പരം ഷോഡശവത്പ്രിധേയം. 31
നിത്രുഹമാത്രാ പ്രസൃതപ്രമാണാ
ബാലേ ച വൃദ്ധേ ച മൃദുർവ്വിശേഷഃ
നാത്യുച്ഛ്രിതം നാപ്യതിനീചപാദം
സപാദപീഠം ശയനംപ്രശസ്തം. 32
പ്രധാനമൃദ്വോസ്തൂരണോപപന്നം
പ്രാക്ശീർഷകം ശ്ലക്ഷ്ണപടോത്തരീയം
ഭോജ്യം പുനർവ്യാധിമവേക്ഷ്യ സമ്യക്
പ്രകല്പയേദ്ദ്വിഷപയോരസാദ്യൈഃ. 33

ന്നംവരും. പന്ത്രണ്ടുവയസ്സുമുതൽ ഏഴു വയസ്സുവരെ ഓരോകൊല്ലം തോറും ഒരേപ്രസൃതം— ഉരിവീതം വർദ്ധിപ്പിക്കുകയുംവേണം. അപ്പോൾ ഏഴു വയസ്സായവന്ന് ഏഴു പ്രസൃതം ൩ നാഴി ദ്രവ്യംവേണം. പതിനെട്ടുവയസ്സിന്നുശേഷം ൧൦ വയസ്സുവരെ വസ്തിചെയ്യുവാനുള്ള ദ്രവ്യപ്രമാണം ഇതുതന്നെ— ൩ നാഴിതന്നെയാകുന്നു. അതിന്നുമേൽ പ്രായമായവർക്കുള്ള മാത്ര ൧൯ വയസ്സായവന്നുള്ളപോലെ— ൧൦ പ്രസൃതം (൪നാഴി) സ്വീകരിക്കുകയും വേണം. * 32— ഈ പറഞ്ഞ കണക്കുപ്രകാരം ബാലന്മാർക്കും വൃദ്ധന്മാർക്കുമുള്ള പ്രസൃതപ്രമാണം വിശേഷിച്ചും മൃദുവായിരിക്കണം. ലേശംപോലും അധികരിച്ചു പോകയുമരുത്. 'നിത്രുഹപാദംശസമേന' എന്നു മുമ്പു സ്നേഹവസ്തിയുടെ മാത്രയെ വിവരിച്ചിരിക്കയാൽ ഇതിൽപറഞ്ഞ പ്രായക്കാർക്ക് ഈ മാത്രാപ്രമാണത്തിൽ നാലിലൊന്നു യോജിപ്പിക്കണമെന്നും ഗ്രഹിക്കണം. വസ്തിചെയ്യുമ്പോൾ കിടക്കുവാനുള്ള വിരിച്ച് വളരെ ഉയരമില്ലാത്തതും കാൽഭാഗം വളരെ താഴയില്ലാത്തതും കാൽൽ പീഠം—തലയിണവെച്ചതുമായിരിക്കണം. 33— ആ വിരിപ്പിലെ മേൽ വിരിപ്പ് വിശേഷപ്പെട്ടതും മാർദ്ദവമുള്ളതുമായിരിക്കുകയുംവേണം. കിടക്കുന്നസമയം തല കിഴക്കോട്ടുവെച്ചു കിടക്കുകയും വെളുത്തവസ്ത്രംകൊണ്ടു പുതയ്ക്കുകയുംവേണം. വസ്തിചെയ്തു കഴിഞ്ഞതിന്റെശേഷം ഭക്ഷണംകഴിക്കുമ്പോൾ പരിപ്പുചാറ് പാല് മാംസരസം മുതലായതുകളെ വ്യാധ്യാദിസ്വഭാവത്തെ അപേക്ഷിച്ചു ശീലിപ്പിക്കുകയും വേണം *

സർവ്വേഷു വിദ്യാദിധിമതാദ്യം
വക്ഷ്യാമി വസ്തിനത ഉത്തരീയാൻ
സമ്യക്പ്രണീതാഃ ഖലു വസ്തയോ യേ
വാതാമയഘ്നാശ്ച ബലപ്രദാശ്ച. 34

ദേവപഞ്ചമൂലസ്യ രസോമ്ലയുക്തഃ
സച്ഛാഗമാംസസ്യ സപൂർവ്വശേഷഃ
ത്രിസ്നേഹയുക്തഃ പ്രവരാ വിതൃഹഃ
സർവ്വാനിലവ്യാധിഹരഃ പ്രദിഷ്ടഃ. 35

സ്ഥിരാദിവർഗ്ഗസ്യ ബലാപടോല-
ത്രായന്തികൈരണ്ഡയവൈർവ്വൃതസ്യ
പ്രസ്ഥോ രസഃ ഛാഗരസാദ്ധ്യുക്തഃ
സാദ്ധ്യഃ പരഃ പ്രസ്ഥരസശ്ച യാവൽ. 36

34— ഏതുതരം രോഗിക്കും വസ്തിചെയ്തുതുടങ്ങുമ്പോൾ ആദ്യമായി ചെയ്യേണ്ടുന്നതായ വസ്തിയുടെ വിധി ഇതാണ്. അനന്തരകരണീയങ്ങളായ വസ്തികളുടെ ഔഷധയോഗാദികളെ അനുപദംതന്നെ ഉപദേശിച്ചതധികയും ചെയ്യാം. ആ വസ്തികളെല്ലാം വിധിപ്രകാരം ശീലിപ്പിച്ചാൽ ഏതുതരം വാതരോഗത്തെയും നശിപ്പിക്കുന്നതുകളും ശരീരബലത്തെ വർദ്ധിപ്പിക്കുന്നതുകളുമായിത്തീരുകയും ചെയ്യും *

35— ദേവമൂലകഷായത്തിൽ ആട്ടിൻമാംസവും അമ്ലരസദ്രവ്യങ്ങളുംകൂടെ വെച്ചുണ്ടാക്കിയ രസവും മജ്ജ വസ തൈലമെന്ന മൂന്നു സ്നേഹദ്രവ്യവും ചേർത്തുണ്ടാക്കിയ ദ്രവ്യംകൊണ്ടു വസ്തിചെയ്യുൽ ഏതുതരം വാതരോഗവും നശിക്കും *

36–37— ഓരിലവര് മുപ്പിലവേര് ചെറുവഴുതിനവേര് വെള്ളോട്ടുവഴുതിനവേര് ഞരിഞ്ഞിൽവിൻവേര് കുറന്തോട്ടിവേര് പടോലവള്ളി ബ്രഹ്മി ആവണക്കിൻവേര് യവം ഇവ സമം കഷായംവെച്ചു നാലൊന്നാക്കി പിഴിഞ്ഞരിച്ചു കഷായരസം ഇടങ്ങഴി ൧. ആട്ടിൻമാംസം വെച്ചുറിയ രസം നാഴി ൨. രണ്ടുംകൂടെ ഒന്നിച്ചുമേൽത്തു കുറുക്കി നാലുനാഴിയാക്കി അതിൽ, ഞാഴൽവൃക്ഷ്ത്തി

പ്രിയംഗുകൃഷ്ണാമധുകല്ലയുക്തഃ
സതൈലസർപ്പിർമ്മധുസൈന്ധവശ്ച
സ്യാദ്ദീപനോ മാംസബലപ്രദശ്ച।
ചക്ഷുർബ്ബലഞ്ചാപി ദദാതി സദ്യഃ. 37

ഏരണ്ഡമൂലാത്ത്രിഫലം ഫലാനി
ഹ്രസ്വാനി മൂലാനി ച യാനി പഞ്ച
രാസ്നാശതാഗന്ധാതിബലാഗുഡൂചീ-
പുനർന്നവാരഗ്വധദേവദാരു. 38

ഭാഗാഃ പലാംശാ മദനാഷ്ടയുക്താ
ജലദ്വികംസേ കഥിതേഷ്ടശേഷേ
പേഷ്യാ ശതാഹ്വാഹ്വപുഷാപ്രിയംഗു
സപിപ്പലീകം മധുകം വചാ ച. 39

രസാഞ്ജനം വത്സകബീജമുസ്തം
ഭാഗാക്ഷമാത്രം ലവണാംശയുക്തം
സമാക്ഷികസ്നൈഹയുതഃ സമൂത്രോ
വസ്തിന്നുണാം ദീപനലേഖനീയഃ. 40

പ്പലി ഇരട്ടിമധുരം ഇവ സമം അരച്ചുകലക്കി എണ്ണയും നെയ്യും ഇത്തുപ്പുചേർത്ത് അതുകൊണ്ടു വസ്തിചെയ്യാൽ ദീപനശക്തി മാംസബലം കണ്ണിന്നുള്ള ദർശനശക്തി എന്നിതുകളെല്ലാം ക്ഷണത്തിൽ വർദ്ധിക്കുകയും ചെയ്യും *

ഏ ര ണ്ഡ വ സ്തി .

38-42— ആവണക്കിൻവേർ പലം ൩. ഓരിലവേര് മുപ്പിലവേര് ചെറുവഴുതിനവേര് വെള്ളോട്ടുവഴുതിനവേര് ഞരിഞ്ഞിലിൻവേര് അരത്ത അമുക്കുരം വട്ടുരകത്തിൻവേര് ചിററമൃത് തമിഴാമവേര് കണിക്കൊന്നവരിനമൽതൊലി ദേവതാരം ഇവ ഓരോപലം മലങ്കാരയ്ക്കു പലം ൧. ഏല്ലുംകൂടെ ൧ ഇടങ്ങഴിവെള്ളത്തിൽ കഷായംവെച്ച് എട്ടിലൊന്നാക്കി— ഒരിടങ്ങഴിയാക്കി പിഴിഞ്ഞെടുത്ത് അതിൽ, ശതകുപ്പ അടക്കാമണിയൻവേര് ഞാഴൽപൂവ് തിപ്പലി ഇരട്ടിമധുരം വയമ്പ് രസാഞ്ജനം കുടകപ്പാലയരി

ജംഘോരുപാദത്രികവൃഷ്ണശൂലം
കഫാവൃതം മാരുതനിഗ്രഹഞ്ച
വിണ്മൂത്രവാതഗ്രഹണം സശൂല-
മാദ്ധ്മാനതാമശ്മരിശർക്കരേ ച. 41
ആനാഹമർശോ ഗ്രഹണീപ്രദോഷാ-
നേരണ്ഡവസ്തിഃ ശമയേൽ പ്രയുക്തഃ
വൈദ്യേന സമ്യക്കുശലേന ചൈവ
പുനർവ്വസൂക്തഃ കൃപയാ നരാണാം. 42
ചതുഷ്പലേ തൈലഘൃതസ്യ ഭഷ്ടഃ
ഛാഗാച്ഛതാദ്ധാദ്ദധിമണ്ഡിമാച്ചഃ
രസഃ സ പേഷ്യോ ബലവർണ്ണമാംസ-
രേതോഗ്നിഭിശ്ചാന്ധ്യശിരോരുജാഘ്നഃ. 43

മുത്തങ്ങാക്കിഴങ്ങ് ഇവ മുമ്മൂന്നുകഴഞ്ച് അരച്ചുകലക്കി ഇന്തുപ്പും തേനും എണ്ണയും ഗോമൂത്രവുംചേർത്തു കടഞ്ഞു യോജിപ്പിച്ച് അതുകൊണ്ടു വസ്തിചെയ്യുക. ഏരണ്ഡവസ്തി എന്നു പ്രസിദ്ധമായ ഈ വസ്തി വസ്തിപ്രയോഗത്തിൽ കുശലനായ വൈദ്യൻ പ്രയോഗിച്ചാൽ ദീപനശക്തിയുണ്ടാവുകയും ഉറച്ചുകിടക്കുന്ന ദോഷങ്ങളെ അതുതുടച്ചുകളയുകയും മുഴങ്കാൽ തുട കാലടി തണ്ടെല്ല് പുറം ഇവിടങ്ങളിലുള്ള വേദന കഫാവരണം വായുകോപം മലബന്ധം മൂത്രത്തിന്നും അധോവാതത്തിന്നുമുള്ള തടവ് അതുകൾ പുറപ്പെടുന്ന സമയമുള്ള വേദന മേൽവയറുവീർപ്പ് അശ്മരി കല്ലടപ്പ് ആനാഹം മൂലക്കുരു ഗ്രഹണീദോഷം ഇതുകളെല്ലാം ശമിക്കും. ഈ യോഗം ആതുരന്മാരിൽ അത്യന്തദയയോടുകൂടിയ ആത്രേയഭഗവാൻതന്നെ നിർമ്മിച്ചതുമാകുന്നു *

43—ാം പലം ആട്ടിൻമാംസം വെച്ചുററിയ രസം എണ്ണയും നെയ്യും ഉരിചീതം ഒന്നിച്ചു ചേർത്തു മൂപ്പിച്ച് അതിലൊഴിച്ചു തിളപ്പിച്ചു വാങ്ങി തൈരും ഉരമാമ്പഴക്കുയേ ചതച്ചിട്ടു പുളിപ്പിച്ച രസവുംചേർത്തു മുൻയോഗത്തിൽ പറഞ്ഞ കല്ക്കൌഷധങ്ങൾ അരച്ചുകലക്കി അതുകൊണ്ടു വസ്തിചെയ്യുൽ ശരീരബലം വർണ്ണപ്രസാദം മാംസപുഷ്ടി ശുക്ലവൃദ്ധി അഗ്നിബലം ഇതുകളെ ഉണ്ടാക്കിത്തീർക്കുകയും കണ്ണിന്റെ കാഴ്ചക്കുറവിനെ തീരെ ശമിപ്പിക്കുകയും തലവേദനയെ നശിപ്പിക്കുകയും ചെയ്യും *

ജലദ്വികംസേഷ്ടപലം പലാശാൽ
പക്തവ്യാ രസേഡ്ഢാഢകമാത്രശേഷഃ
കല്ക്കൈർമ്മലാമാഗധികാപലാഭ്യാം
യുക്തഃ ശതാഹ്വാദ്വിപലേന ചാപി. 44
സസൈന്ധവഃ ക്ഷൌദ്രയുതഃ സതൈലോ
ദേയോ നിരൂഹോ ബലവർണ്ണകാരീ
ആനാഹപാർശ്വാമയയോനിദോഷാൻ
ഗുല്മാനുദാവർത്തരുജം ച ഹന്യാൽ. 45
യഷ്ട്യാഹ്വമൂലാഷ്ടപലേന സിദ്ധം
പയഃ ശതാഹ്വാഫലപിപ്പലീഭിഃ
യുക്തം സസർപ്പിർമ്മധു വാതരക്ത-
വൈസർപ്പവിസർപ്പഹിതോ നിരൂഹഃ. 46
യഷ്ട്യാഹ്വലോദ്ധ്രാഭയചന്ദനൈശ്ച
ശൃതം പയോഗ്ര്യം കമലോല്പലൈശ്ച

44-45— എട്ടുപലം പ്ലാശിൻതൊലി എട്ടിടങ്ങഴിവെള്ളത്തിൽ കഷായംവെച്ചു കുറുക്കി അര ആഢകം—രണ്ടിടങ്ങഴിയാക്കി കുറുന്തോട്ടിവേര് തിപ്പലി ഇവ ഓരോപലവും രണ്ടുപലം ശതകുപ്പയും അരച്ചുകലക്കി മുൻപറഞ്ഞ വിധിപ്രകാരം ഇന്തുപ്പും തേനും എണ്ണയും ചേർത്ത് അതുകൊണ്ടു വസ്തിചെയ്യാൽ ശരീരബലം വർദ്ധിക്കുകയും വർണ്ണപ്രസാദം വരികയും മേൽചയറവിപ്പ് വാരിഭാഗത്തു വേദന യോനിദോഷം ഗുന്മൻ ഉദാവർത്തം എന്ന രോഗങ്ങളെല്ലാം നശിക്കുകയും ചെയ്യും *

46—പ്ല പലം ഇരട്ടിമധുരം പാലിൽ കഷായംവെച്ചു ശതകുപ്പയും ഫലപിപ്പലിയും അരച്ചുകലക്കി നെയ്യും തേനുംചേർത്ത് അതുകൊണ്ടു വസ്തിചെയ്യാൽ വാതരക്തം സർപ്പവൈകൃതം വിസർപ്പം എന്നിതുകൾക്കെല്ലാം വളരെ നല്ലതാകുന്നു * 47—ഇരട്ടിമധുരം പാച്ചോറിത്തൊലി കടുക്ക ചന്ദനം താമരക്കിഴങ്ങ് ചെങ്ങഴിനിക്കിഴങ്ങ് ഇവ-സമം കിഴിക്കെട്ടിയിട്ട പാലിൽ ജീവനീയഗണം അരച്ചുകലക്കി യുക്തിപോലെ പഞ്ചസാരയും തേനുംചേർത്തു

സശക്കരം ക്ഷൌദ്രയുതം സുശീതം
പിത്താമയാൻ ഹന്തി സജീവനീയം. 47
ദ്വിക്ഷീകാംശ്ചന്ദനപത്രകദ്വി-
യഷ്ട്യാഹ്വരാസ്നാവൃഷശാരിബാശ്ച
സലോദ്ര്യമഞ്ജിഷ്ഠമഥാപ്യനന്താ-
ബലാസ്ഥിരാദ്യം തൃണപഞ്ചമൂലം. 48
നിഷ്ഠ്യൂതമേതേന രസേന തേന
ശൃതം പയോഗ്ദ്ധ്യാഢകമംബുഹീനം
ജീവന്തിമേദഗ്ദ്ധിശതാവരീഭി-
ർവ്വീരാദ്വിക്ഷീകാകോളികശേരുകാഭിഃ. 49
സിതോപലാജീവകപദ്മരേണു-
പ്രപൌണ്ഡരീകൈഃ കമലോല്പലൈശ്ച
ലോദ്ര്യാത്മഗുപ്താമധുകൈർവ്വിദാരീ-
മുഞ്ജാതകൈഃ കേസരചന്ദനൈശ്ച. 50
പിഷ്ടൈർല്ലതക്ഷൌദ്രയുതൈർന്നിരുഹം
സസൈന്ധവം ശീതളമേവ ദദ്യാൽ

യോജിപ്പിച്ച് ആറിയതിന്നുശേഷം അതുകൊണ്ടു വസ്തിചെയ്യാൽ പിത്തകോപജമായ രോഗസമൂഹമെല്ലാം ശമിക്കും *

43-52—ചന്ദനം പതിമുകം ജ്ഞഡി ഇരട്ടിമധുരം അരത്ത ആടലോടകത്തിൻവേര് നന്നാറിക്കിഴങ്ങ് പാച്ചോററിത്തൊലി മഞ്ചട്ടി കൊടിത്തൂവ്വവേര് ബലാദിവർഗ്ഗൌഷധങ്ങൾ സ്ഥിരാദിവർഗ്ഗൌഷധങ്ങൾ തൃണപഞ്ചമൂലം ഇവ ആറാറുകഴഞ്ച് വിധിപ്രകാരം കഷായംവെച്ചു നാലൊന്നാക്കി പിഴിഞ്ഞരിച്ചതിൽ രണ്ടിടങ്ങഴി പശുവിൻപാൽചേൎത്തു കുറുക്കി പാലോളമാക്കി അതിൽ ആടപതിയൻകിഴങ്ങ് മേദ ജ്ഞഡി ശതാവരിക്കിഴങ്ങ് കാകോളി ക്ഷീരകാകോളി കുഴിമുത്തങ്ങ പഞ്ചസാര ജീവകം താമരയല്ലി പുണ്ഡരീകക്കരിമ്പിൻവേര് താമരക്കിഴങ്ങ് ചെങ്ങഴിനീക്കിഴങ്ങ് പാച്ചോററിത്തൊലി നാഞ്ഞിരണപ്പരിപ്പ് ഇരട്ടിമധുരം പാൽമുതുക്കിൻകിഴങ്ങ് മുഞ്ചപ്പുല്ല് നാകപ്പൂവ് ചന്ദനം ഇവ സമം അരച്ചുകലക്കി പൊയ്യും തേനും ഇസ്തുപ്പുംചേൎത്തു നല്ലവണ്ണം ആറിയതിന്നു

പ്രത്യാഗതേ ധന്വരസേനശാലീൻ
ക്ഷീരേണ വാഗ്ഭാൽ പരിഷിക്തഗാത്രഃ. 51
ദോഷാതിസാരൌ പ്രരോസ്രപിത്ത-
ഫുൽപാണ്ഡുരോഗാൻ വിഷമജ്വരാംശ്ച
സഗുല്മമൂത്രഗ്രഹകാമിലാദീൻ
സർവ്വാമയാൻ പിത്തകൃതാൻ നിഹന്തി. 52
ദ്രാക്ഷാദികാഷ്ഠൈർമധുകസേവ്യൈഃ
സശാരിബാചന്ദനശീതപാകൈഃ
പയഃ ശൃതം ശ്രാവണിമുദ്ഗപർണ്ണീ-
തുഗാത്മഗുപ്താമധുയഷ്ടികാഭ്യാം. 53
ഗോധൂമചൂർണ്ണേന്ദ്രയവൈശ്ച തദ്വൽ
സക്ഷൌദ്രസർപ്പിർമ്മധുയഷ്ടികൈശ്ച
പത്ഥ്യാവിദാരീക്ഷുരസൈർഗ്ഗുഡൂചീ
വസ്തിം യുതം പിത്തഹരം വിദ്ധ്യാൽ. 54

ശേഷം അതുകൊണ്ടു വസ്തിചെയ്യുകയും ആ വസ്തി സമ്യഗ്ഭാഗ്യ ശേഷം കൂടെ മടങ്ങിവരികയും ചെയ്യാൽ സുഖോഷ്ണമായ വെള്ളം പകൎന്നു കുളിക്കുകയും ധന്വമാംസരസമോ പാലോ കൂട്ടി ശാല്യന്നത്തെ ഭക്ഷിക്കുകയും ചെയ്യാൽ, ചുട്ടുവീൎത്ത അതിസാരം രക്തസ്രാവം രക്തപിത്തം ഫുപ്പുഗ്രഗം പാണ്ഡുരോഗം സന്നിപാതാദി വിഷമജ്വരങ്ങൾ ഗുല്മൻ മൂത്രത്തിന്നു തടവ് കാമിലാമുതലായ പിത്തകോപാധിക്യനിമിത്തമുണ്ടായ സകലരോഗങ്ങളും നാശിക്കും *

53-55—സൂത്രസ്ഥാനം 4-ാം അദ്ധ്യായത്തിൽ (69-ാം പേജിൽ) വിവരിച്ച ദ്രാക്ഷാദി ഗണൌഷധങ്ങളും, കുറിഞ്ഞിൻവേര് ഇരിപ്പുക്കാതൽ രാമച്ചം നന്നാറിക്കിഴങ്ങ് ചന്ദനം കുറുന്തോട്ടിവേര് ഇതുകളും സമം ചേൎത്തു കുറുക്കിയ പാലിൽ ശ്രാവണി കുട്ടുപായ ററിൻവേര് കുറ്റിപ്പൊടി നായ്ക്കുരണവേര് ഇരട്ടിമധുരം ഇവ മുമ്മൂന്നുകഴഞ്ചു് അരച്ചുകലക്കി മൂന്നുകഴഞ്ചു ഗോതമ്പുപൊടിയും ചേൎത്തു മുൻവറഞ്ഞ വിധിപ്രകാരം തേൻ നെയ്യ് ഇരട്ടിമധുരക്കഷായം വ്യുണ്ണ ഇതുകളും കൂട്ടിയതിന്നുശേഷം കടുക്ക [illegible] ചേൎത്തു

ഹൃന്നാഭിപാർശ്വോദരദേഹദേശേ
ദാഹഃസ്തരസ്തേ ച സകൃച്ഛ്രമൂത്രേ
ക്ഷീണേ ക്ഷതേ രേതസി ചാപി നഷ്ടേ
പൈത്തേതിസാരേ ച നൃണാം പ്രശസ്തഃ. 55
കോശാതകീരഗുഡദേവദാരു-
മൂർവ്വാശ്വദംഷ്ട്രാകടജാർക്കപാഠാഃ
പക്തവ്യ കുലത്ഥാൻ ബൃഹതീഞ്ച തോയേ
രസസ്യ തസ്യ പ്രസൃതാ ദശ സ്യുഃ. 56
താൻ സർഷപൈലാമദനൈസ്സകുഷ്ഠൈ-
രക്ഷപ്രമാണൈഃ പ്രസൃതൈശ്ച യുക്താൻ
ഫലാഹ്വതൈലസ്യ സമാക്ഷികസ്യ
ക്ഷാരസ്യ തൈലസ്യ ച സാർഷപസ്യ. 57

കരിമ്പ് ഇതുകൾ ഇടിച്ചുപിഴിഞ്ഞ നീരുംകൂട്ടി ശക്കരയുംചേർത്തു യോജിപ്പിച്ചു വസ്തിചെയ്താൽ അത് അത്യന്തം പിത്തഹരമാകുന്നു. ഈ വസ്തി ഹൃദയം നാഭിപ്രദേശം വാരിഭാഗം ഉദരം ഇവിടങ്ങളിൽ പ്രത്യേകമായും ദേഹമാസകലമുള്ളതായുമിരിക്കുന്ന ചുട്ടനീറൽ അന്തർദ്ദാഹം മൂത്രകൃച്ഛ്രം ക്ഷതക്ഷീണരോഗങ്ങൾ ശുക്ലക്ഷയം പിത്താതിസാരം ഇതുകളുള്ളവർക്കെല്ലാം വളരെ നല്ലതാകുന്നു *

56–57½ —വട്ടൽ പീരം കണിക്കൊന്നത്തൊലി ദേവതാരം പെരുങ്കുരുമ്പ നാല്പാമരണ്ടുവേര് കുടകപ്പാല എരുക്കിൻവേര് പാടക്കിഴങ്ങ് മുതിര ചെറുചുഴരിനുവേര് ഇവ സമം കഷായംവെച്ചു നാലൊന്നാക്കി പിഴിഞ്ഞരിച്ചു രസം പ്രസൃതം ൧൦ (നാഴി അഞ്ച്) അതിൽ കടുക് ഏലത്തരി മലങ്കാരയ്ക്കു കൊട്ടം ഇവ മുമ്മൂന്നു കഴഞ്ച് അരച്ചുകലക്കിയതിന്നുശേഷം ഫലതൈലം തേൻ ക്ഷാരതൈലം കടുകെണ്ണ എന്നിതുകൾ ഓരോ പ്രസൃതപ്രമാണവും കൂട്ടി യോജിപ്പിച്ച് അതുകൊണ്ട് അറിവുള്ള വൈദ്യൻ ഏതുതരം കഫരോഗമുള്ളവനും അഗ്നിമാന്ദ്യമുള്ളവനും അരോചകമുള്ളവനും വസ്തിചെയ്യണം. ഇതുകൊണ്ടു വസ്തിചെയ്താൽ മുൻപറഞ്ഞ രോഗങ്ങൾ ശമിക്കുമെന്നു സാരം *

ദ്ദ്യാന്നിത്രഹം കഫരോഗിണേ ജ്ഞോ
മന്ദാഗ്നയേ ചാപ്യുശനദ്വിഷേ ച
പടോലപത്ഥ്യാമരദാരുഭിർവ്വാ
സപിപ്പലീകൈഃ കടുകിതൈർജ്ജലാദ്യൈഃ. 58
ദ്വിപഞ്ചമൂലേ ത്രിഫലാം സവില്വ-
ഫലാനി ഗോമൂത്രയുതഃ കഷായഃ
കലിംഗപാഠാഫലമുസ്തകല്കഃ
സസൈന്ധവഃ ക്ഷാരയുതഃ സതൈലഃ. 59
നിത്രഹമുഖ്യഃ കഫജാൻ വികാരാൻ
സപാണ്ഡുരോഗാലസകാമദോഷാൻ
ഹന്യാത്തഥാ മാരുതമൂത്രസംഗം
വസ്തേസ്തഥാടോപമഥാപി ഘോരം. 60
രാസ്നാമൃതൈരണ്ഡവിളംഗദാരു-
സപ്തച്ഛദോശീരസുരാഹ്വനിംബൈഃ
ശ്യാമാകഭൂനിംബപടോലപാഠാ-
തിക്താഖുപർണ്ണീദശമൂലമുസ്തൈഃ. 61

58–60—പടോലവള്ളി കടുക്ക ദേവതാരം തിപ്പലി ഇതുകളോ, ഓരിലവേര് മുച്ചിലവേര് ചെറുവഴുതിനവേര് വെള്ളാട്ടുവഴുതിനവേര് ഞരിഞ്ഞിലിൻവേര് കുമിഴിൻവേര് കൂവളത്തിൻവേര് പൂപ്പാതിരിവേര് പലകപ്പയ്യാനിവേര് മുഞ്ഞവേര് കടുക്ക നെല്ലിക്ക താന്നിക്ക കൂവളക്കായ ഇതുകളോ മുൻപറഞ്ഞ വിധിപ്രകാരം കഷായം വെച്ചുകുറുക്കി അരിച്ചതിൽ (സമം) ഗോമൂത്രവുംചേർത്ത്, കുടകപ്പാലയരി പാടക്കിഴങ്ങ് മലങ്കാരയ്ക്കു മുത്തങ്ങ ഇവ സമം അരച്ചുകലക്കി ഇന്തുപ്പും ചവൽക്കാരവും എണ്ണയുംകൂട്ടി യോജിപ്പിച്ച അതുകൊണ്ടു നിത്രഹംചെയ്യാൽ അത് ഏതുതരം കഫരോഗങ്ങളേയും ഹനിക്കുമെന്നു മാത്രമല്ല, പാണ്ഡുരോഗം അലസകം ആമദോഷം വാതരോഗം മൂത്രത്തിന്നുള്ള തടവ് വസ്തിപ്രദേശത്തുള്ള അതിഘോരമായ ആടോപം ഇതുകളെ നിശ്ശേഷം നശിപ്പിക്കുകയും ചെയ്യും *

61–64—അരത്ത ചിററമൃത് ആവണക്കിൻവേര് വിഴാ

ത്രായന്തികാശിഗ്രുഫലത്രികൈശ്ച
കചാഥസ്സപിണ്ഡീതകതോയമൂത്രൈഃ
യഷ്ട്യാഹ്വകൃഷ്ണാഫലിനീശതാഹ്വാ-
രസാഞ്ജനശ്രേഷ്ഠവചാവിളൈശ്ചൈഃ. 62

കലിംഗപാഠാംബുദസൈന്ധവൈശ്ച
കല്ക്കൈഃ സസർപ്പിർമ്മധുതൈലമിശ്രൈഃ
അയം നിഗ്രുഹ്യഃ ക്രിമികുഷ്ഠമേഹ-
ബ്രഹ്മ്നോദരാജീർണ്ണകഫാതുരേഭ്യഃ. 63

ത്രുക്ഷൗഷധൈരത്യുപതപ്തിതേഭ്യ
ഏതേഷു രോഗേഷ്വപി സത്സു ദത്തഃ
നിഹത്യ വാതം ജ്വലനം പ്രദീപ്യ
വിജിത്യ രോഗാംശ്ച ബലം കരോതി. 64

തി ദേവതാരം ഏഴിലാമ്പാലത്തൊലി രാമച്ചം കർപ്പൂരത്തുളസി വേപ്പിൻതൊലി ചാമ പുത്തരി ചുണ്ടവേര് പടോലവള്ളി പാടക്കിഴങ്ങ് കിരിയാത്ത നാഗദന്തി (എലിച്ചെവി എന്നും പക്ഷം) ദശമൂലം മുത്തങ്ങാക്കിഴങ്ങ് ബ്രഹ്മി മുരിങ്ങാത്തൊലി കടുക്ക നെല്ലിക്ക താന്നിക്ക ഇവ സമം കഷായം വെച്ച നാലൊന്നാക്കി പിഴിഞ്ഞരിച്ചതിൽ കാട്ടുചീര ഇടിച്ചു പിഴിഞ്ഞരിച്ച നീരും (മലങ്കാരയ്ക്കാനീരെന്നും പക്ഷം) ഗോമൂത്രവുംചേർത്ത്, ഇരട്ടിമധുരം തിപ്പലി ഞാഴൽ പൂവ്വ് ശതകുപ്പ രസാഞ്ജനം വെൾവയമ്പ് വിഴാലരി കുടകപ്പാലയരി പാടക്കിഴങ്ങ് മുത്തങ്ങാക്കിഴങ്ങ് ഇവ അരച്ചുകലക്കി ഇന്തുപ്പും നെയ്യും തേനും എണ്ണയുംചേർത്ത് യോജിപ്പിച്ചു വസ്തിചെയ്താൽ ക്രിമിരോഗം കുഷ്ഠം പ്രമേഹം ബ്രഹ്മരോഗം മഹോദരം അജീർണ്ണം കഫരോഗം ഇതുകളുള്ളവക്കും ത്രുക്ഷൗഷധങ്ങൾകൊണ്ട് അത്യന്തം അപതർപ്പണം ശീലിപ്പിച്ചവക്കും വളരെ നല്ലതാകുന്നു. ഇത് അകത്തുചെന്നാൽ കോപിച്ച രോഗകാരിയായിത്തീർന്ന വായുവിനെ ജയിക്കുകയും ജാഠരാഗ്നിയെ വേണ്ടേടത്തോളം പചനശക്തിയുള്ളതാക്കിത്തീർക്കുകയും എല്ലാതരം രോഗങ്ങളേയും നാശിപ്പിക്കുകയും ചെയ്തു ശരീരത്തിന്നു ബലത്തെ വർദ്ധിപ്പിക്കുകയും ചെയ്യും *

പുനർന്നവൈരണ്ഡവൃഷാശ്മഭേദ-
വൃശ്ചീരദ്ദ്രീകബലാപലാശൈഃ
ദ്വിപഞ്ചമൂലാനി ചലാംശികാനി
ക്ഷുണ്ഡാനി ധൌതാനി ഫലാനി ചാഷ്ടൌ. 65

വിലം യവാൻ കോലകുലത്ഥധാന്യ-
ഫലാനി ചൈകപ്രസൃതോന്മിതാനി
പയോജലാഢ്യാഢകയോഃ ശൃതം തൽ
ക്ഷീരാവശേഷം സിതവസ്ത്രപൂതം. 66

വചാശതാഹ്വാമരദാരുകുഷ്ഠ-
യഷ്ട്യാഹ്വസിദ്ധാർത്ഥകപിപ്പലീനാം
കല്ക്കൈർയ്യവാന്യാ മദനൈശ്ച യുക്തം
നാത്യുഷ്ണശീതം ഗുളസൈന്ധവാക്തം. 67

ക്ഷൌദ്രസ്യ തൈലസ്യ ച സർപ്പിഷശ്ച
തഥൈവ യുക്തം പ്രസൃതത്രയേണ
ദ്യോന്നിത്രഹം വിധിനാ വിധിജ്ഞ-
സ്തം സർവ്വസംസർഗ്ഗകൃതാമയഘ്നം. 68

65–68—തമിഴാമവേര് ആവണക്കിൻവേര് ആടലോടകവേര് കല്ലൂർവഞ്ചിവേര് വെള്ളത്ത തമിഴാമവേര് ചെറുകുമിഴിൻവേര് കുറുന്തോട്ടിവേര് പ്ലാശിൻതൊലി ദശമൂലം ഇവ ഓരോപലം കഴുകി കൊത്തിനുറുക്കിയതും എട്ടു മലങ്കാരങ്ങളും കുവളക്കായ യവം ലന്തക്കരു മുതിര കൊത്തംപാലയരി ഇവ ഈരണ്ടുപലവുംകൂടെ രണ്ടിടങ്ങഴി പാലും രണ്ടിടങ്ങഴി വെള്ളവുംകൂട്ടി കഷായംവെച്ചു കുറുക്കി പാലോളമാക്കി അലക്കിയ വെള്ളവസ്ത്രത്തിലരിച്ച്, വയമ്പ് ശതകുപ്പ ദേവതാരം കൊട്ടം ഇരട്ടിമധുരം കടുക് തിപ്പലി ജീരകം മലങ്കാരങ്ങൾ ഇവ അരച്ചുകലക്കി ശക്കരയും ഇന്തുപ്പുംകൂട്ടി തേൻ എണ്ണ നെയ്യ് ഇതുകൾ ഉരിവീതവുംകൂട്ടി യോജിപ്പിക്കുക. നന്നെ ചൂടില്ലാത്തതും വളരെ തണുക്കാത്തതുമായ ഈ ദ്രവ്യംകൊണ്ടു വസ്തിവിധിയിൽ നല്ല പരിചയമുള്ള വൈദ്യൻ വിധിപ്രകാരം വസ്തി ചെയ്താൽ ഏതുതരം ദോഷസംസർഗ്ഗദോഷവും ശമിക്കും *

69—വാതശമനത്തിന്ന് ഒന്നും, പിത്തശമനത്തിന്നു രണ്ടും,

സ്നിഗ്ദ്ധോഷ്ണ ഏകഃ പവനേ നിരൂഹോ
ദ്വൌ സ്വാദുശീതൌ പയസാ ച പിത്തേ
ത്രയസ്സുമൂത്രാഃ കടുകോഷ്ണതീക്ഷ്ണാഃ
കഫേ നിരൂഹാ ന പരം വിധേയാഃ. 69
രസേന വാതേ പ്രതിഭോജനം സ്യാൽ
ക്ഷീരേണ പിത്തേ തു കഫേ ച യൂഷൈഃ
തഥാനുവാസ്യേഷു ച വിലപൈതലം
സ്യാജ്ജീവനീയം ഫലസാധിതം ച. 70

തത്ര ശ്ലോകഃ.

ഇതീദമുക്തം നിഖിലം യഥാവ-
ദ്വസ്തിപ്രദാനസ്യ വിധാനമഗ്ര്യം

കഫദോഷകോപശാന്തിക്കു മൂന്നും നിരൂഹങ്ങൾ (അനുവാസനാന്തരിതങ്ങളല്ലാതെ) ചെയ്യണമെന്നാണല്ലോ മുമ്പു പറഞ്ഞത്. അതിൽ വാതപ്രശമനത്തിന്നുള്ള നിരൂഹം സ്നിഗ്ദ്ധമായും ഉഷ്ണമായുമിരിക്കണം. പിത്തശമനത്തിന്നുള്ള രണ്ടു നിരൂഹങ്ങളും മധുരൌഷധസാധിതങ്ങളും ശീതവീര്യങ്ങളും പാൽ ചേർത്തവയുമായിരിക്കണം. കഫപ്രശമനത്തിന്നുള്ള മൂന്നു നിരൂഹങ്ങളും ഗോമൂത്രം ചേർത്തവയും കടുരസദ്രവ്യസാധിതങ്ങളും സ്വൽപവീര്യങ്ങളിൽ ഉഷ്ണങ്ങളും തീക്ഷ്ണങ്ങളുമായിരിക്കുകയും വേണം. ഏതു ദോഷകോപത്തിലും ഈ പറഞ്ഞ കണക്കിലധികം കഷായവസ്തി ഇടയ്ക്കു് അനുവാസനം കൂടാതെ ശീലിപ്പിക്കുകയുമരുത് * 70—വാതകോപമുള്ളവന്നു കഷായവസ്തി ചെയ്താൽ രസംചേർത്തു ഭക്ഷണം കഴിക്കണം. പിത്തകോപമുള്ളവൻ പാൽ കൂട്ടിയും, കഫകോപമുള്ളവൻ പരിപ്പുചാറുകൂട്ടിയും ഭക്ഷണം കഴിക്കണം. ഈ പറഞ്ഞ വിധിതന്നെയാണ് അനുവാസനം ചെയ്യുമ്പോളും ആചരിക്കേണ്ടതെന്നും ഗ്രഹിക്കണം. വാതകോപമുള്ളവന്ന് അനുവാസനംചെയ്യാൻ ചികിത്സിതത്തിൽ വിവരിച്ച വിലപൈതലവും പിത്താതുരന്നു ജീവനീയതൈലവും കഫരോഗിക്കു ഫലസാധിതവും ഉപയോജിക്കുന്നതാണ് വിശേഷമായിട്ടുള്ളതെന്നും ഗ്രഹിക്കണം *

അദ്ധ്യായവിവരണം.

71—വസ്തിസൂത്രീയമെന്ന ഈ അദ്ധ്യായത്തിൽ വസ്തിചെയ്യുന്നതിന്നുള്ള വിശിഷ്ടവിധിമുഴുവൻ വഴിപോലെ പറയപ്പെട്ടി

യോധീത്യ വിദ്വാനിഹ വസ്തികർമ്മ
കരോതി ലോകേ ലഭതേ സ സിദ്ധിം. 71

ഇതി ചരകസംഹിതായാം
സിദ്ധിസ്ഥാനേ
വസ്തിസൂത്രീയം നാമ തൃതീയോദ്ധ്യായഃ.

അദ്ധ്യായം 4. സ്നേഹവ്യാപാദികാസിദ്ധി.

അഥാതഃ സ്നേഹവ്യാപാദികാസിദ്ധിമദ്ധ്യായം വ്യാഖ്യാസ്യാമഃ.
ഇതി ഹ സ്മാഹ ഭഗവാനാത്രേയഃ.
സ്നേഹവസ്തീൻ നിബോധേമാൻ വാതപിത്തകഫാപഹാൻ
മിത്ഥ്യാപ്രണിഹിതായാഞ്ച വ്യാപദസ്സേചികിത്സിതാഃ. 1

രിക്കുന്നു. ഈ വിധാനത്തെ മുഴുവൻ പഠിക്കുകയും ഇതിൽ പറഞ്ഞപ്രകാരം വസ്തിചെയ്യുകയും ചെയ്താൽ ആ വൈദ്യൻ സർവ്വത്ര പരിപൂർണ്ണമായ കർമ്മസിദ്ധിയെ പ്രാപിക്കുകയും ചെയ്യും *

ഇതി ചരകസംഹിതാവ്യാഖ്യാനേ
വസ്തിസൂത്രീയ
സിദ്ധിസ്ഥാനേ തൃതീയോദ്ധ്യായഃ (3).

അദ്ധ്യായം 4.

1—ഇപ്രകാരം കഷായവസ്തിവിധികളെ വിവരിച്ചതിന്നു ശേഷം ഇനി ത്രിദോഷഹരങ്ങളായ സ്നേഹവസ്തിയോഗങ്ങളേയും അതു വേണ്ടതുപൊലെയല്ലാതെ ചെയ്യുപോയാലുണ്ടാകുന്ന വസ്തിവ്യാപല്ലക്ഷണങ്ങളേയും അതുകൾക്കുള്ള ചികിത്സകളേയും വിശദമായി ഉപദേശിച്ചുതരാം. അതുകളെ മനസ്സിരുത്തികേട്ടു ധരിക്കുക എന്നിങ്ങിനെ ഭഗവാൻ അഗ്നിവേശനോടുപദേശിച്ചു. ആ ഉപദേശത്തെത്തന്നെ വിവരിക്കുന്നു *

2—5—ഓരിലവേര് മൂവ്വിലവേര് ചെറുവഴുതിനവേര് ഒവ

ശേമുശം ബലാം രാസ്നാമശ്വഗന്ധാം പുനർന്നവാം
ഗുളൂച്യുരണ്ഡഭൃതീകഭാർഗ്ഗീവൃഷകരോഹിഷാം. 2
ശതാവരീം സഹചരം കാകനാസ്യാം പലാംശികാം
യവമാഷാതസീകുലകുത്ഥാൻ പ്രസ്കൃതോന്മിതാൻ. 3
ചതുർദ്രോണേംഭസി പക്ത്വാ ദ്രോണശേഷേണ തേന ച
ത്രൈലോഹകം സമക്ഷീരം ജീവനീയൈഃ പലോന്മിതൈഃ. 4
അനുവാസനമേതദ്ധി സർവ്വവാതവികാരനുൽ
കൃതേ പാനാം വസാ തദ്വജ്ജീവനീയോപസാധിതാ. 5
ശതാഹ്വായവചിലപാല്ലൈഃ സിദ്ധം തൈലം സമീരണേ
ത്രൈധാതവനാഗ്നിവർദ്ധ്നേ തപ്തഞ്ചാനിലനുൽ ഘൃതം. 6
ജീവന്തീം മദനം മേദാം ശ്രാവണീം മധുകം ബലാം

ളോട്ടുവഴുതിനവേര് ഞരിഞ്ഞിലിൻവേര് കുമിഴിൻവേര് കൂവളത്തിൻവേര് പൂപ്പാതിരിവേര് പലകപ്പയ്യാനിവേര് മുഞ്ഞവേര് കുറുന്തോട്ടിവേര് അരത്ത അമുക്കുരം തമിഴാമവേര് ചിറമുത് ആവണക്കിൻവേര് പൂതണക്കപ്പുല്ല് ചെറുതേക്കിൻവേര് ആടലോടകത്തിൻവേര് നാന്മുകപ്പുല്ല് ശതാവരിക്കിഴങ്ങ് കരിങ്കുറുഞ്ഞിവേര് കാക്കത്തൊണ്ടിവേര് ഇവ ഓരോപലം, യവം ഉഴുന്ന് അകശിക്കുരു ലന്തക്കുരു മുതിര ഇവ ഉരിവീതം എല്ലാംകൂടെ നൂറ് ഇടങ്ങഴി വെള്ളത്തിൽ കഷായംവെച്ച് പതിനാറിടങ്ങഴിയാക്കി പിഴിഞ്ഞരിച്ച് ൪ ഇടങ്ങഴി എണ്ണയും ൪ ഇടങ്ങഴി പശുവിൻപാലും കൂട്ടി കല്ക്കത്തിനു ജീവനീയഗണത്തിലെ പത്തുമരുന്നും ഓരോപലംവീതം അരച്ചുകലക്കി ചിക്കണപാകത്തിലരിച്ച് അതുകൊണ്ടു വസ്തിചെയ്താൽ ഏതുതരം വാതരോഗവും നശിക്കും. ജീവനീയഗണൌഷധം അരച്ചുകലക്കി കാച്ചിയ വസകൊണ്ട് അനുവാസനം ശീലിച്ചാലും ഫലം മുൻ പറഞ്ഞതുതന്നെയാകുന്നു *

6—വാതകോപമുള്ളവന്ന്, ശതകുപ്പ യവം കൂവളത്തിൻവേര് ഇവ സംചേർത്തു കാച്ചിയ എണ്ണകൊണ്ടോ ഇന്തുപ്പ് ഉലയിട്ടു പഴുപ്പിച്ച് അഗ്നിവർദ്ധനമായാൽ എട്ടത്ത് ഉരുക്കുനെയ്യിൽ മുക്കുക. അതുകൊണ്ടോ വസ്തിചെയ്യുന്നതു വളരെ ഗുണപ്രദമാകുന്നു *

7-9—അരുപതിയൻകിഴങ്ങ് മലങ്കാരയ്ക്കു മേദ ശ്രാവണി ഇരട്ടിമധുരം കുറുന്തോട്ടിവേര് ശതകുപ്പ ജീവകം തിപ്പലി കാക്ക

ശതാഹ്വപ്ഷഭകൌ കൃഷ്ണാം കാകനാസാം ശതാവരീം. 7
സപ്തച്ഛദാം ക്ഷീരകാകോളീം കർക്കടാഖ്യാം ശഠീം വചാം
പിഷ്ട്വാ തൈലം ഘൃതം ക്ഷീരേ സാധയേത്ത ച്ചതുർഗ്ഗുണേ. 8
ബൃംഹണം വാതപിത്താഘ്നം ബലശുക്രാഗ്നിവർദ്ധനം
മൂത്രരേതോരജോദോഷാൻ ഹരേത്തന്നേ വസേനാൽ. 9
ലാഭതശ്ചന്ദനാദ്യൈശ്ച പിഷ്ടൈഃ ക്ഷീരചതുർഗ്ഗുണം
തൈലപാകം ഘൃതം സിദ്ധം പിത്താഘ്നമനുവാസനം. 10
സൈന്ധവം മദനം കുഷ്ഠം ശതാഹ്വാം വിഡ്ഡുകം ബലാം
ഹ്രീബേരം മധുകം ഭാർഗ്ഗീം ദേവദാരു സകർഷഫലം. 11
നാഗരം പുഷ്കരം മേദാം ചവികാം ചിത്രകം ശഠീം

ത്തൊണ്ടി ശതാവരിക്കിഴങ്ങ് വയമ്പ് നാലുകൂട്ടാർണവേര് ക്ഷീരകാകോളി കർക്കടകശൃംഗി കച്ചൂരിക്കിഴങ്ങ് ഇവ സമം അരച്ച് എണ്ണയും നെയ്യും സമം ചേർത്തതിന്റെ നാലിരട്ടി പാലും ചേർത്തതിൽ കലക്കി കാച്ചി ചിക്കണപാകത്തിലരിച്ച് അത്തുകൊണ്ടു വസ്തി ചെയ്യാൽ ശരീരം തടിക്കുകയും വാതകോപജമായും പിത്തകോപജമായുമുള്ള രോഗങ്ങൾ നശിക്കുകയും ശരീരബലവും ശുക്രവും ജഠരാഗ്നിയും വർദ്ധിക്കുകയും മൂത്രത്തിന്നും ശുക്രത്തിന്നും ആർത്തവത്തിന്നുമുള്ള ദോഷങ്ങൾ ശമിക്കുകയും ചെയ്യും *

10—ജ്വരചികിത്സിതമെന്ന ചികിത്സിതം മൂന്നാമദ്ധ്യായത്തിൽ (ചികിത്സിതം ഏഴാം ഭാഗം ഏഴുപതാം പേജിൽ) വിവരിച്ചതായ ചന്ദനാദി തൈലത്തിന്നു പറഞ്ഞ ഔഷധങ്ങളിൽ ദേശസ്വഭാവാദികൾക്ക് അനുസരിച്ചു കിട്ടുന്നേടത്തോളം ഔഷധങ്ങളെല്ലാം സമം അരച്ച്, എണ്ണയും അതിൽ നാലിലൊന്നുഭാഗം നെയ്യും ഇതുരണ്ടും കൂടിയതിന്റെ നാലിരട്ടി പാലുംകൂട്ടിയതിൽ കലക്കി കാച്ചി അത്തുകൊണ്ടു സ്നേഹവസ്തി ചെയ്യാൽ പിത്തകോപം ശമിക്കും *

11-14—ഇന്തുപ്പ് മലങ്കാരയ്ക്കു കൊട്ടം ശതകുപ്പ അശോകത്തൊലി കുറന്തോട്ടിവേര് ഇരുവേലി ഇരട്ടിമധുരം ചെറുതേക്കിൻവേര് ദേവതാരം കുമിഴിൻവേര് ചുക്ക് പുഷ്കരമൂലം മേദ കാട്ടുമുളകിൻവേര് കൊടുവേലിക്കിഴങ്ങ് കച്ചൂരിക്കിഴങ്ങ് വിഴാലരി അതി

വിളംഗാതിവിഷേ ശ്യാമാം ഹരേണും നീലിനീം സ്ഥിരാം. 12
വിലപാജമോദേ കൃഷ്ണാഞ്ച ദന്തീം രാസ്നാഞ്ച പേഷയേൽ
സാദ്ധ്യമേരണ്ഡതൈലം വാ തൈലം വാ കഫരോഗനുൽ. 13
ബ്രഹ്മ്നോദാവർത്തഗുല്മാൾപ്ലീഹമേഹാഢ്യമാരുതാൻ
ആനാഹമശ്മരീഞ്ചൈവ ഹന്യാത്തന്നേവസേനാൽ. 14
മദനൈർവ്വാമ്ലസംയുക്തൈർവ്വിലപാദ്യൈ ഗണേന വാ
തൈലം കഫഹരൈർവ്വാപി കഫഘ്നം കല്പയേദ്ഭിഷക്. 15
വിളംഗൈരണ്ഡരജനീപടോലത്രിഫലാമൃതാഃ
ജാതിപ്രവാളനിർഗ്ഗുണ്ഡീദശമൂലപുനർണ്ണവാഃ. 16
നിംബപാഠാസഹചരശമ്പാകകരവീരകം
ഏഷാം കഷായേണ വിപചേത്തൈലമേഭിശ്ച കല്കിതൈഃ. 17

വിടയം നാല്ക്കാല്പക്കൊന്ന അരേണുകം വട്ടപ്പുന്താളി ഓരിലവേര് അയമോദകം കരിഞ്ചീരകം നാഗദന്തിവേര് അരത്ത ഇവ സമം അരച്ചുകലക്കി ആവണക്കെണ്ണയോ എണ്ണയോ ചേർത്തു കാച്ചി അതുകൊണ്ടു വസ്തിചെയ്താൽ കഫകോപജങ്ങളായ രോഗങ്ങൾ ബ്രഹ്മ്നരോഗം ഉദാവർത്തം ഗുല്മാൻ മൂലക്കുരു പ്ലീഹരോഗം പ്രമേഹം രക്തവാതം മേൽവയറുവീർപ്പ് അശ്മരി എന്നതുകളെല്ലാം ശമിക്കുകയും ചെയ്യും *

15—ധാത്രീഫലാദി അമ്ലരസദ്രവ്യങ്ങളും മലങ്കാരസ്സുയുംകൂടെ ചേർത്തോ മഹൽപഞ്ചമൂലംചേർത്തോ കഫഹരങ്ങളായ മററു കൂട്ടാദി ഔഷധങ്ങൾചേർത്തോ എണ്ണകാച്ചി അതുകൊണ്ട് അനുവാസനം ശീലിക്കുന്നതു കഫഹരമായിരിക്കുകയും ചെയ്യും *

16-20—വിഴാലരി ആവണക്കിൻവേര് വരട്ടുമഞ്ഞൾ പടോലവള്ളി കടുക്ക നെല്ലിക്ക താന്നിക്ക ചിററമൃത് പിച്ചകത്തില കരുനൊച്ചിയില ദശമൂലം എലിച്ചെവിയൻ വേപ്പിൻതൊലി പാടക്കിഴങ്ങ് കരിങ്കുറഞ്ഞിവേര് വൻകൊന്നത്തൊലി കണവീരം ഇവ കഷായംവെച്ചു നാലൊന്നാക്കി പിഴിഞ്ഞരിച്ച് എണ്ണയുംകൂട്ടി കൽക്കത്തിന്ന, മലങ്കാരസ്സു കുവളത്തിൻവേര് ത്രികോല്പക്കൊന്ന തിപ്പലി അരത്ത പുത്തരിച്ചുണ്ടവേര് ദേവതാരം എഴിലാമ്പാലത്തൊ

ഫല ചിലചത്രിവൃൽകൃഷ്ണാരാസ്നാ ത്രിഖ്വേദാമൃതാഭിഃ
സപ്തപർണ്ണ്ണവചോശീരദാർവ്വീകുഷ്ഠകലിംഗകൈഃ. 18
ലതായഷ്ടിശതാഹപാഗ്നിഠീക്ഷാരകപൌഷ്കരൈഃ
തൽ കുഷ്ഠാനി ക്രിമീൻ മേഹാനർശാംസി ഗ്രഹണീഗദം. 19
ക്ലീബത്വം വിഷമാഗ്നിത്വം മലം ദോഷത്രയം തഥാ
പ്രയുക്തം പ്രണുദത്യാശു വാതാഭ്യംഗാനുവാസനൈഃ. 20
വ്യാധിവ്യായാമകർമ്മാദ്ധ്വക്ഷീണാബലനിരൗജസാം
ക്ഷീണശുക്രസ്യ ചാതീവ സ്നേഹാസ്തിബ്ബലപ്രദഃ. 21
പാദജംഘോരുപൃഷ്ഠസ്യ കട്യാശ്ച സ്ഥിരതാം പരാം
ജനയേത്പ്രജാനാഞ്ച പ്രജാം സ്ത്രീണാം തഥാ നൃണാം. 22
വാതപിത്തകഫാത്യന്നപുരീഷൈരാവൃതസ്യ ച

ലി വയമ്പ് രാമച്ചം മരമഞ്ഞളത്തൊലി കൊട്ടം കുടകപ്പാലവരി വള്ളിഇരട്ടിമധുരം ശതകുപ്പ കൊടുവേലിക്കിഴങ്ങ് കച്ചൂരിക്കിഴങ്ങ് ചോരകപ്പല്ല് പുഷ്കരമൂലം ഇവ സമം അരച്ചുകലക്കി കാച്ചി അനുവാസനം ശീലിച്ചാൽ കുഷ്ഠരോഗം ക്രിമിരോഗം മഹോദരം മൂലക്കുരു ഗ്രഹണീരോഗം നപുംസകത്വം വിഷമാഗ്നിത്വം മലദോഷം വാതകോപം പിത്തകോപം കഫകോപം (സന്നിപാതം) ഇത്തുകളെല്ലാം ക്ഷണത്തിൽ ശമിക്കും. ഈ തൈലം നേത്രപിക്കുവാനും തേക്കുവാനും ഉപയോഗിക്കുകയും ചെയ്യാം. അന്നുകഴിക്കും ഫലം ഇത്തുതന്നെ. പക്ഷെ തേക്കുവാനുപയോഗിക്കേണ്ടതെങ്കിൽ ചൂരപ്പാകത്തിലരിക്കണമെന്നു പ്രത്യേകം ഓർമ്മവെക്കുകയും വേണം *

21–22—സ്നേഹവസ്തിയുടെ ഗുണങ്ങളെ വിവരിക്കുന്നു:— ജ്വരാദിരോഗങ്ങൾനിമിത്തം ക്ഷീണിച്ചവർ വ്യായാമംനിമിത്തം തളർന്നവർ പ്രവൃത്തിയെടുത്തു ക്ഷീണിച്ചവർ വഴിനടന്നു തളർന്നവർ ബലഹീനന്മാർ ഓജോബലം കുറഞ്ഞവർ ശുക്രം ക്ഷയിച്ചവർ ഇവർക്കെല്ലാം സ്നേഹവസ്തിചെയ്താൽ ശക്തി വർദ്ധിക്കും. കാല് ജംഘകൾ തുടകൾ പൃഷ്ഠഭാഗം കടിപ്രദേശം ഇവിടങ്ങൾക്കെല്ലാം നല്ല സ്ഥൈര്യവും ഗർഭോല്പാദനശക്തിയില്ലാത്ത പുരുഷന്മാർക്കും ഗർഭധാരണാശക്തിയില്ലാത്ത സ്ത്രീകൾക്കും അതാതു ശക്തിയും സ്നേഹവസ്തിനിമിത്തം സംഭവിക്കുകയും ചെയ്യും *

അഭുക്തേ ച പ്രണീതസ്യ സ്നേഹവസ്തിഃ ഷഡാപദഃ 23
ശീതോല്പ്പോ വാധികേ വാതേ പിത്തേത്യുഷ്ണഃ കഫേ മൃദുഃ
അതിഭുക്തേ ഗുരുർവ്വിസ്സ്നിഗ്ദ്ധയേല്പ്പബലസ്തഥാ. 24
ദത്തസ്തൈരാവൃതഃ സ്നേഹോ ന യാത്യഭിഭവാദധഃ
അഭുക്തേനാവൃതത്വാച്ച യാത്യൂർദ്ധ്വം തസ്യ ലക്ഷണം. 25
അങ്ഗമർദ്ദജ്വരാഭ്യാനശീതസ്തംഭോരുപീഡനൈഃ
പാർശ്വരുഗ്ഗേഷ്ടനൈർവ്വിദ്യാൽ സ്നേഹം വാതാവൃതം ഭിഷക്. 26

23—വസ്തിചെയ്യു സ്നേഹദ്രവ്യത്തിന്ന്, വാതം പിത്തം കഫം കണക്കിലധികം ഭക്ഷിച്ചതായ അന്നം മലം ഇതുകളാൽ ആവരണം വാധികനിമിത്തവും ഭക്ഷണം കഴിക്കാതെ വസ്തിചെയ്യുപോകനിമിത്തവും ആറുതരം വസ്തിവ്യാപത്തുകൾ സംഭവിക്കുകയും ചെയ്യും. അതുകളുടെ സ്വഭാവാദികൾ അടുത്തു വിവരിക്കുന്നതുമുണ്ട് *

24-25—വാതാധികരോഗത്തിൽ അത്യന്തശീതമായ സ്നേഹദ്രവ്യംകൊണ്ടു വസ്തിചെയ്യുകയോ വസ്തിദ്രവ്യം മാത്രമിൽ വളരെ കുറഞ്ഞുപോകയോ ചെയ്താൽ വായു ആ ദ്രവ്യത്തെ ആവരണം ചെയ്യുകളയും. അതുപോലെ പിത്താധികത്തിൽ വസ്തിദ്രവ്യം അത്യുഷ്ണമായിരിക്കുകയും, കഫാധികത്തിൽ മൃദുവായിരിക്കുകയും, അതിഭക്ഷണം കഴിച്ച സമയം വസ്തിചെയ്യുമ്പോൾ ആ വസ്തിദ്രവ്യം ഗുരുത്വമുള്ളതായിരിക്കുകയും, മലാധിക്യത്തിലെ വസ്തിദ്രവ്യം ബലഹീനമായിരിക്കുകയും ചെയ്താൽ അതാതു വസ്തിദ്രവ്യത്തെ പിത്താദികൾ ആവരണം ചെയ്യുമെന്നും ഗ്രഹിക്കണം. ഈ പറഞ്ഞപ്രകാരം വാതാദികളാൽ ആവൃതമായ സ്നേഹം അന്യാഭിഭവംനിമിത്തം സ്വസ്വകാലത്തിൽ വേണ്ടതുപോലെ ഗുദത്തിൽക്കൂടെ പുറത്തു വരികയില്ല. ലേശംപോലും ഭക്ഷണം കഴിക്കാത്തവന്നു സ്നേഹവസ്തി ചെയ്താൽ അവന്റെ മഹാസ്രോതോമാർഗ്ഗം ആകമാനം തുറന്നിരിക്കുകനിമിത്തം ആ സ്നേഹം വേണ്ടതിലധികം മേൽപ്പട്ടു കയറിപ്പോകയും ചെയ്യും. ഈ പറഞ്ഞ ആറുതരം വസ്തിവ്യാപത്തുകളുടേയും ലക്ഷണത്തെ ഇനി വിവരിക്കുകയും ചെയ്യാം *

26—അംഗമർദ്ദം പനി മേൽവയറുവീർപ്പ് ശരീരത്തിന്നു തണുപ്പ് സ്തംഭനം തുടകൾക്കുവേദന വാരിഭാഗത്തുവേദന വയററിൽ

സ്നിഗ്ധാമ്ലലവണോഷ്ണൈസ്തം രാസ്നാപീതദ്രുതിലപ്രകൈഃ
സൌവീരകസുരാകോലകുലത്ഥരസസാധിതൈഃ. 27
നിത്രൈഹൈന്നിഗ്രഹേത്സമ്യക് സമൂത്രൈഃ പഞ്ചമൂലികൈഃ
താഭ്യാമേവ ച തൈലാഭ്യാം സായം ഭുക്തേനുവാസയേൽ. 28
ദാഹരാഗതൃഷാമോഹതമകജ്വരദൂഷണൈഃ
വിദ്യാൽ പിത്താവൃതം സ്വാദുതിക്തൈസ്തം വസ്തിഭിർഹരേൽ. 29
തന്ദ്രാശീതജ്വരാലസ്യപ്രസേകാരുചിഗൌരവൈഃ
സംമൂർച്ഛാഗ്ലാനിഭിർവ്വിദ്യാച്ഛ്ലേഷ്മണാ സ്നേഹമാവൃതം. 30
കഷായകടുതീക്ഷ്ണോഷ്ണൈഃ സുരാമൂത്രോപസാധിതൈഃ

ഉരുണ്ടുനടക്കുക എന്ന ലക്ഷണങ്ങൾ കണ്ടാൽ ഇതു വസ്തിചെയ്തു സ്നേഹത്തെ വായു ആവരണം ചെയ്യുകനിമിത്തം സംഭവിച്ചതാണെന്നു വൈദ്യൻ ഗ്രഹിക്കുകയും വേണം * 27-28—അങ്ങിനെ സംഭവിച്ചാൽ സൌവീരകം സുര കോലരസം മുതിരച്ചാറ് എന്നിതുകളിൽ അരത്ത മരമഞ്ഞത്തൊലി കമ്മട്ടിത്തൊലി ഇതുകളിട്ടു വെച്ച കഷായത്തിൽ സ്നേഹദ്രവ്യവും അമ്ലരസദ്രവ്യവും ഇന്തുപ്പും ചേർത്ത് അല്പം ചൂടോടുകൂടെ കഷായവസ്തിചെയ്യുകയോ ചെറുപഞ്ചമൂലം ഗോമൂത്രത്തിൽ കഷായംവെച്ച് അതുകൊണ്ടു വസ്തിചെയ്യുകയോ ഈ പറഞ്ഞ കഷായവസ്തിയുടെ കഷായങ്ങളിൽ കാച്ചിയ എണ്ണകൊണ്ടു രാത്രി ഭക്ഷണം കഴിഞ്ഞതിന്നുശേഷം അനുവാസനം ചെയ്യുകയോ വേണം.*

29—വസ്തിചെയ്തു സ്നേഹദ്രവ്യത്തെ പിത്തം ആവരണംചെയ്താൽ ചുട്ടുനീറൽ ശരീരത്തിന്നു ചൂകപ്പ് ദാഹം മോഹാലസ്യം തമകശ്വാസം നീറിപ്പുനി എന്ന ലക്ഷണങ്ങളുണ്ടാകും. അവിടെ മധുരരസപ്രധാനങ്ങളും തിക്തരസപ്രധാനങ്ങളുമായ വസ്തികൾ പ്രയോഗിച്ച് ആ പിത്തകോപത്തെ ശമിപ്പിക്കുകയും വേണം *

30-31—മടി വിറച്ചുപനി ആലസ്യം വായിൽ വെള്ളം നിറയുക രുചിക്ഷയം ശരീരത്തിന്നു കനം മോഹാലസ്യം തളർച്ച എന്ന ലക്ഷണങ്ങൾ കണ്ടാൽ അതു കഫം വസ്തിദ്രവ്യത്തെ ആവരണം ചെയ്കയാലുണ്ടായതാണെന്നും ഗ്രഹിക്കണം. ആ ദോഷത്തെ, കഷായരസമായും കടുരസമായും തീക്ഷ്ണവീര്യമായും ഉഷ്ണമായും സുരയും

ഫലതൈലയുതൈഃ സാമ്ലൈർവ്വസ്തിഭിസ്തം വിനിർഹരേൽ. 31
ഛർദ്ദിമൂർച്ഛാരുചിഗ്ലാനിജ്വരശൂലാംഗമർദ്ദനൈഃ
ആമലിംഗൈസ്സദോഷൈസ്തം വിദ്യാദത്യശനാവൃതം. 32
കടൂനാം ലവണാനാഞ്ച കഷായൈശ്ചാന്നപാചനം
വിരേകോ മൃദുരത്രാമവിഹിതാ ച ക്രിയാ ഹിതാ. 33
വിണ്മൂത്രാനിലസംഗാത്തിഗുരുത്വാദ്ധ്മാനഹൃൽഗ്രഹൈഃ
സ്നേഹം വിഡ്ദ്രവൃതം ജ്ഞാത്വാ സ്നേഹസ്വേദൈസ്സവർത്തിഭിഃ. 34
ശ്യാമാവിലത്വാദിസിദ്ധൈശ്ച നിരൂഹൈസ്സാനുവാസനൈഃ
നിർഹരേദ്വിധിനാ സമ്യഗ്ദ്രവമാവർത്തഹരേണ ച. 35

ഗോമൂത്രവും ചേർത്തതായും മലകാരയ്ക്കയും എണ്ണയും ചേർത്തതായും പുളിരസമായുമിരിക്കുന്ന ദ്രവ്യംകൊണ്ടു കഫശമനം വരുന്നതുവരെ വസ്തിചെയ്യ് (മൂന്നു നിരൂഹങ്ങൾചെയ്യ്) ആ ഉപദ്രവത്തെ ശമിപ്പിക്കുകയും വേണം *

32—ഛർദ്ദി മോഹാലസ്യം രുചിക്ഷയം തളർച്ച പനി ശൂലവേദന അംഗമർദ്ദം ആമദോഷകോപചിഹ്നങ്ങൾ ചുട്ടുനീറൽ എന്ന ലക്ഷണങ്ങൾ കണ്ടാൽ അത് അത്യശനാന്നാവൃതമായ അനപാചനസ്നേഹംനിമിത്തം സംഭവിച്ചതാണെന്നറിയുകയും വേണം * 33— അവിടെ കടുരസങ്ങളും ലവണപ്രധാനങ്ങളുമായ കഷായങ്ങളും പൊടികളും സേവിച്ചു പാചനംവരുത്തുകയും മൃദുവായി വിരേകം ശീലിപ്പിക്കുകയും ആമദോഷത്തിന്നു പറഞ്ഞ ചികിത്സ ചെയ്യുകയും വേണം. ഇതുകൾ ചെയ്താൽ ആ അന്നാവൃതസ്നേഹദോഷം ശമിക്കുകയും ചെയ്യും.*

34-35—മലവും മൂത്രവും അധോവായുവും പുറപ്പെടാതാവുകയും വയററിൽ വേദനയും ശരീരത്തിന്നു ഗുരുത്വം ആദ്ധ്മാനം ഹൃൽഗ്രഹം എന്നതുകളും സംഭവിച്ചതായി കണ്ടാൽ അതു സ്നേഹം മലം ആവരണം ചെയ്യുകയാൽ സംഭവിച്ചതാണെന്നറിയണം. അവിടെ വിധിപ്രകാരം സ്നേഹസ്വേദങ്ങളെ ശീലിപ്പിക്കുകയും വർത്തിവെച്ചു മലം കളയുകയും ശ്യാമാവിലത്വാദിസിദ്ധങ്ങളായ കഷായങ്ങളെക്കൊണ്ടു കഷായവസ്തിചെയ്യും സ്നേഹവസ്തി ചെയ്യും ആവരണം ചെയ്യുന്നിച്ചുന്ന മലത്തെ വിധിപ്രകാരം നിർഹരിക്കുകയും ഉദാവർത്തരോഗത്തിന്നു പറഞ്ഞ ചികിത്സകളെല്ലാം ചെയ്യുകയും വേണം *

അഭുക്തേ ക്ഷുന്യപായൌ വാ വേഗാൽ സ്നേഹോഽതിപീഡിതഃ
ധാവത്യൂർദ്ധ്വം തതഃ കണ്ഠാദൂർദ്ധ്വഭ്രൂഖേഭ്യ ഏതൃപി. 36
മൂത്രശ്യാമാത്രിവൃൽസ്വിദ്ദോ യവകോലകുലത്ഥവാൻ
തസിദ്ധാതൈല ഇഷ്ടാത്ര നിരൂഹസ്സാനുവാസനഃ. 37
കണ്ഠാദാഗച്ഛതഃ സ്തംഭകണ്ഠഗ്രഹവിരേചനൈഃ
ഛർദ്ദിഷ്ഠീഭിഃ ക്രിയാഭിശ്ച തസ്യ കാര്യം നിവർത്തനം. 38
യസ്യ നോപദ്രവം കുര്യാൽ സ്നേഹവസ്തിരനിഃസൃതഃ
സർവ്വോഽല്പാ വാവൃതോ രൌക്ഷ്യാദുപേക്ഷ്യസ്സ വിജാനതാ. 39

36—ഭക്ഷണം കഴിക്കാത്തവനോ ഹൃദയത്തിന്നു ബലം കുറഞ്ഞവനോ സ്നേഹവസ്തിചെയ്യുകയോ വസ്തിചെയ്യുമ്പോൾ അധികം ഊക്കോടുകൂടെ വസ്തിയന്ത്രത്തെ ഞെക്കുകയോ ചെയ്താൽ അതു കണക്കിലധികം ഊർദ്ധ്വാംഗത്തിലേക്കു കയറുകയും ഊർദ്ധ്വസ്രോതസ്സുകളായ മുഖനാസികാദികളിൽകൂടെ പുറത്തുവരികയും ചെയ്യും * 37—അവിടെ ഗോമൂത്രം നാല്ക്കോല്പക്കൊന്ന ത്രികോല്പക്കൊന്ന ഇതുകൾ ചേർത്തുവെച്ച കഷായത്തിൽ യവം ലന്തക്കുരു മുതിര ഇതുകൾ ചേർത്ത കഷായവസ്തിയും ഇതിൽ എണ്ണകൂട്ടി കാച്ചി അതുകൊണ്ട് അനുവാസനവും ഹിതമാകുന്നു * 38—ഇപ്രകാരം മേൽപറഞ്ഞ സ്നേഹം മുഖനാസാദി സ്രോതസ്സുകളിൽകൂടെ പുറപ്പെടുന്നതായി കണ്ടാൽ അവിടെ സ്തംഭിപ്പിക്കുക കഴുത്തിൽ പിടിച്ചമർക്കുക വയറിളക്കുക ഛർദ്ദിക്കുള്ള ചികിത്സകൾ ചെയ്യുക എന്നതുകളെല്ലാം ചെയ്ത് ആ സ്നേഹപ്രവൃത്തിയെ നിവൃത്തിപ്പിക്കുകയും വേണം *

39—സ്നേഹവസ്തിചെയ്തതായ സ്നേഹം മുഴുവനുമോ ഏതാനും ഭാഗമോ പുറത്തുവരേണ്ടതായ കാലത്തു പുറത്തുവരാതിരുന്നാലും വാതാദികൾ നിമിത്തം ആവരണം വന്നതായി കണ്ടാലും ശരീരരൌക്ഷ്യം നിമിത്തം ലയിച്ചുപോയതായി കണ്ടാലും അതുനിമിത്തം യാതൊരുപദ്രവവുമില്ലെങ്കിൽ അറിവുള്ള വൈദ്യൻ ആ സ്നേഹത്തെ പുറത്തുവരുത്തുവാൻ ശ്രമിക്കാതെ ഉപേക്ഷിക്കുകതന്നെയാണ് ചെയ്യേണ്ടത്. ഉപദ്രവകാരിയാണെങ്കിൽ മാത്രമേ അതിനെ നിഗ്രഹിക്കാവൂ എന്നു സാരം *

മുക്തസ്നേഹം ദ്രവോഷ്ണഞ്ച ലഘ്വപത്ഥ്യോപസേവനം
ഭുക്തവാൻ മാത്രയാ യോജ്യമനുവാസം ത്ര്യഹാൽ ത്ര്യഹൽ. 40
ധാന്യനാഗരസിദ്ധം ഹി തോയം ദ്യോദിചക്ഷണഃ
വ്യുഷിതായ നിശാം കല്യമുഷ്ണം വാ കേവലം ജലം. 41
സ്നേഹാജീർണ്ണം ജരയതി ശ്ലേഷ്മാണം തദ്ദിനത്തി ച
മാരുതസ്യാനുലോമ്യം ച കുര്യാദുഷ്ണോദകം നൃണാം. 42
വമനേ വാ വിരേകേ ച നിരൂഹേ സാനുവാസനേ

40—വിധിപ്രകാരം സ്നേഹവസ്തിചെയ്താൽ അതു നിർഗ്ഗമിക്കേണ്ടതായ സമയത്തു സ്ത്രീഗ്ദ്ധാഗലക്ഷണങ്ങളോടുകൂടെ പുറത്തുവന്നാൽ ദ്രവാധികമായും ഉഷ്ണമായും ലഘ്വായും പത്ഥ്യമായുമിരിക്കുന്ന ആഹാരത്തെ ശീലിച്ചുകൊണ്ടു പിന്നെ മുമ്മൂന്നുദിവസം കൂടുമ്പോൾ സ്നേഹവസ്തി ചെയ്യുകയും വേണം *

41-43—രാത്രിയിൽ സ്നേഹവസ്തിചെയ്താൽ പിന്നെ അന്നുരാത്രി യാതൊന്നും കഴിക്കാതെ കിടന്നുറങ്ങേണമെന്നു മുമ്പു പറഞ്ഞുവല്ലോ. എന്നാൽ പിറേറദിവസം രാവിലെ വിചക്ഷണനായ വൈദ്യൻ കൊത്തംപാലരിയും ചുക്കുംകൂടെ ഇട്ടു കുറുക്കിയ വെള്ളം കുടിക്കുവാൻ കൊടുക്കണം. 'ക്ഷുണ്ണ, ദ്രവ്യപലം സാദ്ധ്യം ചതുഷ്ഷഷ്ടിപലേ ജലേ। അദ്ധ്യശിഷ്ടഞ്ച തദ്ദേയം പാനേ ഭക്തോദിതം വിധൌ' എന്നു പാനീയവിധിയെപ്പററി ഗ്രന്ഥാന്തരത്തിൽ വിവരിക്കുന്നു. കേവലം തിളപ്പിച്ച ഉഷ്ണോദകമായാലും വിരോധമില്ല. ഉഷ്ണോദകവിധിയെപ്പററി ശാർങ്ഗധരാചാര്യൻ പറയുന്നതെന്തെന്നാൽ, 'ഷഷ്ഠമേനാരശേഷേണ ചതുർത്ഥേനാദ്ധകേന വാ। അഥവാ കപടേനൈവ സിദ്ധമുഷ്ണോദകം വദേൽ'= വെള്ളം അടുപ്പത്തുവെച്ചു തിളപ്പിച്ച് വ്യ-ൽ ഒന്നോ ര്-ൽ ഒന്നോ പകുതിയോ കുറുക്കിയാൽ അതിനെ ഉഷ്ണോദകമെന്നാണ് പറയുക. നല്ല വണ്ണം തിളപ്പിച്ചാലും ഉഷ്ണോദകമെന്നു പറയാം. ഉഷ്ണോദകം ശീലിച്ചാൽ ദഹിക്കാതെ കിടക്കുന്ന സ്നേഹത്തെ ദഹിപ്പിക്കുകയും കട്ടപ്പിടിച്ചു കിടക്കുന്ന കഫത്തെ ഉടച്ചുകളയുകയും വായുവിന്ന് ആനുലോമ്യമുണ്ടാക്കിത്തീർക്കുകയും ചെയ്യും. വമനമോ വിരേകമോ കഷായവസ്തി

തസ്മാദുഷ്ണോദകം ദേയം വാതശ്ലേഷ്മപ്രശാന്തയേ. 43
ത്രക്ഷനിത്യസ്തു ദീപ്താഗ്നിർവ്യായാമീ മാരുതാശയീ
വംക്ഷണശ്രോണ്യുദാവർത്തവാതാർത്താശ്ച ദിനേ ദിനേ. 44
ഏഷാഞ്ചാശ്ശു ജരാ സ്നേഹോ യാത്യംബു സികതാസ്വിവ
അന്യേഷാം ത്ര്യഹാൽ പ്രായഃ സ്നേഹം പചതി പാവകഃ. 45
ന ത്വാമം പ്രണയേൽ സ്നേഹം സഹ്യഭിഷ്യന്ദയേൽ ഗുദം

യോ സ്നേഹവസ്തിയോ ശീലിപ്പിക്കുന്നസമയം വാതകുപിതങ്ങൾ കോപിക്കാതിരിക്കുവാൻവേണ്ടി മുൻപറഞ്ഞ കാരണം വിമിതം ഉഷ്ണോദകം ശീലിപ്പിക്കുകയും വേണം *

44-45—ത്രക്ഷമായ ആഹാരവിഹാരത്തെ പതിവായി ശീലിക്കുന്നവൻ കണക്കിലധികം അഗ്നിബലമുള്ളവൻ—അത്യഗ്നിയുള്ളവൻ വ്യായാമം ശീലിക്കുന്നവൻ വാതകോഷ്ഠൻ വംക്ഷണശ്രോണിരോഗങ്ങളുള്ളവൻ ഉദാവർത്തരോഗി വാതരോഗി ഇവർക്കെല്ലാം ദിവസേന—വസ്തിയുടെ സത്യഗ്ദോഷലക്ഷണം പൂർത്തിയാകുന്നതു വരെ പതിവായി ദിവസേന സ്നേഹവസ്തി ചെയ്യുകയും വേണം. ഈ പറഞ്ഞവർക്കെല്ലാം സ്നേഹം അകത്തുചെന്നാൽ മണലിൽ വെള്ളംവീണാൽ അത് എത്രക്ഷണം വലിഞ്ഞുപോകുമോ അതേവിധം അതിവേഗത്തിൽ ദഹിച്ചുപോകും. അതാണ് പതിവായി സ്നേഹവസ്തി ചെയ്യേണമെന്നു പറഞ്ഞതിന്റെ ആശയമെന്നും ഗ്രഹിക്കണം. ഈ പറഞ്ഞ ത്രക്ഷവിത്യാദികളൊഴിച്ചു ബാക്കിയുള്ളവരുടെ ജഠരാഗ്നി സ്നേഹദ്രവ്യത്തെ സാവധാനത്തിൽ മാത്രമേ പാകംചെയ്യുകയുള്ളു. അതുനിമിത്തം അവർക്കു മൂന്നുദിവസം കൂടുമ്പോൾമാത്രം സ്നേഹവസ്തി ചെയ്താൽ മതിയാകുന്നതുമാണ്. അവർക്കു പതിവായി ചെയ്താൽ സ്നേഹാതിയോഗംകൂടെ വന്നുപോകുവാനും കാരണമായിത്തീരും. അതാണ് 'ത്ര്യഹാൽ' എന്നു പ്രത്യേകം വിധിച്ചിരിക്കുന്നതെന്നും ഗ്രഹിക്കണം *

46—സ്നേഹവസ്തി ചെയ്യുമ്പോൾ മററ് ഔഷധങ്ങൾ കൂട്ടി കാച്ചി അരിക്കാത്തതായ (പച്ച) സ്നേഹദ്രവ്യം ഒരിക്കലും ഉപയോഗിച്ചുപോകരുത്. അങ്ങിനെ ചെയ്താൽ അതു ഗുദത്തിന് അതി

സാവശേഷേ കുപ്പിത വായുഃ ശേഷേ ഹി തിഷ്ഠതി. 46
ന ചൈവ ഗുദകേണ്ണാഭ്യാം ദ്വ്യാൽ സ്നേഹമനന്തരം
ഉഭയസ്മാത്സമം ഗച്ഛൻ വായ്വഗ്നീൻ ദൂഷയേത്സമം. 47
സ്നേഹവസ്തിം നിരൂഹം വാ നൈകമേവാതിശീലയേൽ
ഉൽക്ലേശാഗ്നിവധൌ സ്നേഹാന്നിരൂഹാൽ പവനാദ്ഭയം. 48
തസ്മാന്നിരൂഢഃ സ്നേഹ്യഃ സ്യാന്നിരൂഹ്യശ്ചാനുവാസിതഃ

ഷ്യന്തരത്തെ ഉണ്ടാക്കിത്തീർക്കുകയും ചെയ്യും. വസ്തിചെയ്യുന്നസമയം സ്നേഹദ്രവ്യം വസ്തിസഞ്ചിയിൽ അല്പം ബാക്കിവെച്ചിരിക്കണം. അതിലെ വസ്തിപ്രപീഡനാൽപ്പന്നനായ വായു ആ ബാക്കിയിലാണ് സ്ഥിതിചെയ്യുക. നിശ്ശേഷം അകത്തു പ്രവേശിപ്പിക്കുന്നതായാൽ ബാഹ്യനായ വായുവുംകൂടെ അകത്തുകടക്കുകയും ശാരീരവായുവിനോടു കൂടിച്ചേരുകയും ചെയ്യുന്ന സമയം വാതകോപം വർദ്ധിക്കുകയും ചെയ്യും എന്നു തത്ത്വം ഗ്രാഹ്യമാകുന്നു * 47—ഗുദകണ്ണുകളിൽക്കൂടെ അനന്തരമായ സ്നേഹത്തെ ഒരിക്കലും പ്രയോഗിക്കരുത് എന്നു വെച്ചാൽ ഗുദത്തിൽക്കൂടെ വസ്തിരൂപമായോ ഗുദത്തിൽക്കൂടെ പാനരൂപമായോ സ്നേഹം അകത്തു ചെന്നാൽ പിന്നെ അതു ദഹിക്കുന്നതിന്നുമുമ്പെ വസ്തിചെയ്യുവൻ സ്നേഹപാനം ചെയ്യുകയോ സ്നേഹപാനം ചെയ്യുവൻ അനുവാസനം ശീലിക്കുകയോ ചെയ്യുപോകരുത്. ഏകകാലത്തിൽ—ഒരു മാർഗ്ഗത്തിൽക്കൂടെ അകത്തു പ്രവേശിച്ചതു ദഹിക്കുന്നതിന്നുമുമ്പെ മററു മാർഗ്ഗമായും അകത്തു പ്രവേശിച്ച സ്നേഹം വാതാദിദോഷങ്ങളെ എല്ലാം ഏകകാലത്തിൽ കോപിപ്പിക്കുകയും ചെയ്യും * 48—അതേവിധത്തിന്നു സ്നേഹവസ്തിയോ കഷായവസ്തിയോ ഏതെങ്കിലും ഒന്നുതന്നെ മുൻപറഞ്ഞ കണക്കിൽ അധികം ശീലിച്ചുപോകരുത്. സ്നേഹവസ്തി അധികം ശീലിച്ചാൽ ഉരുപ്പുഴക്കവും അഗ്നിമാന്ദ്യവും സംഭവിച്ചുപോകും. കഷായവസ്തി അധികം ശീലിച്ചാൽ വാതകോപവും സംഭവിക്കും* 49—ഈ പറഞ്ഞ കാരണംനിമിത്തം കഷായവസ്തി ചെയ്യുവന്ന് ഉടനെ സ്നേഹവസ്തിയും സ്നേഹവസ്തി ചെയ്യുവന്നു നിരൂഹവും ചെയ്യണം. ഇങ്ങനെ വിധം സ്നിഗ്ദ്ധതത്ത്വത്തുകയും ശോധ

സ്നേഹശോധനയുക്തൈവം വസ്തികർമ്മ ത്രിദോഷനുൽ. 49
കർമ്മവ്യായാമഭാരാദ്ധ്വപാനസ്ത്രീകശീതവു ച
ദുർബ്ബലേ വാതഭഗ്ന ച മാത്രാവസ്തിഃ സദാ മതഃ. 50
ഹ്രസ്വായാഃ സ്നേഹമാത്രായാ മാത്രാവസ്തിഃ സമോ മതഃ
യഥേഷ്ടാഹാരചേഷ്ടസ്യ സർവ്വകാലം നിരത്യയഃ. 51
ബല്യം സുഖാപചാര്യഞ്ച സുഖം സ്രഷ്ടപുരീഷകൃൽ
സ്നേഹമാത്രാവിധാനം ഹി ബൃംഹണം വാതരോഗനുൽ. 52

നവരുത്തുകയും ചെയ്യുന്നതായ ഈ പറഞ്ഞ യുക്തിപ്രകാരം വസ്തികർമ്മത്തെ ശീലിപ്പിച്ചാൽ അതു ത്രിദോഷങ്ങൾക്കുപഹരമായിത്തീരുകയും ചെയ്യും *

50-52—പ്രവൃത്തിചെയ്യുക വ്യായാമംചെയ്യുക ചുമടെടുക്കുക വഴിനടക്കുക സ്ത്രീസേവചെയ്യുക എന്ന കാരണങ്ങൾനിമിത്തം കാർശ്യം സംഭവിച്ചവർ ദുർബ്ബലന്മാർ വാതകോപംനിമിത്തം ശരീരത്തിന്നു ഭംഗം സംഭവിച്ചവർ ഇവർക്കെല്ലാം മാത്രാവസ്തി പ്രയോഗിക്കാവുന്നതാകുന്നു. ഇത് ഏതുകാലത്തും സമയത്തും ഒരുപോലെ ശീലിക്കാവുന്നതുമാണ്. മാത്രാവസ്തിയുടെ മാത്ര, ഹ്രസ്വമായ സ്നേഹമാത്രയോടു തുല്യമായിരിക്കുകയും ചെയ്യും. ഇതു ശീലിക്കുന്ന കാലത്ത് ആഹാരവിഹാരാദികളിൽ വിശിഷ്ട്യ യാതൊരു നിർബ്ബന്ധവും ആചരിക്കേണ്ടതായിട്ടില്ല. ഇത് അപായരഹിതവുമാകുന്നു. എന്നു മാത്രമല്ല ബലത്തെ വർദ്ധിപ്പിക്കുന്നതും ഉപചാരത്തിൽ പ്രയാസമില്ലാത്തതും ശരീരസുഖത്തെ വരുത്തുന്നതും മേനിക്കടത്തോളം മലശോധനവരുത്തുന്നതും ഹേതുകൊണ്ടു സ്നേഹപാനത്തോടു സദൃശവും ശരീരത്തെ തടിപ്പിക്കുന്നതും വാതവ്യാധിയെ നിശ്ശേഷം നശിപ്പിക്കുന്നതുമാകുന്നു. 'ശീലനീയഃ സദാ ച സഃ । ബാലവൃദ്ധാദ്ധ്വഭാരസ്ത്രീവ്യായാമാസക്തചിന്തകൈഃ । വാതഭഗ്നബലാല്പാഗ്നിരുപേശ്ചരസുഖാത്മഭിഃ । ദോഷക്ഷയേ നിഷ്പരീഹാരോ ബല്യഃ സ്രഷ്ടമലഃ സുഖഃ' എന്ന് അഷ്ടാംഗഹൃദയം *

അദ്ധ്യായവിവരണം.

53-54—സ്നേഹവ്യാപാദികാസിദ്ധി എന്ന ഈ അദ്ധ്യായത്തിൽ, വാതാദിദോഷങ്ങളുടെ ശമനത്തിന്നു വിശിഷ്ടങ്ങളായ സ്നേ

തത്ര ശ്ലോകൌ

വാതാദീനാം ശമായോക്താഃ പ്രവരാഃ സ്നേഹവസ്തയഃ
തേഷാഞ്ചാജ്ഞപ്രയുക്താനാം വ്യാപദസ്സ്യുശ്ചികിത്സിതാഃ 53
പ്രാഗ്ഭാജ്യം സ്നേഹവസ്തേയ്യുർഭുജ്യ യേഹ്നസ്ത്ര്യഹാച്ച യേ
സ്നേഹവസ്തിവിധിശ്ചോക്തോ മാത്രാവസ്തിവിധിസ്തഥാ 54

ഇതി ചരകസംഹിതായാം
സിദ്ധിസ്ഥാനേ
സ്നേഹവ്യാപാദികാസിദ്ധിർന്നാമ ചതുർത്ഥോദ്ധ്യായഃ.

അദ്ധ്യായം 5. നേത്രവസ്തിവ്യാപാദികാസിദ്ധി.

അഥാതോ നേത്രവസ്തിവ്യാപാദികാസിദ്ധിമദ്ധ്യായം വ്യാഖ്യാസ്യാമഃ.
ഇതി ഹ സ്മാഹ ഭഗവാനാത്രേയഃ.
അഥ നേത്രാണി വസ്തീംശ്ച ശൃണു വജ്ജ്യാനി കർമ്മസു

ഹവസ്തിയോഗങ്ങൾ വസ്തിവിധിയിൽ പരിചയമില്ലാത്തവൻ വസ്തിചെയ്താൽ അതുകൊണ്ടു സംഭവിക്കാവുന്ന വ്യാപത്തുകൾ അതുകൾക്കുള്ള ചികിത്സകൾ സ്നേഹവസ്തി ചെയ്യുന്നതിന്നു മുമ്പു ഭക്ഷണം കഴിച്ചിരിക്കണമെന്ന വിധി ആർക്കെല്ലാം പതിവായി സ്നേഹവസ്തി ചെയ്യേണ്ടുമെന്നും ആർക്കെല്ലാം മൂന്നുദിവസം കൂടുമ്പോൾ മാത്രം ചെയ്യേണ്ടുമെന്നുമുള്ള നിയമം മുതലായ സ്നേഹവസ്തിയെക്കുറിച്ചുള്ള വിധികളും ഹ്രസ്വമാത്രയിൽ ചെയ്യപ്പെടുന്ന മാത്രാവസ്തിയുടെ വിധികളും ഭഗവാൻ വിശദമായി പ്രതിപാദിച്ചിരിക്കുന്നു *

ഇതി ചരകസംഹിതാവ്യാഖ്യാനേ
വാചസ്സൂത്രേ
സിദ്ധിസ്ഥാനേ ചതുർത്ഥോദ്ധ്യായഃ (4)

അദ്ധ്യായം 5.

1— അല്ലയോ അഗ്നിവേശ ഈ പറഞ്ഞ കഷായവസ്തിയും

നേത്രസ്യാജ്ഞപ്രണീതസ്യ വ്യാപദ്സ്സേചികിത്സിതാഃ. 1
ഹ്രസ്വം ദീർഘം തനു സ്ഥൂലം ജീർണ്ണം ശിഥിലബന്ധനം
പാർശ്വഛിദ്രം തഥാ വക്രമഷ്ടൌ നേത്രാണി വർജ്ജയേൽ. 2
അപ്രാപ്ത്യതിഗതിക്ഷോഭകർഷണക്ഷണനസ്രവാഃ
ഹൃദപീഡാ ഗതിർജ്ജിഹ്മാ തേഷാം ദോഷാ യഥാക്രമം. 3
മാംസലച്ഛിദ്രവിഷമസ്ഥൂലജാലകവാതളാഃ

സ്നേഹവസ്തിയും (മാത്രാവസ്തിയും) ചെയ്യുമ്പോൾ എത്തുതരം വസ്തി നേത്രങ്ങളും വസ്തിയും വസ്തികർമ്മത്തിൽ വർജ്ജ്യങ്ങളാണെന്നും അറിവില്ലാത്തവൻ വസ്തിനേത്രത്തെ തകരാറായവിധം പ്രണിധാനം ചെയ്യുക മുതലായ കാരണങ്ങൾനിമിത്തം സംഭവിക്കുന്ന വസ്തി വ്യാപത്തുകളും അതുകൾക്കുള്ള ചികിത്സകളും ഉപദേശിച്ചുതരാം. അതുകളേയും മനസ്സിരുത്തി കേട്ടുധരിക്കുക *

2—വസ്തിചെയ്യുന്ന സമയം ഈ പറയുന്ന എട്ടുദോഷങ്ങളോടുകൂടിയ വസ്തിനേത്രങ്ങളെ തീരെ വർജ്ജിക്കണം. ആ ദോഷങ്ങൾ എന്തെല്ലാമെന്നാൽ, മുൻപറഞ്ഞ കണക്കിൽ നീളംകുറഞ്ഞത്, അധികം നീളമുള്ളത്, വണ്ണംകുറഞ്ഞത്, അധികം വണ്ണമുള്ളത്, വളരെ പഴക്കം ചെന്നത്, കെട്ടുമുറുക്കമില്ലാത്തത്, പാർശ്വഭാഗത്തിൽ ദ്വാരമുള്ളത്, വളവുള്ളത് എന്നതുകളാകുന്നു നേത്രദോഷങ്ങൾ * 3—ഈ പറഞ്ഞ എട്ടുദോഷങ്ങൾ ഉള്ള നേത്രങ്ങൾ കൊണ്ടു വസ്തിചെയ്താൽ ഹ്രസ്വാദിദോഷങ്ങൾക്ക് യഥാക്രമം, വേണ്ടേടത്തോളം അകത്തു പ്രവേശിക്കാതിരിക്കുക, അധികം അകത്തു കടന്നുപോവുക, ഹൃദയക്ഷോഭം സംഭവിക്കുക, ഉരയുക, ഹൃദയത്തിൽ വ്രണങ്ങൾ സംഭവിക്കുക, വസ്തിദ്രവ്യം പുറത്തുപോവുക, ഹൃദയത്തിന്നു പീഡ സംഭവിക്കുക, വസ്തിദ്രവ്യം നേരെ അകത്തു പ്രവേശിക്കാതിരിക്കുക എന്ന തകരാറുകൾ സംഭവിക്കുകയും ചെയ്യും *

4—വസ്തിനേത്രത്തിൽ വെച്ചുകെട്ടുന്ന തോൽസഞ്ചിക്കും എട്ടു ദോഷങ്ങൾ സംഭവിച്ചുപോകും. അതുകളേതെല്ലാമെന്നാൽ, മാംസം ധാരാളമുള്ള ആശയങ്ങളിലെ ചർമ്മമായിരുന്നാൽ ആ തോലിന്മേൽ മാസാംശമുണ്ടാകും. അതേവിധമാവുക, ചെറുദ്വാരങ്ങളുണ്ടാവുക, എല്ലാദിക്കിലും കനം ഒരുപോലെയല്ലാതിരിക്കുക, വലിയ

ഛിന്നഃ ക്ലിന്നശ്ച താനഷ്ടൌ വസ്തീൻ കർമ്മസു വർജ്ജയേൽ. 4
ഗതിവൈഷമ്യവിസ്രുതപ്രസ്രാവദൌർഗ്ഗന്ധ്യവിഡസ്രവഃ
ഫേനിലച്ഛൃതധാന്ത്യതാ വസ്തേഃ സ്യാദ്ദോഷതഃ. 5
സവാതാതിദ്രുതോൽക്ഷിപ്തതിര്യ്ഗുൽക്ഷിപ്തകമ്പിതാഃ
അതിവാഹ്യഗമന്ദാതിവേഗദോഷാഃ പ്രണേതൃതഃ. 6
അനുച്ഛ്വാസാനുബന്ധേ വാ ദത്തേ നിശ്ശേഷ ഏവ വാ
പ്രവിശ്യ കുപിതോ വായുഃ ശൂലതോദകരോ ഭവേൽ. 7
തത്രാഭ്യംഗോ ഹൃദേ സ്നേഹോ വാതഘ്നാന്യശനാനി ച

കട്ടിയുണ്ടായിരിക്കുക, തോലിന്മേൽ ചെറുതരമ്പുകൾ തലങ്ങും വിലങ്ങുമുണ്ടായിരിക്കുക, വാതളം—ഔത്തുമുള്ള ജീവികളുടേതായിരിക്കുക, മുറിഞ്ഞത്, നനവുള്ളത് എന്നിത്തുകളെല്ലാം വസ്തിദോഷങ്ങളാകുന്നു. ഈ പറഞ്ഞ വസ്തിദോഷങ്ങളുള്ള ചർമ്മങ്ങളെക്കൊണ്ടുണ്ടാക്കിയ വസ്തികളെ വസ്തികർമ്മത്തിൽതീരെ വർജ്ജിക്കുകയും വേണം * 5—ഈ പറഞ്ഞ ദോഷങ്ങളുള്ള തോൽസഞ്ചി ഉപയോഗിച്ചാൽ ഗതിവൈഷമ്യം വിസ്രുതം ഔഷധം ചോർന്നുപോവുക ദുർഗ്ഗന്ധം അതിസാരം ഔഷധം നുരയുക ച്ഛൃതധാന്ത്യതാ എന്ന ദോഷങ്ങൾ സംഭവിച്ചുപോകും *

6—പ്രണേതൃദോഷം—വസ്തിചെയ്യുവാൻ പരിചയമില്ലാത്തവൻ പ്രയോഗിക്കുകനിമിത്തം ബാഹ്യനായ വായു അകത്തു പ്രവേശിക്കുക വളരെ വേഗത്തിൽ പ്രണയനം ചെയ്യുക ഉൽക്ഷിപ്തമാവുക വിലങ്ങടിച്ചുപോവുക യന്ത്രം ഇളകുക അതിവേഗത്തിൽ യന്ത്രപ്രണിധാനം ചെയ്യുക വളരെ സാവധാനത്തിലാവുക വേഗത്തിന്നു ശക്തികൂടുക എന്ന എട്ടുദോഷങ്ങളും സംഭവിച്ചുപോകും* 7—വസ്തിയന്ത്രത്തിന്റെ അടപ്പായി വെച്ചിരിക്കുന്ന വർത്തിയെ എടുത്തുകളഞ്ഞ് ആ ദ്രവ്യത്തെ രണ്ടു മൂന്നു പ്രാവശ്യം ഞക്കി ഉച്ഛ്വസിപ്പിക്കേണമെന്നു പറഞ്ഞപ്രകാരം ചെയ്യാതിരിക്കുകയോ വസ്തിദ്രവ്യത്തെ രണ്ടു മൂന്നു പ്രാവശ്യമായി ഞക്കി കയറുകയോ ലേശംപോലും ബാക്കിവെക്കാതെ ദ്രവ്യം മുഴുവൻ അകത്തു കയറുകയോ ചെയ്താൽ ബാഹ്യനായ വായു അകത്തു പ്രവേശിച്ചു ജഠരത്തിൽ ശൂലവേദനയും കുത്തിനോവുമുണ്ടാക്കിത്തീർക്കും * 8—അങ്ങിനെ സംഭവിച്ചാൽ എണ്ണതേക്കുക ഹൃദയത്തിൽ സ്നേഹദ്രവ്യം

ഗുദം പ്രണീതേ നിഷ്ക്ഷിപ്തേ സഹസോൽക്ഷിപ്ത ഏവ വാ. 8
സ്യാൽ കടീഗുജേംഘ്രാത്തിവസ്തിസ്തംഭോരുഭേദനം
ഭേജനം തത്ര വാതഘ്ന സ്നേഹാഃ ദ്വേഷാഃ സവസ്തയഃ. 9
തിര്യഗ്ബന്ധാവൃതപ്രോരേ ബദ്ധേ വാപി ന ഗച്ഛതി
നേത്രം തദ്ദൃഢം നിഷ്ക്ഷിപ്യ സംശോദ്ധ്യ ച പുനർന്നയേൽ. 10
പീഡ്യമാനേന്തരാ മുക്തേ ഗുദേ പ്രതിഹതോനിലഃ
ഉരശ്ശിരോരുജം സാദമേവ്വോഷ്ണ ജനയേദ്ബലീ. 11
വസ്തിഃ സ്യാത്തത്ര വിലപാദിഫലശ്യാമാദിമൂത്ര വാൻ
സ്യാദ്ദാഹോ ദ്വേഷ്ടഃ ശോഫഃ കമ്പ നാഭിഹതേ ഗുദേ. 12

പുഴുക്ക വാതഹരങ്ങളായ അന്നാദിസാദികളെ ഭക്ഷിക്കുക എന്നിതു കളെല്ലാം ഹിതങ്ങളാകുന്നു. അതിവേഗത്തിൽ വസ്തിയന്ത്രത്തെ ഗുദത്തിൽ കടത്തുകയോ സാവധാനത്തിലല്ലാതെ അതു വലിച്ചെടുക്കുകയോ അധികം ഊക്കോടുകൂടെ വസ്തിചെയ്യുകയോ ചെയ്താൽ, 9— കടീപ്രദേശം ഗുദം മുഷ്കാലുകൾ ഇവിടങ്ങളിൽ വേദന വസ്തിപ്രദേശത്തു സ്തംഭം തുടകളിൽ പിളർന്നോവ് എന്ന ഉപദ്രവങ്ങളെല്ലാമുണ്ടാകും. അവിടെ വാതഹരങ്ങളായ ആഹാരങ്ങളെ ഭക്ഷിക്കുകയും സ്നേഹസ്വേദങ്ങളെ ശീലിപ്പിക്കുകയും വിധിപ്രകാരം വസ്തിചെയ്യുകയും വേണം * 10— വസ്തിനേത്രത്തിൽ തോൽസഞ്ചി വെച്ചുകെട്ടുന്നതു വിലങ്ങുതടിലായിപ്പോകയോ ഭാരം അടയത്തക്ക വണ്ണമായിപ്പോകയോ ചെയ്താൽ അരിച്ചെ ഔഷധം അകത്തു പ്രവേശിക്കുകയില്ല. അങ്ങിനെ സംഭവിച്ചാൽ ആ നേത്രം ഉരി എടുത്തു ശുദ്ധിവരുത്തി ആദ്യം നല്ലവണ്ണം കെട്ടുകയും വേണം *

11— വസ്തി ഞക്കുന്നസമയം ചേണ്ടടത്തോളം അകത്തു പ്രവേശിപ്പിക്കുന്നതിന്നുമുമ്പെ അതു നിർത്തിയാൽ കർമ്മായോഗം നിമിത്തം ഗുദത്തിൽനിന്നു ശക്തിയോടുകൂടെ കോപിച്ച വായു ഉരസ്സിലും ശിരസ്സിലും വേദനയും തുടകൾക്കു തളർച്ചയും ഉണ്ടാക്കിത്തീർക്കും * 12— അവിടെ വിലപഫലാദി ഔഷധങ്ങളും ശ്യാമാദികളും ചേർത്തു ഗോമൂത്രവുംകൂട്ടി വസ്തിചെയ്യുകയും വേണം. യന്ത്രം ഇളകിപ്പോവുകയോ ഗുദത്തിൽ അഭിഘാതംപററുകയോ ചെയ്താൽ ഗുദത്തിൽ ചുട്ടുനീറലും ചുട്ടുവുകച്ചിലും നീരും സംഭവിക്കും. *

കഷായമധുരൈഃ ശീതൈഃ സേകാസ്തു സവസ്തയഃ
അതിമാത്രപ്രണീതേന മാത്രേണ ക്ഷണനാദ്വലേഃ. 13
സ്യാൽ ഛർദ്ദിർഹൃന്നിസ്തോദ്ദേഹേച്ഛാ പ്രവർത്തനം
തത്ര സർപ്പിഃ പിചുഃ ക്ഷീരം പിഞ്ഛരാവസ്തിശ്ച ശസ്യതേ. 14
ന വാ വഹതി മന്ദസ്തു ബാഹ്യാസ്തൂപാസ്തു നിവർത്തതേ
സ്നേഹസ്തു പുനഃ സമ്യക്പ്രണേയഃ സിദ്ധിമിച്ഛതാ. 15
അതിപ്രപീഡിതഃ കോഷ്ഠേ തിഷ്ഠത്യായാതി വാ ഗളം
തത്ര വസ്തിർവിരേകശ്ച ഗളപീഡാദികർമ്മ ച. 16

13— അതേവിധം സംഭവിച്ചാൽ കഷായരസങ്ങളും മധുരരസങ്ങളും ശീതങ്ങളുമായ ദ്രവ്യങ്ങളെക്കൊണ്ടു ധാരചെയ്യുകയും വസ്തിചെയ്യുകയും വേണം. വസ്തിനേത്രം വേണ്ടതിലധികം ഗുദത്തിൽ പ്രവേശിപ്പിച്ചാൽ ഗുദവലികൾക്കു ക്ഷതംസംഭവിക്കും. 14— അതുനിമിത്തം ഛർദ്ദി ഗുദത്തിൽ ചൂടുനീറൽ കുത്തിനോവ് മലംപോകുന്നസമയം മൂലം പുറത്തുവരിക ഇതുകളെല്ലാം സംഭവിക്കും. അവിടെ നെയ്പുരട്ടുക പിചുവെക്കുക പാൽകൊണ്ടു ധാരചെയ്യുക പിഞ്ഛരാവസ്തിചെയ്യുക ഇതുകളെല്ലാം നല്ലതാകുന്നു * 5— വസ്തിപ്രപീഡനം വളരെ സാവധാനത്തിലായിപ്പോയാൽ അതു കാര്യകൃതമായിത്തീരുകയില്ല. വേണ്ടേടത്തോളം അകത്തു പ്രവേശിക്കാതിരുന്നാൽ അത് അകത്തു നില്ക്കേണ്ടേടത്തോളംസമയം നില്ക്കാതെ ക്ഷണത്തിൽ സ്രവിച്ചുപോകയും ചെയ്യും. അതേവിധം സ്രവിച്ചതു സ്നേഹവസ്തിയാണെങ്കിൽ വസ്തിസിദ്ധിയെ ഇച്ഛിക്കുന്ന വൈദ്യൻ ഉടനെ രണ്ടാമതും വസ്തിചെയ്യണം. 'സ്നേഹസ്തു' എന്നു പറയുകയാൽ കഷായവസ്തിയാണെങ്കിൽ ഉടനെ പിന്നെയും വസ്തിചെയ്യുപോകരുതെന്നും ഗ്രഹിക്കണം * 16— വേണ്ടതിലധികം ഊക്കോടുകൂടെ വസ്തി ഞക്കിയാൽ ആ ദ്രവ്യം കോഷ്ഠത്തിൽ നില്ക്കുകയോ കുഴത്തിൽ കേറുകയോ ചെയ്തുപോകും. അതേവിധം ദ്രവ്യം കണ്ഠത്തിൽ കയറിപ്പോയാൽ വസ്തി വിരേകം ഗളപീഡമുതലായ മുന്നദ്ധ്യായത്തിൽ വിവരിച്ച ക്രിയകളും ചെയ്യണം *

തത്ര ശ്ലോകഃ

നേത്രവസ്തിപ്രണേതൃണാം ദോഷാനേതാൻ സദോഷജാൻ
വിദ്വാംസ്തേ ച്ചന മതിമാൻ വസ്തികർമ്മാണി കാരയേൽ. 17

ഇതി ചരകസംഹിതായാം
സിദ്ധി സ്ഥാനേ
നേത്ര വസ്തിവ്യാപാദികാസിദ്ധിർന്നാമ പഞ്ചമോദ്ധ്യായഃ.

അദ്ധ്യായം 6. വമനവിരേചനവ്യാപൽസിദ്ധി.

അഥാതോ വമനവിരേചനവ്യാപൽസിദ്ധിമദ്ധ്യായം വ്യാഖ്യാസ്യാമഃ.
ഇതി ഹ സ്മാഹ ഭഗവാനാത്രേയഃ.
അഥ ശോധനയോഃ സമ്യഗ്വിധിമൂർദ്ധ്വാനുലോമയോഃ

അദ്ധ്യായവിവരണം.

17— നേത്രവസ്തിവ്യാപാദികാസിദ്ധി എന്ന ഈ അദ്ധ്യായത്തിൽ വസ്തിനേത്രം വസ്തി പ്രണേതാവ് എന്നിതുകളുടെ ദോഷങ്ങളും അതുകൾനിമിത്തം സംഭവിക്കുന്ന വ്യാപത്തുകളും അതുകൾക്കുള്ള പ്രതിവിധികളും വിവരിച്ചിരിക്കുന്നു. ബുദ്ധിമാനായ വൈദ്യൻ ഈ വിഷയത്തെ നല്ലവണ്ണം അറിഞ്ഞ് ഇതുകളൊന്നും വരാത്തവിധം വസ്തികർമ്മത്തെ ചെയ്യേണമെന്നിങ്ങിനെ ഭഗവാൻ വ്യക്തമായി ഉപദേശിച്ചിരിക്കുന്നു *

ഇതി ചരകസംഹിതാവ്യാഖ്യാനേ
വാമ സ്സ്ഥ ത്യ
സിദ്ധിസ്ഥാനേ പഞ്ചമോദ്ധ്യായഃ (5).

അദ്ധ്യായം 6.

1— ഇപ്രകാരം വസ്തിയിധികളെ വിവരിച്ചതിന്നുശേഷം ഇനി ഊർദ്ധ്വാനുലോമങ്ങളായ ശോധനകളുടെ— വമനവിരേകങ്ങളുടെ വിധിയും അതുകൾ വേണ്ടതുപോലെയല്ലാതെ ചെയ്യുമ്പോ

അസമ്യക്കൃതയോശ്ചൈവ ദോഷാൻ വക്ഷ്യാമി സൌഷധാൻ. 1
അത്യുഷ്ണവർഷശീതാ ഹി ഗ്രീഷ്മവർഷാഹിമാഗമഃ
തദന്തരേ പ്രാവൃഡാദ്യാസ്തേഷാം സാധാരണാസ്ത്രയഃ. 2
പ്രാവൃട് ശുചിനഭോ ജ്ഞേയൌ ശരദൂർജ്ജസഹൌ പുനഃ
തപസ്യശ്ച മധുശ്ചൈവ വസന്തഃ ശോധനം പ്രതി. 3
ഏതാന്യതൂൻ വിചിന്ത്യൈവ ദ്യോതസ്യ ശോധനം നൃണാം
സ്വസ്ഥവൃത്തമഭിപ്രേത്യ വ്യാധൌ വ്യാധിവശേഷ തു. 4
കർമ്മണാം വമനാദീനാമന്തരേഷ്വന്തരേഷു ച

കയാലുണ്ടാകുന്ന വ്യാപത്തുകളും അതുകൾക്കുള്ള ചികിത്സകളും ഇനി വിശദമായി ഉപദേശിച്ചതരം *

2— ഒരു സംവത്സരത്തിലുള്ള ആറ് ഋതുക്കളിൽ ഗ്രീഷ്മഋതു അത്യുഷ്ണകാലവും വർഷഋതു അതിയർഷകാലവും ഹേമന്തഋതു അതിശീതകാലവുമാകുന്നു. ഇതിന്നിടയ്ക്കുള്ള മററ ഋതുക്കൾ സാധാരണ ഗുണയുക്തങ്ങളുമാകുന്നു * 3— ആ സാധാരണകാലമെന്നു പറഞ്ഞതിനെത്തന്നെ വിവരിക്കുന്നു:— ശുചിമാസം നഭോമാസമെന്ന രണ്ടു മാസകാലമായ പ്രാവൃഡൃതു, ഊർജ്ജസഹമാസങ്ങൾ കൂടിയ കാലമായ ശരൽക്കാലം, തപസ്യമാസം മധുമാസമെന്ന രണ്ടു മാസംകൂടിയ കാലമായ വസന്തഋതു എന്ന ഋതുകളാകുന്നു. ഈ മൂന്ന് ഋതുക്കളെയും ശോധനാദിചെയ്യുന്ന വിഷയത്തിൽ സാധാരണങ്ങൾ എന്നു പറയുകയും ചെയ്യും * 4— വമന വിരേകാദിശോധനകളെ ചെയ്യുന്നത് ഈ സാധാരണകാലത്തെ അറിഞ്ഞ് അതിൽ ശരീരപ്രകൃതിക്ക് അനുഗുണമായ കാലത്തിൽ ചെയ്യുകയും വേണം. എന്നാൽ ഈ പറഞ്ഞ വിധി സ്വസ്ഥവൃത്തനെ ഉദ്ദേശിച്ചാകുന്നു.— വ്യാധികൾ വരാതിരിക്കുവാനും ശരീരസുഖം വർദ്ധിക്കുവാനുമായി ചെയ്യുന്ന ചികിത്സയെ സംബന്ധിച്ച വിധിയാകുന്നു. ഏതെങ്കിലും ഒരു വ്യാധി പഞ്ചകർമ്മങ്ങളിൽ ഏതെങ്കിലുമോ മററ വിധികളോ ശീലിക്കേണ്ടതായി സംഭവിച്ചാൽ അതു ശീലിപ്പിക്കാൻ സാധാരണകാലം വരുന്നതുവരെ കാത്തിരിക്കാതെ രോഗാവസ്ഥപോലെയുള്ള ചികിത്സയെ ഉടനടി ചെയ്യുകയും വേണം* 5— വമനവിരേകാദികർമ്മങ്ങൾ ശീലിപ്പിക്കുന്നസമയം ഒന്നു ശീലിപ്പിച്ചുകഴിഞ്ഞാൽ ശീലിപ്പിക്കുന്നതിന്റെ ഇടയ്ക്കും എല്ലാകർമ്മത്തി

സ്നേഹസ്വേദൌ പ്രയുഞ്ജീത സ്നേഹാദ്യന്തേ പ്രയോജയേൽ. 5
വിസർപ്പപിടികാസു ഏകാമിലാപാണ്ഡുരോഗിണഃ
അഭിഘാതവിഷാർത്താംശ്ച നാതിസ്നിഗ്ധാൻ വിരേചയേൽ. 6
നാതിസ്നിഗ്ധശരീരായ ദദ്യാൽ സ്നേഹവിരേചനം
സ്നേഹാൽക്ലിഷ്ടശരീരായ രൂക്ഷം ദദ്യാദ്വിരേചനം 7
സ്നേഹസ്വേദോപപന്നേന ജീർണ്ണേ മാത്രാവദൌഷധം
ഏകാഗ്രമനസാ പീതം സമ്യഗ്യോഗായ കല്പതേ. 8
സ്നിഗ്ധാൽ പാത്രാദ്യഥാ തോയമയത്നേന പ്രണുദ്യതേ
കഫാദയഃ പ്രണുദ്യന്തേ സ്നിഗ്ധാദ്ദേഹാത്തഥൌഷധൈഃ. 9

ന്റെ ആദ്യവും അവസാനവും സ്നേഹസ്വേദങ്ങളെ ശീലിപ്പിക്കണം * 6 — വിസർപ്പം കുരു വീഴ് കാമില പാണ്ഡുരോഗം എന്ന രോഗങ്ങളുള്ളവക്കും അഭിഘാതം പററിയവക്കും വിഷം ബാധിച്ചവക്കും വമനവിരേകാദികൾ ശീലിപ്പിക്കുവാൻ മററുള്ളവരെപ്പോലെ സ്നിഗ്ധത വരുത്തേണ്ടതില്ല * 7 — സ്വതെ വിരേചനം ശീലിപ്പിക്കുന്ന സമയം അവന്നു നല്ലവണ്ണം സ്നിഗ്ധത വന്നിട്ടില്ലെങ്കിൽ സ്നിഗ്ധമായ വിരേചനദ്രവ്യംകൊണ്ടു ശോധനവരുത്തണം. ധാരാളം സ്നിഗ്ധത വന്നവന്നു രൂക്ഷമായ വിരേചനദ്രവ്യംകൊടുത്തു ശോധനവരുത്തുകയും വേണം *

8 — സ്നേഹസ്വേദങ്ങളെ ശീലിപ്പിച്ച് അതുകളുടെ സമ്യഗ്യോഗം വന്നവർ ദോഷകോപാദിസ്വഭാവത്തിന്ന് അനുസരിച്ച മാത്രയിലുള്ള ശോധനൌഷധത്തെ ഏകതാനമായ മനസ്സോടുകൂടെ സേവിക്കുന്നതായാൽ അത് അവന്ന് ആ ശോധനയുടെ സമ്യഗ്യോഗത്തിന്നായി — സമ്യഗ്യോഗകാരിയായിത്തീരുകയും ചെയ്യും * 9 — മിഴക്കുപുരട്ടിയ പാത്രത്തിലാക്കിയ വെള്ളം പുറത്തുകളഞ്ഞാൽ ആ പാത്രത്തിൽനിന്നു ജലാംശമെല്ലാം പ്രയാസംകൂടാതെ പുറത്തുപോകുന്നത് ഏതുപ്രകാരമോ അതേവിധം സ്നിഗ്ധത വരുത്തിയ ശരീരത്തിൽനിന്ന് ഔഷധം പ്രയോഗിച്ച കഫാദികളെ പ്രയാസംകൂടാതെ മുഴുവൻ പുറത്തുകളയുവാൻ സാധിക്കുകയും ചെയ്യും * 10 — തീക്ഷ്ണമായ ചേണ്ടാവ്വാദികാര്യത്തെ അഗ്നിജ്വാലയിൽ

ആർദ്രം കാഷ്ഠം യഥാ വഹ്നിർവ്വിഷ്യന്ദയതി സർവ്വതഃ
തഥാ സ്നിഗ്ദ്ധസ്യ ദൈവദോഷാൻ സ്വേദോ വിഷ്യന്ദയേൽ സ്ഥിരാൻ
ക്লിഷ്ടം ചാസ്യോ യഥോൽക്লേശ്യ മലൈഃ സംശോദ്ധൃതം ഭസാ
സ്നേഹസ്വേദൈസ്തഥോൽക്লേശ്യ ശോദ്ധ്യതേ ശോധനൈർമ്മലഃ.
അജീർണ്ണേ വർദ്ധതേ ഗ്লാനിർവ്വിബന്ധശ്ചൈവ ജായതേ
പീതം സംശോധനം ചൈവ വിപരീതം പ്രവർത്തതേ. 12
അല്പമാത്രം മഹാവേഗം ബഹുദോഷഹരം സുഖം
ലഘു പാകം സുഖാസ്വാദം പ്രീണനം വ്യാധിനാശനം. 13
അവികാരാവിപന്നഞ്ച നാതിഗ്ലാനികരഞ്ച തത്

കാട്ടിയാൽ അതിന്നു വിഷ്യന്ദം—അതു കർമ്മക്ഷമമാകത്തക്കവിധം വാടുന്നത് ഏതുപ്രകാരമോ അതുപോലെ സ്നിഗ്ദ്ധത വരുത്തിയവൻ സ്വേദത്തെ ശീലിച്ചാൽ അവന്റെ ശരീരത്തിന്റെ ആന്തരഭാഗങ്ങളിൽ ലയിച്ച് ഉറച്ചുകിടക്കുന്ന മലങ്ങളെല്ലാം അയഞ്ഞ് അന്തരാളങ്ങളുടെ ആശയങ്ങളിൽ വന്നുകൂടുകയും വമനാദികളെക്കൊണ്ടു നിർഹരിക്കത്തക്കവിധമായിത്തീരുകയും ചെയ്യും * 11—ചാരംപൂരട്ടി പുഴുങ്ങിയ വസ്ത്രം വെള്ളത്തിലിട്ടു തിരുമ്പിയാൽ ആ വസ്ത്രം നിർമ്മലമായിത്തീരുന്നതുപോലെ സ്നേഹസ്വേദങ്ങളെ ശീലിപ്പിച്ചു മലങ്ങൾക്ക് ഉൽക്লേശം വരുത്തി മതിന്നുശേഷം വമനവിരേകങ്ങളെ ചേർത്തതുപോലെ ശീലിപ്പിച്ചാൽ അവന്റെ ശരീരം നിർമ്മലമായിത്തീരുകയും ചെയ്യും *

12—അജീർണ്ണം ബാധിച്ചവന്നു ശോധനചികിത്സയാൽ അവന്നു തളർച്ച കലശലാവുകയും മലബന്ധം വരികയും സേവിച്ച ഔഷധം വിപരീതാർത്ഥകാരിയായിത്തീരുകയും ചെയ്യും *

13-14—പരിമാണം കുറഞ്ഞതും ശക്തി കൂടിയതും ദോഷസംഘാതത്തെ ധാരാളം ഹരിക്കുന്നതും ഉപയോഗിക്കുവാൻ സൌകര്യമുള്ളതും പാകത്തിൽ ലഘുവും ആസ്വാദസുഖമുള്ളതും പ്രീണനവും വ്യാധിയെ നശിപ്പിക്കുന്നതും വികാരത്തേയോ വ്യാപത്തിനേയോ ഉണ്ടാക്കാത്തതും കലശലായ തളർച്ചയെ ബാധിപ്പിക്കാത്തതും സുഗന്ധത്തോടും നല്ല നിറത്തോടും കൂടിയതും ദുസ്സ്പർശമില്ലാത്തതും മാത്രയിൽവിന്നു തെററാത്തതുമായിരിക്കണം വമനവിരേക

ഗന്ധവർണ്ണരസോപേതം വിദ്യാന്മന്ത്രാവതൌഷധം. 14
വിശുദ്ധ മനസാൻ ദോഷാൻ കാമക്രോധഭയാദിഭാൻ
ഏകാഗ്രമനസാ പീതം സമ്യഗ്യോഗായ കല്പതേ. 15
നരഃ ശ്രേഷ്ഠാ വമനം പൂതോ ഭുഞ്ജീത കഫവർദ്ധനം
സുജരം ദ്രവഭൂയിഷ്ഠം ലഘു ശീതം വിരേചനം. 16
ഉൽക്ലിഷ്ടാല്പകഫേ തേന ക്ഷിപ്രം ദോഷാഃ സ്രവന്തി ഹി
പീതൌഷധസ്യ തു ഭിഷക് ശുദ്ധിലിംഗാനി ലക്ഷയേൽ. 17
ഊർദ്ധ്വം കഫാനുഗ്രഹി പിത്തേ വിരേചിതേ നകഫേ തദ്ധഃ

ങ്ങൾക്കുള്ള ഔഷധമെന്നും ഗ്രഹിക്കണം * 15—കാമം ക്രോധം മദം മാത്സര്യം ധൃതിഭ്രംശം മനോമാലിന്യങ്ങളെന്നും കൂടാതെ മുൻപറഞ്ഞ ഗുണങ്ങളോടുകൂടിയ ഔഷധത്തെ തദ്ദേകതാനനായിട്ടു സേവിച്ചാൽ അവന്ന് അതാതുതരം ഔഷധകാര്യമായ വമനവിരേകാദികളിൽ അതുകളുടെ സമ്യഗ്യോഗം സിദ്ധിക്കുകയും ചെയ്യും * 16—നന്നായ വമനം ശീലിക്കേണമെന്നു വിചാരിക്കുന്നവൻ—ഛർദ്ദിപ്പിക്കുവാൻ വിചാരിക്കുന്നതിന്റെ തലേദിവസം കഫത്തെ വർദ്ധിപ്പിക്കുന്നതായ ആഹാരത്തെ ശീലിക്കണം. അതെപ്രകാരം വരുത്തുന്നതിന്റെ തലേദിവസം ഭക്ഷണത്തിൽ മേദിക്കുന്നതും ഗുരുവായതും ലഘുവും ശീതവീര്യവും ആയ ആഹാരത്തെയും ശീലിക്കണം * 17—കഫത്തിന് അല്പമായ ഉൽക്ലേശം വന്നാൽ ദോഷങ്ങൾ വേഗം സ്രവിക്കുകയും ചെയ്യും. ഛർദ്ദിപ്പിക്കുവാനോ വിരേകിപ്പിക്കുവാനോ ഉള്ള മരുന്നു കൊടുത്താൽ വമനവിരേകങ്ങൾ പ്രവൃത്തിച്ചുതുടങ്ങിയാൽ വൈദ്യൻ അതാതുകൂടിയ വിശുദ്ധിലിംഗത്തെ—വമനവിരേകങ്ങൾ വിശേഷിക്കുന്ന സ്വഭാവത്തെ എന്നു പ്രതീക്ഷിക്കുകയും വേണം. വേണ്ടുന്നതിലധികം പ്രവൃത്തിക്കാതിരുന്നാൽ അയോഗവും അധികമായാൽ അതിയോഗവും വന്നുപോകും. അതാണ് ഭിഷഗ്വൈദ്യൻ അതതിന്റെ ശുദ്ധിലിംഗങ്ങളെ പ്രതീക്ഷിക്കേണമെന്നു പറഞ്ഞതിന്റെ ആശയമെന്നും ഗ്രഹിക്കണം * 18—വമനവിരേകങ്ങളിലെ ദോഷസ്രാവത്തിലെ അവധിയെ പറയുന്നു:—കഫത്തോടുകൂടെ പിത്തം പുറപ്പെട്ടു കണ്ടുതുടങ്ങിയാൽ ഊർദ്ധ്വശോധനത്തിന്റെ ശുദ്ധിയായി എന്നറിയണം. വിരേകത്തിലെ ശുദ്ധിക്ക് ആദ്യം മഞ്ഞയും പിന്നെ പിത്തവും അതിസരിച്ചുകഴിഞ്ഞാൽ പിത്തം

ഹൃതദോഷം വദേൽ കാർശ്യദൌർബ്ബല്യം ചേൽ സലാഘവേ. 18
വാമയേത്തു തതഃ ശേഷമൌഷധം ന ത്വലാഘവേ
സ്നൈമിത്യേനിലസംഗേ ച നിരുൽഗാരേപി വാമയേൽ. 19
അലാഘവാദനുതാച്ച കഫസ്യാഗ്നികരം ഭവേൽ
വമിതേ വർദ്ധതേ വഹ്നിഃ ശമം ദോഷാ വ്രജന്തി ഹി. 20
വമിതം ലംഘയേത്സമ്യഗ്ജീർണ്ണലിംഗാന്യലക്ഷയൻ
താനി ദൃഷ്ട്വാ തു പേയാദിക്രമം കുര്യാന്ന ലംഘനം. 21

ത്തോടുകൂടെ കഫം കണ്ടുതുടങ്ങുകയും വേണം. ശരീരത്തിന്നു കാർശ്യവും ബലക്ഷയവും ലഘുത്വവും വന്നതായി കണ്ടാൽ അവന്റെ ശരീരത്തിലുള്ള മലമെല്ലാം വമനവിരേകത്രുപമായി പുറത്തുപോയിരിക്കുന്നു എന്നും ഗ്രഹിക്കണം. ഇതാണ് ഹൃതദോഷന്റെ ലക്ഷണമെന്നു സാരം * 19—ഈ പറഞ്ഞ ലക്ഷണം കണ്ടതിന്നുശേഷവും ഛർദ്ദിപ്പിക്കുവാൻ സേവിച്ച ഔഷധം ഛർദ്ദിച്ചുപോയിട്ടില്ലെങ്കിൽ അതിനെ ഉടനെ ഛർദ്ദിപ്പിച്ചുകളയണം. പിന്നെ ദേഹാദിലക്ഷണം കണ്ടതിന്നുശേഷവും ശരീരത്തിന്നു ലാഘവം വന്നിട്ടില്ല എങ്കിൽ ശേഷൌഷധത്തെ ഛർദ്ദിപ്പിക്കരുത്. ശരീരത്തിന്നു സ്നൈമിത്യമുണ്ടെങ്കിലും വായുവിന്റെ തടസ്ഥം തീർന്നിട്ടില്ലെങ്കിലും തേട്ടലു കണ്ടുതുടങ്ങീട്ടില്ലെങ്കിലും ഛർദ്ദിപ്പിച്ചു കളയാതെ അവനെ പിന്നെയും ഛർദ്ദിപ്പിക്കുകതന്നെയാണ് ചെയ്യേണ്ടതെന്നും ഗ്രഹിക്കണം * 20—ദുഷിച്ച മലം മുഴുവൻ പുറത്തുപോവുകനിമിത്തം ബാക്കിനില്ക്കുന്ന കഫം അല്പമാത്രമായിത്തീരുകയും അതു സ്വതെയുള്ള കഫഗുണമായ ഗൌരവത്തോടുകൂടിയതായിത്തീരുകയും ചെയ്യുകയാൽ അത് ജഠരാഗ്നിയെ വർദ്ധിപ്പിക്കുന്നതായിത്തീരുകയും ചെയ്യും. ഈ പറഞ്ഞ കാരണംനിമിത്തം ഛർദ്ദിയുടെ സമ്യഗ്യോഗംവന്നാൽ ജാഠരാഗ്നി വർദ്ധിക്കുകയും മററു ദോഷങ്ങൾ ശമിക്കുകയും ചെയ്യും * 21—ഈ പറഞ്ഞ ജീർണ്ണലക്ഷണങ്ങൾ പൂർത്തിയായിട്ടില്ലെങ്കിൽ ഛർദ്ദിപ്പിച്ചവനെ ഛർദ്ദിയുടെ യോഗലക്ഷണത്തെ കണ്ടതിന്നുശേഷം—ഛർദ്ദി നിർത്തിയതിന്നുശേഷം പിന്നെയും ലംഘിപ്പിക്കണം. ജീർണ്ണലക്ഷണങ്ങൾ കണ്ടാൽ ഉടനെ മുൻപറഞ്ഞ പേയാദിക്രമത്തെ ശീലിപ്പിക്കുകയും വേണം. അവിടെ പിന്നെ ലംഘ

സംശോധനാദ്ദ്യാം ശുദ്ധസ്യ ഹൃതദോഷസ്യ ദേഹിനഃ
യാത്യഗ്നിർമ്മന്ദതാം തസ്മാൽ ക്രമം പേയാദിമാചരേൽ. 22
കഫപിത്തവിശുദ്ധേല്പം മദ്യപേ വാതപൈത്തികേ
തർപ്പണാദിക്രമം കുര്യാൽ പേയാഭിഷ്യന്ദയേദ്ധി താൻ. 23
അനുലോമോനിലഃ സ്വാസ്ഥ്യം ക്ഷുത്തൃഷ്ണാജ്ജോമനസ്വിതാ
ലഘുതാമിന്ദ്രിയോദ്ഗാരശുദ്ധിർജ്ജീർണ്ണൗഷധാകൃതിഃ. 24
ക്ലമോ ദാഹോംഗമർദ്ദശ്ച ഭ്രമോ മൂർച്ഛാ ശിരോരുജാ

നം ശീലിച്ചുപോകയുമരുത് എന്നു സാരം * 22 — വമനവിരേകങ്ങളാകുന്ന ശോധനകൾകൊണ്ടു ശുദ്ധി വരുത്തുകയും ദുഷിച്ചുകെട്ടി ഉറച്ചുനിന്നിരുന്ന കഫാദിദോഷങ്ങളെല്ലാം പുറത്തുപോകയും ചെയ്തവനായ ദേഹിയുടെ ജാഠരാഗ്നി അല്പാൾ സ്വതെ മന്ദിച്ചിരിക്കും. അതാണ് അവിടെ മുൻപറഞ്ഞ പേയാദിക്രമത്തെത്തന്നെ ശീലിപ്പിക്കണമെന്നു പറഞ്ഞതിന്റെ ആശയമെന്നും ഗ്രഹിക്കണം *

23 — കഫപിത്തങ്ങൾക്ക് അല്പമാത്രം വിശുദ്ധി വന്നിരിക്കുകയോ — കഫത്തിന്നു പിത്തത്തിന്നും വേണ്ടേടത്തോളം ശുദ്ധി വരാതിരിക്കുകയോ ശോധന വരുത്തിയവൻ മദ്യപനോ വാതപിത്തപ്രകൃതിയോ ആണെങ്കിൽ അവിടെ പേയാദിക്രമത്തിന്റെ സ്ഥാനത്ത് തർപ്പണാദിയായ ക്രമത്തെ ശീലിപ്പിക്കുകയും വേണം — അവർക്കു ചർമ്മകനല്ല ശീലിപ്പിക്കുന്നസമയം കഞ്ഞിയുടെ സ്ഥാനത്തു തർപ്പണമാണ് ശീലിപ്പിക്കേണ്ടതെന്നു സാരം. ഈ പറഞ്ഞവരെ പേയ ശീലിപ്പിച്ചാൽ അത് അവന്റെ ദോഷങ്ങൾക്ക് അഭിഷ്യന്ദത്തെ ഉണ്ടാക്കിത്തീർക്കുമെന്നും ഗ്രഹിക്കണം *

24 ശോധന വരുത്തുവാനായി സേവിച്ച ഔഷധം ജീർണ്ണമായാൽ — ഔഷധം വേണ്ടതുപോലെ ഭേദിച്ച് അതിന്റെ കർമ്മത്തെ വേണ്ടവിധം പ്രവൃത്തിച്ചുകഴിഞ്ഞാൽ, വായുവിന്ന് അനുലോമ്യം ശരീരത്തിന്നു സ്വാസ്ഥ്യം വിശപ്പും ദാഹവും വ്യക്തമായി തുടങ്ങുക ഓജസ്സു പ്രകാശിക്കുക ഓർമ്മശക്തിയുണ്ടാവുക ഇന്ദ്രിയങ്ങൾക്കും ശരീരത്തിന്നും ലാഘവമുണ്ടാകുക ഉൽഗാരം പരിശുദ്ധമായിരിക്കുക എന്ന ലക്ഷണങ്ങളെല്ലാമുണ്ടാകും * 25 — ശരീരത്തിന്നു തളർച്ച ചുട്ടുനീറൽ അംഗമർദ്ദം തലതിരിച്ചിൽ മോഹാലസ്യം തലവേദന

അരതിർമ്മ്ലാനിശ്ച സാവശേഷൗഷധാകൃതിഃ. 25
അകാലേല്പാതിമാത്രഞ്ചേ പുരാണം ന ച ഭാവിതം
അസമ്യക്സംസ്കൃതഞ്ചൈവ വ്യാപദേതോഷധം ധ്രുവം. 26
ആഭ്രമാനം പരിക്ലിശ്ചിശ്ച സ്രാവോ ഗുദ്ഗാത്രയോർഗ്രഹഃ
ജീവാദാനം സവിഭ്രംശഃ സുപ്തിഃ സോപദ്രവഃ ക്ലമഃ. 27
അയോഗാതിയോഗാച്ച ദോഷതോ വ്യാപദോ മതാഃ
പ്രേഷ്യഭൈഷജ്യവൈദ്യാനാം വൈഗുണ്യാദാതുരസ്യ ച. 28
ശുദ്ധ്യുദ്ധ്യുൽക്ലിഷ്ടനാ ദുർഗ്ഗന്ധമലവൃദ്ധ്യാദിരിവോദ്ധൃതേ

യാതൊന്നിലും ശ്രദ്ധയില്ലാതിരിക്കുക ബലക്ഷയം എന്ന ലക്ഷണങ്ങൾകൊണ്ടാൽ വമനവിരേചനങ്ങൾ വരുത്തുവാനായി സേവിച്ച ഔഷധം അന്നനാളത്തിൽ ആമാശയത്തിൽ ബാധിച്ചു കിടപ്പുണ്ടെന്നും ഗ്രഹിക്കണം *

26 — ഔഷധം പ്രയോഗിക്കേണ്ടുന്ന സമയത്തല്ലാതെ പ്രയോഗിക്കുക അല്പമാത്രയിലോ അതിമാത്രയിലോ പ്രയോഗിക്കുക ഔഷധം വേണ്ടതിലധികം പഴക്കംചെന്നതായിരിക്കുക ഭാവനംചെയ്യാതിരിക്കുക വേണ്ടവിധമല്ലാതെ സംയോഗാദിസംസ്കാരത്തെ ചെയ്യാതിരിക്കുക എന്ന ദോഷങ്ങളോടുകൂടിയ ഔഷധം പ്രയോഗിച്ചാൽ അതു പലതരത്തിലുള്ള വ്യാപത്തിനേയും ഉണ്ടാക്കിത്തീർക്കും * 27-28 — കർമ്മവ്യാപത്തിനെ വിവരിക്കുന്നു:— പരിചാരകൻ ഔഷധം വൈദ്യൻ രോഗിഎന്ന വൈദ്യപാദങ്ങളുടെ വൈഗുണ്യംനിമിത്തം (ഇതുകളുടെ ഗുണാഗുണസ്വഭാവങ്ങളെപ്പററി സൂത്രസ്ഥാനത്തിൽ വിശദമായി വിവരിച്ചിട്ടുള്ളതു നോക്കുക) മേൽവയറുവീർപ്പ്, അരിഞ്ഞുനോവ്, സ്രാവം, ഗുദത്തിൽ വിശേഷിച്ചും ശരീരത്തിലാസകലവും പിടിച്ചുവലിക്കുന്നതുപോലെയുള്ള വേദന, ജീവനെക്കൂടെ ആദാനംചെയ്യുക, ജിഹ്വാഗ്രാദിഗാത്രസ്ഥാനഭ്രംശം വരിക, ശരീരസുപ്തി, വമനത്തിൽ ഹൃദ്രോഗത്തിന്നും വിരേചനത്തിൽ അതിസാരരോഗത്തിന്നും പറഞ്ഞ ഉപദ്രവങ്ങൾ ബാധിക്കുക, തച്ചുകൂടിയ ഈ പറഞ്ഞ പത്ത് ദുഷ്പ്രവൃത്തികളും— ഉപദ്രവങ്ങളും വമനവിരേചനങ്ങളിലെ അയോഗം— മിത്ഥ്യായോഗംനിമിത്തവും അതിയോഗംനിമിത്തവും സംഭവിച്ചുപോകുമെന്നും ഗ്രഹിക്കണം * 29 — ശോധനവരുത്തുകനിമിത്തം ഉൽക്ലേശംവ

യോഗഃ സമ്യക്പ്രവൃത്തിഃ സ്യാദതിയോഗോഗതിപ്രവർത്തനം. 29
അയോഗഃ പ്രാതിലോമ്യേന ന ചാല്പം വാ പ്രവർത്തനം
ശ്ലേഷ്മാൽക്ലിഷ്ടേന ദുർഗ്ഗന്ധമഹ്ലാദ്യം വാന്തി വാ ബഹു. 30
വിരേചനമജീർണ്ണേ ച പിത്തശ്ലേഷ്മ പ്രവർത്തതേ
ക്ഷുദ്ഗാത്രമൃദുകോഷ്ഠാഭ്യാം സ്വല്പോൽക്ലിഷ്ടകഫേന വാ. 31
തീക്ഷ്ണം ചീതം സ്നിഗ്ധം ക്ഷുബ്ധം വമനം സ്യാദ്വിരേചനം

ന്നവൻ ദുർഗ്ഗന്ധത്തെ ആഘ്രാണനംചെയ്യുകയോ അവനവന്റെ മനസ്സിന്നു പ്രിയമല്ലാതായ ഒരുവിധഗന്ധശബ്ദാദികളെ ശീലിക്കുകയോ ചെയ്യുമ്പോൾ അതുനിമിത്തമുണ്ടാവുന്ന അസഹ്യതകൾ അവനെ അതിയായി ബാധിക്കുകയും ചെയ്യും. ശോധനവരുത്തുന്നവന്ന് ദുഷ്ടമായ യാതൊരു ഇന്ദ്രിയാർത്ഥവും അനുഭവിക്കുവാനിടവരുത്തരുത്. ദുർഗ്ഗന്ധം എന്നു പ്രത്യേകം പറയുകയാൽ ഗന്ധദോഷം അത്യാപൽകരമാണെന്നും ഗ്രഹിക്കണം. ചിലർ 'അഹ്ലാദ്യം ദുർഗ്ഗന്ധ'മെന്നു വ്യാഖ്യാനിക്കുന്നു. വമനവിരേചനങ്ങളിലെ യോഗം അതാതു സമ്യഗ്യോഗമെന്നത് അതാതുകാലം വേണ്ടവിധം വേണ്ടേടത്തോളം പ്രവർത്തിക്കുന്നതാകുന്നു. വമനമോ വിരേചനമോ ചെയ്യുന്നസമയം അതു വിത്ഗിയാൻകൂടെ നില്ക്കാത്തവിധം പ്രവൃത്തിക്കുന്നത് അതിയോഗവുമാകുന്നു*

30–32.— അയോഗമെന്നത്, ഛർദ്ദിപ്പിക്കുവാൻ മരുന്നു സേവിച്ചിട്ട് അതിസരിക്കുകയോ അതിസരിപ്പിക്കുവാൻ സേവിച്ച ഔഷധംനിമിത്തം ഛർദ്ദിക്കുകയോ ചെയ്യുന്നതാകുന്നു. ശോധനവരുത്തുവാൻ ഔഷധംസേവിച്ചിട്ടു ലേശംപോലും ശോധനവരാതിരിക്കുകയോ വളരെ കുറച്ചുമാത്രം പ്രവൃത്തിക്കുകയോ ചെയ്യുന്നതും അയോഗംതന്നെയാണെന്നും ഗ്രഹിക്കണം. ഔഷധംസേവിക്കുന്നവൻ കഫത്തിന്ന് ഇൽക്ലേശംവന്നവനായിരിക്കുകയോ ഔഷധം ദുർഗ്ഗന്ധത്തോടുകൂടിയതോ മനസ്സിന്നു പിടിക്കാത്തതോ അതു വിരേചനം വരുത്തുന്നതുകൊണ്ടു മാത്രമല്ലാത്തതോ അതിമാത്രമായിട്ടുള്ളതോ ആയിരിക്കുകയും സേവിക്കുന്നസമയം അജീർണ്ണംബാധിച്ചിരിക്കുകയും ചെയ്യുമ്പോയാൽ വിരേചനം വരുത്തുവാനായി സേവിച്ച ഔഷധം നിമിത്തം ഛർദ്ദിയാണ് സംഭവിക്കുക. ഛർദ്ദിപ്പിക്കുവാനുള്ള ഔഷധം

അയോഗേ തത്ര കർത്തവ്യം സമാസേനാഭിധീയതേ. 32
പ്രാതിലോമ്യേന ദോഷാണാം ഹരണാത്തേഷ്വകൃച്ഛ്രതഃ
അയോഗസംജ്ഞേ കൃച്ഛ്രേണ ന ചാഗച്ഛതി ചാല്പശഃ. 33
പീതൌഷധോ വാ ശുദ്ധശ്ചേജ്ജീർണ്ണേ ത്വസ്മിൻ പുനഃ പിബേൽ
ഔഷധം ന ത്വജീർണ്ണേന്യദ്ദ്വയം സ്യാദതിയോഗതഃ. 34

സേവിക്കുന്നസമയം അവന്നു കലശലായ വിശപ്പുണ്ടായിരിക്കുകയോ അവൻ അത്യന്തമൃദുകോഷ്ഠനായിരിക്കുകയോ കഫത്തിന്നു അല്പംമാത്രം ഉൽക്ലേശംവന്നിട്ടുള്ളവനായിരിക്കുകയോ ഔഷധം വേണ്ടതിലധികം തീക്ഷ്ണമായിരിക്കുകയോ ഔഷധം സേവിച്ചാൽ അതു പാകംവരുന്നതുവരെ സപക്വമായ വമനത്തെ ചെയ്യാതെ ജഠരത്തിൽ സ്ഥിരിചെയ്യുകയോ അതിന്നു ക്ഷോഭസംഭവിക്കുകയോ ചെയ്താൽ ആ വമനദ്രവ്യംനിമിത്തം വിരേകംതന്നെയാണ് സംഭവിക്കുക. ഈ പറഞ്ഞ വിപരീതഗതികളും അയോഗംതന്നെയാണ്. ഈ അയോഗം സംഭവിച്ചുപോയാൽ ചെയ്യേണ്ടതായ ചികിത്സയെ സമാസമായി ഉപദേശിച്ചുതരികയും ചെയ്യാം *

33— ഈ പറഞ്ഞ വിപരീതഗതിയായ ശോധനായോഗത്തിൽ അതാതുതരം അയോഗത്തിന്റെ പ്രതിലോമമായി ദോഷങ്ങളെ ഹരിക്കുന്നതായാൽ അതുകളെ എളുപ്പത്തിൽ ശമിപ്പിക്കുകയും ചെയ്യാം ഔഷധംസേവിക്കുന്നിമിത്തം ഛർദ്ദിയോ വിരേചനമോ വളരെ പ്രയാസപ്പെട്ടാൽകൂടി ലേശംപോലും പുറപ്പെടാതിരിക്കുകയോ അല്പാല്പമായി പ്രവർത്തിക്കുകയോ ചെയ്യുന്നതായ അയോഗത്തിൽ അതു മുൻപറഞ്ഞതിനെക്കാൾ കൃച്ഛ്രമാകുന്നുഎന്നും ഗ്രഹിക്കണം * 34— അവിടെ ചെയ്യേണ്ടതിനെ വിവരിക്കുന്നു:— ഔഷധംസേവിച്ചിട്ടു വേണ്ടേടത്തോളം വമനവിരേചനങ്ങൾ സംഭവിക്കാതിരുന്നാൽ ആ ഔഷധം നല്ലപണ്ണം ദഹിച്ചതിന്റെ ശേഷം പിന്നെയും ഔഷധം സേവിപ്പിക്കണം ആദ്യം സേവിച്ച ഔഷധം ദഹിക്കുന്നതിന്നുമുമ്പെ പിന്നെ ഔഷധം സേവിക്കരുത്. അങ്ങിനെ ചെയ്താൽ രണ്ടുപ്രാവശ്യം സേവിച്ച ഔഷധവുംകൂടെ ആ ശോധനയുടെ അതിയോഗത്തെ വരുത്തി എന്നും വരും. ആ അതിയോഗം ഭയങ്കരമായിട്ടുള്ളതാകയാൽ അതിൽനിന്ന് അത്യന്തം ഭയപ്പെടുകയും വേണം *

കോഷ്ഠസ്യ ഗുരുതാം ജ്ഞാത്വാ ലഘുത്വം ബലമേവ ച
അയോഗേ മൃദു വാ ദ്ദ്യാദൌഷധം തീക്ഷ്ണമേവ വാ. 35
വമനം ന തു ദുച്ഛർദ്ദ്യാം മൃദുകോഷ്ഠേ വിരേചനം
പായയേദൌഷധം ഭൂയോ ഹന്യാൽ പീതം പുനർഹി തത്. 36
അസ്നിഗ്ദ്ധസ്യാസ്നിഗ്ദ്ധദേഹസ്യ രൂക്ഷസ്യാനവമൌഷധം
ദോഷാനൽ ക്ലിശ്യ വിഹന്തും ന ശക്തം ജനയേൽ ഗദാൻ. 37
വിഭ്രംശം ശ്വയഥും ഹിക്കാം തമസോ ദർശനം ഭൃശം
പിണ്ഡികോദ്വേഷ്ടനം കണ്ഡൂരുഗ്രഹൌ സാദം വിവർണ്ണതാം. 38
സ്നിഗ്ദ്ധസ്യാസ്നിഗ്ദ്ധസ്യ ചാത്യുല്ബണം ദീപ്താഗ്നേർജ്ജീർണ്ണമൌഷധം

---

35 — ശോധനൌഷധം സേവിച്ചതിൽ അയോഗം വന്നുപോയാൽ അവന്റെ കോഷ്ഠത്തിന്റെ ഗുരുലാഘവങ്ങളേയും അതുകളുടെ ബലാബലത്തേയും അറിഞ്ഞ് അതുകൾക്ക് അനുസരിച്ചവിധം മൃദുവായോ തീക്ഷ്ണമായോ ഉള്ള ഔഷധത്തെ ശീലിപ്പിക്കുകയും വേണം* 36 — വമനൌഷധം സേവിച്ചവൻ കുറെ ഛർദ്ദിച്ചു; അതു വേണ്ടുവോളമായില്ല. മൃദുകോഷ്ഠനായവൻ വിരേചനൌഷധം സേവിച്ചിട്ടു വേണ്ടുവോളം വയറിളകിപോയതുമില്ല എന്ന അയോഗങ്ങളിൽ പിന്നെ വമനവിരേചനൌഷധങ്ങൾ സേവിപ്പിച്ചുപോകരുത്. ഇങ്ങനെവിധമുള്ള ദിക്കിൽ പിന്നെയും ഔഷധം സേവിപ്പിച്ചാൽ അതിയോഗം സംഭവിക്കുമെന്നു മാത്രമല്ല ആ ആതുരനെ നശിപ്പിക്കുകകൂടെ ചെയ്യുമെന്നും ഗ്രഹിക്കണം *

37 — സ്നേഹസ്വേദങ്ങളെ ശീലിക്കാത്തവനും രൂക്ഷനും വേണ്ടതിലധികം പഴക്കം ചെന്നതായ ഔഷധം സേവിച്ചാൽ അത് അവന്റെ ദോഷങ്ങൾക്ക് ഉൽക്ലേശത്തെ വരുത്തുമെങ്കിലും അതുകളെ പുറത്തുകളയുവാൻ ശക്തമായിത്തീരുകയില്ല എന്നു മാത്രമല്ല അടുത്തു വിവരിക്കുന്ന രോഗങ്ങളെ ഉണ്ടാക്കിത്തീർക്കുകയും ചെയ്യും * 38 — ആ രോഗങ്ങളെന്തെല്ലാമെന്നാൽ, വിഭ്രമം നിന്ന് ഉക്കിട്ടു കണ്ണിരുട്ടടിക്കുക കാൽവണ്ണ ഉരണ്ടുകയറുക ചൊറിച്ചിൽ

ശീതൈർവ്വാ സുംഭയേത്സാമേ ദോഷാനുൽക്ലിശ്യ നാഹരേൽ. 39
താനേവ ജനയേദ്രോഗാന്ന യോഗഃ സർവ്വ ഏവ സഃ
വിജ്ഞായ മതിമാംസ്തത്ര യഥോക്താം കാരയേൽ ക്രിയാം. 40
തം തൈലലവണാഭ്യക്തം സചിന്നം പ്രസ്തരസങ്കരൈഃ
പായയേത പുനർജ്ജീർണ്ണേ സമ്യഗ്ഭുക്ത്വാ വിരൂഹയേൽ. 41
നിരൂഢഞ്ച രസൈർദ്ധന്വൈഭോജയിത്വാനുവാസയേൽ
ഫലമാഗധികാദ്യുത്തസിദ്ധതൈലേന മാത്രയാ. 42
സ്നിഗ്ധം വാതഹരൈഃ സ്നേഹൈഃ പുനസ്തീക്ഷ്ണേന ശോധയേൽ

തുടകൾക്കു തളർച്ച ശരീരത്തിന്നു വൈവർണ്ണ്യമെന്നതുകളെല്ലാം സംഭവിക്കുകയും ചെയ്യും * 39—സ്നേഹസ്വേദങ്ങളെ ശീലിപ്പിച്ചവനും ധാരാളം അഗ്നിബലമുള്ളവനുമായവൻ വളരെ കുറച്ചുമാത്രം ഔഷധം സേവിച്ചാൽ അതും അകത്തുചെന്നു മലങ്ങളെ ഇളക്കുമ്പോഴെക്കു ദഹിച്ചുപോകും. ആമദോഷമുള്ളവൻ വിരേചനൌഷധം സേവിച്ചാൽ ആമദോഷശൈത്യംനിമിത്തം ഔഷധം സ്തഭിച്ചുപോകും. അതും ദോഷങ്ങൾക്ക് ഉൽക്ലേശത്തെ വരുത്തുകമാത്രമേ ചെയ്യുകയുള്ളു. പുറത്തു കളയുകയില്ല. * 40—ഇതുവിധം സംഭവിച്ചാലും മുൻപറഞ്ഞ വിഭ്രംശാദി രോഗങ്ങൾതന്നെയാണുണ്ടാവുക. ഈ പറഞ്ഞതൊന്നും സമ്യഗ്യോഗമല്ല എന്നുവെച്ചാൽ ഇതെല്ലാം അയോഗമാണെന്നു സാരം. ബുദ്ധിമാനായ വൈദ്യൻ ഈ പറഞ്ഞതുകൾ കണ്ടാൽ ഇത് ഇന്ന കാരണംനിമിത്തം സംഭവിച്ചതാണെന്നറിയുകയും അതാതുകൾ ശമിക്കത്തക്ക ചികിത്സ ചെയ്യുകയും വേണം *

14—ഈപറഞ്ഞ ശോധനാദ്യയോഗ്യദ്രവങ്ങളോടുകൂടിയവനെ ഇത്തുപ്പ പൊടിച്ചിട്ടു എണ്ണതേപ്പിച്ചതിന്നുശേഷം സൂത്രസ്ഥാനത്തിലെ സ്വേദവിധിയിൽ പറയുന്ന പ്രസ്തരസ്വേദമോ സങ്കരസ്വേദമോ ശീലിപ്പിച്ചു സ്വേദസമ്യഗ്യോഗം വരികയും ആദ്യം സേവിച്ച ഔഷധം ദഹിക്കുകയും ചെയ്തതിന്നുശേഷം വീണ്ടും ശോധനൌഷധം സേവിപ്പിക്കുകയോ കഷായവസ്തിദ്രവ്യത്തിൽ ഗോമൂത്രം ചേർത്തു വസ്തിചെയ്യുകയോ വേണം * 42—അതുവിധം കഷായവസ്തി ചെയ്താൽ വസ്തിയുടെ സമ്യഗ്യോഗം വന്നതിന്നുശേഷം

ന ചാതിതീക്ഷ്ണേന തതോ ഹ്യതിയോഗസ്തു ജായതേ. 43
അതിതീക്ഷ്ണം ക്ഷുധാർത്തസ്യ മൃദുകോഷ്ഠസ്യ ഭേഷജം
ഹതപ്രാശ്യ വിഗംപിത്തകഫാൻ ധാതൂൻ വിസ്രാവയേൽ ദ്രവാൻ. 44
ബലസ്വരക്ഷയം ദാഹം കണ്ഠശോഷം ക്ലമം തൃഷാം
കുര്യാച്ച ധ്രുവൈരസ്യ ശേഷമൌഷധമുല്ലിഖേൽ. 45
വമനേ തു വിരേകഃ സ്യാദ്വിരേകേ വമനം മൃദു

ആനൂപമാംസരസം ചേർത്തു ഭക്ഷണം കഴിപ്പിക്കുകയും അനന്തരം മലങ്കാരയ്ക്കയും തിപ്പലിയും ദേവതാരവും കൂട്ടി കാച്ചിയ എണ്ണകൊണ്ടു മാത്രയ്ക്കുതക്കവണ്ണം അനുവാസനം ശീലിപ്പിക്കുകയും വേണം * 43—ഇതേവിധം കഷായവസ്തിയും സ്നേഹവസ്തിയും ചെയ്ത് അതുകളുടെ ചർമ്മങ്ങളേയും അനുഷ്ഠിപ്പിച്ചതിന്നുശേഷം വാതഹരങ്ങളായ സ്നേഹദ്രവ്യങ്ങളെ ശീലിപ്പിച്ചു സ്നിഗ്ദ്ധതവരുത്തിയാൽ പിന്നെ തീക്ഷ്ണമായ ശോധനദ്രവ്യത്തെ ശീലിപ്പിച്ചു ശോധനവരുത്തുകയും വേണം. ന ച അതിതീക്ഷ്ണേന—ഇവിടെ തീക്ഷ്ണമെന്നു പറഞ്ഞതിന്ന്, മന്ദവീര്യമായിരിക്കരുതെന്നു മാത്രമേ അർത്ഥമുള്ളു. ഒരിക്കലും അതിതീക്ഷ്ണമായിപ്പോകയുമരുത്. അതേവിധമായാൽ തീർച്ചയായും ശോധനാതിയോഗം സംഭവിച്ചുപോകുമെന്നും ഗ്രഹിക്കണം * 44—ശോധനയെ—വമനമോ വിരേചനമോ വരുത്തുവാനായി ക്ഷുധാർത്തനും മൃദുകോഷ്ഠനുമായവന്ന് അതിതീക്ഷ്ണമായ ഔഷധം ശീലിപ്പിച്ചാൽ മലം പിത്തം കഫം എന്നതുകളെ അതിവേഗത്തിൽ പുറത്തു തള്ളുകയും ദ്രവങ്ങളായ രസരക്താദി ധാതുക്കളെക്കൂടെ സ്രവിപ്പിക്കുകയും ചെയ്യും * 45—ഇതേവിധം സംഭവിച്ച ശോധനാതിയോഗം നിമിത്തം ശരീരബലം ക്ഷയിക്കുക—തളരുക ഒച്ചയടയ്ക്കുക ചുട്ടുനീറൽ അണ്ണാക്കു വാളുക ക്ലമം ദാഹം എന്ന ഉപദ്രവങ്ങളുണ്ടാവുകയും ചെയ്യും. അവിടെ മലാദികളോടുകൂടെ പുറത്തുപോയതു കഴിച്ചു ധാതുക്കളെ ദ്രവിപ്പിക്കുന്നതായ ബാക്കിനില്ക്കുന്ന ഔഷധത്തെ വിശ്ലേഷം പുറത്തുകളയുകയും വേണം. ആ നിഷ്ഹരണോപായത്തെ അടുത്തു വിവരിക്കുന്നതുമുണ്ട്*

46—47—വമനാതിയോഗത്തിൽ വിരേകവും, വിരേകത്തിൽ മൃദുവായ വമനവുമാണ് ശീലിപ്പിക്കേണ്ടത്. വമനവിരേകങ്ങൾ

പൂരിഷേകാവഗാഹാദ്യൈഃ സുശീതൈഃ സ്തംഭയേച്ച തം. 46
കഷായമധുരൈഃ ശീതൈരന്നപാനൌഷധൈഃ സുഖാ
രക്തപിത്താതിസാരഛർദ്ദിദാഹജ്വരഹരൈരപി. 47
അഞ്ജനം ചന്ദനോശീരമജ്ജാസ്യകശർക്കരോദകം
ലാജചൂർണ്ണൈഃ പിബേന്മന്ഥമതിയോഗാഹരം പരം. 48
ത്ര്യംഗാഭിവ്വാ വടാദീനാം സിദ്ധാം പേയാം സമാക്ഷികാം
വച്ചസ്സംഗ്രാഹികൈഃ സിദ്ധം ക്ഷീരം ഭോജ്യഞ്ച ദാപയേൽ. 49
ജാംഗലൈർവ്വാ രസൈർഭോജ്യം പിഞ്ഛരാവസ്തിഞ്ച ദാപയേൽ
മധുരൈരനുവാസ്യഞ്ച സിദ്ധന ക്ഷീരസർപ്പിഷാ. 50

രണ്ടും ശീലിപ്പിക്കുവാൻ നിവൃത്തിയില്ലാതെ വരുന്നടിക്കിൽ അത്യന്തശീതങ്ങളായ ജലകഷായാദികളെക്കൊണ്ടു യുക്തിപോലെ പരിഷേകാവഗാഹങ്ങളെ ചെയ്തു് ആ ഔഷധശേഷത്തെ സ്തംഭിപ്പിക്കുകയും വേണം. കഷായരസങ്ങളും മധുരരസങ്ങളും സ്പർശവീര്യങ്ങളിൽ ശീതങ്ങളും രക്തപിത്തത്തേയും അതിസാരത്തേയും ദാഹജ്വരത്തേയും ശമിപ്പിക്കുന്നവയുമായ അന്നപാനൌഷധങ്ങളെ ശീലിപ്പിച്ചും സ്തംഭിപ്പിക്കണം *

48—അഞ്ജനം ചന്ദനം രാമച്ചം മജ്ജ രക്തം പഞ്ചസാര വെള്ളം ഇതുകളെല്ലാം ഒന്നിച്ചു ചേർത്തതിൽ മലപ്പൊടിയും കൂട്ടി മന്ഥമുണ്ടാക്കി ശീലിച്ചാൽ വമനവിരേകാതിയോഗങ്ങൾ ശമിക്കുവാൻ വളരെ നല്ലതാകുന്നു *

49—50—വിരേകാതിയോഗത്തിൽ, നാല്പാമരത്തിൻമൊട്ടു ചതച്ചു കിഴിക്കെട്ടിയിട്ടു കുറുക്കിയ പാൽ ആറിയതിന്നുശേഷം തേൻ ചേർത്തു സേവിക്കുന്നതു വളരെ നല്ലതാകുന്നു. അതേവിധം മലബന്ധത്തെ വരുത്തുന്ന ഔഷധങ്ങളിട്ടു കുറുക്കിയ പാൽ സേവിക്കുന്നതും ആ ഔഷധങ്ങൾ യുക്തിപോലെ ചേർത്തുണ്ടാക്കിയ അന്നത്തെ ഭക്ഷിക്കുന്നതും നല്ലതാകുന്നു. അതേവിധം ജാംഗലമാംസരസം കൂട്ടി ഭക്ഷണം കഴിക്കുന്നതും പിഞ്ഛരാവസ്തി ചെയ്യുന്നതും മധുരരസദ്രവ്യങ്ങൾ ചേർത്തുകാച്ചിയ ക്ഷീരസർപ്പിസ്സുകൾ ഒന്നിച്ചു ചേർത്തു സ്നേഹവസ്തി ചെയ്യുന്നതും നല്ലതാകുന്നു *

വമനസ്യാതിയോഗേ തു ശീതാംബുപരിഷേചിതം
പിബേൽ ഫലരസൈർമ്മന്ഥം സംഹൃതക്ഷുദ്രശർക്കരം. 51
സോദ്ഗാരായാം ഭൃശം വമ്യാം മൂർച്ഛായാം ധാന്യമസ്യയോഃ
സമധൂകാഞ്ജനം ചൂർണ്ണം ലേഹയേന്മധുസംയുതം. 62
വമതോന്തഃ പ്രവിഷ്ടായാം ജിഹ്വായാം കവളഗ്രഹഃ
സ്നിഗ്ധാമ്ലലവണൈർഗ്ദ്ധ്യൈർയ്യുഷക്ഷീരരസൈഃഹിതഃ. 53
ഫലാന്യമ്ലാനി ചേതരേഷ്വസ്യ ചാന്യഗ്രതോ നരഃ
നിഷ്ഠ്യൂതാന്തു തിലദ്രാക്ഷാകല്ക്കചിപ്പാം പ്രവേശയേൽ. 54
വാഗ്ഗ്രഹാനിലരോഗേഷു ഘൃതമാംസോപസാധിതം

51—ഛർദ്ദിയുടെ അതിയോഗത്തിൽ തണുത്തവെള്ളം മേലാസകലം പകർന്നതിന്നുശേഷം വമനഹരങ്ങളായ ഫലങ്ങൾ പിഴിഞ്ഞ രസത്തിൽ മലർപ്പൊടികലക്കി നെയ്യും തേനും പഞ്ചസാരയും ചേർത്തു സേവിക്കുകയും വേണം * 52—അതികലശലായ ഓക്കാനത്തോടുകൂടെ കണക്കിലധികം ഛർദ്ദിക്കുകയും മോഹാലസ്യപ്പെടുകയും ചെയ്തതായി കണ്ടാൽ കൊത്തംപാലരിയും മുത്തങ്ങയുംകൂടെ സമം പൊടിച്ചു പൊടിയിൽ ഇരിപ്പക്കാതലും അഞ്ജനവും പൊടിച്ചു പൊടിയുംകൂട്ടി തേനിൽ ചാലിച്ചു ലേഹംപോലെയാക്കി ലേഹനം ചെയ്യിക്കണം * 53—ഛർദ്ദിനിമിത്തം നാവ് അകത്തേക്കു വലിഞ്ഞുപോയാൽ സ്നിഗ്ദ്ധങ്ങളും അമ്ലലവണരസപ്രധാനങ്ങളും ഹൃദ്യങ്ങളുമായ പഴിപ്പുവാറ് പാൽ മാംസരസം എന്നിതുകൾകൊണ്ടു കവളഗ്രഹം ശീലിപ്പിക്കുകയും വേണം * 54—മററു പലരും അവരുടെ മുമ്പിലിരുന്ന് അമ്ലരസങ്ങളായ പച്ചപ്പുളിങ്ങ മാങ്ങ മുതലായ കായകളെ കടിച്ചുചവച്ചു തിന്നുകയും വേണം. അതേവിധം ചെയ്താൽ അകത്തേക്കു വലിഞ്ഞ നാവു പുറത്തുവരികയും ചെയ്യും. ഛർദ്ദിയുടെ അതിയോഗം നിമിത്തം നാവു പുറത്തേക്ക് അധികം നീണ്ടുപോയാൽ എള്ളും മുന്തിരിങ്ങാപ്പഴവുംകൂടെ അരച്ചുപുരട്ടി പിടിച്ചു പതുക്കെപ്പതുക്കെ അകത്തു പ്രവേശിപ്പിക്കുകയും വേണം * 55—അതിയോഗംനിമിത്തം സംസാരിക്കുവാൻ വയ്യാതാവുകയോ എന്തെങ്കിലും വാതരോഗം ബാധിക്കുകയോ ചെയ്തതായി കണ്ടാൽ ബുദ്ധിമാനായ വൈദ്യൻ നെയ്യും മാംസവുംകൂട്ടി വിധി

യവാഗ്ഗും തനുകാം ദദ്യാൽ സ്നേഹസ്വേദൌ ച ബുദ്ധിമാൻ, 55
വമിതശ്ച വിരിക്തശ്ച മന്ദാഗ്നിശ്ച വിലംഘിതഃ
അഗ്നിപ്രാണവിവൃദ്ധ്യർത്ഥം ക്രമം പേയാദികം ഭജേൽ. 56
ബഹുദോഷസ്യ രൂക്ഷസ്യ ഹീനാഗ്നേരല്പമൌഷധം
സോദാവർത്തസ്യ ചോൽക്ലിശ്യ ദോഷാൻ മാർഗ്ഗാന്നിരുദ്ധ്യ ച. 57
ഭൃശമുദ്ധൂപയേന്നാഭിം പൃഷ്ഠപാർശ്വശിരോരുജാം
ശ്വാസവിൻമൂത്രവാതാനാം സംഗം കുർയ്യാച്ച ദാരുണം. 58
അഭ്യംഗസ്വേദവർത്ത്യാദി സനിരൂഹാനുവാസനം
ഉദാവർത്തഹരം സർവ്വം കർമ്മാദ്ധ്മാതസ്യ ശസ്യതേ. 59

പ്രകാരം പാകംചെയ്തതായ ചെറിയരിക്കഞ്ഞി കുടിപ്പിക്കുകയും സ്നേഹസ്വേദങ്ങളെ ശീലിപ്പിക്കുകയും വേണം *

56—ഛർദ്ദിപ്പിച്ചവനും വയറിളക്കിയവനും സ്വതെ ജഠരാഗ്നിക്കു ബലംകുറഞ്ഞവനും നല്ലവണ്ണം ലംഘനംവന്നവനുമായിരിക്കും. അവന്നു ജഠരാഗ്നിക്കും ശരീരബലത്തിന്നും പുഷ്ടിവരുവാൻ വേണ്ടി മുൻപറഞ്ഞ പേയാദിക്രമത്തെ ശീലിപ്പിക്കുകയും വേണം*

57-59— ദോഷകോപത്തിന്നു ആധിക്യമുള്ളവനും രൂക്ഷനും അഗ്നിബലം കുറഞ്ഞവനും ഉദാവർത്തരോഗമുള്ളവനും ശോധനവരുത്തുവാൻ നോക്കി അല്പമായ—അല്പമാത്രമിലുള്ളതോ അല്പവീര്യമായതോ ആയ ഔഷധത്തെ സേവിച്ചാൽ അതു ദോഷങ്ങൾക്കു ഉൽക്ലേശം വരുത്തുകയും ദോഷപ്രവൃത്തിമാർഗ്ഗങ്ങളെ നിരോധിക്കുകയുംചെയ്തു നാഭിപ്രദേശത്തെ കലശലായി വീർപ്പിക്കുകയും, പൃഷ്ഠഭാഗം വാരിഭാഗം ശിരസ്സ് ഇവിടങ്ങളിൽ കലശലായ വേദനെ ശ്വാസഗതി മലം മൂത്രം അധോവാതം ഇതുകളെ ലേശംപോലും പുറത്തുവിടുവാൻ നിവൃത്തിയില്ലാതാക്കുക എന്നതുകളേയും ചെയ്യും. ഇതുവിധമുള്ള ആദ്ധ്മാനം സംഭവിച്ചാൽ അവിടെ, എണ്ണതേക്കുക വിയർപ്പിക്കുക വർത്തിവെക്കുക കഷായവസ്തിയും സ്നേഹവസ്തിയും ചെയ്യുക ത്രിമർമ്മീയചികിത്സിതമെന്ന ചികിത്സിതം ഇരിപത്താറാമദ്ധ്യായത്തിൽ വിവരിച്ചതായ ഉദാവർത്തചികിത്സചെയ്യുക എന്നിതുകളെല്ലാം നല്ലതാകുന്നു *

സ്നിഗ്ദ്ധേന ഗുരുകോഷ്ഠേന സാമേ ബലവതൌഷധം
ക്ഷാമേണ മൃദുകോഷ്ഠേന ശ്രാന്തേനാല്പബലേന വാ. 60
പീതം ഗത്വാ ഹൃദം സാമമാശു ദോഷം നിരസ്യ ച
തീവ്രശൂലാം സപിഞ്ഛാസ്രാം കുരുതി പരികർത്തികാം. 61
ലംഘനം പാചനം ത്വാമേ രൂക്ഷോഷ്ണം ലഘു ഭോജനം
ബൃംഹണീയോ വിധിഃ സർവ്വഃ ക്ഷാമസ്യ മധുരസ്സുഖാ. 62
ആമേ ജീർണ്ണേ തു ബന്ധശ്ചേൽ ക്ഷാരാമ്ലം ലഘു ശസ്യതേ
പുഷ്കരസീസമിശ്രം വാ ക്ഷാരേണ ലവണേന ച. 63
സന്ധാന്ധിമരസം സർപ്പിഃ പിബേദ്ദോഷാതിരേകേ സതി

60-61—സ്വതെ ഗുരുകോഷ്ഠനായവൻ നല്ലവണ്ണം സ്നിഗ്ദ്ധതവരുത്തിയതിന്നുശേഷം ആമദോഷമുള്ള സമയം ശക്തിമത്തായ ഔഷധം സേവിക്കുകയോ അതേവിധം ക്ഷാമനോ മൃദുകോഷ്ഠനോ ശ്രാന്തനോ ബലഹീനനോ ആയവൻ ശക്തിമത്തായ വിരേചനൌഷധം സേവിക്കുകയോ ചെയ്താൽ ആ ഔഷധം അതിവേഗത്തിൽ ഹൃദയത്തെ പ്രാപിക്കുകയും കോപിച്ച ദോഷത്തെയും ആമദോഷത്തെയും അതിവേഗത്തിൽ പുറത്തുതള്ളുകയും അതികഠിനമായ ശൂലവേദനയും പിഞ്ഛാസ്രാവവും പരികർത്തികയും ഉണ്ടാക്കിത്തീർക്കുകയും കൂടെ ചെയ്യും *

62—അതേവിധം സംഭവിച്ചത് ആമദോഷം കൂടിയുള്ളവനാണെങ്കിൽ ലംഘനവും പാചനവുമായ ചികിത്സകളെ ശീലിപ്പിക്കുകയും രൂക്ഷമായും ഉഷ്ണമായും ലഘുവായുമിരിക്കുന്ന ആഹാരത്തെ ശീലിപ്പിക്കുകയും വേണം. ക്ഷാമനാണെങ്കിൽ ബൃംഹണീയമായ എല്ലാതരം ചികിത്സകളെ ശീലിപ്പിക്കുകയും മധുരരസപ്രധാനമായ ആഹാരത്തെ ശീലിപ്പിക്കുകയും വേണം * 63—ആമദോഷം ജീർണ്ണമായാൽ പിന്നെയും മലബന്ധം അനുവർത്തിച്ചു നില്ക്കുന്നതായി കണ്ടാൽ അവിടെ ക്ഷാരവും അമ്ലരസവും ഉള്ളതും ലഘുവുമായ ആഹാരാദികളെ കൊടുത്തുപചരിക്കണം. ചവൽക്കാരമോ ഇന്തുപ്പോ ചേർത്തു പുഴുങ്ങിയോ സേവിക്കുന്നതും നല്ലതാണ് * 64-66—വാതകോപത്തിന്ന് ആധിക്യമുണ്ടെങ്കിൽ ഉറദിവ്വഴരസം ചേർത്ത

ദ്ധ്യുല്ലം ദ്ദേജനോ പാനേ സംയുക്തം ഗാഡമിതപ്രചാ. 64
ദേവതാരുതിലാനാം വാ കല്ക്കേണ്ണാബുനാ പിബേൽ
അശ്വത്ഥ ദുംബരപ്ലക്ഷകദംബൈർവ്വാ ശൃതാ പയഃ. 65
കഷായമധുരം വസ്തിം പിഞ്ഛരാവസ്തിമഥാപി വാ
യഷ്ടിമധുകസിദ്ധം വാ സ്നേഹവസ്തിം പ്രയോജയേൽ. 66
അല്പത്തു ബഹുദോഷസ്യ ദോഷമുൽക്ലേശ്യ ഭേഷജം
അല്പാല്പം സ്രാവയേൽ കണ്ഡൂം ശോഫം കുഷ്ഠാനി ഗൌരവം. 67
കുഷ്ഠാച്ഛാഗ്നിവധോൽക്ലേശൈർമ്മിത്യാരുചിപാണ്ഡുതാം
വിസ്രാവഗതം ദോഷം ശമയേച്ചാമയേഷ്വപി. 68
സ്നേഹിതം വാ വ്യവസ്തീക്ഷ്ണം പായയേച്ച വിരേചനം
ശുദ്ധേ ചൂർണ്ണാസവാരിഷ്ടാൻ സംസ്കൃതാംശ്ച പ്രയോജയേൽ. 69

നെ സേവിക്കുകയും ഉറമാമ്പഴത്തോടുകൂടെ ചേർത്തു പുളിപ്പിച്ച തൈര് കുടിക്കുകയും താതു കൂട്ടി ഉണ്ണുകയും ദേവതാരവും എള്ളും സമം അരച്ചു തിളച്ച വെള്ളത്തിൽകലക്കി സേവിക്കുകയും തുരയാൽ അത്തി ഇത്തി കടമ്പ് ഇതുകളുടെ തൊട്ടിട്ടു കുറുക്കിയ പാൽ സേവിക്കുകയും കഷായധുരരസപ്രധാനമായ വസ്തി ചെയ്യുകയും പിഞ്ഛരാവസ്തി ചെയ്യുകയും ഇരട്ടിമധുരം ചേർത്തു കാച്ചിയ സ്നേഹംകൊണ്ട് അനുവാസനം ചെയ്യുകയും നല്ലതാകുന്നു *

67-ാം ദോഷാധിക്യമുള്ളവൻ അല്പമായ വിരേചനദ്രവ്യം സേവിച്ചാൽ അതു അവന്റെ ദോഷത്തിന്നു ഉൽക്ലേശം വരുത്തുകയും ദോഷത്തെ അല്പാല്പമായി സ്രവിപ്പിക്കുകയും, ചൊറിച്ചിൽ നീര് കുഷ്ഠം ശരീരത്തിന്നു കനം ജഠരാഗ്നിക്കു ബലക്ഷയം ഉൽക്ലേശം ശരീരം അനക്കുവാൻ വയ്യാതാവുക രുചിക്ഷയം പാണ്ഡുരോഗം എന്നതുകളേയും ഉണ്ടാക്കിത്തീർക്കും. അവിടെ അല്പാല്പമായി സ്രവിക്കുന്ന ദോഷത്തെ നിർത്തുകയോ ഔഷധത്തെ ഛർദ്ദിച്ചുകളയുകയോ പിന്നെയും സ്നേഹിപ്പിച്ചതിന്നുശേഷം തീക്ഷ്ണമായ വിരേചനദ്രവ്യത്തെ സേവിപ്പിച്ചു ത്രുടിവരുത്തുകയോ ചെയ്തതിന്നുശേഷം വേണ്ടപോലെ സംസ്കരിച്ചുണ്ടാക്കിയ ചൊടി ആസവം അരിഷ്ടം എന്നിതുകളെ അവസ്ഥപോലെ ശീലിപ്പിക്കുകയും വേണം *

പീതൌഷധസ്യ വേഗാനാം നിഗ്രഹാന്മാരുതാദയഃ
കുപിതാ ഹൃദയം ഗത്വാ ഘോരം കുർവ്വന്തി ഹൃൽഗ്രഹം. 70
സഹിക്കാശ്വാസപാർശ്വാർത്തിദൈന്യൈർഘോരാക്ഷിവിഭ്രമൈഃ
ജിഹ്വാം ഖാദതി നിസ്സംജ്ഞോ ദന്താൻ കടകടാപയൻ. 71
ന ഗച്ഛേദ്വിഭ്രമം തത്ര വാമയേദാശു തം ഭിഷക്
മധുരൈഃ പിത്തമൂർച്ഛായാം കടുഭിഃ കഫമൂർച്ഛിതം. 72
പാചനീയൈസ്തതശ്ചാസ്യ ദോഷശേഷം വിപാചയേൽ
കായാഗ്നിഞ്ച ബലഞ്ചാസ്യ ക്രമേണാഭിവിവർദ്ധയേൽ. 73
പവനേനാതിവമതാ ഹൃദയം യസ്യ പീഡ്യതേ
തസ്യൈ സ്നിഗ്ദ്ധാമ്ലലവണം ദദ്യാൽ പിത്തകഫേന്യഥാ. 74

70-73— വമനമോ വിരേചനമോ വരുത്തുവാനായി മരുന്നു സേവിക്കുകയും അതുകളുടെ വേഗം വരുന്നസമയം തടയുകയും ചെയ്താൽ വാതാദിദോഷങ്ങൾ കോപിച്ച് ഹൃദയത്തെ പ്രാപിച്ച് അതി ഭയങ്കരമായ ഹൃദയഗ്രഹം ഇക്കിട്ടം ശ്വാസംമുട്ടൽ വാരിഭാഗത്തു വേദന ദൈന്യം ഏറ്റത്താശ്ചലിക്കുക കണ്ണിരുടക്കുക ഇതുകളെ ഉണ്ടാക്കിത്തീർക്കുകയും ചെയ്യും. ഈ ഉപദ്രവങ്ങൾ ബാധിച്ച ആരോഗി തന്റേടമില്ലാതെ നാവുകടിക്കുകയും പല്ലുകടിച്ചു കടകടശബ്ദംപുറപ്പെടുവിക്കുകയും ചെയ്യും. ഈ ലക്ഷണങ്ങളെല്ലാം കണ്ടാൽ വൈദ്യൻ ലേശംപോലും പരിഭ്രമിക്കരുത്. അവനെ ക്ഷണത്തിൽ വമനൌഷധംകൊടുത്തു ഛർദ്ദിപ്പിക്കുകയും പിന്നെ പിത്തകോപത്തിന്നാണ് ആധിക്യമെങ്കിൽ മധുരൌഷധങ്ങൾകൊണ്ടും കഫകോപമാണെങ്കിൽ കടുരസങ്ങളായ ഔഷധങ്ങൾകൊണ്ടുമാണ് ഛർദ്ദിപ്പിക്കേണ്ടതെന്നും ഗ്രഹിക്കണം. പിന്നെ പാചനീയങ്ങളായ ഔഷധങ്ങൾകൊടുത്ത് അവന്റെ ഛർദ്ദിപ്പിച്ചകളഞ്ഞതുകഴിച്ചു ബാക്കിയുള്ള ദോഷാംശത്തിന്നു പാചനംവരുത്തുകയും ജഠരാഗ്നിയേയും ശരീരബലത്തേയും ക്രമേണ വർദ്ധിപ്പിക്കുകയുംവേണം *

74—വാതകോപനിമിത്തം കലശലായി ഛർദ്ദിക്കുകയാൽ അതിയായ നെഞ്ചത്തുവേദന വന്നുപോയാൽ അവന്നു സ്നിഗ്ദ്ധമായും അമ്ലരസമായും ലവണരസപ്രധാനമായുമുള്ള ഔഷധം ശീലിപ്പിക്കണം. കോപിച്ചതു പിത്തകഫങ്ങളാണെങ്കിൽ ഈ പറഞ്ഞ ഗുണങ്ങൾക്കു വിപരീതഗുണമായ ഔഷധവും കൊടുക്കണം *

പീതൌഷധസ്യ വേഗാനാം നിഗ്രഹേണ കഫേന വാ
രുദ്ധോതി ച വിശുദ്ധസ്യ ഗുണ്ണാത്യംഗാനി മാരുതഃ. 75
സ്യംഭേവപഹനിസ്നേഹസ്വേദോഷ്ണാത്തിമൃഷ്ണിതൈഃ
തത്ര വാതഹരം സർവ്വം സ്നേഹസ്വേദാദി കാരയേൽ. 75
അതിതീക്ഷ്ണം മൃദൌ കോഷ്ഠേ ലഘുദോഷസ്യ ഭേഷജം
ദോഷാൻ ഹൃത്വാ വിനിർമ്മഥ്യ ജീവം ഹരതി ശോണിതം. 77
തേനാന്നം മിശ്രിതം ഭുഗ്ദ്വാ ദ്വേഷ്യമസ്യ ശ്രുതേപി വാ
ഭുക്തേ തച്ചേദ്വേജ്ജീവം ന ഭുക്തേ പിത്തമാദിശേൽ. 78

75-76— വമനവിരേചനങ്ങൾ വരുത്തുവാനായി ഔഷധം സേവിച്ചിട്ടുണ്ടായതായ വമനവിരേചനവേഗങ്ങളെ തടയുകയോ കഫകോപംനിമിത്തം ആ വേഗങ്ങൾ പുറപ്പെടാതാവുകയോ ശോധനവശത്തുണ്ടതിൽ അതിയോഗംവന്നുപോകയോ ചെയ്താൽ അതു നിമിത്തം കോപിച്ച വായു ശരീരത്തിന്നു സ്തംഭനം വിറയൽ കുത്തിനോവ് തുടച്ച് ഉരുണ്ടുകയറാം മോഹാലസ്യമെന്ന ഉപദ്രവങ്ങളെ ഉണ്ടാക്കിത്തീർക്കുകയും അംഗങ്ങളുടെ പ്രസാരണാകുഞ്ചനാദിശക്തിയെ നിരോധിച്ച് അതുകൾ പിടിച്ചുവലിക്കുന്നതുപോലെയുള്ള അസഹ്യതയെ ഉണ്ടാക്കിത്തീർക്കുകയും ചെയ്യും. അതേവിധം സംഭവിച്ചാൽ വാതകോപഹരങ്ങളായ സ്നേഹസ്വേദാദിചികിത്സാവിധികളെല്ലാം ചെയ്യുകയും വേണം *

77— സ്വതേ മൃദുകോഷ്ഠനായവനോ വളരെ കുറച്ചുമാത്രം ദോഷകോപമുള്ളവനോ ആയവൻ അതിതീക്ഷ്ണമായ ശോധനൌഷധത്തെ ശീലിച്ചാൽ അതു ദോഷങ്ങളെ ഹരിച്ചതിന്നുശേഷം ജീവാധിഷ്ഠിതമായ ശോണിതത്തെ നിർമ്മഥനംചെയ്തു പുറത്തുകളയുകയും ചെയ്യും *

78— വമനവിരേകങ്ങളിൽക്കൂടെ രക്തം പുറപ്പെടുന്നതുകണ്ടാൽ അതു ജീവരക്തമോ കാഴ്ചയിൽ ജീവരക്തസാദൃശ്യമുള്ളതോ എന്നു പരിക്ഷിച്ചറിയുകയും വേണം. ആ പരീക്ഷാവിധി എന്തെന്നാൽ, ആ രക്തം ചോററിൽക്കൂട്ടിക്കലർത്തി അതു കാക്കയ്ക്കോ പട്ടിക്കോ തിന്നുവാൻ കൊടുക്കുക. അതുകൾ തിന്നുവെങ്കിൽ അതു ജീവശോണിതമാണെന്നും തിന്നാതിരുന്നാൽ ശോണിതാകൃതിയായ പിത്തമാണെന്നും നിശ്ചയിക്കണം*

ശുക്ലം വാ ഭാവിതം വസ്ത്രമാധാനം കോഷ്ണവാരിണാ
പ്രക്ഷാളിതം വിവർണ്ണം ചേൽ പിത്തം ശുദ്ധന്തു ശോണിതം. 79
തൃഷാമൂർച്ഛാമദാർത്തസ്യ കുഷ്ഠാദാമരണാൽ ക്രിയാം
തസ്യ പിത്തഹരീം സർവ്വാമതിയോഗേ ച യാ ഹിതാ. 80
മൃഗഗോമഹിഷാജാനാം സത്യസ്സം ജീവതാമസൃക്
പിബേജ്ജീവാഭിസന്ധാനം ജീവം തദ്ധ്യാത്തു ഗച്ഛതി. 81
തദേവ ദർദ്ദുദിതം രക്തം വസ്തിം പ്രദാപയേൽ

79—മറ്റൊരുതരം പരീക്ഷയേയും പറയുന്നു:— ആ രക്തം ഒരു വെളുത്ത വസ്ത്രത്തിൽ പുരട്ടി ഉണക്കി അതു കാഞ്ഞവെള്ളത്തിലിട്ടു തിരുമ്പിയാൽ കറപിടിച്ചതായി കാണുന്നപക്ഷം അതു പിത്തമാണെന്നും അതു നിശ്ശേഷം പോകുന്നതായാൽ ജീവരക്തമാണെന്നും ഗ്രഹിക്കണം. പിത്തമാണെങ്കിൽ കൃച്ഛ്രസാദ്ധ്യമാണെന്നും ജീവരക്തമാണെന്നു വരുന്നപക്ഷം അത് അസാദ്ധ്യകോടിയിലാണെന്നും ഗ്രഹിക്കേണ്ടതാണെന്നു വാഗ്ഭടാചാര്യനും പറയുന്നു * 80— അതിന്നുള്ള ചികിത്സയെത്തന്നെ വിവരിക്കുന്നു:— ദാഹം മോഹാലസ്യം മദം— ചിത്തഭ്രമം എന്ന ഉപദ്രവങ്ങൾ ബാധിച്ച അവന്നുള്ളതായ അടുത്തു വിവരിക്കുന്ന ചികിത്സകൾ മരണപര്യന്തം ചെയ്യുകയും വേണം. അതിയോഗത്തിൽ സ്രവിച്ചതു രക്തമോ പിത്തമോ എന്നു തിരിച്ചറിയുവാനുള്ള ചില ലക്ഷണങ്ങൾ പറഞ്ഞുവെങ്കിലും അതുകൊണ്ടുമാത്രം നിരാശപ്പെടരുത്. രണ്ടുതരത്തിന്നുമുള്ള ഉപദ്രവങ്ങൾ ഒരുപോലെയിരിക്കുകയും ചെയ്യും, പിത്തമാണ് സ്രവിക്കുന്നതെങ്കിൽ അതു ശമിക്കുകയും ചെയ്യും. അതാണ് ആമരണാൽ എന്നു പറഞ്ഞിരിക്കുന്നതെന്നു ഗ്രഹിക്കുകയും വേണം. ആ ചികിത്സാവിധിയെന്തെന്നാൽ, അവന്നു പിത്തകോപത്തെ ശമിപ്പിക്കുന്നതായ എല്ലാ ചികിത്സകളും ചെയ്യണം, ശോധനാതിയോഗത്തിന്നു പറഞ്ഞ ചികിത്സകളും ഹിതങ്ങളാകുന്നു*81— ജീവനുള്ള മാൻ, പശു, പോത്ത്, ആട് ഇതുകളുടെ ശരീരത്തിൽനിന്ന് അപ്പഴപ്പോൾ കുത്തിച്ചോർത്തെടുത്തതായ രക്തം സേവിപ്പിച്ചാൽ അതു ക്ഷണത്തിൽ ജീവരക്തത്തെ പ്രാപിക്കുകയും അതിന്നു ബലമുണ്ടാക്കിത്തീർക്കുകയും ചെയ്യും * 82— ഈ പറഞ്ഞ മൃഗാദികളുടെ രക്തംതന്നെ ദർപ്പല്ലിട്ടു കശക്കി ഉട

ശ്യാമാകഷ്ണ്ണ്ണ

പീതം സ്നിഗ്ദ്ധേന സസ്നേഹം തദ്ദോഷൈർമ്മാർദ്ദവാദ്ധൃതം
ന വാഹയതി ദോഷാംസ്തു സ്വസ്ഥാനാൽ സ്തംഭയേച്ച താൻ. 87
വാതസംഗ്രഹസ്തംഭശൂലൈഃ ക്ഷരതി ചാല്പശഃ
തീക്ഷ്ണം വസ്തിം വിരേകം വാ ദദ്യാല്ലംഘനപാചനം. 88
രൂക്ഷം വിരേചനം പീതം രൂക്ഷേണാല്പബലേന വാ
മാരുതം കോപയിത്വാന്തു കുര്യാൽ ഘോരാനുപദ്രവാൻ. 89
സ്തംഭശൂലാനി ഘോരാണി സർവ്വഗാത്രേഷു മാരുതഃ
സ്നേഹസ്വേദാദികസ്തത്ര കാര്യോ വാതഹരോ വിധിഃ. 90

കയും ചെയ്യും. ഇങ്ങനെവിധം സംഭവിച്ചാൽ അതിനെ വിഭ്രംശമെന്നാണ് പറയുക. ആ വിഭ്രംശത്തിൽ ഏതുതരത്തുപദ്രവം കാണുന്നുവോ അതുകൾക്കുള്ള ചികിത്സകളും ചെയ്തുകൊള്ളണം *

87—ധാരാളം സ്നിഗ്ദ്ധത വരുത്തിയവൻ സ്നിഗ്ദ്ധമായ ശോധനൌഷധം സേവിച്ചാൽ മൃദുവായ ആ ഔഷധത്തെ ദോഷങ്ങൾ ആവരണം ചെയ്തുകളയും. അതേവിധം ആവൃതമായ ഔഷധം ദോഷങ്ങളെ അതുകളുടെ സ്ഥാനത്തുനിന്ന് ഇളക്കുവാൻകൂടെ ശക്തമായിത്തീരുകയില്ല. എന്നാൽ അത് ആ ദോഷങ്ങളെ അതുകൾ നില്ക്കുന്ന സ്ഥാനത്തു നിന്നിളകാത്തവിധം സ്തംഭിപ്പിക്കുകയും ചെയ്യും * 88—അങ്ങനെ വിധം സ്തംഭം സംഭവിച്ചാൽ അധോവാതം പുറപ്പെടാതാവുക ഗ്രഹസ്തംഭം ശൂലവേദന എന്ന ഉപദ്രവങ്ങളുണ്ടാകും. അല്പല്പമായി കുറച്ചുമാത്രം സ്രവിച്ചു എന്നും വരാം. അവിടെ തീക്ഷ്ണമായ വസ്തിയും വിരേകവും ശീലിപ്പിക്കുകയും ലംഘനപാചനക്രമങ്ങളെ അനുഷ്ഠിപ്പിക്കുകയും വേണം *

89—വേണ്ടുവോളം സ്നിഗ്ദ്ധത വരുത്താത്ത രൂക്ഷമോ അല്പബലമോ ആയവൻ രൂക്ഷമായ വിരേചനൌഷധത്തെ സേവിച്ചാൽ അതു വായുവിനെ കോപിപ്പിക്കുകയും അടുത്തു വിപരീതിക്കുന്ന അതിഘോരങ്ങളായ ഉപദ്രവങ്ങളെ ഉണ്ടാക്കിത്തീർക്കുകയും ചെയ്യും * 90— ആ ഉപദ്രവങ്ങളെന്തെല്ലാമെന്നാൽ, അതേവിധം കോപിച്ച വായു ശരീരമാസകലം സ്തംഭനവും കുത്തിനോവുമാണ് ഉണ്ടാക്കുക. അവിടെ സ്നേഹസ്വേദങ്ങളും വാതഹരകൃത്യങ്ങളും ശീലിപ്പിക്കണം *

സ്നിഗ്ദ്ധസ്യ ഗുരുകോഷ്ഠസ്യ മൃദുൽക്লേശ്യൌഷധം കഫാ
പിത്തം വാതഞ്ച സംരുദ്ധ്യ സതന്ദ്രാഗൌരവം ക്লമം. 91
ദൌർബ്ബല്യഞ്ചാംഗസാദഞ്ച കുഷ്ഠാദേശ്ചാ തദുല്ലിഖേൽ
ലംഘനം പാചനഞ്ചാത്ര സ്നിഗ്ദ്ധേ തീക്ഷ്ണഞ്ച ശോധനം. 92

തത്ര ശ്ലോകൌ.

ഇത്യേതാ വ്യാപദഃ പ്രോക്താഃ സർവ്വാ ഹി സചികിത്സിതാഃ
വമനസ്യ വിരേകസ്യ കൃതസ്യാകുശലൈർന്നൃണാം. 93
ഏതാൻ വിജ്ഞായ മതിമാനവസ്ഥാശ്ചൈവ തത്ത്വതഃ

91-92—സ്വതെ ക്രൂരകോഷ്ഠനായവൻ സ്നേഹപാനം ചെയ്യുതിന്നുശേഷം അത്യന്തമൃദുവായ ഔഷധത്തെ സേവിച്ചാൽ അത് ആകത്തുചെന്ന് ഉൽക്ലേശത്തെ വരുത്തിയതിന്നുശേഷം കഫത്തേയും പിത്തത്തേയും വാതത്തേയും പുറത്തുവിടാതെ തടഞ്ഞ്, മടി ശരീരത്തിന്നു കനം തളർച്ച ബലക്ഷയം കൈകാൽ കുഴച്ചിൽ എന്ന ഉപദ്രവങ്ങളെ ഉണ്ടാക്കിത്തീർക്കും. അവിടെ വമനൌഷധം സേവിപ്പിച്ച് ആ ഔഷധത്തെ ക്ഷണത്തിൽ ഛർദ്ദിപ്പിക്കുകയും ലംഘനപാചനങ്ങളെ ശീലിപ്പിക്കുകയും ചെയ്യുതിന്നുശേഷം സ്നിഗ്ദ്ധത വരുത്തുകയും കോഷ്ഠഗൌരവത്തിന്നുതക്ക തീക്ഷ്ണതയുള്ള വിരേചനൌഷധം ശീലിപ്പിക്കുകയും വേണം *

അദ്ധ്യായവിവരണം.

94-95—വൈദ്യശാസ്ത്രത്തിൽ വേണ്ടുവോളം പാണ്ഡിത്യമില്ലായ്മനിമിത്തം അജ്ഞനായവൻ വമനവിരേകങ്ങൾ ശീലിപ്പിക്കുകനിമിത്തം മനുഷ്യർക്കുണ്ടാകുന്ന വ്യാപത്തുകളും അതുകൾക്കുള്ള ചികിത്സയും വമനവിരേചന വ്യാപൽസിദ്ധി എന്ന ഈ അദ്ധ്യായത്തിൽ വിശദമായി വിവരിച്ചിരിക്കുന്നു. ബുദ്ധിമാനായവൻ ഇന്നിന്നവിധം ചെയ്താൽ ഇന്നിന്ന തകരാറുകൾ സംഭവിക്കുമെന്നു പറഞ്ഞതായ ഈ വാക്യങ്ങളെ നല്ലപോലെ ധരിക്കുകയും മററുള്ളവർക്ക് ആരോഗ്യത്തെ ഉണ്ടാക്കി കൊടുക്കേണമെന്നു വിചാരിക്കുന്നവൻ അതുവിധം വ്യാപത്തി വന്നുപോയാൽ സംഭവിക്കാവുന്ന ആപത്തുകളേയും അറിഞ്ഞ് ആ വക തകരാറുകൾ വരാത്തവിധം

കുര്യ്യാത്സംശോധനം സമ്യഗാരോഗ്യാർത്ഥീ നൃണാം സദാ. 94

ഇതി ചരകസംഹിതായാം

സിദ്ധിസ്ഥാനേ

വമനവിരേചനവ്യാപൽസിദ്ധിർന്നാമ ഷഷ്ഠോദ്ധ്യായഃ.

അദ്ധ്യായം 7. വസ്തിവ്യാപൽസിദ്ധി.

അഥാതോ വസ്തിവ്യാപൽസിദ്ധിമദ്ധ്യായംവ്യാഖ്യാസ്യാമഃ.

ഇതി ഹ സ്മാഹ ഭഗവാനാത്രേയഃ.

ധീധൈര്യൌദാര്യഗാംഭീര്യക്ഷമാദമതപോനിധിം

പുനർവ്വസും ശിഷ്യഗണഃ പപ്രച്ഛ നിയതാഞ്ജലിഃ. 1

കാഃ കതി വ്യാപദോ വസ്തേഃ കിം സമുത്ഥാനലക്ഷണാഃ

വമനവിരേകങ്ങളെ ശീലിപ്പിക്കുകയും വേണമെന്നിങ്ങിനെ ഉത്തമ ത്രേയഭഗവാൻ വിശദമായി ഉപദേശിച്ചിരിക്കുന്നു *

ഇതി ചരകസംഹിതാവ്യാഖ്യാനേ

വാചസ്പത്യേ

സിദ്ധിസ്ഥാനേ ഷഷ്ഠോദ്ധ്യായഃ (6)

അദ്ധ്യായം 7.

1-2— ബുദ്ധി ധൈര്യം ഔദാര്യം ഗാംഭീര്യം ക്ഷമ ദമം തപസ്സ് എന്നതുകളുടെ ഇരിപ്പിടമായ ഉത്തമാത്രേയഭഗവാനോടു പ്രവചന സമയത്തിൽ വിനയത്തോടുകൂടി അഗ്നിവേശാദിശിഷ്യന്മാർ, അല്ലയോ ഭഗവാൻ പഞ്ചകർമ്മങ്ങളിൽ പ്രധാനമായ വസ്തി വേണ്ട വിധമല്ലാതെ ചെയ്യപ്പോയാൽ എന്തെല്ലാം വ്യാപത്തുകൾ സംഭവിക്കും. അതുകളെത്രതരത്തിലുണ്ട്. അതുകളുണ്ടാകുന്നതിന്റെ ലക്ഷണങ്ങളെന്തെല്ലാമാണ്. അതേവിധം സംഭവിച്ചുപോയാൽ ചെയ്യേണ്ടതായ ചികിത്സകളെന്തെല്ലാമാണ് എന്നിങ്ങിനെ ചോദിച്ചു. ഇതേവിധമുള്ള ശിഷ്യന്മാരുടെ വാക്കിനെ കേട്ടസമയം ആത്രേ

കാശ്ചികിത്സാ ഇതി പ്രശ്നാൻ ശ്രുത്വാ താനബ്രവീദ്ഗുരുഃ. 2
നാതിയോഗൌ ക്ലമഃഷ്ഠാനൌ ഹിക്കാ ഹൃൽപ്രാപ്തിരുദ്ധതാ
പ്രവാഹികാ ശിരോഗ്രാഹഃ പരികർത്തഃ പരിസ്രവഃ. 3
ഭേദേ വ്യാപദോ വസ്തേരസമ്യഗ്യോഗസംഭവാഃ
ആസാമേകൈകശോ രൂപം ചികിത്സാഞ്ച നിബോധത. 4
ഗുരുകോഷ്ഠേനിലപ്രായേ രൂക്ഷേ വാതോൽബണേപി വാ
ശീതോല്പ്പലവണസ്നേഹദ്രവമാത്രോ ഘനോപി വാ. 5
വസ്തിഃ സംക്ഷോഭ്യ തം ദോഷം ദുർബ്ബലത്വാന്നിഹന്തി
കരോതി ഗുരുകോഷ്ഠത്വം വാതമൂത്രശകൃദ്ഗ്രഹം. 6

ഗുരുവായ ഭഗവൻ അവരോട് ഇപ്രകാരം ഉപദേശിക്കുകയും ചെയ്തു *

3-4—വസ്തിചെയ്യുന്നതു വേണ്ടവിധമല്ലാതെപോയാൽ ആ തകരാറുനിമിത്തം ൧. അയോഗം, ൨. അതിയോഗം, ൩. ക്ലമം, ൪. ആഷ്ഠാനം, ൫. ഹിക്ക, ൬ ഹൃൽഗതി, ൭. ഊർദ്ധ്വഗതി, ൮. പ്രവാഹിക, ൯. ശിരഃശൂലം, ൧൦. അംഗശൂലം, ൧൧. പരികർത്തം, ൧൨ പരിസ്രവം എന്ന പന്ത്രണ്ടുവ്യാപത്തുകൾ സംഭവിക്കും. ഈ പറഞ്ഞ വസ്തിവ്യാപത്തിൽ ഓരോന്നിന്റെയും സ്വഭാവവും ചികിത്സയും ക്രമത്തിൽ വിസ്തരിച്ചുപദേശിച്ചുതരാം. അതുകളേയും മനസ്സിരുത്തി കേട്ടുധരിക്കുക *

അയോഗചികിത്സ.

5-7— സ്വതെ ഗുരു (ക്രൂര) കോഷ്ഠനോ വാതപ്രകൃതിയോ രൂക്ഷനോ വാതകോപാധികനോ ആയവന്ന്, ശീതമോ— സ്രസ്വീയ്യങ്ങളിൽ ശീതമോ ലവണസ്നേഹങ്ങൾ വളരെ കുറച്ചുമാത്രം ചേർത്തതോ ദ്രവദ്രവ്യമാത്രമോ— കല്ക്കസ്നേഹാദികൾ ചേർക്കാത്തതോ വേണ്ടതിലധികം കൊഴുത്തതോ ആയ ദ്രവ്യംകൊണ്ടു വസ്തിചെയ്താൽ അതു ദോഷത്തെ ഇളക്കിത്തീർക്കുമെങ്കിലും കോഷ്ഠസ്വഭാവാദികൾക്കു തക്ക ബലമില്ലാത്തതാകയാൽ അതിനെ പുറത്തുകളയുവാൻ സാധിക്കാതെ വരികയും ചെയ്യും. അതുവിധം ഇളകിത്തീർന്നതായ ദോഷംനിമിത്തം ഉദരത്തിന്നു കനം അധോവാതത്തിന്നു തടവ് മൂത്രം പുറപ്പെടായ്ക മലശോധന നില്ക്കാതാവുക നാഭിപ്രദേശേ

നാഭിവസ്തിരുജം ദാഹം ഹൃല്ലേപം ശ്വയഥും ഹൃദേ
കണ്ഡൂഗണ്ഡാനി വൈവർണ്ണ്യമരുചിം വഹ്നിമാർദ്ദവം. 7
തത്രോഷ്ണായാഃ പ്രമത്ഥ്യായാഃ പാനം സ്വേദാഃ പൃഥഗ്വിധാഃ
ഫലവത്ത്യാഥവാ കാലം ജ്ഞാത്വാ ശസ്യം വിരേചനം. 8
വിലമൂലത്രിവൃദ്ദാരുയവകോലകുലത്ഥവാൻ

ശത്തും വസ്തിപ്രദേശത്തും വേദന ചുട്ടുനീറൽ ഹൃദയത്തിൽ ഉപലേപ്രപതീതി നീര് ഹൃദത്തിൽ ചൊറിച്ചിൽ ഒഴ ശരീരത്തിന്നു വൈവർണ്ണ്യം ബാധിക്കുക രുചിക്ഷയം ജഠരാഗ്നിക്കു ബലക്ഷയം എന്ന ലക്ഷണങ്ങളുണ്ടാവുകയും ചെയ്യും. ഇതാണ് വസ്തിയുടെ അയോഗത്തിൽ സംഭവിക്കുന്ന ലക്ഷണങ്ങൾ *

8-9— ഇതേവിധമുള്ള അയോഗത്തിൽ സ്വശ്വീയ്യങ്ങളിൽ ഉഷ്ണമായ പ്രമത്ഥ്യ—മുക്കുടി സേവിക്കുകയും (പ്രമത്ഥ്യാവിധിയെപ്പററി ശാർങ്ഗധരാചാര്യൻ പറയുന്നതെന്തെന്നാൽ 'പ്രമത്ഥ്യാ പ്രോച്യതേ ദ്രവ്യപലാൽ കല്ക്കീകൃതാച്ഛൃതാൽ । പേയോഷ്ണഗുണിതേ തസ്യാഃ പാനമാഹുഃ പലപ്രിയം'=ഒരു പലം ഔഷധം അരച്ച് ഇരുനാഴി വെള്ളത്തിൽ കലക്കി കുറുക്കി സേവിക്കുന്ന ഔഷധവിധിയെ പ്രമത്ഥ്യ (മുക്കുടി) എന്നു പറയും. ഇത് ഒരു ചന്ന് ഒരുനേരം ഉരിവീതം സേവിക്കുകയും ചെയ്യാം. മേപ്പൊടിചേർക്കുന്നതായാൽ അതു കഷായത്തിനു പറഞ്ഞപ്രകാരം ചേർക്കുകയും വേണം) സൂത്രസ്ഥാനം ഏഴ്-ാം അദ്ധ്യായത്തിൽ വിധിച്ചതായ സ്വേദവിധികളിൽ ഉചിതമായ സ്വേദത്തെ ശീലിപ്പിക്കുകയും ഫലവത്തായി പ്രയോഗിക്കുകയും വസ്തിദ്രവ്യം പ്രത്യാവർത്തിക്കുകയോ ദഹിക്കുകയോ ചെയ്യുന്ന കാലത്തെ പ്രതീക്ഷിക്കുകയും—ആ കാലംവരെ ലംഘനം ശീലിപ്പിക്കുകയും വിരേചനം ശീലിപ്പിക്കുവാൻ വിരോധമില്ലെങ്കിൽ അതു ശീലിപ്പിക്കുകയും, കുവളത്തിൻവേര് ത്രികോല്പ്പക്കൊന്ന ദേവതാരം യവം ലന്തക്കുരു മുതിര ഇതുകൾകൊണ്ടു യുക്തിപോലെ ഉണ്ടാക്കിയ കഷായവസ്തിദ്രവ്യത്തിൽ സുരാദിമദ്യങ്ങളും ഗോമൂത്രവുംചേർത്തു വസ്തിചെയ്താൽ അതു [illegible] പ്രയോഗിച്ചതും അയോഗം നിമിത്തം അകത്തു കെട്ടിനിൽക്കുന്നതും ഉപദ്രവകാരിയുമായ വസ്തിയെ പ്രാ

വസ്തിമസ്യ വിദ്ധ്യാച്ച സമൂത്രം ദശമൂലികം
സമൂത്രമഥവാ വ്യക്തലവണം മധുതൈലികം. 18

ഇതി ക്ലമവ്യാപച്ചികിത്സാ.

അല്പവീര്യോ മഹാദോഷേ ത്രുക്ഷേ ക്രൂരാശയേ കൃതഃ
വസ്തിർദ്ദോഷാവൃതോ രുദ്ധമാർഗ്ഗോ രുന്ധ്യാത്സമീരണം. 19
സ വിമാർഗ്ഗാനിലഃ കുര്യ്യാദാദ്ധ്മാനം മർമ്മപീഡനം
വിരോഹം ഹൃത്കോഷ്ഠസ്യ മൂർദ്ധ്വംക്ഷണവേദനാം. 20
രുണദ്ധി ഹൃദയം ശൂലൈരിതശ്ചേതശ്ച ധാവതി
ഫലശ്യാമാദിഭിഃ കുഷ്ഠകൃഷ്ണാലവണസർഷപൈഃ. 21
ധൂമമാഷവചാകിണ്ഡപക്ഷാരചൂർണ്ണൈർഗ്ഗുഡൈഃ കൃതാം

ദശമൂലംകൊണ്ടു വെച്ച കഷായത്തിൽ ധാരാളം ഇന്തുപ്പും തേനും എണ്ണയും ചേർത്തു വസ്തിചെയ്യുന്നതും വസ്തിവ്യാപദ്രൂപമായ ക്ലമം ശമിക്കുവാൻ വളരെ നല്ലതാകുന്നു *

ആദ്ധ്മാനവ്യാപച്ചികിത്സാ.

19-20½—ദോഷകോപത്തിന്നു വളരെ ആധിക്യമുള്ളവനോ ത്രുക്ഷനോ സ്നിഗ്ദ്ധതവരുത്താത്തവനോ ക്രൂരകോഷ്ഠനോ ആയവന്ന് അല്പവീര്യമായ വസ്തിചെയ്താൽ അതു കോപിച്ച ദോഷങ്ങളെ നിഹരിക്കുവാൻ സമർത്ഥനായിത്തീരുകയില്ല എന്നു മാത്രമല്ല ആ ദോഷങ്ങൾ ഇതിനെ പുറത്തുപോകുവാനയയ്ക്കാതെ തടയുകയും ചെയ്യും. അതേവിധം മാർഗ്ഗരോധം സംഭവിച്ച ആ വസ്തിദ്രവ്യം വായുവിനെ തടയുകയും ചെയ്യും. ദ്രവ്യശക്തികൊണ്ടു മാർഗ്ഗരോധംവന്ന വായു അന്യമാർഗ്ഗങ്ങളിൽക്കൂടെ സഞ്ചരിക്കുകയും കലശലായ ആദ്ധ്മാനം—മേൽവയറുവീർപ്പ് മർമ്മങ്ങളിൽ വേദന ഉൾപ്പുഴക്കം ഉദരത്തിന്നു കനം മുഷ്കങ്ങളിലും ഒടിപ്രദേശത്തും കലശലായ വേദന ഹൃദയരോധം എന്ന ഉപദ്രവങ്ങളെ ഉണ്ടാക്കിത്തീർക്കുകയും ശരീരത്തിൽ അവിടവിടെ ഉരുണ്ടുനടക്കുകയും ചെയ്യും *

21-23—അതേവിധം ആദ്ധ്മാനം ബാധിച്ചുപോയാൽ മലക്കാർക്കു നാല്ലൊല്ലക്കൊന്ന മുതലായ കല്പൗഷധങ്ങളും കൊട്ടം തിപ്പലി ഇന്തുപ്പ് കടുക് അട്ടക്കരി ഉഴുന്ന് വയമ്പ് മദ്യത്തിന്റെ ഊ

കരംഗ്ലഷ്ണനീകാം വത്തിം യവമദ്ധ്യം നിധാപയേൽ. 22
സ്വത്ത്യക്തസചിന്നഗാത്രസ്യ തൈലാക്തതാം സ്നേഹിതേ ഗൃഹേ
അഥവാ ലവണാഗാരധൂമസിദ്ധാർത്ഥകൈഃ കൃതാം. 23
വിലപാദിനാ നിരൂഹഃ സ്യാൽ പീലുസർഷപമൂത്രവാൻ
സരളാമരദാരുഭ്യാം സിദ്ധം ചൈവാനുവാസനം. 24

ഇത്യാദ്ധ്മാനവ്യാപച്ചികിത്സാ.

മൃദുകാഷ്ഠബലേ വസ്തിരതിതീക്ഷ്ണോതി നിഷ്ഫലൽ
കുഷ്ഠാദ്ധികാദികം തത്ര ഹിക്കാഗ്ലം ബ്രൂഹണഞ്ച യൽ. 25
ബലാസ്ഥിരാദികഷ്ണ്ണത്രിഫലാഗ്ലളസൈന്ധവൈഃ
സപ്രസന്നാരനാളാദ്യൈസ്തൈലം പക്തപ്രാനുവാസയേൽ. 26
കൃഷ്ണാലവണയോരക്ഷം പിബേദുഷ്ണാംബുനാ യുതം

ററൽ ചവൽക്കാരം ഇവ പൊടിച്ച പൊടിയും ശക്കരയുംകൂട്ടി കുഴച്ചുരുട്ടി പെരുവിരൽവണ്ണത്തിൽ വത്തിയുണ്ടാക്കി, ദേഹമാസകലം എണ്ണതേപ്പിച്ചു വിയപ്പിച്ചതിന്നുശേഷം ഗുദത്തിൽ സ്നേഹദ്രവ്യം പുരട്ടി അയവു വരുത്തിയാൽ മുൻപറഞ്ഞ വത്തിയിന്മേലും സ്നേഹദ്രവ്യം പുരട്ടി അതുകൊണ്ടു വത്തിവെക്കുകയും വേണം. ഇതേ വിധം ഇന്തുപ്പ് അട്ടക്കരി കടുക് ഇവ സമം ചേർത്തുണ്ടാക്കിയ വത്തിയും ഉപയോഗിക്കാം *

24—വസ്തിവിധിയിൽ വിവരിച്ചതായ വിലപാദിഔഷധം കൊണ്ടുണ്ടാക്കിയ വസ്തിദ്രവ്യത്തിൽ കാപ്പിക്കുരുവും കടുകും ഗോമൂത്രവുംചേർത്തു കഷായവസ്തി ചെയ്യുകയും, ചരളവും ദേവതാരവും ചേർത്തു കാച്ചിയ എണ്ണകൊണ്ടു സ്നേഹവസ്തി ചെയ്യുകയും ചെയ്യാൽ വസ്തിചെയ്യുതിലെ തകരാറുനിമിത്തം സംഭവിച്ച ആദ്ധ്മാനം നശിക്കുകയും ചെയ്യും *

ഹിക്കാവ്യാപച്ചികിത്സ.

25-27—സ്വതെ മൃദുകോഷ്ഠനും ശരീരബലം കുറഞ്ഞവനുമായവന്ന് അതിതീക്ഷ്ണമായ വസ്തിപ്രയോഗിച്ചാൽ അവന്റെ ശരീരത്തിൽനിന്നു വേണ്ടതിലധികം ദോഷങ്ങളെ ആ വസ്തി ഹരിച്ചുകളയും. ആ അതിയോഗംനിമിത്തം വിരേകാതിയോഗത്തിൽ പറഞ്ഞ ഹിക്കാദികളെ ഉണ്ടാക്കിത്തീർക്കും. ഇവിടെ ഹിക്കയെയാണു

ധൂമലേഹരസക്ഷീരസേചനാന്നാനാം ച വാതനുൽ. 27

ഇതി ഹിക്കാ വ്യാപച്ഛികിത്സാ.

അതിതീക്ഷ്ണഃ സ്വരൂതാ വാ ന വാ സമ്യക് പ്രപീഡിതഃ
ഘട്ടയേദ്ധൃദയം വസ്തിസൂത്ര കാസക്ഷണോൽകടൈഃ 28
സ്യാത്സാമ്ലലവണസ്കന്ധകരീരബദരീഫലൈഃ
ഏതൈർവ്വസ്തിഃ സിദ്ധം വാതശ്ലൈഷ്മികാനാവാസനം. 29

ഇതി ഹൃദ്രോഗവ്യാപച്ഛികിത്സാ.

വാതമൂത്രപുരീഷാണാം ഭേദേ വേഗാനിഗ്രഹേ ഗതഃ

ആദ്യമായും പ്രധാനമായും പ്രകാരിട്ടിക്കുക എന്നും ഗ്രഹിക്കണം. അവിടെ ഹിക്കാരോഗത്തിന്നുള്ള ചികിത്സകളെല്ലാം ചെയ്യുകയും ബൃംഹണമായ ചയ്യകളെ ശീലിപ്പിക്കുകയും വേണം. മദ്യമാംസമൂലം ഹ്രസ്വപഞ്ചമൂലം കുമിഴിൻവേര് ത്രികടു ശക്കര ഇന്തുപ്പ് മദ്യത്തിന്റെ തെളി വെപ്പുകാടി അമ്ലരസദ്രവ്യങ്ങൾ ഇതുകൾ യുക്തിപോലെചേർത്ത് എണ്ണകാച്ചി അതുകൊണ്ടു സ്നേഹവസ്തി ചെയ്യുകയും തിപ്പലി അരച്ചതും ഇന്തുപ്പുംകൂടെ മൂന്നുകഴഞ്ചു് തിളപ്പിച്ച വെള്ളത്തിൽകലക്കി സേവിപ്പിക്കുകയും വാതശ്ലേഷ്മത്തെ ശമിപ്പിക്കുന്നതായ ധൂമം ലേഹം മാംസരസം പാൽ സേചനവിധി അന്നം ഇതുകളെ ശീലിപ്പിക്കുകയും ചെയ്താൽ വസ്തിവ്യാപത്തുനിമിത്തം സംഭവിച്ച ഇക്കിട്ടം ശമിക്കും*

ഹൃദ്രോഗവ്യാപച്ഛികിത്സ.

28-29—വസ്തിദ്രവ്യം അത്യന്തം തീക്ഷ്ണമായിരിക്കുകയോ സ്വരൂതമായിരിക്കുകയോ—നിഷ്ക്ലേഷം ഞെക്കികയറാകയോ അതു വേണ്ടതുപോലെയല്ലാതെ പ്രപീഡനം ചെയ്യുകയോ ചെയ്താൽ ആ വസ്തിദ്രവ്യം ഹൃദയത്തിൽ ചെന്നടിക്കുകയും ആ ഘട്ടനനിമിത്തം കോപിച്ച ദോഷങ്ങൾനിമിത്തം കാസം സംഭവിക്കുകയും ചെയ്യും. അങ്ങിനെ വന്നുപോയാൽ അമ്ലരസങ്ങളും ലവണരസങ്ങളുമായ ദ്രവ്യങ്ങളും ആണ്ടാൻമുള്ളിയും ലന്തക്കായയുംകൂടെ യുക്തിപോലെ കഷായംവെച്ച് അതുകൊണ്ട് വസ്തിചെയ്യുകയും വാതഹരദ്രവ്യങ്ങൾചേർത്തു കാച്ചിയ സ്നേഹദ്രവ്യംകൊണ്ട് അനുവാസനം ചെയ്യുകയും ഹിതമാകുന്നു *

അതി വാ പീഡിതോ വസ്തിമ്മുഖേനാഗതി വേഗവാൻ. 30
മൂർച്ഛാവികാരം തസ്യാതൌ ദൃഷ്ട്വാ ശീതാംബുനാ മുഖം
സിഞ്ചേൽ പാർശ്വാദരം ചാധഃ പ്രമൃജ്യാദ്വീജയേച്ച തം. 31
കേശേഷ്വാലംബ്യ ചാകാശേ ധനുഷാ ത്രാസയേച്ച തം
ഗോഖരാശ്വഗജൈഃ സിംഹൈ രാജപ്രേഷ്യൈസ്തഥോരഗൈഃ.
ഉൽക്കാഭിരേവമന്യൈശ്ച വസ്തിമസ്യ ന്യസേദ്ധഃ

ഊർദ്ധ്വവ്യാപച്ചികിത്സ.

30 — വസ്തിചെയ്യുന്ന സമയമോ ചെയ്തതിന്നുശേഷമോ അധോവാതം മൂത്രം മലം എന്നതുകളുടെ വേഗത്തെ തടയുകയോ വസ്തി വേണ്ടതിലധികം ഊക്കോടുകൂടെ ഞക്കുകയോ ചെയ്താൽ ആ വസ്തിദ്രവ്യം കലശലായ ശക്തിയോടുകൂടെ വായിൽകൂടെ പുറത്തു വരികയും ചെയ്യും * 31 — ഇതേവിധം സംഭവിക്കുന്നതിന്നുമുമ്പായിത്തന്നെ മോഹാലസ്യമാണ് കാണുക. അതു കണ്ടാൽ ഉടനെ തണുത്ത വെള്ളം മുഖത്തൊഴിക്കുകയും വാരിഭാഗത്തും വയിറാത്തും പിടിച്ചു കീഴ്പോട്ട് ഉഴിയുകയും വീശുകയും വേണം * 32-33 — തലമുടി ചുററിപ്പിടിച്ചു മേൽപട്ടു കെട്ടിത്തൂക്കുക ശസ്ത്രംകൊണ്ടു നിന്നെ ഇപ്പോൾ കൊല്ലുമെന്നു പറഞ്ഞു ഭയപ്പെടുത്തുക. ഇവിടെ 'ധനുഷാ' എന്നു പറഞ്ഞതിന്നു ശസ്ത്രംകൊണ്ട് എന്നേ വിവക്ഷയുള്ളു. അതേവിധം, പറഞ്ഞതുമാതിരി കേൾക്കുന്നവയായ കുററൻ കഴുത കുതിര ആന സിംഹം എന്നിതുകളെക്കൊണ്ടു ഹിംസിക്കുവാൻ ഭാവിക്കുകയും രാജദൂതന്മാരായ ഭടന്മാരെക്കൊണ്ടു പിടിച്ചുകെട്ടിക്കുകയും പാമ്പിനെവിട്ടു മേൽകേറുകയും കൊള്ളിവെക്കുവാൻ ശ്രമിക്കുകയും ഇതേവിധം വിഷപ്പുകതീയന്ത്രസ്പർശനാദി ഭയാവഹങ്ങളായ മററ് ഉപായങ്ങൾ ചെയ്യുകയും ചെയ്താൽ വക്രമാർഗ്ഗാനുസാരിയായ വസ്തിദ്രവ്യം അധോമുഖമായിത്തീരും. ഇതുകൊണ്ടൊന്നും ഫലിക്കാത്തപക്ഷം കഴുത്തിൽ മുണ്ടിട്ടു വലിക്കുകയും കൈകൊണ്ടു പിടിച്ചു ഞക്കുകയും ചെയ്യുക. ന മ്രിയതേ യഥാ — ഇങ്ങിനെ ഞക്കുകനിമിത്തം അവൻ മാവാതിരിക്കുക എന്നുവിധമായാലാണോ അതേവിധം ഞക്കുകയും വേണം. അതുനിമിത്തം അവന്നു വരുന്ന അസ്വസ്ഥ്യ

ധൂമലേഹരസക്ഷീരസ്നേഹാശ്ചാന്നം ച വാതനുൽ. 27

ഇതി ഹിക്കാവ്യാപച്ചികിത്സാ.

അതിതീക്ഷ്ണഃ സ്വാദുതാ വാ ന വാ സമ്യക് പ്രപീഡിതഃ
ഘട്ടയേദ്ധൃദയം വസ്തിസ്തത്ര കാസക്ഷണോൽകടൈഃ 28
ശ്യാമസാമ്ലലവണസ്കന്ധകരീരബദരീഫലൈഃ
കൃതൈർവ്വസ്തിഃ സിദ്ധം വാതശ്ലൈഷ്മാനുവാസനം. 29

ഇതി ഹൃദ്ഗതവ്യാപച്ചികിത്സാ.

വാതമൂത്രപുരീഷാണാം ഭേദേ വേഗാന്നിഗൃഹ്ണതഃ

ആദ്യമായും പ്രധാനമായും പ്രകാശിപ്പിക്കുക എന്നും ഗ്രഹിക്കണം. അവിടെ ഹിക്കാരോഗത്തിന്നുള്ള ചികിത്സകളെല്ലാം ചെയ്യുകയും ബൃംഹണമായ ചൎയ്യകളെ ശീലിപ്പിക്കുകയും വേണം. മദ്ധ്യമപഞ്ചമൂലം ഹ്രസ്വപഞ്ചമൂലം കുമിഴിൻവേര് ത്രിഫല ശൎക്കര ഇന്തുപ്പ് മദ്യത്തിൻെറ തെളി വെപ്പുകാടി അമ്ലരസദ്രവ്യങ്ങൾ ഇതുകൾ യുക്തിപോലെചേൎത്ത് എണ്ണകാച്ചി അതുകൊണ്ടു സ്നേഹവസ്തി ചെയ്യുകയും തിപ്പലി അരച്ചതും ഇന്തുപ്പുംകൂടെ മൂന്നുകഴഞ്ചു് തിളപ്പിച്ച വെള്ളത്തിൽകലക്കി സേവിപ്പിക്കുകയും വാതകോപത്തെ ശമിപ്പിക്കുന്നതായ ധൂമം ലേഹം മാംസരസം പാൽ സ്നേഹവിധി അന്നം ഇതുകളെ ശീലിപ്പിക്കുകയും ചെയ്താൽ വസ്തിവ്യാപത്തുനിമിത്തം സംഭവിച്ച ഇക്കിട്ടം ശമിക്കും*

ഹൃദ്ഗതവ്യാപച്ചികിത്സ.

28-29—വസ്തിദ്രവ്യം അത്യന്തം തീക്ഷ്ണമായിരിക്കുകയോ സ്വാദുതമായിരിക്കുകയോ—നിശ്ശേഷം ഞെക്കികയറാകയോ അതു വേണ്ടതുപോലെയല്ലാതെ പ്രപീഡനം ചെയ്തുപോകയോ ചെയ്താൽ ആ വസ്തിദ്രവ്യം ഹൃദയത്തിൽ ചെന്നടിക്കുകയും ആ ഘട്ടനംനിമിത്തം കോപിച്ച ദോഷങ്ങൾനിമിത്തം കാസം സംഭവിക്കുകയും ചെയ്യും. അങ്ങിനെ വന്നുപോയാൽ അമ്ലരസങ്ങളും ലവണരസങ്ങളുമായ ദ്രവ്യങ്ങളും ആണ്ടാൻമുളയും ലന്തക്കായയുംകൂടെ യുക്തിപോലെ കഷായംവെച്ച് അതുകൊണ്ട് വസ്തിചെയ്യുകയും വാതഹരദ്രവ്യങ്ങൾചേൎത്തു കാച്ചിയ സ്നേഹദ്രവ്യംകൊണ്ട് അനുവാസനം ചെയ്യുകയും ഹിതമാകുന്നു *

അതി വാ പീഡിതോ വസ്തിർമ്മുഖേനായാതി വേഗവാൻ. 30
മൂർച്ഛാവികാരം തസ്യാദ്യ ദൃഷ്ട്വാ ശീതാംബുനാ മുഖം
സിഞ്ചേൽ പാശ്ചാദരം ചാധഃ പ്രമൃജ്യാദ്വീജയേച്ച തം. 31
കേശേഷ്വാലംബ്യ ചാകാശേ ധനുഷാ ത്രാസയേച്ച തം
ഗോഖരാശ്വഗജൈഃ സിംഹൈ രാജപ്രേഷ്യൈസ്തഥോരഗൈഃ.
ഉൽക്കാഭിരവമന്യൈശ്ച വസ്തിമസ്യ ന്യസേദ്ധിയാ

ഊർദ്ധ്വവ്യാപച്ചികിത്സ.

30 — വസ്തിചെയ്യുന്ന സമയമോ ചെയ്തതിന്നുശേഷമോ അധോവാതം മൂത്രം മലം എന്നതുകളുടെ വേഗത്തെ തടയുകയോ വസ്തി വേണ്ടതിലധികം ഊക്കോടുകൂടെ ഞെക്കുകയോ ചെയ്താൽ ആ വസ്തിദ്രവ്യം കലശലായ ശക്തിയോടുകൂടെ വായിൽകൂടെ പുറത്തുവരികയും ചെയ്യും * 31 — ഇതേവിധം സംഭവിക്കുന്നതിന്നുമുമ്പായിത്തന്നെ മോഹാലസ്യമാണ് കാണുക. അതു കണ്ടാൽ ഉടനെ തണുത്ത വെള്ളം മുഖത്തൊഴിക്കുകയും വാരിഭാഗത്തും വയിററത്തും പിടിച്ചു കീഴോട്ട് ഉഴിയുകയും വീശുകയും വേണം * 32-33 — തലമുടി ചുററിപ്പിടിച്ചു മേൽപട്ടു കെട്ടിത്തൂക്കുക ശസ്ത്രംകൊണ്ടു നിന്നെ ഇപ്പോൾ കൊല്ലുമെന്നു പറഞ്ഞു ഭയപ്പെടുത്തുക. ഇവിടെ 'ധനുഷാ' എന്നു പറഞ്ഞതിന്നു ശസ്ത്രംകൊണ്ട് എന്നേ വിവക്ഷയുള്ളു. അതേവിധം, പറഞ്ഞമാതിരി കേൾക്കുന്നവയായ കുററൻ കഴുത കുതിര ആന സിംഹം എന്നിതുകളെക്കൊണ്ടു ഹിംസിക്കുവാൻ ഭാവിക്കുകയും രാജഭൃത്യന്മാരായ ഭടന്മാരെക്കൊണ്ടു പിടിച്ചുകെട്ടിക്കുകയും പാമ്പിനെവിട്ടു മേൽകേറുകയും കൊള്ളിവെക്കുവാൻ ശ്രമിക്കുകയും ഇതേവിധം വിഷച്ഛക്തിയന്ത്രസ്പർശനാദി ഭയാവഹങ്ങളായ മററ് ഉപായങ്ങൾ ചെയ്യുകയും ചെയ്താൽ വക്രമാർഗ്ഗാനുസാരിയായ വസ്തിദ്രവ്യം അധോമുഖമായിത്തീരും. ഇതുകൊണ്ടൊന്നും ഫലിക്കാത്തപക്ഷം കഴുത്തിൽ മുണ്ടിട്ടു വലിക്കുകയും കൈകൊണ്ടു പിടിച്ചു ഞെക്കുകയും ചെയ്യുക. ന മ്രിയതേ യഥാ — ഇങ്ങിനെ ഞെക്കുകനിമിത്തം അവൻ മാറാതിരിക്കുക എന്നുവിധമായാലാണോ അതേവിധം ഞെക്കുകയും വേണം. അതുനിമിത്തം അവന്നു വരുന്ന അസംഹ്യ

വസ്ത്രപാണിഗ്രഹൈഃ കുണ്ഡോ ഗന്ധ്യാന്ന മ്രിയതേ യഥാ. 33
പ്രാണോദാനനിരോധാദ്ധി പ്രസിദ്ധതരമംഗ്ഗഗഃ
അപാനഃ പവനോ വസ്തിം തമാശേഷാദ്വിചകർഷതി. 34
തതഃ ക്രമുകകല്ക്കാക്ഷം പായയേത്താമ്ലസംയുതം
ഔഷ്ണ്യാത്തൈക്ഷ്ണ്യാൽ സരത്വാച്ച വസ്തിഞ്ചാസ്യാനുലോമയേൽ.
പക്വാശയസ്ഥിതേ സ്വിന്നേ നിർഗ്ഗുണ്ഡീ ദശമൂലികഃ
യവകോലകുലത്ഥൈശ്ച വിധിനാ മൂത്രസാധിതഃ. 36
വിലാദിപഞ്ചമൂലേന സിദ്ധോ വസ്തിരുരഃസ്ഥിതേ

തകളൊന്നും കണക്കാക്കേണ്ടതില്ല മരിക്കുന്നതെന്നു മാത്രമേ ഉള്ളു * 34—ഇതേവിധം ചെയ്താൽ പ്രാണോദാനവായുക്കളുടെ ഗതിക്കു തടസ്ഥം വരികയും ചെയ്യും. പ്രാണോദാനഗതിരോധനനിമിത്തം തനിക്കു സഞ്ചരിക്കുവാൻ ധാരാളം അവകാശവും ബലവും സിദ്ധിച്ചവനായ അപാനവായു ഊർദ്ധ്വമുഖമായിത്തീർന്ന ആ വസ്തിദ്രവ്യത്തെ ക്ഷണത്തിൽ അപകർഷണം ചെയ്യുകയും—അധോമുഖമാക്കിത്തീർക്കുകയും ചെയ്യും * 35—ഈ പറഞ്ഞ ചേഷ്ടകളെ ശീലിപ്പിച്ച് ആ ദ്രവ്യം അധോമുഖമായിത്തീർന്നാൽ പിന്നെ മൂന്നുകഴഞ്ചു് അടുക്കു അരച്ച് അമ്ലരസദ്രവ്യത്തിൽ കലക്കി സേവിപ്പിക്കണം. അതു സ്വതെ ഉഷ്ണവും തീക്ഷ്ണവും സരവുമാകയാൽ ആ വസ്തിദ്രവ്യത്തെ അനുലോമപ്പെടുത്തുമെന്നും ഗ്രഹിക്കണം * 36—ഇതേവിധം അധോമുഖമായിത്തീർന്ന ആ വസ്തിദ്രവ്യം പക്വാശയത്തിൽ വന്നാൽ അവനെ സ്വേദിപ്പിക്കുകയും അതിനെ പുറത്തുകളയുവാനായി ദശമൂലവും വയമ്പും ലന്തക്കുരുവും മുതിരയുംകൂടെ ഗോമൂത്രം കൂട്ടി കഷായംവെച്ചുണ്ടാക്കിയ കഷായംകൊണ്ടു കഷായവസ്തി ചെയ്യുകയും വേണം * 37—ആ വസ്തിതന്നെ ഉരസ്സിൽ നില്ക്കുന്നതായി കണ്ടാൽ മഹൽപഞ്ചമൂലൌഷധംകൊണ്ടുവെച്ച കഷായംകൊണ്ടു വസ്തിചെയ്യുകയാണ് വേണ്ടത്. വസ്തിദ്രവ്യം തലയിൽ കേറിപ്പോയാൽ നസ്യധൂമങ്ങളെ ശീലിപ്പിക്കുകയും കടുകരച്ചു തല പൊതിയുകയും വേണം. ഇതാണ് ഊർദ്ധ്വപ്രാപ്തമായ വസ്തിനിമിത്തം സംഭവിച്ച വ്യാപത്തു ശമിക്കുവാനുള്ള പ്രതിവിധി എന്നും ഗ്രഹിക്കണം *

ശിരഃസ്ഥാനാവനം ധൂമഃ പ്രച്ഛാദ്യം സഷ്ഠീവിഃ ശിരഃ 37

ഇത്യൂർദ്ധ്വവ്യാപച്ഛികിത്സാ.

സ്നിഗ്ദ്ധസ്വിന്നമഹാദോഷോ വസ്തിർമൃദ്വല്പഭേഷജഃ

ഉൽക്ലേശ്യാല്പാ ഹരേദ്ദോഷം ജനയേച്ച പ്രവാഹികാം. 38

സ വസ്തിഃ പായുശോഫായ ജാഡ്യോരുസദനായ ച

വിരുദ്ധമാരുതാ ജന്തുരഭീക്ഷ്ണം സംപ്രവാഹതേ. 39

സ്വേദാഭ്യംഗാൻ നിരൂഹാംശ്ച ശോധനീയാനുലോമികാൻ

വിരുദ്ധ്യാല്പംഘയിത്വാ തു വ്യാധിം കുര്യാദ്വിരിക്തവൽ. 40

ഇതി പ്രവാഹികവ്യാപച്ഛികിത്സാ.

ദുർബ്ബലേ തീവ്രദോഷേ ച ദുഷ്ട്യാദിഷ്വ ച തന്വമ്ലുദഃ

ശീതാല്പക്ഷാവൃതോ ദോഷൈർവ്വസ്തിസ്തുദ്വിഹതോ നിലഃ. 41

പ്രവാഹികവ്യാപച്ഛികിത്സ.

38-40 — വേണ്ടതുപോലെ സ്നേഹസ്വേദങ്ങളെ ശീലിപ്പിച്ചവനും ദോഷകോപത്തിന്നു ആധിക്യമുള്ളവനുമായവന്നു, മൃദുവീര്യമായും മാത്രയിൽനിന്നു വളരെ കുറഞ്ഞതുമായ വസ്തിശീലിപ്പിച്ചാൽ ആ വസ്തി, ദോഷത്തിന്നു ആകെ ഉൾപ്പുഴക്കം വരുത്തുകയും അതിൽനിന്നു അല്പംമാത്രം ഹരിക്കുകയും പ്രാവാഹികയെ—ഗുദത്തിനെ ഉണ്ടാക്കിത്തീർക്കുകയും പായുപ്രദേശത്തിൽ നീരും മുഴങ്കാലിന്നും തുടയ്ക്കും തളർച്ചയും ഉണ്ടാക്കും. ഈ വക ഉപദ്രവങ്ങൾ ബാധിച്ചാൽ അധോവായുവുകൂടെ പുറപ്പെടാതായിത്തീരുകയും അതുനിമിത്തം പ്രവാഹിക കലശലായി തുടങ്ങുകയും ചെയ്യും. അവിടെ ആദ്യമായി സ്വേദിപ്പിക്കുകയും എണ്ണതേപ്പിക്കുകയും ശോധനീയങ്ങളും ആനുലോമികങ്ങളുമായ നിരൂഹങ്ങൾ ശീലിപ്പിക്കുകയും ചെയ്തതിന്നുശേഷം ലംഘിപ്പിച്ച വിരിക്തന്റെ ചെയ്തികളെ ശീലിപ്പിക്കുകയും വേണം *

ശിരഃശ്ലേഷവ്യാപച്ഛികിത്സ.

41-42½ — ശരീരബലം കുറഞ്ഞവനോ ക്രൂരകോപ്പനോ ആയവന്നു തനുവായും മൃദുവായും സ്വശ്രീയ്ക്കുള്ളിൽ ശീതലായും അല്പമാത്രമായുമിരിക്കുന്ന വസ്തി പ്രയോഗിച്ചാൽ, ആ ദ്രവ്യത്തെ ദോഷിച്ച ദോഷങ്ങൾ ആവരണം ചെയ്യും. അതേവിധം അത്യുത്തമമായ ദ്ര

മാഗ്ഗൈർഗ്ഗാത്രാണി സന്ധാവനൂർദ്ധ്വം മൂർദ്ധ്നുപാഹിതം
ഗ്രീവാം മന്യേ ച ഗൃഹ്ണാതി ശിരഃ കണ്ഠം ഭിനത്തി ച. 42
ബാധിര്യം കൂണ്ഡനാദഞ്ച പീനസം നേത്രവിപ്ലവം
കുര്യാദ്ദ്രവ്യഞ്ജനം തൈലലവണേന യഥാവിധി. 43
യുഞ്ജാൽ പ്രധമനൈർന്നസ്യൈർഭൂയമൈരാസ്യം വിരേചയേൽ
തീക്ഷ്ണാനുലോമികൈർനാഗ്ര സ്വിന്നം ഭുക്തേന്ന ധാസയേൽ. 44
സ്നേഹസ്വേദൈരുപാദ്യ ഗുരുതീക്ഷ്ണാതിമാത്രയാ
തസ്യ വസ്തിഃ പ്രയുഞ്ജ്യേത നാതിമാത്രം പ്രയുജ്യതേ. 45

വ്യം വായുവിന്റെ ഗതിയെ തടയുകയും ചെയ്യും. സ്വമാർഗ്ഗഗതി രോധംനിമിത്തം കോപിച്ച വായു വിമാർഗ്ഗഗനായിട്ടു ശരീരമാസകലം സഞ്ചരിക്കുകയും ഊർദ്ധ്വഗതിയായിരിക്കുന്നതിനാൽ മൂർദ്ധാവിൽ ചെന്നു കൂടുകയും, അവിടെ സ്ഥിതിചെയ്തുകൊണ്ടു ഗ്രീവയേയും മന്യയേയും പിടിച്ചു വലിക്കുകയും തലയിലും കണ്ഠത്തിലും പിളർക്കുന്നതുപോലെയുള്ള വേദനയെ ഉണ്ടാക്കിത്തീർക്കുകയും ചെയ്യും. അപ്പോൾ അവന്നു ചെവി കേൾക്കാതാവുകയും കൂണ്ഡനാദവും—ചെവിമുഴക്കവും പീനസവും കണ്ണുരുട്ടലുകയും സംഭവിക്കും *

43-44—ഇതേവിധം സംഭവിച്ച വസ്തിവ്യാപത്തിന്ന് ഇന്തുപ്പു പൊടിച്ചുചേർത്ത് എണ്ണതേപ്പിക്കുകയും പ്രധമനങ്ങളായ—തീക്ഷ്ണങ്ങളായ നസ്യധൂമങ്ങളെ ശീലിപ്പിച്ച് ആസ്യ ഗുരുവിവചത്തുകയും തീക്ഷ്ണങ്ങളും അനുലോമികങ്ങളുമായ സ്വേദങ്ങളെ ശീലിപ്പിക്കുകയും ചെയ്തതിന്നുശേഷം ഭക്ഷണം കഴിച്ചിരുന്നാലും തദനന്തരം സ്നേഹവസ്തി ചെയ്യുകയും വേണം * 45—ഈ പ്രകാരം ഗുരുതരമായ സ്നേഹവസ്തി ചെയ്തതിന്നുശേഷം പിന്നെ സ്നേഹസ്വേദങ്ങളെ ശീലിപ്പിക്കാതെ അവന്നു കഷായവസ്തിയും ചെയ്യാവുന്നതാകുന്നു. ആ വസ്തിദ്രവ്യം ഗുരുവുമല്ലാതും തീക്ഷ്ണവും മാത്രയിൽ കവിഞ്ഞ [illegible] തോടുകൂടിയതുമായിരിക്കുകയും വേണം. അവിചാരം [illegible] ചെയ്യുന്നതു—വസ്തിദ്രവ്യം വസ്തിയന്ത്രത്തിൽ വേണ്ടതിലധികം [illegible] ഇരുന്നാലും പ്രണയനം ചെയ്യുന്നത് അതിമാത്രയിലധികമാകുകയുമരുത്. വസ്തിസഞ്ചിയിൽ പാതി ചിലധികം ദ്രവ്യം ബാക്കിനിന്നുകയും വേണമെന്നു താല്പര്യം *

സുബ്ബോദാവൃത്തകോഷ്ഠസ്യ രുദ്ധഃ സ്രോതസ്സു മാരുതഃ
പ്രപന്നോംഗരുജം കുര്യാത്തം തൈലലവണാന്വിതം. 46
ഉഷ്ണാംബുപ്രസ്തുരകപ്രായൈഃ സ്വേദൈസ്തമുപപാദയേൽ
സവിലപ്രതൈലലവണോ നിത്രഹസ്തസ്യ ശസ്യതേ. 47
തൈലാവഗാഹസ്വിന്നസ്യ കാരയേദനുവാസനം
അഭ്യജ്യ വിധിനാ സമ്യക് സ്നിഗ്ദ്ധം കായം തതഃ പരം. 48
വിരേചനൈർന്നിത്രഹൈശ്ച വസ്തിഭിശ്ചാനുലോമികൈഃ
ഇതി ശിരശ്ശൂലവ്യാപച്ചികിത്സാ.
സുസ്നിഗ്ദ്ധസ്വിന്നദേഹസ്യ യസ്യ വസ്തിർവ്വിധീയതേ. 49
അതിതീക്ഷ്ണോ ഗുരുശ്ചൈവ സേതിമാത്രം പ്രവർത്തയേൽ
സ്യാതസ്യ തസ്യ ദോഷേഷു നിത്രഹസ്യാതിമാത്രശഃ. 50

46-48½ — ദോഷകോപാധിക്യംനിമിത്തം സുബ്ബോവും ഉദാവർത്തത്തോടുകൂടിയതുമായ കോഷ്ഠത്തോടുകൂടിയവന്നു മുൻപറഞ്ഞ തന്ത്രപ്രകാരമുള്ളതുമായ വസ്തിചെയ്യുൽ ആ ദ്രവ്യത്താൽ ഗതിരോധംവന്നവനായ വായു അതാതു സ്രോതസ്സുകളിൽചെന്നു സ്തംഭിച്ചുനില്ക്കുകയാൽ ദേഹമാസകലം വേദനയുണ്ടാക്കിത്തീർക്കും. ഇതേവിധം സംഭവിച്ചാൽ എണ്ണയിൽ ഇന്തുപ്പുചേർത്തു തേപ്പിച്ചു കാഞ്ഞതവെള്ളംകൊണ്ടോ പ്രസ്തുര സ്വേദവിധിപ്രകാരമോ വാതഹരദ്രവ്യങ്ങളിട്ടുവെച്ചു കഷായങ്ങൾകൊണ്ടോ വിയർപ്പിക്കുകയും വിലപ്രതൈലവും ഇന്തുപ്പുംചേർത്തു കഷായവസ്തി ചെയ്യുകയും പിന്നെ എണ്ണയിൽ അവഗാഹം ശീലിപ്പിച്ചു സ്നിഗ്ദ്ധത വരുത്തുകയും ഭക്ഷണം കഴിക്കുന്നതിന്നുമുമ്പെ അനുവാസനം ശീലിപ്പിക്കുകയും വേണം. ഈ വക ചെയ്തുകളെ ശീലിപ്പിച്ചു നല്ലവണ്ണം സ്നിഗ്ദ്ധത വരുത്തിയതിന്നുശേഷം വിരേചനവും ആനുലോമികവുമായ നിത്രഹവും ശീലിപ്പിക്കണം. ഇതാണ് ശിരശ്ശൂലമെന്ന വസ്തിവ്യാപത്തിന്റെ ചികിത്സ എന്നും ഗ്രഹിക്കണം *

അങ്ഗുശൂലവ്യാപച്ചികിത്സ.

49-51 — നല്ലവണ്ണം സ്നേഹസ്വേദങ്ങളെ ശീലിപ്പിച്ചുവന്ന അത്യന്തം തീക്ഷ്ണവും ഗുരുവുമായ വസ്തി പ്രയോഗിച്ചാൽ അതു ദോ

സുബ്ലോദാവൃത്തകോഷ്ഠസ്യ വായുഃ സംപ്രതിഹന്യതേ
വിലോമനസമുൽഭൂതോ രുജത്യംഗാനി ദേഹിനഃ 51
ഗാത്രവേഷ്ടനനിസ്തോദഭേദേസ്തുരണജൃംഭണൈഃ
തം തൈലലവണാഭ്യക്തം സ്വേദയേദുഷ്ണവാരിണാ. 52
എരണ്ഡപത്രനിഷ്പീഡൈഃ പ്രസ്തുരൈശ്ചോപപാദയേൽ
യവാൻ കുലത്ഥാൻ കോലാനി പഞ്ചമൂലേ തഥാഭയേ. 53
ജലാഢകപ്രയേ പക്ത്വാ പാദശേഷേണ തേന ച
കുഡ്മാസ്യ വിലപ്രതൈലോഷ്ണവവണേന നിത്രഹണം. 54
നിത്രഹണേ സമാശ്വസ്യ ദ്രോണ്യാം സമവഗാഹയേൽ
തതോ ഭുക്തവതസ്തസ്യ കാരയേദനുവാസനം. 55

ഷങ്ങളെ വേണ്ടതിലധികം പുറത്തുകളയുകയും ചെയ്യും. അതേവിധം നിത്രഹത്തിന്റെ അതിമാത്രത്വംനിമിത്തം ദോഷങ്ങൾ വേണ്ടതിലധികം സ്രവിച്ചുപോയാൽ അവന്റെ കോപ്പും സുബ്ലിയും ഉദാവൃത്തവുമായിത്തീരുമെന്നു മാത്രമല്ല അതിസ്രുതിനിമിത്തം കോപിച്ച വിലോമഗതിയായിത്തീർന്ന വായു ശരീരത്തെ പ്രതിഹനിക്കുകയും ശരീരമാസകലം വേദനയുണ്ടാക്കിത്തീർക്കുകയും ചെയ്യും * 52— ആ അസഹ്യതയുടെ സ്വഭാവമെന്തെന്നാൽ, ശരീരമാസകലം കയറുകൊണ്ടു വരിഞ്ഞു ചുററുന്നതുപോലെയുള്ള വേദന കുത്തിനോവ് പിളർന്നുനോവ് അവയവങ്ങൾ പൊട്ടുന്നതുപോലെയുള്ള വേദന കോട്ടുവായ എന്ന ഉപദ്രവങ്ങളുണ്ടാവുകയും ചെയ്യും. ഇങ്ങനെവിധം സംഭവിച്ചവനെ തൈലലവണങ്ങൾചേർത്ത മേലാസകലം തേപ്പിച്ചതിന്നുശേഷം കാഞ്ഞവെള്ളം പകർന്നോ, 53— ആവണക്കില ഇട്ടുതിളപ്പിച്ച വെള്ളംപകർന്നോ പ്രസ്തുരസ്വേദം ശീലിപ്പിച്ചോ വിയർപ്പിച്ചതിന്നുശേഷം, യവം മുതിര ലന്തക്കുരു മഹൽപഞ്ചമൂലം ചെറുപഞ്ചമൂലം, 54— ഇവ സമം വ്യ ഇടങ്ങഴി വെള്ളത്തിൽ കഷായംവെച്ചു നാലിലൊന്നാക്കി പിഴിഞ്ഞരിച്ച് അതിൽ വിലപ്രതൈലവും പഴപ്പിച്ചു പൊടിച്ച ഇന്തുപ്പുംചേർത്ത കഷായവസ്തി ചെയ്യുകയും, 55— അതിന്റെ സമ്യഗ്യോഗംവന്നാൽ ആശ്വസിപ്പിച്ചു താണിയിൽകിടത്തി അവഗാഹസ്വേദം ശീലിപ്പിച്ചതിന്നുശേഷം ഭക്ഷണം കഴിപ്പിച്ച് അനുവാസനവും ശീലിപ്പിക്കണം. 56—

യഷ്ടീമധുകതൈലേന വിലപ്രതൈലേന വാ ഭിഷക്
ഏതേന വസ്തിവ്യാപത്ത്യാ ജാതശൂലം വിനശ്യതി. 56

ഇത്യന്ത്രശൂലവ്യാപച്ചികിത്സാ.

മൃദുകാഷ്ഠാല്പദോഷസ്യ ത്രുക്ഷതീക്ഷ്ണാതിമാത്രവാൻ
വസ്തിർദ്ദോഷാന്നിരസ്യാശു ജനയേൽ പരികർത്തികാം. 57
ത്രികവംക്ഷണവസ്തീനാം തോദം നാഭേരധോ രുജം
വിബന്ധാല്പാല്പമൂത്രത്വം ഗുദനിഷ്ക്ലേദനം ഭവേൽ. 58
സ്വാദുശീതൌഷധൈഃ സൂത്ര പായ ഇക്ഷ്വാദിഭിഃ ശൃതം
യഷ്ട്യാഹ്വപതിലകല്ക്കാഭ്യാം വസ്തിഃ സ്യാൽ ക്ഷീരഭോജിനഃ. 59
സസജ്ജരസയഷ്ട്യാഹ്വജിംഗിണീകർട്ടകാഞ്ജനാം

അനുവാസനംചെയ്യാൻ ഇരട്ടിമധുരം അരച്ചുകലക്കി കാച്ചിയ എണ്ണയോ വിലപ്രതൈലമോ ആണ് വൈദ്യൻ ഉപയോഗിക്കേണ്ടത്. ഇതുവിധംചെയ്താൽ വസ്തിവ്യാപത്തിനിമിത്തം സംഭവിച്ച അന്ത്രശൂലം ശമിക്കുകയും ചെയ്യും *

പരികർത്തവ്യാപച്ചികിത്സ.

57–58— മൃദുകാഷ്ഠനും അല്പദോഷനുമായവന്നു ത്രുക്ഷമായും തീക്ഷ്ണമായും മാത്രയിൽ അധികരിച്ചതുമായ വസ്തി പ്രയോഗിച്ചുപോയാൽ അതു ക്ഷണത്തിൽ— ദോഷനിഹരണസമയത്തിന്നു മുമ്പുതന്നെ ദോഷങ്ങളെ ആസകലം നിഹരിക്കുകയും ജഠരത്തിൽ അരിഞ്ഞുനോറുണ്ടാക്കിത്തീർക്കുകയും ചെയ്യും. അതേവിധം പരികർത്തിക സംഭവിച്ചാൽ അവന്നു തണ്ടെല്ല് ഒടിപ്രദേശം വസ്തിപ്രദേശം ഇവിടങ്ങളിൽ കുത്തിനോവും നാഭിയുടെ താഴെഭാഗത്തു കലശലായ വേദനയും മലബന്ധവും മലംപോകുന്നതായാൽ അല്പാല്പമായി പുറപ്പെടുകയും ഗുദത്തിന്നു തേച്ചിലും സംഭവിക്കും *
59–60— ഇതേവിധം സംഭവിച്ചാൽ മധുരരസങ്ങളും ശീതവീര്യങ്ങളുമായ ഇക്ഷ്വാദികളിട്ടു കുറുക്കിയ പാലിൽ ഇരട്ടിമധുരവും എള്ളും അരച്ചുകലക്കി അതുകൊണ്ടു വസ്തിചെയ്യുകയും പാൽചോറ്റു ഭക്ഷണംകഴിക്കുകയും, ചെങ്ങഴുന്നം ഇരട്ടിമധുരം കിണികിണിപ്പൻ വേര് താമരക്കിഴങ്ങ് തരണ്ടാക്കല്ല് ഇവ സമം അരച്ചു പാലിൽ

വിനീയ ദുഃഖ വസ്തിഃ സ്യാത്തിക്താമ്ലമൃദുഭോജിനഃ. 60

ഇതി പരികർത്തവ്യാപച്ഛികിത്സാ.

പിത്തരക്തേതു ഉഷ്ണോ വാ തീക്ഷ്ണോ വാ ലവണോഥവാ
വസ്തിർന്നിചരതി പായും തു തീക്ഷ്ണോതി വിദഹത്യപി. 61

സ വിദഗ്ധഃ സ്രവത്യസ്രം പിത്തം ചാനേകവർണ്ണവൽ
സാസ്യതേ ബഹുവേഗേന മോഹം ഗച്ഛതി ചാസകൃൽ. 62

ആർദ്രശാല്മലിവൃന്തൈസ്തു ക്ഷുണ്ണൈരാജം പയഃ ശൃതം
സപ്പിഷാ യോജിതം ശീതം വസ്തിമസ്യൈ പ്രദാപയേൽ. 63

വടാദിപല്ലവേഷ്വേഷ കല്പോ യവതിലേഷ്വ ച
സുവച്ഛലാപോഡികയോഃ കൃഷ്ണാദാരേ ച ശസ്യതേ. 64

കലക്കി അരിച്ച് അതുകൊണ്ടു വസ്തിചെയ്യുകയും തിക്തരസപ്രധാനമായും അമ്ലരസപ്രധാനമായും ഗുരുത്വമില്ലാത്തതായുമിരിക്കുന്ന അന്നപാനങ്ങളെ ശീലിപ്പിക്കുകയും വേണം *

പരിസ്രവവ്യാപച്ഛികിത്സ.

61-62— പിത്തരക്തകോപമുള്ളവന്ന് അമ്ലരസാധികമായോ ഉഷ്ണമായോ തീക്ഷ്ണമായോ ലവണരസാധികമായോ ഉള്ള വസ്തിപ്രയോഗിച്ചാൽ അതു പായുവിന്നു ലേഖനത്തെ വരുത്തും. തീക്ഷ്ണമായതാണെങ്കിൽ അതുനിമിത്തം മറവള്ളതുകൾക്കുണ്ടാകുന്നതിലധികം വിദാഹം സംഭവിക്കുകയും ചെയ്യും. അങ്ങിനെ വിദാഹം സംഭവിച്ചുപായാൽ രക്തവും പിത്തവും സ്രവിക്കും. അതുകൾ അനേകവർണ്ണമായിരിക്കുകയും അതിവേഗത്തിൽ സ്രവിക്കുകയും ഇടക്കിടക്കു മോഹാലസ്യപ്പെടുകയും ചെയ്യും * 63— ഇങ്ങനെ വിധം സംഭവിച്ചാൽ പച്ചയായ— വാടിവീണതല്ലാത്ത പൂളപ്പൂവിന്റെ തൊട്ടി ഇടിച്ച് ആട്ടിൻപാലിൽ തിരുമ്പിപിഴിഞ്ഞരിച്ചു കാച്ചി വാങ്ങി ഉരിയാൽ നെയ്യുംകൂട്ടി യോജിപ്പിച്ച് അതുകൊണ്ടു വസ്തി ചെയ്യുകയും വേണം * 64— ഇവിടെ ശാല്മലീവൃന്തത്തിന്റെ സ്ഥാനത്ത്, നാല്പാമരത്തളിരോ യവമോ എള്ളോ തൊഴുകണ്ണിയോ (ബ്രഹ്മിയോ) വലിയ വശളച്ചീരയോ മലയകുത്തിപ്പൂവോ ചേർത്തു

ഗുദേ സേകാഃ പ്രദേഹാശ്ച ശീതാഃ സ്യുർമ്മധുരാശ്ച യേ
രക്തപിത്താതിസാരഘ്നീ ക്രിയാ ചാത്ര പ്രശസ്യതേ. 65

ഇതി പരിസ്രവവ്യാപച്ചികിത്സാ.

തത്ര ശ്ലോകാഃ.

ഇത്യേതാ വ്യാപദഃ പ്രോക്താ വസ്തേഃ സാകൃതിഭേഷജാഃ
ബുദ്ധ്യാ കാർശ്ന്യേന താൻ വസ്തീന്നിയുഞ്ജന്നാപരാദ്ധ്യതി. 66
തീക്ഷ്ണതാ മൂത്രവിലവാദിലവണക്ഷാരസർഷപൈഃ
പ്രാപ്തകാലം വിധാതവ്യം ക്ഷീരാദ്യൈർമ്മാർദ്ദവം തഥാ. 67
ആപാദതലമൂർദ്ധസ്ഥാൻ ദോഷാൻ പക്വാശയേ സ്ഥിതഃ
വീര്യേണ വസ്തിരാദത്തേ സ്വപ്നേഷ്വക്കോ ഭ്രമാനിവ. 68

വസ്തിചെയ്യുന്നതും നല്ലതാകുന്നു * 65— സ്നേഹിച്ചുള്ളതിൽ ശീതങ്ങളും മധുരരസങ്ങളുമായ ദ്രവ്യങ്ങൾകൊണ്ടു ഗുദത്തിൽ ധാരചെയ്യുകയും അതേവിധമുള്ള ഔഷധങ്ങൾ അരച്ചുതേക്കുകയും രക്തപിത്തത്തിന്നും അതിസാരത്തിന്നുമുള്ള, ചികിത്സിതസ്ഥാനത്തിൽ വിധിച്ച ചികിത്സകൾ ചെയ്യുകയും വസ്തിവ്യാപത്തിനിമിത്തം സംഭവിച്ച പരിസ്രാവം ശമിക്കുവാൻ നല്ലതാകുന്നു *

അദ്ധ്യായവിവരണം.

66-69—വസ്തിവ്യാപൽസിദ്ധി എന്ന ഈ അദ്ധ്യായത്തിൽ വേണ്ടതുപോലെയല്ലാതെ വസ്തിചെയ്താൽ ഇന്നിന്ന വ്യാപത്തുകൾ സംഭവിക്കുമെന്നും അതുകളുടെ പ്രത്യേകലക്ഷണങ്ങൾ ഇന്നിന്നവയാകുന്നിരിക്കുമെന്നും അതേവിധം വ്യാപത്തിവന്നുപോയാൽ ഇന്നിന്ന വ്യാപത്തുകൾക്കു ഇന്നിന്ന ചികിത്സകൾ ചെയ്യേണമെന്നും വിചാരിച്ചുപറഞ്ഞിരിക്കുന്നു. ഈ വചനങ്ങളെ മുഴുവൻ അറിഞ്ഞ് ഈ തരത്തിലുള്ള വാതത്തവിധം വസ്തിചെയ്താൽ വാതൊരു ദോഷവും വരികയില്ല. വസ്തിക്കു തീക്ഷ്ണതാ, ഗോമൂത്രം മഹാൽപണ്ടുമൂലം ഇവയ്ക്കു ക്ഷാരം കടുക് ഇതുകൾനിമിത്തവും, മൃദുതാ ക്ഷീരാദികൾനിമിത്തവുമാണ് വ്യാപിക്കുകയും ഏതേതുതരം വസ്തി പ്രയോഗിക്കേണമോ അതേവിധമുള്ള വസ്തിചെയ്യുകയും ചെയ്താൽ പക്വാശയസ്ഥമായ ആ വസ്തി നാഭിക്കുവാനം വ്യാപിച്ചുകിടക്കുന്ന സകല ദോഷങ്ങളെയും ആകാശസ്ഥിതനായ വായു ത്രിവിധമായ

യഥാൽ കുസുംഭസമ്മിശ്രാമതരാമദ്രാഗം ഹരേൽ പടു
തരേ ദ്രവീകൃതാൽ കഠിനാനിത്രേവാ നിഷ്ഠുരതമാൻ. 69

ഇതി ചരകസംഹിതായാം
സിദ്ധി സ്ഥാനേ
വസ്തിവ്യാപത്സിദ്ധിർന്നാമ സപ്തമോഽദ്ധ്യായഃ.

അദ്ധ്യായം 8. പ്രസൃതയോഗികാസിദ്ധി.

അഥാതഃ പ്രസൃതയോഗികസിദ്ധിമദ്ധ്യായം വ്യാഖ്യാസ്യാമഃ.
ഇതി ഹ സ്മാഹ ഭഗവാനാത്രേയഃ.

അഥോമാൻ സുകുമാരാണാം നിത്രുഹാൻ സ്നേഹനാൻ മൃദൂൻ
കർമ്മണാ വിപ്ലുതാനാഞ്ചേ വക്ഷ്യാമി പ്രസൃതൈതഃ പ്രഥക്. 1

ത്തെ ആകർഷിക്കുന്നതുപോലെ ഹരിക്കുകയും ചെയ്യും. ചട്ടപ്പംഗം കഷായംവെച്ച് അതിൽ വസ്ത്രംമുക്കിയാൽ ആ വസ്ത്രം കഷായത്തിലെ രാഗത്തെ— ചുകപ്പിനെ സ്വീകരിക്കുന്നതുപോലെ സ്നേഹസ്വേദങ്ങളെ ശീലിപ്പിച്ച ശരീരത്തിൽ വസ്തിചെയ്താൽ അതിലെ മലത്തെ മുഴുവൻ ഹരിച്ചു ശരീരത്തെ നിർമ്മലമാക്കിത്തീർക്കുകയും ചെയ്യും *

ഇതി ചരകസംഹിതാവ്യാഖ്യാനേ
വാചസ്സത്യേ
സിദ്ധിസ്ഥാനേ സപ്തമോഽദ്ധ്യായഃ (7)

അദ്ധ്യായം 8.

1— ഇങ്ങനെ വിധം വസ്തിയിലെ വ്യാപത്തിനെ പറഞ്ഞതിന്നു ശേഷം ഇനി സ്വതേ സുകുമാരന്മാരായവർക്കും പൊൾകർമ്മങ്ങളെ തകരാറായവിധം ശീലിപ്പിക്കുകയാൽ തളർന്നവർക്കും ഉപയോഗിക്കാവുന്നതും— നിരപായവും മൃദുവീര്യങ്ങളും സ്നേഹനങ്ങളുമായ നിത്രുഹങ്ങളെ പ്രത്യേകം, ഇന്നിന്ന ദ്രവ്യം ഇത്രഇത്ര വേണമെന്ന വിധിയോടുകൂടെ ഉപദേശിച്ചുതരികയും ചെയ്യാം. അതിനെയും ധരിക്കുക *

ക്ഷീരാദ്ദ്വൌ പ്രസൃതൌ കാര്യൌ മധുതൈലഘൃതാത്ത്രയഃ
ഖജേന മഥിതോ വസ്തിർവ്വാതഘ്നോ ബലവർണ്ണകൃൽ. 2
ഏകൈകഃ പ്രസൃതസ്തൈലപ്രസന്നാക്ഷൌദ്രസർപ്പിഷഃ
വിലാദിമൂലകപാഠാഭ്യാം കൌലത്ഥാഭ്യാം ച വാതനുൽ. 3
പഞ്ചമൂലരസാൽ പഞ്ച ദ്വൌ തൈലാൽ ക്ഷൌദ്രസർപ്പിഷഃ
ഏകൈകഃ പ്രസൃതിരാ വസ്തിഃ സ്നേഹനീയോനിലാപഹഃ. 4
സൈന്ധവാർദ്ധാക്ഷ ഏകൈകഃ ക്ഷൌദ്രതൈലപയോഘൃതാൽ
പ്രസൃതൌ ഹവുഷാപ്യാമ്യ നിർഗ്രഹഃ ശുക്രകൃൽ പരഃ. 5
പടോലനിംബഭൂനിംബരാസ്നാംസപ്തച്ഛദാംഭസഃ

---

2 — പാൽ രണ്ടുപ്രസൃതം തേൻ എണ്ണ നെയ്യ് ഇവ മൂന്നും കൂടെ മൂന്നു പ്രസൃതം — ഓരോ പ്രസൃതം. എല്ലാം ഒന്നിച്ചുചേർത്തു കടുകോൽകൊണ്ടു കടഞ്ഞു യോജിപ്പിച്ച് അതുകൊണ്ടു വസ്തിചെയ്താൽ അതു വാതഹരവും ബലവർണ്ണങ്ങളെ വർദ്ധിപ്പിക്കുന്നതുമാകുന്നു. പ്രസൃതമെന്നാൽ ഉഴി. അല്ലെങ്കിൽ ൨ പലമെന്നർത്ഥമാകുന്നു. 'പലാഭ്യാം പ്രസൃതിർജ്ഞേയാ പ്രസൃതശ്ച നിഗദ്യതേ' എന്നു പരിഭാഷാ * 3 — എണ്ണ തെളിമദ്യം തേൻ നെയ്യ് ഇവ ഓരോ പ്രസൃതം. മഹൽപഞ്ചമൂലകഷായം മുതിരവെച്ചാറിയരസം ഇവ ഈരണ്ടുപ്രസൃതം എല്ലാം ഒന്നിച്ചുചേർത്തു വസ്തിചെയ്താൽ വാതകോപം ശമിക്കും * 4 — മഹൽപഞ്ചമൂലകഷായം പ്രസൃതം അഞ്ച് എണ്ണ പ്രസൃതം രണ്ട് തേൻ നെയ്യ് ഇവ ഉരിവീതം എല്ലാം ഒന്നിച്ചുചേർത്ത് അതുകൊണ്ടു വസ്തിചെയ്താൽ അത് അത്യന്തം സ്നേഹനീയവും വാതഹരവുമാകുന്നു * 5 — ഇന്തുപ്പ് കഴഞ്ച് ഒന്നര തേൻ എണ്ണ പാൽ നെയ്യ് ഇവ ഓരോ പ്രസൃതം അടക്കാമണിയൻവേര് പലം നാല് — അടക്കാമണിയൻകഷായം നാഴി ഒന്ന്. ഇവകൊണ്ടു നിർഗ്രഹംചെയ്താൽ അത് അത്യന്തം വൃഷ്യമാകുന്നു * 6–6½ — പടോലവള്ളി വേപ്പിൻതൊലി കിരിയാത്തു (പുത്തരിച്ചുണ്ട) അരത്ത ഏഴിലംപാലത്തൊലി ഇവ സമം കഷായംവെച്ചു നാലൊന്നാക്കി പിഴിഞ്ഞരിച്ചു കഷായം പ്രസൃതം നാല്. നെയ്യ് പ്രസൃതം ഒന്ന് എല്ലാം ഒന്നിച്ചുചേർത്തു കടുക് അരച്ചുകലക്കി നിർഗ്രഹം

ചതുഷ്പ്രസൃതാ ഏകോ ഘൃതാൽ സഷ്ടപകല്പിതഃ. 6
നിരൂഹഃ പഞ്ചതിക്തോയം മോഹാദിഷ്ടാന്നകഷ്ടനുൽ
വിളംഗത്രിഫലാശിഗ്രുഫലമുസ്തൂഖ്യൈഃ പിഷ്ടികാൽ. 7
കഷായാൽ പ്രസൃതാഃ പഞ്ച തൈലാദേകോ വിമിശ്ര്യ താൻ
വിളംഗപിപ്പലീകല്ക്കാന്നിരൂഹഃ ക്രിമിനാശനഃ. 8
പയസ്യേക്ഷുസ്ഥിരാരാസ്ന വിദാരിക്ഷൗദ്രസർപ്പിഷഃ
ഏകൈകഃ പ്രസൃതോ വസ്തിഃ കൃഷ്ണാകല്ക്കോ വൃഷ്യതാപ്രദഃ. 9
ചതുഷ്പ്രസൃതൈസ്തുല്യഗോമൂത്രദധിമണ്ഡാമ്ലകാഞ്ജികാൽ
പ്രസൃതാഃ സർവ്വതൈലഃ പിണ്ഡൈർവ്വിൽവസംഗാനാഹദോഷഹാ. 10
ശതപുഷ്പാശ്വഗന്ധാസാതൈലാത്സുരാസവാരൽ
പ്രസൃതാഃ പഞ്ച യഷ്ട്യാഹ്വാൽ കൈവല്യ മാഗധികാ സിതാ. 11
കല്ക്കോ വസ്തിസ്തു സാനാഹേ മൂത്രകൃച്ഛ്രേ പരോ മതഃ

ചെയ്യുക. പഞ്ചതിക്തമെന്ന ഈ നിരൂഹം ശീലിച്ചാൽ മോഹാലസ്യം അഭിഷ്യന്ദം കുഷ്ഠമെന്നതുകളെല്ലാം ശമിക്കും *

7–8—വിഴാലരി കടുക്ക നെല്ലിക്ക താന്നിക്ക ഉരിങ്ങാക്കുരു മുത്തങ്ങ എലിച്ചെവിയൻ ഇവ സമം കഷായംവെച്ചു കുറുക്കി പിഴിഞ്ഞരിച്ച രസം പ്രസൃതം അഞ്ച് അതിൽ ഉരി എണ്ണയും കൂട്ടി കടഞ്ഞു യോജിപ്പിച്ച വിഴാലരിയും തിപ്പലിയും അരച്ചുകലക്കി നിരൂഹം ചെയ്താൽ ക്രിമി നശിക്കും * 9—അടപതിയനുകിഴങ്ങ് കരിമ്പ് ഓരിലവേര് അരത്ത വാൽ മുതുകിൻകിഴങ്ങ് ഇവ സമം കഷായം വെച്ചരിച്ചകഷായം പ്രസൃതം അഞ്ച്. തേൻ നെയ്യ് ഇവ ഉരിവീതം എല്ലാം ഒന്നിച്ചുചേർത്തു തിളപ്പിച്ചു അരച്ചുകലക്കി അതുകൊണ്ടു വസ്തിചെയ്താൽ അത് അത്യന്തം വൃഷ്യമാകുന്നു * 10—എണ്ണ ഗോമൂത്രം തൈരിൻതെളി പുളിച്ച വെള്ളകാടി ഇവ ഓരോ പ്രസൃതംവീതം ഒന്നിച്ചുചേർത്ത് അതിൽ കടുക് അരച്ചുകലക്കി അതുകൊണ്ടു വസ്തിചെയ്താൽ മലസംഗവും ആനാഹവും നശിക്കും * 11–12—നറുനെയ്യ്ചാരണ കല്ലുർവഞ്ചി ആവണക്കിൻവേര് ഇവ സമം കഷായംവെച്ചരിച്ചരസം, എണ്ണ, സുര, ആവസം, ഇരട്ടിമധുരക്കഷായം ഇവ ഓരോന്നും ഓരോപ്രസൃതം. ഇവ ഒന്നിച്ചുചേർത്ത പഞ്ചപ്രസൃതമായ ദ്രവ്യത്തിൽ അരേണുകം തിപ്പലി ഇവ സ

ഏതേ സലണാഃ കോഷ്ണാ നിരൂഹാഃ പ്രസൃതാ നവ. 12
മൃദുവസ്തൌ ജഡീഭൂതേ തീക്ഷ്ണോന്യോ വസ്തിരിഷ്യതേ
തീക്ഷ്ണൈർവ്വികൃതൈഃ സ്വാദുപ്രത്യാസ്ഥാപനമിഷ്യതേ. 13
വാതോപസൃഷ്ടസ്യാഗ്നൈഃ സ്യുർഗ്ഗുദോഹാദയോ യദി
ദ്രാക്ഷാംബുനാ ത്രിവൃൽകല്ക്കം ദദ്യാദ്ദോഷാനുലോമനം. 14
തദ്ധി പിത്തശകൃച്ചോതാൻ ഹൃതപാ ദാഹാദികാഞ്ജയേൽ
ശുദ്ധശ്ചാപി പിബേച്ഛീതാം യവാഗ്വാം ശർക്കരായുതാം. 15
അഥവാ തിവിരിക്തഃ സ്യാൽ ക്ഷീണവിഡ്കഃ സ ഭക്ഷയേൽ

മം അരച്ചുകലക്കി പഞ്ചസാരയുംചേർത്തു യോജിപ്പിച്ച് അതുകൊണ്ടു വസ്തിചെയ്യുന്നത് ആനാഹരോഗത്തിന്നും മൂത്രകൃച്ഛ്രത്തിന്നും വളരെ നല്ലതാകുന്നു. ഈ പറഞ്ഞ ക്ഷീരാദി ഒമ്പതുതരം പ്രസൃത വസ്തികളിലും മുൻപറഞ്ഞപ്രകാരം ഇന്ദ്രപ്പുചേർക്കുകയും ഇതുകളെല്ലാം അല്പം ചൂടോടുകൂടെ പ്രയോഗിക്കുകയും വേണമെന്നും ഗ്രഹിക്കണം *

13 — വേണ്ടേടത്തോളം ശക്തിയില്ലാത്തതായ മൃദുവസ്തി പ്രയോഗിച്ച് അതു പുറത്തുവാരാതെ സ്തംഭിച്ചുപോയാൽ അവിടെ തീക്ഷ്ണമായ മറ്റൊരു വസ്തി പ്രയോഗിക്കാം. വേണ്ടതിലധികം തീക്ഷ്ണമായ വസ്തി പ്രയോഗിക്കുകയാൽ അതിയായ കർശനം സംഭവിച്ചുപോയാൽ അവിടെ മധുരസപ്രധാനമായ പ്രത്യാസ്ഥാപനവും ചെയ്യണം * 14-15 — വാതോപസൃഷ്ടനായവന്ന് അത്യുഷ്ണമായ വസ്തി പ്രയോഗിക്കുകനിമിത്തം ഗുദോഹം — ഗുദത്തിൽ ചുട്ടുനീറൽ മുതലായ ഉപദ്രവങ്ങൾ സംഭവിച്ചുപോയാൽ മുന്തിരിങ്ങാക്കഷായത്തിൽ ത്രികോല്പക്കൊന്ന അരച്ചുകലക്കി സേവിപ്പിക്കുകയോ അതുകൊണ്ടു വസ്തിചെയ്യുകയോ വേണം. ഇത് അത്യന്തം ദോഷാനുലോമനമാകുന്നു. അതു പിത്തത്തേയും മലത്തേയും പുറത്തുകളയുകയും അധോവാതത്തെ പുറപ്പെടീക്കുകയും ദാഹാദി ഉപദ്രവങ്ങളെനശിപ്പിക്കുകയും ചെയ്യും. ഇതേവിധം ശുദ്ധിവന്നവൻ ആറിയ ചെറിയരിക്കഞ്ഞിയിൽ പഞ്ചസാരചേർത്തു കുടിക്കുകയും വേണം *

16 — വിരേകത്തിന്റെ അതിയോഗംനിമിത്തം മലം ക്ഷീണിച്ചവൻ ഉഴുന്നു വെച്ചുറിയരസത്തിൽ തുവരപ്പരിപ്പുചേർത്തു കഴി

മാഷയൂഷേണ കുല്മാഷാൻ പിബേദ്ദദ്ധ്യഥവാ സുരാം. 16
സാമം ചേദതിസാര്യേത ശൂലാരോചകവാൻ നരഃ
സ തദാ ഹ്യപുഷ്പാംകുഷ്ഠനതദാരുവചാഃ പിബേൽ. 17
ശകൃച്ചാതമസ്സക്തിത്തം കഫം വാ യോതിസാര്യതേ
ചകപസൂത്ര സ്വവർഗ്ഗീയൈർവ്വസ്തിഃ ശ്രേഷ്ഠം ഭിഷഗ്ജിതം. 18
ഷണ്ണാമേഷാം ദ്വിസംസർഗ്ഗാത്ത്രിംശദ്ഭേദാ ഭവന്തി തേ
കേവലൈസ്സഹ ചൈത്ത്രിംശച്ചിദ്ര്യൽ സോപദ്രവാ നപി. 19
ശൂലപ്രവാഹികാഃ ഭ്രമാനപരികർത്തനരുചിജ്വരാൻ
സതൃഷ്ണാദാഹമൂർച്ഛാന്താംശ്ചൈഷാം വിദ്യാദുപദ്രവാൻ. 20

ക്കുകയോ തൈരോ സുര എന്ന മദ്യമോ സേവിക്കുകയോ ചെയ്യണം *

17—സാമമായ മലത്തെ അതിസരിച്ചുകൊണ്ടിരിക്കുന്നവന്നു ശൂലവേദനയും രുചിക്ഷയവുംകൂടെ ഉണ്ടെങ്കിൽ അവൻ, അടുക്കാമണിയൻകിഴങ്ങ് കൊട്ടം തകരം ദേവതാരം വയമ്പ് ഇവ സമം അരച്ചുകലക്കി സേവിക്കണം * 18—പക്വാതിസാരത്തിൽ മലത്തോടുകൂടെ അധോവാതമോ രക്തമോ പിത്തമോ കഫമോ അതിസരിക്കുന്നതായിക്കണ്ടാൽ അവിടെ മലത്തോടുകൂടെ വാതാദികളിൽ യാതൊന്നു പുറപ്പെടുന്നുവോ അതിനെ ശമിപ്പിക്കുന്നവയായ ഔഷധങ്ങളെക്കൊണ്ടു വസ്തിചെയ്യുന്നതു ശ്രേഷ്ഠമായ ഭിഷഗ്ജിതമാണെന്നും ഗ്രഹിക്കണം * 19—ഈ പറഞ്ഞ ൧. ആമാതിസാരം, ൨. മലാതിസാരം, ൩. വാതാതിസാരം, ൪. രക്താതിസാരം, ൫. പിത്താതിസാരം, ൬. കഫാതിസാരം എന്ന ഈ ആറുതരം അതിസാരങ്ങളും സംസർഗ്ഗരൂപമാകുമ്പോൾ ൩൦ തരമായിത്തീരുകയും ചെയ്യും. ആ വിഭാഗം അടുത്തു വിവരിക്കുന്നതായ സംസർഗ്ഗാതിസാരചികിത്സകൊണ്ടറിയാവുന്നതാകയാൽ ഇവിടെ പ്രത്യേകം വിവരിക്കുന്നതുമില്ല. ഇതിൽ ഓരോന്നിന്നും അടുത്തു വിവരിക്കുന്നതായ ഉപദ്രവങ്ങൾ ബാധിക്കുകയും ചെയ്യും *

20—ഇതുകളുടെ ഉപദ്രവങ്ങളെന്തെല്ലാമെന്നാൽ, വയററിൽ വേദന, മുക്കൽ, മേൽവയറുവീർപ്പ്, അരിഞ്ഞുനോവ്, രുചിക്ഷയം, പനി, ദാഹം, ചുട്ടുനീറൽ മോഹാലസ്യം എന്നതുകളായിരിക്കുമെന്നും ഗ്രഹിക്കണം *

തത്രാമേ വമനം കാര്യം വ്യോഷാമ്ലലവണൈർയ്യുതം
പാചനം ശസ്യതേ വസ്തിരാമേ ഹി പ്രതിഷിദ്ധ്യതേ. 21
വാതഘ്നഗ്രാഹിവർഗ്ഗീയൈർവ്വസ്തിഃ ശകൃതി ശസ്യതേ
സ്വാദ്വമ്ലലവണൈഃ ശസ്തഃ സ്നേഹവസ്തിഃ സമീരണേ. 22
രക്തേ രക്തേന പിത്തന്തു കഷായസ്വാദുതിക്തകൈഃ
സാദ്ധ്യമാണേ കഫേ വസ്തിഃ കഷായകടുതിക്തകൈഃ. 23
ശകൃതാ വായുനാ ചാമേ തേന വച്ചസ്യഥാനിലേ
സംസൃഷ്ടേന്തരപാനം സ്യാദ്ദ്വ്യോഷാമ്ലലവണൈർയ്യുതം. 24
പിത്തേനാമേസൃജാ വാപി തയോരാമേന വാ പുനഃ

21—ഈ പറഞ്ഞ അതിസാരവിശേഷങ്ങളിലെ ആമാതിസാരത്തിൽ ചുക്ക് മുളക് തിപ്പലി അമ്ലരസദ്രവ്യങ്ങൾ ലവണരസദ്രവ്യങ്ങൾ എന്നിതുകൾ ചേർത്ത വമനദ്രവ്യം ശീലിപ്പിച്ചു ഛർദ്ദിപ്പിക്കുകയും പാചനങ്ങളായ ചൂർണ്ണങ്ങളെ ശീലിപ്പിക്കുകയും വേണം. ആമദോഷമുള്ളവന്നു വസ്തിചെയ്യുന്നതു തീരെ നിഷിദ്ധവുമാകുന്നു* 22—മലാതിസാരത്തിൽ സൂത്രസ്ഥാനത്തിലെ നാലാമദ്ധ്യായത്തിൽ വിവരിച്ച വർഗ്ഗങ്ങളിലെ വാതഹരങ്ങളും പുരീഷസംഗ്രഹണീയങ്ങളുമായ വർഗ്ഗൌഷധങ്ങൾ ചേർത്തു വസ്തിചെയ്യുകയും വേണം വാതാതിപ്രവൃത്തിയിൽ മധുരാമ്ലലവണരസപ്രധാനങ്ങളായ ഔഷധങ്ങൾ ചേർത്തുകാച്ചിയ സ്നേഹദ്രവ്യംകൊണ്ടു് അനുവാസനം ശീലിപ്പിക്കണം * 23—രക്താതിസാരത്തിൽ മുൻപറഞ്ഞ വൃഷാദ്യാദികളുടെ സദൃശമായ രക്തംകൊണ്ടും, പിത്താതിസാരത്തിൽ കഷായരസമായും മധുരരസമായും തിക്തരസമായുമുള്ള ഔഷധങ്ങളെക്കൊണ്ടും കഫാതിസാരത്തിൽ കഷായകടുതിക്തങ്ങളായ ഔഷധങ്ങളെക്കൊണ്ടും വസ്തിചെയ്യണം *

24— മലമോ വായുവോ ആമദോഷത്തോടുകൂടുകയോ ആമദോഷം മലത്തോടോ വായുവിനോടോ ചേരുകയോ ചെയ്യുതായ സംസർഗ്ഗത്തിൽ വ്യോഷവും അമ്ലലവണരസദ്രവ്യങ്ങളും കൂടെ ഒന്നിച്ചുചേർത്ത് അരത് ഇടക്കിടക്കു സേവിക്കണം. ഭോജനമദ്ധ്യത്തിൽ പാനംചെയ്യണമെന്നും പക്ഷം * 25— ആമദോഷം പിത്തരക്തത്തോടോ രക്തത്തോടോ ചേരുകയോ പിത്തരക്തങ്ങൾ ആമദോഷത്തോ

സംസൃഷ്ടയോർഭവൽ പാനം സവ്യോഷകടുതിക്തകം. 25
തഥാമേ കഫസംസൃഷ്ടേ കഷായവ്യോഷതിക്തകം
ആമേന തു കഫേ വ്യോഷകഷായലവണൈർയ്യുതം. 26
വാതേന വിശി പിത്തേ വാ വിഡംപിത്തേന തഥാനിലേ
മധുരാമ്ലകഷായഃ സ്യാൽ സംസൃഷ്ടേ വസ്തിരുത്തമഃ. 27
ശകൃച്ഛോണിതയോഃ പിത്തശകൃതോ രക്തപിത്തയോഃ
വസ്തിരന്യോന്യസംസർഗ്ഗേ കഷായസ്വാദുതിക്തകഃ. 28
കഫേന വിശി പിത്തേ വാ കഫേ വിഡംപിത്തശോണിതൈഃ
വ്യോഷതിക്തകഷായഃ സ്യാൽ സംസൃഷ്ടേ വസ്തിരുത്തമഃ 29
സ്യാദ്വേസ്തിർവ്യോഷതിക്തമ്ലഃ സംസൃഷ്ടേ വായുനാ കഫേ

ടു ചേരുകയോ ചെയ്യുതായ സംസർഗ്ഗങ്ങളിൽ കടുതിക്തരസദ്രവ്യങ്ങളും വ്യോഷവുംചേർത്തു സേവിക്കണം * 26— ആമദോഷം കഫത്തോടു ആവൃതമായ സംസർഗ്ഗത്തിൽ കഷായരസദ്രവ്യങ്ങളും തിക്തരസദ്രവ്യങ്ങളും ചുക്കു മുളക് തിപ്പലി ഇതുകളും ചേർത്തു ശീലിക്കുകയും, ആമദോഷത്തോടു കഫം കൂടിച്ചേർന്നതായ സംസർഗ്ഗത്തിൽ വ്യോഷവും കഷായലവണൌഷധങ്ങളും ചേർത്തു ശീലിക്കുകയും വേണം * 27— വാതത്താൽ മലമോ പിത്തമോ ദൂഷിപ്പിക്കപ്പെട്ടതോ വിഡംപിത്തങ്ങളാൽ വാതമോ സംസൃഷ്ടമായുണ്ടാകുന്ന സംസർഗ്ഗങ്ങളിൽ മധുരാമ്ലകഷായരസദ്രവ്യങ്ങളെക്കൊണ്ടുള്ള വസ്തി വളരെ വിശേഷമാകുന്നു * 28— മലവും രക്തവും കൂടിയും, പിത്തവും മലവുംകൂടിയും, രക്തവും പിത്തവുംകൂടിയും അന്യോന്യസംസർഗ്ഗം വന്നതായ സംസർഗ്ഗങ്ങളിൽ കഷായരസം മധുരരസം തിക്തരസമെന്ന രസപ്രധാനങ്ങളായ ഔഷധങ്ങൾകൊണ്ടു വസ്തിചെയ്യുകയും വേണം. ഇവിടെ 'ശകൃച്ഛോണിതയോഃ' ഇത്യാദി മൂന്നുതരം സംസർഗ്ഗങ്ങൾക്ക് ഈ പറഞ്ഞ കഷായ-സ്വാദു- തിക്തരസാത്മകങ്ങളായ മൂന്നുതരം വസ്തി യഥാസംഖ്യം പ്രയോഗിക്കാമെന്നും ഒരു പക്ഷമുണ്ട് * 29— കഫം മലത്തെയോ പിത്തത്തെയോ പ്രാപിക്കുക, മലമോ പിത്തമോ രക്തമോ കഫത്തിൽ ചേരുക എന്ന സംസർഗ്ഗങ്ങളിൽ വ്യോഷവും തിക്തകഷായദ്രവ്യങ്ങളും ചേർത്തുണ്ടാക്കിയ ദ്രവ്യംകൊണ്ടു വസ്തിചെയ്യുന്നതു വളരെ നല്ലതാകുന്നു * 30— ക

മധുരവ്യോഷതിക്തസ്തു രക്തേ കഫമവിമിശ്രിതേ: 30
മാരുതേ കഫസംസൃഷ്ടേ വ്യോഷാമ്ലലവണോ ഭവേൽ
വസ്തിർവ്വാതേന രക്തേ തു കാഷ്മീ സ്വാദ്വമ്ലതിക്തകഃ. 31
ത്രിചതുഷ്പഞ്ചഷഡ്യോഗാനേവമേവ വികല്പയേൽ
യുക്തിശ്ചൈഷാതിസാരോക്താ സർവ്വരോഗേഷ്വപി സ്മൃതാ. 32
യുഗവൽ ഷഡ്രസം ഷണ്ണാം സംസർഗ്ഗേ പാചനം ഭവേൽ
നിരാമാണാഞ്ച പഞ്ചാനാം വസ്തിഃ ഷാഡ്രസികോ മതഃ. 33

ഫം വായുവിനോടു സംസൃഷ്ടമായാൽ അവിടെ വ്യോഷതിക്താമ്ലകൃതമായ വസ്തി ശീലിപ്പിക്കണം. രക്തത്തിൽ കഫം ഇടകലന്നാൽ മധുരദ്രവ്യങ്ങളും വ്യോഷവും തിക്തരസദ്രവ്യങ്ങളും ചേർത്തുണ്ടാക്കിയ കഷായം കൊണ്ടു വസ്തി ചെയ്യണം * 31— വായു കഫസംസൃഷ്ടമായിരിക്കും സമയത്തിങ്കൽ ചുക്കു മുളകു തിപ്പലിയും അമ്ലലവണദ്രവ്യങ്ങളും ചേർത്തു വസ്തിചെയ്യുകയും വേണം. വായുവിനാൽ രക്തം ആവൃതമായിരിക്കുന്ന സമയം മധുരാമ്ലതിക്തരസകൃതമായ വസ്തി ശീലിപ്പിക്കണം *

32— ഈ പറഞ്ഞ സംസർഗ്ഗവിധിയേയും അതുകൾക്കുള്ള ചികിത്സയും അറിഞ്ഞ്, ഈ പറഞ്ഞ ആമാദികൾ മൂന്നോ നാലോ അഞ്ചോ ആറോ ഒന്നിച്ചുകൂടുന്നതായാൽ അവിടെ ഈ ലക്ഷണങ്ങൾ ഒന്നിച്ചുചേൎന്നു കാണുകയും ചെയ്യും. അതുകൾക്കുള്ള ചികിത്സ ഇതുകളെ തമ്മിൽ ചേർത്തു ശീലിപ്പിക്കുന്നതു തന്നെയായിരിക്കുമെന്നും ഗ്രഹിക്കണം. ഈ സംസർഗ്ഗാദികൾ അതിസാരത്തെക്കുറിച്ചാണ് പറഞ്ഞിരിക്കുന്നതെങ്കിലും ഇതുകൾ കൊണ്ടുതന്നെ മററു രോഗങ്ങളിലും ആവരണാദികളെ അറിയുകയും വേണം *

33— ഈ പറഞ്ഞ ആമാദികൾ എല്ലാം ഒന്നിച്ചു സന്നിപാതമായി വരുന്ന ദിക്കിൽ ഷഡ്രസാത്മകമായ ദ്രവ്യത്തെ ശീലിക്കുന്നതു പാചനമായി ഭവിക്കുകയും ചെയ്യും. ഈ ഷഡ്ദോഷങ്ങളിൽ ആമദോഷം കൂടാതെ മററ് ഏതുദോഷത്തിന്നും— അതുകളുടെ സംസർഗ്ഗസന്നിപാതങ്ങളിലും ഷഡ്രസാത്മകമായ വസ്തി അത്യുത്തമഹിതമാകുന്നു *

ഉദുംബരശിലാട്ടവി ജംബ്വാമ്രോദുംബരത്വചഃ
ശംഖം സജ്ജരസം ലാക്ഷീം കർദ്ദമഞ്ചേ പലാശികം. 34
പിഷ്ടാ തൈഃ സർപ്പിഷഃ പ്രസ്ഥം ക്ഷീരദ്വിഗുണിതാ പചേൽ
അതീസാരേഷു സർവ്വേഷു പേയമേതത്ത്വഥാബലം. 35
കുമുദാരാധാതകീവിലപസമംഗാരക്തശാലിഭിഃ
മസൂരാശ്ചാഥ ശുംഗൈശ്ച യവാഗൂഃ സ്യാജ്ജലേ ശൃതൈഃ. 36
ബാലോദുംബരകടഗസമംഗാപ്ലക്ഷവല്ലകൈഃ
മസൂരധാതകീപുഷ്പബലാഭിശ്ച തഥാ ഭവേൽ. 37
സ്ഥിരാദീനാം ബലാദീനാമിക്ഷ്വാദീനാമഥാപി വാ
കഷായേഷു ദശമൂലാനാം നവാരിഷ്ടാഃ പൃഥക് പൃഥക്. 38
കുമുദാമൂലശാല്യാദിതണ്ഡുലാംശ്ചാപി സാധിതാഃ

34-35 — അത്തിയുടെ ഇളയ കായ ഞാവൽതൊലി മാവിൻതൊലി അത്തിത്തൊലി ശംഖ് ചെഞ്ചല്യം അരയാൽതൊലി താമരപ്പൊയ്കയിലെ ഉറച്ച ചളിമണ്ണ് ഇവ ഓരോപലം അരച്ചുകലക്കി അതിൽ ഒരിടങ്ങഴി നെയ്യും രണ്ടിടങ്ങഴി പാലുംകൂട്ടി കാച്ചി അഗ്നിബലത്തിനു തക്കവണ്ണം സേവിച്ചാൽ എല്ലാതരം അതിസാരവും ശമിക്കും * 36 — കൊടിത്തൂവ്വവേര് താതിരിപ്പൂവ് കുളത്തിൻപേര് മുക്കുററി (പറച്ചണ്ട എന്നും പക്ഷം) ചണംപെയ്റ്, അരയാൽമൊട്ട് ഇവ സമം ശുദ്ധജലത്തിൽ അരച്ചുകലക്കി ചെന്നെല്ലരിയിട്ടുവെച്ച കഞ്ഞികുടിച്ചാൽ അതിസാരം ശമിക്കുവാൻ വളരെ വിശേഷമാകുന്നു * 37 — ഇളയ അത്തിക്കായ, പലകപ്പയ്യാനി മുക്കുററി അരയാൽ ഇത്രകളുടെ തളിരുകൾ, ചണംപയറ്, താതിരിപ്പൂവ്, കുറുന്തോട്ടിവേര് ഇവ സമം അരച്ചുകലക്കി മുൻപറഞ്ഞപ്രകാരം കഞ്ഞിവെച്ചു സേവിക്കുന്നതും അതിസാരശമനമാകുന്നു *

38 — സ്ഥിരാദികളോ ബലാദികളോ ഇക്ഷ്വാദികളോ ആയ പഞ്ചമൂലങ്ങൾ കഷായംവെച്ച് അതിൽ ചണംപയറും ചേർത്തുണ്ടാക്കിയ പുതിയ അരിഷ്ടങ്ങൾ അതിസാരശമനങ്ങളാകുന്നു *

39-40 — കൊടിത്തൂവ്വവേരരച്ചുകലക്കി അതിൽ ചെന്നല്ലി നവരയരി മുതലായ തണ്ടുലങ്ങളിട്ടുവെച്ച കഞ്ഞിയിൽ ഒരു

ദധിതക്രാരനാളാമ്ലക്ഷാരേഷ്വിക്ഷുരസപി വാ. 39
ശീതാഃ സശക്കരാക്ഷൌദ്രാഃ സർവ്വാതീസാരനാശനാഃ
സസർപ്പിർമ്മരിചാജാജീമധുരാ ലവണാഃ ശിവാഃ. 40

ഭവന്തി ചാത്ര.

സ്നിഗ്ദ്ധാമ്ലലവണമധുരം
പാനം വസ്തിശ്ച മാരുതേ കോഷ്ണഃ.
ശീതം തിക്തകഷായം
മധുരം പിത്തേ ച രക്തേ ച. 41
തിക്തോഷ്ണകഷായകടു ശ്ലേഷ്മണി
സംഗ്രാഹി വാതനുച്ഛകൃതി
പാചനമാമേ പാനം
പിഞ്ഛരാസൃഗപസ്യയോ രക്തേ. 42

ര് മോര് ഏവ്വുകാടി അമ്ലരസങ്ങളായ പുളിയാരൽ നീരുമുതലായ വ ചവൽക്കാർദ്ദിക്ഷാരങ്ങൾ കരിമ്പിൻനീര് ഇത്തുകളുതെങ്കിലും കൂട്ടി കുറുക്കി പാകമായാൽ വാങ്ങി ആറിയാൽ പഞ്ചസാരയും തേനുംചേർത്തു സേവിപ്പിച്ചാൽ ഏതുതരം അതിസാരവും ശമിക്കും. ഈ കഷായക്കഞ്ഞിയിൽ നെയ്യ് കുരുമുളക് ജീരകം മധുരസദ്രവ്യങ്ങൾ ലവണദ്രവ്യങ്ങൾ ഇത്തുകൾ ചേർക്കുന്നതും നല്ലതാകുന്നു *

ഈ വിഷയത്തിൽ ഇത്തുകൂടെ ഗ്രഹിച്ചിരിക്കുകയും വേണം.

41-44—വാതകോപത്തിൽ സ്നിഗ്ദ്ധമായും അമ്ലലവണരസപ്രധാനമായുമിരിക്കുന്ന ദ്രവ്യം സേവിക്കുകയും അതേവിധമുള്ള വസ്തി ശീലിപ്പിക്കുകയും വേണം. എന്നാൽ ഈ പാനവസ്തികൾ കോഷ്ണങ്ങൾ—അല്പമായ ചൂടോടുകൂടിയവയായിരിക്കുകയുംവേണം. പിത്തമോ രക്തമോ ആണ് കോപിച്ചു പ്രവൃത്തിക്കുന്നതെങ്കിൽ അവിടെ സ്പർശവീര്യങ്ങളിൽ ശീതമായും തിക്തകഷായമധുരരസാത്മകവുമായ പാനത്തേയും വസ്തിയേയും ശീലിപ്പിക്കണം. കഫകോപാതിസാരത്തിൽ പാനാദികൾക്കുപയോഗിക്കുന്ന ഔഷധങ്ങൾ തിക്തകഷായകടുരസാത്മകങ്ങളും സ്പർശവീര്യങ്ങളിൽ ഉഷ്ണങ്ങളുമായിരിക്കണം. മലാതിസാരത്തിൽ മലബന്ധത്തെ വരുത്തുന്നതും വാതഹരവുമായിരിക്കണം. ആമാതിസാരത്തിൽ സേവിക്കുവാനുള്ള ഔഷധം പാചന

അതീസാരം പ്രത്യേകതാ മിശ്രം
ഉന്ദ്രാമയോഗജേഷ്ടാചി ച
തത്രോദ്രേകവിശേഷാ-
ദ്ദോഷേഷ്വുപക്രമഃ കാര്യഃ. 43

തത്ര ശ്ലോകഃ.

പ്രാസ്തുതികാ സവ്യാപൽക്രിയാ
നിത്രുഹാസ്തുഥാതിസാരഹിതാഃ
രസകല്പഘൃതയവാഗ്ദ്ധ്യോക്താ
ഹ്യുണാം പ്രസ്തുതസിദ്ധൌ. 44

ഇതി ചരകസംഹിതായാം
സിദ്ധിസ്ഥാനേ
പ്രസ്തുതയോഗികാസിദ്ധിർന്നാമ അഷ്ടമോദ്ധ്യായഃ.

നമായിരിക്കണം. ഇവിടെ 'പാനേ' എന്നു പ്രത്യേകം പറഞ്ഞതു കൊണ്ടു 'നിരാമാണാഞ്ച പഞ്ചാനാം' എന്നു പറഞ്ഞതിനെ പിന്നെയും ദൃഢീകരിക്കുന്നു. രക്തതിസാരത്തിൽ പിഞ്ഛാവസ്തിയും രക്തവസ്തിയും ചെയ്യണം. ഇതാണ് ഓരോതരം അതിസാരത്തിന്നും ചെയ്യേണ്ടതായ പ്രധാനചികിത്സകൾ. ഈ അതിസാരലക്ഷണങ്ങൾ ഇടകലർന്നുകാണുകയോ എല്ലാം ഒന്നിച്ചുകൂടി കാണുകയോ ചെയ്യുന്ന ദിക്കിൽ അതാതുകളിലെ ഉദ്രേകാദികളെ നോക്കി അറിഞ്ഞ് യുക്തിപോലെ ചികിത്സിച്ചുകൊള്ളേണമെന്നും ഗ്രഹിക്കണം *

അദ്ധ്യായവിവരണം.

44—പ്രസ്തുതയോഗികാസിദ്ധി എന്ന ഈ അദ്ധ്യായത്തിൽ പ്രസ്തുതപ്രമാണങ്ങളായ വസ്തിയോഗങ്ങളും വസ്തിവ്യാപച്ചികിത്സകളും അതിസാരഹിതങ്ങളായ രസകല്പങ്ങൾ ഘൃതങ്ങൾ കഷായക്കഞ്ഞികൾ മുതലായവയും ആത്രേയഭഗവാൻ വ്യക്തമായി ഉപദേശിച്ചിരിക്കുന്നു *

ഇതി ചരകസംഹിതാവ്യാഖ്യാനേ
വാചസ്സൂത്രേ
സിദ്ധിസ്ഥാനേ അഷ്ടമോദ്ധ്യായഃ (8).

അദ്ധ്യായം 9. ത്രിമർമ്മീയാസിദ്ധി.

അഥാതസ്ത്രിമർമ്മീയാസിദ്ധിമദ്ധ്യായം വ്യാഖ്യാസ്യാമഃ.

ഇതി ഹ സ്മാഹ ഭഗവാനാത്രേയഃ.

സപ്തോത്തരം മർമ്മശതം അസ്മിൻ ശരീരേ സ്കന്ധശാഖാശ്രിതമഗ്നിവേശ! തേഷാമന്യതമപീഡായാം സമധികാ പീഡാ ഭവതി ചേതനാനിബദ്ധവൈശേഷ്യാൽ. 1

തത്ര ശാഖാശ്രിതേഭ്യോ മർമ്മഭ്യഃ സ്കന്ധാശ്രിതാനി ഗരീയാം

അദ്ധ്യായം 9.

1—ഒരു മനുഷ്യശരീരത്തിൽ ആകെ ൧൦൮ മർമ്മങ്ങളാണുള്ളതെന്നു മുമ്പു ത്രിമർമ്മീയചികിത്സിതാദ്ധ്യായത്തിൽ പറഞ്ഞിട്ടുണ്ടല്ലോ. അല്ലയോ അഗ്നിവേശ! ആ മർമ്മങ്ങൾ സ്കന്ധശാഖാദി എല്ലാ അവയവങ്ങളിൽക്കൂടെയാണെന്നും ഗ്രഹിക്കണം. അതിൽ ഏതെങ്കിലും ഒരു മർമ്മത്തിൽ എന്തെങ്കിലും പീഡ സംഭവിച്ചാൽ മററ് അമർമ്മസ്ഥാനത്തിൽ ഉണ്ടായ പീഡയെക്കാൾ അധികം അസഹ്യത സംഭവിക്കുമെന്നും ഗ്രഹിക്കണം. ഇതേവിധം സംഭവിക്കുവാനുള്ള കാരണം ഈ മർമ്മസ്ഥാനങ്ങളെല്ലാം ചേതനയുടെ അധിഷ്ഠാനങ്ങളാകയാലാണെന്നു പ്രത്യേകം ഗ്രഹിക്കുകയും വേണം. 'സപ്തോത്തരം മർമ്മശതം തേഷാമേകാദശാദിശേൽ | പൃഥക് സകേഷ്ടാസ്ഥ്നാ ഖാഹേപാസ്ത്രീണി കോഷ്ഠേ നവാരസി | പുംസ്യ ചതുർദ്ദശോർദ്ധ്വസ്തു ജത്രോസ്ത്രിംശച്ച സപ്ത ച' എന്നിങ്ങിനെ മർമ്മങ്ങളെപ്പററി വാഗ്ഭടാചാര്യനും പറയുന്നു *

2—ഈ പറഞ്ഞ ൧൦൮ മർമ്മങ്ങളിൽ പാദഹസ്താദിശാഖാവയവങ്ങളിലുള്ള തലയ്ക്കു് മുതലായ മർമ്മങ്ങളെക്കാൾ ഉടലിലുള്ള സ്തനമൂലാദി മർമ്മങ്ങളാണ് ശ്രേഷ്ഠങ്ങൾ. ശാഖകൾ ഉടലിനെ ആശ്രയിച്ചാണെല്ലാ സ്ഥിതിചെയ്യുന്നത്. സ്കന്ധശരീരം ഉണ്ടാവുന്നതുതന്നെ—ശരീരത്തിന്റെ നിലനില്പ് ആസകലവും ഹൃദയം, വസ്തി, ശിരസ്സ് എന്ന മൂന്ന് അവയവങ്ങളെ ആശ്രയിച്ചുതന്നെ

സി ശാഖാനാം തദാശ്രിതത്വാൽ. സ്കന്ധാശ്രിതേഭ്യോപി ഹൃദ്വ
സ്തിശിരാംസി തന്മൂലത്വാച്ഛരീരസ്യ. 2

തത്ര ഹൃദി ദശ ച ധമന്യഃ പ്രാണോദാനമനോബുദ്ധിചേത
നാമഹാഭൂതാനി ച നാഭ്യാമരാ ഇവ പ്രതിഷ്ഠിതാനി. 3

ശിരസി ഇന്ദ്രിയാണി ഇന്ദ്രിയപ്രാണവഹാനി ച സ്രോതാം
സി സൂര്യമിവ ഗഭസ്തയഃ സംശ്രിതാനി. 4

വസ്തിസ്തു സ്ഥൂലഹൃദമേഷ്ഠസേവനീശുക്രമൂത്രവാഹിനീനാം
നാഡീനാം മദ്ധ്യേ മൂത്രാധാരോംബ്വിവഹാനാം സർവ്വസ്രോതസാമുദ
ധിരിവാവഗാനാം പ്രതിഷ്ഠിതോ ഭവതി ബഹ്വഭിശ്ച തന്മൂലൈർമ്മർ്മ
സംജ്ഞകൈഃ സ്രോതോഭിർഗ്ഗഗനമിവ ദിനകരകരൈർവ്യാപ്തമിദം ശ
രീരം. 5

യാകയാൽ ഹൃദയസ്ഥി ശിരസ്സുകളിലുള്ള മർ്മങ്ങൾ മററ് എല്ലാമർ്മ
ങ്ങളിലുംവെച്ച് പ്രധാനഭൂതങ്ങളാകുന്നു. അതിനാൽ ഇവിടെ അ
ത്തുകൾക്കുള്ള വിധികളെയാണ് പ്രതിപാദിക്കുന്നതെന്ന് താത്പര്യം *

3—ഈ പറഞ്ഞ മൂന്നു മർ്മാധിഷ്ഠാനസ്ഥാനങ്ങളിൽവെച്ച് ഹൃ
ദയത്തിങ്കൽ, ശരീരമാസകലം വ്യാപിച്ചവയും ശരീരത്തെ നിലനി
ർത്തുന്നവയുമായ പത്തു ധമനികളും—മൂലസിരകളും പ്രാണോദാന
വായുക്കളും മനസ്സും ബുദ്ധിയും ചേതനയും മഹാഭൂതചൈതന്യവും
ചക്രനാഭിയിൽ അരങ്ങളെന്നപോലെ പ്രതിഷ്ഠിതങ്ങളാകുന്നു*4—
ശിരസ്സിൽ ഇന്ദ്രിയങ്ങളും ചക്ഷുസ്സു മുതലായ ഇന്ദ്രിയങ്ങൾകൊണ്ടു
രൂപാദികളെ കണ്ട് അറിയുവാനുള്ള ശക്തിയെ ഉണ്ടാക്കുന്ന സ്രോ
തസ്സുകളും സൂര്യനെ രശ്മികളെന്നപോലെ വിട്ടുപിരിയാതെ സ്ഥിതി
ചെയ്യുന്നു* 5—വസ്തി എന്ന മർ്മസ്ഥാനം, സ്ഥൂലാന്ത്രം ഹൃദം മുഷ്ക
ങ്ങൾ സേവനി ശുക്രത്തെയും മൂത്രത്തെയും വഹിക്കുന്ന നാഡികൾ
ഇതുകളുടെ മദ്ധ്യത്തിൽ സ്ഥിതിചെയ്യുന്നതും മൂത്രത്തിന്റെ ഇരി
പ്പിടവുമാകുന്നു. എന്നാൽ ഇത് സകല ജലവാഹിസ്രോതസ്സുകൾക്കും,
നദികൾക്കു സമുദ്രമെന്നതുപോലെ പ്രാപ്യസ്ഥാനമായിട്ടാണ് ശരീ
രത്തിൽ പ്രതിഷ്ഠിതമായിരിക്കുന്നതെന്നും ഗ്രഹിക്കണം. ഈ വസ്തി

തേഷാം ത്രയാണാമന്യതമസ്യാപി ഭേദോഽംശപ്രവ ശരീരഭേദഃ സ്യാദാശ്രയനാശാദാശ്രിതസ്യ നാശഃ. തദുപഘാതാത്തു ഘോരവ്യാധിപ്രാദുർഭാവഃ. തസ്മാദേതാനി വിശേഷേണ രക്ഷ്യാണി. ബാഹ്യാഭിഘാതാൽ വാതാദിദോഷേഭ്യശ്ച. 6

തത്ര ഹൃദയേ അഭിഹതേ കാസശ്വാസബലക്ഷയകണ്ഠശോ

സ്ഥാനത്തിൽനിന്നു പുറപ്പെടുന്നവയും മർമ്മസംജ്ഞകങ്ങളായ — അനേകം മർമ്മങ്ങളായി സ്ഥിതിചെയ്യുന്നവയായ സിരകളാൽ, ആദിത്യരശ്മികളാൽ ആകാശമെന്നതുപോലെ ശരീരമെല്ലാം വ്യാപിച്ചു നില്ക്കുകയും ചെയ്യുന്നു. മർമ്മങ്ങളായും മർമ്മസ്ഥാനഗതങ്ങളായുമിരിക്കുന്ന സകല സിരകൾക്കും മൂലവും ഈ വസ്തിതന്നെയാണെന്നു സാരം. ഇതാണ് ഈ മൂന്നു സ്ഥാനങ്ങൾക്കും ശരീരത്തിലുള്ള മററു സ്ഥാനങ്ങളെക്കാൾ അധികം വൈശിഷ്ട്യമുണ്ടെന്നു പറഞ്ഞതെന്നും ഗ്രഹിക്കണം *

6 — ഈ പറഞ്ഞ ഹൃദയം ശിരസ്സ് വസ്തി എന്ന സ്ഥാനങ്ങളിൽ ഏതിലെങ്കിലും ഒന്നിന്നു ഭേദംസംഭവിച്ചുപോയാൽ ശരീരാശ്രയഭൂതമായ അതിൻെറ ഭേദംനിമിത്തം ആശ്രിതഭൂതമായ ശരീരത്തിന്നു ക്ഷണത്തിൽ ഭേദവുംസംഭവിച്ചുപോകും. ഹൃദയാദികളിൽ ഏതിലെങ്കിലും ഒന്നിൽ ഉപഘാതം സംഭവിച്ചുപോയാൽ അതി ഭയങ്കരങ്ങളായ വ്യാധികളും തുടങ്ങും, അതുനിമിത്തം ശരീരത്തിലെ മററ് എല്ലാ അവയവങ്ങളെക്കാൾ അധികം ഇതുകളിൽ ബാഹ്യാഭിഘാതം പററാതെയും വാതാദിദോഷങ്ങൾ ഇവിടെവെച്ചു കോപിക്കാതെയും കോപിച്ച് ഇതുകളെ പ്രാപിക്കാതെയുമിരിക്കുവാൻ പ്രത്യേകം മനസ്സിരുത്തുകയും വേണം *

ഹൃദയാദിസ്ഥാനങ്ങളിൽ അഭിഘാതാദികൾ സംഭവിച്ചുപോയാലുണ്ടാകുന്ന ലക്ഷണങ്ങളെ വിവരിക്കുന്നു: — 7 — ഈ പറഞ്ഞ സ്ഥാനങ്ങളിൽവെച്ചു ഹൃദയത്തിൽ അഭിഘാതംസംഭവിച്ചുപോയാൽ, കുര ശ്വാസംമുട്ടൽ ബലക്ഷയം കണ്ഠത്തിന്നു ശോഷം ക്ലോമത്തിൽ — കുഴത്തിലെ കുഴിയിൽ പിടിച്ചുവലിക്കുന്നതുപോലെ തോന്നുക ജിഹ്വാനിർഗ്ഗമനം വായുവറൾച്ച താലുശോഷം അപസ്മാരം

ഷ്ടസ്യോമാപകർഷണജിഹ്മപാനിഗ്ഗ്രഹമുഖതാലുശോഷാപസ്മാരോന്മാദ-
പ്രലാപചിത്തനാശായേ സ്യുഃ. 7

ശിരസി അഭിഹതേ മന്യാസ്തംഭാർദ്ദിതചക്ഷുർവ്വിഭ്രമമോഹവേ
ഷ്ടനചേഷ്ടാനാശകാസശ്വാസഹനുഗ്രഹമൂകഗൽഗദതാക്ഷിനി-
മീലനഗണ്ഡസ്യന്ദനജൃംഭണലാലാസ്രാവസ്വരഹാനിബാധിര്യവ-
ദനജിംഹതാദീനി. 8

വസ്തൌ തു വാതമൂത്രവർച്ചോനിഗ്രഹവംക്ഷണമേഢ്രനവസ്തി
ശൂലകുണ്ഡലോദാവർത്തഗുല്മപ്രമ്ലോനിലാഷ്ഠീലോപസ്തംഭനാഭികു-
ക്ഷിഹൃദശ്രോണിഗ്രഹാദയഃ. 9

വാതാദ്യുപസൃഷ്ടാനാന്തേഷാം ലിംഗാന്യ ചികിത്സിതേ സ

ഭ്രാന്ത് പേയപറയുക പിത്തംക്ഷയിക്കുക മുതലായ അനേകം ഉപദ്ര
വങ്ങൾ സംഭവിക്കും * 8—ശിരസ്സിൽ അഭിഘാതംപററിയാൽ, മ
ന്യകൾക്കു സ്തംഭം അർദ്ദിതമെന്ന ഭയങ്കരവാതരോഗം കണ്ണുമറിഞ്ഞു
പോവുക മോഹാലസ്യം തലയിട്ടു പിരട്ടുക ശരീരചേഷ്ടാനാശം കു
ര ശ്വാസംമുട്ടൽ ഹനുഗ്രഹം മൂകത്വം (മൂകൻ=സംസാരിക്കുവാൻ
വയ്യാത്തവൻ) വിക്കൽ അക്ഷിനിമീലനം—കണ്ണുമിഴിക്കുവാൻ വ
യ്യായ്ക്ക അണലുവീഴുക കോട്ടുവായ വായയിൽനിന്നു വെള്ളമൊലി
ക്കുക ഒച്ചപുറപ്പെടാതാവുക ചെവികേൾക്കാതാവുക മുഖംവളയു
ക മുതലായതുകൾ സംഭവിക്കും. ഇതിലെ ആദിശബ്ദംകൊണ്ടു ശി
രോവേദനാദ്ധ്യാവഭേദകകർണ്ണനാദാദികളേയും ഗ്രഹിക്കണം * 9—
വസ്തിയിൽ ഉപഘാതംപററിയാൽ അധോവാതം മൂത്രം മലം എ
ന്നതുകൾക്കു തടവ് ഒടിപ്രദേശം ലിംഗം വസ്തി ഇവിടങ്ങളിൽ വേ
ദന കുണ്ഡലികാരോഗം ഉദാവർത്തം ഗുല്മരോഗം പ്രമ്ലരോഗം വാ
തകോപം അഷ്ഠീല അവസ്തംഭനം നാഭി കുക്ഷി ഹൃദം ശ്രോണിപ്ര
ദേശം ഇവിടങ്ങളിൽ കുളത്തിപ്പിടുത്തം മുതലായതും സംഭവിക്കും.
ഇവിടുത്തെ ആദിശബ്ദംകൊണ്ടു മൂത്രകൃച്ഛ്രം അശ്മരി മുതലായ വ
സ്തിവ്യാപത്തുകളും ഗ്രാഹ്യങ്ങളാകുന്നു *

10—ഇതുകൾ കോപിച്ച വാതാദികളാൽ ഉപസൃഷ്ടമായാൽ
സംഭവിക്കുന്ന ലക്ഷണങ്ങളും അതുകൾക്കുള്ള ചികിത്സകളും മുമ്പു
ചികിത്സിതസ്ഥാനത്തിൽ വിസ്തരിച്ചുപറഞ്ഞിരിക്കുന്നു. എന്നാൽ

ക്രിയാദിവിധിന്യുക്താനി. കിഞ്ചിത്പതാനി വിശേഷതോനിലാദ്ര ക്ഷ്യാണി അനിലോ ഹി പിത്തകഫസമുദീരണേ ഹേതുഃ. പ്രാണ മൂലഞ്ച മർമ്മ. തച്ച വസ്തികർമ്മസാദ്ധ്യതമം. തസ്മാന്ന വസ്തിസമം കിഞ്ചിൽ കർമ്മ മർമ്മപരിപാലനമസ്തി. 10

തത്ര ഷഡാസ്ഥാപനസ്കന്ധാൻ വിമാനേ ദ്വൌ ചാനുവാസ നസ്കന്ധൌ ഇഹ ച വിഹിതാൻ വസ്തീൻ ബുദ്ധ്വാ വിചാര്യ മ ഹാമർമ്മപരിപാലനാർത്ഥം പ്രയോജയേദ്ഭിഷഗ്വ്യാധിചികിത്സാഞ്ച.

ഭൂയശ്ച ഹൃദ്യുപസൃഷ്ടേ വാതേന ഹിംഗ്വുച്ചൂർണ്ണലവണചൂർണ്ണാ നാമന്യതമചൂർണ്ണസംയുക്താം പേയാം മാതുളുംഗസ്യ രസേന വാ

ഈ പറഞ്ഞ മൂന്നു സ്ഥാനവും കോപിച്ച വായുവിനാൽ ഉപസൃ ഷ്ടമാവാതിരിക്കുവാൻ പ്രത്യേകം സൂക്ഷിക്കേണ്ടവയാകുന്നു. 'വി ശേഷതോനിലാദ്രക്ഷ്യാണി' എന്നു പറയുവാനുള്ള കാരണം വായു തന്നെയാണ് പിത്തകഫങ്ങളെ കോപിപ്പിക്കുവാനുള്ള പ്രധാ നകാരണം. വായുവിലെ പ്രധാനവായുവായ പ്രാണന്റെ സ്ഥാനം മർമ്മവുമാകുന്നു. ആ പ്രാണകോപശമനത്തിന്ന് അധികം നല്ലതു വസ്തികർമ്മമാകുന്നു. ഈ കാരണംകൊണ്ടിത്തം മർമ്മസ്ഥാനത്തെ രക്ഷി ക്കുവാൻ വസ്തിയോടുതുല്യമായി മററു യാതൊരു ചികിത്സയുമില്ലെ ന്നും ഗ്രഹിക്കണം. *

11— ഇതിന്നു വസ്തിചെയ്യുവാൻ മുമ്പു വിമാനസ്ഥാനം എ ട്ടാമദ്ധ്യായമായ രോഗഭിഷഗ്ജിതീയാദ്ധ്യായത്തിൽ പറഞ്ഞതാ യ ആറ് ആസ്ഥാപനസ്കന്ധൌഷധങ്ങളും രണ്ട് അനുവാസന സ്കന്ധൌഷധങ്ങളും ഈ സിദ്ധിസ്ഥാനത്തിൽ പറഞ്ഞതായ ആ സ്ഥാപനാനുവാസനയോഗങ്ങളുംനോക്കി അറിഞ്ഞ് അതുകളിൽ ദോഷകോപാദ്യവസ്ഥക്ക് അനുസരിച്ചവിധമുള്ള ഔഷധംകൊണ്ടു ണ്ടാക്കിയ വസ്തിദ്രവ്യംകൊണ്ടു മഹാമർമ്മസ്ഥാനത്തെ രക്ഷിക്കത്തക്കവിധം വസ്തിചെയ്യുകയും വാതവ്യാധിചികിത്സിതത്തിൽ പറ ഞ്ഞ ചികിത്സകൾ ചെയ്യുകയും വേണം *

12— അതുകളിൽ ഹൃദയം വാതോപസൃഷ്ടമായാൽ കഞ്ചി യിൽ കായമോ ഇന്തുപ്പോ ചവർക്കുപൊടിച്ച പൊടിയും മാതുളുംഗ രസമോ മററു വാതഹരങ്ങളായ അമ്ലരസദ്രവ്യങ്ങളുടെ രസങ്ങളോ

ന്യേന വാമ്ലേന ഹൃദ്യേന വാ പായയേത്. സ്ഥിരാദിപഞ്ചമൂലീര സഃ സശർക്കരഃ പാനാർത്ഥം വിലപാദിപഞ്ചമൂലരസസിദ്ധാ ച യ വാഗ്ഭഃ ഹൃദ്രോഗവിഹിതഞ്ച കർമ്മ. 12

മൂർദ്ധ്നി തു വാതോപസൃഷ്ടേ അഭ്യംഗസ്വേദനോപനാഹപാ നനസ്യകർമ്മാവപീഡനധൂമാദീനി. 13

വസ്തൌ തു കുംഭീസ്വേദോ വർത്തയഃ ശ്യാമാദിഭിർഗ്ഗോമൂത്ര പിഷ്ടൈർ നിത്രഹഃ. വിലപാദിസ്വരസസിദ്ധഃ ശരകാശേക്ഷുഭേ ദഗോക്ഷുരകമൂലശൃതക്ഷീരൈശ്ച, ത്രപുഷൈർവ്വാരുഷരാശ്വബീജ

ചേർത്തു സേവിപ്പിക്കുകയും, ചെറുപഞ്ചമൂലകഷായം പഞ്ചസാര മേപ്പൊടിചേർത്തു കൊടുക്കുകയും, മഹൽപഞ്ചമൂലകഷായത്തിൽ കഞ്ഞിവെച്ചു കൊടുക്കുകയും ഹൃദ്രോഗചികിത്സചെയ്യുകയും വേണ്ടതാകുന്നു * 13— മൂർദ്ധാവ് വാതോപസൃഷ്ടമായാൽ അഭ്യംഗം സ്വേദനം ഉപനാഹം ഔഷധപാനം നസ്യം അവപീഡനം ധൂമപാനം മുതലായതെല്ലാം ചെയ്യണം * 14— വസ്തി വാതോപസൃഷ്ടമായാൽ സൂത്രസ്ഥാനത്തിലെ സ്വേദാദ്ധ്യായത്തിൽ വിധിച്ചതായ കുംഭീസ്വേദം വർത്തിവെക്കുക ശ്യാമാദിവർഗ്ഗൌഷധങ്ങൾ ഗോമൂത്രത്തിൽ കഷായംവെച്ച് (അല്ലെങ്കിൽ ശ്യാമാദിവർഗ്ഗൌഷധകഷായത്തിൽ ഗോമൂത്രംചേർത്ത്) അതുകൊണ്ടു വസ്തിചെയ്യുക എന്നതുകൾക്കെല്ലാം നല്ലതാകുന്നു. വസ്തിചെയ്യുവാൻ കൂവളത്തിൻവേര് കുമിഴിൻവേര് പൂപ്പാതിരിവേര് പലകപ്പയ്യാനിവേര് മുഞ്ഞവേര് ഇവകൊണ്ടു വെച്ച കഷായം ഗോമൂത്രംചേർത്തതോ അമവേര് ആറവെട്ടിവേര് കരിമ്പിൻവേര് ഭൂമ്പിവേര് ഞരിഞ്ഞിലിൻവേര് ഇവ സമംചേർത്തു കാച്ചിയ പാൽകൊണ്ടോ (ഇവിടെ ക്ഷീരൈഃ ച നിത്രഹഃ എന്നു പറയുകയാൽ വിശേഷം പറയാതെ ക്ഷീരമെന്നു മാത്രം പറഞ്ഞാൽ ഗോക്ഷീരമെന്നു ഗ്രഹിക്കണമെന്ന വിധിയെ അപവദിക്കുവാനാണ് ബഹുവചനപ്രയോഗം ചെയ്തതെന്നും അതിനാൽ വാതഹരങ്ങളായ മററു ക്ഷീരങ്ങളേയും യുക്തിപോലെ ഗ്രഹിക്കാമെന്നും സാരമാകുന്നു.) കക്കരിക്ക വെള്ളരിക്ക അയമോദകം (മയിലോശിക എന്നും പക്ഷം) യവം ജ്യേഷ്ഠകം എന്നിതുകൾ അരച്ചു കലക്കിയോ ക്ഷാരദ്രവ്യങ്ങൾ യവം കുമ്മട്ടിതൊലി ഇവ വറുത്ത

യവജ്ഷഭകല്ക്കിതോ നിരൂഹഃ, ക്ഷാരയവതിലപ്രകൃഷ്ടകല്ക്കിതോ വാ നിരൂഹഃ, പീതദാരുസിദ്ധതൈലാനുവാസനം തൈലപ്രകൃഷ്ട സർപ്പിർവ്വിരേകാർത്ഥം. 14

ശതാവരീഗോക്ഷുരകബൃഹതീകണ്ടകാരികാഗുളൂചീപുനർന്നവോശീരമധുകദേവിശാരിബാലേംദ്രശ്രേയസീകുശകാശമൂലകഷായക്ഷീരചതുർഗ്ഗുണം ബലാവൃഷ്ഷഭകഖരാഹ്വാപകുഞ്ചികാവത്സകത്രപുഷ്പൊർവ്വാരുബീജശിതിമാരകമധുകവചാശതപുഷ്പാഗ്രഭേദവഷാഭ്രമേഘഫലകല്ക്കസിദ്ധം തൈലം ഉത്തരവസ്തിർന്നിരൂഹഃ ശുദ്ധസ്നിഗ്ദ്ധസ്വിന്നസ്യ വസ്തിശൂലമൂത്രവികാരഹര ഇതി. 15

രച്ചുകലക്കി അതുകൊണ്ടാ കഷായവസ്തി ചെയ്യുന്നതും മരമഞ്ഞത്തൊലി കഷായംവെച്ച് അതുതന്നെ കല്ക്കനായി കാച്ചി അരിച്ച എണ്ണകൊണ്ട് അനുവാസനം ചെയ്യുന്നതും നല്ലതാകുന്നു. അവനു വിരേചനത്തിനു ചികിത്സിതത്തിൽ വിധിച്ചതായ തൈലപ്രകൃതം ഉപയോഗിക്കുന്നതും ഗുണപ്രദംതന്നെയാണെന്നും ഗ്രഹിക്കണം *

15—ശതാവരിക്കിഴങ്ങ് ഞരിഞ്ഞിൽ ചെറുവഴുതിനവേർ കണ്ടകാരിച്ചുണ്ടവേര് ചിററമൃത് തമിഴാമവേര് ഭൂമച്ചം ഇരട്ടിമധുരം നന്നാറിക്കിഴങ്ങ് പാവ്വള്ളിക്കിഴങ്ങ് പാൽപ്പോററിത്തൊലി അരത്ത കുശവേര് ആറവർദ്ദേവർ ഇവ സമം കഷായംവെച്ച നാലൊന്നാക്കി പിഴിഞ്ഞരിച്ച് അതിൽ എണ്ണയും ഏണ്ണയിൽ നാലിരട്ടി പാലുംകൂട്ടി കല്ക്കത്തിന്ന്, കുറുന്തോട്ടിവേര് ആടലോടകത്തിൻവേര് ഋഷഭകം തുരയുമാദകം കരിഞ്ചീരകം (ചിറേറലമെന്നും പക്ഷം) കുടകപ്പാലവരി കക്കരിക്കാക്കുരു വെള്ളരിക്കാക്കുരു ശിതിമാരകം ഇരട്ടിമധുരം വയമ്പ് ശതകുപ്പ കല്ലൂർവഞ്ചി ചെറിയതമിഴാമ മലങ്കാരസ്സ ഇവ സമം അരച്ചുകലക്കി കാച്ചി അതുകൊണ്ട്, നിരൂഹംചെയ്ത ശുദ്ധിവന്നവനും സ്നേഹസ്വേദങ്ങളെ ശീലിപ്പിച്ചവനുമായ വസ്തിരോഗിക്ക് ഉത്തരവസ്തിചെയ്താൽ വസ്തിശൂലവും മൂത്രവികാരവും ശമിക്കും. ഉത്തരവസ്തിവിധി അടുത്തു വിവരിക്കുകയും ചെയ്യും *

ഭവന്തി ചാത്ര.

ഹൃദി മൂർദ്ധ്നി ച വസ്തൌ ച നൃണാം പ്രാണാഃ പ്രതിഷ്ഠിതാഃ
തസ്മാത്തേഷാം സദാ യത്നാൽ കുർവ്വീത പരിപാലനം. 16
ആഘാതവർജ്ജനം നിത്യം സ്വസ്ഥവൃത്താനുവർത്തനം
ഉല്ലുനാത്തിപിഡിതശ്ച മർമ്മണാം പരിപാലനം. 17
അത ഊർദ്ധ്വം വികാരാണാം ത്രിമർമ്മീയേ ചികിത്സിതേ

16—മനുഷ്യന്റെ പ്രാണൻ—ജീവൻ ഹൃദയം മൂർദ്ധാവ് വസ്തി എന്നു മൂന്നു സ്ഥാനങ്ങളിലാണ് പ്രതിഷ്ഠിതമായിരിക്കുന്നത്. ഇതിൽ ഏതെങ്കിലും ഒരു സ്ഥാനം നശിച്ചുപോയാൽ തീർച്ചയായും ജീവഹാനി സംഭവിച്ചു പോകുമെന്നു സാരം. ഇതുനിമിത്തം ആ സ്ഥാനങ്ങളെ എത്രതന്നെ പണിപ്പെട്ടും രക്ഷിക്കുകയും വേണം.*
17—മർമ്മസ്ഥാനങ്ങളിൽ അഭിഘാതം സംഭവിക്കാതെ സൂക്ഷിക്കുകയും സൂത്രസ്ഥാനത്തിൽ വിധിച്ച സ്വസ്ഥവൃത്തചര്യകളെ തെററിക്കാതെ അനുഷ്ഠിക്കുകയും അത്യാത്യസമയം എന്നെങ്കിലും രോഗങ്ങളുണ്ടായാൽ അതുകളെ അപ്പപ്പോൾ വേണ്ടവിധം ചികിത്സിച്ചു ശമിപ്പിക്കുകയും—ദോഷങ്ങളുടെ ചയാദികാലങ്ങളിൽ അതുകൾ കോപിക്കാത്തവിധം ചികിത്സിക്കുകയുമാകുന്നു മർമ്മസ്ഥാനത്തിന്റെ പരിപാലനമെന്നും ഗ്രഹിക്കണം *

18—അല്ലയോ അഗ്നിവേശ! ഈ പറഞ്ഞ മർമ്മസ്ഥാനങ്ങളെ ആശ്രയിച്ചുണ്ടാകുന്ന ഉദാവർത്താദിരോഗങ്ങളുടെ നിദാനചികിത്സാദികളെല്ലാം ത്രിമർമ്മീയചികിത്സിതത്തിൽ വിവരിച്ചിട്ടുണ്ട്. എന്നാൽ ആ അദ്ധ്യായത്തിൽ വിവരിക്കാത്തവയും മഹാമർമ്മസ്ഥാനങ്ങളെ ആശ്രയിച്ചുണ്ടാകുന്നവയുമായ രോഗങ്ങളിൽ ചിലതിന്റെ ലക്ഷണങ്ങളോടും അതുകൾക്കുള്ള ചികിത്സാവിധികളോടുംകൂടെ ഇവിടെ വിവരിക്കാം. 'കാശ്ചിൽ'=ചിലതിനെ. മഹാമർമ്മസ്ഥാനങ്ങൾക്കു തകരാറു സംഭവിച്ചാൽ അതുനിമിത്തമുണ്ടാകുന്ന രോഗങ്ങൾ ഇത്തരമായിരിക്കുമെന്ന് ആരംഭം കണക്കാക്കുവാൻ സാധിക്കുകയില്ല. എന്നാൽ അതുകളിൽ പ്രധാനങ്ങളായ ചിലതിന്റെ നാമമാത്രം ഇവിടെ പ്രതിപാദിക്കാം. ഇതുകൊണ്ടു മററുള്ളതുക

ന പ്രോക്തതാ മമ്മജാസ്യേഷാം കാംശ്ചിദ്വക്ഷ്യാമി സൌഷധാൻ. 18
ക്രുദ്ധഃ സൈഷഃ കോപനൈവ്വായുഃ സ്ഥാനാദുദ്ധ്വം പ്രപദ്യതേ
പീഡയൻ ഹൃദയം ഗത്വാ ശിരശ്ശംഖൌ ച പീഡയൻ. 19
ധനുവ്വ്വാനമയേദ്ഗാത്രാണ്യാക്ഷിപേന്മോഹയേത്തഥാ
കൃച്ഛ്രേണ ചാപ്യുച്ഛ്വസിതി സുബ്ധാക്ഷോഥ നിമീലകഃ. 20
കപോത ഇവ കൂജച്ച നിസ്സംജ്ഞസ്സോപതന്ത്രകഃ
ദൃഷ്ടിം സംസ്തംഭ്യ സംജ്ഞാഞ്ച ഹതപ്രാ കണ്ഠേന കൂജതി. 21

ളേയും അറിഞ്ഞു ചികിത്സിക്കുവാൻ സാധിക്കുകയും ചെയ്യും. അതാണ് ചിലതിനെ ഏനു പറഞ്ഞതെന്നും ഗ്രഹിക്കണം *

19-22 — അപതന്ത്രകമെന്നും അപതാനകമെന്നുമുള്ള വാതരോഗങ്ങളെ വിവരിക്കുന്നു:— വായു കോപിക്കുവാൻ കാരണഭൂതമായ ചേഷ്ടകളെ ശീലിക്കുകനിമിത്തം കോപിച്ച വായു സ്വസ്ഥാനമായ പക്വാശയത്തിൽനിന്നു മേല്പോട്ടുചെന്ന് ഹൃദയത്തെ പ്രാപിച്ച് ആ സ്ഥാനത്തെയും ശിരസ്സിനേയും ശംഖപ്രദേശങ്ങളേയും പീഡിപ്പിക്കുകയും ശരീരത്തെ ആസകലം വില്ലുപോലെ വളയ്ക്കുകയും ഹസ്തപാദാദി അവയവങ്ങളെ കുടയുകയും ചെയ്യും. ഇതുകൾ സംഭവിച്ചാൽ ആ രോഗിക്കു തൻേറടമില്ലാതാവുകയും ശ്വാസഗതിക്കു തന്നെ വളരെ പ്രയാസമായിത്തീരുകയും ചെയ്യും. കണ്ണ് അടയാതെ സ്തംഭിക്കുകയോ മിഴിക്കുവാൻ വയ്യാത്തവിധം അടയുകയോ ചെയ്യുകയും ലേശംപോലും തൻേറടം കൂടാതെ മാടപ്രാവിനെപ്പോലെ കൂജുകയും ചെയ്യും. ഈ രോഗത്തെ അപതന്ത്രകമാണെന്നാകുന്നു പറയുക * ഇതുവിധം കോപിച്ച ഹൃദയാശ്രിതനായ വായു കണ്ണുകൾ അടയ്ക്കുവാൻ വയ്യാത്തവിധം സ്തംഭിപ്പിക്കുകയും തൻേറടമില്ലാതാക്കുകയും കഴുത്തിൽ മൂളലുണ്ടാക്കുകയും ആ വായു ഇടക്കിടയ്ക്കു ഹൃദയത്തിൽനിന്ന് ഒഴിയുകയും വീണ്ടും ഹൃദയത്തിലേക്കുതന്നെ വരികയും ചെയ്യും. വായു ഒഴിയുന്നസമയം തൻേറടമുണ്ടാവുകയും ഹൃദയത്തെ ആവരണം ചെയ്യുന്നസമയം തൻേറടമില്ലാതാവുകയും ചെയ്യും. ഈ രോഗത്തെ ദാരുണമെന്നാണ് പറയുക. ചിലർ ഇതിനെ അപതാനകമെന്നും പറയുന്നു. ചിലർ അപതന്ത്രകവും അപതാനകവും ഒന്നുതന്നെയാണെന്നും പറയുന്നു. ആ പക്ഷ

ഹൃദി മുക്തേ നരഃ സ്വാസ്ഥ്യം യാതി മോഹം വൃതേ പുനഃ
വായുനാ ദാരുണം പ്രാഹുരേകേ ത്വമപതാനകം. 22
ശ്വസനം കഫവാതാഭ്യാം രുദ്ധം തസ്യ വിമോചയേൽ
തീക്ഷ്ണൈഃ പ്രധമനൈഃ സംജ്ഞാം താസു മുക്താസു വിന്ദതി. 23
മരിചം ശിഗ്രുബീജാനി വിളംഗഞ്ച ഫണിജ്ജകം
ഏതാനി സൂക്ഷ്മചൂർണ്ണാനി ഭൃശ്ച്ഛീർഷവിരേചനം. 24
ഹിംഗ്വുതുംബുരു പത്ഥ്യാച പൌഷ്കരം ലവണത്രയം
യവകഷായാംബുനാ പേയം ഹൃൽപാർശ്വാത്യപതന്ത്രകേ. 25
ഹിംഗ്വക്ഷ്ണവേതസം ശുണ്ഠീം സസൌവർച്ചലധാന്യകാം

ത്തിൽ ദാരുണം തം ഏകേ അപതാനകം പ്രാഹുഃ എന്നാണ് അന്വയം. 'അധഃ പ്രതിഹതോ വായുഃ വ്രജത്യൂർദ്ധ്വം ഹൃദാശ്രയാഃ। നാഡീഃ പ്രവിശ്യ ഹൃദയം ശിരഃ ശംഖൌ ച പീഡയൻ। ആക്ഷിപേൽ പരിതോ ഗാത്രം ധനുർവ്വച്ചാസ്യ നാമയേൽ। കൃച്ഛ്രാദുച്ഛ്വസിതി സുഷ്ക്ലിസ്രസുമീലിതദൃക്കതഃ। കപോത ഇവ കൂജേത്സ നിസ്സംജ്ഞസ്സോപതന്ത്രകഃ। സ ഏവ ചാപതാനാഖ്യോ മുക്തേ തു മരുതാ ഹൃദി। അസ്വസ്ഥീഭൂത മുഹ്യഃ സ്വാസ്ഥ്യം മുഹുരസ്വാസ്ഥ്യമാവൃതേ' എന്നാണ് വാഗ്ഭടാചാര്യമതം *

23—പ്രാണവായുവിനെ കോപിച്ച കഫവും വായുവും കൂടെ ആവരണം ചെയ്താൽ അത് അവന്റെ സംജ്ഞയെ നശിപ്പിച്ചുകളയും. തീക്ഷ്ണനസ്യാദികൾ പ്രയോഗിച്ച് ആ ആവരണം നീങ്ങിയാൽ തന്നേറടമുണ്ടാവുകയും ചെയ്യും *

24—കുരുമുളക് മുരിങ്ങാക്കുരു വിഴാലരി കർപ്പൂരത്തുളസിയില ഇവ സമം ഉണക്കിപ്പൊടിച്ച പൊടി മൂക്കിൽ വലിച്ചാൽ അതു മൂർദ്ധാവിന്നു വിരേചനം വരുവാൻ വളരെ നല്ലതാകുന്നു *
25—കായം തുമ്പൂണലരി കടുക്ക പുഷ്കരമൂലം ഇന്തുപ്പ് കല്ലുപ്പ് വിളയുപ്പ് ഇവ സമം പൊടിച്ച് യവംകൊണ്ടു വെച്ച കഷായത്തിൽ ചേർത്തു സേവിച്ചാൽ ഹൃദയത്തിലും വാരിഭാഗത്തുമുള്ള വേദനെ അപതന്ത്രകം ഇതുകളെല്ലാം ശമിക്കും * 26—കായം ഞരിഞ്ഞാമ്പുളിക്കിഴങ്ങ് ചുക്ക് തൂവച്ചിലക്കാരം ഉറമാമ്പഴത്തോട്

പിണ്ഡേഷ്വാതകഫഹ്ലൂഞ്ചേ മർമ്മഹൃദ്രോഗനുദ്ധിതം. 26
ശോധനാ വസ്തയസ്തീക്ഷ്ണാ ഹിതാസ്തുസ്യ ച കൃത്സ്നശഃ
സൗവർച്ചലാഭയാഗ്ര്യാക്ഷൈഃ സിദ്ധം തു സ്യാൽ ഘൃതം ഹിതം. 27
മധുരസ്നിഗ്ദ്ധഗുർവ്വമ്ലസേവനാച്ചിന്തനാദ്ഭയാൽ
ശോകാദ്യൈർഭൃശമുഷ്ണാച്ച വായുനോദീരിതഃ കഫഃ. 28
യദാസൌ സമവസ്ഥന്ദ്യ ഹൃദയം ഹൃദയാശ്രയാൻ
സമാവൃണോതി ഞ്ചേതനാദീംസ്തദാ തന്ത്രോപജായതേ. 29
ഹൃദയേ വ്യാകുലീഭാവോ വാക്കായേന്ദ്രിയഗൌരവം

ഇവ സമം പൊടിച്ചു പൊടി സേവിച്ചാൽ വാതകോപം കഫകോപം മർമ്മാഭിഘാതം ഹൃദ്രോഗം എന്നതുകൾ ശമിക്കുവാൻ വളരെ വിശേഷമാകുന്നു * 27—അപതന്ത്രകരോഗിക്കു വിധിപ്രകാരം ശോധനവരുത്തുകയും—വമനം, വിരേകം, മൂർദ്ധവിരേകമെന്ന ശോധനവിധിപ്രകാരം യുക്തിപോലെ ശോധനവരുത്തുകയും തീക്ഷ്ണങ്ങളായ വസ്തികൾ പ്രയോഗിക്കുകയും ഹിതങ്ങളാകുന്നു. തുവച്ചിലക്കാരം കടുക്ക ചുക്ക് മുളക് തിപ്പലി ഇവ ചേർത്തു കാച്ചിയ ഘൃതവും ഹിതമാകുന്നു *

28-30 — തന്ത്രാരോഗലക്ഷണത്തെ വിവരിക്കുന്നു: — മധുരരസങ്ങളും സ്നിഗ്ദ്ധങ്ങളും ഗുരുരപ്പുള്ളവയും അമ്ലരസങ്ങളുമായ ആഹാരപദാർത്ഥത്തെ പരിചയിച്ചു ശീലിക്കുക മനോരാജ്യം വിചാരിച്ചുകൊണ്ടിരിക്കുക ഭയപ്പെടുക ദുഃഖിക്കുക എന്തെങ്കിലും രോഗം വിട്ടുപിരിയാതെ വളരെകാലം അനുഭവത്തിച്ചുനിൽക്കുക എന്ന കാരണങ്ങൾനിമിത്തം കോപിച്ച വായുവിനാൽ ഉദീരിതമായ— സ്വസ്ഥാനത്തിൽനിന്നു മേല്പോട്ടു തള്ളപ്പെട്ടതായ കഫം ഹൃദയത്തെ പ്രാപിക്കുകയും ഹൃദയത്തെ ആശ്രയിച്ചു നില്ക്കുന്ന ചേതനാദിഭാവങ്ങളെ ആവരണംചെയ്യുകയും തന്ത്രാരോഗത്തെ ഉണ്ടാക്കിത്തീർക്കുകയും ചെയ്യും. തന്ത്രാരോഗലക്ഷണങ്ങളെന്തെല്ലാമെന്നാൽ, ഹൃദയത്തിൽ വ്യാകുലത സംസാരിക്കുവാനും എന്തെങ്കിലും പ്രവൃത്തിയെടുക്കുവാനും എന്തെങ്കിലും ഇന്ദ്രിയംകൊണ്ട് ഒരു വിഷയം ഗ്രഹിക്കുന്നതിലും വലിയ ഭാരംതോന്നുക മനസ്സിനും ബുദ്ധിക്കും പ്രസാദമില്ലാതിരിക്കുക എന്നിതുകളെല്ലാമാണ് തന്ത്ര എന്ന രോഗ

മനോബുദ്ധ്യപ്രസാദശ്ച തന്ദ്രായാ ലക്ഷണം മതം. 30
കഫഛർദ്ദിം തത്ര കർത്തവ്യം ശോധനം ശമനാനി ച
വ്യായാമോ രക്തമോക്ഷശ്ച ഭോജ്യഞ്ച കടുതിക്തകം. 31
മൂത്രൈതുകസാദം ജഠരം കൃച്ഛ്രം സോൽസംഗസംക്ഷയൌ
മൂത്രാതീതോനിലാഷ്ഠീലാവാതവസ്തൂഷ്ണമാരുതൌ 32
വാതകുണ്ഡലികാ ഗ്രന്ഥിർവിഡ്ഘാതോ വസ്തികുണ്ഡലം
ത്രയോദശൈതേ മൂത്രസ്യ ദോഷാംസ്താൻ ലിംഗതഃ ശൃണു. 33
പിത്തം കഫോ ദ്വയം വാപി വസ്തൌ സംഹന്യതേ യദാ

ത്തിന്റെ ലക്ഷണമെന്നും ഗ്രഹിക്കണം. 'ഇന്ദ്രിയാർത്ഥപ്രസംവിത്തിർഗ്ഗൌരവം ജൃംഭണം ക്লമഃ । നിദ്രാർത്തസ്യേവ യസ്യൈതേ തസ്യ തന്ദ്രാം വിനിർദ്ദിശേൽ' എന്നിങ്ങിനെ സുശ്രുതാചാര്യനും പറയുന്നു * 31— ഇതേവിധമുള്ള തന്ദ്രാരോഗം ബാധിച്ചാൽ ശോധനമായും കഫഛർദ്ദിയായും ശമനമായുമുള്ള ഔഷധാദികളെ ശീലിപ്പിക്കുകയും വ്യായാമം ചെയ്യിക്കുകയും യുക്തിപോലെ ചോരകളയുകയും കടുതിക്തരസാത്മകമായ ആഹാരത്തെ ശീലിപ്പിക്കുകയും വേണം *

32-33— മൂത്രദോഷംനിമിത്തം ക. മൂത്രസാദം, ഖ. മൂത്രജാഠരം, ഗ. മൂത്രകൃച്ഛ്രം, ഘ. മൂത്രോത്സംഗം, ങ. മൂത്രസംക്ഷയം, ന. മൂത്രാതീതം, ച. വാതാഷ്ഠീല, വ. വാതവസ്തി, ൻ. ഉഷ്ണമാരുതൻ, ഫ. വാതകുണ്ഡലിക, ഫ്ര. ഗ്രന്ഥി, ഫ്ര. വിഡ്ഘാതം, ഫ്ന. വസ്തികുണ്ഡലം എന്നു ഫ്ന. രോഗങ്ങൾ സംഭവിക്കും. ഇതിൽ ഓരോന്നിന്റെ ലക്ഷണങ്ങളെ പ്രത്യേകം വിവരിക്കുകയും ചെയ്യാം. ശൃണു— അതുകളേയും മനസ്സിരുത്തി കേട്ടു ധരിക്കുക *

34-35— കോപിച്ച വായു പിത്തത്തെയോ കഫത്തെയോ അഥവാ രണ്ടിനേയുമോ അതുകളുടെ സ്ഥാനങ്ങളിൽനിന്നെടുത്തു വസ്തിയിൽ കൊണ്ടുവന്നു വെയ്ക്കുന്നതായാൽ അപ്പോൾ മൂത്രം രക്തവർണ്ണമോ പീതവർണ്ണമോ ആയും മലനമായുമിരിക്കുകയും ചുട്ടുനീറൽ കലശലായിരിക്കുകയും ചെയ്യും. വെള്ളത്തും കൊഴത്തുമിരുന്നു എന്നും വരാം. രക്തപീതാദിലക്ഷണം പിത്തസംയോഗത്തിലും

മാരുതേന തതോ മൂത്രം ഭൃശം പീതം ഘനം സൃജേൽ. 34
സദാഹം ശ്വേതസാന്ദ്രം വാ സർവ്വൈർവ്വാ ലക്ഷണൈർയ്യുതം
മൂത്രൈകസാദം തം വിദ്യാൽ പിത്തശ്ലേഷ്മഹരൈർജ്ജയേൽ. 35
വിധാരണാൽ പ്രതിഹതം വാതാദാവർത്തിതം യദാ
പൂരയത്യുദരം മൂത്രം തദാ തദുദിമിന്നരുക്. 36
അപക്വമൂത്രവിസ്രാവൈസ്തൈസ്തൈർമ്മൂത്രജഠരം വദേൽ
മൂത്രവൈരേചനീം തത്ര ചികിത്സാം സമ്പ്രയോജയേൽ. 37
ഹിംഗ്വാദിതക്രകരം ചൂർണ്ണം ത്രിമർമ്മീയേ പ്രകീർത്തിതം

ശ്വേതസാന്ദ്രത്വം കഫസംയോഗത്തിലും സംഭവിക്കുന്നതാണെന്നും ഗ്രഹിക്കണം. പിത്തകഫങ്ങൾ രണ്ടിനേയും വസ്തിയെ പ്രാപിപ്പിക്കുന്നതായാൽ അവിടെ സന്നിപാതലക്ഷണവും സംഭവിക്കും. ഈ ലക്ഷണങ്ങളെ കണ്ടാൽ അതു മൂത്രൈകസാദം— മൂത്രസാദമെന്ന രോഗമാണെന്നറിയുകയും പിത്തഹരങ്ങളും കഫഹരങ്ങളുമായ ചികിത്സകളെ ചെയ്ത് ആ രോഗത്തെ ശമിപ്പിക്കുകയും വേണം. പിത്തകഫങ്ങളെ കോപിപ്പിച്ചതു വായുവാണെങ്കിലും വികാരകൃത്തുകളായ പിത്തകഫങ്ങൾ ശമിക്കുമ്പോൾ വാതകോപംകൂടെ ശമിച്ചുകൊള്ളുമെന്നു സാരം *

36–37— മൂത്രംവിസർജ്ജനമെന്നു തോന്നുന്നസമയം അതു പുറത്തുവിടാതെ ധരിക്കുകനിമിത്തം കോപിച്ച വായു ആ മൂത്രത്തെ മൂത്രാശയത്തിൽനിന്നു മേൽപ്പോട്ട് — ജഠരത്തിലേക്കുതന്നെ തള്ളും. അതേവിധം ഉദാവർത്തിതമായ മൂത്രം നിറയുകയാൽ വയറു വീർക്കുകയും മറവു കാരണംകൂടാതെ അതി കലശലായ വേദനയുണ്ടാവുകയും ഛർദ്ദിക്കുകയും മൂത്രസംഗവും മലബന്ധവും കൂടെ ബാധിക്കുകയും ചെയ്യുന്നതായി കണ്ടാൽ ആ രോഗത്തെ മൂത്രജഠരം എന്നാണ് പറയുക. അവിടെ മൂത്രവൈരേചനങ്ങളായ ചികിത്സകളെ വഴിപോലെ ചെയ്യുകയും വേണം *

38— ചികിത്സിതസ്ഥാനത്തിലെ ത്രിമർമ്മീയചികിത്സിതാദ്ധ്യായത്തിൽ വിചാരിച്ചതായ ഹിംഗ്വാദിതക്രകരചൂർണ്ണം ശീലിച്ചാൽ

ഹന്യാന്മൂത്രാദിസംഘാതം വ്യാധിഞ്ച ഗുദമേഢ്രയോഃ. 38
മൂത്രിതസ്യ വ്യവായാത്തു രേതോ വാതേഽഭ്യുതം ച്യുതം
പൂർവ്വം മൂത്രസ്യ പശ്ചാദ്വാ സ്രവത്യൽ കൃച്ഛ്രമുച്യതേ. 39
ഖപൈഗുണ്യാനിലാക്ഷേപൈഃ കിഞ്ചിന്മൂത്രഞ്ചതിഷ്ഠതി
മണിസന്ധൌ സ്രവേൽ പശ്ചാത്തദുഗ്രാഥവാതിരുക്. 40
മൂത്രോത്സംഗഃ സ വിച്ഛിന്നസ്തച്ഛേഷോ ഗുരുശേഫസഃ
വാതാകൃതിർഭവേദ്വാതാന്മൂത്രഃ ശുഷ്യതി സംക്ഷയം 41

മൂത്രാദികളുടെ സംഘാതവും — കെട്ടിനില്ക്കും ഗുദത്തിലും മേഢ്രത്തിന്മേലുമുള്ള രോഗങ്ങളും ശമിക്കും *

39 — മൂത്രംവീഴ്ത്തേണമെന്നു തോന്നുന്നസമയം മൂത്രത്യാഗം ചെയ്യാതെ സ്ത്രീസേവചെയ്യുൽ മൂത്രവേഗാസന്ധാരണംനിമിത്തം കോപിച്ച വായു വ്യവായത്തിൽ സ്രവിക്കേണ്ടതായ ശുക്ലത്തെ മുഴുവൻ സ്രവിപ്പിക്കാതെ സംഗ്രഹിക്കുകയും ആ ശുക്ലത്തെ പിന്നെ മൂത്രംവീഴ്ത്തുന്നസമയം മൂത്രം പുറപ്പെടുന്നതിന്നു മുമ്പോ മൂത്രാവസാനത്തിലോ സ്രവിപ്പിക്കും. ഈ രോഗത്തെ കൃച്ഛ്രമെന്നാണ് പറയുക *

40-41 — മൂത്രസ്രോതസ്സിന്ന് ഏതെങ്കിലും തകരാറുപററുക. വായു കോപിക്കുക. മൂത്രംവീഴ്ത്തുന്നസമയം മേഢ്രാഗ്രം പിടിച്ചിളക്കുക എന്ന ഏതെങ്കിലും കാരണംനിമിത്തം പ്രവർത്തമാനമായ മൂത്രം മുഴുവൻ സ്രവിക്കാതെ കുറെ അകത്തുതന്നെ മണിസന്ധിയിൽ കെട്ടിനില്ക്കുകയും ബാക്കിമുഴുവൻ സ്രവിച്ചുകഴിഞ്ഞ് അല്പസമയം കഴിയുമ്പോൾ ഈ കെട്ടിനില്ക്കുന്നതും സ്രവിക്കുകയും ചെയ്യും. അതു സ്രവിക്കുന്നസമയം വേദന ഉണ്ടായില്ല എന്നും വരാം. ചിലപ്പോൾ അതികലശലായ വേദനയുണ്ടായി എന്നും വരും. ഈ രോഗത്തെ മൂത്രോത്സംഗമെന്നാണ് പറയുക. ഇതു ബാധിച്ചാൽ ബാക്കിയായി വരുന്ന മൂത്രം കെട്ടിനില്ക്കുകനിമിത്തം ലിംഗത്തിന്നു ഗുരുത്വമുണ്ടായിരിക്കും. മൂത്രം അകത്തുനിന്നു വററുന്നതായാൽ അതിനെ മൂത്രസംക്ഷയം എന്നാണ് പറയുക. ഇതിന്റെ ലക്ഷണം വാതകോപംനിമിത്തം സംഭവിക്കുന്ന അസംഖ്യതകളായിരിക്കുമെന്നും ഗ്രഹിക്കണം *

ചിരം ധാരയതോ മൂത്രം ത്വരയാ ന പ്രവർത്തതേ
മേഹമാനസ്യ മന്ദം വാ മൂത്രാതീതസ്സ ഉച്യതേ. 42
ആഭ്യാപയൻ വസ്തിഗുദം രുദ്ധ്വാ വായുശ്ചലോന്നതാം
കുര്യാത്തീവ്രാർത്തിമഷ്ഠീലാം മൂത്രവിണ്മാർഗ്ഗരോധിനീം. 43
മൂത്രം ധാരയതോ വസ്തൌ വായുഃ ക്രുദ്ധോ വിധാരയേൽ
മൂത്രരോധാർത്തികണ്ഡൂഭിർവ്വാതവസ്തിസ്സ ഉച്യതേ. 44
ഊഷ്മണാ സോഷ്മകം മൂത്രം ശോഷയൻ രക്തപീതകം
ഉഷ്ണവാതം സൃജൽ കൃച്ഛ്രാദ്വസ്ത്യുപസ്ഥാർത്തിമോഹവാൻ. 45

42— മൂത്രവേഗത്തെ വളരെനേരം ധരിച്ചുകൊണ്ടിരുന്നാൽ അവൻ മൂത്രംവീഴ്ത്തുവാനിരുന്നാൽ വേഗത്തിൽ മൂത്രപ്രവൃത്തിയുണ്ടാവുകയില്ല എന്നു മാത്രമല്ല മേഹനംചെയ്യുന്നസമയം വളരെ സാവധാനത്തിൽ മാത്രമേ സ്രവിക്കുകയുള്ളു. ഈ രോഗത്തെ മൂത്രാതീതമെന്നാണ് പറയുക *

43—കോപിച്ച വായു മൂത്രത്തെ പുറത്തുവിടാതെ തടയുകയും വസ്തിഗുദങ്ങളെ പീഡിപ്പിക്കുകയും ചെയ്തുകൊണ്ട് ഇളകിക്കൊണ്ടിരിക്കുന്നതും ഉന്നതവുമായ അഷ്ഠീലയെ— അമ്മിക്കുഴിയുടെ ആകൃതിയിലുള്ള മുഴയെ ഉണ്ടാക്കിത്തീർക്കും. ഇതിന്നു വേദന കലശലായിരിക്കുകയും ചെയ്യും. ഇതുണ്ടായാൽ മൂത്രമാർഗ്ഗവും മലമാർഗ്ഗവും രീതെ അടഞ്ഞുപോകയും ചെയ്യും *

44—മൂത്രധാരണംചെയ്യുകനിമിത്തം കോപിച്ച വായു ആ മൂത്രത്തെ വസ്തിയിൽനിന്നു പുറത്തുവിടാതെ ധരിക്കുകയും മൂത്രം പുറപ്പെടാന്നു വേദന ചൊറിച്ചിൽ എന്ന ഉപദ്രവങ്ങൾ ഉണ്ടാക്കിത്തീർക്കുകയും ചെയ്യും. ഈ രോഗത്തെ വാതവസ്തി എന്നാണ് പറയുക * 45— അത്യുഷ്ണങ്ങളായ ചർമ്മങ്ങളെ ശീലിക്കുകനിമിത്തം കോപിച്ച വായു ആ ഊഷ്മാവുകൊണ്ടു രക്തപീതവർണ്ണമായിത്തീർന്ന മൂത്രത്തെ വസ്തിയിൽവെച്ചു വററിക്കുകയും വസ്ത്യുപസ്ഥങ്ങളിൽ കലശലായ വേദനയും ചുട്ടുനീറലും ഉണ്ടാക്കിത്തീർക്കുകയും ചെയ്യും. ഈ രോഗത്തെ ഉഷ്ണവാതമെന്നാണ് പറയുക. അതു ബാധിച്ചാൽ മൂത്രംവീഴ്ത്തുവാൻ വളരെ പ്രയാസമുണ്ടായിത്തീരുകയും ചെയ്യും *

ഗതിസംഗാദുദാവൃത്തഃ സ മൂത്രസ്ഥാനമാർഗ്ഗയോഃ
മൂത്രസ്യ വിഗുണോ വായുർഭിന്ദന്നാവിഭജൻ കുണ്ഡലീ. 46
മൂത്രം വിഹന്തി സംസ്തംഭഭേദനൗരവവേഷ്ടനൈഃ
തീവ്രരുഗ്മൂത്രവിഡ്സംഗൈർവ്വാതകുണ്ഡലികേതി സഃ. 47
രക്തം വാതകഫാദ്ദുഷ്ടം വസ്തിദ്വാരേ സുദാരുണം
ഗ്രന്ഥിം കുര്യാത്സ കൃച്ഛ്രേണ സൃജന്മൂത്രം തദാവൃതം. 48
അശ്മരീസമശൂലം തം മൂത്രഗ്രന്ഥിം പ്രചക്ഷതേ
രൂക്ഷദുർബ്ബലയോർവ്വാതേനോദാവൃത്തം ശകൃദ്ബലാ. 49
മൂത്രസ്രോതഃ പ്രപദ്യേത വിഡ്സംസൃഷ്ടം തതോ നരഃ
വിഡ്ഗന്ധം മൂത്രയേൽ കൃച്ഛ്രാദ്വിഡ്വിഘാതം വിനിർദ്ദിശേൽ. 50

46-47 — മൂത്രഗതിയെ തടയുകനിമിത്തം ഉദാവൃത്തനായി ത്തീർന്ന വായു മൂത്രം വന്നുനിറയുന്ന സ്ഥാനമായ വസ്തിയിലും മൂത്രദ്വാരത്തിലും മൂത്രത്തിലും ഉരുണ്ടുനടക്കുകയും മൂത്രം പുറത്തുവിടാതെ ധരിക്കുകയും വസ്തിസ്ഥാനത്തിൽ സ്തംഭനം കനം വേഷ്ടനം കലശലായ വേദന മൂത്രവിഡ്സംഗം എന്ന ഉപദ്രവങ്ങളെ ഉണ്ടാക്കിത്തീർക്കുകയും ചെയ്യും. ഈ രോഗത്തെ വാതകുണ്ഡലിക എന്നാണ് പറയുക *

48-50 — കോപിച്ച വാതകഫങ്ങളാൽ ദുഷ്ടിപ്പിക്കപ്പെട്ട രക്തം കലശലായ വേദനയെ ഉണ്ടാക്കിക്കൊണ്ടു വസ്തിദ്വാരത്തിൽ സ്ഥിതിചെയ്യുകയും അവിടെ മുഴച്ചുനില്ക്കുകയും ആ മുഴയുടെ തടസ്ഥം നിമിത്തം മൂത്രം വിട്ടുവാൻ വളരെ പ്രയാസമായിത്തീരുകയും ചെയ്യും. അതിന്ന് അശ്മരിക്കുള്ളതുപോലെ കഠിനമായ കുത്തിനോവുണ്ടാവുകയും ചെയ്യും. ഈ രോഗത്തെ മൂത്രഗ്രന്ഥി എന്നാണ് പറയുക * അത്യന്തം രൂക്ഷനോ ദുർബ്ബലനോ ആയവന്നു കോപിച്ച വായു മലത്തെ പുറത്തുവിടാതെ സംഗ്രഹിച്ച് ഉദാവൃത്തമാക്കി മൂത്രവാഹിസ്രോതസ്സുകളിൽക്കൂടെ സഞ്ചരിക്കുന്നതായാൽ അപ്പോൾ അവന്റെ മൂത്രം വിഡ്സംസൃഷ്ടമായിത്തീരുകയും ചെയ്യും. അതു നിമിത്തം മൂത്രത്തിന്നു മലത്തിന്റെ ഗന്ധമുണ്ടായിരിക്കുകയും മൂത്രംവിട്ടുവാൻ വളരെ പ്രയാസമായിത്തീരുകയും ചെയ്യും. ഈ രോഗത്തെ വിഡ്വിഘാതമെന്ന പേരുകൂടിയതാണെന്നറിയുകയും വേണം *

ദ്രുതംദ്ധാവനംഘനായാസാദ്ഭിഘാതാൽ പ്രപീഡനാൽ
സ്വസ്ഥാനാദ്വസ്തിരുദ്ധ്വത്തഃ സ്ഥൂലസ്തിഷ്ഠതി ഗർഭവൽ. 51

ശൂലസ്യന്ദനദാഹാർത്തോ വിന്ദും വിന്ദും സ്രവത്യപി
പീഡിതസ്തു സ്രവേദ്ധാരാം സ്തംഭനോദ്വേഷ്ടനാർത്തിമാൻ. 52

വസ്തികുണ്ഡലമാഹുസ്തം ഘോരശസ്ത്രവിഷോപമം
പവനപ്രബലം പ്രായോ ദുർന്നിവാരമബുദ്ധിഭിഃ. 53

തസ്മിൻ പിത്താനുപിതേ ദാഹഃ ശൂലം മൂത്രവിവർണ്ണതാ
ശ്ലേഷ്മണാ ഗൌരവം ശോഫഃ സ്നിഗ്ദ്ധം മൂത്രം ഘനം സിതം. 54

51-53— അതിവേഗത്തിൽ വളരെ വഴി ഇടയ്ക്കു വിശ്രമിക്കാതെ ഒന്നായി നടക്കുക അത്യദ്ധ്വാനം ചെയ്യുക അഭിഘാതം പററുക വസ്തിസ്ഥാനത്തു പിടിച്ചു ഞെക്കുക എന്ന കാരണങ്ങൾ നിമിത്തം വസ്തി അതിന്റെ സ്ഥാനത്തുനിന്നു മറിഞ്ഞു മേൽപ്പോട്ടു കേറി വീത്ത് ഗർഭമുണ്ടായാലെന്നപോലെ വയറുവീപ്പോടുകൂടെ സ്ഥിതിചെയ്യുകയും അപ്പോൾ ശൂലവേദന സ്യന്ദനം ചുട്ടനീറൽ എന്ന ഉപദ്രവങ്ങൾനിമിത്തം കഠിനമായ ദുഃഖവും ഉണ്ടാക്കിത്തീർക്കും. മൂത്രംവീഴുവാനിരുന്നാൽ ഇററിററ വീഴുകയല്ലാതെ ധാരയായി സ്രവിക്കുകയില്ല. വസ്തിസ്ഥാനത്തും മേഹനത്തിലും പിടിച്ചു ഞെക്കിയാൽ ധാരയായി സ്രവിക്കുകയും ചെയ്യും. സ്തംഭനം ഉദ്വേഷ്ടനം വേദന എന്നതുകൾ കലശലായിരിക്കുകയും ചെയ്യും. ഈ രോഗത്തെ വസ്തികുണ്ഡലമെന്നാണ് പറയുക. ഇത് അതിഘോരമായ ശസ്ത്രപാതംപോലെയും വിഷബാധപോലെയും ഭയങ്കരമാണെന്നും ഗ്രഹിക്കണം. ഇതു വാതകോപാധിക്യവും നല്ല അറിവുള്ള വൈദ്യന്മാർ മനസ്സിരുത്തി ചികിത്സിക്കുന്നതായാൽ കൃച്ഛ്രസാദ്ധ്യവും മററുള്ളവർക്കു ദുർന്നിവാരവുമാകുന്നു *

54— ഈ വാതകുണ്ഡലമെന്ന രോഗം പിത്തകോപത്തോടുടിയതാണെങ്കിൽ ചുട്ടനീറൽ ശൂലവേദന മൂത്രത്തിന്നു നിറപ്പകച്ച എന്ന ലക്ഷണങ്ങളുണ്ടാകും. കഫകോപത്തിൽ ഉദരത്തിന്നു കനവും നീരും മൂത്രം സ്നിഗ്ദ്ധമായും ഘനമായും വെളുത്തുമിരിക്കുകയും

ശ്ലേഷ്മരുദ്ധബിലോ വസ്തിഃ പിത്തോദീർണ്ണോ ന സിദ്ധ്യതി
അവിഭ്രാന്തബിലഃ സാദ്ധ്യോ നതുയഃ കുണ്ഡലീകൃതഃ. 55
സ്യാദേഷൈവ കുണ്ഡലീഭൂതേ തൂണ്ണോഹോച്ഛ്വാസ ഏവ ച
ദോഷാധിക്യമവേക്ഷ്യൈതാൻ മൂത്രകൃച്ഛ്രാഹരൈർജ്ജയേൽ. 56
വസ്തിമുത്തരവസ്തിഞ്ച സർവ്വേഷാമേവ യോജയേൽ
പുഷ്പനേത്രഞ്ച ചൈഷാം സ്യാത്സൂക്ഷ്മമൌത്തരവസ്തികം. 57
ജാതീപുഷ്പസ്യ വൃന്തേന സമം ഗോപുച്ഛസംസ്ഥിതം
രൌപ്യം വാ സർപ്പച്ഛിദ്രം ദ്വികർണ്ണം ദ്വാദശാംഗുലം. 58
തേനാജ വസ്തിയുക്തേന സ്നേഹസ്യാർദ്ധപലം നയേൽ

ചെയ്യും*55—വസ്തിദ്വാരത്തിൽ കഫംചെന്ന് അടയുകയും വസ്തി പിത്തോദീർണ്ണവുമായിരുന്നാൽ അത് ഒരിക്കലും സാദ്ധ്യമായി വരുന്നതല്ല. വസ്തിദ്വാരത്തിന്നു പിരിവുവരാതിരിക്കുകയും വസ്തി കിഴതാളംമറിയാതിരിക്കുകയും ചെയ്തതായിരുന്നാൽ അതു സാദ്ധ്യവുമാകുന്നു * 56— വസ്തി കുണ്ഡലീഭൂതമായാൽ— കിഴതാളംമറിഞ്ഞുപോയാൽ ദാഹം മോഹാലസ്യം ശ്വാസംമുട്ടൽ എന്ന ലക്ഷണങ്ങളുണ്ടാകും. ഈ പറഞ്ഞ ഏഴു തരം മൂത്രകൃച്ഛ്രരോഗങ്ങളേയും അറിഞ്ഞ് അതുകളിലെ ദോഷാധിക്യത്തിന്നു തക്കവണ്ണം ചികിത്സിക്കുകയും വേണം *

ആ ചികിത്സാവിധിയെത്തന്നെ വിവരിക്കുന്നു:—57-58— ഏതുതരം വസ്തിവ്യാപത്തിന്നും നിരുഹാനുവാസനത്രുപമായ വസ്തിയും ഉത്തരവസ്തിയും വിധിപ്രകാരം ശീലിപ്പിക്കുന്നതു നല്ലതാകുന്നു. ഉത്തരവസ്തിവിധിയെ ഇവിടെതന്നെ വിവരിക്കുകയും ചെയ്യാം. അതിന്നുള്ള നേത്രത്തെ പുഷ്പനേത്രമെന്നാണ് പറയുക. അതിന്നുള്ള നേത്രം സ്വർണ്ണംകൊണ്ടുണ്ടാക്കിയതായിരിക്കണം. വെള്ളികൊണ്ടായാലും വിരോധമില്ല. അതു വളരെ വണ്ണംകുറഞ്ഞതും എന്നുവെച്ചാൽ പിച്ചകപ്പൂവിന്റെ ഞെട്ടിക്കു തുല്യമായ വണ്ണത്തോടു സമവും ഗോപുച്ഛാകാരവും കടുകിൻമണികൊള്ളത്തക്ക ദ്വാരമുള്ളതും രണ്ടു കർണ്ണികകൾ— കുററികൾ മാത്രമുള്ളതും ഏഴു വിരൽ നീളമുള്ളതും ആട്ടിൻതോൽകൊണ്ടുണ്ടാക്കിയ വസ്തിസഞ്ചിയോടുകൂടിയതുമായി

യഥാവയോവിഭാഗേന സ്നേഹമാത്രാം വികല്പ്യ വാ. 59
സ്നാതസ്യ ഭുക്തഭക്തസ്യ രസേന പയസാപി വാ
സൃഷ്ടവിണ്മൂത്രവേഗേന പീഠേ ജാനുസമേ മൃദൌ. 60
ഋജോഃ സുഖോപവിഷ്ടസ്യ ഹൃഷ്ടേ മേഢ്രേ ഘൃതാനിതേ
ശലാകയാനിഷ്യ ഗതിം യദ്യപ്രതിഹതാ വ്രജേൽ. 61
തതഃ ശേഫപ്രമാണേന വൃഷ്ണനേത്രം പ്രവേശയേൽ
ഗുദേനമൂത്രമാർഗ്ഗേണ പ്രണയേദനുസേവനീം. 62

രിക്കണം. അതുകൊണ്ട് ഒരുവന്ന് — യൌവനയുക്തന്ന് അരപ്പലം സ്നേഹദ്രവ്യം അകത്തു പ്രവേശിപ്പിക്കുകയും വേണം. എന്നാൽ ബാലവൃദ്ധാദികൾക്കു പ്രായത്തിന്ന് അനുസരിച്ചവിധം സ്നേഹമാത്രയെ വികല്പിക്കുകയും വേണം 'ആതുരാംഗുലമാനേന തന്നേത്രം ഭാഗശാംഗുലം । വൃത്തം ഗോപുച്ഛവന്മൂലമദ്ധ്യയോഃ കൃതകണ്ഠികം । സിദ്ധാർത്ഥകപ്രവേശാഗ്രം ശ്ലക്ഷ്ണം ഹേമാദിസംഭവം । കുന്ദാശപമാരസുമനഃപുഷ്പവൃന്തോപമം ദൃഢം । തസ്യ വസ്തിനൃദുലഘുമാത്രം ത്വകതിവികല്പ്യ വാ' എന്ന് അഷ്ടാംഗഹൃദയം *.

ഉത്തരവസ്തിവിധിയെ വിവരിക്കുന്നു: — 60-63 — വിധിപ്രകാരം കുളിച്ച്, നിത്യകർമ്മാദി അവശ്യകർത്തവ്യങ്ങളെ ചെയ്തതിന്നുശേഷം മാംസരസമോ പാലോ കൂട്ടി ഭക്ഷണം കഴിച്ചവനും സൃഷ്ടവിൺമൂത്രവേഗനുമായ ആതുരനെ മുട്ടോളം ഉയരമുള്ള പീഠത്തിന്മേൽ നിവുന്ന് ഇരുത്തുകയും അവന്റെ മേഢ്രത്തിന്മേൽ നെയ്യ് പുരട്ടി ഹർഷിപ്പിക്കുകയും മാർഗ്ഗഗതിയെ ശലാകകടത്തി ഗതിരോധമില്ലെന്നറിഞ്ഞതിന്നുശേഷം ആ ശലാകയെ എടുത്തു മൂത്രപ്രചാരത്തിൽക്കൂടെ മേഢ്രത്തിന്റെ നീളത്തോളം നേത്രത്തെ സേവനിയെ ആശ്രയിച്ച് മുമ്പു ഗുദത്തിൽ വസ്തിയന്ത്രം പ്രവേശിപ്പിക്കുവാൻ പറഞ്ഞ വിധിപ്രകാരം വസ്തിസ്ഥാനംവരെ പ്രവേശിപ്പിച്ചതിന്നുശേഷം വസ്തിപ്രപീഡനം ചെയ്യുകയും വേണം. വേണ്ടേടത്തോളം അകത്തു പ്രവേശിപ്പിക്കാതെ ഞെക്കിയാൽ സ്നേഹം അകത്തു നില്ക്കുകയോ വസ്തികാര്യത്തെ ചെയ്യുകയോ ഇല്ല. അതാണ് ശേഫപ്രമാണേന എന്നു പ്രത്യേകം പറഞ്ഞതെന്നും ഗ്രഹിക്കണം. മേ

ഹിംസ്യാച്ചേസ്തിഗതം വസ്തിം മൂലേ സ്നേഹോ ന ഗച്ഛതി
സുഖം പ്രപീഡ്യ നിഷ്കമ്പം നിഷ്കമ്പേനേത്രമേവ ച. 63
പ്രത്യാഗതേ ദ്വിതീയന്തു തൃതീയം ച പ്രയോജയേൽ
അനാഗച്ഛന്നുപേക്ഷ്യസ്തു രജനീച്ഛുഷിതസ്യ ച. 64
പിപ്പലീലവണാഗാരധൂമപാമാർഗ്ഗസർഷപൈഃ
വാർത്താകുരസനിർഗ്ഗുണ്ഡീശമ്യാകൈഃ സസഹാചരൈഃ. 65
മൂത്രമ്ലപിഷ്ടൈഃ സഗുളൈർവ്വർത്തിം കൃത്വാ പ്രവേശയേൽ
അഗ്രേ ചൂ സർഷപാകാരം പശ്ചാദ്ദ്വൗ മാഷസമ്മിതാം. 66
നേത്രദീർഘാം ഗ്ലൂതാഭ്യക്താം സുകുമാരാമഭംഗുരാം
നേത്രവന്മൂത്രനാഡ്യന്തു പായൌ വാംഗ്ലക്ഷ്യ സമ്മിതാം. 67

ഹനത്തിന്നു പീഡവരാത്തവിധം നേത്രം വേണ്ടുവോളം അകത്തു പ്രവേശിപ്പിക്കുകയും വസ്തി ഞെക്കി സ്നേഹം അകത്തുപ്രവേശിപ്പിക്കുകയും ചെയ്താൽ ആ നേത്രത്തെ ഇളക്കാതെ പതുക്കെ സാവധാനത്തിൽ പുറത്തിടുക്കുകയും വേണം *

64 — ഒരിക്കൽ ചെയ്ത വസ്തിദ്രവ്യം പ്രത്യാഗതമായാൽ — സമ്യഗ്യോഗം വരുന്നതിന്നുമുമ്പെ സ്രവിച്ചുപോയാൽ പിന്നെ രണ്ടോ മൂന്നോ പ്രാവശ്യം കൂടെ വസ്തിചെയ്യാം. ഇത്തരവസ്തിചെയ്ത സ്നേഹം മടങ്ങിവരാത്തപക്ഷം (ഉപദ്രവരഹിതമാണെങ്കിൽ) അവിടെ യാതൊന്നും ചെയ്യേണ്ടതില്ല. എന്നാൽ അന്നേദിവസം മുഴുവൻ മടങ്ങിവരാതിരുന്നാൽ പിറേറദിവസം രാവിലെ, 65-68 — വർത്തിവെച്ച് ആ സ്നേഹദ്രവ്യത്തെ പുറത്തുവരുത്തുകയും വേണം. അതിന്നുള്ള വർത്തിയുണ്ടാക്കുവാൻ, തിപ്പലി ഇന്തുപ്പ് അട്ടക്കരി കടലാടിക്കുരു കടുക് തക്കാരിവഴുതിനക്കുരു നറുംപശ കരുനൊച്ചിയില കണിക്കൊന്ന കരിങ്ങുവഞ്ഞിവേര് ഇവ സമം ഗോമൂത്രവും അമ്ലരസദ്രവ്യങ്ങളും ചേർത്തരച്ചു ശക്കരയുംകൂട്ടി യോജിപ്പിച്ച് അഗ്രത്തിങ്കൽ കടുകിൻമണിയുടെ വലിപ്പവും കടയ്ക്കൽ രണ്ട് ഉഴുന്നിൻമണിയുടെ വണ്ണവുമായി ആ രോഗിക്ക് ഉപയോഗിച്ച നേത്രത്തോളം നീളത്തിൽ വർത്തിയുണ്ടാക്കി ഉണക്കി നല്ല മിനുമിനുപ്പുള്ളതും അഭംഗുരയുമായ ആ വർത്തിയിന്മേൽ നെയ്പുരട്ടി മുമ്പു വസ്തിനേത്രം പ്രവേശിപ്പിക്കുവാൻ പറഞ്ഞതുപോലെ മൂത്രനാഡിയിൽ

സ്നേഹേ പ്രത്യാഗതേ താഭ്യാം സാനുവാസനികോ വിധിഃ
പരിഹാരസ്യ സവ്യാപത്സമ്യഗ്ദത്തസ്യ ലക്ഷണം. 68
സ്ത്രീണാം ചാർത്തവികാലേ തു പ്രതികർമ്മ തദാചരേൽ
ഗർഭാസനാ സുഖാ സ്നേഹം തദാദത്തേ ഹ്യപാവൃതാ. 69
ഗർഭം യോനിസ്തദാ ശീഘ്രം ജിതേ ഗൃണ്ണാതി മാരുതേ
വസ്തിജേഷു വികാരേഷു യോനിവിഭ്രംശജേഷു ച. 70
യോനിശൂലേഷു തീവ്രേഷു യോനിവ്യാപത്സു ചസ്വഗദരേ
അപ്രസ്രവതി മൂത്രേ ച വിഡും വിഡും സ്രവത്യപി. 71

ക്കൂടെയും, പായുവിൽക്കൂടെ മേൽപറഞ്ഞ ഔഷധങ്ങൾകൊണ്ടു പെരുവിൽ വണ്ണത്തിലുള്ള വത്തിയും പ്രയോഗിക്കുക. ഈ വത്തികൾ പ്രയോഗിച്ചാൽ അകത്തു കെട്ടിനില്ക്കുന്ന സ്നേഹം പുറത്തുവരികയും ചെയ്യും. സ്നേഹം പുറത്തുവന്നാൽ പിന്നെ അനുവാസനത്തിന്നു പറഞ്ഞ ചട്ടങ്ങളെ ശീലിപ്പിക്കുകയും വേണം. ഇതു ശീലിക്കുന്നകാലത്തെ പത്ഥ്യാപത്ഥ്യവിഭാഗം, വസ്തിവ്യാപത്തിലക്ഷണം, സമ്യഗ്ദ്ധാഗലക്ഷണം എന്നിത്തുകളും മുമ്പു സ്നേഹവസ്തിക്കു പറഞ്ഞതുപോലെതന്നെയാകുന്നു *

69–73½—ഇൻ വിവരിച്ച കഷായവസ്തിയും സ്നേഹവസ്തിയും സ്ത്രീകൾക്കും പുരുഷന്മാർക്കും ഒരുപോലെതന്നെയാകുന്നു. ഈ ഉത്തരവസ്തി ചെയ്യുന്നതിൽ പുരുഷന്മാർക്കും സ്ത്രീകൾക്കും ചെയ്യുമ്പോൾ നേത്രകർമ്മാദികളിൽ അല്പാല്പമായ വ്യത്യാസമുണ്ട്. അതിൽ ഇതുവരെ പറഞ്ഞ ഉത്തരവസ്തിവിധി പുരുഷന്മാർക്കുള്ളതാകുന്നു. അതിനാൽ ഇനി സ്ത്രീകൾക്കുള്ള വിധികളെ വിശദമായി വിചരിക്കുന്നു:—സ്ത്രീകൾക്ക് ഈ ഉത്തരവസ്തി, ആർത്തവദർശനംമുതൽക്കുള്ള ഏഴു ദിവസമായ ആർത്തവകാലത്താണ് ചെയ്യേണ്ടത്. അതേവിധം ചെയ്യപ്പെട്ട വസ്തിസ്നേഹം ഗർഭാശയത്തിൽ സ്നിഗ്ദ്ധതവരുത്തുകയാൽ ഗർഭത്തിന്റെ നിലനില്പിന്നു വിഘ്നം വരാതിരിക്കുകയും വായുകോപം ശമിക്കുകയാൽ ആവരണരഹിതമായിത്തീർന്ന യോനിക്കു ഗർഭത്തെ—ബീജത്തെ ഗ്രഹിക്കുവാനുള്ള ശക്തിയുണ്ടാകുകയും

വിദ്ധ്യാദുത്തരം വസ്തിം യഥാസ്വൌഷധസംസ്കൃതം
പുഷ്പനേത്രപ്രമാണന്തു പ്രമദാനാം ദശാംഗുലം. 72
മൂത്രസ്രോതഃപരീണാഹം മൂത്രസ്രോതോഽനുവാഹി ച
ഗർഭമാർഗ്ഗേ തു നാരീണാം വിധേയം ചതുരംഗുലം. 73
ദ്ന്യംഗുലം മൂത്രമാർഗ്ഗേ തു ബാലായാസ്തൂപകമംഗുലം

ത്രവസ്തി. സ്ത്രീകൾക്കുണ്ടാകുന്ന ഏതുതരം വസ്തിരോഗത്തിന്നും ഉത്തരവസ്തി വളരെ നല്ലതാകുന്നു. അതേവിധം യോനി സ്ഥാനത്തുനിന്നു തെററുകയാലുണ്ടാകുന്ന രോഗങ്ങൾ അതികഠിനമായ വേദനിഷ്ഠുലം യോനിവ്യാപത്തുകൾ അസൃഗ്ദരം അപപ്രസൂതി—ഗർഭം അലസുക പ്രസവവൈഷമ്യം മുതലായ കാരണങ്ങൾകൊണ്ടുണ്ടായ രോഗങ്ങൾ മൂത്രം സ്രവിക്കാതിരിക്കുക ഏതുസമയത്തും മൂത്രം ഇററിററവീഴുക എന്നിതുകൾക്കെല്ലാം അതാതുരോഗത്തിന്നു പറഞ്ഞ ഔഷധങ്ങൾ ചേർത്തു കാച്ചിയ സ്നേഹദ്രവ്യംകൊണ്ട് ഉത്തരവസ്തി ചെയ്യുന്നതു വളരെ നല്ലതാകുന്നു. സ്ത്രീകൾക്ക് ഉത്തരവസ്തിചെയ്യുവാനുള്ള പുഷ്പനേത്രം ആകെ ൧൦ അംഗുലം നീളമുള്ളതും മൂത്രസ്രോതസ്സിന്റെ പരിണാഹത്തോടു തുല്യമായ പരിണാഹത്തോടുകൂടിയതും മൂത്രസ്രോതസ്സിനെ അനുസരിച്ച ദ്വാരത്തോടുകൂടിയതുമായിരിക്കണം. അതു ഗർഭമാർഗ്ഗത്തിലേക്കു പ്രവേശിപ്പിക്കുമ്പോൾ നേത്രത്തിന്റെ അഗ്രം നാലംഗുലം അകത്തേക്കു പ്രവേശിപ്പിക്കാവുന്നതും മൂത്രമാർഗ്ഗത്തിലാണ് വസ്തിചെയ്യുന്നതെങ്കിൽ രണ്ട് അംഗുലംമാത്രം പ്രവേശിപ്പിക്കാവുന്നതും തരുണാതരജോദർശനയായ ബാലയ്ക്കാണ് വസ്തിചെയ്യുന്നതെങ്കിൽ അവിടെ ഒരംഗുലം മാത്രം പ്രവേശിപ്പിക്കാവുന്നതുമാകുന്നു. 'നേത്രം ദശാംഗുലം മുദ്ഗപ്രവേശം ചതുരംഗുലം। അപത്യമാർഗ്ഗേ യോജ്യം സ്യാൽ ദ്ന്യംഗുലം മൂത്രവർത്മനി। മൂത്രകൃച്ഛ്രാവികാരേഷു ബാലാനാന്തൂപകമംഗുലം' എന്നു വാഗ്ഭടാചാര്യനും പറവുന്നു *

74-77—വസ്തിവിധിയെ വിവരിക്കുന്നു:—പുരുഷന്മാർക്കു പറഞ്ഞതുപോലെ ശുദ്ധിവരുത്തിയവളും ഭക്ഷണംകഴിച്ചവളും വേഗവിസർജ്ജനം ചെയ്യുവളുമായ രോഗിണിയെ—വസ്തിചെയ്യേണ്ടുന്ന

ഉത്താനാന്തരേ ശയാനായാഃ സമ്യക് സംകോച്യ സകഫിനീ. 74
അഥാസ്യാഃ പ്രണയേന്നേത്രമനുവംശഗതം സുഖം
ദ്വിസ്ത്രിശ്ചതുർവ്വാ താം സ്നേഹാനഹോരാത്രേണ യോജയേൽ. 75
വസ്തിം വസ്തൌ പ്രണീതേ ച വസ്തിശ്ചാനന്തരോ ഭവേൽ
ത്രിരാത്രം കർമ്മ കുർവ്വീത സ്നേഹമാത്രാം വിവർദ്ധയേൽ. 76
അനേനൈവ വിധാനേന കർമ്മ കുര്യ്യാൽ പുനസ്ത്രിഹാൽ
അതഃ ശിരോവികാരാണാം കശ്ചിൽ ഭേദഃ പ്രവക്ഷ്യതേ. 77
രക്തപിത്താനിലാ ദുഷ്ടാഃ ശംഖദേശേ വിമൂർച്ഛിതാഃ

വളെ രണ്ടുകാലും മടക്കിവെച്ചു മലത്തിക്കിടത്തിയതിന്നുശേഷം നേത്രത്തെ മൂത്രസ്രോതസ്സിലോ യോനിയിലോ ഏതിലാണ് പ്രണയനം ചെയ്യേണ്ടതെന്നാൽ അവിടെ മുൻപറഞ്ഞ വിധിപ്രകാരം— ൨ അംഗുലമോ ൪ അംഗുലമോ അഥവാ ഒരംഗുലമോ പൃഷ്ഠവംശത്തെ അനുസരിച്ചു സുഖമാകുംവണ്ണം പ്രണയനംചെയ്യുകയും വേണം. ഇതേവിധം ഒരുദിവസം രാവും പകലുംകൂടെ രണ്ടോ മൂന്നോ നാലോ പ്രാവശ്യം സ്നിഗ്ദ്ധതയുടെ സമ്യഗ്യോഗം വരുന്നതുവരെ പ്രയോഗിക്കുകയും ചെയ്യാം. വസ്തിയിൽ വസ്തിയെ— ഉത്തരവസ്തിയെ ചെയ്താൽ ഉടനെ അനന്തരമായ ഒരു വസ്തികൂടെ ചെയ്യണം. ഇങ്ങിനെ മൂന്നുദിവസം സ്നേഹമാത്രയെ അല്പാല്പമായി വർദ്ധിപ്പിക്കുകയും പിന്നെ മൂന്നുദിവസം ആ വർദ്ധിപ്പിച്ച മാത്രയെ അല്പാല്പമായി കുറച്ചു മുൻസ്ഥിതിയിലാക്കിത്തീർക്കുകയും വേണം. ഇതേവിധം ഒരിക്കൽ ആറുദിവസം അടുപ്പിച്ചു ശീലിപ്പിക്കുകയും ചെയ്യാം. ആറുദിവസത്തിലധികം ശീലിക്കുന്നതായാൽ ആ സ്നേഹം സാത്ത്മ്യമായിത്തീരുന്നതും അതുകൊണ്ടു വിശിഷ്ട്യ സ്നിഗ്ദ്ധതവരാത്തതുമാകയാൽ ഒരിക്കൽ ആറുദിവസത്തിലധികം ഉത്തരവസ്തി ശീലിക്കേണ്ടതില്ലെന്നും ഗ്രഹിക്കണം. ഇനി ശിരോവിരേകത്തിന്റെ ഭേദത്തെയും അതിന്നു കാരണഭൂതങ്ങളായ ചില ശിരോരോഗങ്ങളേയും വിവരിക്കാം അതുകളേയും ധരിക്കുക *

78_80— രക്തവും പിത്തവും വായുവും ഏകകാലത്തിൽ കോപിച്ചു ശിരസ്സിനെ പ്രാപിച്ചു ശംഖപ്രദേശത്തിൽ ചെന്നു

തീവ്രരുഗ്ദാഹമാഹം ഹി ശോഫം കുർവ്വന്തി ദാരുണം. 78
സ ശിരോ വിഷവദ്വേഗീ നിരുദ്ധ്യാത്തു ഗളം തഥാ
ത്രിരാത്രം ജീവിതം ഹന്തി ശംഖകോ നാമ നാമതഃ. 79
ജീവേത്ത്രിരഹം ചേദ്ഭൈഷജ്യം പ്രത്യാഖ്യായാസ്യ കാരയേൽ
ശിരോവിരേകസേകാദി സർവ്വം വിസർപ്പവച്ച യൽ. 80
രൂക്ഷാത്യഭ്യശനാൽ പൂർവ്വം വാതാവശ്യായമൈഥുനൈഃ
വേഗസന്ധാരണാദ്യാസവ്യായാമൈഃ കുപിതോ നിലഃ. 81
ശ്ലേഷ്മലസ്സ്വകഫോ ഗാഢം ഗൃഹീത്വാ ശിരസോ നിലഃ
ഗ്രീവാഭ്രൂശംഖപാർശ്വാക്ഷിലലാടാദ്യേ ച വേദനാം. 82

കയും അന്യോന്യസംയോഗംനിമിത്തം അത്യന്തം മൂർച്ഛിക്കുകയും ചെയ്താൽ അതി കലശലായ വേദനയും ചുകപ്പും ചുട്ടുനീറലുമുള്ളതും ഭയങ്കരവുമായ നീരുണ്ടാക്കിത്തീർക്കുകയും ചെയ്യും. ആ നീര് വിഷംവ്യാപിക്കുന്നതുപോലെ അതിവേഗത്തിൽ ശിരസ്സിലംസകലം വ്യാപിക്കുകയും കണ്ഠത്തെ തടയുകയും ചെയ്യും. ശംഖകമെന്നു പ്രസിദ്ധമായ ഈ രോഗം ബാധിച്ചാൽ അതു മൂന്നുദിവസംകൊണ്ടു ജീവനാശംവരുത്തുകയും ചെയ്യും. ഇതു തുടങ്ങിയാൽ ഉടനെ മൂന്നുദിവസവും മനസ്സിരുത്തി ചികിത്സിക്കുന്നതായാൽ ജീവിച്ചു എന്നും വരാം. എന്നാൽ ഈ രോഗത്തിന്നു ചികിത്സിക്കുവാൻ തുടങ്ങുന്നസമയം വൈദ്യൻ ചരിക്കിച്ചുണ്ടാകാമെന്നു മാത്രം പറഞ്ഞു ചികിത്സതുടങ്ങുകയും വേണം. ഇതിന്നുള്ള ചികിത്സ ശിരോവിരേകം ധാര വിസർപ്പരോഗഹിതങ്ങളായ ചികിത്സകൾ എന്നിതുകളെല്ലാമാണെന്നും ഗ്രഹിക്കണം *

81-83— അദ്ധ്യായഭേദകരണത്തെ വിവരിക്കുന്നു:— രൂക്ഷമായ ആഹാരാദിചെയ്തികളെ ശീലിക്കുക അതിയായി അഭ്യശനം ശീലിക്കുക കിഴക്കൻ കാററുകൊള്ളുക മഞ്ഞുകൊള്ളുക അതിമൈഥുനം ചെയ്യുക വേഗസന്ധാരണംചെയ്യുക അതിയായ ശരീരാദ്ധ്വാനം ചെയ്യുക വ്യായാമംചെയ്യുന്നതിൽ അതിയോഗംസംഭവിക്കുക എന്നതുകൾനിമിത്തം കോപിച്ച വായു കേവലനുമോ കഫത്തോടുകൂടിയോ ശിരസ്സിനെ പ്രാപിച്ചു ശിരസ്സിന്റെ പകുതിഭാഗത്തെ ഗ്ര

ശസ്ത്രാശനിനിഭാം കുര്യാത്തീവ്രാം സോദ്ധ്വഭേദകീം .
നയനാം വാഥവാ ശ്രോത്രമതിവൃദ്ധോ വിനാശയേൽ. 83
ചതുഃസ്നേഹാത്തമാം മാത്രാം ശിരഃ കായവിരേചനം
നാഡീസ്വേദോ ഘൃതം ജീർണ്ണം വസ്തികർമ്മാനുവാസനം. 84
ഉപനാഹഃ ശിരോവസ്തിർദ്ദഹനം വാത്ര ശസ്യതേ
പ്രതിശ്യായേ ശിരോരോഗേ യച്ചോദ്ദിഷ്ടം ചികിത്സിതം. 85
സന്ധാരണാദജീർണ്ണാദ്വൈർമ്മസ്തിഷ്കം രക്തമാരുതൌ
ദുഷ്ടൌ ദൂഷ്യയതസ്തൂച്ച ദുഷ്ടം താഭ്യാം വിമൂർച്ഛിതം. 86
സൂര്യോദയാംശുസന്താപാദ്ദുഃഖം വിഷ്യന്ദതേ ശനൈഃ

ഹിച്ച സ്ഥിതിചെയ്യുകയും ശിരസ്സിന്റെ ആ ഭാഗത്തുള്ള മന്യുകൾ പിരികം ശംഖപ്രദേശം ചെവി കണ്ണ് നെറ്റിയുടെ ആ പകുതിഭാഗം ഇവിടങ്ങളിൽ ശസ്ത്രംപ്രയോഗിച്ചതുപോലയോ ഇടിവെട്ടുന്നതുപോലെ തീവ്രമായ വേദനയെ ഉണ്ടാക്കിത്തീർക്കും. ഇതിനെ അർദ്ധാവഭേദകമെന്നാണ് പറയുക. ഇത് അത്യന്തം വർദ്ധിച്ചുപോയാൽ ഏതുരോഗത്താണോ തലവേദനയുള്ളത് ആ ഭാഗത്തെ കണ്ണോ ചെവിയോ ഒന്നു നശിച്ചുപോകയും ചെയ്യും *

84-85— ഘൃതാദിയായ ചതുഃസ്നേഹങ്ങളുംകൂട്ടി ഉത്തമമാത്രയിൽ ശീലിക്കുക ശിരോവിരേകവും കായവിരേകവും ചെയ്യുക നാഡീസ്വേദം ശീലിക്കുക പഴയ നെയ്യ് പാനാഭ്യംഗങ്ങൾക്കുപയോഗിക്കുക കഷായവസ്തി സ്നേഹവസ്തി ഉപനാഹസ്വേദം ശിരോവസ്തി എന്നിതുകളെ ശീലിക്കുക ഇതെല്ലാം നല്ലതാകുന്നു. ഇതുകൊണ്ടൊന്നും ശമിക്കാത്തപക്ഷം ചൂടുവെക്കുന്നതും നല്ലതാണ്. അതേവിധം മുമ്പു പ്രതിശ്യായത്തിന്നും ശിരോരോഗത്തിന്നും പറഞ്ഞ ചികിത്സകളെല്ലാം ചെയ്യുന്നതും അർദ്ധാവഭേദകശമനത്തിന്നു ഹിതംതന്നെയാകുന്നു *

86-88— സൂര്യാവർത്തരോഗത്തെ വിവരിക്കുന്നു:— പ്രവർത്തമാനങ്ങളായ വേഗങ്ങളെ പുറത്തുവിടാതെ ധരിക്കുക അജീർണ്ണം ബാധിക്കുക മുതലായ കാരണംനിമിത്തം കോപിച്ച രക്തവും വാതവും കൂടെ മസ്തിഷ്കത്തെ (തലച്ചോറിനെ) പ്രാപിച്ച് അതി

ഗതേ ദിനേ ശിരശ്ശൂലം ദിനവൃദ്ധ്യാ ച വർദ്ധതേ. 87
ദിനക്ഷയേ തതഃ സൂര്യാനേ മസ്തിഷ്കേ സംപ്രശാമ്യതി
സൂര്യാവർത്തഃ സ ഏവ സ്യാൽ, സർപ്പിരൌത്തരഭക്തികം. 88
ശിരഃ കായവിരേകൌ ച മൂർദ്ധ്നാ ച സ്നേഹധാരണം
ജാംഗലൈരുപനാഹശ്ച ഘൃതക്ഷീരൈശ്ച സേചനം. 89
ബഹിതിത്തിരിലപാദിശൃതം ക്ഷീരോത്ഥിതം ഘൃതം
നാവനം ജീവനീയാഷ്ടഗണക്ഷീരോപസാധിതം. 90
ഉപവാസാദിഃശാകാതിരൂക്ഷശീതാല്പഭോജനൈഃ

നെ ദുഷിപ്പിക്കുകയും രക്തവാതങ്ങളാൽ ദൂഷിതമായ ആ മസ്തിഷ്കം കണക്കിലധികം വർദ്ധിക്കുകയും സൂര്യോദയംമുതൽ സൂര്യരശ്മിസംപർക്കം ഹേതുവായി ഉരുകി ക്രമേണ ശിരസ്സിൽനിന്നു കീഴോട്ടു വീഴുകയും ക്രമേണ വർദ്ധിക്കുന്നതായ തലവേദനയെ ഉണ്ടാക്കുകയും ചെയ്യും. സൂര്യൻ അസ്തമിച്ചാൽ മസ്തിഷ്കം ഉറയ്ക്കുന്നതാകയാൽ അസഹ്യത ശമിക്കുകയും സൂര്യരശ്മിക്കു ശക്തികൂടുന്നസമയം വേദന ദുസ്സഹമായിരിക്കുകയും ചെയ്യും. ഈ രോഗത്തെ സൂര്യാവർത്തമെന്നാണ് പറയുക *

89-90— ഇതേവിധമുള്ള സൂര്യാവർത്തം സംഭവിച്ചാൽ ഉത്തരഭക്തികമായി— ഭക്ഷണംകഴിച്ചതിന്റെ മീതെ നെയ്യുസേവിക്കുകയും ശിരഃ കായവിരേകങ്ങളെ ശീലിക്കുകയും മൂർദ്ധാവിൽ അഭ്യംഗാദിവിധിപ്രകാരം സ്നേഹദ്രവ്യത്തെ ധരിക്കുകയും ജാംഗലമാംസം കൊണ്ട് ഉപനാഹസേചനം ശീലിക്കുകയും നെയ്യുകൊണ്ടും പാലുകൊണ്ടും ധാരചെയ്യുകയും മയിൽ തിത്തിരിപ്പുള്ള് വെള്ളിപ്പക്ഷി എന്നിതുകളുടെ മാംസംചേർത്തു കാച്ചിയ പാൽ കടഞ്ഞെടുത്ത ഘൃതം ജീവനീയഗണം കല്ക്കമായി എട്ടിരട്ടി പാലുംചേർത്തു കാച്ചി അതുകൊണ്ടു വിധിപ്രകാരം നസ്യംചെയ്യുകയും വേണം. നസ്യവിധി അടുത്തു വിവരിക്കുകയും ചെയ്യും *

91-92½— ഉപവാസംശീലിക്കുക അതികലശലായി ദുഃഖിക്കുക വേണ്ടതിലധികം രൂക്ഷതവരിക രൂക്ഷമായും അത്യല്പമാത്രമായുമുള്ള ആഹാരത്തെ ശീലിക്കുക എന്ന കാരണങ്ങൾനിമിത്തം ദുഷി

ദുഷ്ടാ ദോഷാസ്ത്രയോ മന്യാം പശ്ചാദ്ധാടേ തു വേദനാം. 91
തീവ്രാം കുർവ്വന്തി നാസാക്ഷിഭ്രൂശംഖേഷ്വവതിഷ്ഠതേ
സ്പന്ദനം ഗണ്ഡപാർശ്വസ്യ നേത്രരാഗം ഹനുഗ്രഹം. 92
സോഽനന്തവാതസ്തം ഹന്യാച്ഛിരോക്കാവർത്തനാശനൈഃ
വാതാ ത്രുക്ഷാദിഭിഃ ക്രുദ്ധഃ ശിരഃകമ്പമുദീരയേൽ. 93
തത്രാമൃതാബലാരാസ്നാമഹാശ്വേതാശ്വഗന്ധകൈഃ
സ്നേഹസ്വേദാദി വാതഘ്നം ശസ്തം നസ്യഞ്ച തർപ്പണം. 94
നസ്യകർമ്മ ച കുർവ്വീത ശിരോരോഗേഷ്വസൂക്ഷ്മവിൽ

ച്ച ദോഷങ്ങൾ സന്നിവാതരൂപമായി മന്യകളേയും പിൻഭാഗത്തുള്ള ഹാടകങ്ങളേയും പ്രാപിച്ച് അതി കലശലായ തലവേദനയെ ഉണ്ടാക്കിത്തീർക്കുകയും അതുകൾ മൂക്ക് കണ്ണ് പുരികക്കൊടി ശംഖപ്രദേശം എന്നിവിടങ്ങളിൽ സ്ഥിതിചെയ്യുകൊണ്ടു രണ്ടു കവിൾ തടങ്ങളിലും വിറയൽ കണ്ണിന്നു ചുകപ്പ് ഹനുഗ്രഹം എന്ന ഉപദ്രങ്ങളെ ഉണ്ടാക്കിത്തീർക്കുകയും ചെയ്യും. ഈ രോഗത്തെ അനന്തവാതമെന്നാണ് പറയുക. അതിന്ന് ശിരോരോഗത്തിന്നും സൂര്യാവർത്തത്തിന്നും പറഞ്ഞ ചികിത്സകളെല്ലാം ചെയ്യുകയും വേണം *

93-94—വായു കോപിക്കുവാൻ കാരണഭൂതങ്ങളായ ത്രുക്ഷാദിചവ്യങ്ങളെ ശീലിക്കുകനിമിത്തം കോപിച്ച വാതം തലയ്ക്കു വിറയലിനെ ഉണ്ടാക്കിത്തീർക്കും. അതിനെ ശിരഃകമ്പമെന്നാണ് പറയുക. അതുണ്ടായാൽ, ചിററമൃത് കുറുന്തോട്ടിവേര് അരത്ത പാൽമുതുക്കിൻകിഴങ്ങ് അമുക്കുരം ഇതുകൾ ചേർത്തുകാച്ചിയ സ്നേഹദ്രവ്യം ശീലിക്കുകയും ഇതുകൾകൊണ്ടു സ്വേദിപ്പിക്കുകയും വാതഹരങ്ങളായ മററുചികിത്സകൾ ചെയ്യുകയും തർപ്പണനസ്യം ശീലിക്കുകയും നല്ലതാകുന്നു. *

95—ഏതുതരം ശിരോരോഗത്തിന്നും—ജതൃൂർദ്ധ്വജങ്ങളായ രോഗങ്ങൾക്കെല്ലാം സൂക്ഷ്മവിതനായ വൈദ്യൻ നസ്യം ശീലിപ്പിക്കണം. ശിരസ്സിലേക്ക് ഔഷധാദികളെ പ്രവേശിപ്പിക്കുവാനുള്ള പ്രധാനദ്വാരം നാസികയാകുന്നു. അതിൽക്കൂടെ ഔഷധം പ്രയോഗിച്ചാൽ അതു ശിരസ്സിൽ പ്രാപിക്കുകയും അവിടെവെച്ചു കോപിച്ച ദോഷങ്ങളെ ശമിപ്പിക്കുകയും അതുകൾ നിമിത്തം സംഭവിച്ച

ചോരം ഹി ശിരസാ നാസാ തേന തദ്ധ്യാപ്യ ഹന്തി താൻ 95
നാവനം ചാവചീഡശ്ച ഭ്രാപനം ധൂമ ഏവ ച
പ്രതിമർശ്ശ വിജ്ഞേയോ നസ്യകർമ്മ തു പഞ്ചധാ. 96
സ്നേഹനഃ ശമനശ്ചൈവ ദ്വിവിധം നാവനം സ്മൃതം
ശോധനഃ സ്യാദ്ഭേദശ്ച സ്യാദവചീഡോ ദ്വിധാ മതഃ. 97
ചൂർണ്ണ സ്യാദ്ഭ്രാപനം നാമ ദേഹസ്രോതോവിശോധനം
വിജ്ഞേയസ്ത്രിവിധോ ധൂമഃ പ്രാഗ്ഭക്തഃ ശമനാദികഃ. 98
പ്രതിമർശോ ഭവേൽ സ്നേഹോ നിർദ്ദോഷ ഉഭയാത്മകൽ

രോഗങ്ങളെ നിശ്ശേഷം നശിപ്പിക്കുകയും ചെയ്യും.* 93—മൂക്കിൽ കൂടെ ചെയ്യുന്ന ഔഷധപ്രയോഗം, നാവനം, അവചീഡം, ഭ്രാപനം, ധൂമം, പ്രതിമർശമെന്ന് അഞ്ചുവിധമാകുന്നു. ഇതിൽ നാവനമെന്നതു സ്നേഹരസാദികൾ നാഡികളിൽ ഒററിച്ച് ഊതികേറുന്നതും, അവചീഡമെന്നതു വസ്തിപോലെ തെക്കികേറുന്നതും, ചൂർണ്ണമെന്നത് ഔഷധം പൊടിച്ചു മൂക്കിൽ വലിക്കുന്നതും, ധൂമമെന്നതു പുകവലിക്കുന്നതും, പ്രതിമർശമെന്നതു സൌമ്യങ്ങളായ ഔഷധങ്ങൾ കുറഞ്ഞമാത്രയിൽ ശീലിക്കുന്നതുമാണെന്നും ഗ്രഹിക്കണം. ഇതുകളുടെ സ്വഭാവം അനുപദംതന്നെ വിവരിക്കുകയും ചെയ്യും *

97-99—ഈപറഞ്ഞ ഈ തരം നസ്യകർമ്മങ്ങളിൽ ഒന്നാമത്തേതായ നാവനം സ്നേഹനമെന്നും ശമനമെന്നും രണ്ടുതരത്തിലാകുന്നു അവചീഡമെന്നത് ശോധനമെന്നും സ്തംഭനമെന്നും രണ്ടുതരത്തിലായിരിക്കും. ചൂർണ്ണപ്രയോഗമെന്നതു ഭ്രാപനമാകുന്നു അതു ശരീരസ്രോതസ്സുകൾക്കെല്ലാം ശുദ്ധിയെ വരുത്തുന്നതുമാണ്. ധൂമം ശമനാദി—ശമനം സ്നേഹനം ശോധനം,എന്നു മൂന്നു ഗുണങ്ങളോടുകൂടിയതാണെന്നു മുമ്പു സൂത്രസ്ഥാനത്തിൽതന്നെപറഞ്ഞിട്ടുമുണ്ടല്ലൊ. പ്രതിമർശമെന്ന നസ്യകർമ്മം സ്നിഗ്ദ്ധവും ദോഷരഹിതവും സ്നേഹനശോധനങ്ങളായ രണ്ടു കർമ്മങ്ങളേയും ചെയ്യുന്നതുമാകുന്നു. ഇങ്ങിനെയാണ് നസ്യം അഞ്ചുപ്രകാരമെന്നു പറഞ്ഞതിൻെറ വിഭാഗം. ഇതിൽ രേചനമെന്നും തർപ്പണമെന്നും രണ്ടു ഭേദങ്ങളുണ്ട്.

ഏവം തദ്രേചനം കർമ്മ തർപ്പണം ശമനം ദ്വിധം. 99
സ്തംഭസുപ്തിഗുരുത്വാദ്യാഃ ശ്ലേഷ്മികാ യേ ശിരോഗദാഃ
ശിരസോ രേചനം തേഷു നസ്യം കർമ്മ പ്രശസ്യതേ. 100
യേ ച വാതാത്മകാ രോഗാഃ ശിരഃകമ്പാദ്യാദയോ
ശിരസസ്തർപ്പണം തേഷു ശമനം നസ്യമിഷ്യതേ. 101
ധൂമപാനം ധൂമപാനഞ്ച യഥാദോഷാദ്യേഷു ശസ്യതേ
ദോഷാദികം സമീക്ഷ്യൈവ ഭിഷക് സമ്യക്കു കാരയേൽ. 102
ഫലാദിഭേഷജം പ്രോക്തം ശിരസസ്തു യദ്വിരേചനം
തച്ചൂർണ്ണം കല്പയേത്തേന പചേൽ സ്നേഹം വിരേചനം 103
യദുക്തം മധുരസ്കന്ധേ ഭേഷജം തേന തർപ്പണം

അതിൽ തർപ്പണമെന്നത്, തർപ്പണം ശമനം എന്നിങ്ങിനെ രണ്ടുതരത്തിലായിരിക്കുകയും ചെയ്യും.*

100—ഇതിൽ രേചനമായ നസ്യം, സ്തംഭനം തരിപ്പ് തുടങ്ങുകനം മുതലായി കഫകോപംനിമിത്തമുണ്ടായ ശിരോരോഗങ്ങൾക്കെല്ലാം ഹിതമാകുന്നു. വാതകോപംനിമിത്തമുണ്ടായ ശിരഃകമ്പം അർദ്ദിതം മുതലായ ഊർദ്ധ്വാംഗവ്യാധികൾക്കെല്ലാം തർപ്പണമായും ശമനമായുമുള്ള നസ്യമാണ് ശീലിപ്പിക്കേണ്ടത് *

101—ശുദ്ധവാതകോപജങ്ങളായ ശിരഃകമ്പം അർദ്ദിതം തുടങ്ങിയുള്ള ഊർദ്ധ്വാംഗരോഗങ്ങൾക്കു ശിരസ്സിന്നു തർപ്പണമായും ദോഷശമനമായുമിരിക്കുന്ന നസ്യം പ്രയോഗിക്കണം. 102—പൊടിവലിക്കുകയും പുകവലിക്കുകയുമായ മാറ രണ്ടുതരം നസ്യകർമ്മങ്ങളും അതാതിന്നു പറഞ്ഞ രോഗങ്ങളുള്ളവർക്ക്—ധൂമപാനവിധിയിൽ പറഞ്ഞ രോഗികൾക്കുതന്നെ ചെയ്യുകയും വേണം. ഈ പറഞ്ഞ രോഗങ്ങളിൽതന്നെ വൈദ്യൻ അതാതിലെ ദോഷകോപസ്വഭാവത്തെ നോക്കി അറിഞ്ഞ് അതാതിന്ന് അനുരൂപമായ നസ്യങ്ങളെ ശീലിപ്പിക്കുകയും വേണം *

103-104—മലംകാരസ്സ മുതലായ വിരേചനദ്രവ്യങ്ങളും സൂത്രസ്ഥാനം ൪-ാമദ്ധ്യായത്തിൽ പറഞ്ഞ ശിരോവിരേചനോപഗങ്ങളായ ജ്യോതിഷ്മത്യാദിവർഗ്ഗൌഷധങ്ങളുംകൂട്ടി ചതച്ചിട്ടുപൊടിയും അതുകൾ ചേർത്തുകാച്ചിയ സ്നേഹദ്രവ്യവും നസ്യത്തിന്നുപയോ

സാധയിത്വാ ഭിഷക് സ്നേഹം നസ്യം കുര്യാദ്വിധാനവിൽ 104
പ്രാക്സൂര്യേ മദ്ധ്യസൂര്യേ വാ കുര്യാത്തർപ്പണമേവ ച
ഉത്താനസ്യ മാനസ്യാച്ഛയാനേ സ്വസ്ഥാതേ സുഖം. 105
പ്രലംബശിരസഃ കിഞ്ചിൽ കിഞ്ചിൽ പാദോന്നതസ്യ ച
ദ്വ്യാന്നാസാപുടേ സ്നേഹം തർപ്പണം ബുദ്ധിമാൻ ഭിഷക്. 106
അനവാക്ശിരസോ നസ്യം ന ശിരഃ പ്രതിപദ്യതേ
അത്യവാക്ശിരസോ നസ്യം മസ്തുലുംഗേ ച തിഷ്ഠതേ. 107
അത ഏവ ശയാനസ്യ ശുദ്ധ്യർത്ഥം സേചയേച്ഛിരഃ
സംസേച്യ നാസാമുന്നാദ്യ വാമേനാംഗുഷ്ഠപർവ്വണാ. 108
ഹസ്തേന ക്ഷിണേനാഥ ദ്വ്യാദുഭയതഃ സമം

ഗിക്കുന്നതു വിരേചനമാകുന്നു. സൂത്രസ്ഥാനത്തിൽ ഔഷധഗുണങ്ങളെ പറയുന്നദിക്കിൽ ഇന്നിന്ന ഔഷധങ്ങൾ മധുരരസപ്രധാനങ്ങളാണെന്നു പറഞ്ഞിരിക്കുന്നുവോ ആ ഔഷധങ്ങൾ ചേർത്തുകാച്ചിയ സ്നേഹദ്രവ്യംകൊണ്ടു നസ്യംചെയ്യുന്നതു തർപ്പണവുമാകുന്നു എന്ന് വിധാനവിത്തായ വൈദ്യൻ ഗ്രഹിച്ചിരിക്കുകയും വേണം*

നസ്യവിധിയെ വിചരിക്കുന്നു:—105-109— തർപ്പണമായ നസ്യം പ്രാഹ്നകാലത്തോ മദ്ധ്യാഹ്നകാലത്തോ ആണ് ചെയ്യേണ്ടത്. അതിന്, നല്ലവണ്ണം വിരിച്ച തെയ്യാറാക്കിയതും തലയ്ക്കൽ അല്പം താണതും കാൽഭാഗത്തു തലയിണവെച്ചതുമായ ശയ്യാതലത്തിൽ നസ്യം ചെയ്യേണ്ടുന്നവനെ മലർത്തികിടത്തി നസ്യത്തിനുള്ള സ്നേഹം അവന്റെ മൂക്കിൽക്കൂടെ ശിരസ്സിലേക്കു കയറാണം. തല അല്പം താഴ്ത്തിവെച്ചു കിടത്താതിരുന്നാൽ നസ്യദ്രവ്യം ശിരസ്സിലേക്കു കയറുകയില്ല. തല അധികം താഴ്ത്തിവെച്ചു നസ്യം ചെയ്താൽ ആ ദ്രവ്യം തലച്ചോറിൽചെന്നു പററിനിന്നുപോകയും ചെയ്യും. അതിനാൽ തല വളരെ താഴാതേയും ശരീരത്തെക്കാൾ ലേശം പോലും പൊക്കാതേയും വെച്ചു കിടക്കണം. ഇതേവിധം കിടത്തിയാൽ പിന്നെ അവന്റെ തല അല്പമൊന്നു ചെരിപ്പിക്കണം. അങ്ങിനെ ചെയ്യുന്നത് നസ്യംകൊണ്ടു ശിരസ്സിന്നു ചേണ്ടുടത്തോളം ശുദ്ധിവരുവാൻ വേണ്ടിയാകുന്നു. ഇതേവിധം ചെരിപ്പിച്ചതിന്നുശേഷം വൈദ്യൻ തന്റെ ഇടത്തെകയ്യിന്റെ അം

പ്രനാഡ്യാം പിചുനാ വംചി നസ്യഃ സ്നേഹം യഥാവിധി. 109
കൃതേ ച സ്വേദിതേ ഭൂയ ആകർഷേച്ച പുനഃ പുനഃ
തൽ സ്നേഹം ശ്ലേഷ്മണാ സാദ്ധം തഥാ സ്നേഹോ ന തിഷ്ഠതി. 110
സ്വേദേനോൽക്ലേശിതശ്ലേഷ്മാ നസ്യകർമ്മണ്യുപസ്ഥിതഃ
ഭൂയഃ സ്നേഹസ്യ ശൈത്യേന ശിരസി സ്യാദ്യതേ തതഃ. 111
ശ്രോത്രമന്യാംഗളാദ്യേഷു വികാരായ സ കല്പതേ
തതോ നസ്യഃ കൃതേ ധൂമം പിബേൽ കഫവിനാശനം. 112

ഉഷ്ണപർവ്വംകൊണ്ട് അവൻെറ മൂക്ക വികസിപ്പിച്ച പിടിച്ച് വ
ലത്തെകൈകൊണ്ടു രണ്ടുമൂക്കിലും സമം—ഇടതാമസംകൂടാതെ
കുഴലുകൊണ്ടോ ശീലകൊണ്ടോ നസ്യദ്രവ്യത്തെ വിധിപ്രകാരം
നിധാനം ചെയ്യുകയും വേണം. 'സ്നിഗ്ധസ്വിന്നോത്തമാംഗസ്യ
പ്രകൃതാവശ്യകസ്യ ച । നിവാതശയനസ്ഥസ്യ ജൃംഭ്ഭാം സേ
ദയേൽ പുനഃ । അഥോത്താനജ്ഞുഃമേഹസ്യ പാണിപാദേ പ്രസാ
രിതേ । നാസാപുടം വിധാതൈകം പര്യായേണനിഷേചയേൽ ।
ഉഷ്ണാംബുനാ ചൈവ ഭൈഷജ്യം പ്രനാഡ്യാപിചുനാഥവാ' എന്ന് അ
ഷ്ടാംഗഹൃദയം *

110—ഇതേവിധംനസ്യം ചെയ്യാൽ പിന്നെ നസ്യം ചെയ്യു
ന്നതിന്നുമുമ്പെ സേദിപ്പിച്ചതുപോലെ അല്പമൊന്നു വിയർപ്പിക്ക
കയും ആ സ്നേഹത്തെ കഫത്തോടുകൂടെ പുറത്തുവരത്തക്ക ശക്തി
യിൽ കാക്കവലിച്ചു തുപ്പുകയും വേണം. ഇങ്ങിനെ ചെയ്യാൽ ആ
ദ്രവ്യം ശിരസ്സിൽ കെട്ടിനിൽക്കുകയുമില്ല * 111—നസ്യംചെയ്യുതി
ന്നുശേഷം സേദിപ്പിക്കാതിരുന്നാൽ, നസ്യം ചെയ്യുന്നതിന്നുമു
മ്പെ സേദിപ്പിക്കുകനിമിത്തം ക്ലേശിതമായ—അയഞ്ഞതായ ക
ഫം നസ്യംചെയ്യുന്നസമയം നാസാദ്വാരത്തിന്നടുത്തുനില്ക്കുകയും
പിന്നെ സ്നേഹസംപർക്കം വരുമ്പോൾ സ്നേഹശൈത്യംനിമിത്തം ശി
രസ്സിൽതന്നെ ഉറച്ചുകൂടുകയും ചെയ്യും* 112—ഇതേവിധം ഉറച്ച
നിന്നുപോയാൽ അത് ശ്രോത്രം മന്യ ഗളം മുതലായ ഊർദ്ധ്വഭാഗം
വയവങ്ങളിലെല്ലാം വികാരത്തെ ഉണ്ടാക്കിത്തീർക്കുകയും ചെയ്യും.
അതു വരാതിരിക്കുവാൻവേണ്ടി നസ്യാനന്തരം കഫഹരമായ ധൂമ

ഹിതാന്നഭുഗ്ദ്ദിവാതോഷ്ണസേവീ സ്യാന്നിയതേന്ദ്രിയഃ
വിരേചനോപചീഡസ്യ കുര്യ്യാൽ പ്രഭ്ലാപനസ്യ ച. 113
ഷഡംഗുല്യാഥവാ നാഡ്യാ ധമേച്ചൂർണ്ണം മുഖേന വാ
വിരിക്തശിരസം തൂർണ്ണം പായയിത്വാംബു ഭോജയേൽ. 114
ലഘു ത്രിഷ്ണ വിരുദ്ധഞ്ച നിവാതസ്ഥമതന്ദ്രിതഃ
വിരേകസ്തുദ്ദ്യൗ ദോഷസ്യ കോപനം യസ്യ സേവതേ. 115
സ ദോഷോ വിചരംസ്തത്ര കരോതി സ്വാൻ ഗദാൻ ബഹ്വൻ
യഥാസ്വം വിഹിതം തേഷു ക്രിയാം കുര്യ്യാദ്വിചക്ഷണഃ. 116

ത്തെ പാനംചെയ്യുകയും വേണം * 113—ഈ പറഞ്ഞ വിധി പ്രകാരം വമ്യ്യ ശീലിച്ചാൽ പിന്നെ പത്ഥ്യമായ അന്നത്തെ ഭക്ഷിക്കുകയും കാറ്റേൽക്കാത്ത ഉള്ളറയിൽ ഉഷ്ണസ്വഭാവങ്ങളായ ശയനാസ്തരണാദികളെ സേവിക്കുകയും ജിതേന്ദ്രിയനായിരിക്കുകയും വേണം. ഇതാണ് അവപീഡമെന്നും പ്രഭ്ലാപനമെന്നും പറഞ്ഞ രണ്ടുതരം നസ്യങ്ങൾക്കുള്ള വിധി എന്നും ഗ്രഹിക്കണം *

114-116—ചൂർണ്ണപ്രയോഗമായ നസ്യവിധിയിൽ പൊടി ആറ് അംഗുലം നീളമുള്ള കുഴലിലാക്കി മൂക്കിൽക്കൂടെ വലിച്ചു കയറ്റുകയാണ് ചെയ്യേണ്ടത്. ഇതു വായിൽക്കൂടെ വലിച്ചും ശിരോവിരേചനം ചെയ്യാം. ചൂർണ്ണനസ്യംചെയ്തു മൂർദ്ധാവിലെ കഫമെല്ലാം പുറത്തുപോയാൽ പിന്നെ ക്ഷണത്തിൽ സുഖോഷ്ണമായ വെള്ളം കുടിപ്പിച്ചതിന്നുശേഷം ലഘുവായും മൂന്നുദോഷങ്ങളേയും കോപിപ്പിക്കാത്തതുമായ ആഹാരത്തെ കൊടുത്തു കാറ്റേൽക്കാത്ത സ്ഥലത്തിരുത്തുകയും അവന്റെ ചെയ്തികളിൽ മനസ്സിരുത്തുകയും വേണം. ശിരോവിരേകം ശീലിക്കുന്നസമയം ഏതെങ്കിലും ഒരു ദോഷത്തെ കോപിപ്പിക്കുന്നതായ ചെയ്തിയെ ശീലിച്ചുപോയാൽ ആ ദോഷം ക്ഷണത്തിൽ കോപിക്കുകയും അതാതിന്നു പറഞ്ഞ രോഗങ്ങളിൽ പലതിനേയും ഉണ്ടാക്കിത്തീർക്കുകയും ചെയ്യും. ഇതേവിധം സംഭവിച്ചുപോയാൽ വിചക്ഷണൻ—സമർത്ഥനായ വൈദ്യൻ അതാതുകൾക്കുള്ള ചികിത്സകൾ ചെയ്തു ആവക ഉപദ്രവങ്ങളെ ക്ഷണത്തിൽ ശമിപ്പിക്കുകയും വേണം *

അകാലകൃതജാതാനാം രോഗാണാമനുരൂപതഃ
അജീർണ്ണേ ഭോജനം ഭുക്തേ തോയപീതേഥ ദുർദ്ദിനേ. 117
പ്രതിശ്യായേ നവേ സ്നാനേ സ്നേഹപാനേനുവാസനേ
നാവനം സ്നേഹനം രോഗാൻ കരോതി ശ്ലൈഷ്മികാൻ ബഹ്വൻ.
തത്ര ശ്ലേഷ്മഹരഃ സർവ്വസ്തീക്ഷ്ണോഷ്ണാദിവിധിർഹിതഃ
ക്ഷാമേ വിരേചനോ ഗർഭ്യായാമാഭിഹതേഷ്വപി. 119
വാതോ രൂക്ഷേണ നസ്യേന ക്രുദ്ധഃ സ്യാജ്ജനയേദ്ദ്രുതാൻ
തത്ര വാതഹരഃ സർവ്വോ വിധിഃ സ്നേഹനബൃംഹണഃ. 120
സേചനാദിഃ സ്യാൽ ഘൃതം ക്ഷീരം ഗർഭിണ്യാസ്തു വിശേഷതഃ

117-118—നസ്യംചെയ്യാവുന്ന സമയത്തല്ലാതെ ചെയ്യുക നിമിത്തമുണ്ടാകുന്ന രോഗങ്ങൾക്കും ഇതേമാതിരി അപ്പുഴപ്പോലെ തന്നെ അനുരൂപമായ ചികിത്സചെയ്യണം. അജീർണ്ണം ബാധിച്ചസമയം ഭക്ഷണംകഴിച്ചുടനെ വെള്ളംകുടിച്ചു ഉടനെ ദുർദ്ദിനം ജലദോഷമുള്ളകാലം കുളിച്ചസമയം സ്നേഹപാനമോ സ്നേഹവസ്തിയോ ശീലിച്ചസമയം ഈ കാലങ്ങളിലെല്ലാം സ്നേഹനമായ നസ്യം ചെയ്യാൽ അതു കഫദോഷജങ്ങളായ അനേകം രോഗങ്ങളെ ഉണ്ടാക്കിത്തീർക്കും. അവിടെ കഫഹരങ്ങളും തീക്ഷ്ണങ്ങളും ഉഷ്ണങ്ങളുമായ എല്ലാ വിധികളും ഹിതങ്ങളാകുന്നു *

119-120—സ്വതേ ക്ഷാമനായിട്ടുള്ളവൻ അല്ലെങ്കിൽ കാർശ്യം ബാധിച്ചവൻ വിരേകം ശീലിച്ചവൻ ഗർഭിണി വ്യായാമം ശീലിക്കുന്നവൻ അഭിഘാതം പററിയവൻ ഇവർക്കാർക്കും നസ്യംചെയ്യരുത്. ഇതേവിധമുള്ളവർക്കു രൂക്ഷമായ നസ്യം ചെയ്യാൽ വായു കോപിക്കുകയും മഹാരോഗാദ്ധ്യായത്തിൽ വിവരിച്ചവാതവികാരങ്ങളെ ഉണ്ടാക്കിത്തീർക്കുകയും ചെയ്യും. അവിടെ സ്നേഹനമായും ബൃംഹണമായും വാതത്തിന്നു ഹിതമായുമുള്ള എല്ലാ ചികിത്സകളും ചെയ്യുകയും വേണം*121—ഗർഭിണിക്കു നസ്യംചെയ്യാൽ അതുനിമിത്തമുണ്ടാകുന്ന വ്യാപത്തിന്ന് ആദ്യമായി അല്പമൊന്നു വിയർപ്പിക്കുകയും പിന്നെ നെയ്യും പാലും ശീലിപ്പിക്കുകയും വളരെ നല്ലതാകുന്നു. പററി നിമിത്തമോ ശോകംനിമിത്തമോ അഭിതപ്തന്മാരും മദ്യപാനം ചെ

ജ്വരശോകാഭിതപ്താനാം തിമിരം മദ്ദ്യപസ്യ ച. 121
ത്രുക്ഷൈഃ സേകാഞ്ജനൈർല്ലേപൈഃ പുടപാകൈശ്ച ശോധയേൽ
തേന ജ്വരാദയസ്തത്ര പ്രശമം യാന്തി തസ്യ തു. 122
സ്നേഹനം ശോധനഞ്ചൈവ ദ്വിവിധം നസ്യമുച്യതേ
പ്രതിമർശ്ശ നസ്യാർത്ഥം കരോതി ന ച ദോഷവാൻ. 123
നസ്യഃ സ്നേഹാംഗുലിം ദ്ദ്യാൽ പ്രാതർന്നിശി ച സർവ്വദാ
ന ചോച്ഛിംഷേദരോഗാണാം പ്രതിമർശഃ സ ദേഷ്യകൃൽ. 124

തത്ര ശ്ലോകൌ.

ത്രീണി യസ്മാൽ പ്രധാനാനി മർമ്മാണ്യഭിഹതേഷു ച
തേഷു ലിംഗം ചികിത്സാഞ്ച രോഗഭേദാശ്ച സൌഷധാഃ. 125

ന്നുന്നവനും നസ്യംചെയ്യാൽ തിമിരമാണ് സഭംവിക്കുക. 122—അവിടെ ത്രുക്ഷങ്ങളായ ധാരകൾ അഞ്ജനങ്ങൾ പുറവളകൾ പുടപാകം എന്നിത്രുകളെ ശീലിപ്പിച്ച് ആ തിമിരകാരിയായ ദോഷത്തെ ശോധനവരുത്തുകയും വേണം. അതേവിധം ചെയ്യാൽ അവന്നുള്ള ജ്വരാദി മററ് ഉപദ്രവങ്ങൾ കൂടെ ശമിക്കുകയും ചെയ്യും *

123-124—പ്രതിമർശസ്വഭാവത്തെ വിവരിക്കുന്നു:—നസ്യം ശോധനം സ്നേഹനമെന്നു രണ്ടുതരമാകുന്നു. ഈ നസ്യവിധിയെ മർശമെന്നാണ് പറയുക. പ്രതിമർശമെന്നതു മർശത്തെക്കാൾ മാത്രകൊണ്ടും വീര്യംകൊണ്ടും കുറഞ്ഞതാകുന്നു. അതു നസ്യവിധിയിൽ ഉപയോഗിക്കാവുന്നതും യാതൊരു പ്രത്യവായവുമില്ലാത്തതുമാണ്. അതിന്നുള്ള ദ്രവ്യം വിരലുകൊണ്ടെടുത്തു വലിക്കാവുന്നതും ഇതുരാവിലെയും വയിന്നേരവും എന്നു വേണ്ട ഏതുസമയത്തും ശീലിക്കാവുന്നതും സ്വസ്ഥന്മാർക്കു തുമ്പലുകൂടെ ഉണ്ടാക്കാത്തതും ദോഷകൃത്തുമാകുന്നു *

അദ്ധ്യായവിവരണം.

125-126—ശരീരത്തിലെ പ്രധാനമായ മൂന്നു മർമ്മസ്ഥാനങ്ങളുടെ വിഭാഗവും അതുകൾക്ക് അഭിഘാതം വന്നാലുള്ള ലക്ഷണങ്ങളും അതുകൾക്കുള്ള ചികിത്സാവിധികളും ഓരോ മർമ്മസ്ഥാനത്തുണ്ടാകുന്ന രോഗഭേദങ്ങളും അതുകൾക്കുള്ള ഔഷധങ്ങളും

വിധിരുത്തരവസ്തേഷ്ട നസ്യകർമ്മവിധിസ്തഥാ
ഷഡ്ദ്ധ്യാപദ്ദേഷജം സിദ്ധൌ മർമ്മാദ്ധ്യായേ പ്രകീർത്തിതം. 126

ഇതി ചരകസംഹിതായാം
സിദ്ധിസ്ഥാനേ
ത്രിമർമ്മീയംസിദ്ധിർന്നാമ നവമോദ്ധ്യായഃ.

അദ്ധ്യായം 10. വസ്തിസിദ്ധി.

അഥാതോ വസ്തിസിദ്ധിമദ്ധ്യായം വ്യാഖ്യാസ്യാമഃ.
ഇതി ഹ സ്മാഹ ഭഗവാനാത്രേയഃ.

സിദ്ധാനാം വസ്തീനാം തേഷു തേഷു സർവ്വഥാ
ശൂന്യാഗ്നിവേശ ഗതേഃ സിദ്ധിം സിദ്ധിപ്രദാം ഭിഷജാം. 1
ബലദോഷകാലരോഗപ്രകൃതീഃ
പ്രവിഭജ്യ യോജിതഃ

ഉത്തരവസ്തിയുടേയും നസ്യത്തിന്റേയും വിധിയും അതുകളിൽ അജ്ഞാനംനിമിത്തം സംഭവിക്കുന്ന ആറുതരം വ്യാപത്തുകളും ത്രിമർമ്മീയാസിദ്ധി എന്ന ഈ അദ്ധ്യായത്തിൽ വിശദമായി വിവരിച്ചിരിക്കുന്നു *

ഇതി ചരകസംഹിതാവ്യാഖ്യാനേ
വാചസ്പത്യേ
സിദ്ധിസ്ഥാനേ നവമോദ്ധ്യായഃ. (9)

അദ്ധ്യായം 10.

1 — അല്ലയോ അഗ്നിവേശ! വൈദ്യന്മാർക്ക് അതാതുരോഗങ്ങളെ ശമിപ്പിക്കുന്ന വിഷയത്തിൽ സിദ്ധിപ്രദങ്ങളായ കൈകണ്ട വസ്തികളേയും ഉപദേശിച്ചുതരാം. ആ വസ്തിസിദ്ധിയെക്കൂടെ മനസ്സിരുത്തി കേട്ടുധരിക്കുക * 2 — അതാതുതരം രോഗങ്ങളിൽ രോഗിയുടെ ശരീരബലം കോപിച്ച വാതാദിദോഷങ്ങളുടെ ബലാബലാദിസ്വഭാവം കാലസ്വഭാവം രോഗപ്രകൃതി എന്നിതുകളെ നന്ന

സമ്യക് സൈ്വസ്സ്വൈരൗഷധവർഗ്ഗൈഃ
സ്വാൻ സ്വാൻ രോഗാൻ നിയച്ഛതി. 2
കർമ്മാന്യുദ്വേഗിസമം ന വിദ്യതേ
ശീഘ്രസുഖവിശോധിതത്വൽ
ആശ്വപതർപ്പണയോഗാച്ച
വിരത്യുത്ഥിതവാച്ചാപി. 3
സത്യപി ദോഷഹരത്വേ
കടുതീക്ഷ്ണോഷ്ണാദിഭേദതോഽപി
സുദൃഢഖേദ്ദോഷാഹൃത്ത-
കോഷ്ഠാബാധാവിരേകേ സ്യുഃ. 4
അവിരേച്യൗ ശിശുവൃദ്ധൌ
താവദ്ബ്രൂമഃ ക്ഷീണധാതുബലൌ

ക്കി അറിഞ്ഞ് അതാതുകൾക്കുള്ള ഔഷധങ്ങളെക്കൊണ്ടു വസ്തി ചെയ്യുന്നതായാൽ ആവക രോഗങ്ങളെ ശമിപ്പിക്കുകയും ചെയ്യാം* 3—അതിവേഗത്തിൽ സുഖമായി—യാതൊരസഹ്യതയും കൂടാതെ വേണ്ടുന്നത്രയും ശോധനവരുത്തുകയും ക്ഷണത്തിൽ അപതർപ്പണം വരുത്തുകയും ചെയ്യുന്നതാണ് വസ്തി എന്നു മാത്രമല്ല, അതു മററു ശോധനവിധികളെപ്പോലെ അപായകരവുമല്ല എന്ന കാരണംനിമിത്തം വസ്തിയോടുതുല്യമായി മററു യാതൊരു ചികിത്സാവിധിയും ഇല്ലെന്നുതന്നെ ഉറപ്പിച്ചു പറയുകയും ചെയ്യാം * 4—വിരേകാദി മററു ശോധനവിധികളുണ്ടല്ലോ അതിനെക്കാൾ വസ്തിക്ക് എന്താ അധികമായ ഗുണമെന്നുണ്ടെങ്കിൽ പറയുന്നു. ദോഷഹരണത്തിന്നു കടുതീക്ഷ്ണോഷ്ണാദിയായ ഔഷധത്തെ ശീലിപ്പിക്കുവാൻ പായുന്നുണ്ടല്ലോ. അതുകൾ സേവിച്ചു വിരേകം വരുത്തുന്നതായാൽ അവിടെ അതിദുസ്സഹമായ ഉൽഗാരത്തെ ഉണ്ടാക്കുമെന്നു മാത്രമല്ല ആ ഔഷധം സേവിക്കുന്നസമയം അത് അത്യന്തം അസഹ്യമായിരിക്കുകയും കോഷ്ഠത്തെ കലശലായി ബാധിക്കുകയും ചെയ്യും. വസ്തിക്ക് ആവക തകരാറൊന്നുമില്ല എന്നു സാരം * 5—ബാലന്മാരും വൃദ്ധന്മാരും സ്വതെ ധാതുബലം പൂത്തിവ്രാത്തവരും ക്ഷയിച്ചവരുമാകയാൽ അവർ അവിരേച്യന്മാരാകു

ആസ്ഥാപനമേവ തയോഃ
സ്വേദ്യർത്ഥകൃദുത്തമം കർമ്മ. 5
ബലവർണ്ണഹർഷമാർദ്ദവഗാത്ര-
സ്നേഹാ ഗുണാം ഭോത്യംശ്ചു
അനുവാസനം നിരൂഹശ്ചാ-
ത്തരവസ്തിശ്ച സ ത്രിവിധഃ. 6
ശാഖാവാതാർത്താനാം
സങ്കുചിതസ്തബ്ധഭഗ്നസന്ധീനാം
വിഡ്സംഗാദ്ധ്മാനരുചി-
പരികർത്തിരുഗാദിഷു ച ശസ്തഃ. 7
ഉഷ്ണാർത്താനാം ശീതാൻ
ശീതാർത്താനാം തഥാ സുഖോഷ്ണാംശ്ച

ന്നു. അവക്കു ശോധനവരുത്തേണ്ടതായിവന്നാൽ അവിടെ സ്വേദാർത്ഥകൃത്തും—വമനവിരേകഫലത്തെ ചെയ്യുന്നതും ഉത്തമവുമായ കർമ്മം ആസ്ഥാപനം ശീലിപ്പിക്കുകതന്നെയാകുന്നു * 6—അനുവാസനം ചെയ്താൽ അതു ശരീരബലം വർണ്ണപുഷ്ടി ഹർഷം അംഗമാർദ്ദവം ശരീരസ്നേഹം ഇതുകളെ ക്ഷണത്തിൽ—മററു സ്നേഹപാനാദികളെകൊണ്ടു സാധിക്കുന്നതിനെക്കാൾ എളുപ്പത്തിലും വേഗത്തിലും സംഭവിക്കും. ഇതാണ് വസ്തിയുടെ ഗുണങ്ങൾ. വസ്തി എന്നാൽ അത് അനുവാസനം നിരൂഹം ഉത്തരവസ്തി എന്നിങ്ങിനെ മൂന്നുതരത്തിലാണെന്നും ഗ്രഹിക്കണം * 7—ഈ വസ്തി, ശാഖാശ്രിതമായ വാതരോഗം അർദ്ദിതാദി സംകുചിതവാതരോഗം സ്തംഭം സന്ധിഭംഗം മലബന്ധം മേൽവയറുവീർപ്പ് രുചിക്ഷയം വയററിൽവേദന മുതലായ രോഗങ്ങൾക്കെല്ലാം അത്യന്തം ശ്രേഷ്ഠമായിട്ടുള്ളതുമാകുന്നു * 8—ഉഷ്ണാർത്തന്മാരായവക്കു ശീതങ്ങളായും ശീതാർത്തന്മാക്കു സുഖോഷ്ണങ്ങളായും ഉള്ള വസ്തികളെ അതുത്തരം—ശീതവീര്യങ്ങളായും സുഖോഷ്ണവീര്യങ്ങളായുമുള്ള ഔഷധങ്ങൾ ചേർത്തു ശീലിപ്പിക്കുകയും ചെയ്യാം. ഏതുരോഗവും ശീതജമോ ഉഷ്ണജമോ രണ്ടാലൊരുതരം മാത്രമായിരിക്കും. ആ രണ്ടുതരത്തിന്നും

തദ്വേതൈരൗഷധയുക്തൈൻ
വസ്തീൻ സർവ്വത്ര വിനിയുഞ്ജാൻ. 8
വസ്തീന്ന ബൃഹണീയാൻ ദ്ദ്യാ-
ദ്ദ്യാധിഷു വിശോധനീയേഷു
മേദസ്വിനോ വിശോദ്ധ്യം
യേ ച നരാ: കൃഷ്ണമേഹാർത്താ:. 9
ന ക്ഷീണക്ഷതദുർബ്ബല-
മൂർച്ഛിതകൃശതൃഷ്ണദേഹാനാം
യുഞ്ജാദ്വിശോധനീയാൻ
ദോഷവിബദ്ധായുഷോ യേ ച. 10
വാജീകരണേസ്വക്ഷിത്തയേംശ്ച
മധുഘൃതപയോയുതാസ്സർവ്വേ
ശസ്യാ: സതൈലമൂത്രാരനാള-
ലവണാശ്ച കഫവാതേ. 11
യുഞ്ജാദ്ദ്രവ്യാണി വസ്തിഷ്വാമം മൂത്രം പയ: സുരാ കാഥാൻ

വസ്തി ഹിതമാണെന്നു പറഞ്ഞതിനാൽ വസ്തി എത്തുരോഗത്തിന്നും പ്രയോഗിക്കാമെന്നും ഗ്രഹിക്കണം *

വസ്തി ചെയ്യുന്നതിലെ നിയമത്തെ പറയുന്നു:—9—വിശോധനിയന്മാരായവക്ക് ബൃംഹണീയമായ വസ്തി ഒരിക്കലും പ്രയോഗിച്ചുപോകരുത്. മേദസ്സു വർദ്ധിച്ചവർ കൃഷ്ണരോഗികൾ പ്രമേഹരോഗികൾ എന്നിവരെല്ലാം വിശോദ്ധ്യന്മാരാണെന്നും ഗ്രഹിക്കണം * 10—ക്ഷീണക്ഷതരോഗികൾ ദുർബ്ബലന്മാർ മോഹാലസ്യമുള്ളവർ കാർശ്യം ബാധിച്ചവർ തൃഷ്ണഗാത്രന്മാർ ദോഷകോപാധിക്യം നിമിത്തം ആയുർബ്ബലം ക്ഷയിച്ചവർ എന്നിവക്കാക്കും വിശോധനീയവസ്തി ഒരിക്കലും പ്രയോഗിച്ചുപോകരുത്. അവക്ക് ബൃംഹണീയം മാത്രമേ പ്രയോഗിച്ചുകൂട്ടു എന്നു സാരം *

11—വാജീകരണം ശീലിക്കുന്നവനും രക്തകോപവും പിത്തകോപവുമുള്ളവനും വസ്തിചെയ്യുമ്പോൾ ആ വസ്തിദ്രവ്യം തേനും നെയ്യും പാലും ചേർത്തതായിരിക്കണം. കഫവാതകോപങ്ങളിൽ

അവിരോധാദ്ധാതൂനാം രസയോനിത്വാച്ച ജലമുഷ്ണം. 12
സുരദാരുശതാഹ്വൈലാ-
കുഷ്ഠമധുകപിപ്പലീമധുസ്നേഹാഃ
ഊർദ്ധ്വാനുലോമഭാഗാഃ
സക്ഷാ ശർക്കരാ ലവണം. 13
ആവാപോ വസ്തീനാമതഃ
പ്രയോജ്യാനി യേഷു യാനി സ്യുഃ
യുക്താനി സഹ കഷായൈ.
സ്തദുത്തരതഃ പ്രവക്ഷ്യാമി. 14
ചിരജാത കഠിനബലിഷു വ്യാധിഷു
തീക്ഷ്ണാ വിപര്യ്യയേ ച മൃദവഃ

എണ്ണയും ഗോമൂത്രവും വെപ്പുകാടിയും ഇന്തുപ്പും ചേർത്തതായിരിക്കുയും വേണം*12—വസ്തിദ്രവ്യങ്ങളിൽ ചേർക്കുന്ന ഔഷധങ്ങൾ പ്രായേണ പച്ചയായിരിക്കണം. ഗോമൂത്രവും പാലും അപ്പഴപ്പോൾ സ്വീകരിച്ചതും, സുരയും കഷായവും അന്നന്നുണ്ടാക്കിയതുമായിരിക്കണം. ശരീരധാതുക്കൾക്കെല്ലാം ഒരുപോലെ ഗുണപ്രദവും രസയോനിയുമാകയാൽ ഏതു വസ്തിയിലും തിളപ്പിച്ചവെള്ളം ചേർക്കുകയും ചെയ്യാം *

13—ദേവതാരം ശതകുപ്പ ഏലത്തരി കൊട്ടം ഇരട്ടിമധുരം തിപ്പലി തേൻ സ്നേഹദ്രവ്യങ്ങൾ കടുക് പഞ്ചസാര ഇന്തുപ്പ് ഇതുകളെല്ലാം ഊർദ്ധ്വാംഗഗതങ്ങളായ ദോഷങ്ങളെ അനുലോമപ്പെടുത്തുന്നവയാകുന്നു*

14—അല്ലയോ അഗ്നിവേശ! ഏതേതു വസ്തിയോഗങ്ങൾ ഏതേതുരോഗികൾക്കുപയോഗിക്കാമെന്നും ഏതേതു വസ്തിക്ക് ഏതേതു കഷായങ്ങളും കല്ക്കങ്ങളുമാണ് എന്നും ഇനി വിശദമായി ഉപദേശിച്ചുതരാം * 15— വളരെ മുമ്പു തുടങ്ങി അനുവർത്തിച്ചു നില്ക്കുന്നതോ കഠിനമോ ശക്തിമത്തരമോ ആയ രോഗങ്ങൾക്കുള്ള വസ്തി പ്രായേണ തീക്ഷ്ണവീര്യമായിരിക്കണം. ഈ പറഞ്ഞതിന്നു വിപരീതമായ— അടുത്തകാലത്തു തുടങ്ങിയതും മൃദുവും ശക്തികുറഞ്ഞതുമായ രോഗത്തിന്നുള്ള വസ്തി മൃദുവീര്യമായിരിക്കുകയും വേണം,

സപ്രതിവാപകഷായൈ-
ത്യോജ്യാസ്സൂചനുവാപനിഷ്ഠാഃ. 15

അദ്ധശ്ലോകൈരതഃ സിദ്ധാൻ നാനാവ്യാധിഷു വസ്തിഃ
വസ്തീൻ വീര്യസമൈർഭാഗൈസ്തഥാഹാനിഹ താൻ ശൃണു. 16

വിലപാഗ്നിമന്ഥശ്യാമാകാഃ കാഷ്ഠമ്ലഃ പാടലസ്തഥാ
ശാലിപർണ്ണീപൃശ്നിപർണ്ണീ ബൃഹത്യൌ വദ്ധമാനകഃ. 17

യവാഃ കുലത്ഥാഃ കോലാസ്ഥി സ്ഥിരാ ചേതി ത്രയോനിലേ
ശസ്യതേ സചതുഃ സ്നേഹാ പിശിതസ്യ രസാന്വിതാഃ. 18

നളപഞ്ചമൂലവാനീരശതപത്രാണി ശൈവലം
മഞ്ജിഷ്ഠാ ശാരിബാനന്തം പയസ്യാ മധുയഷ്ടികാ. 19

എന്നാൽ തീക്ഷ്ണങ്ങളും മൃദുക്കളുമായ രണ്ടുതരം വസ്തികൾക്കു ഉള്ള കഷായങ്ങളും രൂപവാപങ്ങളും— ആ കഷായത്തിൽ അരച്ചുകലക്കുന്നവയും ചേർക്കുന്നവയുമായ ഔഷധങ്ങളും എല്ലാം അതാതുതരം തന്നെയായിരിക്കുകയും വേണം. ഇവിടെ വസ്തിഎന്നു പറഞ്ഞതുകൊണ്ടു സ്നേഹവസ്തിയേയും കഷായവസ്തിയേയും ഗ്രഹിക്കുകയും വേണം * 16— അതാതുതരം രോഗങ്ങൾക്കു പ്രയോഗിച്ചു കൈകണ്ടവയും വീര്യംകൊണ്ടു തുല്യങ്ങളുമായ ഔഷധങ്ങൾ ഒന്നിച്ചുചേർത്തവയും അരേരശ്ശ്ലോകംകൊണ്ടു പറയുന്നവയുമായ വസ്തിയോഗങ്ങളേയും ഉപദേശിക്കാം. ഇനി അതുകളേയും കേട്ടു ധരിക്കുക *

17— കുവളത്തിൻവേര് മുഞ്ഞവേര് പലകപ്പായ്യാനിവേര് കുമിഴിൻവേര് പൂപ്പാതിരിവേര് (ക) ഓരിലവേര് മുവ്വിലവേര് ചെറുകഴുതിനവേര് വെള്ളാട്ടുവഴുതിനവേര് വെളുത്ത ആവണക്കിൻവേര് (ഖ) 18— യവം മുതിര ലന്തക്കുരു ഓരിലവേര് (ഗ). ഈ മൂന്നു യോഗവും കഷായംവെച്ചു് അതിൽ സ്നേഹദ്രവ്യങ്ങളും മാംസരസവും ചേർത്തു വസ്തിചെയ്യുന്നതു വാതകോപം ശമിക്കുവാൻ നല്ലതാകുന്നു *

19-20— താമരക്കിഴങ്ങ് അശോകത്തൊലി ആറുവഞ്ഞി (കൊട്ടമെന്നും പക്ഷം) താമരയല്ലി കരിമ്പായൽ (ഘ) മഞ്ഞട്ടിപ്പൂ ടി നന്നാറിക്കിഴങ്ങ് കൊടിത്തൂവ്വവേര് അടപതിയൻകിഴങ്ങ്

ചന്ദനം പത്മകംശീരം തുംഗം ച പൈത്തികേ ത്രയേ
സശക്കരാഘൃതക്ഷൌദ്രാഃ സക്ഷീരാ വസ്തയോ ഹിതാഃ. 20
അക്ഷസ്തൈവ ചാളക്ക ഏകാഷ്ടീലാ പുനർന്നവാ
ഹരിദ്രാ ത്രിഫലാ മുസ്തം പീതദേരു കുടന്നടം. 21
പിപ്പല്യശ്ചിത്രകശ്ചേതി ത്രയസ്തു ശ്ലേഷ്മരോഗിണാം
സക്ഷാരക്ഷൌദ്രഗോമൂത്രാ നാതിസ്നേഹാന്വിതാ ഹിതാഃ. 22
ഫലജീമൂതകേക്ഷ്വാകു ധാമാർഗ്ഗവകവത്സകാഃ
ശ്യാമാ ച ത്രിഫലാ ചൈവ സ്ഥിരാ ദന്തീ ദ്രവന്ത്യപി. 23
പ്രകീര്യ്യാ ചോദകീര്യ്യാ ച നീലിനീ ക്ഷീരിണീ തഥാ
സപ്തലാ ശംഖിനീ ദ്വേരുത്ര്യാ ഫലം കമ്പില്ലകസ്യ ച. 24

(ക്ഷീരകാകോളി എന്നും പക്ഷം) ഇരട്ടിമധുരം (ഉ) ചന്ദനം പതിമുകം രാമച്ചം തെങ്ങിൻവേര് (താമര എന്നും പക്ഷം) (ന) ഈ മൂന്നു യോഗങ്ങളും പഞ്ചസാരയും നെയ്യും തേനും പാലുംചേർത്തു വസ്തിചെയ്താൽ പിത്തകോപം ശമിക്കും *

21-22— എരുക്കിൻവേര് വെള്ളരിക്കിൻവേര് പാടക്കിഴങ്ങ് തമിഴാമവേര് (ഫ) മരമഞ്ഞൾ തൊലി കടുക്ക നെല്ലിക്ക താന്നിക്ക മുത്തങ്ങാക്കിഴങ്ങ് ദേവതാരം കഴിമുത്തങ്ങ (ഉ) തിപ്പലി അത്തിത്തിപ്പലി കാട്ടുതിപ്പലിവേര് കൊട്ടവേലിക്കിഴങ്ങ് (ന) ഈ മൂന്നു യോഗത്തിലും ക്ഷാരദ്രവ്യവും തേനും ഗോമൂത്രവും ചേർക്കുകയും വാതപിത്തങ്ങൾക്കുള്ള വസ്തിയിൽ ചേർക്കുന്നതിൽ വളരെ കുറച്ചുമാത്രം സ്നേഹദ്രവ്യം ചേർക്കുകയും ചെയ്തു അതുകൊണ്ടു വസ്തി ചെയ്താൽ കഫകോപം ശമിക്കുകയും ചെയ്യും *

23-25— മലങ്കാരയ്ക്കു ജീമൂതകം ഇക്ഷ്വാകു ധാമാർഗ്ഗവം കുടകപ്പാലയരി (ഫ) നാല്ലോല്ലക്കൊന്ന കടുക്ക നെല്ലിക്ക താന്നിക്ക ഓരിലവേര് നാഗദന്തിവേര് വിഴ്വാളം (ഉ) ആവൽത്തൊലി ഉങ്ങിൻതൊലി വട്ടപ്പൂന്താളി കിണികിണിപ്പൻ (ന) ചമ്മലന്ത ശംഖപുഷ്പം പാൽപ്പോററിത്തൊലി കമ്പിപ്പാലക്കായ (ര) ഈ നാലു യോഗങ്ങളിലും ഗോമൂത്രംചേർത്തു പാകംചെയ്യുകയും വേണം. ഇതുകൾകൊണ്ടു വസ്തിചെയ്താൽ പക്വാശയത്തിന്നു ശുദ്ധിചെയ്ത

ചതുഷ്പാരോ മൂത്രസിദ്ധാസു പക്വാശയവിശോധനാഃ
ത്രൈസ്തൈരപി സമസ്തൈശ്ച ചതുർഭ്യോഗാ ഉദാഹൃതാഃ. 25
കാകോളീ ക്ഷീരകാകോളീ മുദ്ഗപർണ്ണീ ശതാവരീ
വിദാരീ മധുയഷ്ട്യാഹ്വാ ശൃംഗാടകകശേരുകേ. 26
ആത്മഗുപ്താഫലം മാഷാഃ സഗോധൂമാ യവാസ്തഥാ
ജാംഗലാന്യുപജം മാംസമിത്യേതേ ശുക്രവർദ്ധനാഃ. 27
ജീവന്തീ ചാഗ്നിമന്ഥശ്ച ധാതകീ പുഷ്പവത്സകൌ
പ്രഗ്രഹഃ ഖദിരഃ കുഷ്ഠം ശമീ പിണ്ഡിതകോ യവഃ. 28
പ്രിയംഗ്ഗു രക്തമൂലീ ച തരുണീ സർപ്പണ്ണയൂഥികാ
വരാട്യാഃ കിശുകം ലോധ്രമിതി സംഗ്രാഹികാ മതാഃ. 29
പരിസ്രവേ ശൃതം ക്ഷീരം സവൃക്ഷീരപുനർന്നവം
ആമ്രപർണ്ണികയാ വാപി തണ്ഡുലീയകയുക്തയാ. 30

വാൻ വളരെ വിശേഷമാകുന്നു. ഈ യോഗങ്ങൾ ൪ം പ്രത്യേകമായും എല്ലാം ഒന്നിച്ചുചേർത്തും ഉപയോഗിക്കാം *

26-27— കാകോളി ക്ഷീരകാകോളി കാട്ടുപയറ് ശതാവരി ക്കിഴങ്ങ് (൧) പാൽമുതുക്കിൻകിഴങ്ങ് ഇരട്ടിമധുരം വൻകൊട്ട കഴിമുത്തങ്ങ (൨) നാല്പാമരണക്കരു ഉഴുന്ന് ഗോതമ്പ് യവം (൩) ഈ മൂന്നു വർഗ്ഗത്തിലും ജാംഗലാന്യുപമാംസങ്ങളുംചേർത്ത് അതുകൊണ്ടു വസ്തിചെയ്താൽ ശുക്രം വർദ്ധിക്കുവാൻ വളരെ വിശേഷമാകുന്നു *

28-29— അടപതിയൻകിഴങ്ങ് മുഞ്ഞവേര് താതിരിപ്പൂവ് കുടകപ്പാലയരി (൧) ചെറുകൊന്നത്തൊലി കരിങ്ങാലിക്കാതൽ കൊട്ടം വന്നിത്തൊലി മലങ്കാരയ്ക്ക യവം (൨) ഞാഴൽപൂവ് മുക്കുററി ചെറിയ ഉന്തി മഞ്ഞക്കരുമുഴിമുല്ല (൩) നാല്പാമരത്തൊലി മുരിക്കിന പാച്ചോററിത്തൊലി (൪) ഈ നാലു ഗണവും മലബന്ധത്തെ വരുത്തുന്നവയാകുന്നു *

30— ചെറിയ തമിഴാമയും വലിയ തമിഴാമയുംകൂടെ കിഴിക്കെട്ടിയിട്ടു കുറുക്കിയ പാലോ എലിച്ചെവിയനും ചെറുചീരയും കൂടെ കിഴിക്കെട്ടിയിട്ടു കുറുക്കിയ പാലോ വസ്തിചെയ്താൽ പരിസ്രവം— ഇടവിടാതെയുള്ള അതിസാരം ശമിക്കും *

കോലകതകകാണ്ഡേക്ഷുഭേദ്യകാശേക്ഷുശാലിഭിഃ
ദാഹഫല്ലഃ സംഹൃതക്ഷീരോ ദ്വിതീയശ്ചാൽപലാദിഭിഃ 31
കമ്പ്ലാദ്യരാഡകീവിപവിദുലൈഃ ക്ഷീരസാധിതൈഃ
വസ്തിഃ പ്രദേയോ ഭിഷജാ ശീതഃ സമധുശർക്കരഃ. 32
പരീകർത്തൈസ്തഥാ വൃന്തൈഃ ശ്രീവർണ്ണീകോവിദാരജൈഃ
ദേയോ വസ്തിഃ സുഖൈർദ്ദ്രവ്യൈ യഥാവദ്വിഹിതക്രിയൈഃ. 33
മുഷ്ടിഃ ശാല്മലിവൃന്താനാം ക്ഷീരസിദ്ധോ ഘൃതാന്വിതഃ
ഹിതഃ പ്രവാഹണേ തദ്വദ്വൃന്തൈഃ ശാല്മലികസ്യ ച. 34
അശ്വാവരോഹികാഃ കാകനാസാ രാജകശേരുകൈഃ
സിദ്ധഃ ക്ഷീരതിയോഗേ സ്യുഃ ക്ഷൌദ്രാഞ്ജനഫലൈരപ്യുതാഃ. 35

31-33— ലന്തക്കുരു തേറാമ്പരൽ ചെള്ളക്കടമ്പ് ഭേദവേര് ആറുഭേദവേര് കരിമ്പിൻവേര് വരിനെല്ലിൻവേര് ഇവ സമം കഷായം വെച്ചതിൽ നെയ്യും പാലുംകൂട്ടി അതുകൊണ്ട് വസ്തി ചെയ്താൽ ചുട്ടുനീറൽ ശമിക്കും. ചെങ്ങഴിനീർക്കിഴങ്ങു മുതലായ ശാലൂകങ്ങൾകൊണ്ടുമേൽപ്രകാരമുണ്ടാക്കിയ കഷായവും ചുട്ടുവീഴലിന്നു നന്ന്. നറുവരി തുമ്പ കടമ്പിൻതൊലി വഞ്ഞിത്തൊലി ഇവ സമം പാലിൽകഷായംവെച്ച് ആറിയാൽ തേനും പഞ്ചസാരയും കൂട്ടി വസ്തിചെയ്യുകയോ കുമിഴിൻവേരും മലയകത്തിത്തൊലിയും കൂടെ മുൻപ്രകാരം കഷായംവെച്ചതുകൊണ്ടും നല്ല അറിവും പരിചയവുമുള്ളവൈദ്യൻ ദോഷകോപാദ്യവസ്ഥകളെ നോക്കി അറിഞ്ഞ് അതുകൾക്ക് അനുഗുണമായവിധം വസ്തിചെയ്യുകയോ ചെയ്താൽ പരികർത്തരോഗം ക്ഷണത്തിൽ ശമിക്കുകയും ചെയ്യും *

34—ഒരുപലം പൂളപ്പൂവിന്റെ ഞെട്ടി പാലിലിട്ടു കുറുക്കി പിഴിഞ്ഞരിച്ച് നെയ്യുംകൂട്ടി അതുകൊണ്ടോ അതേവിധം ചെമ്മരപ്പൂവിന്റെ ഞെട്ടി ഇട്ടു കുറുക്കിയ പാലിൽ നെയ്യുചേർത്തുകൊണ്ടോ വസ്തി ചെയ്താൽ പ്രവാഹണം—മൂക്കൽ ശമിക്കുവാൻ വളരെ വിശേഷമാകുന്നു *

35—അമുക്കുരം കാക്കത്തൊണ്ടി മുത്തങ്ങ (വലിയ നീർമുത്തങ്ങ എന്നും പക്ഷം) ഇവ സമം പാലിൽ കിഴിക്കെട്ടിയിട്ടു കുറുക്കി കിഴി പിഴിഞ്ഞുകളഞ്ഞ് അതിൽ തേനും അഞ്ജനക്കല്ലും നെയ്യുംചേർത്തു വസ്തിചെയ്താൽ അതിയോഗജമായ ദോഷം വിശ്ലേഷം ശമി

ന്യഗ്രോധൈർദ്ദ്വൈശ്ചതുർഭിശ്ച തൈരേവ വിധിനാപരഃ
വസ്തിഃ പ്രവാഹണേ ദേയോ ഭിഷജാ കല്പിതോ ധിയാ. 36
ബൃഹതീ ക്ഷീരകാകോളീ പൃശ്നിപർണ്ണീ ശതാവരീ
കാശ്മീരീ ബദരീ ദ്വൗ ച തഥാശീരപ്രിയംഗവഃ. 37
ജീവനീയൈഃ ശൃതൈഃ ക്ഷീരൈഃ ഘൃതേനാഞ്ജനസംയുതൈഃ
വസ്തൌ പ്രദേയൌ ഭിഷജാ ശീതൈഃ സമധുശർക്കരൈഃ. 38
ഗോവ്യജാമഹിഷീക്ഷീരൈർജ്ജീവനീയയുതൈസ്തഥാ
തൈരേവ വിധിനാ വസ്തിർദ്ദേയഃ സക്ഷൌദ്രശർക്കരഃ. 39
ശശൈണഗവ്യക്ഷതാജ്ജാരമഹിഷീവ്യജശോണിതൈഃ
സദ്യഃസ്വൈരുദ്ഭവിഷ്യദ്ഭിർജ്ജീവാദാനേ പ്രശസ്യതേ. 40

കളകയും ചെയ്യും * 33—നാല്പാമരമൊട്ട് ഇതേവിധം പാലിൽചേത്തു കാച്ചിക്കുറുക്കി ക്ഷൌദ്രാഞ്ജനഘൃതങ്ങളും ചേർത്ത് അറിവുള്ള വൈദ്യൻ തന്റെ മനസ്സുകൊണ്ട് ആലോചിച്ച മാത്രാദികളെ നിശ്ചയിച്ച് ഇതേവിധം അതുകൊണ്ടു വസ്തിചെയ്യാൽ പ്രവാഹണംശമിക്കും *

37-38—ചെറുവഴുതിനവേര് ക്ഷീരകാകോളി ഓരിലവേര് ശതാവരിക്കിഴങ്ങ് (ക) കുമിഴിൻവേര് ലതകളുടെ കുറുക്കു രാമച്ചം ഞാഴൽപൂവ് (ഖ) ഈ രണ്ടു യോഗത്തിലും ജീവനീയഗണം കൂടെ ചേർത്ത് അതുകൊണ്ടു പാൽകാച്ചി അതിൽ നെയ്യും അഞ്ജനക്കല്ലുംകൂട്ടി ഇളക്കി ആറിയാൽ തേനും പഞ്ചസാരയുംകൂട്ടി യോജിപ്പിച്ച് അതുകൊണ്ട് അറിവുള്ള വൈദ്യൻ വസ്തിചെയ്യാൽ ഏതു രോഗത്തിന്നും നല്ലതാകുന്നു * 39—പശു കുറിയാട് കോലാട് എരുമ എന്നിതുകളുടെ പാലിൽ ജീവനീയഗണം ചേർത്തു കാച്ചി മുൻപറഞ്ഞതുപോലെ ഘൃതാദികളും ചേർത്തു വസ്തിചെയ്യുന്നതും ഗുണപ്രദമാകുന്നു * 40—മുയൽ മാൻ കോഴി പൂച്ച പോത്ത് ചെമ്മരിയാട് ആട് ഇതുകളുടെ ശരീരത്തിൽനിന്ന് അപ്പഴപ്പാൾ എടുത്ത രക്തംകൊണ്ടു വസ്തിചെയ്യാൽ ജീവാദാനത്തിന്ന്—ജീവശോണിതസ്വീകാരണത്തിന്നു വളരെ നല്ലതാകുന്നു *

മധുകമധുകദ്രാക്ഷാദ്ദ്വ്യാകാഷ്ഠമ്യ്ക്ഷചന്ദനൈഃ
ശർക്കരാചന്ദനദ്രാക്ഷാമധുധാത്രീഫലോല്പലൈഃ. 41
രക്തപിത്തപ്രമേഹേ തു കഷായഃ സോമവല്ക്കജഃ
വസ്തിർദ്ദേയോ വിധിജ്ഞേന ഭിഷജാ യുക്തികല്പിതഃ. 42

തത്ര ശ്ലോകഃ.

ത്രികാസ്ത്രയോനിലാദീനാം ചതുഷ്കാശ്ചാപരേ ത്രയഃ
പക്വാശയവിശുദ്ധ്യർത്ഥം വൃഷ്യാസ്സാംഗ്രാഹികാസ്ത്രയഃ. 43
പരിസ്രാവേ തഥാ ദാഹേ പരികർത്തേ പ്രവാഹണേ
അതിയോഗേ മതാഃ പഞ്ച ജീവാദാനേ തഥാ ത്രയഃ. 44
രക്തപിത്തേ ദ്വയം മേഹേ ഏകത്രിംശച്ച പഞ്ച ച
സുലഭാശ്ചൌഷധേക്ലേശാ വസ്തയോ ഗുണവത്തമാഃ. 45
ഗുല്മാതിസാരാദാവർത്തസ്തംഭസംകുചിതാദിഷു

41-42—ഇരിപ്പക്കാതൽ ഇരട്ടിമധുരം മുന്തിരിങ്ങാപ്പഴം കറുക കുമിഴിൻവേര് ചന്ദനം (ക) പഞ്ചസാര ചന്ദനം മുന്തിരിങ്ങാപ്പഴം തേൻ (ഇരട്ടിമധുരമെന്നും പക്ഷം) നെല്ലിക്ക താമരക്കിഴങ്ങ് (ഖ) തോമരായത്തൊലി (ഗ) ഈ മൂന്നു യോഗംകൊണ്ടും വിധിജ്ഞനായ വൈദ്യൻ യുക്തിപോലെ കഷായമുണ്ടാക്കി അതുകൊണ്ടു വേണ്ട വിധം വസ്തിചെയ്യുന്നതും നല്ലതാകുന്നു *

അദ്ധ്യായവിവരണം.

43-47—വസ്തിസിദ്ധി എന്ന ഈ അദ്ധ്യായത്തിൽ വാതകോപത്തിന്നും പിത്തകോപത്തിന്നും കഫകോപത്തിന്നും മുമ്മൂന്നു വസ്തിയോഗങ്ങളും പക്വാശയശുദ്ധിക്കും ശുക്ലവൃദ്ധിക്കും അതിസാരശമനത്തിന്നും നന്നാലു വസ്തിയോഗങ്ങളും പരിസ്രാവം ദാഹം പരികർത്തം പ്രവാഹണം അതിയോഗമെന്നതുകൾക്ക് അഞ്ചുയോഗങ്ങളും ജീവരക്തനിർഗ്ഗമത്തിൽ അനുഗുണങ്ങളായ മൂന്നു വസ്തിയോഗങ്ങളും രക്തപിത്തത്തിന്നും മേഹത്തിന്നുംകൂടി രണ്ടു യോഗങ്ങളുംകൂടി ആകെ ൩൧ വസ്തിയോഗങ്ങൾ പറയപ്പെട്ടിരിക്കുന്നു. ഈ യോഗങ്ങളിൽ പറയുന്ന ഔഷധങ്ങളെല്ലാം ഏതുകാലത്തും ഏതുപ്രദേശത്തും കിട്ടുന്നവയും അതുകൾകൊണ്ടു വസ്തിദ്രവ്യമുണ്ടാ

സർവ്വാങ്ഗൈകാങ്ഗരോഗേഷു രോഗേഷ്വേവംവിധേഷു ച. 46
യഥാസ്വമൌഷധൈസ്സിദ്ധാൻ വസ്തീൻ ദദ്യാദ്വിചക്ഷണഃ
പൂർവ്വോക്തേന വിധാനേന ഹന്യാദ്രോഗാൻ പൃഥഗ്വിധാൻ. 47

ഇതി ചരകസംഹിതായാം
സിദ്ധി സ്ഥാനേ
വസ്തിസിദ്ധിർന്നാമ ദശമോദ്ധ്യായഃ.

അദ്ധ്യായം 11. ഫലമാത്രാസിദ്ധി.

അഥാതോ ഫലമാത്രാസിദ്ധിമദ്ധ്യായം വ്യാഖ്യാസ്യാമഃ.
ഇതി ഹ സ്മാഹ ഭഗവാനാത്രേയഃ.
ഭഗവന്തമുദാരസത്ത്വധീ-
ശ്രുതിവിജ്ഞാനസമൃദ്ധമത്രിജം

ക്കുവാൻ യാതൊരു ക്ലേശവുമില്ലാത്തതും അതാതു രോഗങ്ങളിൽ അത്യന്തഗുണപ്രദങ്ങളുമാണെന്നും ഈ പറഞ്ഞ ഔഷധംകൊണ്ടു വിചക്ഷണനായ വൈദ്യൻ ദോഷകോപാവസ്ഥയ്ക്കുതക്കവണ്ണം വികല്പിച്ചു യോഗമുണ്ടാക്കി ശീലിപ്പിക്കുന്നതായാൽ ഗുന്മൻ അരിസാരം ഉദാവർത്തം സ്തംഭം സംകോചം സർവ്വാംഗരോഗം ഏകാംഗരോഗം എന്നിതുകളേയും മററു രോഗങ്ങളേയും ഇതുകൊണ്ടുതന്നെ ശമിപ്പിക്കുമെന്നും ഭഗവാൻ ഉപദേശിച്ചിരിക്കുന്നു *

ഇതി ചരകസംഹിതാ വ്യാഖ്യാനേ
വാചസ്സൂത്ര്യേ
സിദ്ധിസ്ഥാനേ ദശമോദ്ധ്യായഃ. (10)

അദ്ധ്യായം 11.

1—ഒരിക്കൽ വൈദ്യാചാര്യന്മാരുടെ സദസ്സിൽ വസ്തിക്ക് ഉപയോഗിക്കേണ്ടതായ ഫലം ഏതാണെന്നു വലിയ വാദമായി

ഫലവസ്തുചരതപനിശ്ചയേ
സവിചാരാ മുനയോഭ്യുപാഗമൻ. 1
ഭൃഗുകൌശികകാപ്യശൌനകാഃ
സപുലസ്ത്യാസിതഗൌതമാദയഃ
കതമൽ പ്രവരം ഫലാദിഷു
സ്മൃതമാസ്ഥാപനയോജനാസ്വിതി. 2
കഫപിത്തഹരം വരം ഫലേ-
ഷ്വഥ ജീമൂതകമാഹ ശൌനകഃ
മൃദുവീര്യതയാ ഭിനത്തിത-
ദിതി ചോവാച നൃപഥ വാമകഃ. 3

തീൎന്നു. ആ സദസ്സിൽ ആത്രേയഭഗാൻ സന്നിഹിതനായിരുന്നതുമില്ല. അപ്പോൾ ആ സംശയം അവിടെവെച്ചു തീൎച്ചപ്പെടാതെ വന്നതിനാൽ അതിലെ അൎത്ഥനിൎണ്ണയത്തിന്നുവേണ്ടി ആ ഋഷീശ്വരന്മാർ ഉദാരസത്വയുക്തനും ധീശ്രുതിവിജ്ഞാനസമൃദ്ധനുമായ ഭഗവാത്രേയഭഗവാൻെറ സമീപത്തിൽ വന്നുചേൎന്നു * 2—അങ്ങനെവിധം വന്നുചേൎന്ന ഋഷീശ്വരന്മാർ ഭൃഗു, കൌശികൻ, കാപ്യൻ, ശൌനകൻ, പുലസ്ത്യൻ, അസിതൻ, ഗൌതമൻ മുതലായവരാകുന്നു. ഇവിടുത്തെ ആദിസബ്ദംകൊണ്ടു വാമകൻ മുതലായ രാജൎഷിമാരുമുണ്ടായിരുന്നു എന്നു സാരം. ഫലാദികളൌഷധങ്ങളിൽ ഏതൊരു ഔഷധമാണ് ആസ്ഥാപനത്തിന്ന് ഉപയോഗിക്കുവാൻ നല്ലത് എന്നായിരുന്നു ഭഗവാനോട് ഇവർ ചോദിച്ചത്. എന്നാൽ അവർ ഓരോന്നിനെപ്പററി പ്രതിപാദിച്ച വിഷയത്തെ താഴെ പറയുംപ്രകാരം ആത്രേയഭഗവാനോടു പറയുകയും ചെയ്തു *

3-7—അവരിൽവെച്ചു ശൌനകൻ, ജീമൂതകം അതായതു ദേവദാളിക്കായ ആസ്ഥാപനൌഷധങ്ങളായ ഫലങ്ങളിൽവെച്ച് അത്യന്തം ശ്രേഷ്ഠമാണെന്നും അതു കഫപിത്തങ്ങളെ തീരെ നശിപ്പിക്കുന്നതാണെന്നും പറഞ്ഞു. ഇതു മൃദുവീൎയ്യമാകനിമിത്തം ചേണ്ടേടത്തോളം ദോഷങ്ങളെ ഭേദിച്ചു പുറത്തുകളയുകയില്ല, അതിനാൽ ദേവദാളി അത്രമാത്രം ഗുണവത്തരമല്ല എ

കടുതുംബീഫലമുത്തമം മതം
വമനേ ദോഷസമീരണേ ച തൽ
തദയോഗ്യമശൈത്യതീക്ഷ്ണതാ-
കടുരൌക്ഷ്യാദിതി ഗൌതമോബ്രവീൽ. 4

കഫപിത്തനിബർഹണം പരം
സ ച ധാമാർഗ്ഗവമിത്യമന്യത
തമേന്യത വാതളം പുന-
ർബ്ബുദ്ധിശോഷ്ണകരം ബലാപഹം. 5

കടജം പ്രശശംസ ചോത്തമം
ന ബലഘ്നം കഫപിത്തഹാരി ച
അതിവിജ്ജലമൂർദ്ധ-ഭാഗികം
പവനക്ഷോഭി ച കാര്യ ആഹ തൽ. 6

കൃതവേധനമാഹ വാതളം
കഫപിത്തം പ്രബലം ഹരേദിതി

ന്നാണ് വാമദേവമഹാരാജാവിന്റെ അഭിപ്രായം. എന്നാൽ അദ്ദേഹം, കല്പൌഷധങ്ങളിൽ വെച്ച ശ്രേഷ്ഠമായിട്ടുള്ളതു കടുതുംബി—പേച്ചുരയാണെന്നും അതുകൊണ്ടു വമനം ശീലിപ്പിച്ചാൽ ദോഷങ്ങളെ വേണ്ടേടത്തോളം പുറത്തുകളയുമെന്നും പറഞ്ഞു. അപ്പോൾ ഗൌതമൻ, കടുതുംബി ലേശംപോലും ശൈത്യമില്ലാത്തതും—അത്യുഷ്ണവും തീക്ഷ്ണവും കടുരസയുക്തവും രൂക്ഷവുമാകയാൽ തീരെ അയോഗ്യമാണെന്നും പറഞ്ഞു. എന്നാൽ കഫപിത്തങ്ങളെ വേണ്ടേടത്തോളം ഹരിച്ചുകളയുവാൻ അധികം നല്ലത് ധാമാർഗ്ഗവമാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. അപ്പോൾ ബഡിശനെന്ന ആചാര്യൻ ആ വരിപ്പുഴിൽ വാതളവും തളർച്ചയെ ഉണ്ടാക്കുന്നതും ശരീരബലത്തെ ക്ഷയിപ്പിക്കുന്നതുമാണെന്നും—ഈ വക കാരണം നിമിത്തം അതു ഗുണകരമല്ലെന്നും പറഞ്ഞു. എന്നാൽ അദ്ദേഹം തന്റെ അനുഭവത്തിൽ അധികം നല്ലതായി കണ്ടിട്ടുള്ളതു കുടകപ്പാലയരിയാണെന്നും അത് ശരീരബലത്തെ ലേശംപോലും ക്ഷയിപ്പിക്കുകയോ കഫപിത്തങ്ങളെ വേണ്ടേടത്തോളം ഹരിക്കാതി

തദസ്യോദ്ധ്വിതി ഭ്രേശൗനകഃ
കുടകഞ്ചാപി ബലഘ്നമിത്യപി. 7
ഇതി തദ്വചനാനി ഹേതുഭിഃ
സുവിചിത്രാണി നിശമ്യ ബുദ്ധിമാൻ
പ്രശശംസ ഫലേഷു നിശ്ചയം
പരമഞ്ചാത്രിസുതോബ്രവീദിദം. 8

രിക്കുകയോ ചെയ്യുകയില്ല. അതു നിമിത്തം അതാണ് അത്യുത്തമമായിട്ടുള്ളത് എന്നിങ്ങിനെ കുടജത്തെപ്പററി വളരെ പ്രശംസിച്ചു പറയുകയും ചെയ്തു. ആ സമയം കാപ്യനെന്ന വൈദ്യചാര്യൻ ഈ പറഞ്ഞ കുടജം അത്യന്തം ജലാംശരഹിതവും ഊദ്ധ്വാംഗശുദ്ധിയെ മാത്രം ഉപകരിക്കുന്നതും വാതത്തെ കോപിപ്പിക്കുന്നതുമാണെന്നും പറഞ്ഞു. എന്നാൽ തുളക്കാപ്പീരമാണ് ഇതിനെക്കാൾ ശ്രേഷ്ഠമായിട്ടുള്ളത്. അതു വാതളമാണെങ്കിലും അത്യന്തം കോപിച്ച് അതാതുസ്ഥാനങ്ങളിൽ ചെന്ന് ഉറച്ചുകിടക്കുന്ന കഫപിത്തങ്ങളെക്കൂടെ അതു ക്ഷണത്തിൽ ഹരിക്കുമെന്നും കാപ്യൻ അഭിപ്രായപ്പെടുകയും ചെയ്തു. അപ്പോൾ ശൌനകൻ ഇങ്ങിനെ പറഞ്ഞു. അതെന്തെന്നാൽ—കാപ്യൻ ഈ പറഞ്ഞതു് അത്ര ശരിയായിട്ടുള്ളതല്ല. എന്തുകൊണ്ടെന്നാൽ കൃതവേധനമെന്നത്, വളരെ എരിവുള്ളതും ശരീരബലത്തെ നശിപ്പിക്കുന്നതുമാകുന്നു *

8—ഇപ്രകാരം അനേകകാരണങ്ങളേക്കൊണ്ട് ഓരോരുത്തരും അവനവന്റെ പക്ഷത്തെ വിശദമായി സിദ്ധാന്തിച്ചതായ ഈ വാക്കുകേട്ടസമയം ബുദ്ധിമാനായ ആത്രേയഭഗവാൻ അവരിൽ ഓരോരുത്തരും ഈ പറഞ്ഞ ഔഷധങ്ങളെ പ്രയോഗിച്ച് അതുകളുടെ ഫലത്തെ നല്ലവണ്ണം അറിഞ്ഞിരിക്കുന്നതായ അവരുടെ ജ്ഞാനത്തെക്കുറിച്ചു പ്രശംസിക്കുകയും അതിലെ ഭേദത്തെ—അവർക്കുകൂടെ അജ്ഞാതമായ ആ ഔഷധങ്ങളെക്കുറിച്ചുള്ള വിഭാഗത്തെ ഭഗവാൻ ഇപ്രകാരം വിശദമായി അവരോടുപദേശിക്കുകയും ചെയ്തു *

ഫലദോഷഗുണാൻ സരസപ്രതീ
പ്രതി സ്വൈരുചി സമ്യഗീരിതാ
ന ച കിഞ്ചിദ്ദോഷനിർഗ്ഗുണം
ഗുണഭൂയസ്ത്വമതോ വിചിന്ത്യതേ. 9

ഇഹ കുഷ്ഠഹിതാ ചരാഗരീ
ഹിതമിക്ഷ്വാകു തു മേഹിനേ മതം
കടുജസ്യ ഫലം ഹ്യുദാഹൃതേ
പ്രവരം കോവിദാവിഷ്ടവാണ്ഡുവി. 10

ഉദരേ കൃതവേദനം ഹിതം
മദനം സർവ്വഗരാചിരോധി തു
മധുരം സകഷായതിക്തകം
തദ്രൂക്ഷം കടുകഞ്ച വിജ്വലം. 11

കഫപിത്തഹൃദാമ്ലകാരി ചാ-
പ്യനപായം പവനാനുലോമി ച

ആ ഭഗവദ്വാക്യത്തെത്തന്നെ വിവരിക്കുന്നു:—9-12— ഫലദോഷഗുണങ്ങളെക്കുറിച്ചു നിങ്ങൾ പറഞ്ഞതെല്ലാം ശരിതന്നെയാണ്. ജീമൂതകാദി ഓരോന്നിനും പറഞ്ഞ ഗുണവും ദോഷവും ശരിതന്നെയാണ്. എന്നാൽ ദോഷരഹിതമായോ ഗുണഹീനമായോ യാതൊരുവസ്തുവുമില്ല. ഒരു ഔഷധത്തിന് ഒരു ഗുണമുണ്ടെങ്കിൽ അതിന്നു മററ് ഏതെങ്കിലും ദോഷമുണ്ടായി എന്നും വരും. അങ്ങിനെയല്ലാതെ സർവ്വത്ര ഗുണകരമായോ ദോഷമാത്രമായോ യാതൊന്നുമുണ്ടാവുകയില്ല. അങ്ങിനെയാണ് പഞ്ചീകൃതപഞ്ചമഹാഭൂതോത്പന്നപ്രപഞ്ചത്തിന്റെ സ്വഭാവമെന്നു സാരം. എന്നാൽ ഏതേതുവസ്തുക്കൾ ഏതേതുരോഗങ്ങൾക്കു വിശിഷ്ടങ്ങളായിരിക്കുമെന്നു മാത്രമേ നമുക്ക് ഇവിടെ ചിന്ത്യമായിട്ടുള്ളു. അതിനാൽ ആ ഗുണാധിക്യത്തെ വിവരിക്കുകയും ചെയ്യാം. നിങ്ങൾ ഈ പറഞ്ഞ കല്പൌഷധങ്ങളിൽ ചരാഗരി അതായതു ജീമൂതം കുഷ്ഠരോഗികൾക്ക് അത്യന്തം ഹിതവും, ഇക്ഷ്വാകു പ്രമേഹ

ഫലനാമവിശേഷതസ്തു പ്രതോ
ലഭ്യതേന്യേഷു ഫലേഷു സതസ്പചി. 12
ഗുരുണാ ച വചസ്യുദാഹൃതേ
മുനിസംഘൈരിതി പൂജിതേ തതഃ
പ്രണിപത്യ മുദാ സമന്വിതഃ
സഹിതഃ ശിഷ്യഗണോനുപൃച്ഛവാൻ. 13
സർവ്വകർമ്മഗുണകൃൽ ഗുരുണോക്തോ
വസ്തിരുത്തമമഥർവ്വവേദിനാ

രോഗികൾക്കു ശ്രേഷ്ഠവും, കുട്ടികളുടെ ആലയരി ഹൃദോമയരോഗികൾക്കു വളരെ വിശേഷവും, കോലഫലം പാണ്ഡുരോഗത്തിന്നു പ്രവരൌഷധവും, കാട്ടുപീച്ചിൽ മഹോദരശമനത്തിന്നു വിശിഷ്ടവും, മലകാരയ്ക്കു എല്ലാരോഗത്തിന്നും അനുഗുണമായിട്ടുള്ളതുമാകുന്നു. ഈ മദനം, മധുരരസവും കഷായതിക്താനുരസവും ലേശംപോലും രൂക്ഷതയില്ലാത്തതും പാകത്തിൽ കടുരസമായിത്തീരുന്നതും വിജ്ജലവും കഫപിത്തങ്ങളെ വേണ്ടേടത്തോളം ഹരിച്ചുകളയുവാൻ തക്ക ശക്തിയുള്ളതും പ്രയോഗിച്ചാൽ ക്ഷണത്തിൽ സ്വകാര്യമായ ശോധനയെ വരുത്തുന്നതും അപായരഹിതവും വായുവിനെ അനുലോമപ്പെടുത്തുന്നതുമാകുന്നു. ലോകത്തിൽ ഏത്ര ഫലങ്ങൾ—കായകളുണ്ട്? അങ്ങിനെയായിരുന്നാലും ഫലമെന്നു പറഞ്ഞാൽ ഇതിനെയാണ് ഗ്രഹിക്കേണ്ടതെന്നു വരുവാനുള്ള കാരണം മേറ്റ സകല ഫലങ്ങളെക്കാൾ ദോഷഹാരണവിഷയത്തിൽ ഇതിന്നു ശ്രേഷ്ഠതയുണ്ടാകയാൽ തന്നെയാണെന്നും ഗ്രഹിക്കണം. അതിനാൽ സർവ്വശ്രേഷ്ഠമായ ഫലൌഷധം മദനംതന്നെയാണെന്നു സാരം *

13—വൈദ്യവിദ്യയുടെ ആദ്യഗുരുവായ ആത്രേയഭഗവാൻ ഔഷധഗുണങ്ങളെക്കുറിച്ച് ഇപ്രകാരം പ്രതിപാദിച്ചു കഴിയും ആ ഋഷീശ്വരന്മാരെല്ലാം ആ ഭഗവദ്വാക്യത്തെ ഭക്തിപൂർവ്വം സ്വീകരിക്കുകയും ചെയ്തു. തതഃ—ഈ സംവാദാനന്തരം, അഗ്നിവേശാദികളായ ഭഗവച്ഛിഷ്യന്മാർ ഭക്തിയോടുകൂടെ ഇപ്രകാരം ചോദിക്കുകയും ചെയ്തു. ആ ചോദ്യം എന്തെന്നാൽ, 14—അല്ലയോ ഭഗവൻ അഥർവ്വവേദിയായ ചിന്തിരുവടി വസ്തി ഉത്തമഭാഗശ്രീ

നാഭ്യധോഗുദഗതഞ്ച ശരീരാൽ
സർവ്വതഃ കഫമുപാഹരതി ദോഷാൻ. 14
തദ്ദ്വിരുദ്ധ്വ്വിധിദം ശരീരം
തന്ത്രയതേനിലഃ സംഗവിധാനാൽ
കേവല ഏവ ദോഷസഹിതഃ
സഹി വായുഃ പ്രകോപമുപയാതി. 15
തം പവനം സപിത്തകഫവിഡ്കം
ശുദ്ധികരോനുലോമയതി വസ്തിഃ
സർവ്വശരീരഗതഞ്ച ഗദസംഘാത-
പ്രകാശനാൽ പ്രശാന്തി മുപയാതി. 16

തമായ വമനാദികളുടെ കാര്യങ്ങളെക്കൂടെ ചെയ്യുമെന്നു പറഞ്ഞു വെല്ലോ. എന്നാൽ നാഭിയുടെ അധോഭാഗമായ ഗുദത്തെ പ്രാപിച്ച വസ്തിദ്രവ്യം ശരീരമാസകലം വ്യാപിച്ച ദോഷങ്ങളെ എങ്ങിനെയാണ് ഹരിക്കുന്നത് എന്ന സംശയത്തെക്കൂടെ പറഞ്ഞതിനാൽ കൊള്ളാമെന്നു ചോദിച്ചു *

15—തൽ=ഇപ്രകാരമുള്ള ചോദ്യത്തെ കേട്ടസമയം ഗുരുവായ ആത്രേയഭഗവാൻ ഇങ്ങിനെ ഉപദേശിച്ചു. അതെന്തെന്നാൽ, ഈ ശരീരത്തെ ആസകലം തന്ത്രണംചെയ്യുന്നത്—വിസ്തരിപ്പിക്കുന്നതു വായുവാകുന്നു. ആ വായുവിന്റെ ഗതിക്കു സംഗം വരുന്നസമയം വായു മാത്രമായോ പിത്താദിമററ ദോഷങ്ങളോടുകൂടിയോ—അതുകളെക്കൂടെ കോപിപ്പിച്ചുകൊണ്ടു വിഗുണനായിത്തീർന്നിട്ടാണ് ശരീരത്തിൽ എവിടെയും രോഗങ്ങളുണ്ടാകുന്നത് * 16—അതേവിധം കോപിച്ച വായുവിനെയും വായുവിനാൽ കോപിപ്പിക്കപ്പെട്ട മററപിത്തം കഫം മലം മുതലായതുകളെയും ശുദ്ധമാക്കിച്ചെയ്യുകയും അനുലോമിപ്പിക്കയും ചെയ്യുകയാണ് വസ്തികൊണ്ടു സിദ്ധിക്കുന്ന ഫലം. അതാണ് ശരീരമാസകലം വ്യാപിച്ച രോഗങ്ങളേയും വസ്തി ശമിപ്പിക്കുമെന്നു പറഞ്ഞതിന്റെ സാരം. ഈ വായു മനുഷ്യശരീരത്തിലെന്നു മാത്രമല്ല, 'സർവ്വശരീരഗഃ' മററ ഗജാശ്വാദികളുടെ ശരീരത്തിൽക്കൂടെ രോഗങ്ങളുണ്ടാക്കിത്തീർക്കുവാൻ കാരണഭൂതനായിത്തീരുന്നു. അവിടെയും വസ്തിതന്നെയാണ് ആ ദോഷങ്ങളെ ശമിപ്പിക്കുവാൻ സമർത്ഥമായ ക്രിയ എന്നും ഗ്രഹിക്കണം *

അഥാഭിഗമ്യാർത്ഥമപണ്ഡിതം ധിയാ
ഗജോഷ്ട്രഗോശ്വാവ്യജവസ്തികർമ്മ
അപൃച്ഛദേനം സ ച വസ്തിമന്ത്ര്യ ചീ-
ദ്വിധിം ച തസ്യാഹ പുനഃ പ്രചോദിതഃ. 17

അജാവികേ സൌമ്യഗജോഷ്ട്രയോർവ്വാ
ഗജാശ്വയോർവ്വസ്തിമുശന്തി മാഹിഷം
അജാവികാന്തേഷു വസ്തിമുത്തരം
വദന്തി വസ്തിം വിപരീതരൂപം. 18

സ്ഥൂലസ്തിമഷ്ടാദശഷോഡശാംഗുലം
തഥൈവ നേത്രഞ്ച ദശാംഗുലം ക്രമാൽ
ഗജോഷ്ട്രഗോശ്വാവ്യജവസ്തിസംഖ്യൌ
ചതുർത്ഥഭാഗേ ച സകർണ്ണികം വദേൽ. 19

17—ഇപ്രകാരം വസ്തിഗുണങ്ങളെ ഉപദേശിച്ചതിന്നുശേഷം അഭിഗമ്യാർത്ഥനായി ബുദ്ധിശക്തികൊണ്ട് അഖണ്ഡിതമായ ജ്ഞാനത്തെ സമ്പാദിച്ചവനായ ആത്രേയഭഗവാനോടു ശിഷ്യന്മാർ ആനഒട്ടകം പശു കുതിര കുറിയാട് കോലാട് എന്നിതുകൾക്കു വസ്തിചെയ്യേണ്ടും പ്രകാരവും അതുകൾക്കുള്ള ഔഷധാദിവിധികളുമെന്നെല്ലാമാണെന്നു ചോദിക്കുകയും ഗുരു ഇപ്രകാരം ഉപദേശിക്കുകയും ചെയ്തു *

18—ആ ഉപദേശത്തെത്തന്നെ വിവരിക്കുന്നു:—ഭദ്രയോ അഗ്നിവേശ! ആട്, കുറിയാട്, ആന, ഒട്ടകം, പശു. കുതിര, ഇതുകൾക്കു വസ്തിചെയ്യുവാനുള്ള വസ്തി, എരുമത്തോലുകൊണ്ടുണ്ടാക്കിയതോ അജാവിചർമ്മനിർമ്മിതമോ ആയിരിക്കണം. അതിന്റെ പുറം വളരെ മൃദുവായും ഉള്ളു മിനുപ്പുകുറഞ്ഞുമിരിക്കുകയും വേണം.

19—ആ വസ്തിക്കുള്ള ചർമ്മം പതിനെട്ടോ പതിനാറോ അംഗുലം ചതുരമുള്ളതും വസ്തിനേത്രം പത്ത് അംഗുലം നീളമുള്ളതും ഗജോഷ്ട്രഗോശ്വാവ്യജങ്ങൾക്കുള്ള വസ്തിനേത്രത്തിന്റെ തലക്കിലെ കുററി ആ നേത്രത്തിന്റെ നീളത്തിന്റെ മദ്ധ്യത്തിലായിരിക്കുക

പ്രസ്ഥസ്യ ചാജാദ്യാഹി നിത്രുഹമാത്രാ
ഗജാദിഷു ചിത്രിഗുണോ യഥാബലം
നിത്രുഹ ഉഷ്ണസ്യ തഥാഷ്ടകഷ്ടയം
ഗജസ്യ വൃദ്ധിസ്ചനവാസനേഷ്ടമഃ. 20
കലിംഗകുഷ്ഠേ മധുകം സപിപ്പലീ
വചാ ശതാഹ്വാ മദനം രസാഞ്ജനം
ഹിതാനി സർവ്വേഷു ഗുഡ ഔസൈന്ധവോ
ചിപിഞ്ചമൂലം സവിചല്ലവാ തചിയം. 21
ഗജേഷ്ടികാശത്ഥ ചടാശപക്ഷ്യജാ
സ്ചാദിരഃ പ്രഗ്രഹസാലതാവജാ

യും വേണം * 20— ആടിന്നും കുറിയാടിന്നും വസ്തിചെയ്യുവാനുള്ള ദ്രവ്യമാത്ര ഓരേ പ്രസ്ഥമാകുന്നു. മററു ഗജാദികളിൽ ഈ മാത്രയെ രണ്ടോ മൂന്നോ യുക്തിപോലെ വർദ്ധിപ്പിച്ചു ശീലിപ്പിക്കുകയും വേണം. ഒട്ടകത്തിന്നു നിത്രുഹം ചെയ്യുമ്പോൾ അതിൻെറ മാത്ര രണ്ട് ആഢകം (വ്യ ഇടങ്ങഴി) ആകുന്നു. ആനയ്ക്ക് അനുവാസനം ചെയ്യുമ്പോൾ അതിൻെറ മാത്ര അജത്തിന്നുള്ളതിൽ എട്ടിരട്ടിയായിരിക്കുകയും വേണം *

21— കുടകപ്പാലയരി കൊട്ടം ഇരട്ടിമധുരം തിപ്പലി വയമ്പ് ശതകുപ്പ മലങ്കാരയ്ക്ക രസാഞ്ജനം ദേവമൂലം എന്നിത്തുകൾകൊണ്ടു വെച്ച കഷായത്തിൽ ശക്കരയും ഇന്തുപ്പും ചേർത്തു വസ്തിചെയ്യുന്നത് അജാദികൾക്കെല്ലാം ഹിതമാകുന്നു. എന്നാൽ ഓരോന്നിന്നും വസ്തിചെയ്യുന്ന സമയം ഇതിലെ പരിമാണത്തെ വികല്പിച്ചു ശീലിപ്പിക്കുകയും വേണം * 22— ആനയ്ക്കു വസ്തിചെയ്യുമ്പോൾ ആ വസ്തിദ്രവ്യത്തിൽ അരയാൽതൊലി പേരാൽതൊലി മരുതിൻതൊലി കരിങ്ങാലിക്കാതൽ ചെറുകൊന്നത്തൊലി പെരുമരുതിൻതൊലി കരിമ്പനത്തൊലി എന്നിത്തുകൾകൂടെ മററു മുൻപറഞ്ഞ യോഗത്തിൽ ചേർക്കുകയും വേണം. വസ്തിചെയ്യുന്നത് ഒട്ടകത്തിന്നാണെങ്കിൽ അവിടെ ഈ അശ്വത്ഥാദികളുടെ സ്ഥാനത്ത്, ഞമത്തൊലി മുരിങ്ങാത്തൊലി പൂപ്പാതിരിവേര് ഇരിപ്പക്കാതൽ

തഥാ ച ഉശ്ചേ ധവശിഗ്രുപാടലീ-
മധുകസാരഃ സനികുംഭചിത്രകാഃ. 22
പലാശഭൂതീകസുരാഹപാരോഹിണീ-
കഷായ ഉക്തസ്യ-ധികോ ഗവാം മതഃ
പലാശഭൂതീസുരദാരുകത്തൃണ-
ദ്രവസ്യ ഉക്താസ്ത്വഗസ്യ ചാധികാഃ. 23
ഖരാശ്ചുയോഃ പീലുകരീരഖാദിരാഃ
ശമ്യാകവില്വാദിഗണസ്യ ച ച്ഛദാഃ
തരജാ വികാനാം ത്രിഫലാപത്രുഷികം
കപിത്ഥകക്കസ്യ സവില്വകോലജം. 24
അഥാഗ്നിവേശഃ സതതോന്തരാന്തരാ
ഹിതഞ്ച പപ്രച്ഛ ഗുരുസ്തതോഹ ച
സദാതുരാഃ ശ്രോത്രിയരാജസേവകാ-
സ്തഥൈവ വേശ്യാഃ സഹ പണ്യജീവിഭിഃ. 25

നാഗദന്തിവേര് കൊട്ടുവേലിക്കിഴങ്ങ് എന്നിതുകൾ ചേർക്കുകയും വേണം * 23— പ്ലാശിൻതൊലി പൂതണക്കപ്പുല്ല് ദേവതാരം കടുകരോഹണി ഇതുകൾകൊണ്ടു ചെച്ചു കഷായം പശുക്കൾക്ക് അത്യന്തം ഹിതമാകുന്നു. കുതിരക്ക്, പ്ലാശിൻതൊലി നാഗദന്തിവേര് ദേവതാരം നാന്മുകപ്പുല്ല് (ഓരില എന്നും പക്ഷം) ഇവകൊണ്ടു ചെച്ചു കഷായമാണ് അധികം ഗുണപ്രദമായിട്ടുള്ളത് * 24— കഴുത്തിലും ഒട്ടകത്തിനും കാപ്പി ആണ്ടാൽമുള്ള കരിങ്ങാലിക്കാതൽ കൊന്നത്തൊലി, കുമിഴ് കൂവളം വൃപ്പാതിരി പലകപ്പയ്യാനി മുഞ്ഞ എന്നിതുകളുടെ ഇല ഇവ സമം കഷായംവെച്ചു ശീലിക്കണം. ആജാവികൾക്ക് ത്രിഫല ചിററീന്തൽ ബ്ലാങ്കായ തുരടിയില കൂവളത്തിൻവേര് ലന്തക്കുരു എന്നിതുകൾ അത്യന്തം ഗുണപ്രദങ്ങളാകുന്നു *

25— ഇപ്രകാരം മററു ജീവികൾക്കു ഹിതമായതിനെക്കൂടെ ഉപദേശിച്ചതിന്നുശേഷം അഗ്നിവേശൻ, ആർക്കെല്ലാം ഇടക്കിടക്കു് അഹിതങ്ങൾ വന്നുകൊണ്ടിരിക്കുമെന്നും അവക്ക് എന്താണ് ശീലിക്കേണ്ടതെന്നും ചോദിക്കുകയും, അല്ലയോ അഗ്നിവേശ! ശ്രോ

ദ്വിജോ ഹി ശിഷ്യാദ്ധ്യയനവ്രതാഹ്നിക-
. ക്രിയാദിഭിർദ്ദേഹഹിതം ന ചേഷ്ടതേ
ന്യപാപസേവീ ന്യപചിത്തരക്ഷണാൽ
പരാനുരോധാദ്ബഹുചിന്തനാദ്ഭയാൽ. 26
ന്യചിത്തവൃത്തിന്യുപചാരതൽപരാ
മൃജാഭിർഭൂഷാനിരതാ വരാംഗനാ
സദാസനാദ്യൈരനുബന്ധവിക്രയ-
ക്രയാദിലോഭാദപി പണ്യജീവിനഃ. 27
സതൈരപി ത്വ്യാഗതവേഗനിഗ്രഹം
സമാചരന്തേ ന ച കാലഭോജനം

ശ്രീമന്മാർ, രാജസേവകന്മാർ, വേശ്യമാർ, കച്ചവടക്കാർ എന്നിവരെല്ലാം എന്നും രോഗികളായിത്തന്നെയിരിക്കുമെന്നറിയണം. എന്നാൽ ഇവരിൽ ഓരോരുത്തർക്കും വരുന്ന അഹിതസേവനാദിചേഷ്ടകളേയും അതുകൾക്കുള്ള ചികിത്സകളേയും വിവരിച്ചു പറഞ്ഞുതരാമെന്ന് ആത്രേയഭഗവാൻ പറയുകയും ചെയ്തു *

26-28 — മുൻപറഞ്ഞവരിൽ ആദ്യമായി പറഞ്ഞ ശ്രോത്രിയബ്രാഹ്മണൻ ശിഷ്യന്മാരെ പഠിപ്പിക്കുക വ്രതങ്ങളനുഷ്ഠിക്കുക ആഹ്നികകൃത്യങ്ങൾ ചെയ്യുക മുതലായ കൃത്യങ്ങൾനിമിത്തം ശരീരഹിതമായ ചേഷ്ടകളെ സമഗ്രമായി അനുഷ്ഠിക്കുകയില്ല. അതേവിധം രാജസേവചെയ്യുന്നവൻ രാജാവിന്റെ തിരുവുള്ളക്കേടു വരാതിരിക്കുവാനും മററു കുസൃതിക്കാർ വന്നു രാജാവിനെക്കണ്ടു സേവന്മാരായിക്കൂടി തന്നെ പുറത്താക്കുവാനിടവരുത്താതിരിക്കുവാനും മാത്രം മനസ്സിരുത്തുകയാലും രാജസേവനിമിത്തം ഇന്നിന്ന പദവികളെല്ലാം തനിക്കു കിട്ടുമെന്നു മോഹിച്ചു മതിമറക്കുകയാലും എപ്പോഴും ഉത്കണ്ഠവാകുന്നതുകൊണ്ടുള്ള ഭയംനിമിത്തവും ശരീരസ്ഥിതിസാധനമായ യാതൊന്നും ചെയ്യുകയില്ല. വേശ്യമാരുടെ അപചാരണസ്വഭാവമെന്തെന്നാൽ, ലോകത്തിലുള്ള സകല ജനങ്ങളേയും സന്തോഷിപ്പിച്ച് അവരുടെ ധനമെല്ലാം തനിക്കാക്കിത്തീർക്കേണമെന്നുള്ള വിചാരംനിമിത്തം അനേകതരം മനോവൃത്തിയോടുകൂടിയ പലരുടേയും മനോഭാവത്തിന് അനുസരിക്കേണ്ടിവരുന്നതിനാലും

അകാലവിഹാരവിഹാരഃസചിനോ
ഭവന്തിയേന്യേപി സദാതുരാശ്ച തേ. 28
സമീരണം വേഗവിധാരണോദ്ഭതം
വിബദ്ധസച്ഛംഗരുജാകരം ഭിഷക്
സമീക്ഷ്യ തേഷാം ഫലവത്തിഗാദിതഃ
സുകല്പിതാം സ്നേഹവതീം പ്രയോജയേൽ. 29
നിത്രാഹിതം ധന്വരസേന ഭോജിതം
നിരുദ്ധഭക്തൈലേന തതോനുവാസയേൽ

ഓരേ സമയത്തും വന്നുചേരുന്നവരെ സൽക്കരിക്കുകനിമിത്തവും മൃജാഹംകാരധാരണാദികളിലുള്ള അതിയായ ശ്രദ്ധനിമിത്തവും പലപ്പോഴും വേഗസന്ധാരണാദി അപത്ഥ്യങ്ങൾ ചെയ്യേണ്ടതായി വരും. കച്ചവടക്കാർ ഒരു സ്ഥാനത്തുതന്നെ അധികനേരം ഇരിക്കുകയാലും എല്ലാസമയവും ഇടവിടാതെ സാധനങ്ങൾ വില്ക്കുകയും കൊള്ളുകയും ചെയ്യുന്നതിൽതന്നെ മനസ്സ് ഏകാഗ്രമാക്കുകയാലും ശരീരഹിതത്തെക്കുറിച്ച് അശ്രദ്ധ സംഭവിച്ചുപോകും. ഇതു പറഞ്ഞ നാലു തരക്കാരും മുൻ പറഞ്ഞ കാരണങ്ങൾനിമിത്തം പ്രവർത്തമാനങ്ങളായ വേഗങ്ങളെ ധരിക്കുകയും വേണ്ടസമയത്തു ഭക്ഷണം കഴിക്കാതിരിക്കുകയും ചെയ്യും. അതുനിമിത്തം ഇവരെല്ലാം എന്നും രോഗികളായിത്തന്നെ ഇരിക്കുമെന്നു ഗ്രഹിക്കുകയും വേണം. ഈ പറഞ്ഞവരൊഴിച്ചു ബാക്കിയുള്ളവരും അകാലത്തിൽ നിഹാരവിഹാരങ്ങളെ — അപത്ഥ്യചെയ്തികളെ ശീലിക്കുന്നവരായാൽ അവരും എന്നും രോഗികളായിത്തന്നെ സംഭവിക്കും * 29 — ഇങ്ങനെ വിധം വേഗസംധാരണം വരികനിമിത്തം കോപിച്ച വായു ശരീരത്തിലെ ചേഷ്ടാദി സകല ഭാവത്തിന്നും തകരാറും ശരീരമാസകലം വേദനയുമുണ്ടാക്കിത്തീർക്കും. അതേവിധമുള്ള വാതകോപത്തെ ശമിപ്പിക്കുവാൻ വൈദ്യൻ അതിലെ — വാതകോപത്തിലെ ബലാബലസ്വഭാവത്തെ നോക്കിഅറിഞ്ഞ് ആദ്യം വിധിപ്രകാരമുള്ളതും സ്നേഹദ്രവ്യം പുരട്ടിയതുമായ ഫലവർത്തി ചെയ്യുകയും വേണം * 30-31 — ഫലവർത്തിവെച്ചു മാർഗ്ഗശുദ്ധി വരുത്തിയതിന്നു ശേഷം ദോഷകോപത്തിന്നു തക്കവിധം നിത്രാഹം ശീലിപ്പിച്ചു

ബലാശ്വഗന്ധാ സഹ വിലചിത്രകാൻ
ദ്വിപഞ്ചമൂലേ കൃതമാലകോല്ലലേ. 30
യവാൻ കുലത്ഥാംശ്ച പചേജ്ജലാഢ്യകേ
രസഃ സചേഷ്യസ്തു കലിംഗകാദിഭിഃ
സതൈലസർപ്പിർഗുളസൈന്ധവോ ഹിതഃ
സദാ നരാണാം ബലവർദ്ധനഃ പരഃ. 31
പുനർനവൈരണ്ഡനികുംഭചിത്രകാൻ
സദേവദാരുത്രിവൃതാവിശുദ്ധികാൻ
മഹാവഹി മൂലാനി ച പഞ്ച തത്ഭവാൻ
വിചൂർണ്യ മൂത്രേ ഭിഷഗ്വ്യസംയുതേ. 32
സതൈലസർപ്പിർല്ലവണൈശ്ച പഞ്ചഭി-
ർവ്വിമൃഷ്ടിതം വസ്തിവിധ പ്രയോജയേൽ

ധനപ്രമാണരസസംചേർത്തു ഭക്ഷണം കഴിപ്പിക്കുകയും പിന്നെ മുൻപറഞ്ഞ വിഷ്കുംഭതൈലംകൊണ്ട് അനുവാസനം ചെയ്യുകയും വേണം. കുറുന്തോട്ടിവേര് അമുക്കുരം കൂവളത്തിൻവേര് ആവണക്കിൻവേര് കുമിഴിൻവേര് കൂവളത്തിൻവേര് പൂപ്പാതിരിവേര് പലകപ്പയ്യാനിവേര് മുഞ്ഞവേര് ഓരിലവേര് മുപ്പിലവേര് ചെറുവഴുതിനവേര് വെള്ളക്കുവഴുതിനവേര് ഞരിഞ്ഞിൽവേര് ഉങ്ങിൻതൊലി ചെങ്ങഴിനീർക്കിഴങ്ങ് യവം മുതിര ഇവ സമം ('ഏകമപ്യൗഷധം രോഗേ യസ്മിന്നുൽ പ്രയുജ്യതേ । മാനതോ ദ്വിഗുണം പ്രോക്തം തദ്ദ്രവ്യം തത്പ്രദേശിതം' എന്ന പരിഭാഷപ്രകാരം ഇവിടെ കൂവളത്തിൻവേർ മററ് ഔഷധങ്ങളിൽ ഒന്നിന്റെ പരിമാണത്തെക്കാൾ ഇരട്ടി ചേർക്കുകയും വേണം) നാലിടങ്ങഴിവെള്ളത്തിൽ കഷായം വെച്ചു നാലൊന്നാക്കി പിഴിഞ്ഞരിച്ച് അതിൽ കലിംഗാദികൾ അരച്ചുകലക്കി എണ്ണയും ഇന്തുപ്പും ഒന്നുംചേർത്തു യോജിപ്പിച്ച് അതുകൊണ്ടു വസ്തിചെയ്യുന്നത് ഏതു് അവസ്ഥയിലുള്ളവർക്കും ഏതുകാലത്തും ഹിതവും അത്യന്തം ബലവർദ്ധനവുമാകുന്നു *

32-34 — രമിഷാമവേര് ആവണക്കിൻവേര് നാഗദന്തിവേര് കൊടുവേലിക്കിഴങ്ങ് ദേവതാരം ത്രികോല്ലകൊന്നം കടുകപ്പാല

തഥൈവ ശസ്യം മധുകേന സാധിതം
ഫലേന വിലേപന. ശതാഹ്വയാഥവാ. 33
സജീവനീയസ്തു രസോനുവസനേ
നിത്രഹണേ ചാലവണേ ശിശോഹിതഃ
നവാന്യഭാശ്ചാബലാഭിവർദ്ധനം
നിത്രഹവസ്തേ ശിശ്തുവൃദ്ധയോഃ പരം. 34

തത്ര ശ്ലോകഃ.

ഫലകർമ്മവസ്തിവരതത്ത്വനിശ്ചയോ വാജ്യുദീനാം
സതതാതുരാശ്ച ദ്രഷ്ടാഃ ഫലമാത്രായാം ഹിതം ചൈഷാം. 35

ഇതി ചരകസംഹിതാം
സിദ്ധിസ്ഥാനേ
ഫലമാത്രാസിദ്ധിർന്നാമ ഏകാദശോദ്ധ്യായഃ.

ന്തരി മഹൽപഞ്ചമൂലം ഇവ സമം ഗോമൂത്രവും തൈരുവെള്ളവും കൂട്ടി കഷായംവെച്ച് അതിൽ എണ്ണയും നെയ്യും സൈന്ധവാദി പഞ്ചലവണങ്ങളുംചേർത്തു യോജിപ്പിച്ച് അതുകൊണ്ടു വസ്തിചെയ്യുന്നതും നല്ലതാകുന്നു. അതേവിധം, ഇരട്ടിമധുരം, മലങ്കാരയ്ക്കു, കുവളത്തിൻവേര്, ശതകുപ്പ, ഇതുകൾകൊണ്ടുവെച്ച കഷായംകൊണ്ടു വസ്തിചെയ്യുന്നതും ജീവനീയഗണംകൊണ്ടുവെച്ച കഷായത്തിൽ സ്നേഹദ്രവ്യംചേർത്തു കാച്ചി അതുകൊണ്ട് അനുവാസനം ചെയ്യുന്നതും നല്ലതാണ്. എന്നാൽ ഈ നിത്രഹാനുവാസനങ്ങൾ ശിശുക്കൾക്കു ചെയ്യുമ്പോൾ ഇത്രയ്ക്കു പ്രയോഗിക്കാതെ ചെയ്യുകയും വേണം. ഈ പറഞ്ഞ ഒമ്പതുതരം വസ്തികളും ശിശുക്കൾക്കും വൃദ്ധന്മാർക്കും ക്ഷണത്തിൽ ശരീരപുഷ്ടിയെ വരുത്തുന്നവയാണെന്നും ഗ്രഹിക്കണം *

അദ്ധ്യായവിവരണം.

35— ഫലമാത്രാസിദ്ധിഎന്ന ഈ അദ്ധ്യായത്തിൽ ഫലകർമ്മസ്വഭാവവും ഗജാശ്വാദിജീവികളുടെ വസ്തിപരതത്ത്വനിശ്ചയവും ഇന്നിന്നവർ സതതാതുരന്മാരായിരിക്കുമെന്നും അവർക്ക് അതു സംഭവിക്കുവാനുള്ള കാരണങ്ങളും അവർക്കുള്ള ചികിത്സാവിധിയും വിശദമായി പ്രതിപാദിച്ചിരിക്കുന്നു *

ഇതി ചരകസംഹിതാവ്യാഖ്യാനേ
വാചസ്പത്യേ
സിദ്ധിസ്ഥാനേ ഏകാദശോദ്ധ്യായഃ (11)

അദ്ധ്യായം 12. ഉത്തരവസ്തി സിദ്ധി.

അഥാത ഉത്തരവസ്തിസിദ്ധിമദ്ധ്യായം വ്യാഖ്യാസ്യാമഃ.
ഇതി ഹ സ്മാഹ ഭഗവാനാത്രേയഃ.

അഥ ഖലു പാതുരം വൈദ്യഃ സംശുദ്ധം വമനാദിഭിഃ
ദുർബ്ബലം കൃശമല്പാഗ്നിം മുക്തസന്ധാനബന്ധനം. 1
നിഷ്ഠാനിലവിണ്മൂത്രകഫപിത്തം കൃശാശയം
ശൂന്യദേഹം പ്രതീകാരാസഹിഷ്ണും പരിപാലയേൽ. 2

അദ്ധ്യായം 12.

ഇനി ഉത്തരവസ്തിസിദ്ധി എന്ന അദ്ധ്യായത്തെ പറയുന്നു.

1-6— വൈദ്യൻ ഒരു രോഗിയെ വമനാദിപഞ്ചകർമ്മങ്ങളെ ശീലിപ്പിച്ച ശുദ്ധിവരുത്തിയതിന്നു ശേഷം (പ്രകൃതിംഗമയേൽ ഖലു=അവനെ പ്രകൃതിസ്ഥനാക്കിതീർക്കുന്നതുവരെ തീർച്ചയായും പരിപാലിക്കുകയും പ്രകൃതിസ്ഥനാക്കുകയും ചെയ്യേണ്ടതു വൈദ്യന്റെ കടമയാണെന്നു സാരം) അവൻ ദുർബ്ബലനും— ശരീരത്തിനും ജഠരാഗ്നിക്കും മനസ്സിന്നും ബലംകുറഞ്ഞവനും പത്ഥ്യാപത്ഥ്യങ്ങളെ തിരിച്ചറിയുവാനും ഒരുസമയം പറഞ്ഞുകൊടുത്താൽതന്നെ ഉത്തരക്ഷണത്തിൽ അതിനെ ധരിച്ച് ഇന്ദ്രിയനിഗ്രഹം ചെയ്യത്തക്ക ശക്തിയില്ലാത്തവനും ശരീരം മെലിഞ്ഞവനും ജഠരാഗ്നിക്കു ബലംകുറഞ്ഞവനും— ഗ്രഹണീരോഗികളെപ്പോലെ അപത്ഥ്യാഹാരങ്ങളിൽ അത്യാഗ്രഹത്തോടുകൂടിയവനും കഫനിഗ്രഹനിമിത്തം സന്ധിബന്ധങ്ങൾക്ക് അത്യന്തം ശൈഥില്യംസംഭവിച്ചവനും വായു മലം മൂത്രം കഫം പിത്തം എന്നിതുകളെല്ലാം പതിവിലധികം പുറത്തുപോയവനും അതാതു ഭാവങ്ങളുടെ ആശയങ്ങൾക്കെല്ലാം കാശ്യംസംഭവിച്ചവനും ശൂന്യപ്രായമായ ശരീരത്തോടുകൂടിയവനും യാതൊരു ഔഷധവീര്യവും സഹിക്കത്തക്ക ശക്തിയില്ലാത്തവനുമായിരിക്കും. വൈദ്യൻ അവനെ പ്രകൃതിസ്ഥനാക്കി

യഥൈവ തരുണം പൂർണ്ണം തൈലപാത്രം തഥൈവ ച.
ഗോപാല ഇവ ദണ്ഡീ ഗാഃ സർവ്വസ്മാദുപചാരതഃ. 3
അഗ്നിസന്ധുക്ഷണാർത്ഥന്തു പൂർവ്വം പേയാദിഭിർഭിഷക്
രസോത്തരേണൈവ ചരേൽ ക്രമേണ ക്രമകോവിദഃ. 4

ത്തീക്കുന്നതുവരെ, വളരെ പിഞ്ചായ ഫലാദികളെ കയ്യിലെടു
ത്താൽ അതുകഠിക്കു കേടുതട്ടാതിരിക്കുവാൻ എത്രമാത്രം മനസ്സിരു
ത്തേണമോ അതുപോലയും ഒരു പാത്രത്തിൽ നിറച്ച് എണ്ണയം
ക്കി അതു കയ്യിലെടുത്തുകൊണ്ടുപോകുമ്പോൾ അതിൽനിന്ന് ഒ
രു തുള്ളിപോലും പുറത്തുപോകാതെ കൊണ്ടുപോകുവാൻ എത്ര
ത്തോളം മനസ്സിരുത്തേണമോ അതുപോലയും ഗോപാലൻ— പശു
ക്കളെ ദ്രോഹിക്കാതെ തീററി പോററിവളർത്തുന്ന ഗോപാലൻ
അതുകൾ അന്യന്റെ വിളവുതിന്നുവാനോ അപായകരസ്ഥലങ്ങ
ളിലേക്കോ പോകുന്നസമയം മുടിക്കോലുയർത്തിപ്പിടിച്ചു ശബ്ദിച്ചു
കൊണ്ട് അവയെ ആ അകൃത്യത്തിൽനിന്നു നിവൃത്തിപ്പിക്കുന്നതു
പോലെയും സകലവിധ അപചാരങ്ങളിൽനിന്നും ഏതേത് അ
പചാരങ്ങളിൽനിന്ന് ഏതേതുവിധമായാലാണോ രക്ഷപ്പെടുക അ
തേവിധം രക്ഷിക്കുകയും വേണം. ഇവിടെ തരുണം എന്നതിന്നു ശി
ശുവിനെ എന്നും അർത്ഥമുണ്ട്. ആ പക്ഷത്തിൽ ഒരു ശിശുവി
നെ അവന്റെ ധാത്രി ഏതുവിധമാണോ രക്ഷിക്കുക അതേവിധ
മെന്നും അർത്ഥമാകുന്നു. 'യഥാണ്ഡം തരുണം' എന്നും പാഠമുണ്ട്.
ആ പാഠത്തിൽ അണ്ഡശബ്ദത്തിന്ന് കുക്കുടാണ്ഡാദി അണ്ഡമെ
ന്നർത്ഥമാകുന്നു. അവനെ ഏതുവിധം ഉപചരിക്കേണമെന്നു പറ
യുന്നു:— അവന്റെ ജഠരാഗ്നിക്കു ബലംവരുവാനായി ശോധനവ
രുത്തിയാൽ പിന്നെ ആദ്യമായി മുൻപറഞ്ഞപ്രകാരമുള്ള പേയാദി
ക്രമത്തെ ശീലിപ്പിക്കുകയും ഭിഷക്— വൈദ്യൻതന്നെ ശീലിപ്പി
ക്കണമെന്നു പറയുകയാൽ ശോധനയിലെ വ്യത്യാസംനിമിത്തം
ചിലപ്പോൾ ചിലക്കു പേയാദിയായും മററു ചിലപ്പോൾ മന്ഥാദി
യായും മററു ചിലസമയം വേറെവിധത്തിലുള്ള ചർയ്യകളായിരി

സ്നിഗ്ദ്ധാമ്ലലവണൗ ദ്വൗ ദ്വൗ തതോമ്ലലവണൌ രസൌ
സ്വാദുതിക്തൌ തതോ ജ്ഞേയഃ കഷായകടുകൌ തതഃ. 5
അന്യോന്യപ്രത്യനീകാനാം രസാനാം സ്നിഗ്ദ്ധരൂക്ഷയോഃ
വ്യത്യാസാദുപയോഗേന പ്രകൃതിം ശമയേദ്ഭിഷക് 6
സർവ്വക്ഷമോ നിരാസംഗോ രതിയുക്തഃ സ്ഥിരേന്ദ്രിയഃ

ക്കും യോജിപ്പിക്കേണ്ടതായിത്തീരുക. അതുകളെ നോക്കി അതാതു കാലം ശീലിപ്പിക്കുകയും അതിൽ അതിയോഗാദികൾ വന്നുപോകാതെ സൂക്ഷിക്കുകയും വൈദ്യന്റെ ചുമതലയാകയാലാണ് വൈദ്യൻതന്നെ ശീലിപ്പിക്കുക എന്നു പറഞ്ഞത്. പേയാദിക്രമപരിപാടിക്കു പ്രാധാന്യമുണ്ടാകയാൽ 'പേയാദിഭിഃ' എന്നു പറഞ്ഞതാകുന്നു. ശോധനാനന്തരക്രമങ്ങളെ ശീലിപ്പിച്ചു നല്ല പരിചയമുള്ളവനായ വൈദ്യൻ ഈ പറയുന്ന രസോത്തരമായ ക്രമത്തെത്തന്നെയാണ് ശീലിപ്പിക്കേണ്ടതെന്നും ഗ്രഹിക്കണം. ആ വിധിയെന്തെന്നാൽ, ആദ്യം സ്നിഗ്ദ്ധങ്ങളും പുളിയും മധുരവുമുള്ളവയും ഹൃദ്യങ്ങളുമായ ആഹാരങ്ങളേയും അതുകൾ ദഹിച്ചുതുടങ്ങിയാൽ പിന്നെ അമ്ലലവണരസാത്മകങ്ങളായും പിന്നെ സ്വാദുതിക്തരസാത്മകങ്ങളായും കഷായകടുകാത്മകങ്ങളായുമുള്ള ദ്രവ്യങ്ങളെയാണ് ശീലിപ്പിക്കേണ്ടത്. ഇതേവിധം സ്നിഗ്ദ്ധരൂക്ഷസ്വഭാവങ്ങളെക്കൊണ്ട് അന്യോന്യവിരുദ്ധങ്ങളായ— സ്നിഗ്ദ്ധങ്ങളും രൂക്ഷങ്ങളുമായ എന്നു വെച്ചാൽ സ്നിഗ്ദ്ധങ്ങളായ മധുര- ലവണ- കഷായരസങ്ങളോടുകൂടെ രൂക്ഷങ്ങളായ അമ്ല- തിക്ത- കടുകരസങ്ങളെ ചേർത്ത് ഈ പറഞ്ഞ ക്രമത്തിൽ ശീലിപ്പിച്ച് അവനെ പ്രകൃതിസ്ഥനാക്കുകയും വേണം *

7— പ്രകൃതിസ്ഥനായവന്റെ ലക്ഷണത്തെ വിവരിക്കുന്നു:— സകലവിധ ആഹാരവിഹാരങ്ങൾക്കെല്ലാം മുൻകാലങ്ങളിലെപ്പോലെയുള്ള ശക്തിയുണ്ടാവുക വേഗഗതികൾക്കൊന്നും തടവില്ലാതിരിക്കുക— വേണ്ടസമയത്തു വേണ്ടേടത്തോളം പ്രവർത്തിക്കുക കാര്യാകാര്യങ്ങളെ തിരിച്ചറിയുകയും കർത്തവ്യകർമ്മങ്ങളിൽ ശ്രദ്ധയുണ്ടായിരിക്കുകയും ചെയ്യുക ചക്ഷുഃശ്രോത്രാദി ഇന്ദ്രിയങ്ങൾക്കു സ്വവ്യാപാരത്തിൽ സൈഷ്ഠ്യമുണ്ടാവുക ശരീരത്തിനു ബലമുണ്ടാവുക തന്റെ ശരീരപ്രകൃതിക്ക് അനുഗുണമായ സത്പലക്ഷ

ബലവാൻ സത്വസമ്പന്നോ വിജ്ഞേയഃ പ്രകൃതിം ഗതഃ. 7
ഏതാം പ്രകൃതിമപ്രാപ്തഃ സർവ്വവർജ്ജ്യാനി വർജ്ജയേൽ
മഹാഘോഷകരാണ്യഷ്ടാവിമാനി തു വിശേഷതഃ. 8
ഉച്ചൈർഭാഷ്യം രഥക്ഷോഭമതിചംക്രമണാസനേ
അജീർണ്ണാഹിതഭോജ്യേ ച ദിവാസ്വപ്നം സമൈഥുനം. 9

ണം പ്രകാശിക്കുക എന്ന ലക്ഷണങ്ങൾ തികച്ചും കണ്ടാൽ അവൻ പ്രകൃതിസ്ഥനായി എന്ന് അറികയും വേണം *

8-9— പഞ്ചകർമ്മങ്ങളിൽ ഏതെങ്കിലും ശീലിച്ച് അതിന്റെ പത്ഥ്യാചരണം കഴിഞ്ഞാൽ ഈ പറഞ്ഞ പ്രകൃതിസ്ഥലക്ഷണം തികച്ചും വന്നിട്ടില്ലെങ്കിൽ അവൻ അതാതു ചികിത്സാകാലത്ത് ഏതേതു ചേഷ്ടകൾ വർജ്ജിക്കേണമെന്നു പറഞ്ഞിരിക്കുന്നുവോ അതുകളെ എല്ലാം തികച്ചും വർജ്ജിക്കുകതന്നെ വേണം. എന്നാൽ ഏതു ചികിത്സാകാലത്തും വിശേഷിച്ചും വർജ്ജിക്കേണ്ടവയും വർജ്ജിക്കേണ്ടതാണെന്നു വിധിക്കുന്ന മററ് എല്ലാററിലും അധികം ഘോഷകരങ്ങളുമായ ഈ പറയുന്ന, ക. ഉച്ചൈർഭാഷ്യം—വളരെ ഉറക്കെ സംസാരിക്കുക ഖ. വണ്ടിമുതലായ യാനങ്ങളിൽ കയറി സഞ്ചരിക്കുകനിമിത്തം ശരീരത്തിന്നു ക്ഷോഭംസംഭവിക്കുക, ഗ. കണക്കിലധികം— അധികവും അതിവേഗത്തിലും നടക്കുക, ഘ. വളരെനേരം ഒരേടത്തുതന്നെ ഇരിക്കുക, ങ. ഒരിക്കൽകഴിച്ച ഭക്ഷണപദാർത്ഥം ദഹിക്കുന്നതിന്നു മുമ്പെ പിന്നെയും ഭക്ഷിക്കുക, ന്യ. അതാതു ചേഷ്ടകൾക്ക് ഹിതമല്ലാതുള്ള പദാർത്ഥത്തെ ഭക്ഷിക്കുക, ച. പകൽ കിടന്നുറങ്ങുക, വ്യ. സ്ത്രീസേവചെയ്യുക എന്ന ഏഴു കൂട്ടത്തെ വിശേഷിച്ചും വർജ്ജിക്കണം. ഇതുകൾ അത്യന്തം ഘോഷകരങ്ങളാണെന്നും ഗ്രഹിക്കണം. ഇതിൽ ആസനസമ്പന്നതിന്ന് ഒരേടത്തുതന്നെ ഇരിക്കുക എന്നും ഒന്നിൽതന്നെ മനസ്സിരുത്തുക എന്നും മൈഥുനമെന്നതിന്നു കായികമായോ മാനസികമായോ ഉള്ള സ്ത്രീസേവ എന്നും അർത്ഥമാണെന്നാകുന്നു ചില വൈദ്യന്മാരുടെ അഭിപ്രായം *

തജ്ജാ ദേഹോദ്ധ്വസർവ്വാധോമദ്ധ്യപീഡാമദോഷജാഃ
ശ്ലേഷ്മജാഃ ക്ഷയജാശ്ചൈവ വ്യാധയഃ സ്യുർയ്യഥാക്രമം. 10
തേഷാം വിസ്തരതോ ലിംഗമേകൈകസ്യ സഭേഷജം
യഥാവത്സംപ്രവക്ഷ്യാമി സിദ്ധാൻ വസ്തിംച്ച യാപനാൻ. 11

തത്രോച്ചൈർഭാഷ്യാതിഭാഷ്യാദ്ദ്രുതം ശിരസ്സോപകണ്ഠശംഖനി
സ്പന്ദസ്രോതോവരോധമുഖതാലുകണ്ഠശോഷതൈമിത്യപിപാസാ-
ജ്വരതമകഹനുമന്യാഗ്രഹനിഷ്ഠീവനോരഃപാർശ്വശൂലസ്വരഭേദ-
ഹിക്കാശ്വാസാദയഃ സ്യുഃ. 12

രഥക്ഷോഭാൽ സന്ധിപർവ്വശൈഥില്യഹനുനാസാകണ്ഠശിരഃ
ശൂലതോദവമ്നി വിക്ഷോഭാടോപാന്ത്രകൂജനാംഭ്രമാപനഹൃദയേന്ദ്രി-

10— ഈ പറഞ്ഞ ഉച്ചൈർഭാഷ്യാദി അഷ്ടാഹിതസേവനം നിമിത്തം ക. ദേഹപീഡ, ഖ. ഊർദ്ധ്വാംഗപീഡ, ഗ. സർവ്വാംഗപീഡ, ഘ. അധശ്ശരീരപീഡ, ങ. മദ്ധ്യപീഡ, ന്ന. ആമദോഷം, ച. കഫകോപം, വ്യ. ക്ഷയം എന്ന ഉപദ്രവങ്ങൾ സംഭവിക്കും. ഈ പറഞ്ഞ എട്ട് ഉപദ്രവങ്ങളും മുൻപറഞ്ഞ ഉച്ചൈർഭാഷ്യാദി ഓരോന്നുനിമിത്തം സംഭവിക്കുന്നതാകയാൽ അഷ്ടമഹാദോഷങ്ങളിൽ ഏതെങ്കിലും ശീലിച്ചുപോയാൽ ആതാതുകളുടെ സംഖ്യാനുഗുണമായ ദേഹപീഡാദി ഉപദ്രവങ്ങൾ സംഭവിക്കുമെന്നും ഗ്രഹിക്കണം * 11— ഈ പറഞ്ഞ അഷ്ടദോഷങ്ങളുടെ ഉപദ്രവങ്ങളായ ദേഹപീഡാദി ഓരോന്നിന്റെയും സ്വഭാവത്തെയും അതാതുകൾക്കുള്ള ചികിത്സയും വഴിപോലെ വിസ്തരിച്ചുപദേശിച്ചുതരാം സിദ്ധങ്ങളായ യാപനവസ്തിയോഗങ്ങളേയും ഉപദേശിച്ചുതരാം. അതുകളെല്ലാം ശ്രദ്ധയോടെ കേട്ടു ധരിക്കുക *

12— തത്ര— ഈ പറഞ്ഞ അഷ്ടമഹാദോഷങ്ങളിൽവെച്ച് (ക) ഉച്ചൈർഭാഷണം— ചികിത്സാകാലത്ത് ഉറക്കെ സംസാരിച്ചാലും അധികം സംസാരിച്ചാലും തലവേദന ചെകിട്ടിലും ശംഖപ്രദേശത്തും കുത്തിനോവ് നാസികാദിസ്രോതസ്സുകൾക്ക് അടവ് വായയിലും താലുപ്രദേശത്തും കണ്ഠത്തിലും വറൾച്ച ക

യോപരോധസ്തിക്കാശ്വാസം ക്ഷണവൃഷണകടീപൃഷ്ഠവേദനാസന്ധി സ്കന്ധഗ്രീവാദൌർബ്ബല്യാംഗാഭിതാപപാദശോഫപ്രസ്വാപഹർഷ-ണാദയഃ. 13

അതിചംക്രമണാൽ, പാദജംഘോരുപാർശ്വക്ഷണശ്രോണീപൃഷ്ഠ ശ്ലീപസക്ഥിസാദനിസ്തോദപിണ്ഡികോദ്വേഷ്ടനാംഗമർദ്ദാംസാഭിതാപസിരാധമനീഹർഷശ്വാസകാസാദയഃ സ്യുഃ. 14

ണ്ണുകാണാസ്ഥ ദാഹം പനി ഏക്കം ഹനുഗ്രഹം മന്യാഗ്രഹം കഫം തുപ്പുക നെഞ്ഞത്തും വാരിഭാഗത്തും വേദന ഒച്ചയടപ്പ് ഇക്കിട്ടം ശ്വാസംമുട്ട് മുതലായ രോഗങ്ങൾ സംഭവിക്കും. ഇവിടുത്തെ ആദി ശബ്ദംകൊണ്ടു ക്ഷയരോഗത്തിന്റെ മററ് ഉപദ്രവങ്ങൾകൂടെ സംഭവിക്കുമെന്നും ഗ്രഹിക്കണം *

13— (വ) തേര് വണ്ടിമുതലായ യാനങ്ങളിൽ കയറി സഞ്ചരിക്കുകനിമിത്തം ശരീരത്തിന്നു ക്ഷോഭംസംഭവിച്ചാൽ സന്ധി പർവ്വങ്ങൾക്കു ശൈഥില്യം ഹനുക്കൾ നാസിക ചെവി ശിരസ്സ് ഇവിടങ്ങളിൽ കുത്തിനോവ് ജഠരംഗിക്കു വിക്ഷോഭം— വൈഷമ്യം ആടോപം കുടലിരയ്ക്കുക മേൽവയറുവീർക്കുക നെഞ്ഞത്തു തടവ് ചക്ഷുഃ ശ്രോത്രാദി ഇന്ദ്രിയങ്ങൾക്കു സ്വവ്യാപാരനിരോധം ആസനം വാരിഭാഗങ്ങൾ ഒടിപ്രദേശങ്ങൾ വൃഷണങ്ങൾ അരക്കെട്ട് പുറം ഇവിടങ്ങളിൽ വേദന സന്ധിപ്രദേശത്തും കഴുത്തിലും ഗ്രീവയിലും ബലക്ഷയം ശരീരമാസകലം ചൂട് രണ്ടു കാലിന്മേലും നീര് സ്വാപം ഹർഷണംമുതലായതുകൾ സംഭവിക്കും *

14— (ന) അതിചക്രമണം അതായതു ചികിത്സാകാലത്ത് അതിയായി നടക്കുകനിമിത്തം, കാലടികളിലും മുഴങ്കാലുകളിലും തുടകളിലും ഒടിപ്രദേശത്തും അരക്കെട്ടിലും പുറത്തും വേദന സക്ഥികൾക്ക് ആകമാനം തളർച്ചയും കുത്തിനോവുമുണ്ടാവുക കാൽവണ്ണ ഉരുണ്ടുകയറുക അംഗമർദ്ദം ചുമലിൽ ചുട്ടുനീറൽ സിരകളിലും ധമനികളിലും ഹർഷം (തരിപ്പ്) ശ്വാസംമുട്ട് കുരമുതലായതുകളുണ്ടാകും *

അത്യാസനാദ്രഥക്ഷോഭജാഃ സ്ഫിക്കാശ്ചവംക്ഷണവൃഷണകടീപൃഷ്ഠവേദനാദയഃ സ്യുഃ. 15

അജീർണ്ണാദ്ധ്യശനാഭ്യാം തു മുഖശോഷാദ്ധൂമനശൂലനിസ്തോദപിപാസാഗാത്രസാദക്ലേദ്ദ്രതീസാരമൂർച്ഛാജ്വരപ്രവാഹണാമവിഷാദയഃ സ്യുഃ. 16

വിഷമാഹിതാശനാഭ്യാമന്നാനഭിലാഷദൌർബ്ബല്യവൈവർണ്ണ്യകണ്ഡൂപാമഗാത്രാവസാദവാതാദിപ്രകോപജാശ്ചഗ്രഹണ്യർശോവികാരാദയഃ. 17

ദിവാസ്വപ്നാദരോചകാവിപാകാഗ്നിനാശസ്തൈമിത്യപാണ്ഡു

15— (ര) അത്യാസനം— ഒരു സ്ഥാനത്തുതന്നെ അധികനേരം ഉറച്ചിരുന്നാൽ രഥക്ഷോഭംനിമിത്തമുണ്ടാകുന്ന രോഗങ്ങളെല്ലാമുണ്ടാകുമെന്നു മാത്രമല്ല ആസനം വാരിഭാഗം ഒടിപ്രദേശം വൃഷണം കടിപ്രദേശം പുറം ഇവിടങ്ങളിൽ അതി കലശലായ വേദനമുതലായതുകളും സംഭവിക്കും *

16— (ഭ) അജീർണ്ണാശനംനിമിത്തം വായവറൾച്ച മേൽവയറുവീർപ്പ് ശൂലവേദന കുത്തിനോവ് ദാഹം ശരീരത്തിന്നു തളർച്ച ഛർദ്ദി അതിസാരം മോഹാലസ്യം പനി മുക്കൽ ആമവിഷം മുതലായതുകളുണ്ടാകും. ചികിത്സാകാലത്ത് അദ്ധ്യശനം ശീലിച്ചാലും ഇതുകൾതന്നെയാണ് സംഭവിക്കുക *

17— (ന) വിഷമാശനംശീലിച്ചാൽ ഭക്ഷണംകഴിക്കുന്നതിൽ മടുപ്പ് ബലക്ഷയം വൈവർണ്ണ്യം ചൊറിച്ചിൽ ചിരങ്ങ് ഹസ്തപാദാദി അവയവങ്ങൾക്കു തളർച്ച വാതകോപാദിജങ്ങളായ സൂത്രം ൨൮-ാം അദ്ധ്യായോക്തരോഗങ്ങൾ ഗ്രഹണി മൂലകുരു എന്നിതുകളുണ്ടാകും. അഹിതമായ ഭക്ഷണംശീലിച്ചാലും ഈ പറഞ്ഞതുകൾതന്നെയാണുണ്ടാവുക എന്നും ഗ്രഹിക്കണം *

18— (ര) പകൽ കിടന്നുറങ്ങിയാൽ അരോചകം ഹേനക്ഷയം ജഠരാഗ്നിക്കു ബലക്ഷയം സൈമിത്യം പാണ്ഡുരോഗം ചിരങ്ങ് ചൊറി ചുട്ടുനീറൽ ഛർദ്ദി അംഗമർദ്ദം ഹൃദയത്തിൽ സ്തംഭനം ജാഡ്യം

കണ്ഡൂ പാമാരോഗ്യച്ഛർദ്ദ്യുദ്ഗമർദ്ദിതൈഃ സ്തംഭജാഡ്യതന്ദ്രാനിദ്രാപ്രസംഗ-
ഗ്രന്ഥിജന്മദൌർബ്ബല്യരക്തമൂത്രാക്ഷിതാലുതാലുലേപഃ പിപാസാ ച.

വ്യവായാദ്ദോഷ്ണ്ണബലസാദോഷ്ണസാദവസ്ഥിശിരോഗ്രഹമേഢ്രവൃഷ-
ക്ഷണാരുജാനുജംഘാപാദ്ദോഷ്ണലഘുദേഹസ്പന്ദനമൂത്രപീഡാംഗശൈ-
ഥില്യസ്തുക്കുമാർഗ്ഗരോണിതാഗമനകാസശ്വാസശോണിതഷ്ഠീവന-
സ്വരാവസാദകദൌർബ്ബല്യൈകാംഗസർവ്വാംഗരോഗമുഷ്കശ്വയഥുവാ-
തവർച്ചോമൂത്രസംഗശുക്രവിസർഗ്ഗജാഡ്യവേപഥുബാധിര്യവിഷാദോ-
യഃ സ്യുഃ. ഉൽപാട്യത ഇവ ഹൃദ്സ്ഫോട്യത ഇവ മേഢ്രമവസീദതീവ
മനോ വേപതേ ഹൃദയം പീഡ്യതേ സന്ധയസ്തുമഃ പ്രവിശ്യതീ
19
വ ച.

ഇത്യേവമേഭിരഷ്ടഭിരഭിചാരൈരുതേ പ്രാദുർഭവന്ത്യുപദ്രവാഃ.

തന്ത്ര ഉറക്കമധികരിക്കുക ശരീരത്തിൽ അവിടവിടെ മുഴപുറപ്പെ
ടുക ബലക്ഷയം മൂത്രവും കണ്ണും ചുവക്കുക താലുപ്രദേശത്തിൽ ഉ
പലേപപ്രതീതി ദാഹമെന്നതുകളുണ്ടാകും *

19—(വ) സ്ത്രീസംഗം ചെയ്താൽ ക്ഷണത്തിൽ ശരീരബലം
ക്ഷയിക്കുക തുടകൾക്കു തളർച്ച വസ്തിപ്രദേശം ശിരസ്സ് ഗുദം മേഢ്രം
കടിപ്രദേശം തുടകൾ ജാനുക്കൾ മുഴങ്ങാൽ കാലടി ഇവിടങ്ങളിൽ കു
ത്തിനോവ് നെഞ്ചത്തുമിടിപ്പ് നേത്രപീഡ അംഗങ്ങൾക്കു ശൈ
ഥില്യം സ്തുക്കുമാർഗ്ഗത്തിൽക്കൂടെ രക്തം പുറപ്പെടുക കുര ശ്വാസംമു
ട്ടൽ ചോരത്തുപ്പുക ഒച്ചയടപ്പ് കടിപ്രദേശത്തിന്നു ബലക്ഷയം ഏ
കാംഗവാതരോഗം സർവ്വാംഗരോഗം മുഷ്കങ്ങളിൽ വീര് അധോവാ
തത്തിനും മലത്തിന്നും മൂത്രത്തിനും തടവ് സ്തുക്കും സ്രവിക്കുക ജാ
ഡ്യം വിറയൽ ചെവിക്കേൾക്കായ്ക വിഷാദിതത്വം മുതലായ ഉപദ്ര
വങ്ങൾ സംഭവിക്കും. അവൻെറ ഗുദം പറിച്ചെടുക്കുന്നതുപോലെ
യും മേഢ്രത്തിന്മേൽ അടിക്കുന്നതുപോലെയും മനസ്സ് പിടിക്കു
ന്നതായും തോന്നുകയും ഹൃദയം വിറയ്ക്കുകയും സന്ധികളിലെല്ലാം
അതികഠിനമായ വേദനയും കണ്ണിരുട്ടടയ്ക്കുകയും കൂടെ ഉണ്ടാകുമെ
ന്നു ഗ്രഹിക്കണം *

20—ഈ പറഞ്ഞ ഉന്മൈത്രാദ്യാദി അഷ്ടമഹാദോഷങ്ങൾ

തേഷാം സിദ്ധിരുച്ചൈർഭാഷ്യാതിഭാഷ്യജാനാമഭ്യംഗസ്വേദോപനാഹധൂമനസ്യോപരിഭക്തസ്നേഹപാനരസക്ഷീരാദിഭിർവ്വാതഹരഃ സർവ്വോ വിധിർമ്മൈനാം ച. 21

രഥക്ഷോഭാതിചക്രമണാത്യായാസജാനാം സ്നേഹസ്വേദാദ്യൈ വാതഹരം കർമ്മ സർവ്വം വിദിത്വാ വർജ്ജം. 22

അജീർണ്ണാദ്ധ്യശനജാനാം നിരവശേഷതഃ ഛർദ്ദനം രൂക്ഷസ്വേദധൂമപാനലംഘനീയപാചനീയദീപനീയൌഷധാചരണഞ്ച. 23

വിഷമാഹിതാശനജാനാം യഥാസ്വം ദോഷക്രിയാഃ. 24

ദിവാസ്വപ്നജാനാം ധൂമപാനലംഘനവമനശിരോവിരേചന-

നിമിത്തം ഈ പറഞ്ഞ ഉപദ്രവങ്ങളെല്ലാമുണ്ടാകുമെന്നു വൈദ്യൻ ഗ്രഹിച്ചിരിക്കുകയും വേണം * 21—ഇനി ഇതുകൊണ്ടുള്ള ചികിത്സാവിധിയെ പറയുന്നു:— ഉച്ചൈർഭാഷണം അതിഭാഷണമെന്ന കാരണങ്ങൾനിമിത്തം സംഭവിച്ച രോഗങ്ങൾക്ക് അഭ്യംഗം ശീലിക്കുക വിയർപ്പിക്കുക ഉപനാഹംചെയ്യുക ധൂമനസ്യങ്ങൾ ശീലിക്കുക ഭക്ഷണം കഴിച്ചതിന്നുശേഷം സ്നേഹപാനം ചെയ്യുക മാംസരസക്ഷീരാദികളെ ശീലിക്കുക മുതലായ വാതഹരചർയ്യകളെ വിധിപ്രകാരം ശീലിക്കുകയും സംസാരിക്കാതിരിക്കുകയും വേണം * 22—രഥക്ഷോഭംനിമിത്തവും അതിചംക്രമണം നിമിത്തവും അത്യായാസംനിമിത്തവുംസംഭവിച്ച രോഗങ്ങൾക്ക് സ്നേഹസ്വേദാദിയായ വാതഹരചർയ്യകളെ ശീലിക്കുകയും ആതാതുകൾക്കു നിദാനഭൂതങ്ങളായ രഥയാനാദികളെ തീരെ വർജ്ജിക്കുകയുമാണ് ചെയ്യേണ്ടത് * 23—അജീർണ്ണം നിമിത്തവും അദ്ധ്യശനം നിമിത്തവും സംഭവിച്ച ഉപദ്രവങ്ങൾക്ക് ആ ആഹാരത്തെ മുഴുവൻ ഛർദ്ദിപ്പിച്ചുകളയുകയും വിരുക്ഷണമായ ചർയ്യയെ ശീലിക്കുകയും വിയർപ്പിക്കുകയും ധൂമപാനത്തെ ശീലിപ്പിക്കുകയും ലംഘനീയങ്ങളും പാചനീയങ്ങളും ദീപനീയങ്ങളുമായ ഔഷധങ്ങളെ കൊടുക്കുകയും വേണം * 24—വിഷമാശനവും അഹിതാശനവും ശീലിക്കുകയാലുണ്ടായ രോഗങ്ങൾക്ക് ആതുരകൾ നിമിത്തം ഏതേതുദോഷങ്ങളാണോ കോപിച്ചിരിക്കുന്നത് ആതുരദോഷങ്ങൾക്കുള്ള ചികിത്സകൾ ചെയ്യുകയും വേണം * 25—ചികിത്സാകാലങ്ങളിൽ പകലുറങ്ങുകനിമിത്തം സംഭവിച്ച ദോഷ

നവ്യായാമമൂത്രക്ഷാശനാദിഷ്വനീയൌഷധോപയോഗഃ. പ്രകൃ
തിനാമൂത്രപരിഷേചനാദിഷ്വ ശ്ലേഷ്മഹരഃ സർവ്വോ വിധിഃ. 25

മൈഥുനജാനാം ജീവനീയസിദ്ധയോഃ ക്ഷീരസർപ്പിഷോരുപ
യോഗഃ. തഥാ വാതഹരാഃ സ്വേദാഭ്യംഗോപനാഹാ വൃഷ്യാശ്ചാ
ഹാരാഃ സ്നേഹാഃ സ്നേഹവിധയോ യാപനാ വസ്തയോനുവാസനം
ച മൂത്രവൈകൃതവസ്തിഷ്വുത്തരവസ്തിഃ. വിദാരീഗന്ധാ
ദിഗണജീവനീയഗണക്ഷീരസംസിദ്ധം തൈലം സ്യാദ്യാപനാ
ശ്ച വസ്തയഃ സർവ്വകാലം ഭേഷജാന്യുപദേക്ഷ്യാമഃ. 26

മുസ്തോശീരബലാരഗ്വധരാസ്നാമഞ്ജിഷ്ഠാകടുരോഹിണീത്രായ-

ങ്ങൾക്ക് ധൂമപാനം ലംഘനം വമനം ശിരോവിരേകം വ്യായാമം എന്നതുകളെ ശീലിപ്പിക്കുകയും വിരുക്ഷാശനാദിയായ ജഠരാഗ്നിക്കു ശക്തിയുണ്ടാകുന്ന ഔഷധങ്ങളെസേവിക്കുകമുതലായതും കർശനമായചെയ്തികളെ ശീലിപ്പിക്കുക കിഴിയുഴിയുക ധാരചെയ്യുക മുതലായ കഫഹരചികിത്സകളെ ചെയ്യുകയും ഹിതമാകുന്നു * 25 — ചികിത്സാകാലത്തു സ്ത്രീസേവചെയ്യുകയാലുണ്ടായ രോഗങ്ങൾക്ക് ജീവനീയഗണം ചേർത്തു കാച്ചിയ പാലും നെയ്യും ശീലിപ്പിക്കണം. അതേവിധം വാതഹരങ്ങളായ സ്വേദം അഭ്യംഗം ഉപനാഹം ഏന്നിതുകളും, വൃഷ്യങ്ങളായ ആഹാരങ്ങളും സ്നേഹങ്ങളും സ്നേഹപാനങ്ങളായ യാപനവസ്തികളും അനുവാസനവും ശീലിപ്പിക്കണം. മൂത്രത്തിന്നു വികാരമോ വസ്തിപ്രദേശത്തു വേനലോ സംഭവിച്ചിട്ടുണ്ടെങ്കിൽ അവിടെ ഉത്തരവസ്തി ചെയ്യുകയും വേണം. അതിന്ന് വിദാരീഗന്ധാദിഗണൌഷധങ്ങളോ ജീവനീയഗണൌഷധങ്ങളോ ചേർത്തു പാലുംകൂട്ടി കാച്ചിയ തൈലമാണ് ഉപയോഗിക്കേണ്ടത്. യാപനവസ്തികൾ എല്ലാകാലത്തും ഉപയോഗിക്കാവുന്നവയാകുന്നു. അതുകളുടെ വിധി (യോഗങ്ങൾ) അടുത്തു വിവരിക്കുകയും ചെയ്യാം *

ആ യോഗങ്ങളെത്തന്നെ വിവരിക്കുന്നു: — 26 — മുതക്കിഴങ്ങ് രാമച്ചം കുറുന്തോട്ടിവേര് കൊന്നത്തൊലി അരത്തക്കൊട്ടിപ്പൂടി കടുക്കരോഹിണി ബ്രാഹ്മി തമിഴാമവേര് താന്നിക്ക ചിറ

മാണാപുനസ്സംവിഭീതകഗുളുചീസ്ഥിരാദിപഞ്ചമൂലാനി പലികാനി ഖണ്ഡശഃ ക്ലിഷ്ടാന്യപ്യൗ ച മദനഫലാനി പ്രക്ഷാല്യ ജലാഢ്യകേ പരികപാല്യ പാദശേഷേ രസഃ ക്ഷീരദ്വിപ്രസ്ഥസംയുക്തഃ പുനഃ പുനഃ ശൃതഃ ക്ഷീരാവശേഷസ്തുല്യജാംഗലരസഃ സമധുഘൃതഃ ശതകുസുമമധുകകടുകമലരസാഞ്ജനപ്രിയംഗുകല്ക്കീകൃതഃ സസൈന്ധവഃ സുഖോഷ്ണവസ്തിഃ ശുക്രമാംസബലജനനഃ ക്ഷതക്ഷീണകാസഗുല്മശൂലവിഷമജ്വരബ്രഹ്മകുണ്ഡലോദാവർത്തകൃച്ഛ്രശൂലമൂത്രകൃച്ഛ്രാസൃഗ്രജോചിസർപ്പപ്രവാഹികാശിരോരുജാജാന്തരുജംഘാവസ്തിഗ്രഹാശ്മര്യുന്മാദാർശഃപ്രമേഹാർബ്ബുദാനരക്തപിത്തശ്ലേഷ്മവ്യാധിഹരഃ സദ്യോ ബലജനനോ രസായനശ്ചേതി. 27

ഏരണ്ഡമൂലപലാശാൽ ഷഡ്പലം ശാലിപർണ്ണീപൃശ്നിപ

മൂത്ത് ഓരിലവേര് മുച്ചിലവേര് ചെറുവഴുതിനവേര് വെള്ളോട്ടുവഴുതിനവേര് ഞരിഞ്ഞിൽ ഇവ ഓരോപലം ചൊതിനുരക്കി വൃട്ടു മലങ്കാരസ്സുമുംകൂട്ടി കഴുകി വെട്ടിപ്പൂവരുത്തി നാലിടങ്ങഴിവെള്ളത്തിൽ കഷായംവെച്ച് ഒരിടത്തുഴിയാക്കി പിഴിഞ്ഞരിച്ച് രണ്ടിടങ്ങഴി പാലുംകൂട്ടി കുറുക്കി പാലോളമാക്കി സമം ജാംഗലമാംസരസവും തേനും ഇടിയുംകൂട്ടി, ശതകുപ്പ ഇരട്ടിമധുരം കുടകപ്പാലയരി രസാഞ്ജനം ഞാഴൽപൂവ് ഇവ സമം മുന്നുപറഞ്ഞ വിധിപ്രകാരം അരച്ചു കലക്കി ഇത്തുപ്പുംചേർത്തു ചൂടാക്കിപ്പിച്ച് സുഖോഷ്ണമായ ആ ദ്രവ്യം കൊണ്ടു വസ്തിചെയ്താൽ അത്, ശുക്രത്തിന്നും മാംസത്തിന്നും ബലത്തെ വർദ്ധിപ്പിക്കുന്നതും ക്ഷതക്ഷീണരോഗം കുരു ഗ്രഹണി ശൂലവേദന വിഷമജ്വരം ബ്രഹ്മരോഗം കുണ്ഡലകം ഉദാവർത്തം വയറിൽ വേദന മൂത്രകൃച്ഛ്രം രക്തദോഷം രജോദോഷം വിസർപ്പം പ്രവാഹികതലവേദന ജാനുഗ്രഹം ഊരുഗ്രഹം ജംഘാഗ്രഹം വസ്തിഗ്രഹം അശ്മരി ഉന്മാദം മൂലക്കുരു പ്രമേഹം മേദോവയവീപ്പ് രക്തപിത്തം കഫവ്യാധികൾ എന്നിതുകളെ നശിപ്പിക്കുന്നതും ക്ഷണത്തിൽ ശരീരബലത്തെ വർദ്ധിപ്പിക്കുന്നതും രസായനവുമാകുന്നു *

28—ആ വണക്കിൻവേര് പ്ലാശിൻതൊലി ഇവ സമം പലം. കാട്ടുഴുന്നിൻവേര് ഓരിലവേര് ചെറുവഴുതിനവേര് കണ്ടങ്കത്തിച്ച്

ണ്ണീബൃഹതീകണ്ടകാരിക്കാഗോക്ഷുരകരാസ്നാശ്വഗന്ധാഗ്ലാചീവ — ഷാട്ക്ഷാരഗന്ധദേവദാരുവിതി പലികാനി ഖണ്ഡശഃ കൃത്വാനി ഫലാ നി ചാഷ്ടൌ പ്രക്ഷാല്യ ജലാഢ്യകേ ക്ഷീരപാദേ പചേൽ. പാദശേഷം കഷായം ഘൃതം ശതകുസുമാദികുഷ്ഠമുസ്തപിപ്പലീഹപുഷാവിലപചാവത്സകഫലരസാഞ്ജനപ്രിയംഗ്രയമാനിസംക്ഷേപം കല്ക്കിതം മധുഗ്ലുതതൈലസൈന്ധവയുക്തം സുഖോഷ്ണം നിത്യമേകം ദ്വൌ ത്രീൻ വാ ഭുഞ്ജീൽ. സർവ്വേഷാം പ്രശസ്തോ വിശേഷതോ ലളിതസുകുമാരക്ഷതക്ഷീണസ്ഥവിരചിരാർശസാമപത്യകാമാനാഞ്ച. 28

സഹചരബലാമൂർവ്വാമൂഷശാരിബാസിഭേന പയസാ തഥാ ബൃഹതീ കണ്ടകാരീശതാവരിച്ഛിന്നരുഹാത്രയേന പയസാ മദനമധുകപിപ്പലീകല്ക്കകൃതേന പൂർവ്വവദേവ. 29

ണ്ടവേര് ഞരിഞ്ഞിൽ അരത്ത അരുക്കുരം ചിറാമുത് തമിഴാമവേര് കൊന്നത്തൊലി ദേവതാരം ഇവ ഓരോപലവുംകൂടെ കൊത്തിനുറക്കി എട്ടു മലങ്കാരസ്സുയുംകൂട്ടി കഴുകി ശുദ്ധിവരുത്തി നാലിടങ്ങഴി വെള്ളത്തിൽ കഷായംവെച്ചു നാലൊന്നാക്കി പിഴിഞ്ഞരിച്ച് അതിൽ മുൻപറഞ്ഞ ശതകുസുമാദി ഔഷധങ്ങളും വിശിഷ്ട്യ കൊട്ടം മുത്തങ്ങ തിപ്പലി അടക്കാമണിയൻ കൂവളത്തിൻവേര് വയമ്പ് കടുകപ്പാലയരി രാസ്നാങ്ങനം ഞാഴൽപൂവ് ജീരകം എന്നിതുകളുംകൂട്ടി അരച്ചുകലക്കി യുക്തിപോലെ തേനും നെയ്യും ഇന്തുപ്പുംകൂട്ടി യോജിപ്പിച്ചു സുഖോഷ്ണമായ ആ ദ്രവ്യംകൊണ്ട് ഒന്നോ രണ്ടോ മൂന്നോ (സമ്യഗ്യോഗം വരുന്നതുവരെ) വസ്തിചെയ്താൽ സർവ്വേഷാം — രോഗാതുരന്മാർക്കും ആരോഗ്യകാമന്മാർക്കും ഹിതമാകുന്നു. ഇതു ലളിതകോമളശരീരികൾ—സുകുമാരന്മാർ ക്ഷതക്ഷീണന്മാർ, വൃദ്ധന്മാർ അനേകകാലമായി തുടങ്ങിയ അർശോരോഗമുള്ളവർ അപത്യകാമന്മാർ ഇവർക്കെല്ലാം അത്യന്തം ഹിതവുമാണ് *

29 — കരിങ്കുറഞ്ഞിവേര് കുറുന്തോട്ടിവേര് പെരുങ്കുരുമ്പവേര് നന്നാറിക്കിഴങ്ങ് ഇവ സമം കിഴിക്കെട്ടിയിട്ടു കുറുക്കിയ പാലിൽ മലങ്കാരസ്സുയും ഇരട്ടിമധുരവും തിപ്പലിയുംകൂടെ അരച്ചുകലക്കി വസ്തിചെയ്താലും ഫലം മുൻവറഞ്ഞതുതന്നെ *

തഥാ ബലാതിബലാചിദാരീശാലിപർണ്ണീപൃശ്നിപർണ്ണീബൃഹതീകണ്ടകാരികാഗുഡൂചീമൂലയവകാഷ്ഠയ്യ വിലപഥലസിദ്ധാനി പയസാ മധുകമനേകല്ക്കീകൃതന മധുഘൃതസൌവർച്ചലയുക്തേന കാസജ്വരഗുല്മപ്ലീഹാർശ്ശസ്ത്രീമദ്യക്ലിഷ്ടാനാം സദ്യോ ബലജനനം രസായനഞ്ച 30

തഥാ ബലാതിബലാരാസ്നാരഗ്വധമനേവിലഗുളൂചീപുനർന്നവൈരണ്ഡശതാവരീപലാശമേഷശൃങ്ഗീപഞ്ചമൂലാനി വലികാനി യവമാഷകുലത്ഥമിപ്രസൃതം ശൃതമൂലകാനാം ച ജലദ്രോണസിദ്ധം നിത്യഹപ്രമാണം ശേഷം കഷായം ഘൃതം മധുകമഭിനാശതാപ്യുഷ്ണകാഷ്ഠപിപ്പലീ ചമാവതസകഫഗരസാങ്ഗനപ്രിയംഗ്രയമാ

---

30 — അതേവിധം കുറുന്തോട്ടിവേര് വട്ടുരകത്തിൻവേര് പാൽ മുതുകിൻകിഴങ്ങ് ഓരിലവേര് മുവ്വിലവേര് ചെറുചുഴതിനവേര് കണ്ടകാരിച്ചുണ്ടവേര് ഒർവേര് യവം കുമിഴിൻവേര് ക്ലാവളത്തിൻവേര് മലങ്കാരസ്സ് ഇതുകളിട്ടുകാച്ചിയ പാലിൽ ഇരിപ്പുക്കാതൽ മലങ്കാരസ്സ് ഇവ അരച്ചുകലക്കി ശർക്കരയും നെയ്യും ഉപ്പിലക്കാരവുംകൂട്ടി അതുകൊണ്ടു വസ്തിചെയ്യാൽ കുര പാരി ഗ്രഹണി പ്ലീഹരോഗം അർശ്ശിതം വ്യവായാതിയോഗക്ഷീണം മദ്യദോഷം ഇതുകളെല്ലാം ശമിക്കുകയും ഇവകൊണ്ടെല്ലാം ക്ഷണത്തിൽ ബലത്തെ വർദ്ധിപ്പിക്കുകയുംചെയ്യാം. ഇതു രസായനവുമാകുന്നു *

31 — കുറുന്തോട്ടിവേര് വട്ടുരകത്തിൻവേര് അരത്തകണ്ടിക്കൊന്നാരത്തൊലി മലങ്കാരസ്സ് ക്ലാവളത്തിൻവേര് ചിറാമുത്ത് തമിഴാമവേര് അട്ടണക്കിൻവേര് അമുക്കുരം കരിങ്കുറുഞ്ഞിവേര് പ്ലാശിൻതൊലി ദേവതാരം ദാമൂലം ഇവ ഓരോപലം യവാം ലവങ്ങളുമുതിം ഉണങ്ങിയ മുരിക്കിഴങ്ങ് (പാവ്) ഇവ ഈരണ്ടുപലം എല്ലാംകൂടെ നാലിടങ്ങഴി വെള്ളത്തിൽ കഷായംവെച്ചു നാലൊന്നാക്കി പിഴിഞ്ഞരിച്ചു അതിൽ, ഇരട്ടിമധുരം മലങ്കാരസ്സ് ശതകുപ്പ കൊട്ടം തിപ്പലി വയമ്പ് കുടകപ്പാലയരി രസാഞ്ജനം ഞാഴൽപൂവ് ജീരകം ഇവ സമം അരച്ചുകലക്കി, ശർക്കര നെയ്യ് എണ്ണ തേൻ പാല് മാംസരസം പുളിച്ചു വെപ്പുകാടി ഇത്തുപ്പ് ഇതുകളും മുൻപറഞ്ഞ വിധിപ്രകാരം ചേർത്തു സുഖോഷ്ണമായ ആ ദ്രവ്യംകൊണ്ടു വസ്തിചെയ്യാൽ വാതകോപം നിമിത്തം സംഭവിച്ച ശൂലകുസം

നീ_കല്ക്കീകൃതം ഗുളൂച്യതൈലക്ഷൌദ്രക്ഷീരമാംസരസാമ്ലകഞ്ചിക
സൈന്ധവയുക്തം സുഖോഷ്ണം വസ്തിം ദദ്യാൽ. ശുക്രമൂത്രവാർച്ചസ്സം
ഗേനിലജേ ഗുല്മഹൃദ്രോഗാദ്ധ്മാനബ്രഹ്മ്നഃ ശ്വപുഷ്കടീഗ്രഹസം
ജ്ഞാനാശബലക്ഷയേഷു ച. 31

ഹപുഷാദ്ധ്കുഡ്വബദ്വിഗുണാദ്ധ്ക്ഷുണ്ണയവഃ ക്ഷീരോദകേ സി
ദ്ധഃ ക്ഷീരശേഷേ മധുഗുളൂച്യതൈലലവണയുക്തഃ സർവ്വാംഗവിസൃ
തവാതരക്തസക്ത വിണ്മൂത്രസ്ത്രീഖേദിതഹിതോ വാതഹരോ ബുദ്ധി
മേധ്രാഗ്നിബലജനനശ്ച. 32

ഹ്രസ്വപഞ്ചമൂലകഷായഃ ക്ഷീരോദകസിദ്ധഃ പിപ്പലീമധുക
മദനകല്ക്കീകൃതഃ സഗുളൂച്യതൈലലവണഃ ക്ഷീണവിഷമജ്വരക
ശിതസ്യ വസ്തിഃ. 33

ഗം മൂത്രസംഗം മലസംഗം ഗുന്മൻ ഹൃദ്രോഗം ആദ്ധ്മാനം ബ്രഹ്മ്ന
രോഗം വാരിഭാഗത്തും പുറത്തും കടീപ്രദേശത്തുമുള്ള കുളത്തിപ്പി
ടുത്തം തൻേറടുക്കട് ബലക്ഷയം എന്നതുകളെല്ലാം ശമിക്കും *

32—അടയ്ക്കാമണിയൻ പലം ൨. അല്ലമൊന്ന് ഇടിച്ചയ
വാ പലം ൪ രണ്ടുംകൂടെ പാലുംവെള്ളവും സമംകൂട്ടി അതിലിട്ടു കു
റുക്കി പാലോളമാക്കി വാങ്ങി അരിച്ച് തേനും നെയ്യും എണ്ണയും
ഇന്തുപ്പുംചേർത്ത് അതുകൊണ്ടുള്ള വസ്തി ശരീരമാസകലം വ്യാപി
ച്ച രക്തവാതം മലസംഗം മൂത്രസംഗം വ്യായാമാതിയോഗജക്ഷീ
ണം ഇതുകളുള്ളവർക്കെല്ലാം അത്യന്തഹിതവും വാതരോഗഹരവും
ബുദ്ധിക്കും മേധസ്സും ജഠരാഗ്നിക്കും ബലത്തെ കൊടുക്കുന്നതു
മാകുന്നു *

33—ഹ്രസ്വപഞ്ചമൂലം കഷായംവെച്ച് അതിൽ പാലും
പാലോളം വെള്ളവും ചേർത്തു പിന്നെയും കുറുക്കി പാലോളമാക്കി
തിപ്പലിയും ഇരിപ്പക്കാതലും അരച്ചുകലക്കി ശക്കരയും എണ്ണയും
ഇന്തുപ്പും ചേർത്ത് അതുകൊണ്ട് ക്ഷീണരോഗിക്കും വിഷമജ്വരമു
ള്ളവന്നും കാശ്യം ബാധിച്ചവന്നും വസ്തിചെയ്യുന്നതു ഗുണപ്രദമാ
കുന്നു *

ബലാരിബലാപാമാർഗ്ഗാത്മഗുപ്താഷ്ടപലദ്വയക്ഷുണ്ണയവാഞ്ജലി കഷായഃ പൂർവ്വവദ്വസ്തിഃ സ്ഥവിരദുർബ്ബലക്ഷീണശുക്രാണാം പത്ഥ്യതമഃ 34

ബലാമധുകവിദാരീഭേദ്യമൂലമുദ്വീകാസ്വരൈഃ കഷായമാജ്ഞേന പയസാ പക്ത്വാ മധുകല്ക്കിതം സ്മധുഘൃതസൈന്ധവം ജ്വരാർത്തേഭ്യോ വസ്തിം ദദ്യാൽ. 35

ശാലിപർണ്ണീപൃശ്നിപർണ്ണീഗോക്ഷുരകമൂലകാഷ്ഠസ്വപത്രയകഖർജ്ജൂരഫലമധുകപുഷ്പൈരജാക്ഷീരജലപ്രസ്ഥാഭ്യാം സിദ്ധഃ കഷായഃ പിപ്പലീമധുകോല്പലകല്ക്കിതഃ സഘൃതസൈന്ധവഃ ക്ഷീണേന്ദ്രിയവിഷമജ്വരകർശിതസ്യ വസ്തിഃ ശസ്തഃ. 36

34—കുറുന്തോട്ടിവേര് വട്ടുരുകത്തിൻവേര് ചെറുകടലാടി നാഞ്ഞിൾവേരണപ്പരിപ്പ് ഇവ സമം പലം എട്ട്. അർദ്ധക്ഷുണ്ണമായ യവം ഉരി എല്ലാംകൂടെ മുൻ പറഞ്ഞപ്രകാരം കഷായംവെച്ച് ക്ഷീരാദികളും ചേർത്ത് വസ്തിചെയ്യുന്നത്, വൃദ്ധൻ ദുർബ്ബലൻ ശുക്രം ക്ഷയിച്ചവൻ ഇവർക്കെല്ലാം അത്യന്തം പത്ഥ്യമാകുന്നു *

35—കുറുന്തോട്ടിവേര് ഇരിപ്പക്കാതൽ പാൽമുതുക്കിൻകിഴങ്ങ് ഉർവ്വേര് മുന്തിരിങ്ങാപ്പഴം വയം ഇവ സമം കഷായം വെച്ച് അതിൽ ആട്ടിൻപാലുംകൂട്ടി കുറുക്കി ഇരട്ടിമധുരം അരച്ചുകലക്കി തേനുംനെയ്യും ഇന്തുപ്പുംചേർത്ത് വസ്തിചെയ്യുന്നതു ജ്വരാതുരന്മാർക്ക് വളരെ നല്ലതാകുന്നു *

36—ഒരിലവേര് മുവ്വിലവേര് ഞരിഞ്ഞിലിൻവേര് കുമിഴിൻവേര് ചിററിറ്റലിൻവേര് ഈത്തപ്പഴം ഇരിപ്പപ്പൂവ് ഇവ സമം ഒരിടങ്ങഴിവെള്ളവും ഒരിടങ്ങഴി ആട്ടിൻപാലും ചേർത്ത് കഷായംവെച്ച് പാലോളമാക്കി പിഴിഞ്ഞരിച്ച് അതിൽ തിപ്പലിയും ഇരട്ടിമധുരവും ചെങ്ങഴിനീർക്കിഴങ്ങും അരച്ചുകലക്കി നെയ്യും ഇന്തുപ്പും ചേർത്ത് യോചിപ്പിച്ച് വസ്തി ചെയ്യാൽ ഇന്ദ്രിയക്ഷയം നിമിത്തവും വിഷമജ്വരം നിമിത്തവും കർശിതനായവന്ന് ആ അസഹ്യതകൾ ശമിക്കുവാൻ വളരെ നല്ലതാകുന്നു *

സ്ഥിരാദിപഞ്ചമൂലഞ്ചപലേന ശാലിഷഷ്ടികയവഗോധൂമ
മാഷകഷായപഞ്ചപ്രസൃതേന ദ്വരാഗവയശ്ശതം പാദശേഷം കുക്ക
ടാണ്ഡരസേ സമധൃഘൃതശക്കരൈസ്സൈന്ധവസൈന്ധവച്ഛലയുക്തൈവ
സ്തിവൃഷ്യതമോ ബലവർണ്ണജനനശ്ച. യാപനം വസ്തയോ ഉപദേശ.

കല്പൈശ്ചൈഷാം ശിഖിഗോദ്ദഹംസാണ്ഡരസേ സ്യാൽ. 38

സതിത്തിരിസ്സമയൂരരാജഹംസപഞ്ചമൂലീപയസ്സിദ്ധം ശത
കുസുമമധുകരാസ്സംകുടജഫലപിപ്പലീകല്ക്കോ ഘൃതതൈലഗുളസൈ
ന്ധവയുക്തൈവ വസ്തിർബ്ബലവർണ്ണസ്തുക്കുജനനോ രസായനശ്ച. 39

37—ഓരിലവേര് മുച്ചിലവേര് ചെറുവഴുതിനവേര് വെ
ള്ളോട്ടുവഴുതിനവേര് ഞരിഞ്ഞിലിൻവേര് ഇവ ഓരോപലം അ
ഞ്ചു് ഇടങ്ങഴി വെള്ളത്തിൽ കഷായംവെച്ചു നാലൊന്നാക്കി പിഴി
ഞ്ഞരിക്കുക. ചെന്നെല്ല് നവരനെല്ല് യവം ഗോതമ്പ് ഉഴുന്ന്
ഇവ ഓരോന്നും കഷായംവെച്ച് ഓരോ പ്രസൃതം കഷായം ഒന്നിച്ചു
ചേർക്കുക. ഈ രണ്ടു കഷായത്തിലും സമം ആട്ടിൻപാലുംകൂട്ടി കു
റുക്കി നാലൊന്നാക്കി അതിൽ കോഴിമുട്ടയുടെ വെള്ളയും തേനും
നെയ്യും പഞ്ചസാരയും ഇന്തുപ്പും തുവച്ചിശക്കാരവും ചേർത്തു വസ്തി
ചെയ്താൽ ഈ രണ്ടുതരം വസ്തികളും അത്യന്തം വൃഷ്യവും ബലവ
ർണ്ണവർദ്ധനവുമാകുന്നു. മുസ്തോശീര.....എന്നു മുതൽ ഇതേവരെ പ
റഞ്ഞ ഏവ വസ്തിയോഗങ്ങളും യാപനവസ്തികളാകുന്നു എന്നും ഗ്ര
ഹിക്കണം * 38—ഈ പറഞ്ഞ രണ്ടുതരം വസ്തിയിലും കോഴിമുട്ട
വെള്ള ചേർക്കുവാൻ പറഞ്ഞ സ്ഥാനത്ത് മയിൽ വണ്ടാരക്കോഴി
അരയന്നം എന്നിതുകളുടെ അണ്ഡരസംചേർത്തും വസ്തിചെയ്യാം.
അതുകൊണ്ടും ഗുണം മേൽപ്രകാരംതന്നെ *

39—തിത്തിരിപ്പുള്ള് മയിൽ രാജഹംസം എന്നതുകളുടെ
മാംസവും മഹൽപഞ്ചമൂലവും കൂടെ ചേർത്തു പാൽകാച്ചി അതിൽ
ശതകുപ്പ ഇരട്ടിമധുരം അരത്ത കുടകപ്പാലക്കായ തിപ്പലി ഇവ
സമം അരച്ചുകലക്കി നെയ്യും എണ്ണയും ശക്കരയും ഇന്തുപ്പും ചേ
ർത്തു വസ്തിചെയ്താൽ ശരീരബലം വർണ്ണപ്രസാദം ശുക്ലവൃദ്ധി എ
ന്നിതുകളെ വരുത്തും. ഇതു രസായനവുമാകുന്നു *

ത്രിപലൈമൂലീകുക്കുടരസസിദ്ധം പയഃ പാദശേഷം പിപ്പലീമൂലകർഷ്ണാമദനമധുകൈഃ ശർക്കരാമധുഘൃതയുക്തം സ്ത്രീഷ്വതികാമാനാം ബലജനനം വസ്തിഃ. 40

മയൂരമപിത്തപക്ഷപാദസ്യാന്ത്രം ത്വക്കുപാ സ്ഥിരാദിഭിഃ പലികൈസ്സംഹജലേ പയസി പക്വം ക്ഷീരശേഷം മദനപിപ്പലീശതകുസുമമധുകകൽക്കീകൃതം മധുഘൃതസൈന്ധവയുക്തം വസ്തിം ദദ്യാൽ സ്ത്രീഷ്വതിപ്രസക്തക്ഷീണേന്ദ്രിയേഭ്യഃ ഹിതോ ബലവർണ്ണകരഃ. 41

കല്പയേച്ചൈഷ വിഷ്കിരപ്രതുദപ്രസഹാംബുചരാണ്യ സ്യാക്ഷീരോ ദരാഹിരാദിഷു ച മത്സ്യേഷു ച. 42

40—കുമിഴിൻവേര് കൂവളത്തിൻവേര് പൂപ്പാതിരിവേര് പലകപ്പയ്യാനിവേര് മുഞ്ഞവേര് ഓരിലവേര് മുച്ചിലവേര് ചെറുവഴുതിനവേര് വെള്ളോട്ടുവഴുതിനവേര് ഞരിഞ്ഞിലിൻവേര് കോഴിമാംസം ഇവ കഷായംവെച്ചു നാലൊന്നാക്കി പിഴിഞ്ഞരിച്ചു രസത്തിൽ പാൽകൂട്ടി കുറുക്കി നാലൊന്നാക്കി അതിൽ തിപ്പലി ഇരിപ്പുക്കാതൽ അരത്ത മലങ്കാരസ്സ ഇരട്ടിമധുരം ഇവ സമം അരച്ചു കലക്കി പഞ്ചസാരയും തേനും നെയ്യുംകൂട്ടി അതുകൊണ്ടു വസ്തി ചെയ്യുകിൽ അതിയായി സ്ത്രീസേവചെയ്യേണമെന്ന് ആഗ്രഹമുള്ളവർക്ക് അതിസ്തകശക്തിയുണ്ടാകുന്നതാകുന്നു *

41—ഒരു മയിലിൻെറ മാംസത്തിൽ അതിൻെറ ചിറകും പിടലിയും കാലും കൊക്കും കുടൽമാലയും കളഞ്ഞു നാക്കി ഭാഗവും ഓരിലവേര് മുച്ചിലവേര് ചെറുവഴുതിനവേര് വെള്ളോട്ടുവഴുതിനവേര് ഞരിഞ്ഞിലിൻവേര് ഇവ ഓരോപലവും കൂട്ടി വെള്ളവും സമം പാലുംകൂട്ടി കഷായംവെച്ചു പാലോളമാക്കി പിഴിഞ്ഞരിച്ചു് അതിൽ മലങ്കാരസ്സ പാൽമുതുക്കാൻകിഴങ്ങ് ശതകുപ്പ ഇരിപ്പുക്കാതൽ ഇവ സമം അരച്ചുകലക്കി തേനുംനെയ്യും ഇന്തുപ്പും ചേർത്തു വസ്തിചെയ്താൽ അതിയായ സ്ത്രീസേവചെയ്യുന്നവർക്കും ക്ഷീണരോഗികൾക്കും അത്യന്തം ഹിതവും ശരീരബലത്തെയും വർണ്ണപ്രസാദത്തെയും വർദ്ധിപ്പിക്കുന്നതുമാകുന്നു * 42—ഈ മയിൽമാംസത്തിൻെറ സ്ഥാനത്ത് വിഷ്കിരങ്ങളോ പ്രതുദങ്ങളോ പ്രസഹങ്ങ

ഗോധാനകുലമാർജ്ജാരമൂഷികസല്ലകമാംസാനാം ദ്വേപലാൻ ഭാഗാൻ സപഞ്ചമൂലാൻ പയസി പക്ത്വാ തൽ പയഃ പിപ്പലീ ഫലകല്ക്കൈസൈന്ധവ സൌവർച്ചലശർക്കരാദ്യ്യ്വേതതൈലയുക്തേ വസ്തിർഗ്ഗ്ലാല്യം രസായനഃ ക്ഷീണക്ഷതസ്യ സന്ധാനകരോ മഹി തോ ഗുരുസ്കരഗജഹയഷണ്ഡവാതവലാസപ്രവൃത്ത്യുദാവർത്തവാതാവ സക്തമൂത്രവർച്ചസ്കാനാം ഹിതതമശ്ച. 43

കൂർമ്മാദീനാമന്യതമപിശിതസിദ്ധം പയോ ഗോവൃഷനാഗ

ളോ ജലചരങ്ങളോ ആയ മാംസങ്ങൾ ചേർത്തും വസ്തിചെയ്യും അത്തുകൾക്കും ഫലം ഈ പറഞ്ഞതുതന്നെയാണ്. എന്നാൽ ജലചരമാംസങ്ങൾ ചേർക്കുന്നതായാൽ അവിടെ ചെങ്കുവരിമീൻ മുതലായ മത്സ്യങ്ങളെയാണ് ചേർക്കുന്നതെങ്കിൽ പാൽ ചേർക്കുകയുമരുത് എന്നു പ്രത്യേകം ഓർമ്മവെയ്ക്കുകയും വേണം *

43—ഉടമ്പ് കീറി വൃത്തി എലി മുള്ളൻ ഇവ ഓരോന്നിന്റെയും മാംസം പതുപ്പത്തുപലം മഹൽപഞ്ചമൂലം ഓരോന്നും പതുപ്പത്തുപലം എല്ലാംകൂടെ കഷായജലത്തിന്റെ സ്ഥാനത്തു പാൽ ചേർത്തു കഷായംവെച്ചു നാലൊന്നാക്കി പിഴിഞ്ഞരിച്ച് അതിൽ തിപ്പലിയും മലങ്കാരുപ്പുയും അരച്ചുകലക്കി ഇന്തുപ്പ് തുവച്ചിലക്കാരം പഞ്ചസാര തേൻ നെയ്യ് എന്ന ഇതുകളുംചേർത്തു വസ്തിചെയ്താൽ അതു ശരീരബലത്തെ വർദ്ധിപ്പിക്കുന്നതും രസായനവും ക്ഷീണക്ഷതരോഗികൾക്കു സന്ധാനകരവും മഹിതാരസ്കന്മാർ—ഉടിവീഴ്ചമുതലായ കാരണംനിമിത്തം നെഞ്ചുകലങ്ങിയവർ തേർ ആനകുതിര മുതലായതുകളിൽകൂടെ സഞ്ചരിക്കുകനിമിത്തം ഭഗ്നഗാത്രന്മാരായവർ രക്തവാതകോപമുള്ളവർ ഉദാവർത്തരോഗികൾ വാതകോപമുള്ളവർ മൂത്രത്തിന്നും മലത്തിന്നും ശുക്ലത്തിന്നും സംഗം—ഗതിരോധം ബാധിച്ചവർ എന്നിവർക്കെല്ലാം അത്യന്തം ഹിതമാകുന്നു *

44— കൂർമ്മാദികളായ ജലചരജീവികളിൽ ഏതിന്റെ എങ്കിലും ഒന്നിന്റെ (മത്സ്യങ്ങളൊഴിച്ച് ഏതിന്റെയെങ്കിലും) മാംസവും പാലുംകൂടെ വെച്ചു കുറുക്കി പിഴിഞ്ഞരിച്ച് അതിൽ കാ

ഹയനദ്രവം സക്കടാംണ്ഡരസമധുഘൃതശർക്കരാസൈന്ധവേ - ക്ഷുരകാമ്ലഗ്രഹ്ലാഫലകല്ക്കസംസ്കൃതോ വസ്തിർവൃദ്ധിഹാനിമപി ബലജ - നനഃ. 44

ഗോവൃഷബസ്തുവരാഹവൃഷണകർക്കടചടകസിദ്ധം ക്ഷീരരുച്ച ടകേക്ഷുരകാത്മഗുപ്താമധുകഘൃതയുക്തം കിഞ്ചിദ്വിലിഖിതം വസ്തിഃ.

കർക്കടകരസശ്വടകാണ്ഡരസയുക്തഃ സമധുഘൃതശർക്കരാ വസ്തിരിത്യേതേ വസ്തയഃ പരമവൃഷ്യാഃ. 46

ഇച്ചടകേക്ഷുരകാത്മഗുപ്താത്രൂതക്ഷീരപ്രതിഭോജനസഹപാ - നാൽ സ്ത്രീശതഗാമിനം നരം കുർയ്യുഃ. 47

ള ആന കുതിര മുതല അരയന്നം എന്നിതുകളുടെ മാംസം വെച്ചു വറിയ രസവും കോഴിമുട്ടയുടെ വെള്ളയും തേൻ വെയ്യ് പഞ്ചസാര ഇത്തുപ്പ് ഇതുകളും ചേർത്തു നീർച്ചുള്ളിക്കായയും നാല്പാമരണക്കരുവും അരച്ചുകലക്കി അതുകൊണ്ടു വസ്തിചെയ്യാൽ വദ്ധക്യം ബാധിച്ചവനുകളുടെ നല്ല ബലമുണ്ടാക്കിത്തീർക്കും * 45— കാള കുറിമാട് പന്നി എന്നിതുകളുടെ വൃഷണവും വരണ്ടയുടെ മാംസവും (ഞങ്ങിൻമാംസമെന്നും പക്ഷം) കുരികിൽപക്ഷിമാംസവുംകൂടെ പാലിൽ കഷായംവെച്ച് അതിൽ കിഴങ്ങിന്നല്ലി നീർച്ചുള്ളി നാല്പാമരണക്കരു ഇരട്ടിമധുരം എന്നിതുകൾ അരച്ചുകലക്കി വെയ്യും അല്പം ഇത്തുപ്പും ചേർത്തു വസ്തിചെയ്യാലും ഫലം മുൻപറഞ്ഞതുതന്നെ * 46— ഞങ്ങിൻമാംസരസത്തിൽ കുരികിൽപക്ഷിയുടെ മുട്ടകയുടെ വെള്ളയുംകൂട്ടി അതിൽ തേനും വെയ്യും പഞ്ചസാരയും കൂട്ടി വസ്തിചെയ്യുന്നതും നല്ലതാകുന്നു. സതിത്തിരി..... എന്നുമുതൽ ഇതേവരെ പറഞ്ഞ വസ്തിയോഗങ്ങളെല്ലാം അത്യന്തം വൃഷ്യങ്ങളാണെന്നും ഗ്രഹിക്കണം * 47— ഈ വസ്തികൾ ശീലിക്കുമ്പോൾ പെരുമുത്തങ്ങ വയൽചുള്ളി (ഞരിഞ്ഞിലെന്നും പക്ഷം) നാല്പാമരണപ്പരിപ്പ് ഇതുകളിട്ടു കുറുക്കിയ പാൽകൂട്ടി ഉണ്ണുകയും ആ പാൽ അനുപാനമായി സേവിക്കുകയും ചെയ്യാൽ അവനെ സ്ത്രീശതഗാമിയാക്കിത്തീർക്കുകയും ചെയ്യും *

48— ശേഷമുള്ള മയിൽമാംസം അരയന്നമാംസം കോഴിമാം

ദശമൂലമയൂരഹംസകുക്കുടകപാഠാൽ പഞ്ചപ്രസൃതം തൈല
ഘൃതവസാമജ്ജചതുഷ്പ്രസൃതയുക്തം ശതപുഷ്പാമുസുഹവ്യഷാകല്ക്കി-
കൃതഃ സലവണോ വസ്തിഃ പാദ്ഗുൽഫോരുജാനുജംഘാത്രികവംക്ഷ
ണവസ്തിവൃഷണാനിലഹരഃ. 48

മൃഗവിഷ്കിരാന്തുപബിലേശയാനാമേതേനൈവ കല്പേന വ
സ്തയോ ദേയാഃ. 49

മധുഘൃതഷിപ്രസൃതം തുല്യാംഷ്ണോദകം ശതപുഷ്പാദ്വിപലം
സൈന്ധവാദ്ധാക്ഷയുക്തോ വസ്തിർദ്ദീപനോ ബൃഹണോ ബലവ-
ർണ്ണകരോ നിരുപദ്രവോ വൃഷ്യതമോ രസായനഃ ക്രിമികുഷ്ഠോദാവ
ർത്തഗുല്മാർശോബ്രഗ്ന്നപ്ലീഹമേഹഹരഃ. 50

സം ഇവ സമം കഷായംവെച്ച നാലൊന്നാക്കി പിഴിഞ്ഞരിച്ച ര
സം പ്രസൃതം ൪. എണ്ണ നെയ്യ് വസ മജ്ജ ഇവ ഓരോ പ്രസൃതം എ
ല്ലാം ഒന്നിച്ചുചേർത്ത് അതിൽ ശതകുപ്പ മുത്തങ്ങ അടയ്ക്കാമണി
യൻവേര് ഇവ സമം ആരച്ചുകലക്കി ഇന്തുപ്പുകൂട്ടി അതുകൊണ്ടു
വസ്തിചെയ്യാൽ കോപിച്ച്, കാലടി ഗുൽഫം തുട ജാനു ജംഘ ത
ണ്ടെല്ല് ഒടിപ്രദേശം വസ്തിസ്ഥാനം വൃഷണം എന്നീ സ്ഥാനങ്ങ
ളെ പ്രാപിച്ച രോഗകാരിയായ വായുവിന്റെ കോപം ശമിക്കും *
49— ഈ പറഞ്ഞ വിധിപ്രകാരം മൃഗങ്ങൾ വിഷ്കിരങ്ങൾ ആന്ത
പങ്ങൾ ബിലേശയങ്ങൾ എന്ന ജീവികളുടെ മാംസംകൊണ്ടും ഉ
ഷ്ണമുണ്ടാക്കി വസ്തിചെയ്യാം. അതുകൾക്കും ഫലം മുൻപറഞ്ഞതു
തന്നെ *

50— തേനും നെയ്യുംകൂടെ രണ്ടു പ്രസൃതം— രണ്ടും ഉരിവീ
തം. അതിൽ നാഴി തിളപ്പിച്ച വെള്ളവുംകൂട്ടി ന്ന കഴഞ്ചു ശതകു
പ്പ അരച്ചുകലക്കി ഒന്നരക്കഴഞ്ച് ഇന്തുപ്പുംകൂട്ടി യോജിപ്പിച്ച്
അതുകൊണ്ടു വസ്തിചെയ്യാൽ അതു ജാഠരാഗ്നിക്കു ബലത്തെ വരു
ത്തുന്നതും ശരീരത്തെ തടിപ്പിക്കുന്നതും ശരീരബലത്തെയും വർണ്ണ
പ്രസാദത്തെയും വരുത്തുന്നതും വ്യാപത്തിരഹിതവും അത്യന്തം വൃ
ഷ്യവും രസായനവും ക്രിമികോപം കുഷ്ഠം ഉദാവർത്തം ഗുന്മൻ മൂല
ക്കുരു ബ്രഗ്ന്നരോഗം പ്ലീഹരോഗം പ്രമേഹമെന്ന രോഗങ്ങളെ നശി
പ്പിക്കുന്നതുമാകുന്നു *

തദ്വത്സമധുഘൃതാഭ്യാം പയസ്തുല്യൈം വസ്തിം പൂർവ്വകല്പേന ബലവർണ്ണകരോ വൃഷ്യതമോ നിരുപദ്രവോ വസ്തിമേഢ്രപാകപരികർത്തികാ മൂത്രകൃച്ഛ്രപിത്തവ്യാധിഹരോ രസായനശ്ച. 51

മധുഘൃതാഭ്യാം മാംസരസതുല്യൈം മുസ്തകൃതയുക്തം പൂർവ്വവദ്വസ്തിവ്വിലാസപാദേഹഷ്ഠല്ലജാന്തരുനികുഞ്ചനാവസ്തിവൃഷണമേഢ്രപൃഷ്ഠുലഹരം. 52

സുരാസൌവീരകകുലത്ഥമാംസരസാധ്യുഷ്യതൈലസപ്ത-പ്രസൃതം മുസ്തശതാഹ്വാകല്കിതം സലവണോ വസ്തിം സർവ്വവാതരോഗഹരം. 53

തഥാ ചിപഞ്ചമൂലത്രിഫലാവിലപ്രമദനാമലകഷായോ ഗോ

51— അതേമാതിരി തേനും നെയ്യുംചേർത്തതിൽ സമം പാലുംകൂട്ടി മുൻയോഗത്തിൽ പറഞ്ഞപോലെ ശതപുഷ്പാദികളും ചേർത്തു വസ്തിചെയ്താൽ അതു ബലവർണ്ണകരവും അത്യുത്തമം ശുക്ലവൃദ്ധികരവും നിരുപദ്രവവും വസ്തിപ്രദേശത്തും മേഢ്രത്തിന്മേലുമുള്ള പാകം പരികർത്തിക മൂത്രകൃച്ഛ്രം പിത്തകോപജമായ വ്യാധി എന്നിതുകളെ നശിപ്പിക്കുന്നതും രസായനവുമാകുന്നു *

52— മുൻപറഞ്ഞപ്രകാരം ഉരിവീതം തേനും നെയ്യും ഒന്നിച്ചുചേർത്ത് അതിൽ സമം— നാഴി മാംസരസവും ചേർത്ത് അതിൽ മൂന്നുകഴഞ്ചു മുതങ്ങാംകിഴങ്ങ് അരച്ചുകലക്കി മുൻപ്രകാരം— ഒന്നരകഴഞ്ചു് ഇന്തുപ്പുംചേർത്തു വസ്തിചെയ്താൽ കഫകോപം കാലിന്നു തരിച്ച് ഗുദമർ ജാന്തരുക്കൾക്കുള്ള വളവ് വസ്തിപ്രദേശം വൃഷണം മേഢ്രം പൃഷ്ഠഭാഗം ഇവിടങ്ങളിലുള്ള വേദന ഇതുകളെ നശിപ്പിക്കും *

53— സുര ചെപ്പുകാടി മുതിരവെച്ചുറിയ രസം മാംസരസം തേൻ നെയ്യ് എണ്ണ ഇവ ഏഴും ഓരോ പ്രസൃതം സപ്തപ്രസൃതമായ ഈ ദ്രവ്യത്തിൽ മുത്തങ്ങയും ശതകുപ്പയും അരച്ചുകലക്കി ഇന്തുപ്പുംചേർത്തു വസ്തിചെയ്താൽ ഏതുതരം വാതരോഗവും ശമിക്കും *

54— ദശമൂലം കടുക്ക നെല്ലിക്ക താന്നിക്ക കുറുന്തോട്ടി

മൂത്രസിദ്ധഃ കുടജമദനഫലമുസ്തപാഠാകല്ക്കിതഃ സ്നൈസ്തൈവയാവശ്ശൂ
കക്ഷൌദ്രതൈലയുക്തോ വസ്തിഃ ശ്ലേഷ്മവ്യാധിവസ്ത്ര്യാടോപവാത
ശുക്രസംഗ്രഹപാണ്ഡുരോഗാജീർണ്ണവിഷൂചികാലസകേഷു ദേയ ഇതി.

അത ഊർദ്ധ്വം വൃഷ്യതമാൻ സ്നേഹാൻ വക്ഷ്യാമഃ. 55

ശതാവരീഗുഡൂചീക്ഷുവിദാര്യാമലകദ്രാക്ഷാഖർജ്ജൂരാണാം യ-
ന്ത്രപീഡിതാനാം രസപ്രസ്ഥമേകൈകം തദ്വൽ ഘൃതതൈലഗോ
മഹിഷ്യജാക്ഷീരാണാം ദ്വൌ ദ്വൌ ദദ്യാൽ. ജീവകഋഷഭകമേദാമ
ഹാമേദാതപക്ഷീരശൃംഗാടകമധൂലികാമധുകോച്ചടകപിപ്പലീപ

യ മലങ്കാരസ്സ ഇവ സമം കഷായംവെച്ചു കുറുക്കി നാലൊന്നാക്കി
പിഴിഞ്ഞരിച്ചു സമം ഗോമൂത്രവുംകൂട്ടി കുറുക്കി ഗോമൂത്രമാത്രമാ
ക്കി അതിൽ കുടകപ്പാലയരി മലങ്കാരസ്സ മുത്തങ്ങാക്കിഴങ്ങ് പാട
ക്കിഴങ്ങ് ഇവ സമം അരച്ചുകലക്കി ഇന്തുപ്പും ചവൽക്കാരവും തേ
നും എണ്ണയുംകൂട്ടി വസ്തിചെയ്താൽ കഫകോപജമായ രോഗം വ
സ്ത്യാടോപം അധോവാതസംഗം ശുക്രസംഗം പാണ്ഡുരോഗം അ
ജീർണ്ണം വിഷൂചിക അലസകം എന്നിതുകൾക്കെല്ലാം ഹിതമാകു
ന്നു. ഇതി— ഇപ്രകാരം കഷായവസ്തിയോഗങ്ങളെ വിവരിച്ചു *

55— ഇനി അത്യന്തം വൃഷ്യങ്ങളായ സ്നേഹവസ്തിയോഗ
ങ്ങളേയും ഉപദേശിക്കാം. അതുകളേയും ധരിക്കുക *

56—ശതാവരിക്കിഴങ്ങ് ചിററമൃത് കരിമ്പ് പാൽമുതുക്കിൻ
കിഴങ്ങ് നെല്ലിക്ക മുന്തിരിങ്ങാപ്പഴം ഈന്തപ്പഴം ഇവ ഓരോന്നും
യന്ത്രത്തിൽ (ചക്കിൽ) ഇട്ട് ആട്ടിയെടുത്ത് ഓരോ ഇടങ്ങഴി നീരും
അരിച്ച് ഒന്നിച്ചുകൂട്ടി അതിൽ, നെയ്യ് എണ്ണ പശുവിൻപാൽ
എരുമപ്പാൽ ആട്ടിൻപാൽ ഇവ ഈരണ്ടിടങ്ങഴി ചീതവും കൂട്ടി കു
ഴച്ചതിന്ന് ജീവകം ഇടവകം മേദ മഹാമേദ കുവ്വളപ്പൊടി വൻകൊ
ട്ടക്കിഴങ്ങ് വള്ളിയിരട്ടിമധുരം ഇരട്ടിമധുരം പെരുമുത്തങ്ങ തിപ്പലി
താമരക്കുരു കരിങ്കുവളയക്കിഴങ്ങ് കടമ്പിൻപൂവ് താമരയല്ലി ഇവ
സമം അരച്ചുകലക്കി പുള്ളിമാൻമാംസവും ചെറുപുലിമാംസവും
കോഴി കുരികിൽപക്ഷി ചകോരം കുയിൽ മയിൽ വട്ടച്ചാവൽ വ
ക്ഷി കടുമച്ചാത്തൻപക്ഷി അരയന്നം ഇതുകളുടെ മാംസങ്ങളും വെ

ക്ഷുരബീജനീലോല്പലകദംബപുഷ്പപുണ്ഡരീകകേസരകല്ക്കാൻ പൃഷ്ഠതരക്ഷ്മാംസകുക്കുടചടകചകോരമത്സ്യാക്ഷബഹിർജീവംജീവകകലിംഗഹംസാനാം രസം വസാമജ്ജാദ്യേഷ്വ പ്രസ്ഥം ദേഹാ സാധയേൽ. ബ്രഹ്മഘോഷശംഖപടഹഭേരീനിനാദൈഃ സിദ്ധം സിതച്ഛത്രകൃതച്ഛായം ഗജസ്കന്ധമാരോപയേദ്ഭഗവന്തം വൃഷഭധ്വജമഭിപൂജ്യ തം സ്നേഹം ത്രിഭാഗമാക്ഷികം മംഗളാശീഃസ്തുതിദേവതാച്ഛൈനൈവ്വ്സ്ഥിം ഗമയേൽ. ന്യൂനാം സ്ത്രീവിഹാരിണാം നഷ്ടരേതസാം ക്ഷതക്ഷീണവിഷമജ്വരാർത്താനാം ച സ്ത്രീണാം ക്ഷീണമാംസരുധിരാ

ച്ചാറിയ രസങ്ങൾ വസ മജ്ജ മുതലായി ഏഴുതതുകൾ പ്രാപ്യങ്ങളായി വരുന്നുവോ അതുകളെല്ലാംകൂടെ ഒരിടങ്ങഴിയും കൂട്ടി കാച്ചണം. കാച്ചുന്ന സമയം ആ പാകശാലയിൽ വേദമന്ത്രങ്ങളെ ഉച്ചരിക്കുകയും ശംഖു വിളിക്കുകയും പടഹം (ഇടയ്ക്ക) ഭേരി (പെരുമ്പറ) മുതലായ വാദ്യഘോഷങ്ങളെ ചെയ്യുകയും വേണം. ഇതു കാച്ചി അരിച്ചാൽ ഒരു കലശത്തിലാക്കി അതിങ്കൽ സദാശിവമൂർത്തിയെ ആവാഹിച്ചു പൂജിക്കുകയും അതിൽ മൂന്നിലൊരുഭാഗം തേൻകൂടെ ചേർക്കുകയും ചെയ്തു അലങ്കരിച്ച് ആനപ്പുറത്തുവെച്ചു വെങ്കുറാക്കുട മുതലായ അലങ്കാരങ്ങളോടുകൂടെ ആഘോഷമായി പുറത്തെഴുന്നെള്ളിച്ച് ഇങ്ങു കൊണ്ടുവന്നു താഴത്തെഴുന്നെള്ളിച്ചുവെച്ചു മംഗളകരങ്ങളും ആശീർവ്വാദകരങ്ങളുമായ ഋക്കുകളെക്കൊണ്ടു സ്തുതിക്കുകയും ദേവതാബുദ്ധ്യാ—മഹാദേവബുദ്ധ്യാ സപരിവാരമായി പൂജിക്കുകയും ചെയ്തതിന്നു ശേഷം അതിൽനിന്നു മാത്രയ്ക്കുതക്കവണ്ണം എടുത്ത് അതുകൊണ്ട് വസ്തി— അനുവാസനം ചെയ്യുകയും വേണം. ഇത്, അധികമായി സ്ത്രീസേവചെയ്യുന്നവർ അല്ലെങ്കിൽ അധികം സ്ത്രീകളോടുകൂടെ പതിവായി ക്രീഡിക്കുന്നവർ ശുക്ലധാതുക്ഷയിച്ചവർ ക്ഷതരോഗികൾ ക്ഷീണരോഗികൾ വിഷമജ്വരം നിമിത്തം ക്ഷീണിച്ചവർ എന്നിവർക്കും മാംസവും രക്തവും ക്ഷയിച്ച സ്ത്രീകൾക്കും അതാത് അസഹ്യതകൾ ശമിക്കുവാനും ബലപുഷ്ടി വരുവാനും അത്യന്തം ശ്രേഷ്ഠമാകുന്നു. ഇതു ജ്വരാനന്തരകൾ നശിക്കു

ണാം പത്ഥ്യതമംരസായനമുത്തമം വലീപലിതനാശനം വിദ്യാൽ.

ബലാഗോക്ഷുരകരാസ്നാശ്വഗന്ധാശതാവരീസഹചരാണാം ശതം ശതമാദായ ജലദ്രോണശതേ പ്രസാദ്യ തസ്മിൻ ജലദ്രോണാവശേഷേ രസേ വസ്ത്രപൂതേ വിദാര്യാമലകസ്വരസയോർദ്വയസ്യ മഹിഷവരാഹവൃഷകുക്കുടബർഹിഹംസകാരണ്ഡവസാരസാനാംച്ച തതൈലയോശ്ചൈകംപൃഥക്പ്രസ്ഥമഷ്ടൗപ്രസ്ഥാൻക്ഷീരസ്യ ദത്വാ ചന്ദനമധുകമധൂലികാതപക്ഷീരികാബിസമൃണാളോൽപലപടോലഫലാത്മഗുപ്ത്യാന്നപാകിതാലമജ്ജകഖർജ്ജൂരമൃദ്വീകാതാമലകീകണ്ടകാരീജീവകഋഷഭകക്ഷുദ്രസഹാമഹാസഹാശതാവരീ മേദോ പിപ്പലീഹ്രീബേരതാക്ഷത്രകല്ക്കാംശ്ച ദത്വാ സാധയേൽ. ബ്രഹ്മഘോഷാദിനാ വിധിനാ തൽ സിദ്ധം വസ്തിമാദദ്യാൽ. തേന സ്ത്രീ

വാൻ വിശേഷവും അത്യുത്തമമായ രസായനവുമാണെന്നും അറിയണം *

57 — കുറന്തോട്ടിവേര് ഞരിഞ്ഞിൽ അരത്ത അമുക്കുരം ശതാവരിക്കിഴങ്ങ് കരിങ്കുറുഞ്ഞിവേര് ഇവ ഓരേ തൂലാം കൊത്തിനുറുക്കി എന്നാറ ഇടങ്ങഴി വെള്ളത്തിൽ കഷായംവെച്ചു പതിനാറിടങ്ങഴിയാക്കി ചണ്ടി പിഴിഞ്ഞുകളഞ്ഞു വസ്ത്രത്തിൽ അരിച്ച് അതിൽ പാൽമുത്തുക്ക് ഇടിച്ചുപിഴിഞ്ഞ നീര പച്ചനെല്ലിക്കാനീര്, ആട്ടിൻമാംസം പോത്തിൻമാംസം പന്നിമാംസം കാളമാംസം കോഴിമാംസം മയിൽമാംസം അരയന്നമാംസം കുളക്കോഴിമാംസം വണ്ടാരംകോഴിമാംസം ഇതുകൾ വെവ്വേറെ വെച്ചുറിയ രസം നെയ്യ് എണ്ണ ഇവ ഇടങ്ങഴിവീതവും എട്ടിടങ്ങഴി പാലുംകൂട്ടി കല്ക്കത്തിന്, ചന്ദനം ഇരട്ടിമധുരം പെരുംകുരുമ്പ കുറുന്തോട് താമരവളയം രാമച്ചം ചെങ്ങഴിനീക്കിഴങ്ങ് പടവലവള്ളി മലങ്കാരയ്ക്ക നാക്കെരണവേര് കുടലൂരുക്കി കരിമ്പനത്തേങ്ങയുടെ മജ്ജ ഈത്തപ്പഴം മുന്തിരിങ്ങാപ്പഴം കിഴുകാനെല്ലി കണ്ടകാരിച്ചുണ്ടവേര് ജീവകം ഋഷഭകം കാട്ടുപയറ് കാട്ടുഴുന്ന് ശതാവരിക്കിഴങ്ങ് മേദ തിപ്പലി ഇരുവേലി ഇലമങ്ങത്തൊലി പച്ചില ഇവ സമം അരച്ചുകലക്കി മുൻപറഞ്ഞ പ്രകാരം ബ്രഹ്മഘോഷാദികളോടുകൂടെ കാച്ചി അരിച്ചു മേൽപ്രകാരമുള്ള പൂജാദിവിധികളുംചെയ്ത് അതുകൊണ്ടു വസ്തിചെയ്യാൽ

ശതം ഗച്ഛന്തി മാത്രാസു വിഹാരാഹാരയന്ത്രണാ കചിൽ. ഏ
ഷാ വൃഷ്യാ വയസ്യാ ബൃംഹണ ആയുഷ്യാ ബലീപലിതനുൽ. ക്ഷ
തക്ഷീണനഷ്ടശുക്ലവിഷമജ്വരാർത്താനാം വ്യാപന്നയോനീനാം ച
പത്ഥ്യമേ. 57

സഹചരപലശതമുകേദ്രോണേചതുഷ്ടയേ പക്തവ്യ ദ്രോണ
ശേഷേ രസേ സുപൂതേ വിദാരീക്ഷുരസപ്രസ്ഥാഭ്യാമഷ്ടഗുണക്ഷീരം
ഏകതൈതദ്പ്രസ്ഥം ബലാമധുകമധുകചന്ദനമധൂലികാശാരിണ
ശേരിമഹാമേദാകാകോളീക്ഷീരകാകോളീപയസ്യാഗരുമഞ്ജിഷ്ഠാവ്യാ
ഘ്രനഖശഠീസഹചരസഹസ്രവീര്യാവരാംഗലോധ്രാണാമക്ഷമാ
ത്രൈർ ഗുണശക്തൈരേ കല്ക്കൈ സാധയേൽ ബ്രഹ്മരസ്ഥാദി

അനേകം സ്ത്രീകളെ പ്രാപിക്കുവാനുള്ള ശക്തിയുണ്ടാകും. ഇതു ശീലിക്കുന്ന കാലത്തു യാതൊരു പത്ഥ്യവും ശീലിക്കേണ്ടതില്ല. ഇത് അത്യന്തം വൃഷ്യവും വർണ്ണപ്രസാദത്തെ വരുത്തുന്നതും ശരീരത്തെ തടിപ്പിക്കുന്നതും ആയുസ്സിനെ നിലനിർത്തുന്നതും ജരാനരകളെ നശിപ്പിക്കുന്നതുമാകുന്നു. ഈ വസ്തി, ക്ഷതക്ഷീണരോഗം ശുക്ലക്ഷയം വിഷമജ്വരം യോനിവ്യാപത്ത് എന്ന രോഗങ്ങൾ ശമിക്കുവാൻ വളരെ നല്ലതാകുന്നു. *

58—ഒരു തുലാം കരിംകുറിഞ്ഞിവേര് നൂറ് ഇടങ്ങഴി വെള്ളത്തിൽ കഷായംവെച്ചു പതിനാറിടങ്ങഴിയാക്കി പിഴിഞ്ഞരിച്ച് അതിൽ പാൽമുതുക്കിൻകിഴങ്ങും കരിമ്പും ഇടിച്ചുപിഴിഞ്ഞു നന്നാലുനാഴി വീതം വെണ്ണയും എണ്ണയും ഇടങ്ങഴി വീതവും എള്ളുതൈലങ്ങളുടെ എട്ടിരട്ടി അതായതു ഏന്ന ഇടങ്ങഴി പാലുംകൂട്ടി കല്ക്കത്തിന്ന്, കുറുന്തോട്ടിവേര് ഇരട്ടിമധുരം ഇരിപ്പക്കാതൽ ചന്ദനം വെങ്കടുക് നന്നാറിക്കിഴങ്ങ് മേദ മഹാമേദ കാകോളി അടപതിയൻകിഴങ്ങ് അകിൽ മഞ്ചട്ടിപ്പൊടി പുലിച്ചുവട് കച്ചൂരിക്കിഴങ്ങ് കരിങ്കുറുഞ്ഞിവേര് വെങ്കുറുക എലമങ്ങത്തൊലി പാച്ചോറിത്തൊലി ഇവ മുമ്മൂന്നുഴഞ്ചു് അരച്ചുകലക്കി ന്ന കഴഞ്ചു പഞ്ചസാരയും കൂട്ടി മുൻപറഞ്ഞതുപ്രകാരം ബ്രഹ്മരസ്ഥാദികളേയും ചെയ്ത് അതുകൊണ്ടു വസ്തിചെയ്താൽ ഇതു സകലരോഗഹരവും രസായനവും

നാ വിധിനാ. തത്സിദ്ധം വസ്തിം ദദ്യാദ്ദേഷേ സർവ്വരോഗഹരോ ര
സായനോ ലക്ഷിതാനാം ശ്രോഷ്ണോന്തഃപുരചാരിണീനാം ക്ഷതക്ഷയ
വാതപിത്തവേദനാശ്വാസകാസഹരസ്ത്രീഭാഗമാക്ഷിണോ ചലീപ
ലിതനുഭഗ്നതുപബലമാംസശുക്ലവൃദ്ധിനാ. 58

ഇത്യേതേ രസായനാഃ സ്നേഹവസ്തയഃ സതി വിഭവേ ശതപാ
കാഃ സഹസ്രപാകാ വാ കാംക്ഷ്യാ വീര്യബലാധാനാർത്ഥമിതി. 59

ഭവന്തി ചാത്ര.

ഇത്യേതേ വസ്തയഃ സ്നേഹാശ്ചോക്താഃ പ്രാണിഷു സന്ധിതാഃ
സ്വസ്ഥാനാമാതുരാണാഞ്ച വൃദ്ധാനാഞ്ചാവിരോധിനഃ. 60

സുകുമാരന്മാർക്ക് അത്യന്തം ഹിതവുമാകുന്നു. ഇതുകൊണ്ടു സ്ത്രീകൾക്കു വസ്തിചെയ്താൽ ക്ഷതം ക്ഷയം വാതപിത്തകോപങ്ങൾനിമിത്തം സംഭവിച്ച വയറിൽവേദന ശ്വാസകാസങ്ങൾ ഇതുകളെല്ലാം ശമിക്കുകയും ചെയ്യും. ഈ സ്നേഹദ്രവ്യത്തിൽ മൂന്നിൽ ഒരുഭാഗം തേനുംചേർത്ത് അതുകൊണ്ടു വസ്തിചെയ്താൽ വലീപലിതങ്ങൾ—ജരാനരകൾ നശിക്കുകയും ശരീരവർണ്ണവും സൌന്ദര്യവും ബലവും മാംസവും ശുക്ലവും വർദ്ധിക്കുകയും ചെയ്യുമെന്നും ഗ്രഹിക്കണം *

59—ഈപറഞ്ഞ സ്നേഹവസ്തിയോഗങ്ങൾ സാധിക്കുന്ന പക്ഷം നൂറോ ആയിരമോ കഴിയുന്നടത്തോളം ആവർത്തിച്ചു കാച്ചിയാൽ അത്രയും വീര്യം വർദ്ധിക്കും. അതിനാൽ ഈപറഞ്ഞ ഔഷധഗ്രഹണങ്ങൾക്കു വീര്യബലം വർദ്ധിക്കേണമെന്നു വിചാരിക്കുന്നവൻ ഇതുകൾ കഴിയുന്നടത്തോളം ആവർത്തിച്ചു കാച്ചുകയും വേണം *

ഈ വിഷയത്തിൽ ഈ പറയുന്നതുകളെക്കൂടെ ഗ്രഹിച്ചിരിക്കുകയും വേണം.

60-62—ഈപറഞ്ഞ സ്നേഹവസ്തികൾ സകല പ്രാണികൾക്കും ഉപയോഗിക്കാവുന്നവയും സ്വസ്ഥന്മാർക്കും രോഗികൾക്കും വൃദ്ധന്മാർക്കും ശീലിക്കാവുന്നവയും അതിയായി വ്യായാമം ചെയ്യുന്നവർക്കു ശുക്ലമാംസബലങ്ങളെ വർദ്ധിപ്പിക്കുന്നവയും സകലവിധ ദോ

അതിവ്യവായശീലാനാം ശുക്രമാംസബലപ്രദാഃ
സർവ്വദാരോഗപ്രശമനാഃ സർവ്വേഷ്വൃതുഷു യൌഗികാഃ. 61
നാരീണാമപ്രജാതാനാം നരാണാഞ്ചാപ്യപത്യദാഃ
ഉഭയോരർത്ഥകരാ ദൃഷ്ടാഃ സ്നേഹവസ്തിചിത്രഹൃദയോഃ. 62

തത്ര ശ്ലോകാഃ.

വ്യായാമോ മൈഥുനം മദ്യം മധുനി ശിശിരാംബ്വ ച
സംഭോജനം രഥക്ഷോഭോ വസ്തിഷ്വേതേഷു ഗർഹിതം. 63
ശിഖിഗോദ്ധംസകൈഡ്ഡക്ഷവദസ്യസ്യസ്യഃ
വിംശതിർവ്വിഷ്കിരൈസ്ത്രിംശൽ പ്രതുദൈഃ പ്രസഹൈസ്തഥ. 64
വിംശതിശ്ച തഥാ സപ്തവിംശതിശ്ചാംബുചാരിഭിഃ
നവ മത്സ്യാദിഭിശ്ചൈവ ശിഖികല്പേന വസ്തയഃ. 65

ഗങ്ങളേയും നശിപ്പിക്കുന്നവയും ഏതുകാലത്തും ശീലിക്കാവുന്നവയും ഗർഭധാരണാശക്തിയില്ലാത്ത സ്ത്രീകൾക്കും സന്തതിയില്ലാത്ത പുരുഷന്മാർക്കും അപത്യദങ്ങളും സ്നേഹവസ്തിയുടെയും കഷായവസ്തിയുടെയും ഗുണങ്ങളെ തികച്ചും ചെയ്യുന്നവയുമാണെന്നു (ദൃഷ്ടാഃ=) അനുഭവപ്പെട്ടവയുമാകുന്നു *

അദ്ധ്യായവിവരണവും സ്ഥാനവിവരണവും.

63—വ്യായാമം ശീലിക്കുക സ്ത്രീസേവചെയ്യുക മദ്യവും മധുവും കഴിക്കുക തണുത്തവെള്ളം കുടിക്കുക ഭക്ഷണം കഴിക്കുക (വസ്തിചെയ്താൽ പ്രത്യാവർത്തിക്കുന്നതിന്നു മുമ്പെ ഭക്ഷണം കഴിക്കുക) വണ്ടിമുതലായ യാനങ്ങളിൽ കയറി സഞ്ചരിച്ചു ശരീരത്തിന്നു ക്ഷോഭംസംഭവിക്കുക ഇതുകളെല്ലാം ഈ പറഞ്ഞ വസ്തികൾ ശീലിക്കുന്നകാലത്തു വർജ്ജിക്കുകയും വേണം * 64—മയിൽ കാക്കത്തമ്പുരാൻ അരയന്നം എന്നിതുകളുടെ മുട്ടകയുടെവെള്ളകൊണ്ടു കോഴിമുട്ടകൊണ്ടെന്നപോലെ മൂന്നുതരവും വിഷ്കിരമാംസങ്ങൾകൊണ്ട് ഇരുപത്തുതരവും പ്രതുദമാംസംകൊണ്ടു മുപ്പത്തുതരവും പ്രസഹങ്ങളെക്കൊണ്ട് ഒമ്പത്തുതരവും 65—ജലചരജീവികളുടെ മാംസംകൊണ്ട് നാല്പത്തേഴുതരവും മത്സ്യങ്ങൾകൊണ്ട് ഒമ്പത്തുതരവും എന്നിങ്ങിനെ മയിലിന്റെ മാംസംകൊണ്ടെന്നപോലെയും, 66—കുമ്പകല്പപ്ര

ദശ കക്കടകാദ്യൈശ്ച കൂർമ്മകല്പേന വസ്തയഃ
മൃഗൈഃ സപ്തദശൈകോനവിംശതിർവ്വിഷ്കിരൈർദ്ദശ. 66
ആനൂപൈർദ്ദക്ഷശിഖിവൽ ഭൃശൈശ്ച ചതുർദ്ദശ
ഏകോനവിംശതിസ്ത്വേതേ സർവ്വ സ്നേഹൈഃ സമാസതഃ. 67
പ്രോക്താ വിസ്തരശോ ഭിന്നാ ദ്വേ ശതേ ഷോഡശോത്തരേ
ഏതേ മാക്ഷികസംയുക്താഃ കുർവ്വന്ത്യതിവൃഷം നരം
നാതിയോഗം തഥായോഗം സുംഭിതാസ്തേ ച കുർവ്വതേ. 68
മൃദുത്വാന്ന നിവൃത്തേരൻ വസ്തയശ്ചേന്നിരൂഹണേ.
സമൂത്രൈർവ്വസ്തിഭിഃ സ്നേഹൈരാസ്ഥാപ്യാഃ ക്ഷിപ്രമേവ ച. 69
ശോഫാഗ്നിനാശപാണ്ഡുത്വഗുല്മാർശഃപരികർത്തികാഃ

കാരം കക്കടകാദികളെക്കൊണ്ട് പത്തുതരവും മൃഗവർഗ്ഗജീവികളുടെ മാംസംകൊണ്ടു പതിനേഴുതരവും വിഷ്കിരമാംസംകൊണ്ടു പത്തൊമ്പതുതരവും 67 — ആനൂപമാംസംകൊണ്ടു പത്തുതരവും, ദക്ഷകല്പപ്രകാരം ആനൂപമാംസംകൊണ്ടു പതിന്നാലുപ്രകാരവും ശിഖികല്പപ്രകാരം പത്തൊമ്പതുവിധത്തിലും വസ്തിചെയ്യാം. ഈ വസ്തിഭേദങ്ങളെല്ലാം സ്നേഹദ്രവ്യംചേർത്തു ശീലിപ്പിക്കുകയും വേണം. ഇതുകളുടെ വിധികളെല്ലാം 68 — ചുരുക്കി ഈ ഉത്തരവസ്തിസിദ്ധി എന്ന അദ്ധ്യായത്തിൽ വിവരിച്ചിട്ടുണ്ട്. ഇതിന്റെ വിസ്തരം വൈദ്യന്മാരാൽ ഊഹ്യമാകയാൽ അതിന്റെ വിഭാഗത്തെ ഇവിടെ ഇതിലധികം വിസ്തരിച്ചു വ്യാഖ്യാനത്തെ വർദ്ധിപ്പിക്കുന്നില്ല. ഈ പറഞ്ഞ പത്തു തരം വസ്തിയും തേൻചേർത്തു ശീലിച്ചാൽ അതുകളെല്ലാം വാജീകരണങ്ങളായിത്തീരുകയും ചെയ്യും. ഈ വസ്തികളെല്ലാം യഥാകാലം പുറത്തുവരാതിരുന്നാൽ അതിയോഗത്തെയോ അയോഗത്തെയോ ചെയ്യുമെന്നും ഗ്രഹിക്കണം* 69 — ഈ വസ്തികൾ അത്യന്തം മൃദുക്കളായിപ്പോയാൽ അതുകളും നിവൃത്തിക്കുകയില്ല. അങ്ങിനെ വരുന്നതിക്കിൽ വേഗത്തിൽ ഗോമൂത്രം ചേർത്ത നിരൂഹണം ചെയ്യുകയും വേണം *

70-71 — യാപനവസ്തി ശീലിക്കുന്നസമയം അതിയോഗം സംഭവിച്ചുപോയാൽ നിർ അഗ്നിമാന്ദ്യം ശരീരത്തിന്നു വിളർച്ച

സ്വൈജ്ജ്വരശ്ചാരിസംരശ്ച യംപാനാത്യത്ഥസേവയാ. 70
അരിഷ്ടക്ഷീരസീദ്ധാദ്യാ തത്രേഷ്ടാ ദീപനീ ക്രിയാ
യുക്ത്യാ രസ്താന്നിഷേവേത യാപാനാനാ: പ്രസംഗതഃ. 71
ഇത്യുച്ചൈർഭാഷ്യ പൂർവ്വാണാം വ്യാപദ്ദ്വ സഹചികിത്സിതം
വിസ്തരേണ പൃഥക് പ്രോക്താ സ്വേഭ്യോ രക്ഷേന്നരം സദാ. 72
കർമ്മണാം വമനാദീനാമനുകൂലമനാപദം
യത്രോക്തം സാധനം സ്ഥാനം സിദ്ധിസ്ഥാനം തദുച്യതേ. 73
ഇത്യദ്ധ്യായശതം വിംശമാത്രേയ മുനിഭാഷിതം

വയറിൽവേദന മൂലക്കുരു അഗ്നിതുടനാവ് ഗുദ്ദ അതിസാരം എന്ന ഉപദ്രവങ്ങളെല്ലാമുണ്ടാകും. അതുകൾ സംഭവിച്ചുപോയാൽ അതാത് ഉപദ്രവങ്ങൾക്ക് അനുസരിച്ചുവിധം വെല്ലുകാടി പാൽ നീരു എന്നിതുകളെ യുക്തിപോലെ പാനാന്നാദിത്രുപേണ ശീലിപ്പിക്കുകയും മററു ദീപനീയമായ ചികിത്സകളെല്ലാം ചെയ്യുകയും വേണം *

72—ഉത്തരവസ്തിസിദ്ധി എന്ന ഈ അദ്ധ്യായത്തിൽ ഉച്ചൈർഭാഷ്യാദി അഷ്ടമഹാദോഷങ്ങൾ സംഭവിച്ചാലുണ്ടാകുന്ന വ്യാപത്തുകളും അതുകൾക്കുള്ള ചികിത്സയും വിസ്തരിച്ചു വെവ്വേറെ ഉപദേശിച്ചിരിക്കുന്നു. പങ്കപ്രക്ഷാളനന്യായപ്രകാരം ചികിത്സാകാലത്തിൽ ഈ പറഞ്ഞ അഷ്ടമഹാദോഷങ്ങൾ വരാതെ സൂക്ഷിക്കുകതന്നെയാണ് ശ്രേഷ്ഠമായിട്ടുള്ളതെന്നും ആതുരന്മാരെ അതുകളിൽനിന്ന് എത്രസമയവും രക്ഷിക്കേണമെന്നും ആത്രേയഭഗവാൻ ഉപദേശിക്കുന്നു *

73—വമനാദിപഞ്ചകർമ്മങ്ങളെ ചെയ്യേണ്ടും വിധികളും അതുകൾ വേണ്ടതുപോലെയല്ലാതെ കഴിയുപോയാലുണ്ടാകുന്ന വ്യാപത്തുകളും ആകർമ്മവ്യാപത്തുകൾക്കുള്ള ചികിത്സകളുമാണ് ഈ സ്ഥാനത്തിൽ പറയപ്പെട്ടിട്ടുള്ളത്. അതിനാൽ ഈ സ്ഥാനത്തെ സിദ്ധിസ്ഥാനമെന്നു പറയുകയും ചെയ്യുന്നു *

74—ആത്രേയഭഗവാന്റെ ഉപദേശത്തെ അതാതുസമയം ഗ്രന്ഥരൂപമാക്കി ബുദ്ധിമാനായ അഗ്നിവേശമഹർഷി ഇതുവിധം ഒരുനൂറിരുപത് അദ്ധ്യായമായി (സൂത്രസ്ഥാനത്തിൽ നാറ അ

ഹിതാർത്ഥം പ്രാണിനാം പ്രോക്തമഗ്നിവേശേന ധീമതാ. 74
ദീർഘമായുസ്സുശ്ച പ്രജ്ഞാമാരോഗ്യഞ്ചാപി പുഷ്കലം
സിദ്ധിഞ്ചാനുത്തമാം ലോകേ പ്രാപ്നോതി വിധിനാ പഠൻ. 75
വിസ്മൃതിം ലേശോക്തം സംക്ഷിപ്യ തിവിസ്തരം
സ്ഥിതിം കുരുതേ തന്ത്രം പുരാണഞ്ച പുനർന്നവം. 76
ഏതസ്തന്ത്രോത്തമമിദം ചരകേണാതിബുദ്ധിനാ

ദ്ധ്യായം, വിമാനസ്ഥാനത്തിൽ ൮ അദ്ധ്യായം, വിമാനസ്ഥാനത്തിൽ ൮ അദ്ധ്യായം, ശാരീരസ്ഥാനത്തിൽ ൮ അദ്ധ്യായം, ഇന്ദ്രിയസ്ഥാനത്തിൽ ൧൨ അദ്ധ്യായം, ചികിത്സിതസ്ഥാനത്തിൽ ൩൦ അദ്ധ്യായം, കല്പസ്ഥാനത്തിൽ ൧൨ അദ്ധ്യായം, സിദ്ധിസ്ഥാനത്തിൽ ൧൨ അദ്ധ്യായം ഇങ്ങിനെ ൮ സ്ഥാനത്തിൽകൂടി ൧൨൦ അദ്ധ്യായമായി) നിർമ്മിച്ചതാകുന്ന ഈ സംഹിത * 75 — ഈ സംഹിതയെ മുഴുവൻ പഠിക്കുകയും ഇതിലെ അർത്ഥത്തെ ഗ്രഹിക്കുകയും ഇതിൽ വിധിക്കുന്ന ചെയ്തികളെ തെററിക്കാതെ ആചരിക്കുകയും രോഗാർത്തന്മാരായവരെ ഇതിൽ പറയുംപ്രകാരം പരീക്ഷിച്ചു രോഗങ്ങളെ അറിഞ്ഞ് അതാതുകാലങ്ങളിൽ ചികിത്സചെയ്ത് അവരെ സ്വസ്ഥന്മാരാക്കുകയും ചെയ്താൽ ദീർഘായുസ്സും ലോകമെല്ലാം വ്യാപിച്ച കീർത്തിയും ജ്ഞാനവും പരിപൂർണ്ണമായ ആരോഗ്യവും ആതുരപരിപാലനം നിമിത്തം ഇഹലോകത്തിലും പരലോകത്തിലും അത്യുത്തമമായ സിദ്ധിയും പ്രാപിക്കുമെന്നും ഗ്രഹിക്കണം *

76 — ഒരു തന്ത്രത്തെ സംസ്കരിക്കുന്നവൻ അതിൽ അല്പമായി പറഞ്ഞ ഭാഗങ്ങളെ വിസ്തരിക്കുകയും വളരെ വിസ്തരിച്ചുപറഞ്ഞ ഭാഗങ്ങളെ അർത്ഥത്തിന്നു ലേശംപോലും ലോപം വരുത്താതെ ഗ്രന്ഥസംഖ്യ ചുരുക്കുകയും അതിന്ന് ഒരു പുതിയ പേർ കൊടുക്കുകയുമാണ് ചെയ്യുക * 77 — അത്യന്തം പ്രാചീനവും ഒരുലക്ഷം ഗ്രന്ഥസംഖ്യയുള്ളതുമായ അഗ്നിവേശതന്ത്രത്തെ ഈപറഞ്ഞ സംസ്കരണവിധിപ്രകാരം അതിബുദ്ധിശാലിയായ ചരകമഹാത്മാവ് സംസ്കരിക്കുകയും ചെയ്തു. അതിനുശേഷം ഇത് എട്ടു സ്ഥാനാദിവിഭാഗങ്ങളോടും **ചരകം** എന്ന പേരോടുംകൂടിയ ഗ്രന്ഥമായിത്തീർന്നു.

സംസ്കൃതം തത്തു സംസൃഷ്ടം വിഭാഗേനോപലക്ഷ്യതേ. 77
ഇമേന്യൂനശബ്ദാർത്ഥം തന്ത്രം ദോഷവിവർജ്ജിതം
അഖണ്ഡാർത്ഥം ദൃഢബലോ ജാതഃ പഞ്ചനദേ പുരേ. 78
കൃത്വാ ബഹ്വ്യഃ സൂത്രേഭ്യോ വിശേഷാച്ച ബലോച്ചയം
സപ്തദശൌഷധാദ്ധ്യായസിദ്ധികല്പൈരപൂരയൽ. 79
പഞ്ചത്രിംശദ്വിചിത്രാഭിഃ ക്ഷിതം തന്ത്രയുക്തിഭിഃ
തന്ത്രാധികരണം യോഗോ ഹേത്വർത്ഥഃ പദസ്യ ച. 80
പ്രദേശോദ്ദേശനിർദ്ദേശവാക്യശേഷാഃ പ്രയോജനം
ഉപദേശാപദേശാതിദേശാർത്ഥാപത്തിനിർണ്ണയാഃ 81

എന്നാൽ ആ ചരകത്തിന്റെ ഏതാനും ഭാഗമേ കിട്ടുവാനുള്ളു എന്ന മട്ടായിത്തീരുകയും ചെയ്തു. 78-79—അതേവിധം ശബ്ദാർത്ഥന്യൂനതകളൊന്നുമില്ലാത്തതും ദോഷവിവർജ്ജിതവുമായ തന്ത്രം ഖണ്ഡമല്ലാതായിത്തീരുവാൻ (പരിപൂർണ്ണമാക്കുവാൻവേണ്ടി) പഞ്ചനദരാജ്യക്കാരനായ ദൃഢബലാചാര്യൻ മററ് അഗ്നിവേശതന്ത്രം മുതലായ തന്ത്രങ്ങളിൽനിന്നും സംഗ്രഹിച്ച ചരകത്തിന്റെ കിട്ടുന്ന ഭാഗമായ ചികിത്സിതസ്ഥാനം പതിമൂന്നാമദ്ധ്യായത്തിന്നു ശേഷമുള്ള (സൂത്രസ്ഥാനപരിഭാഷാനുസാരമായിട്ടുള്ള) ബാക്കിഭാഗമായ ചികിത്സിതത്തിലെ ൧൭ അദ്ധ്യായങ്ങളും കല്പസ്ഥാനവും സിദ്ധിസ്ഥാനവുംകൂടെയുള്ള ൪൧ അദ്ധ്യായംകൂടെ കൂട്ടി ഇതേവിധം ൧൨൦ അദ്ധ്യായം പൂർത്തിയാക്കുകയും ചെയ്തിരിക്കുന്നു *

80-84—ഈ തന്ത്രം ഒരു തന്ത്രത്തിലുണ്ടായിരിക്കേണ്ടതായ തന്ത്രാധികരണം മുതലായ മുപ്പത്തിഅഞ്ചു തന്ത്രയുക്തികളുടെ പരിപൂർത്തികൊണ്ട് അലംകൃതവുമാകുന്നു. ആ തന്ത്രയുക്തികളെല്ലാം ഇതിലുണ്ടെന്നു സാരം. അതുകളേതെല്ലാമെന്നാൽ, ൧. അധികരണം, ൨. യോഗം, ൩. ഹേത്വർത്ഥം, ൪. പദാർത്ഥം, ൫. പ്രദേശം, ൬ ഉദ്ദേശം, ൭ നിർദ്ദേശം, ൮. വാക്യശേഷം, ൯. പ്രയോജനം, ൧൦. ഉപദേശം, ൧൧. അപദേശം, ൧൨. അതിദേശം, ൧൩. അർത്ഥാപത്തി, ൧൪. നിർണ്ണയം, ൧൫. പ്രസംഗം, ൧൬. ഏകാന്തം, ൧൭.

പ്രസംഗൈകാന്തനൈകാന്താഃ സാപവർഗ്ഗോ വിപര്യ്യയഃ.
പൂർവ്വപക്ഷവിധാനാനുമതവ്യാഖ്യാനസംശയാഃ. 82
അതീതാനാഗതാപേക്ഷ സ്വസംജ്ഞോഹ്യസമുച്ചയാഃ
നിദർശനം നിർവ്വചനം സന്നിയോഗോ വികല്പനം. 83
പ്രത്യുത്സാരസമുദ്ധാരഃ സംഭവസ്തന്ത്രയുക്തയഃ
തന്ത്ര വ്യൂഹസമംസാഭ്യാം ഭവന്ത്യേതാനി കൃത്സ്നശഃ. 84

നൈകാന്തം, ൧൮ അപവർഗ്ഗം, ൧൯. വിപര്യ്യയം, ൨൦. പൂർവ്വപക്ഷം, ൨൧. അനുമതം, ൨൨. വ്യാഖ്യാനം, ൨൩. സംശയം, ൨൪. അതീതാപേക്ഷ, ൨൫. അനാഗതാപേക്ഷ, ൨൬. സ്വസംജ്ഞ, ൨൭. ഊഹ്യം, ൨൮. അസമുച്ചയം, ൨൯. നിദർശനം, ൩൦. നിർവ്വചനം, ൩൧. സന്നിയോഗം, ൩൨. വികല്പനം, ൩൩. പ്രത്യുത്സാരം, ൩൪. ഉദ്ധാരം, ൩൫. സംഭവം എന്നിതുകളാകുന്നു. ഇതുകളുടെ അല്പമായ ഒരു വിവരണംകൂടി ചേർക്കുന്നതു യുക്തമെന്നു തോന്നുകയാൽ ഈ പറഞ്ഞ തന്ത്രയുക്തികളുടെ സംക്ഷേപവിവരണത്തെക്കൂടെ താഴെ ചേർക്കുന്നു.

അധികരണം—തന്ത്രം യാതൊന്നിനെ അധികരിച്ചു വർത്തിക്കുന്നുവോ അതാണ് അധികരണം എന്നുവെച്ചാൽ സ്ഥാനാദ്ധ്യായപ്രകരണവിഭാഗത്തോടുകൂടിയത് എന്നർത്ഥം. അല്ലെങ്കിൽ ശല്യം ശാലാക്യം മുതലായ ഏതേതു വിഷയങ്ങളെ അധികരിച്ചു ശാസ്ത്രം പറയപ്പെട്ടിരിക്കുന്നുവോ അതും അധികരണം തന്നെയാകുന്നു. ഈ പറഞ്ഞ സ്ഥാനാധികരണമെന്തെന്നാൽ 'കർമ്മണാം വമനാദീനാമനുപ്രക്രിയാപാദാം । യത്രോക്തം സാധനം സ്ഥാനേ സിദ്ധിസ്ഥാനം തദുച്യതേ' എന്നുമുതലായതാകുന്നു. അദ്ധ്യായാധികരണം—അധ്യായതാ ദീർഘജീവിതീയമദ്ധ്യായം വ്യാഖ്യാസ്യാമഃ ഇത്യാദി. പ്രകരണാധികരണം—തേഷാം സ്രോതസാം യഥാസ്ഥാനം കതിചിൽ പ്രകാരാൻ...ഇത്യാദി. യോഗം— യോഗമെന്നത് ഉദ്ദേശനിർദ്ദേശങ്ങളുടെയോ സൂത്രഭാഷ്യങ്ങളുടെയോ യോജനയാകുന്നു. അതെങ്ങിനെയെന്നാൽ 'അഥാതോ ഉന്മാദനിദാനം വ്യാഖ്യാസ്യാമഃ'

എന്നു പറഞ്ഞതിന്നു ശേഷം 'ഇഹ ഖലു പഞ്ച ഉന്മാദാ ഭവന്തി' 'സാദ്ധ്യാനാം തു ത്രയാണാം സാധനാനി ഭവന്തി'—സ്നേഹസേചന വമന.....ഇത്യാദി. ആ യോഗംതന്നെ പ്രതിജ്ഞ, ഹേതു, ദൃഷ്ടാന്തം, ഉപനയം, നിഗമനം എന്ന് അഞ്ചിനോടുകൂടിയതാകുന്നു. ജരാഗ്നിക്കു ശരീരം നിലനില്ക്കുവാനുള്ള കാരണമിന്നതു പ്രതിജ്ഞ. ആ ചിത്രദ്രവ്യത്തെ ജാഠരാഗ്നി വേണ്ടതുപോലെ പാകംചെയ്താൽ ശരീരസ്ഥിതി ഭവിക്കുമെന്നതു ഹേതു. അങ്കുരത്തിന്നുള്ള കാരണം ബീജമെന്നതുപോലെ ശരീരസ്ഥിതിക്കു കാരണം ദോഷധാതുസ്വഭാവസ്ഥിതിയാണെന്നുള്ള വാക്യം ദൃഷ്ടാന്തമാകുന്നു. ശാസ്ത്രപ്രയോജനമെന്ത പലപ്രകാരത്തിലുള്ള യുക്തികളോടുകൂടെ സമർത്ഥിപ്പിക്കുന്നതാകുന്നു നിഗമനം. ഹേതുചക്രം— ഒന്നിനെക്കുറിച്ചു പ്രതിപാദിക്കുമ്പോൾ അതുകൊണ്ടു മറെറാന്നിന്റെ കാര്യംകൂടെ അറിയപ്പെടുന്ന വാക്യമാകുന്നു. സാദ്ധ്യാനാം സാധനം വക്ഷ്യേ=ഈ പറഞ്ഞ രോഗങ്ങളിൽ സാദ്ധ്യങ്ങളെന്നു പറഞ്ഞതുകൾക്കുള്ള ചികിത്സ പറയാം എന്നു പറയുകയാൽ അസാദ്ധ്യങ്ങളെന്നു പറഞ്ഞതുകൾക്കു ചികിത്സ വിധിക്കുന്നില്ല എന്ന് ആ വാക്യംകൊണ്ടുതന്നെ വ്യക്തമാകുന്നു. പദാർത്ഥം— ഒരു പദംകൊണ്ടു മാറനേകം വസ്തുക്കളെ ഗ്രഹിക്കുന്നതാകുന്നു. ദ്രവ്യമെന്നു പറഞ്ഞാൽ ഭൂജലാദിപഞ്ചമഹാഭൂതദ്രവ്യങ്ങളെയും, ഗുണമെന്നു പറഞ്ഞാൽ ഗുർവ്വാദികളേയും, ദോഷമെന്നു പറഞ്ഞാൽ വാതാദികളേയും ഇതുമാതിരി മററു പദങ്ങളേക്കൊണ്ടും അതാത് അർത്ഥത്തെ ഗ്രഹിക്കുന്ന സാങ്കേതികസംജ്ഞയാകുന്നു പദാർത്ഥമെന്നും ഗ്രഹിക്കണം. പ്രദേശം— ഏതെങ്കിലും വിഷയം സ്വതേ അത്യന്തം വിസ്തൃതമാകയാൽ അതു മുഴുവൻ പറയുക എന്നത് അശക്യമായി വരുന്ന ഘട്ടത്തിൽ അതിനെ 'ഇതി ദ്രവ്യകർമ്മദേശാനാം ദ്രാഗ്നാസ്യുപലക്ഷണമുദാഹൃതം' ഇത്യാദിയായി ചുരുക്കി പറയുന്നതാകുന്നു. ഉദ്ദേശം— ചുരുക്കി പറയുക. 'വായുഃ പിത്തം കഫശ്ചോക്തഃ ശരീരദോഷസംഗ്രഹഃ' ഇത്യാദി. നിർദ്ദേശം— ഉദ്ദേശത്തെ വിസ്തരിക്കുന്നതാകുന്നു. 'രൂക്ഷഃ ശീതോ ലഘുഃ

സൂക്ഷ്മശ്ചലോഹ വിശേഷഃ ഖരഃ । വിപരീതഗുണൈർദ്രവൈർമ്മാരുതഃ സംപ്രശാമ്യതി' ഇത്യാദി. വാക്യശേഷം—ഒരിക്കൽ സംക്ഷേപിച്ചുപറഞ്ഞതിൽനിന്ന് പ്രകാരാന്തരത്തിൽ വിസ്തരിച്ചും പിന്നീടു വിസ്തരിക്കുന്നതാകുന്നു. ഈ ശരീരം പഞ്ചഭൂതാത്മകമാണെന്നു പറഞ്ഞതിനുശേഷം പിന്നെ ഒരിക്കൽ ഈ ശരീരത്തിലെ ഇന്നിന്ന അവയവങ്ങൾ പഞ്ചഭൂതങ്ങളിലെ ഇന്നിന്നതിന്റെ പ്രഭാവംകൊണ്ട് അല്ലെങ്കിൽ അതിൽനിന്ന് ഉണ്ടാകുന്നതാകുന്നു എന്നുതുടങ്ങിയതു വാക്യശേഷമാണെന്നു സാരം. പ്രയോജനം— എന്തിനുവേണ്ടി ശാസ്ത്രാദികളെ പ്രവർത്തിക്കുന്നു എന്നു പറയുന്നുവോ അതാകുന്നു. ഉപദേശം— ഇന്നതു ചെയ്യുവാൽ അതുകൊണ്ട് ഇന്ന ഫലം വരുമെന്നുള്ള ആപ്തവാക്യമാകുന്നു. 'സ്നേഹക്ഷിതാഃ കോഷ്ഠഗാ ധാതുഗാ വാ സ്രോതോലീനാ യേ ച ശാഖാസ്ഥിസംസ്ഥാഃ । ദോഷാഃ സ്വേദൈസ്തേ ദ്രവീകൃത്യ കോഷ്ഠം നീതാഃ സമ്യക് ശുദ്ധിഭിർന്നിഷ്ക്രിയന്തേ' ഇത്യാദി. അപദേശം—ഏതെങ്കിലും ഒരർത്ഥത്തെ തീർച്ചപ്പെടുത്തി അതിന്റെ കാരണത്തെ പറയുന്നതാകുന്നു. ക്രിയമാണാനാം സർവ്വേഷാമൗഷധേന ജീവിതം ന ഭവതി എന്നു പറഞ്ഞതിനുശേഷം സർവ്വഥാമപി രോഗാണാമുപായാപേക്ഷാഭാവാൽ സർവ്വേ രോഗാ ഉപായാപേക്ഷിണഃ എന്നുപദേശിക്കുന്നതാകുന്നു. അതിദേശം— ഒരു വിഷയത്തിൽ ഒന്നുകൊണ്ടുള്ള അല്ലെങ്കിൽ ഒന്നിന്റെ വിധിയെ പറഞ്ഞതിനുശേഷം അനുക്താർത്ഥജ്ഞാനത്തിനുവേണ്ടി അതു ഇതുപോലെയാണെന്നു പറയുന്നതാകുന്നു. കല്പനാനേനയോക്തവ്യാ ത്രിഫലാപ്രഭവം രജഃ ഇത്യാദി. അർത്ഥാപത്തി— ഒരു കാര്യംപറഞ്ഞാൽ അതുകൊണ്ട് അനുക്തമായ മറ്റ് അർത്ഥവുംകൂടെ ഉക്തപ്രായമാകുന്നതാകുന്നു. നൈവാഹ്ന്യാന്നിശി നൈവോഷ്ണം—ഇതു രാത്രിസമയവും ചൂടുപിടിപ്പിച്ചും കഴിക്കരുത്. പകൽ കഴിക്കേണമെന്നു പറഞ്ഞിട്ടില്ലെങ്കിലും ആ അർത്ഥം ഗമ്യമായി. ഇതാണ് അർത്ഥാപത്തി. നൈവാഹ്ന്യാന്നിശി എന്നു കാലത്തെ മാത്രം നിഷേധിക്കുകയാൽ പ്രകൃതാനുഗുണ്യേന തൈരേ എന്ന അർത്ഥം ഗ്രഹിക്കുന്നതും അർത്ഥാപത്തിതന്നെയാകു

ന്നു. നിർണ്ണയം— സന്ദേഹംകൊണ്ടു നിവാരിതമായ അർത്ഥത്തിന്റെ പുനഃപ്രതിഷ്ഠാപനമാകുന്നു നിർണ്ണയമെന്നത്. പ്രസംഗം— ഒരു വിഷയത്തിൽ പറഞ്ഞ അർത്ഥത്തെ പ്രകൃതാനുഗുണ്യേന മറ്റു വിഷയത്തിലും പ്രതിപാദിക്കപ്പെടുന്നതാകുന്നു. രണ്ടും രണ്ടുപ്രകൃതത്തിലാകയാൽ ഇത് പുനരുക്തിദോഷമുള്ളതായിത്തീരുകയില്ല. ഏകാന്തം— ഏതെങ്കിലും ഒന്ന് അവ്യഭിചാരവൃത്ത്യാ ഒരു പക്ഷത്തെ മാത്രം ആശ്രയിക്കുന്നതാകുന്നു. ക്രതബാധ വിഷബാധ മുതലായ കാരണങ്ങൾനിമിത്തം സംഭവിക്കുന്ന രോഗം ആഗന്തുജന്യതന്നെയാകുന്നു എന്ന് ഉദാഹരണം. നൈകാന്തം (അനേകാന്തം)— അന്യതരപക്ഷത്തെ അവധാരണംചെയ്യാതിരിക്കുന്നതു നൈകാന്തമാകുന്നു. അപവർഗ്ഗം— ഒരു രോഗത്തിന് ഒരു ചികിത്സ ശീലിപ്പിക്കാതെ നിവൃത്തിയില്ല എന്നു പറഞ്ഞതിന്റെ ശേഷം ആ കർമ്മം ഇന്നിന്നയാൾ ചെയ്യുകട എന്നുമുതലായ വചനമാകുന്നു അപവർഗ്ഗമെന്നത്. ഇന്നിന്നവിധം ചികിത്സിച്ചിട്ടും രോഗം ശമിക്കുന്നില്ലെങ്കിൽ അതു രക്തകോപംനിമിത്തമുണ്ടായ രോഗമാണെന്നും അതിന്നു സിരാവേധംതന്നെയാണ് ചെയ്യേണ്ടത് എന്നും വിധിച്ചതിന്നുശേഷം ഇന്നിന്നവർക്കു സിരാവേധം ചെയ്യുകട എന്നുമുതലായ വിധി അപവർഗ്ഗവിധിയാണെന്നും ഗ്രഹിക്കണം. വിപര്യയം— ഒരു വിഷയത്തിൽ ഒരു ലക്ഷണംപറഞ്ഞാൽ അതിന്റെ വിപരീതഭാവം മറ്റൊന്നിന്റെ ലക്ഷണമാണെന്നു പറയുന്നതു വിപര്യയമാകുന്നു. 'വാതാനുലോമ്യം ദീപ്തോഗ്നിർവ്വച്ഛഃ സ്നിഗ്ദ്ധമസംഹതം। സ്നേഹോപഭോഗഃ ക്ലമഃ സമ്യക്സ്നിഗ്ദ്ധേ, രൂക്ഷേ വിപര്യയഃ' ഇത്യാദ്യുദാഹരണം. ഇവിടെ സ്നിഗ്ദ്ധലക്ഷണത്തെ പറഞ്ഞ് അതുകൾക്കു വിപരീതമായ ലക്ഷണം രൂക്ഷലക്ഷണമാണെന്നു സ്ഥാപിച്ചു. പൂർവ്വപക്ഷം— ഇന്നത് ഇന്നപ്രകാരമാണെന്നു സിദ്ധാന്തിച്ചതായവാക്യത്തെ തിരസ്കരിച്ചുകൊണ്ടുള്ള വൃത്തിയാകുന്നു പൂർവ്വപക്ഷം. സമാധാനം— പൂർവ്വപക്ഷിയുടെ പക്ഷത്തെ യുക്തികൊണ്ടു നിഷേധിച്ചു സ്വമതം സ്ഥാപിക്കുന്നതാകുന്നു. അനുമതം— അന്യമതത്തെ അനുവദിക്കുന്നത് അനുമതമാകുന്നു. ശ്ലോകം അഗ്നിഷ്ടോ

രാത്മകമാണെന്ന സ്വാഭിപ്രായംകൊണ്ട് ഉഷ്ണശീതാത്മകമാണ് വിഷ്ണുമെന്ന അന്യമതത്തെ അനുവദിക്കുന്നത് അനുമതമാകുന്നു. വ്യാഖ്യാനം— ഇതിന്ന് അരുണദത്തൻ 'ഗുണാത്മകത്വം വിശിഷ്ടതരബുദ്ധിഗമ്യം' എന്ന് അർത്ഥം പറയുന്നു. സംശയം— ആകാംക്ഷയോടുകൂടിയ അനിശ്ചിതജ്ഞാനമാകുന്ന സംശയം. അതീതാപേക്ഷ— മുമ്പു പറഞ്ഞതായ ഒരു സംജ്ഞയെ പിന്നെ ഒരു വിധിയതിൽ പറയുന്നതാകുന്നു. അനാഗതാപേക്ഷ— വക്ഷ്യമാണയായ സംജ്ഞയെ അതു പറയുന്നതിന്നു മുമ്പെ പറയുന്നതാകുന്നു. സ്വസംജ്ഞ— ഓരോ തന്ത്രകാരന്മാരും അവനവന്റെ തന്ത്രത്തിൽ പ്രതിപാദിക്കുന്നതും അന്യതന്ത്രങ്ങളിലില്ലാത്തതുമായ സംജ്ഞയാകുന്നു. ഊഹ്യം— തന്ത്രോക്തമായ വാക്യത്തിന്റെ അർത്ഥം ഊഹിച്ചറിയേണ്ടതായി വരുന്ന വചനമാകുന്നു. സമുച്ചയം— ഭിന്നഭിന്നങ്ങളായികിടക്കുന്ന പദങ്ങളെ ഒന്നായി കൂട്ടിചേർക്കുക. 'സമാഹാരഃ സമുച്ചയഃ' എന്ന് അമരം. നിദർശനം— വിവരിക്കേണ്ടതായ ഒരു വസ്തുവിനെ, അതേവിധമുള്ള മറെറാന്നിനെ വർണ്ണിച്ച് അതുപോലെ എന്നു പറയുന്നതാകുന്നു. 'യഥാ കുസംഭാദിയുതാ തോയാദ്രാഗം ഹരേൽ പടഃ। തഥാ ദ്രവീകൃതാദ്ദേഹാദ്ദോഷസ്തിന്നിഹരേത് മഹാൻ' ഇത്യാദ്യുദാഹരണം. നിർവ്വചനം— ഇന്നത് ഇന്ന പ്രകാരമുള്ളതാണെന്നു നിർണ്ണയിക്കുവാൻ വേണ്ടി അതിന്റെ സ്വഭാവത്തെ വർണ്ണിക്കുന്നത്. സന്നിയോഗം— ആർക്ക് എന്ത് ആരോഗ്യമാകുന്നു അതിനെക്കുറിച്ചുള്ള ഇന്നവൻ ഇന്നിന്ന ചർയ്യകളേയും ഇന്നിന്ന ഔഷധങ്ങളേയും ശീലിക്കേണമെന്നുമുതലായ വിധിയാകുന്നു. വികല്പനം— ഇന്ന അവസ്ഥയിലുള്ളവൻ ഇന്നിന്നതുകളേയോ അഥവാ ഇന്നിന്നതുകളേയോ ആചരിക്കേണമെന്ന വിധിയാകുന്നു. ജ്വരത്തിന്റെ പ്രാഗ്രൂപങ്ങൾ കണ്ടുതുടങ്ങിയാൽ ലഘുവായുള്ള ലാജപേയാദികളെ ശീലിക്കുകയോ അവതപ്പണചർയ്യയെ ശീലിക്കുകയോ വേണമെന്നു മുതലായി ഇതേവിധമുള്ള നിദേശങ്ങളെല്ലാം വികല്പനവിധിയാകുന്നു. പ്രത്യുത്സാരം— ഒരു മതത്തെ സ്ഥാപിക്കുവാൻവേണ്ടി പരമതങ്ങളെ പറഞ്ഞ് അതുകൾക്കു പ്രാധാന്യമില്ലെന്നു കാണിക്കുന്ന വചനമാകുന്നു പ്രത്യുത്സാരം. ഉ

തന്ത്ര സമാസവ്യാസോക്താ ഭവന്ത്യേതാ ഹി കൃത്സ്നശ:
ഏകദേശേന ദൃശ്യന്തേ സമസ്തസ്തു ഭിഷഗ്ജിതാ: 85
യഥാംബുജവനസ്യാർക്കഃ പ്രദീപോ വേശ്മനോ യഥാ
പ്രബോധനപ്രകാശാർക്കാസ്തഥാ തന്ത്രയുക്തയ: 86

ഭാരം— വൈദ്യശാസ്ത്രനിർമ്മാണംതന്നെ നിഷ്പ്രയോജനമാണ് എന്ന പൂർവ്വപക്ഷത്തെ നിർമ്മൂലം പരിഹരിക്കുന്ന സമാധാനവാക്യമാകുന്നു. സംഭവം— ഏതൊരു വാക്യത്തിൽ പറയാതെതന്നെ അതിന്റെ ഉപപത്തി സാധിക്കുന്നുവോ അതു സംഭവമാകുന്നു. ഇതാണ് മുൻപറഞ്ഞ തന്ത്രയുക്തികളുടെ സമഷ്ടിയായ വിവരണം. ഈ വിഷയം ഇതിലധികം വിവരിച്ചു വ്യാഖ്യാനത്തെ വർദ്ധിപ്പിക്കുന്നില്ല. ഈ പറഞ്ഞ തന്ത്രയുക്തികളെല്ലാം ഈ സംഹിതയിൽ ചുരുക്കി പറയേണ്ട ദിക്കിൽ ചുരുക്കിയും വിസ്തരിച്ചു പറയേണ്ട ദിക്കിൽ വിസ്തരിച്ചും പറയപ്പെട്ടിരിക്കുന്നു *

85-86— ഈ പറഞ്ഞ തന്ത്രയുക്തികൾ വിസ്തരിച്ചും ചുരുക്കിയും പറഞ്ഞിട്ടുള്ളതുകളിൽ ചുരുക്കി പറഞ്ഞിട്ടുള്ളതെല്ലാം തന്ത്രൈകദേശത്തിലായിരിക്കുകയും ചെയ്യും. ഈ യുക്തികൾ ആദിത്യൻ താമരപ്പൊയ്കയ്ക്കു വികാസത്തെ കൊടുക്കുന്നതുപോലെയും രാത്രിസമയം പ്രദീപം ഗൃഹാന്തർഭാഗത്തെ പ്രകാശിപ്പിക്കുന്നതുപോലെയും തന്ത്രത്തിന്ന് പ്രബോധപ്രകാശകരമായിത്തീരുകയാൽ ആദിത്യതുല്യമായി പ്രകാശകമായിത്തീരുകയും ചെയ്യും * 87— യുക്തിജ്ഞനായവൻ ഏതെങ്കിലും ഒരു ശാസ്ത്രം ഗ്രഹിച്ചാൽ അവൻ മററ് ഏതുശാസ്ത്രം നോക്കിയാലും അതിലെ അർത്ഥത്തെ യുക്തിജ്ഞനാകയാൽ ക്ഷണത്തിൽ വഴിപോലെ ഗ്രഹിക്കും * 88— തന്ത്രയുക്തികളെ തിരിച്ചറിഞ്ഞുകൂടാത്തവൻ ഏത്ര തന്ത്രങ്ങളെ പഠിച്ചാലും ആ ശാസ്ത്രങ്ങളുടെ അർത്ഥങ്ങളെ, ഭാഗ്യം ക്ഷയിച്ചകാലത്ത് എത്രതന്നെ പ്രയത്നിച്ചാലും നിർദ്ധനനായിത്തീരുന്നതുപോലെ ഒരിക്കലും ഗ്രഹിക്കുകയുമില്ല *

ഏകഗ്രഹീതാപി യദ്യസ്യ ഹി ശാസ്ത്രേ ഭവത്യസ്യാ മതിഃ
സ ശാസ്ത്രമന്യദപ്യാശു യു[illegible]തത്വാൽ പ്രബുദ്ധ്യതേ. 87
അധീതാപി ശാസ്ത്രാണി ശ്രുത്യുക്ത്യാ വിലക്ഷണഃ
നാധിഗച്ഛതി ശാസ്ത്രാർത്ഥാനർത്ഥാൻ ഭാഗ്യക്ഷയേ യഥാ. 88
ഗൃഹീതം ക്ഷിണോത്യേവ ശാസ്ത്രം ശസ്ത്രമിവാബുധം
ഗൃഹീതം തദേവ ജ്ഞം ശാസ്ത്രം ശസ്ത്രഞ്ച രക്ഷതി. 89
തസ്മാദേതാഃ പ്രവക്ഷ്യന്തേ വിസ്തരേണോത്തരേ പുനഃ
തത്തച്ഛാസ്ത്രാനാർത്ഥമസ്യൈവ തന്ത്രസ്യ ഗുണദോഷതഃ 90
ഇദമഖിലമധീത്യ സമ്യഗർത്ഥാൻ
വിചിനുതി യോ വിമലഃ പ്രയോഗനിത്യഃ
സ മനുജസുഖജീവിതപ്രദാനാൽ
ഭവതി ധൃതിസ്മൃതിബുദ്ധിധർമ്മവൃദ്ധഃ. 91

---

89 — ശാസ്ത്രാർത്ഥത്തെ യുക്തിജ്ഞാനത്തോടുകൂടെ ഗ്രഹിക്കുവാൻതക്ക ബുദ്ധിശക്തിയില്ലാത്തവൻ പഠിച്ചതിത്ത് അതുകൊണ്ട് ചികിത്സചെയ്തുതുടങ്ങിയാൽ അറിവില്ലാത്തവൻ ശസ്ത്രമെടുത്താൽ അതുകൊണ്ട് എന്തെല്ലാം അനർത്ഥങ്ങൾ സംഭവിക്കുമോ അതുപോലെ നാശഹേതുവായിത്തീരുകയും ചെയ്യും. അറിവുള്ളവൻ ശാസ്ത്രം ഗ്രഹിച്ചാലും ശസ്ത്രം ഗ്രഹിച്ചാലും അതുകൾ അവന്റെയും മററുള്ളവരുടെയും രക്ഷക്ക് ഉതകുമെന്നും ഗ്രഹിക്കണം *

90 — ഈ പറഞ്ഞ കാരണംനിമിത്തം മുൻപറഞ്ഞ തന്ത്രയുക്തികളെല്ലാം വിസ്തരിച്ച് ഉത്തരതന്ത്രത്തിൽ വിവരിക്കുകയും ചെയ്യും. അത് ഈ തന്ത്രത്തിന്റെ ഗുണദോഷവിഭാഗത്തോടുകൂടെയുള്ള തത്തച്ഛാസ്ത്രാനാർത്ഥം തന്നെയാകുന്നു എന്നും ഗ്രഹിക്കണം *

91 — വിമലമതിയായവൻ ഈ സംഹിത മുഴുവൻ പഠിക്കുകയും ഇതിൽ പറഞ്ഞ അർത്ഥങ്ങളെ വിമർശിക്കുകയും ചികിത്സാകർമ്മത്തെ പരിപാലിച്ചുകൊണ്ടുകയും ചെയ്താൽ അവൻ സകല ജനങ്ങൾക്കും സുഖജീവിതത്തെ പ്രദാനം ചെയ്യുന്നവനായിത്തീരുകനിമിത്തം — ആരോഗ്യദ്ധർമ്മത്തന്മാരായി ജീവിച്ചിരിക്കുവാൻ കാരണഭൂതനാകുകനിമിത്തം ധൃതി സ്മൃതി ബുദ്ധി ധർമ്മം എന്നതുകളുടെ പരിപൂർത്തിയെ പ്രാപിച്ചവനായിത്തീരുകയും ചെയ്യും * 92 —

യസ്യ ദ്വാദശസാഹസ്രീ ഷഡ്ഭി തിഷ്ഠതി സംഹിതാ
സോർത്ഥജ്ഞസ്യ വിചാരജ്ഞസ്യ്ചികിത്സാകുശലശ്ച സഃ. 92
രോഗാനുത്പാദയേത്തസ്യ ചികിത്സിതുമിതരസ്യ ന ബുദ്ധ്യതേ
ചികിത്സാ വഹ്നിശേഷസ്യ സുനിഷ്ഠൂരതരോ ഹ്യസൌ
യദിഹാസ്തി തദന്യത്ര നാന്യേഷാമസ്തി തൽ ക്വചിൽ.

അഗ്നിവേശകൃതേ തന്ത്രേ
ചരകപ്രതിസംസ്കൃതേ
സിദ്ധിസ്ഥാനേഷ്വിമേ പ്രാപ്തേ

ദ്വാദശസാഹസ്രിയായ — ൧൨൦൦ ഗ്രന്ഥസംഖ്യയുള്ളതായ ഈ സംഹിതമുഴുവൻ ഷഡ്ഭിസ്ഥമായിട്ടുള്ളവൻ — അർത്ഥാനുസന്ധാനത്തോടുകൂടെ തോന്നിച്ചവൻ തന്ത്രാർത്ഥവേദിയും വിചാരജ്ഞനും ചികിത്സിക്കുന്ന വിഷയത്തിൽ അതിസമർത്ഥനുമായിത്തീരും. അവന്ന് അറിഞ്ഞുകൂടാത്തതായ ഒരു രോഗമോ ചികിത്സയോ ഉണ്ടാകയുമില്ല *

തന്ത്രമാഹാത്മ്യത്തെ പ്രശംസിക്കുന്നു: — 93 — അഗ്നിവേശസംഹിതയാകുന്ന ഈ സംഹിതയിൽ രോഗരഹിതന്മാർക്കു രോഗം ബാധിക്കാതിരിക്കുവാനും രോഗം ബാധിച്ചവർക്ക് അതു ശമിക്കുവാനും എന്തെല്ലാം ചയ്യുകളാണോ പറഞ്ഞിട്ടുള്ളത് അതുകൾ — അതുകളിൽ ചിലതുതന്നെയാണ് മററു വൈദ്യഗ്രന്ഥങ്ങളിലും കാണുക. ഇതിൽ പറയാതെയുള്ള ഒരു വിഷയം മററു യാതൊന്നിലും കാണുകയുമില്ല. ഏതുതരം വൈദ്യഗ്രന്ഥങ്ങളും അഗ്നിവേശസംഹിതയെ അടിസ്ഥാനപ്പെടുത്തിയാണ് രചിച്ചിട്ടുള്ളതും രചിക്കുന്നതും. അതിനാൽ ഇതിലില്ലാത്തതായ യാതൊന്നും ഒന്നിലും കാണുകയില്ല. ഇത് എല്ലാററിന്നും മൂലഭൂതമാണെന്നും സകല ജനങ്ങളാലും മാന്യവും ആദരണീയവുമാണെന്നും സാരം *

94 — അഗ്നിവേശമഹർഷിയാലുണ്ടാക്കപ്പെട്ടതും സാക്ഷാൽ ഭഗവാൻ ആത്രേയഭഗവാന്റെ ഉപദേശരൂപവുമായ അഗ്നിവേശസംഹിതാ എന്ന ആദ്യവൈദ്യതന്ത്രത്തെ ചരകമഹർഷി കാലാനുസൃതമായവിധം പരിഷ്കരിക്കുകയും അതിലെ ലുപ്തമായഭാഗത്തെ തന്ത്രവൃ

സിദ്ധി [illegible] ത്തം

സ [illegible] 94

ഇത്യുഗ്രിവേ [illegible] തിസംസ്കൃതേ [illegible]

[illegible] ചാതായാം

ദ [illegible] ചാര്യപരിഷ്കൃതേ

സ [illegible] ചിസ്ഥാനേ

ഉത്തരവസ്തിസിദ്ധിർന്നാമ ദ്വാദശോദ്ധ്യായഃ.

സമാപ്താ ച ചരകസംഹിതാ.

ത്തിക്കുവേണ്ടി ദൃഢബലാചാര്യൻ പരിഷ്കരിച്ചു ചേർക്കുകയും ചെയ്തായ ചരകസംഹിതയിൽ എട്ടാമത്തെ സ്ഥാനമായ സിദ്ധിസ്ഥാനമെന്ന തന്ത്രാവസാനസ്ഥാനം ഇതേവരെ പറഞ്ഞ ഗ്രന്ഥംകൊണ്ടു പൂർത്തിക്കുകയും ചെയ്തിരിക്കുന്നു *

സിദ്ധിസംവത്സരാന്ത്യസ്ഥസിംഹപഞ്ചമവാസരേ
സിദ്ധിസ്ഥാനസ്യ വിവൃതിഃ പ്രസിദ്ധിം പ്രാപ ഭാരതേ.

ഇതി വാചസ്പതി ടി. സി. പരമേശ്വരശർമ്മണാ
തത്ഭാഗിനേയേന
പണ്ഡിത സി. കെ. വാസുദേവശർമ്മണാ ച കൃതേ
ചരകസംഹിതാവ്യാഖ്യാനേ
വാചസ്പത്യേ
സിദ്ധിസ്ഥാനേ ദ്വാദശോദ്ധ്യായഃ (12).

ചരകസംഹിതയിൽ
സിദ്ധിസ്ഥാനം
സംപൂർണ്ണം.

ചരകസംഹിതാ സമാപ്താ.

ശുഭമസ്തു.

1 കൽപനാസിദ്ധി

28 പഞ്ചകർമ്മീയസിദ്ധി

46 തത്രശ്ലോകം

49 വസ്തിസൂത്രീയം

73 സ്നേഹവ്യാപാദികാസിദ്ധി

86 നേത്രവസ്തിവ്യാപാദികാസിദ്ധി

91 വമനവിരേചനവ്യാപൽസിദ്ധി

132 പ്രസ്തുതയോഗികാസിദ്ധി

143 ത്രിമർമ്മീയാസിദ്ധി

177 വസ്തിസിദ്ധി

188 ഫലമാത്രാസിദ്ധി